# വഴിവിളക്കുകൾ



ജോ. ചെമ്മണ്ണൂർ, ബി. എ.

# വഴിവിളക്കുകൾ.

ഗ്രന്ഥകർത്താ:

ജെ. ചെമ്മണ്ണൂർ ബി. എ.

ഒന്നാംപതിപ്പ് കോപ്പി 1000 1952
രണ്ടാം ,, ,, 1000 1954

ന/248.4
CHE

Imprimatur:

TRICHUR, 24-11-1654.

G. C. ALAPATT,
✠ BISHOP OF TRICHUR.

*Published by*
THE NEETHIMAN PRESS, CHOONDAL.
*(Carmelite Sisters)*

വില: 2—0—0

ST. ANTONY'S CARMELITE MONASTERY
RAILWAY STATION, ALWAYE, TRAVANCORE
ALWAYE TRAVANCORE

TO

HIS EXCELLENCY

RT. REV. DR. G. C. ALAPATT,

BISHOP OF TRICHUR.

ON THE OCCASION OF HIS SAC. SIL. JUBILEE

17TH DECEMBER 1952

THIS VOLUME IS HUMBLY

DEDICATED

AUTHOR & PUBLISHER.

10500

ACHARYA PALACKAL JEEVASSKENDRAM ALUVA
LIBRARY

# ഉപോദ്ഘാതം.

"നിലവിളക്ക്" തെളിയിച്ചുവെച്ചപ്പോൾ സഹൃദയന്മാർ അതിനെ സമാദരിച്ചു; നിരവധി കുടുംബങ്ങളിലെ അന്ധകാരനിബിഡമായ ഉള്ളറകൾ അതിൻെറ പ്രകാശപ്രചുരിമയാൽ പ്രദീപ്തമായി; അസ്മാദൃശന്മാരുടെ അഭിലാഷവും അതുതന്നെയായിരുന്നല്ലൊ. ഇപ്പോഴിതാ "വഴിവിളക്കുകൾ" വരിവരിയായി വഴിനീളെ വെളിച്ചം വീശിക്കൊണ്ടു പൊതുജനസമക്ഷം പ്രത്യക്ഷമാകുന്നു.

വിജ്ഞാനികൾ പറയുന്നുണ്ട് ജീവിതം ഒരു വഴിയാത്രയാണെന്നു. അങ്ങനെയെങ്കിൽ, കാലത്തിൻെറ കടുപ്പമേറിയ കമാനങ്ങൾക്കുള്ളിൽകൂടി വളഞ്ഞുപുളഞ്ഞുപോകുന്ന ജീവിതവഴിത്താരയിൽ മാർഗ്ഗഭ്രംശം ഭവിക്കാതെ ലക്ഷ്യത്തിലെത്തിച്ചേരുവാൻ ഈ "വഴിവിളക്കുകൾ" സഹായിക്കുമെന്നാണ് പ്രതീക്ഷ. ഈ വിളക്കുകളത്രയും നിത്യവെളിച്ചമായ ക്രിസ്തുനാഥൻെറ ജീവിതവും പ്രബോധനവും ഉൾക്കൊള്ളുന്ന സുവിശേഷങ്ങളിൽനിന്നു കത്തിച്ചെടുത്തവയാണ്. ഞായറാഴ്ചകളിലെ സുവിശേഷങ്ങളെ പുരസ്കരിച്ച് "സത്യദീപ"ത്തിൽ തുടച്ചയായി പ്രസിദ്ധപ്പെടുത്തിയ "പ്രഭാഷണ"ങ്ങളാണ് ഇതിലെ ഉള്ളടക്കം.

തൃശ്ശൂർ മെത്രാൻ റൈററ്. റവ. ഡോ. ജോർജ്ജ് ആലപ്പാട്ട് തിരുമനസ്സുകൊണ്ട് തൻെറ പൌരോഹിത്യജൂബിലി സ്മാരകമായി ഈ വിനീതഗ്രന്ഥം സമർപ്പിക്കുവാൻ അനുമതി നല്കിയതിന് കൃതജ്ഞതാനിർഭരമായ മുകുളീ

കൃതകരങ്ങളർപ്പിച്ചുകൊള്ളട്ടെ. ഇതിന്റെ പ്രസാധനം ഏറ്റെടുത്ത "നീതിമാൻ പ്രസ്സ്" ഭാരവാഹികളായ ബ. കർമ്മലീത്താസന്ന്യാസിനികളോടും, വിശിഷ്യ, കലാപ്രണയിയും കർമ്മകുശലനുമായ വെരി. റവ. ഫാദർ: ജി. എഫ്. ചൂണ്ടൽ അവർകളോടും ഞാൻ അതീവം നന്ദിയുള്ളവനാണ്.

പേരകം
27-11-'52.

**ജെ. ചെമ്മണ്ണൂർ.**
ഗ്രന്ഥകർത്താവ്.

ST. ... ELITE MONASTERY ... ALWAYE, TRAVANCORE ... RAILWAY ... ALWAYE, TRAVANCORE

# വിഷയങ്ങൾ


| | | | | പേജ് |
|---|---|---|---|---|
| 1. | പരിചിതനായ ജഡ്ജി | (ആഗമനം 1-ാം ഞായർ) | | 1 |
| 2. | തീബൻസൈന്യം | ,, 2-ാം | ,, | 7 |
| 3. | സത്യം മാത്രം | ,, 3-ാം | ,, | 13 |
| 4. | അമ്മയും മകനും | (പിറവി 1-ാം കുർബ്ബാന) | | 20 |
| 5. | കൂട്ടുകാർ ആരാണ് | (ദനഹാ. 1-ാം ഞായർ) | | 25 |
| 6. | ക്രിസ്തുവിനെ ക്ഷണിക്കണം | ,, 2-ാം | ,, | 32 |
| 7. | ദൈവസേവനം | ,, 70-ാം | ,, | 38 |
| 8. | ചില തന്ത്രങ്ങൾ | ,, 60-ാം | ,, | 45 |
| 9. | ജറുസലം ചലോ | ,, 50-ാം | ,, | 52 |
| 10. | ആത്മാവിൻെറ പട്ടിണി | (നോമ്പ് 1-ാം | ,, | 58 |
| 11. | ഭൗമിക പറുദീസ | 2-ാം | ,, | 64 |
| 12. | സഭയുടെ വിരോധികളോ | 3-ാം | ,, | 71 |
| 13. | അന്നദാതാവ് | 4-ാം | ,, | 78 |
| 14. | രണ്ടു കള്ളുകൾ | (പീഡാനുഭവ | ,, | 84 |
| 15. | അവരുടെ മതഗ്രന്ഥം | (കാശാന | ,, | 91 |
| 16. | ബാറോസ് പറഞ്ഞതു് | (ഉയിർപ്പ് | ,, | 97 |
| 17. | എൻെറ കർത്താവെ എൻെറ ദൈവമെ | (പുതു | ,, | 104 |
| 18. | അന്തിക്രിസ്തുവിൻെറ കട | (ഉയിർപ്പ് 2-ാം | ,, | 108 |
| 19. | ചുടുകണ്ണുനീർ | 3-ാം | ,, | 114 |
| 20. | അപരാധബോധം | 4-ാം | ,, | 120 |
| 21. | സർവ്വരോഗസംഹാരിണി | 5-ാം | ,, | 126 |
| 22. | ആ ചിത്രം | (സ്വർഗ്ഗാ. ഇട | ,, | 132 |
| 23. | തിന്നാക്കകൾ | (പന്തക്കുസ്ത | ,, | 138 |
| 24. | ഒരു മനുഷ്യൻരാജ്യമോ | (ത്രീത്വ. | ,, | 144 |
| 25. | വലിയ വിരുന്നു് | (പന്ത. 2-ാം | ,, | 150 |
| 26. | അതിനു ഞങ്ങൾക്കെന്തു് | (പന്ത. 3-ാം ഞാ) | | 156 |

| | | | | |
|---|---|---|---|---|
| 27. | കർത്താവു വീടു പണിയുന്നില്ലെങ്കിൽ | 4-ാം | ,, | 161 |
| 28. | വിചാരങ്ങളിലും വേണം | 5-ാം | ,, | 167 |
| 29. | സഹാനുഭൂതി | 6-ാം | ,, | 172 |
| 30. | മരവും മനുഷ്യനും | 7-ാം | ,, | 178 |
| 31. | കണക്കുപറയൽ | 8-ാം | ,, | 184 |
| 32. | മൂന്നു ദേവാലയങ്ങൾ | 9-ാം | ,, | 189 |
| 33. | അത്യന്താപേക്ഷിതം | 10-ാം | ,, | 195 |
| 34. | നാവിനെ നിയന്ത്രിക്കണം | 11-ാം | ,, | 200 |
| 35. | സർവ്വസാഹോദര്യം | 12-ാം | ,, | 205 |
| 36. | ആത്മാവിന്റെ ശ്വാസോച്ഛ്വാസം | 13-ാം | ,, | 211 |
| 37. | ഉല്ലൂണ്ണ വേണ്ടാ | 14-ാം | ,, | 217 |
| 38. | മൂന്നു മാതാക്കൾ | 15-ാം | ,, | 223 |
| 39. | മഹോദരരോഗികൾ | 16-ാം | ,, | 229 |
| 40. | ലജ്ജിക്കേണ്ടതല്ലേ | 17-ാം | ,, | 235 |
| 41. | ഭയങ്കര പാപം | 18-ാം | ,, | 241 |
| 42. | ഒരു യുദ്ധതന്ത്രം | 19-ാം | ,, | 247 |
| 43. | കണ്ടറിയേണ്ടാ | 20-ാം | ,, | 253 |
| 44. | ആ നിലവിളി | 21-ാം | ,, | 259 |
| 45. | ക്രിസ്തുജയന്തി | (രാജത്വതിരുനാൾ) | | 265 |
| 46. | നന്മയുടെ നികഷങ്ങൾ | (പന്ത. 23-ാം ഞാ.) (ദനഹ 5-ാം ഞായറിലേത്) | | 272 |
| 47. | നിസ്സാരമെങ്കിലും | (പന്ത. 24-ാം ഞാ.) (ദനഹ 6-ാം ഞായറിലേത്) | | 278 |
| 48. | നാശത്തിന്റെ മ്ലേച്ഛത | (പന്ത. അവസാനഞായർ) | | 284 |



# പരിചിതനായ ജഡ്ജി.

സൂൎയ്യനും ചന്ദ്രനും നക്ഷത്രങ്ങളും അടയാളം കാണിക്കും. കടലിന്റെയും അതിലെ തിരമാലകളുടേയും ആരവത്താൽ ഭൂമിയിലെ ജനം പരിഭ്രാന്തരും അസ്വാസ്ഥരും ആയിത്തീരും. ലോകമാസകലം ബാധിക്കുവാനിരിക്കുന്ന ക്ലേശങ്ങളുടെ പ്രതീക്ഷമൂലം മനുഷ്യഹൃദയങ്ങൾ ഭയംകൊണ്ടു് വരണ്ടുപോകും. ആകാശശക്തികൾപോലും ഇളകും. അപ്പോൾ മനുഷ്യപുത്രൻ തന്റെ പൂൎണ്ണശക്തിയിലും പ്രതാപത്തിലും മേഘങ്ങളിൽ വരുന്നതു് അവർ കാണും. ഇവ സംഭവിച്ചുതുടങ്ങുമ്പോൾ തല ഉയൎത്തി മേല്പോട്ടു നോക്കുവിൻ. നിങ്ങളുടെ ഉദ്ധാരണസമയം സമീപിച്ചിരിക്കുന്നു എന്നാണു് ഇതിന്റെ അൎത്ഥം. അനന്തരം അവിടുന്നു് അവരോടു ഒരന്യാപദേശം അരുൾചെയ്തു. അത്തിവൃക്ഷത്തെയോ വേറെ ഏതെങ്കിലും വൃക്ഷത്തേയോ സൂക്ഷിക്കുവിൻ. “അവ പൂക്കുമ്പോൾ വേനൽക്കാലം സമീ-

രിക്കുന്നുവെന്ന് അനുഭവത്തിൽ നിന്നു നിങ്ങൾ ഗ്രഹിക്കുന്നു. ഇതു പോലെതന്നെ, ഇവ സംഭവിക്കുന്നതായി നിങ്ങൾ കാണുമ്പോൾ ദൈവരാജ്യം സമീപിച്ചിരിക്കുന്നുവെന്നു നിശ്ചയിച്ചുകൊള്ളുവിൻ. എന്നെ വിശ്വസിക്കുവിൻ. ഇവയെല്ലാം പൂർത്തിയാകുന്നതുവരെ ഈ തലമുറ കടന്നുപോകയില്ല. ആകാശവും ഭൂമിയും കടന്നുപോയാലും എൻെറ വചനങ്ങൾ നിലനില്ക്കും.

(ആഗമനം 1-ാം ഞായർ; സുവിശേഷം: ലൂക്കാ XXI-25—33.)

ലണ്ടൻനഗരത്തിലേക്കു പാഞ്ഞുപോയിരുന്ന തീവണ്ടിയിലെ ഒരു മുറിയിൽ രണ്ടു പേർ മാത്രമെ ഉണ്ടായിരുന്നുള്ളു: ഒന്ന്, പക്വമതിയും ചിന്തകനുമായ ഒരു നരച്ച വൃദ്ധൻ; ഇതരനാകട്ടെ, അസ്വസ്ഥനും ആകുലചിത്തനും ടിക്കററ് പരിശോധകന്മാരുടെ ആഗമനത്തെയോർത്ത് പരിഭ്രമിക്കുന്നവനുമായ ഒരു യുവാവ്. ഒടുവിൽ വൃദ്ധൻ ഇപ്രകാരം സംഭാഷണമാരംഭിച്ചു: "നിങ്ങൾക്കു എന്തോ വലിയ വിഷമമുള്ളതുപോലെ തോന്നുന്നല്ലൊ. എനിക്കു വല്ല തരത്തിലും നിങ്ങളെ സഹായിക്കുവാൻ കഴിയുമോ?" "ഇല്ല സർ," യുവാവ് പ്രതിവചിച്ചു, "ആർക്കും എന്നെ സഹായിപ്പാൻ സാദ്ധ്യമല്ല . . . എന്നാൽ നിങ്ങൾ ഒരപരിചിതനാണ്; ഒരുപക്ഷെ എൻെറ ജീവിതകാലത്ത് നിങ്ങളെ ഇനിയൊരിക്കലും കണ്ടുമുട്ടിയില്ലെന്നും വന്നേക്കാം. നിങ്ങൾ വിശ്വസിക്കാവുന്ന ഒരാളാണെന്നും എനിക്കു തോന്നുന്നു . . . അതുകൊണ്ടു എൻെറ ജീവിതകഥ നിങ്ങളോടുപറയുന്നത് എനിക്കും അല്പം ആശ്വാസം നല്കും." ശോകപൂർണ്ണമായ ഒരു ജീവിതത്തിൻെറ ഏടുകൾ ഓരോന്നായി മറിക്കപ്പെട്ടു. ജോലിസ്ഥലത്തുനിന്ന് അവൻ ചില്ലറ കളവുകൾ നടത്തി, വിധവയായ തൻെറ അമ്മയുടെ സംരക്ഷണത്തിനുവേണ്ടി, ക്രമേണ, പ്രായംകൂടിയ രണ്ടുകൂട്ടുതൊഴിലാളികളുടെ സ്വാധീനവലയത്തിൽ അവൻ പെട്ടുപോയി. അവരാകട്ടെ ദുഷ്ടരും കുടിലബുദ്ധികളുമായിരുന്നു. ഒരു ദിവസം രാത്രിയിൽ

മൂന്നുപേരുംകൂടി ഒരു വലിയ കവച്ച നടത്തുവാൻ പരിശ്രമിച്ചു. പക്ഷെ, കാവൽക്കാരൻ ഇവരെ കണ്ടെത്തി ആപൽധ്വനിമുഴക്കി. ഉടനെ യുവാവിൻെറ കൂട്ടാളികളിൽ ഒരുവൻ കാവൽക്കാരനെ വെടിവെച്ചുകൊന്നു. യുവാവു ഓടി രക്ഷപ്പെട്ടു. എന്നാൽ അവൻെറ കൂട്ടാളികഠം ഇരുവരും പോലീസുകാരുടെ പിടിയിൽ പെട്ടു. അവരാകട്ടെ കൊലക്കുററം ഓടിപ്പോയ യുവാവിൻെറ മേൽ ചുമത്തി; ഇപ്പോഴാകട്ടെ അവനെ അറസ്റ്റ് ചെയ്യുവാൻ വാറണ്ടു പുറപ്പെടുവിച്ചിട്ടുണ്ടായിരുന്നു. ഇതിൽനിന്നു ഒഴിഞ്ഞു മാറുവാൻവേണ്ടി രഹസ്യത്തിൽ ലണ്ടനിൽ പോയി ഒളിവിൽ ജീവിക്കാമെന്നു വിചാരിച്ചാണ് അവൻ തീവണ്ടികയറിയത്'. . . .

വൃദ്ധൻ ഗൗരവത്തോടെ ഇതെല്ലാം കേട്ടശേഷം ദയാപുരസ്സരം ഇപ്രകാരം യുവാവിനെ ഉപദേശിച്ചു: "സ്നേഹിതാ, നിങ്ങഠം സ്വയം കോടതിയിൽ ഹാജരായി, നിങ്ങളുടെ കഥമുഴവനും കോടതിയിൽ, എന്നോടിപ്പോഠം പറഞ്ഞതുപോലെ, പരമാത്ഥമായി പറയുകയാണ് നല്ലതെന്നാണ് എൻെറ ബലമായ അഭിപ്രായം" "പക്ഷെ, നിങ്ങളോട് ഇതെല്ലാം പറയുവാൻ എളുപ്പമാണ്.; കാരണം നിങ്ങഠം നല്ലവനും ഇതരന്മാരെ ശരിയായി മനസ്സിലാക്കുന്നവനുമാണ്. എന്നാൽ കോടതിയെ എനിക്കു വലിയ ഭയമാണ്'." എങ്കിലും വൃദ്ധൻെറ ഉപദേശഫലമായി അവൻ അപ്രകാരം ചെയ്യാമെന്നു സമ്മതിച്ചു . . . . കോടതിയും പരിസരങ്ങളും ജനനിബിഡമായി. മ്ലാനവദനനായ ആ യുവാവിനെ അവർ കൂട്ടിൽ കയററി. അധോമുഖനായി വിറച്ചുകൊണ്ടു അവൻ അവിടെ നിന്നു. കുററപത്രം വായിക്കപ്പെട്ടു. അവനു പറയാനുള്ളതു പറയുവാൻ സമയം അനുവദിക്കപ്പെട്ടു. ഭയംകൊണ്ടു് സംസാരിക്കുവാൻ വിഷമിച്ചിരുന്ന അവൻ കണ്ണുകളുയത്തി ജഡ്ജിയെ ഒന്നു നോക്കി—ഹാ, അത്ഭുതം! തീവണ്ടിയിൽ വെച്ചു അവൻ കണ്ടുമുട്ടിയ ആ വൃദ്ധൻതന്നെയായിരുന്നു ജഡ്ജി!

അവൻെറ മുഖം തെളിഞ്ഞു. എല്ലാം നേരത്തെ അറിഞ്ഞിരുന്ന നല്ലവനായ ആ ജഡ്ജിയോടു അവൻ ഭയലേശമെന്യേ സകലതും തുറന്നു പറഞ്ഞു. കൊലക്കുററത്തിൽ അവൻ നിർദ്ദോഷിയാണെന്നു വിധിക്കപ്പെട്ടു. എങ്കിലും കവച്ച നടത്തുവാൻ പരിശ്രമിച്ചതിനുള്ള ശിക്ഷ അവൻ അനുഭവിക്കേണ്ടിവന്നു. പിന്നീട് അവൻെറ ജീവിതസരണി ഒരു പുതിയമാർഗ്ഗത്തിൽക്കൂടെ പ്രവഹിക്കയും ചെയ്തു.

ഭൂരിപക്ഷം ജനങ്ങളും കോടതി കയറുവാൻ ഇഷ്ടമില്ലാത്തവരാണ്. രണ്ടു കക്ഷികൾ തമ്മിൽ ഒരു കേസ് ഉത്ഭവിച്ചാൽതന്നേയും വല്ല വിധേനയും കോടതി കയറുവാൻ ഇടയാക്കാതെ വിട്ടുവീഴ്ചകളും ഒത്തുതീർപ്പുകളും വഴിയായി തമ്മിൽ രമ്യപ്പെടുവാനാണ് സാധാരണക്കാർ ശ്രമിക്കുക. "ഞാനായിട്ടോ എൻെറ കാരണവന്മാരായിട്ടോ കോടതികയറുവാൻ ഞങ്ങളുടെ കുടുംബത്തിന് ഇടവന്നിട്ടില്ല" എന്നിങ്ങനെ കുടുംബമേന്മയെപ്പററി ജയഭേരിമുഴക്കുന്ന ചിലരെ നാം കണ്ടുമുട്ടാറുണ്ടല്ലൊ. എന്നാൽ നമുക്കിഷ്ടമുണ്ടെങ്കിലും ഇല്ലെങ്കിലും നാമെല്ലാവരും ഒരു കോടതിയിൽ ഹാജരാകാതെ ഗത്യന്തരമില്ല. ഇന്നത്തെ സുവിശേഷത്തിൽ പറയുന്ന അവസാനത്തെ പൊതുവിധിയാണ് ഈ കോടതി. ലോകത്തിൽ അതേവരെ, ജനിച്ച് ജീവിച്ച് മരിച്ചിട്ടുള്ള സകല മനുഷ്യരും ഈ കോടതിയിൽ ഹാജരാകയും ഓരോരുത്തനും പരസ്യമായും രഹസ്യമായും ചെയ്തിട്ടുള്ള സകല പുണ്യകൃത്യങ്ങളേയും പാപകൃത്യങ്ങളേയും ആസ്പദമാക്കി പ്രഖ്യാപിക്കപ്പെടുന്ന നിത്യവിധിയെ സ്വീകരിക്കയും ചെയ്യുവാൻ നിർബ്ബന്ധിതരാണ്. "മരിച്ചവരായ വലിയവരും ചെറിയവരും സിംഹാസനത്തിനു മുമ്പിൽ നില്ക്കുന്നതു ഞാൻ കണ്ടു....ഓരോരുത്തനും അവനവൻെറ പ്രവൃത്തികൾ അനുസരിച്ചു വിധിക്കപ്പെട്ടു." (വെളി. XX 12, 13) "വെളിപ്പെടുത്തപ്പെടാതെ മറഞ്ഞിരിക്കുന്നതും

അറിയപ്പെടാതെ ഗൂഢമായിരിക്കുന്നതും ഒന്നുമില്ല" (മത്താ. X 26) ഇതൊരു സ്വപ്നമല്ല; ഭാവനായിൽ നിന്നു ഉടലെടുത്ത ഒരു സങ്കല്പരംഗവുമല്ല; പ്രത്യുത, ശക്തിയേറിയ ഒരു പരമാത്ഥമാണു്; നമ്മെ ഓരോരുത്തരേയും ഗൗരവമായവിധത്തിൽ സ്പശിക്കുന്ന ഒരു മഹാ പരമാത്ഥമാണ്. "ആകാശവും ഭൂമിയും കടന്നുപോയാലും എന്റെ വചനങ്ങൾ നിലനില്ക്കും"

ആരംഭത്തിൽ ഉദ്ധരിച്ച കഥയിലെ യുവാവിനെപ്പോലെ നാം കണ്ണുകളുയത്തി നമ്മുടെ വിധിയാളനെ ഒന്നു നോക്കുക. ആരാണു് നമ്മുടെ വിധിയാളൻ? ക്രിസ്തുനാഥൻ. "അപ്പോൾ മനുഷ്യപുത്രൻ തന്റെ പൂണ്ണശക്തിയിലും പ്രതാപത്തിലും മേഘങ്ങളിൽ വരുന്നതു് അവർ കാണും." "അവൻ മനുഷ്യപുത്രനാകകൊണ്ടു് വിധികത്താവാകുവാനും അവനു അധികാരം നല്കിയിരിക്കുന്നു." (യോഹ. V-27). മനുഷ്യപരിത്രാണകമ്മത്തിലെ അവസാനകൃത്യമാണ് വിധി. കാരണം, അതുവഴിയായി ശിഷ്ടമാർ ദുഷ്ടന്മാരിൽനിന്നു് വേർതിരിക്കപ്പെട്ട് സ്വഗ്ഗത്തിൽ അവരുടെ ശിരസ്സാകുന്ന ക്രിസ്തുവിനോടു ശാശ്വതമായി സംയോജിക്കപ്പെടും. അപ്പോൾ മാത്രമേ പരിത്രാണനാടകത്തിലെ യവനിക അവസാനമായി വീഴുകയുള്ളു. അതുകൊണ്ടു് പരിത്രാണകത്താവായ ക്രിസ്തുനാഥൻതന്നെ പൊതുവിധിയും നടത്തേണ്ടതു ന്യായം മാത്രമാണ്. ഇതു നമുക്ക് എത്രയോ ആശ്വാസപ്രദമായ ഒരു വാസ്തവമാണു്. തീരെ അജ്ഞാതനും അപരിചിതനും വളരെ ഉന്നതസ്ഥാനമലങ്കരിക്കുന്നവനും കഠിനഹൃദയനുമായ ഒരു വിധിയാളന്റെ മുമ്പാകെ നില്ക്കുവാൻ ജനങ്ങൾ വളരെ ഭയപ്പെടും. എന്നാൽ സ്നേഹിതനും, രക്തസംബന്ധിയും, കാരുണ്യക്കടലുമായ ഒരു വിധിയാളന്റെ മുമ്പാകെ നാം സകലതും സസന്തോഷം ഏററുപറയുകയും സമപ്പിക്കയും ചെയ്യുന്നു. ക്രിസ്തുനാഥനാകട്ടെ ദൈവം മാത്രമല്ല, ഒരു മനുഷ്യനുംകൂടിയാണു്; നമ്മെപ്പോലെ നിരവധി

ക്ലേശങ്ങൾ അനുഭവിച്ചിട്ടുള്ളയാൾ; പാപമൊഴിച്ച് എല്ലാററിലും നമ്മെപ്പോലെ പരീക്ഷിക്കപ്പെട്ടിട്ടുള്ളയാൾ; മനുഷ്യൻ എന്താണെന്നും മാനുഷികബലഹീനതകൾ ഏവയാണെന്നും നല്ലവണ്ണം അറിയുന്ന ഒരാൾ, പോരാ, നമ്മുടെ ജ്യേഷ്ഠസഹോദരൻ; നമ്മുടെ സ്നേഹിതൻ. പാപത്താൽ പങ്കിലമാകാനിടവന്ന ഒരാത്മാവാണ് നമുക്കുള്ളതെങ്കിലും അതെല്ലാം പശ്ചാത്താപത്താൽ നിർമ്മാജ്ജനം ചെയ്ത് പരിഹാരകൃത്യങ്ങൾ അനുഷ്ഠിച്ചിട്ടുണ്ടെങ്കിൽ നമുക്കു യാതൊന്നും ഭയപ്പെടുവാനില്ല. "പശ്ചാത്താപഭരിതവുംതാഴ്മയുള്ളതുമായ ഒരു ഹൃദയത്തെ അവിടുന്നു് നിരാകരിക്കയില്ല." (സങ്കി. L–19).

എന്നാൽ പശ്ചാത്തപിക്കാത്ത പാപികൾക്ക് അവിടുന്ന് നീതിയുടെ നിശിതരൂപമായി പ്രത്യക്ഷപ്പെടും. ബത്‌ലഹമിലെ പുൽത്തൊട്ടിമുതൽ കാൽവരിയിലെ ക്രൂശുമരണംവരെ അവിടുന്നു് അവർക്കുവേണ്ടി സഹിച്ചതെല്ലാം അവർ വ്യക്തമായിക്കാണും; അവർക്കു നൽകപ്പെട്ട പ്രസാദവരങ്ങളും രക്ഷാമാർഗ്ഗങ്ങളും അവർ സ്മരിക്കും; തങ്ങളുടെ പശ്ചാത്താപരഹിതമായ പാപജീവിതവും, പ്രസാദവരത്തിൻെറ തിരസ്കാരവും, ക്രിസ്തുനാഥനോടു പ്രദർശിപ്പിച്ച നന്ദിഹീനതയും അവർ തെളിവായികണ്ടു പരിഭ്രാന്തചിത്തരാകയും ചെയ്യും. ഇന്നു കുടിലമതികൾ ആരാധിക്കപ്പെടുകയും നിഷ്കളങ്കതയുടെ നിറകുടങ്ങൾ ചവിട്ടിമെതിക്കപ്പെടുകയും ചെയ്യുന്നുണ്ടെങ്കിൽ—ഇന്നു് സ്വേച്ഛാധിപതികളും ഭോഗലാലസരും സസുഖം ജീവിക്കയും ദൈവഭയത്തിൽ ജീവിക്കുന്നവർ കൊടും യാതനകളനുഭവിക്കയും ചെയ്യുന്നുണ്ടെങ്കിൽ—ഇന്നു് സൂത്രശാലികളായ വഞ്ചകന്മാർ കുററമററവരായി പൊതുജനദൃഷ്ടിയിൽ ഞെളിയുകയും നിരപരാധികൾ തെററായ കുററാരോപണമേററു് അവമാനത്തിൻെറ ശവക്കുഴിയിൽ അമന്നുപോകുകയും ചെയ്യുന്നുണ്ടെങ്കിൽ, അന്നു ക്രിസ്തുനാഥൻ "ഇരുട്ടിൽ മറഞ്ഞിരിക്കുന്നവയെ

പ്രകാശിപ്പിക്കയും ഹൃദയങ്ങളുടെ വിചാരങ്ങൾ വെളിവാക്കുകയും ചെയ്യും.'' (1 കൊറി. IV-5). ലൗകികങ്ങളായ ഉച്ചനീചതചങ്ങൾക്ക് അവിടെ സ്ഥാനമുണ്ടാകയില്ല. സുകൃതസമ്പത്തിനല്ലാതെ മററു ധനത്തിന് അവിടെ വിലയില്ല; നല്ല ജീവിതമല്ലാതെ മററു സ്ഥാനമാനങ്ങളോ ബിരുദങ്ങളൊ അംഗീകരിക്കപ്പെടുകയില്ല, പുണ്യം മാത്രമാണ് അവിടെ രാജകീയമായി വിലമതിക്കപ്പെടുന്നത്. അന്ന് വി. പൗലോസ് നീറോയെ അഭിമുഖീകരിക്കും; വി. യോഹന്നാൻ ഡൊമിഷ്യനേയും. അന്നു വി. തോമസ്മൂറിൻെറയും എട്ടാം ഹെൻറിയുടേയും നിലപാടുകൾ കീഴ്മേൽമറിഞ്ഞു യഥാർത്ഥം പ്രത്യക്ഷമാകും . . . . . . . ചങ്ങലകളാൽ ബന്ധിതനായി വി. പൌലോസ് ഗവർണ്ണരായിരുന്ന ഫെലിക്സിൻെറ മുമ്പാകെ ആനീതനായപ്പോൾ നീതിയേയും വിരക്തിയേയും വരുവാനിരിക്കുന്ന വിധിയേയും കുറിച്ച് അപ്പസ്തോലൻ അദ്ദേഹത്തെ ഉൽബോധിപ്പിച്ചുവെന്നും ഫെലിക്സ് ഭയപ്പെട്ടുവെന്നും അപ്പസ്തോലനടപടികളിൽ നാം വായിക്കുന്നു. പൊതുവിധിയെ സംബന്ധിച്ച് ഈ ഒരു ഭയം നമ്മിൽ ജനിക്കയും ജീവിതത്തിൽ രക്ഷാകരങ്ങളായ ഫലങ്ങൾ ഉൽപാദിപ്പിക്കയും ചെയ്യുമാറാകട്ടെ.

---

# തീബൻ സൈന്യം

മിശിഹായുടെ പ്രവൃത്തികളെക്കുറിച്ചു യോഹന്നാൻ കാരാഗൃഹത്തിൽവച്ചു കേട്ട്, തൻെറ ശിഷ്യന്മാരിൽ രണ്ടുപേരെ അവിടുത്തേ പക്കലേക്കയച്ചുചോദിച്ചു: നിൻെറ വരവിനെപ്പററിയാണൊ പ്രവചിക്കപ്പെട്ടിരിക്കുന്നത്? അതോ, ഇനിയും മറെറാരുവനെ പ്രതീ

ക്ഷിക്കണമോ? അപ്പോൾ ഈശോ അവർക്കുത്തരമരുളി: നിങ്ങളുടെ കണ്ണുകളും നേത്രങ്ങളും സാക്ഷ്യം വഹിച്ചവയെക്കുറിച്ച് നിങ്ങൾ പോയി യോഹന്നാനോടു പറയുവിൻ: അതായതു്, കുരുടൻ എങ്ങനെ കാണുന്നുവെന്നും, മുടന്തൻ എങ്ങിനെ നടക്കുന്നുവെന്നും, കുഷ്ഠരോഗികൾ എങ്ങിനെ ശുദ്ധരാക്കപ്പെടുന്നുവെന്നും, ചെകിടൻ എങ്ങിനെ കേൾക്കുന്നുവെന്നും, മരിച്ചവർ എങ്ങനെ ജീവൻ പ്രാപിക്കുന്നുവെന്നും, ദരിദ്രക്കു് എങ്ങനെ സുവിശേഷം പ്രസംഗിക്കപ്പെടുന്നുവെന്നും പറയുവിൻ; എന്നിലുള്ള വിശ്വാസം നഷ്ടപ്പെടാത്തവൻ ഭാഗ്യവാനാകുന്നു. അവർ പോയപ്പോൾ, യോഹന്നാനെപ്പററി ജനങ്ങളോടു സംസാരിപ്പാൻ ഈ അവസരം ഈശോ ഉപയോഗപ്പെടുത്തി അവിടുന്നു ചോദിച്ചു; മരുഭൂമിയിലേക്കുപോയപ്പോൾ അവിടെ എന്തു കാണുമെന്നാണു് നിങ്ങൾ പ്രതീക്ഷിച്ചതു്?—കാററിൽ ഉലയുന്ന ഞാങ്ങണയോ? അല്ല; അതല്ല, പിന്നെ എന്തു കാണ്മാനാണു് നിങ്ങൾ പോയതു? പട്ടുവസ്ത്രം അണിഞ്ഞ ഒരു മനുഷ്യനെയോ? പട്ടുവസ്ത്രം അണിഞ്ഞുനടക്കുന്ന മനുഷ്യരെ അന്വേഷിക്കേണ്ടതു് രാജകൊട്ടാരങ്ങളിലാണു്. അല്ലെങ്കിൽ പിന്നെ എന്തുകാണ്മാനാണു് നിങ്ങൾ പോയതു? ഒരു പ്രവാചകനെയോ? അതെ, ഞാൻ നിങ്ങളോടുപറയുന്നു, ഒരു പ്രവാചകനെക്കാൾ വലിയവനെത്തന്നെ. ഇതാ, നിൻെറ ആഗമനത്തിനായി നിൻെറ വഴി ഒരുക്കുവാനുള്ള എൻെറ ദൂതനെ നിനക്കുമുമ്പേ ഞാനയക്കുന്നു എന്നു് ആരെപ്പററി എഴുതപ്പെട്ടിരിക്കുന്നുവോ അവനാണു ഈ മനുഷ്യൻ.

(ആഗമനം 2-ാം ഞായർ; സുവിശേഷം: മത്താ. XI 2—10).

വിശ്വാസവും സദാചാരവും സംബന്ധിച്ച സനാതനതത്വങ്ങളെ മുറുകെപ്പിടിച്ചതു നിമിത്തം സ്വജീവിൻ ബലികഴിക്കേണ്ടിവന്നിട്ടുള്ള ധീരാത്മാക്കളുടെ വീരചരിതം തിരുസഭാചരിത്രത്തിൽ സുവർണ്ണലിപികളാൽ എഴുതിച്ചേർത്തിട്ടുള്ള ഏടുകളാണു്. അവരിൽ തീബൻ സൈന്യം (Theban legion) പ്രകടിപ്പിച്ച ധീരത കത്തോലിക്കാലോകത്തിനു് അനവദ്യമായ അഭിമാന

10500

PALACKAL JEEVASSKENDRA LIBRARY

ത്തിനും ആവേശത്തിനും വകനല്കിയിട്ടുണ്ട്. മാക്സിമിയൻചക്രവർത്തി ഗോളിൽ പൊട്ടിപ്പുറപ്പെട്ട ഒരു വിപ്ലവത്തെ അമർത്തുവാനായി ആഫ്രിക്കായിൽനിന്നു് കൊണ്ടുവന്ന ഒരു സൈന്യവ്യൂഹമായിരുന്നു അതു്. ക്രിസ്ത്യാനികൾമാത്രമേ ആ സൈന്യവിഭാഗത്തിൽ ഉണ്ടായിരുന്നുള്ളു. ഇതര സൈന്യവിഭാഗങ്ങളോടൊത്തു് അവരും വീറോടെ പോർചെയ്തു; ചക്രവർത്തി വിജയം വരിച്ചു; ആ വിജയത്തെ സമുചിതം സമാഘോഷിക്കുവാനായി "അഗൗനും" എന്ന സ്ഥലത്തു സൈന്യം മുഴുവൻ കൂടാരമടിച്ചു. വിജയലഹരിയിൽ ഉന്മത്തനായ ചക്രവർത്തി സകല ഭടന്മാരും നന്ദിസൂചകമായി ദേവന്മാർക്കു ബലിയർപ്പിക്കണമെന്നു് കല്പനനല്കി. എന്നാൽ തീബൻ സൈന്യം അതിന്റെ നായകനായ മോറീസിന്റെ നേതൃത്വത്തിൽ ചക്രവർത്തിയുടെ കല്പനയെ അവഗണിച്ചുകൊണ്ടു കൂടാരം വിട്ടുപോയി. ചക്രവർത്തിയുടെ കല്പനപ്രകാരം ഇതരസൈന്യവിഭാഗങ്ങൾ അവരെ വളഞ്ഞു്, ദേവന്മാർക്കു ബലിയർപ്പിക്കുകയില്ലെങ്കിൽ അവരെ മുഴുവനും വധിച്ചുകളയുമെന്നു് ഭീഷണിപ്പെടുത്തി. അപ്പോൾ മോറീസ് ഇപ്രകാരം പറഞ്ഞു: "മഹാനായ ചക്രവർത്തി, ഞങ്ങൾ അങ്ങയുടെ ഭടന്മാരാണു്; എന്നാൽ അതേ സമയം ഞങ്ങൾ ജീവനുള്ള സത്യദൈവത്തിന്റെ ദാസന്മാരുമാണ്. ഇക്കാര്യത്തിൽ അങ്ങയെ അനുസരിക്കുന്നതു് സത്യദൈവത്തിനെതിരായുള്ള ഒരു പാപമാകും. പാപത്തെക്കാൾ മരണം വരിക്കുവാൻ ഞങ്ങൾ തയ്യാറാണ്." അങ്ങനെ അവരെല്ലാവരും നിഷ്ഠുരണം വധിക്കപ്പെട്ടു—സത്യദൈവത്തിനു സമർപ്പിക്കപ്പെട്ട മനോഹരങ്ങളായ രക്തപുഷ്പങ്ങൾ.

സഭാചരിത്രത്തിൽ തലയുയർത്തി നില്ക്കുന്ന ഒരു മഹാപുരുഷൻ—കർക്കശങ്ങളായ താപസകൃത്യങ്ങളോടൊപ്പം മുഖംനോക്കാത്ത കർമ്മധീരതയും ഒത്തിണക്കിയ ഒരു മഹാവ്യക്തി—അതാണ് വി. സ്നാപകയോഹന്നാൻ. രാജാധികാരത്തെ അദ്ദേഹം ബഹു

മാനിച്ചു. എന്നാൽ ഹേരോദേസ് സഹോദരഭാര്യയെ സ്വന്തം ഭാര്യയായി പരിഗ്രഹിച്ചപ്പോൾ ആ യതിവര്യൻ രാജധാനിയിലേക്കു കടന്നുചെന്നു് രാജാവിൻെറ പാപകൃത്യത്തെ നിസ്സങ്കോചം വെട്ടിത്തുറന്നുകാണിച്ചു. ഫലമോ? കൽത്തുറുങ്കും ശിരച്ഛേദവും ഈ സ്വഭാവവൈശിഷ്ട്യത്തെ പരിഗണിച്ചുകൊണ്ടാണ് ക്രിസ്തുനാഥൻ വി. സ്നാപകയോഹന്നാനെക്കുറിച്ച് ഇന്നത്തെ സുവിശേഷത്തിൽ ചോദിക്കുന്നതു്: "മരുഭൂമിയിലേക്കു പോയപ്പോൾ അവിടെ നിങ്ങൾ എന്തുകാണുമെന്നാണ് പ്രതീക്ഷിച്ചതു? കാററിൽ ഉലയുന്ന ഞാങ്ങണയേയൊ? അല്ല." കാററിൻെറ ഗതിയനുസരിച്ച് ഞാങ്ങണ അങ്ങോട്ടും ഇങ്ങോട്ടും ഉലഞ്ഞുകൊണ്ടിരിക്കും. ഇതുപോലെതന്നെ വിശ്വാസത്തിലും സദാചാരത്തിലും ദൃഢതയില്ലാത്തവർ സ്വന്തം സുഖസൌകര്യങ്ങളുടെയും പൊതുജനാഭിപ്രായത്തിൻെറയും മനുഷ്യബഹുമാനത്തിൻെറയും ഗതിയനുസരിച്ചു ചഞ്ചലിച്ചുകൊണ്ടിരിക്കും. ഒത്തുതീപ്പുകൾ, വിട്ടുവീഴ്ചകൾ, മനസ്സാക്ഷിയെ വലിച്ചുനീട്ടൽ, കണ്ടില്ലെന്നു ഭാവിക്കൽ എന്നിങ്ങനെ പലതും തൽഫലമായുണ്ടാകും. യജമാനനേയും യജമാനസ്ത്രീയേയും ഒന്നുപോലെ പ്രസാദിപ്പിക്കുവാൻവേണ്ടി പുതിയ പൂച്ചക്കുഞ്ഞു് "അത്ര കണ്ടനുമല്ല, അത്ര കൊററിയുമല്ല" എന്നു തട്ടിമൂളിച്ച വിശ്വസ്തഭൃത്യൻെറ മനസ്ഥിതിയിലേക്കും ഈ ചഞ്ചലമനസ്ഥിതി വഴി തെളിക്കും. വി. യോഹന്നാൻ അങ്ങനെ കാററിൻെറ ഗതിയനുസരിച്ച് ചലിച്ചുകൊണ്ടിരിക്കുന്ന ഒരു ഞാങ്ങണയല്ലെന്നും "സീസറിൻെറതു സീസറിനും ദൈവത്തിൻെറതു ദൈവത്തിനും" എന്നുള്ള സനാതനസത്യത്തെപ്രതി ജീവൻ ബലികഴിക്കുവാൻ സന്നദ്ധനായിരുന്ന ഒരു ധീരാത്മാവാണെന്നും ആലങ്കാരികമായി ക്രിസ്തുനാഥൻ പ്രഖ്യാപിക്കുകയാണ് ചെയ്യുന്നതു. വി. യോഹന്നാനേയും തീബൻ സൈന്യത്തേയുംപോലെ വി. തോമാസ് മൂറിൻെറ ജീവിതവും ഏതദ്വിഷയത്തിൽ ഒരുമകുടോദാ

ഹരണംതന്നെയാണ്. ഇങ്ങനെ സത്യത്തിനും നീതിക്കുംവേണ്ടി പീഡകളും മരണവും കൈവരിച്ച വീരാത്മാക്കളുടെ സംഖ്യ വി. സ്ഥാപകയോഹന്നാൻെറ കാലംമുതൽ ഇന്നത്തെ കട്ടിനാറാം മിൻസെന്തിവരെ എത്രയോ ലക്ഷമാണ്!

ദേവാലയങ്ങൾ, സ്കൂളുകൾ ആസ്പത്രികൾ, ആതുരാലയങ്ങൾ ഇവയെല്ലാം നമുക്ക് അത്യന്താപേക്ഷിതങ്ങളാണ്. എന്നാൽ ഇന്നു നമുക്ക് ഏററവും ആവശ്യമായിരിക്കുന്നത്, മതസിദ്ധാന്തങ്ങളിൽ സുദൃഢവും അചഞ്ചലവുമായ വിശ്വാസവും തദനുസാരം പരസ്യമായി ജീവിതം നയിക്കുവാനുള്ള കരളുറപ്പും ദൃഢപ്രത്യയവുമുള്ള ക്രിസ്ത്യാനികളെയാണ്. താല്ക്കാലികഗുണങ്ങളോ, ജനപ്രീതിയൊ സ്വാൎത്ഥലാഭങ്ങളൊ സ്ഥാനമാനാസക്തിയോ വകവെക്കാതെ മനസാക്ഷിയനുസരിച്ച് ജീവിക്കുന്നവർ; ജനങ്ങളുടെ അവഹേളനങ്ങളും വിരോധങ്ങളും അഗണ്യമാക്കിക്കൊണ്ട് സ്വമതസിദ്ധാന്തങ്ങളനുസരിച്ച് ജീവിക്കുവാൻ കച്ചകെട്ടിയിറങ്ങിയിട്ടുള്ളവർ—ഇവരാണു് ഇന്നു നമുക്കു വേണ്ടതു്. അവരുടെ നാമങ്ങൾ ഒരു പക്ഷെ ഐഹികചരിത്രത്തിൻെറ ക്ഷണഭംഗുരമായ ഏടുകളിൽ എഴുതപ്പെട്ടില്ലെങ്കിലും ജീവൻെറ പുസ്തകത്തിൽ തീൎച്ചയായും ആലേഖനംചെയ്യപ്പെടും. എന്നാൽ മനുഷ്യബഹുമാനാകാംക്ഷയാണു് ഇതിനൊരു വിലങ്ങുതടിയായിവരുന്നതു്. മററുള്ളവരെ മുഷിപ്പിക്കാതിരിക്കുവാനോ അവരുടെ പ്രീതിയും സന്മനസ്സും ലഭിക്കുവാനോ സ്വന്തം മനസ്സാക്ഷിക്കും മതസിദ്ധാന്തങ്ങൾക്കും എതിരായി പറയുകയും പ്രവൃത്തിക്കുകയും ചെയ്യുന്ന ഒരു ബലഹീനമനസ്ഥിതിയാണ് ഇതിൽ അടങ്ങിയിരിക്കുന്നതു്. "ഇന്ദ്രനോടൊക്കും സ്വാമി, ചന്ദ്രനോടൊക്കുംഭവാൻ" എന്നിങ്ങനെ സ്തുതിപാഠകന്മാരായും ഇക്കൂട്ടർ പ്രത്യക്ഷപ്പെടും. ഇവർ മററുള്ളവരുടെ കണ്ണിൽക്കൂടി എല്ലാം കാണുന്നു: മററുള്ളവരുടെ ചെവികളിൽക്കൂടി എല്ലാം കേൾക്കുന്നു; മററുള്ളവരുടെ വായിൽ

കൂടി മാത്രം സംസാരിക്കയും ചെയ്യുന്നു. ഇവർ വി. ശ്ലീഹായെ ശ്രവിക്കട്ടെ: "ഞാൻ മനുഷ്യരെ സന്തോഷിപ്പിക്കുന്നുവെങ്കിൽ, ക്രിസ്തുവിൻെറ ദാസനായിരിക്കയില്ല." രണ്ടു വഞ്ചികളിൽ കാലിടുന്നവക്കു പറവന്ന അബദ്ധം നാം പ്രത്യേകം സ്മരിക്കണം.

ഇപ്രകാരമുള്ള "ഞാഞ്ഞൂണമനസ്ഥിതി" നമ്മിലും നമ്മുടെ സഹോദരങ്ങളിലും കുടികൊള്ളുന്നില്ലേ എന്നു നാം പ്രത്യേകം ആത്മശോധന ചെയ്യേണ്ടിയിരിക്കുന്നു. നമ്മുടെ മതം ഞായറാഴ്ച പള്ളിയിൽപോകുമ്പോൾ മാത്രം ധരിക്കയും അതിനുശേഷം ഊരിവെക്കയും ചെയ്യാനുള്ള ഒരു വസ്ത്രമല്ല. ക്രിസ്തുവിൻെറ ശിഷ്യനാണെന്നു പരസ്യമായി പ്രഖ്യാപിക്കുവാൻ നമുക്കു മടിതോന്നുന്നുണ്ടോ? കൊന്തയും വെന്തിങ്ങായും ധരിക്കുന്നതിലും ത്രികാലജപങ്ങൾ ചൊല്ലുന്നതിലും മനുഷ്യബഹുമാനത്തെ നാം ഭയപ്പെടുന്നുണ്ടോ? പരിഷ്കാരികളും "പുരോഗമ"വാദികളുമായ സ്നേഹിതന്മാരുടെ പരിഹാസശരങ്ങൾ ഭയപ്പെട്ടു മതകർമ്മാനുഷ്ഠാനങ്ങളും നൊയമ്പും ഉപവാസവും ഉപേക്ഷിക്കയോ മൂടിവെക്കയോ ചെയ്യുന്നുണ്ടോ? സാമ്പത്തികരംഗത്തിലും സാമുദായികജീവിതത്തിലും കാണുന്ന അനീതികളേയും മർദ്ദനങ്ങളേയും ചൂഷണങ്ങളേയും നാം പ്രതിഷേധിക്കുന്നുണ്ടോ? ക്രിസ്തുവും തിരുസഭയും പഠിപ്പിക്കുന്ന സനാതനതത്വങ്ങളും സദാചാരനിയമങ്ങളും പഴഞ്ചനെന്നും പിന്തിരിപ്പനെന്നും മുദ്രയടിച്ചുകൊണ്ടു് നെഹ്റുവോ ഗാന്ധിയോ ജയപ്രകാശോ പറയുന്ന കാര്യങ്ങളെല്ലാം സഹർഷം സ്വാഗതം ചെയ്യുന്ന ഒരു മനസ്ഥിതി നമ്മിലുണ്ടോ? മാർപ്പാപ്പമാരുടെ പഠനങ്ങളെക്കാൾ രാഷ്ട്രീയനേതാക്കന്മാരുടെ പ്രബോധനങ്ങളാണോ നാം ചെവിക്കൊള്ളുന്നതു്? മനുഷ്യബഹുമാനത്തെപ്രതിയും ചില സ്വാർത്ഥലാഭങ്ങൾക്കും സുഖസൌകര്യങ്ങൾക്കും വേണ്ടിയുമല്ലേ ഇങ്ങനെ നാം വിശ്വാസദാർഢ്യത്തെ ബലികഴിക്കുന്നതു്? ഒരു യഥാർത്ഥകത്തോലിക്കനു് ഒരു യഥാർത്ഥസോഷ്യലിസ്റ്റു് ആയിരി

പ്പാൻ സാദ്ധ്യമല്ല എന്നു് 11-ാം പീയൂസ് തിരുമനസ്സുകൊണ്ടു് ശക്തിയുക്തം ഉൽബോധിപ്പിച്ചിട്ടും ഇന്നും ചിലർ ആ ഉൽബോധനത്തെ അവഗണിക്കുന്നില്ലേ? വിവാഹവും വിദ്യാഭ്യാസവും സംബന്ധിച്ചുള്ള മനുഷ്യരുടെ മൗലികാവകാശങ്ങളെയും തിരുസഭയുടെ കാനോൻ നിയമങ്ങളെയും മുറുകെപ്പിടിച്ചുകൊണ്ടു് മാപ്പാപ്പാമാരും മെത്രാന്മാരും ലേഖനങ്ങളും പ്രസ്താവനകളും ഇറക്കുമ്പോഴും അവയെ അവഗണിക്കയും അവഹേളിക്കയും ചെയ്തുകൊണ്ടു അവയ്ക്കെതിരായുള്ള ഗവൎമ്മേണ്ടു് നിയമനിൎമ്മാണങ്ങളെ സ്വാഗതം ചെയ്യുന്ന കത്തോലിക്കാനേതാക്കന്മാരുടെ ക്രൈസ്തവത്വം തന്നെ ചോദ്യം ചെയ്യപ്പെടേണ്ടതല്ലേ? വിശ്വാസം സംബന്ധിച്ചുള്ള ദുൎബ്ബലമനസ്ഥിതിയും, സ്വാൎത്ഥപരമായ പ്രീണിപ്പിക്കൽനയവും ഞാങ്ങണപോലെയുള്ള ഒരു മനസ്സാക്ഷിയുമല്ലേ ഇതിന്റെയെല്ലാം അടിയിൽ? സഭയുടേയും സമുദായത്തിന്റേയും അവകാശങ്ങൾ സംരക്ഷിക്കുന്നതിന്നായി പോരാടേണ്ടവരായ അഭ്യസ്തവിദ്യരും നേതാക്കന്മാരും ആടുന്ന ഞാങ്ങണകളായാൽ സാധാരണ ജനങ്ങൾ പറക്കുന്ന പഞ്ഞിക്കഷണങ്ങളായിത്തീരുകയില്ലേ? മനുഷ്യരുടെമുമ്പാകെ ക്രിസ്തുവിനെ ഏറ്റുപറയുവാൻ ലജ്ജിക്കുന്നവരെ സ്വൎഗ്ഗസ്ഥനായ പിതാവിന്റെ മുമ്പാകെ ഏറ്റുപറയുവാൻ ക്രിസ്തുനാഥനും സന്നദ്ധനാകയില്ലെന്നുള്ള പരമാൎത്ഥം പ്രത്യേകം സ്മരണീയമാണു്

---

# സത്യം മാത്രം

നീ ആരാകുന്നു എന്നു് യോഹന്നാനോടു ചോദിക്കുവാൻ യഹൂദന്മാർ ആചാര്യന്മാരേയും ലേവ്യരേയും ഓർശലത്തുനിന്നയച്ചപ്പോൾ

അവൻ നല്കിയ മറുപടി ഇതാകുന്നു. അവൻ യാതൊന്നും മറച്ചു വെയ്ക്കാതെ സത്യം സമ്മതിച്ചു പറഞ്ഞു. താൻ ക്രിസ്തു അല്ലെന്നു അവൻ ഏററുപറഞ്ഞു. പിന്നെ നീ ആരാണ്? ഏലിയായോ? എന്ന് അവർ വീണ്ടും ചോദിച്ചു. ഏലിയാ അല്ല എന്ന് അവൻ മറുപടി പറഞ്ഞു. നീ ഒരു പ്രവാചകനാണോ? അല്ല എന്ന് അതിനും അവൻ മറുപടി പറഞ്ഞു. ഞങ്ങളെ അയച്ചവക്ക മറുപടി കൊടുക്കേണ്ടതിനായി, നീ ആരാകുന്നുവെന്ന് ഞങ്ങളോടു പറയുക; നിന്നെക്കുറിച്ചു നീ എന്തു പറയുന്നു? എന്ന് അവർ ചോദിച്ചു; അപ്പോൾ അവൻ അവരോടു മറുപടി പറഞ്ഞതായതു്: കർത്താവിന്റെ വഴിയെ ചൊവ്വാക്കുവിൻ എന്നു മരുഭൂമിയിൽ വിളിച്ചുപറയുന്ന ഒരുവന്റെ സ്വരം എന്ന് ഏശായ ദീഘദർശി പറഞ്ഞിരിക്കുന്നവനാകുന്നു ഞാൻ. ഉടനെ പ്രീശന്മാർ (ദൗത്യവുമായി വന്ന ഇവർ പ്രീശന്മാരായിരുന്നു) അങ്ങിനെയാണെങ്കിൽ, നീ ക്രിസ്തുവോ, ഏലിയായൊ ഒരു പ്രവാചകനോ അല്ലാതിരിക്കെ നീ സ്നാപനം നല്കുന്നതെന്തുകൊണ്ടു്? എന്നു അവനോടു ചോദിച്ചു. ഞാൻ നിങ്ങളെ വെള്ളംകൊണ്ടു സ്നാപനം ചെയ്യുന്നു. എന്നാൽ നിങ്ങൾ അവനെക്കുറിച്ചു ഒന്നും അറിയാത്ത ഒരുവൻ നിങ്ങളുടെ മദ്ധ്യേ നില്ക്കുന്നുണ്ടു്. എന്റെ പിന്നാലെ വരുന്നവനെങ്കിലും എന്റെ മുമ്പനാകുന്ന ഇവൻ, ഇവന്റെ ചെരിപ്പുകളുടെ വാറടഴിക്കുവാൻപോലും ഞാൻ യോഗ്യനല്ല. യോർദ്ദാനക്കരെ യോഹന്നാൻ സ്നാപനം നല്കിക്കൊണ്ടിരുന്ന ബെഥാന്യായിലാണ് ഇവയെല്ലാം സംഭവിച്ചതു്.

(ആഗമനകാലം 3-ാംഞായർ; സുവിശേഷം, യോഹ. I 19—28)

ഇക്കഴിഞ്ഞ അഖിലേന്ത്യാ പത്രാധിപസമ്മേളനത്തെ അഭിമുഖീകരിച്ചുകൊണ്ടു ഇൻഡ്യൻ പ്രസിഡണ്ടു രാജേന്ദ്രപ്രസാദ് ഊന്നിപ്പറയുകയുണ്ടായി സത്യം പറയുകയെന്നതായിരിക്കണം പത്രധമ്മമെന്നു്. പൊതുജനാഭിപ്രായം രൂപവൽക്കരിക്കുന്നതിൽ പ്രധാന പങ്കു വഹിക്കുന്ന പത്രങ്ങൾ സത്യം ദീക്ഷിക്കുന്നില്ലെങ്കിൽ —അസത്യവും അർദ്ധസത്യവുമാണ് പ്രചരിപ്പിക്കുന്നതെങ്കിൽ—രാജ്യത്തിന്റെ ഭാവി ഇരുളടഞ്ഞതായിരിക്കും. എന്നാൽ സത്യം മാ

ത്രം പറയണമെന്നുള്ള ധാർമ്മികതത്വം, പത്രപ്രവർത്തകന്മാർ മാത്രം അനുവർത്തിക്കേണ്ട ഒന്നല്ലെന്നും സകല മനുഷ്യരും സ്വകൃത്യപരമ്പരകളിൽ പ്രതിഫലിപ്പിക്കേണ്ട ഒന്നാണെന്നും എല്ലാവർക്കും അറിയാവുന്നതാണ്. എന്നാൽ ഒരു കവി പറയുംപോലെ, ജഗത്തു മുഴുവൻ പരന്നുകിടന്നിരുന്ന "നേരു" എന്നു പേരായ വസ്തു ഇപ്പോഠം ക്രമേണ ചുരുങ്ങിച്ചുരുങ്ങി ഒരു പണത്തോളംമാത്രം വലുപ്പമുള്ളതായിത്തീർന്നിരിക്കുന്നതു് ശോചനീയംതന്നെ. നിത്യസത്യമായ ക്രിസ്തുനാഥനും പഴയനിയമത്തിലെ ഗ്രന്ഥങ്ങളും സത്യത്തിന്റെ ആവശ്യകതയെപ്പററി ധാരാളം വ്യക്തമായിത്തന്നെ പറഞ്ഞിട്ടുണ്ട്. "നുണ പറയുന്ന ചുണ്ടുകഠം കർത്താവിന്റെ സന്നിധിയിൽ മ്ലേച്ഛതയാകുന്നു" (Prov. XII-22) "നീ കള്ളം പറയരുതു്; നിന്റെ അയൽക്കാരനെ ചതിക്കയുമരുതു്." Levit (XIX-11) "കള്ളം പറയുന്ന വായ് ആത്മാവിനെ കൊല്ലുന്നു." (Wisd. I-11) എലിസേവൂസിന്റെ ഭൃത്യനായിരുന്ന ഗിയാസി ഒരു നുണ പറഞ്ഞതുനിമിത്തം നാമാന്റെ കുഷ്ഠരോഗം അവനിലേക്കും അവന്റെ സന്താനപരമ്പരകളിലേക്കും പകർന്നതായി നാം പഴയനിയമത്തിൽ വായിക്കുന്നുണ്ട്. (IV Kings V-25-27) പുതിയനിയമത്തിൽ അനനിയാസും സഫീറായും വി. പത്രോസിന്റെ മുമ്പാകെ മരിച്ചുവീണതും നുണ പറഞ്ഞതുകൊണ്ടായിരുന്നല്ലൊ. ഫ്രീശന്മാരുടെ വക്രതയും കാപട്യവും ക്രിസ്തുനാഥന്റെ നിശിതമായ വിമർശനത്തിനു പാത്രമായില്ലേ?

ദൈവം സത്യത്തിന്റെ മൂർത്തീകരണമാണു്; പോരാ, ദൈവവും സത്യവും പര്യായപദങ്ങളാണ്. മനുഷ്യനു് ഇതിൽ ഒരംശം ദൈവം ദാനമായി നല്കിയിട്ടുണ്ട്. ഈ ദാനത്തെ സംരക്ഷിച്ചു പോരുന്നവനിൽ ആത്മാർത്ഥതയും സത്യവും നിഷ്കാപട്യവും സദാ കുടികൊള്ളുന്നുണ്ടായിരിക്കും. മനസ്സിലുള്ളതിനു വിപരീതമായി പറയുന്നതാണല്ലൊ നുണ. സ്വന്തം മനസ്സിലുള്ളതിനെ

ഇതരന്മാക്ക ശരിയായി മനസ്സിലാക്കികൊടുക്കുവാനുള്ള ഒരുപാധിയാണ' സംസാരം. പ്രകൃതിതന്നെ നിശ്ചയിച്ചിട്ടുള്ളതാണിതു്. എന്നാൽ ഉള്ളിൽ ഒന്നും, സംസാരം അതിന്നെതിരും ആകുമ്പോൾ അതു പ്രകൃതിവിരുദ്ധമായിത്തീരുന്നു. ദൈവം മനുഷ്യപ്രകൃതിയിൽ നിക്ഷേപിച്ചിട്ടുള്ള ഒരു വിശിഷ്ട ദാനത്തെ മുറിപ്പെടുത്തുകയും നശിപ്പിക്കയും ചെയ്യുന്നതു നിമിത്തവും ഇതു പ്രകൃതിവിരുദ്ധമായ ഒരു പാപമായിത്തീരുന്നു.

സത്യം, അഹിംസ, അക്രമരാഹിത്യം എന്നെല്ലാം പ്രസംഗവേദികളിൽനിന്നുകൊണ്ടു തട്ടിമൂളിക്കുന്ന നമ്മുടെ ഭാരതീയനേതാക്കന്മാരുടേയും അവരെ കണ്ണുംപൂട്ടി അനുകരിക്കുന്ന പൗരസഞ്ചയത്തിൻെറയും സത്യദീക്ഷയും മററും എത്രമാത്രമുണ്ടെന്നുള്ളതിനെപ്പററി ഇവിടെ പ്രസ്താവിക്കേണ്ട ആവശ്യമില്ല; അത്രമാത്രം അസത്യത്തിലേയ്ക്കും വഞ്ചനയിലേയ്ക്കും കാപട്യത്തിലേയ്ക്കും അവർ ആണ്ടുപോയിട്ടുണ്ടെന്നു് ചുരുക്കിപ്പറയുവാനേ നിവൃത്തിയുള്ളു. എന്നാൽ ക്രിസ്തുവിൻെറ അനുഗാമികളെന്നഭിമാനിക്കുന്ന ക്രിസ്ത്യാനികൾ സത്യപരിപാലനത്തിൽ അക്രൈസ്തവക്ക മാതൃകാദീപം കൊളുത്തുന്നുണ്ടോ എന്നു പരിശോധിച്ചുനോക്കുമ്പോൾ പ്രശംസാഹമല്ലാത്ത ഒരു ചിത്രമായിരിക്കും നാം ദശിക്കുക. വെള്ളംചേക്കാത്ത പാൽ, കലപ്പില്ലാത്ത വെണ്ണ, കൂട്ടുകൂട്ടാത്ത നെയ്യ്, ചതികൂടാതെ വിധിയനുസരിച്ച് പാകപ്പെടുത്തിയ ഔഷധങ്ങൾ ആദിയായ ശുദ്ധപദാത്ഥങ്ങൾ നമ്മുടെയിടയിൽ വിരളമല്ലേ? വിലയിലും, തരത്തിലും അളവിലും തൂക്കത്തിലും തട്ടിപ്പുകളും തട്ടിപ്പറികളും അത്ര കുറവാണോ? രേഖകളും ആധാരങ്ങളും കളവായി നിമ്മിക്കുക, കള്ളസാക്ഷിയും കള്ളസത്യവും പറയുക, അതിരുതിക്കുക, മററുള്ളവരെപ്പററി ദുഷ്പ്രവാദങ്ങൾ പറഞ്ഞുപരത്തുക, നാരദവേഷം കെട്ടുക, വാക്കു പാലിക്കാതിരിക്കുക, വാക്കു മാറുക— എന്നിങ്ങനെയുള്ള സത്യലംഘനങ്ങളിൽ ക്രിസ്ത്യാനികളിൽ ഇതരന്മാരെയും കവച്ചുവെയ്ക്കുന്നുണ്ടോ?

ഇന്നത്തെ സുവിശേഷത്തിൽ "നീ ആരാണ്" എന്നുള്ള ചോദ്യത്തിന് വി. യോഹന്നാൻ "ഞാൻ ക്രിസ്തുവല്ല" എന്നു മറുപടി നല്കി. ഒരു പക്ഷെ താൻ ക്രിസ്തുവാണെന്നു പറഞ്ഞാലും അദ്ദേഹത്തെ സ്വീകരിക്കാനും അനുകരിപ്പാനും വലിയൊരു ശിഷ്യസഞ്ചയം തീർച്ചയായും ഉണ്ടാകുമായിരുന്നു; സ്ഥലകാലസാഹചര്യങ്ങളും വ്യക്തിപരമായ തൻെറ അന്യാദൃശഗുണഗണങ്ങളും അതിന് അത്യന്തം അനുകൂലമായിരുന്നു. എന്നിട്ടും അദ്ദേഹം സത്യം മാത്രം പറഞ്ഞു. അതിനുശേഷം താൻ ഏലിയാസോ മറ്റെതെങ്കിലും പ്രവാചകനോ അല്ലെന്നും അദ്ദേഹം തുറന്നുപറയുന്നു. യഥാർത്ഥത്തിൽ ക്രിസ്തുനാഥൻതന്നെ "ഒരു പ്രവാചകനെക്കാൾ വലിയവൻ" എന്നു വി. യോഹന്നാനെക്കുറിച്ച് പറയുന്നുണ്ടെങ്കിലും, തെററിദ്ധാരണകൾ ഉണ്ടാകാതിരിപ്പാൻവേണ്ടി അദ്ദേഹം അതു സമ്മതിക്കുന്നില്ല. ഒടുവിൽ, ഏശയാ പ്രവചിച്ചിട്ടുള്ള "മരുഭൂമിയിൽ വിളിച്ചുപറയുന്ന സ്വര"മാണ് താനെന്നുള്ള സത്യാവസ്ഥ വെളിപ്പെടുത്തിക്കൊണ്ട് അഹംഭാവത്തിൻെറ കണികപോലുമില്ലാത്തവനായി പ്രത്യക്ഷപ്പെടുന്നു. നിങ്ങൾ ശിശുക്കളെ നോക്കുക: അവർക്കു സുഖമുള്ളപ്പോൾ ചിരിക്കയും കൈകാലുകൾ കുടഞ്ഞു കളിക്കയും ചെയ്യുന്നു; എന്തെങ്കിലും വേദനയോ അസുഖമൊ ഉണ്ടാകുമ്പോൾ അവർ കരയുന്നു. ഉള്ളിലെ വികാരങ്ങളുടെ ഒരു യഥാർത്ഥപ്രകടനമാണ് അവരുടെ ബാഹ്യചേഷ്ടകൾ. ഇപ്രകാരംതന്നെ യുവാവോ, വൃദ്ധനോ ആരായാലും നിഷ്കളങ്കശിശുക്കളെപ്പോലെ ദൈവദത്തമായ സത്യം അവരിൽ കുടികൊള്ളുന്നുണ്ടെങ്കിൽ അവരുടെ സംസാരം ഉള്ളിലെ വിചാരങ്ങളുടേയും വികാരങ്ങളുടേയും പ്രതിഫലനമായിരിക്കും. അവർ സത്യം മാത്രം സംസാരിക്കും, ഉപകാരമോ ഉപദ്രവമോ എന്തുതന്നെ വന്നാലും. വി. തോമസ് അക്വിനാസിനോടു ഒരു സ്നേഹിതൻ തട്ടിമൂളിച്ചു "ഇതാ നോക്കു, ഒരു കാള ആകാശത്തിൽ പറക്കുന്നു."

പരമാത്ഥിയായിരുന്ന അകചിനാസ് ആകാശത്തിലേയ്ക്കു നോക്കി പറക്കുന്ന കാളയെ കാണ്മാൻ! അപ്പോൾ ആ സ്നേഹിതൻ ഒരു കാളയ്ക്കു പറക്കുവാൻ സാദ്ധ്യമാണെന്നു് വിചാരിച്ച അകചിനാസിനെ പരിഹസിച്ചു. അതിനു് അദ്ദേഹം നല്കിയ മറുപടി ഇ പ്രകാരമായിരുന്നു: "ഒരു ക്രൈസ്തവനു നുണ പറയുവാൻ കഴിയുമെന്നതിനെക്കാൾ എളുപ്പമാണു് ഒരു കാളയ്ക്കു പറക്കുവാൻ കഴിയുമെന്നതെന്നാണു് ഞാൻ വിചാരിച്ചതു്."

കളവായും ന്യായരഹിതമായും മററുള്ളവരുടെമേൽ അപരാധങ്ങൾ ആരോപിക്കുന്നതും അയാൾക്കു ഉപദ്രവം വരുവാൻ മനഃപൂർവ്വം സത്യത്തെ നിഷേധിക്കുന്നതും ഗൗരവമേറിയ പാപങ്ങളാണ്. അന്യരുടെ കുററങ്ങളെ അതിവർണ്ണനം ചെയ്യുക, സൽപ്രവൃത്തികളെ ദുർവ്യാഖ്യാനിക്കുക, അപരനിലുള്ള നന്മകളെ നിഷേധിക്കുക, അവയെ ലഘൂകരിക്കുക മുതലായ പ്രവൃത്തികൾ സർവ്വഥാ പരിവർജ്ജ്യങ്ങളാണ്. ഊഹങ്ങളേയും സംശയങ്ങളേയും അടിസ്ഥാനമാക്കുവാനോ അതിവർണ്ണനം ചെയ്യാനോ പാടില്ല. എവിടെയെങ്കിലും ഒരെലിയുടെ വാലുകാണുമ്പോഴെക്കും, "ഇതാ പുലി വന്നേ!" എന്നു് പറഞ്ഞു പരത്തുന്നവർ ഇക്കൂട്ടത്തിൽ പെടുന്നു. ഇണങ്ങിക്കഴിയുന്ന രണ്ടു കക്ഷികളെ നുണകൾ പറഞ്ഞു പിടിപ്പിച്ചുകൊണ്ടു തമ്മിൽ പിണക്കുന്ന നാരദവേഷക്കാരും അസത്യത്തിൻെറയും കാപട്യത്തിൻെറയും മൂർത്തീകരണങ്ങളാണ്. പുത്തിഫാറിൻെറ ഭാര്യ യൗസേപ്പിൻെറമേൽ കളവായി കുററമാരോപിച്ചുകൊണ്ടു കാരാഗൃഹത്തിലാക്കിയില്ലേ? പ്രലോഭകരായ രണ്ടു വൃദ്ധന്മാരുടെ കളവായ കുററാരോപണംകൊണ്ടു് നിഷ്കളങ്കയായ സൂസന്ന കല്ലെറിഞ്ഞു വധിക്കപ്പെട്ടുമെന്ന നിലയിൽ എത്തിച്ചേർന്നില്ലേ? ഇങ്ങനെ കളവായി കുററാരോപണം ചെയ്യുന്നവർക്ക് പാപപ്പൊറുതി ലഭിക്കണമെങ്കിൽ തങ്ങൾ ഇതരന്മാർക്കു വരുത്തിക്കൂട്ടുന്ന അപമാനത്തിനു കഴിവുള്ളിടത്തോളം പരിഹാരം ചെയ്യാതെ ഗത്യന്തരമില്ലെന്നുള്ളതും പ്രത്യേകം ഓർക്കേണ്ടതാണ്.

മററുള്ളവരെ ആപത്തിൽനിന്നു രക്ഷിക്കുവാനോ അററക്കു ഒരു സേവനം എന്നുള്ള നിലയിലോ അസത്യം അനുവാദനീയമല്ല. ദൈവസ്നേഹത്തിലാണല്ലൊ പരസ്നേഹം അധിഷ്ഠിതമായിരിക്കുന്നതു്. തന്നിമിത്തം പരസ്നേഹത്തിനുവേണ്ടി ഒരുവൻ ദൈവസ്നേഹത്തെ അവഗണിക്കുന്നതു് നിരൎത്ഥകമായിരിക്കും. തന്നിമിത്തം സ്നേഹിതനുവേണ്ടി—അയാളെ അപകടത്തിൽനിന്നു രക്ഷിക്കുവാൻവേണ്ടി—കള്ളസാക്ഷി പറയുവാൻ പാടില്ല. സ്വാൎത്ഥലാഭത്തിനുവേണ്ടി നുണ പറയുവാൻ മക്കളെ മാതാപിതാക്കന്മാർ പരിശീലിപ്പിക്കരുതു്. വെറും തമാശയ്ക്കുവേണ്ടി നുണപറയുന്നതു് ഗൗരവമുള്ള കുററമാകയില്ലെന്നു വരികിലും, കളിയായിപ്പറയുന്ന വാക്കുകൾക്കുകൂടി വിധിദിവസത്തിൽ കണക്കുപറയേണ്ടിവരുമെന്നു ദിവ്യനാഥൻ അരുളിച്ചെയ്തിട്ടുണ്ടു്. സത്യംമാത്രം പറയുവാൻ എല്ലാവരും ശ്രമിക്കട്ടെ. അസൗകര്യങ്ങളും ഉപദ്രവങ്ങളും നേരിട്ടാലും സത്യത്തിൽനിന്നു വ്യതിചലിക്കാതിരിപ്പാൻ കുട്ടികളേയും പരിശീലിപ്പിക്കണം. "സ്വൎഗ്ഗത്തിലുള്ള നിങ്ങളുടെ പിതാവിനെപ്പോലെ നിങ്ങളും പരിപൂൎണ്ണരായിരിപ്പിൻ!" ഇതിനു സത്യദീക്ഷ കൂടിയേ കഴിയൂ; കാരണം, ദൈവം സത്യമാകുന്നു. അസത്യം കഥിക്കുന്നവർ പിശാചിനു തുല്യനാണു്; കാരണം, പിശാചു് നുണകളുടെ പിതാവാണു്. "കൎത്താവേ, അങ്ങേ കൂടാരത്തിൽ ആരു വസിക്കും? . . . . ഹൃദയത്തിൽ സത്യം സംസാരിക്കുന്നവനും നാവിൽ വഞ്ചനയില്ലാത്തവനും" (Ps. XIV), വി. പൌലോസിൻെറ ഒരു വാക്യവും നമ്മുടെ ചിന്തയ്ക്കു വിഷയമാകട്ടെ: "ആകയാൽ അസത്യം നിങ്ങളിൽനിന്നു നീക്കിക്കളയുകയും ഓരോരുത്തനും തൻെറ അയൽക്കാരനോടു് സത്യം സംസാരിക്കയും ചെയ്യുവിൻ. നാം പരസ്പരം അവയവങ്ങളാകുന്നുവല്ലൊ." Eph. IV—25.)

# അമ്മയും മകനും

അനന്തരം സംഭവിച്ചതായത്: ലോകംമുഴുവന്റേയും കാനേഷുമാരി കണക്കെടുക്കണം എന്നാജ്ഞാപിക്കുന്ന ഒരു വിളംബരം ആഗസ്റ്റസ് ചക്രവർത്തി പുറപ്പെടുവിച്ചു. സിരീനോസ് സിറിയായിലെ നാടുവാഴിയായിരിക്കുമ്പോൾ നടത്തിയ ഒന്നാമത്തെ കണക്കെടുക്കലായിരുന്നു ഇതു്. ഓരോരുത്തനും അവനവന്റെ സ്വന്തം നഗരത്തിൽപോയി പേരെഴുതിക്കേണ്ടിയിരുന്നു. യൌസേപ്പ്, ദാവീദിന്റെ ഗോത്രത്തിലും കുടുംബത്തിലും ഉള്ളവനായിരുന്നതിനാൽ ഗലീലായിലെ പട്ടണമായ നസറത്തിൽനിന്ന് യൂദായിൽ ബേത്‌ലഹം എന്നു് വിളിക്കപ്പെടുന്ന ദാവീദിന്റെ പട്ടണത്തിലേക്കു അയാൾ പേരെഴുതിക്കുവാൻ വന്നു. അവന്റെകൂടെ ഗർഭിണിയായിരുന്ന ഭാര്യ മറിയവും ഉണ്ടായിരുന്നു. അവർ അവിടെയായിരുന്നപ്പോൾ അവളുടെ പ്രസവസമയം ആസന്നമായി. അവൾ തന്റെ കടിഞ്ഞൂൽപുത്രനെ പ്രസവിച്ചു്, അവനെ പിള്ളക്കച്ചകൊണ്ടു ചുറ്റി ഒരു പുൽത്തൊട്ടിയിൽ കിടത്തി. എന്തുകൊണ്ടെന്നാൽ സത്രത്തിൽ അവക്ക് സ്ഥലമുണ്ടായിരുന്നില്ല. ആ സ്ഥലത്തുതന്നെ കുറെ ആട്ടിടയന്മാർ തങ്ങളുടെ ആട്ടിൻപററങ്ങളെ കാത്തുകൊണ്ട് നിദ്രാവിഹീനരായി വയലുകളിൽ രാത്രി കഴിച്ചുകൂട്ടുന്നുണ്ടായിരുന്നു. പെട്ടെന്ന് കർത്താവിന്റെ ഒരു ദൂതൻ വന്ന് അവരുടെ സമീപെ നിന്നു. കർത്താവിന്റെ മഹത്വം അവരുടെ ചുററും പ്രത്യക്ഷപ്പെട്ടു. അതിനാൽ അവർ ഭയവിഹ്വലരായിത്തീർന്നു. എന്നാൽ ദൂതൻ അവരോടു പറഞ്ഞു: ഭയപ്പെടേണ്ട. സകല ജാതികൾക്കും അത്യാനന്ദകരമായ ഒരു സദ്വാർത്ത ഇതാ ഞാൻ കൊണ്ടുവന്നിരിക്കുന്നു. ഇന്ന് ദാവീദിന്റെ പട്ടണത്തിൽ നിങ്ങൾക്ക് ഒരു രക്ഷകൻ—കർത്താവായ ക്രിസ്തുതന്നെ–ജനിച്ചിരിക്കുന്നു. അവനെ തിരിച്ചറിയുവാനുള്ള അടയാളം ഇതാണ്: പിള്ളക്കച്ചയിൽ പൊതിഞ്ഞു് പുൽത്തൊട്ടിയിൽ കിടക്കുന്നതായി ആ ശിശുവിനെ നിങ്ങൾ കാണും. തൽക്ഷ

ണം സ്വൎഗ്ഗീയസൈന്യത്തിന്റെ ഒരു ഗണം ആ ദൂതന്റെ സമീപത്തായി അവൎക്ക് കാണപ്പെട്ടു, ദൈവത്തെ സ്തുതിച്ചുകൊണ്ട് ഇങ്ങനെ പറഞ്ഞു: ഉന്നതസ്വൎഗ്ഗത്തിൽ ദൈവത്തിനു സ്തുതി. ഭൂമിയിൽ ദൈവത്തിന്റെ സ്നേഹിതന്മാരായുള്ള മനുഷ്യൎക്കു സമാധാനം.

(പിറവി 1-ാം കുബ്ബാന സുവിശേഷം: ലൂക്ക. 11, 1—14)

സുപ്രസിദ്ധചിന്തകനായിരുന്ന എമെഴ്സൻ സ്വാനുഭവങ്ങളിൽനിന്നു് താഴെ പറന്ന സംഭവം രേഖപ്പെടുത്തിയിട്ടുണ്ട്. ഇംഗ്ലണ്ടിലെ നാട്ടിൻപുറത്തുകൂടി ഒരു തീവണ്ടി ഓടിക്കൊണ്ടിരിക്കുന്നു. കാലമാണെങ്കിൽ മഞ്ഞുകാലം. ഭൂതലവും വൃക്ഷലതാദികളുമെല്ലാം ഹിമാവൃതമായിരിക്കുന്നു. സമയമാണെങ്കിൽ ഇരുട്ടായി. വണ്ടിയിൽ ആരുംതന്നെ സംസാരിച്ചിരുന്നില്ല. എല്ലാവരും ചുററുമുള്ള പ്രകൃതിയെപ്പോലെതന്നെ മ്ലാനവദനരായി പ്രത്യക്ഷപ്പെട്ടു. അക്ഷമരായിരുന്ന അവരിൽ നിരാശയുടെ നിഴൽ പ്പാട്ടുകളും. അങ്ങനെ വണ്ടി ഒരു ചെറിയ സ്റ്റേഷനിൽ എത്തിയപ്പോഠ അവിടെനിന്നു് ഒരു സ്ത്രീയും അവളുടെ ഓമനപുത്രനും വണ്ടിയിൽ കയറി. ആ സ്ത്രീരത്നം പുഞ്ചിരിതൂകിക്കൊണ്ടു് സംസാരിക്കുവാനും ബാലൻ ചിരിച്ചുകൊണ്ടു് ഓടിക്കളിക്കുവാനും തുടങ്ങി. നൈൎമ്മല്യവും നിഷ്കളങ്കതയും ഉന്മേഷവും ഉടലെടുത്തതുപോലെ അവർ കാണപ്പെട്ടു. ക്രമേണ യാത്രക്കാരുടെ മ്ലാനത അപ്രത്യക്ഷമായി. അവർ പുഞ്ചിരിതൂകി പരസ്പരം സംസാരിച്ചു തുടങ്ങി. ഉന്മേഷവും ഉത്സാഹവും അവരിൽ ആനന്ദനൃത്തംവെച്ചു. ആഹ്ലാദത്തോടെ അവർ യാത്ര തുടൎന്നു....അതേ, മനുഷ്യവൎഗ്ഗത്തിന്റെ നീണ്ട ചരിത്രം ഒരു തീവണ്ടിയാത്രപോലെയാണു്. മാനവരാശി നിരാശയിലും മ്ലാനതയിലും അന്ധകാരത്തിലും ആമഗ്നമായി വളരെ നൂററാണ്ടുകഠ യാത്രചെയ്തു. അങ്ങിനെയിരിക്കെ, സമയത്തിന്റെ പൂൎണ്ണതയിൽ ഒരു അമ്മയും മകനും അവരുടെയിടയിൽ പ്രത്യക്ഷപ്പെട്ടു. അവരുടെ ആഗമനം മനുഷ്യൎക്കു്

പ്രത്യാശയും ആഹ്ലാദവും ഉന്മേഷവും നല്കി. ആനന്ദത്തോടെ അവർ ആ അമ്മയേയും മകനേയും സ്വീകരിക്കുകയും വണങ്ങുകയും വാഴ്ത്തുകയും ചെയ്തു—പരി. മറിയത്തേയും ഓമനക്കുമാരനായ ഈശോയേയും. ഇവർ മനുഷ്യവർഗ്ഗത്തിന് രക്ഷയെ പ്രദാനം ചെയ്തുയും ചെയ്തു.

പരി. കന്യക ദൈവത്തിൻെറ അമ്മയാണെന്നുള്ള തത്വം ഏററവും ന്യായയുക്തമാണെന്ന് അല്പം ആലോചിച്ചാൽ മനസ്സിലാക്കാവുന്നതാണ്. ക്രിസ്തുവിൽ രണ്ടു സ്വഭാവമുണ്ട്—ദൈവസ്വഭാവവും മനുഷ്യസ്വഭാവവും; എന്നാൽ ആാം ഒന്നുമാത്രം—അതായത്, ത്രിത്വത്തിൻെറ രണ്ടാമാളായ പുത്രൻതമ്പുരാൻ. ആളുടെ അമ്മ എന്നല്ലാതെ അയാളുടെ, ഓരോരോ ഭാഗങ്ങളുടെ അമ്മ എന്നു പറയുവാൻ സാമാന്യബുദ്ധിപോലും നമ്മെ അനുവദിക്കുന്നില്ല. കാലിൻെറ അമ്മ, ശിരസ്സിൻെറ അമ്മ എന്നൊന്നും നാം പറയാറില്ലല്ലോ; പ്രത്യുത ഇന്ന ആളുടെ അമ്മ എന്നാണ് നാം പറയാറുള്ളത്. ഇതുപോലെതന്നെ മനുഷ്യസ്വഭാവത്തിൻെറ മാത്രം അമ്മ എന്നു നമുക്ക് പറയുവാൻ പാടില്ല; കാരണം, ആാം ദൈവീക ആളായ പുത്രൻതമ്പുരാനാണ്. ആ ആളിലാണ് മനുഷ്യസ്വഭാവം ഒട്ടിച്ചേർന്ന് വേർതിരിയാത്തവിധത്തിൽ സംയോജിച്ചു(hypostatic union) നില്ക്കുന്നത്. അതുകൊണ്ട് പരിശുദ്ധമറിയം ദൈവിക ആളായ പുത്രൻതമ്പുരാൻെറ അമ്മയാണ്—ദൈവമാതാവാണ്. നെസ്തോറിയസ് തുടങ്ങിയുള്ള പാഷാണ്ഡമതക്കാർ പരി. കന്യകയെ ദൈവത്തിൻെറ അമ്മയെന്നു വിളിക്കുവാൻ പാടില്ലെന്നു ശഠിക്കുന്നതിൻെറ ന്യായരാഹിത്യം സാമാന്യബുദ്ധിക്കുപോലും ഗ്രഹിക്കാവുന്നതാണ്.

"എൻെറ കർത്താവിൻെറ അമ്മ എൻെറ അടുക്കൽ വരുവാനുള്ള ഈ ഭാഗ്യം എനിക്ക് എവിടെനിന്ന്" എന്നുള്ള ഏലീശ്വായുടെ ഹർഷോന്മത്തമായ കീർത്തനം തുടങ്ങി ഇന്നോളവും ദൈവ

ത്തിൻെറ അമ്മയായ പരി. കന്യകയുടെ സ്തുതിഗാനങ്ങൾ ദിഗന്തങ്ങളിൽ മുഴങ്ങിക്കൊണ്ടിരുന്നിട്ടുണ്ട്. "ദൈവമാതാവെന്ന നിലയിൽ പരി. കന്യകയ്ക്കുള്ള സ്ഥാനമാഹാത്മ്യം അനന്തമാണ്" എന്ന് വി. തോമസ് അക്വിനാസ് അഭിപ്രായപ്പെടുന്നു. ഇതെത്ര വാസ്തവം! മറിയത്തിൻെറ സ്ഥാനം സ്വപുത്രൻേറതിനോടു അനുയോജ്യമായിരിക്കണം. അങ്ങയുടെ പുത്രൻ ദൈവമാണ് "സകല സൃഷ്ടികളും മൗനം ദീക്ഷിക്കയും വിറയ്ക്കുകയും ചെയ്യട്ടെ. ഇത്ര മഹനീയമായ പദവിയുടെ ഔന്നത്യത്തെ ദർശിക്കുന്നതിനു യാതൊരു സൃഷ്ടിയും തുനിയാതിരിക്കട്ടെ: പദാൎത്ഥതാദാത്മ്യം (identity of substance) ഉള്ള കന്യകയിൽ ദൈവം വസിക്കുന്നു." എന്നു വേദപാരംഗതനായ വി. പീററർ ഡാമിയൻ പറയുന്നു. മറിയവും ഈശോയും തമ്മിൽ ഏററം ഗാഢമായ രക്തസംബന്ധമുണ്ട്. ഒരു മാതാവിന് സുതനോടുള്ള ബന്ധംതന്നെയാണിത്. തന്മൂലം ഒരു ദൈവദൂതപ്രധാനനെക്കാൾ ഉയൎന്ന സ്ഥാനമാണ് മറിയം സമലങ്കരിക്കുന്നത്. ജീവനുള്ള ദൈവത്തിൻെറ പുത്രൻ മറിയത്തെ "അമ്മ" എന്ന മധുരനാമത്താൽ അനേകം പ്രാവശ്യം അഭിസംബോധനം ചെയ്തിട്ടുണ്ട്. നിത്യപിതാവിന് തൻെറ അനന്ത ബുദ്ധിവൈഭവംകൊണ്ടുപോലും ദൈവമാതൃപദത്തെക്കാൾ ഉന്നതമായ ഒരു സ്ഥാനം സൃഷ്ടിക്കുവാനോ, മറിയത്തെക്കാൾ ഉൽകൃഷ്ടമായ ഒരു സൃഷ്ടിയെ നിൎമ്മിക്കുവാനോ സാദ്ധ്യമല്ല എന്നാണ് വി. ബൊനവെന്തൂര ഉൽഘോഷിക്കുന്നത്. ജഗന്നിയന്താവിൻെറ സൎവ്വശക്തിയാണു തൻെറ മഹിമയുടെ മാനദണ്ഡമെന്ന് ഈ പരി: കന്യകതന്നെ പ്രഘോഷിക്കുന്നു: "ശക്തനായുള്ളവൻ എന്നിൽ വലിയകാൎയ്യങ്ങൾ ചെയ്തു.....ദൈവം തൻെറ ഭുജത്തിൻെറ ശക്തി കാണിച്ചു." (ലൂക്ക 1-49, 51)

ദൈവമാതൃത്വം യഥാൎത്ഥത്തിൽ സൂചിപ്പിക്കുന്നതെന്താണ്? സ്രഷ്ടാവിനെ ഗൎഭം ധരിക്കുന്നുവെന്നും, പരിമിതമായതു അനന്തമാ

യതിനെ വഹിക്കുന്നുവെന്നും, ഒരു ചെറുനക്ഷത്രം സൂര്യഗോളത്തെ ഉല്പാദിപ്പിക്കുന്നുവെന്നും ഒരു ചെറിയ പാത്രം സമുദ്രത്തെ അടക്കിക്കൊള്ളുന്നുവെന്നുമല്ലയോ? സുപ്രസിദ്ധവാഗ്മിയായ ബോസ്വേ ഇംഗ്ലണ്ടിലെ ഹെൻറീത്താ രാജ്ഞിയെക്കുറിച്ചു പ്രസംഗിച്ചപ്പോൾ അവൾ രാജപുത്രിയും രാജപത്നിയും രാജജനനിയുമാണെന്നു പ്രസ്താവിക്കയുണ്ടായി. ഈ ചുരുങ്ങിയ വാക്കുകളിൽ സകല സ്തുതികളും അടങ്ങിയിട്ടുണ്ടെന്ന് അദ്ദേഹം വിചാരിച്ചു. എന്നാൽ പരി. മറിയത്തെ സ്തുതിക്കുവാൻ ഈ വാക്കുകൾ തന്നെയും പര്യാപ്തമാകുന്നില്ല. കാരണം മറിയം കേവലം ഒരു രാജാവിന്റെയല്ല, രാജാധിരാജനായ ദൈവത്തിന്റെ പുത്രിയും പത്നിയും ജനനിയുമാണ്. ആ സ്ത്രീരത്നം നിത്യപിതാവിന്റെ പുത്രിയാണ്; നിത്യസുതന്റെ മാതാവാണ്; പരിശുദ്ധാരൂപിയുടെ മണവാട്ടിയുമാണ്. മറിയത്തിന്റെ ഇതരപരിപൂർണ്ണതകളെല്ലാം—അമലോത്ഭവം, നിത്യകന്യാത്വം, പ്രസാദവരസമൃദ്ധി, സ്വർഗ്ഗാരോപണം എന്നിവയെല്ലാം അധിഷ്ഠിതമായിരിക്കുന്നതു് ദൈവമാതൃത്വത്തിലാണെന്നുള്ളതു് നാം പ്രത്യേകം സ്മരിക്കണം. ദൈവം സ്വയം തിരഞ്ഞെടുത്തിരിക്കുന്ന സ്വന്തം മാതാവിൽ ഈ പരിപൂർണ്ണതകളെല്ലാം പ്രത്യക്ഷപ്പെടേണ്ടതു് കേവലം ന്യായംമാത്രമാണല്ലോ.

എന്നാൽ ദൈവത്തിന്റെ അമ്മ നമ്മുടേയും അമ്മയാണെന്നു നാം മറക്കരുതു്. ക്രിസ്തുവിന്റെ അമ്മയാണ് മറിയം എന്നു നാം പറയുമ്പോൾ വെറും വ്യക്തിയായ ക്രിസ്തുവിന്റെ മാത്രമല്ല പ്രത്യുത, ക്രിസ്തുവിന്റെ മൗതികശരീരത്തിന്റെയും അമ്മയാണ് അവിടുന്ന് എന്നുള്ള യാഥാർത്ഥ്യം നാം മനസ്സിലാക്കണം. ക്രിസ്തു ശിരസ്സും നാം അവയവങ്ങളുമാണെന്നുള്ള വി. പൗലോസിന്റെ സിദ്ധാന്തം സുപ്രസിദ്ധമാണല്ലോ. അങ്ങനെയെങ്കിൽ സ്വാഭാവിക നിയമമനുസരിച്ച് ശിരസ്സിന്റെ അമ്മ അവയവങ്ങളുടേയും അമ്മയായിരിക്കണം. മനുഷ്യാവതാരത്തിന് സമ്മതിച്ച

പ്പോഠം പരി. കന്യക നമ്മെയെല്ലാവരേയും തൻെറ ഉദരത്തിൽ ക്രിസ്തുവിനോടൊപ്പം ഗർഭം ധരിച്ചു; കാൽവരിയിലെ യാതനകളിൽ അവിടുന്നു നമ്മെ നിത്യജീവനിലേക്കു പ്രസവിക്കുകയും ചെയ്തു. അവയവങ്ങളില്ലാതെ ശിരസ്സുമാത്രം ജനിക്കുകയെന്നുള്ളതു് ബീഭത്സമായിരിക്കുമല്ലോ. കൂടാതെ, ക്രിസ്തു നമ്മുടെ ജ്യേഷ്ഠസഹോദരനാണെന്നുള്ളതു് വാസ്തവമെങ്കിൽ ക്രിസ്തുവിൻെറ അമ്മ നമ്മുടെയും അമ്മയായിരിക്കേണ്ടയോ? ക്രിസ്തുവിൻെറ മൌതികശരീരത്തിൻെറ അമ്മയെന്നു പറയുമ്പോഠം ആ മാതൃത്വം വെറും സങ്കല്പമാത്രമാണെന്നോ, അത്രതന്നെ യഥാൎത്ഥമല്ലെന്നോ, ആരും തെററിദ്ധരിക്കരുതു്. ശാരീരിക(physical) മാതൃത്വത്തെപ്പോലെതന്നെയോ, അതിൽ കൂടുതലോ, യാഥാൎത്ഥ്യമുള്ളതാണു് മൌതിക (mystical) മാതൃത്വം എന്നുള്ളതു് നാം പ്രത്യേകം സ്മരിക്കയും തജ്ജന്യമായ വാത്സല്യ വിശ്വാസങ്ങഠം പരി. കന്യകയിൽ നാം അൎപ്പിക്കയും ചെയ്യേണ്ടതാണു്. "ദൈവത്തിൻെറ അമ്മ എൻെറയും അമ്മയാണു്" എന്നുള്ള വി. സ്തനിസ്ലാവോസിൻെറ മുദ്രാവാക്യത്തിൽ സഞ്ചിതമായിരിക്കുന്ന അൎത്ഥത്തെ സ്വകൃത്യപരമ്പരകളിലേക്കു പകൎത്തുവാൻ നാം ബദ്ധശ്രദ്ധരായിരിക്കണം.

---

# കൂട്ടുകാർ ആരാണു്?

അവിടുത്തേക്കു പന്ത്രണ്ടു വയസ്സുണ്ടായിരുന്നപ്പോഠം, തിരുനാഠം ദിവസത്തെ പതിവനുസരിച്ചു് അവർ ഓർശ്ലേത്തുപോയി. തിരുനാഠം ദിവസങ്ങഠം കഴിഞ്ഞപ്പോഠം അവർ വീട്ടിലേക്കു പുറപ്പെട്ടു. എന്നാൽ ബാലനായ ഈശോ ഓർശ്ലേത്തുതന്നെ നിന്നു. ഇതു അവിടു

ത്തെ മാതാപിതാക്കന്മാർ അറിഞ്ഞതുമില്ല. അവിടുന്ന് സഹയാത്രക്കാരോടുകൂടി ഉണ്ടായിരിക്കുമെന്നു വിചാരിച്ചുകൊണ്ട് അവർ ഒരു ദിവസത്തെ വഴിപോന്നു. അപ്പോഴാണ് പരിചിതരുടേയും ചാർച്ചക്കാരുടേയും ഇടയിൽ അവിടുത്തെ അന്വേഷിച്ചതു്. അവിടുത്തെ കാണാഞ്ഞതിനാൽ അവർ അന്വേഷിച്ചു ഓർശ്ലേത്തേക്കു തിരിച്ചു പോയി. മൂന്നുദിവസം കഴിഞ്ഞു മാത്രമാണ് അവിടുത്തെ കണ്ടെത്തിയതു്. അവിടുന്നു, ദൈവാലയത്തിൽ ഉപദേഷ്ടാക്കളുടെ മദ്ധ്യേ അവരെ ശ്രവിച്ചുകൊണ്ടും അവരോടു ചോദ്യങ്ങൾ ചോദിച്ചുകൊണ്ടും ഇരുന്നു. അവിടുത്തെ ശ്രവിച്ചവരെല്ലാവരും അവിടുത്തെ ബുദ്ധിസാമർത്ഥ്യത്തെയും, അവിടുന്നു നല്കിയ പ്രത്യുത്തരങ്ങളേയും പററി അത്ഭുതപരതന്ത്രരായിത്തീർന്നു. അവിടുത്തെ അവിടെ കണ്ടപ്പോൾ അവർ വിസ്മയിച്ചുപോയി. ഉടനെ അവിടുത്തെ മാതാവ് ചോദിച്ചു: എന്റെ മകനെ! നീ എന്തുകൊണ്ടാണ് ഇപ്രകാരം ഞങ്ങളോടു പ്രവർത്തിച്ചതു്? നിന്റെ പിതാവും ഞാനും നിന്നെ അന്വേഷിച്ച് എത്ര ഹൃദയവേദന അനുഭവിച്ചുവെന്നു ചിന്തിക്കുക. അപ്പോൾ അവിടുന്ന് അവരോടു ചോദിച്ചു: നിങ്ങൾ എന്നെ അന്വേഷിക്കുവാൻ എന്താണ് കാരണം? ഞാൻ എന്റെ പിതാവിന്റെ സ്ഥലത്തായിരിക്കണം എന്നു നിങ്ങൾക്കറിഞ്ഞുകൂടേ! അവിടുന്ന് പറഞ്ഞ വാക്കുകൾ അവർക്കു ദുർഗ്രഹമായിരുന്നു. എങ്കിലും അവിടുന്ന് അവരോടുകൂടെ പുറപ്പെട്ടു നസ്രത്തിലേക്കു പോയി, അവർക്കു വിധേയനായി അവിടെ പാർത്തു. എന്നാൽ അവിടുത്തെ മാതാവ് തന്റെ ഹൃദയത്തിൽ ഇവയെല്ലാം സ്മരിച്ചിരുന്നു. ഈശോ പ്രായത്തിൽ എന്നപോലെ വിജ്ഞാനത്തിലും, ദൈവത്തിന്റേയും മനുഷ്യരുടേയും അടുക്കൽ നന്മയിലും വളർന്നു.

(ദനഹാ 1-ാം ഞായർ; സുവിശേഷം: ലൂക്കാ 11, 42—52)

എത്രതന്നെ ആവർത്തിച്ചാലും തിളക്കം പോകാത്തതും ഹൃദയമലിയിപ്പിക്കുന്നതുമായ ഒരു ദാരുണകഥയുണ്ട്. പണ്ട് ഒരു സുപ്രസിദ്ധ ചിത്രകാരൻ "ഒടുക്കത്തെ അത്താഴ"ത്തിന്റെ ഒരു ചിത്രം വരയ്ക്കുവാൻ ആരംഭിച്ചു. അതിൽ ക്രിസ്തുവിനെ ചിത്രീക

രിക്കുവാനായി ഒരു നല്ല മാതൃകയെ അയാൾ അന്വേഷിച്ചുതുടങ്ങി. ഏതെങ്കിലും ഒരു ചരിത്രപുരുഷനെ ചിത്രീകരിക്കുവാനായി അയാളോടു ഏററവുമധികം സാമ്യവും സാധർമ്മ്യവും വഹിക്കുന്ന ഒരു സജീവമനുഷ്യനെ ആരാഞ്ഞുപിടിച്ച് അയാളെ മുമ്പിലിരുത്തിക്കൊണ്ടാണ് ചിത്രകാരൻ സ്വകൃത്യം ആരംഭിക്കുക പതിവായിരുന്നതു്. അങ്ങനെ നിഷ്കളങ്കതയും ജീവിതപരിശുദ്ധിയും മൂർത്തിമത്തായ സുഭഗനായ ഒരു യുവാവിനെ അയാൾ തിരഞ്ഞുപിടിച്ചു ക്രിസ്തുവിൻെറ ചിത്രീകരണം സാധിക്കയും ചെയ്തു. എന്നാൽ "അത്താഴ"ത്തിൻെറ ചിത്രം മുഴവനും പൂർത്തിയാക്കുവാൻ പല വർഷങ്ങൾ വേണ്ടിവന്നു. ഒടുവിൽ യൂദാസിനെ ചിത്രീകരിക്കുവാനായി ഒരു സജീവമാതൃകയെ അയാൾ അന്വേഷിച്ചുതുടങ്ങി. അക്രമപ്രസക്തിയും കൗടില്യവും ഉടലെടുത്ത ദുർമ്മാർഗ്ഗിയായിരുന്ന ഒരു മദ്ധ്യവയസ്കനെ അയാൾ ആരാഞ്ഞുപിടിച്ചു. അയാളെ ഇരുത്തിക്കൊണ്ട് യൂദാസിൻെറ ചിത്രീകരണവും സാധിച്ചു. ആ "യൂദാസ്'" എഴുന്നേററു യാത്രപറഞ്ഞപ്പോൾ ചിത്രകാരനോടു ഇപ്രകാരം ചോദിച്ചു: "നിങ്ങൾ എന്നെ അറിയുകയില്ലേ?" "ഇല്ലല്ലൊ" ചിത്രകാരൻ അല്പം അത്ഭുതത്തോടെ മറുപടി നല്കി. "കുറെ കൊല്ലങ്ങൾക്കുമുമ്പു് ക്രിസ്തുവിൻെറ ചിത്രംവരയ്ക്കുവാൻ വേണ്ടി ഒരാളെ പിടിച്ചിരുത്തിയതായി നിങ്ങൾ ഓർക്കുന്നുണ്ടോ?" "ഉവ്വ്." "ആ ആളാണ് ഞാൻ." അത്ഭുതസ്തിമിതനായ ചിത്രകാരൻ അല്പനേരം നിശ്ചലനായിനിന്നുപോയി. ഒടുവിൽ അയാൾ ചോദിച്ചു: "സഹോദരാ, ഇത്രവലിയ അധഃപതനം നിങ്ങളിൽ എങ്ങിനെ സംഭവിച്ചു?" "ഞാൻ ദുഷ്ടസംസർഗ്ഗത്തിൽപ്പെട്ടതുകൊണ്ടാണ് ഇങ്ങനെ അധഃപതിച്ചുപോയതു്" ഇത്രയും പറഞ്ഞുകൊണ്ട് അയാൾ ധ്രുതഗതിയിൽ നടന്നുമറഞ്ഞു.........ദുഷ്ടന്മാരുമായുള്ള കൂട്ടുകെട്ട് ഒരുവനിലുള്ള ക്രിസ്തുവിൻെറ ഛായയെ ഒരു യൂദാസിൻെറ ഛായയായി മാററുവാൻപോലും ഇടവരുത്തുന്ന

ഒരു ദുഷിച്ച സാഹചര്യമാണെന്നു് കാരണവന്മാർ മനസ്സിലാക്കുന്നതു് നന്നായിരിക്കും.

“നീ നിന്റെ കൂട്ടുകാർ ആരെന്നു് പറഞ്ഞാൽ നീ എന്തു് സ്വഭാവക്കാരനാണെന്നു ഞാൻ പറയാം” എന്നു് ഒരു മഹാൻ പ്രസ്താവിച്ചിരിക്കുന്നതു് ഏററവും അർത്ഥവത്താണു്. ഒരുത്തനും ഒരു കൊലപാതകിയോ വ്യഭിചാരിയോ ആയി ജനിക്കുന്നില്ല. പലപ്പോഴും ദുഷിച്ച സാഹചര്യങ്ങളും വഷളായ മാതൃകകളുമാണു് അത്തരം നാശത്തിനു് വഴിതെളിക്കുന്നതു്. സൽസ്വഭാവികളും നിർമ്മലാത്മാക്കളുമായ എത്രയോ ബാലികാബാലന്മാരാണു് അവരുടെ വിദ്യാഭ്യാസകാലത്തു് ദുർവൃത്തരും ദുസ്സ്വഭാവികളുമായിത്തീരുന്നതു്. മത്സരബുദ്ധിയും അനുസരണമില്ലായ്മയും സുഖലോലുപത്വവും ആഡംബരഭ്രമവും മദ്യപാനാസക്തിയും ജഡികാഭിലാഷങ്ങളും എത്രവേഗം അവരിൽ രൂഢമൂലമാകുന്നു. വിദ്യാഭ്യാസാർത്ഥം വിദേശത്തുപോയി വസിക്കുന്ന ബാലൻ ഒരു കൊല്ലംകഴിഞ്ഞു് മടങ്ങിവരുന്നതു് വളരെ വ്യത്യാസപ്പെട്ടവനായിട്ടാണു്. ആദ്യകാലങ്ങളിൽ അവന്റെ ചിന്താഗതിയിലും ജീവിതരീതിയിലും പ്രത്യക്ഷമാകുന്ന വ്യതിയാനങ്ങൾ വിദ്യാഭ്യാസത്തിന്റെ അനിവാര്യഫലങ്ങളാണെന്നു മാതാപിതാക്കന്മാർ സമാശ്വസിക്കുമെങ്കിലും അവന്റെ വിദ്യാഭ്യാസം പൂർത്തിയാകുമ്പോഴെക്കും അവർക്കു ബോദ്ധ്യമാകും അസാന്മാർഗ്ഗികമായ ഒരന്തരീക്ഷത്തിലെ വിഷവായുശ്വസനം വഴി അവന്റെ സന്മാർഗ്ഗജീവിതത്തിനും വിശ്വാസസൗധത്തിനും സാരമായ കേടുപാടുകൾ പററിയിട്ടുണ്ടെന്നു്. ഇതുകൊണ്ടാണു് കത്തോലിക്കാസഭ മക്കളുടെ വിദ്യാഭ്യാസകാര്യങ്ങളിൽ മാതാപിതാക്കന്മാർക്കു് പ്രത്യേകനിഷ്കർഷ വേണമെന്നുൽബോധിപ്പിക്കുന്നതു്. അവരുടെ മതവിശ്വാസത്തിനും സന്മാർഗ്ഗനിഷ്ഠയ്ക്കും ഭംഗംവരുന്നതിനു് ഇടവരുത്തിയേക്കാവുന്ന സാഹചര്യങ്ങളിൽ അവർ വിദ്യാഭ്യാസംചെയ്യുന്നതിനു് അനുവദിക്കരുതെന്നു അനുശാ

സിക്കുന്നതും ഇതുകൊണ്ടുതന്നെയാണ്. സഭയുടെ നിയമാവലിയിലെ 1374-ാം കാനനിൽ ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു: "കത്തോലിക്കാകുട്ടികൾ കത്തോലിക്കേതരമോ നിഷ്പക്ഷമോ മിശ്രമോ ആയ വിദ്യാലയങ്ങളിൽ സാധാരണയായി പോകാതിരിക്കട്ടെ: പരി. സിംഹാസനത്തിൽനിന്നുള്ള നിർദ്ദേശങ്ങൾ അനുസരിച്ച് ഏതെല്ലാം സാഹചര്യങ്ങളിൽ, തെററിപോകാതിരിക്കുന്നതിനുള്ള ഏതെല്ലാം വ്യവസ്ഥകളിൽ, പോകാമെന്നു തീരുമാനിക്കേണ്ടതു രൂപതാദ്ധ്യക്ഷനാണ്." കത്തോലിക്കാവിദ്യാലയങ്ങളുടെ അസ്തിത്വം അഭംഗമായി പാലിക്കപ്പെടുവാനും അവയിൽ യഥാർത്ഥമായ കത്തോലിക്കാന്തരീക്ഷം സംജാതമാകുവാനും അവയെ ഗളഹസ്തം ചെയ്യാനോ വീർപ്പുമുട്ടിക്കുവാനോ മുതിരുന്ന ഏതൊരു ശക്തിയേയും എതിരിടുവാനും ഏതദ്വിഷയത്തിൽ രൂപതാദ്ധ്യക്ഷന്മാരുടെ നിർദ്ദേശങ്ങൾ അക്ഷരംപ്രതി അനുവർത്തിക്കുവാനുമുള്ള സർവ്വോപരിയായ ചുമതല മാതാപിതാക്കന്മാരിൽ നിക്ഷിപ്തമായിട്ടുണ്ടെന്നു ഇതിൽനിന്നു സ്പഷ്ടമാണല്ലൊ. ഈ കടമയുടെ നിർവ്വഹണത്തെപ്പററി ഓരോരുത്തനും ഹൃദയത്തിന്മേൽ കൈവെച്ചുകൊണ്ടു് ഇത്തരുണത്തിൽ ഒരു ആത്മസംശോധനം നടത്തട്ടെ. ദിവ്യബാലനെ കാണാതായപ്പോൾ എന്തുമാത്രം ഉൽക്കണ്ഠയോടും ദുഃഖത്തോടും കൂടിയാണ് അങ്ങേ മാതാപിതാക്കന്മാർ അങ്ങയെ അന്വേഷിച്ചതെന്നു ഇന്നത്തെ സുവിശേഷം രേഖപ്പെടുത്തിയിരിക്കുന്നു. വെന്തുനീറുന്ന ഹൃദയത്തോടെ മൂന്നു ദിവസം മുഴുവനും ഊണും ഉറക്കവുമില്ലാതെ അവർ അങ്ങയെ അന്വേഷിച്ചു. സ്വന്തം മക്കളുടെ കാര്യത്തിലും ഇപ്രകാരം ഉൽക്കണ്ഠാഭരിതമായ അന്വേഷണം മാതാപിതാക്കന്മാർക്കു സദാ ഉണ്ടായിരിക്കണം. "എന്റെ മകൻ സൽസ്വഭാവിയും നല്ല ഇരുത്തമുള്ളവനുമാണ്. അവന് എവിടെയായാലും ആരുടെകൂടെ നടന്നാലും ഒരു ദൂഷ്യവും വരാനില്ല" എന്നിങ്ങനെ വിഢ്ഢികളുടെ പറുദീസയിൽ സുഖ

നിദ്രയിലാളുന്ന മാതാപിതാക്കന്മാർ പിന്നീട് പശ്ചാത്തപിക്കേണ്ടിവരുമെന്നുള്ളതിന് അനുഭവം സാക്ഷിയാണ്. അലിപ്പിയസിന്റെ ചരിത്രത്തിൽ വി. ആഗസ്തീനോസ് രേഖപ്പെത്തിയിരിക്കുന്ന ഒരു സംഭവം ഇതിന് ഉത്തമോദാഹരണമാണ്. റോമൻ മല്ലരംഗത്തിലെ ക്രൂരവിനോദങ്ങൾ കാണ്മവാൻ അലീപ്പിയസ് ഇഷ്ടപ്പെട്ടില്ല. എന്നാൽ സ്നേഹിതന്മാരുടെനിർബ്ബന്ധം മൂലം ഒടുവിൽ അയാൾ അതിന് വഴിപ്പെട്ടു. എങ്കിലും മല്ലരംഗത്തിൽ ചെന്നിരുന്നപ്പോഴും അയാൾ ആ പാപകരങ്ങളായ കാഴ്ചകൾ കാണാതിരിക്കുവാൻ കണ്ണുകൾ അടച്ചുപിടിച്ചു. ഹർഷാരവങ്ങളും ആപ്പുവിളികളും മുഴങ്ങിയപ്പോൾ അലീപ്പിയസ് കണ്ണുതുറന്നു നോക്കി. തൽക്ഷണം ആ മല്ലൻ (Gladiator) തന്റെ ദേഹത്തിലേററ മുറിവിനെക്കാൾ ഭയങ്കരമായ ഒരു ക്ഷതമാണ് അലീപ്പിയസ് സ്വന്തം ആത്മാവിൽ ഏററത്. അയാൾ എല്ലാവരോടുമൊപ്പം ഉച്ചത്തിൽ ഹർഷാരവം മുഴക്കുകയും ആവേശംകൊള്ളുകയും ചെയ്തു. മല്ലരംഗത്തിലെ ഒരു നിത്യസന്ദർശകനായിത്തീർന്ന അയാൾ മററുള്ളവരേയുംകൂടി ആ രക്തപങ്കിലവിനോദങ്ങൾ ദർശിക്കുവാൻ ക്ഷണിച്ചുകൊണ്ടുപോകയും ചെയ്തിരുന്നുവത്രെ.

ദുഷ്ടസംസർഗ്ഗത്തിൽനിന്നു സ്വസന്താനങ്ങളെ സംരക്ഷിക്കുവാൻ മാതാപിതാക്കന്മാർ എത്രതന്നെ ഉൽക്കണ്ഠപ്രദർശിപ്പിച്ചാലും ഒരിക്കലും അധികമായിപോകയില്ല. ബാലമനസ്സു വെള്ളക്കടലാസ്സുപോലെയോ മെഴുകുപോലെയോ ആണ്. അതിൽ എന്തും എഴുതാം; ഏതുരൂപവും അതിനുനല്കാം. തന്നിമിത്തം ബാലികാ ബാലന്മാർ ദുർമ്മാർഗ്ഗചാരികളുടെ സ്നേഹവലയത്തിൽ പെട്ടുപോകാതിരിപ്പാൻ പ്രത്യേകം ശ്രദ്ധിക്കണം. ബാലഹൃദയം എളുപ്പത്തിൽ ആരേയും വിശ്വസിക്കും, എന്തും പ്രവർത്തിക്കയും ചെയ്യും. മനുഷ്യൻ സ്വാഭാവികമായി തിന്മയിലേക്ക് ചാച്ചിലുള്ളവനുമാണല്ലോ. മാതാപിതാക്കന്മാരുടെ ശ്രദ്ധററദൃഷ്ടികൾ ഇക്കാ

യ്യത്തിൽ ജാഗരൂകമായിരിക്കണം. നിഷ്കളങ്കരായ കൊച്ചുമാലാഖമാരാണ്' തങ്ങളുടെ ആത്മസന്താനങ്ങളെന്നു അവർ വിചാരിക്കുമ്പോഠം പലപ്പോഴും തിന്മയുടെ തീക്കനലിൽ നിപതിച്ച്' അവർ പൊള്ളലേററു കഴിഞ്ഞിരിക്കും; വിശിഷ്ടവേഷഭൂഷകളണിഞ്ഞ ആ പിഞ്ചുകളേബരങ്ങഠംക്കുള്ളിൽ തിന്മയുടെ ദുർഗന്ധം വമിക്കുന്നുണ്ടായിരിക്കും. പകർച്ചവ്യാധികളുള്ള വീടുകളിൽ പോകരുതെന്നു മക്കളെ കർശനമായി വിലക്കുന്ന മാതാപിതാക്കന്മാർ ആദ്ധ്യാത്മിക സാംക്രമിക രോഗങ്ങഠം പിടിപെടുന്ന കൂട്ടുകാരേയും സാഹചര്യങ്ങളേയും കൈവെടിയണമെന്നു കൂടുതൽ കർശനമായി നിർബ്ബന്ധിക്കേണ്ടതല്ലേ? ഇക്കാര്യത്തിൽ ഉപദേശവും, ശാസനയും, പോരെങ്കിൽ ശിക്ഷയും, പ്രയോഗിക്കേണ്ടതാണ്'; പക്ഷെ ആത്മാർത്ഥതയും തീക്ഷ്ണതയും തുളുമ്പുന്ന തരത്തിലായിരിക്കണം. മക്കഠം അപഥസഞ്ചാരികളായിത്തീരുന്നെങ്കിൽ തൊണ്ണൂറു് ശതമാനവും ദുഷ്ടസംസർഗ്ഗംവഴിയായിട്ടാണെന്നു സധൈര്യം പറയാവുന്നതാണ്. ഇസ്മായേലിനെ സഹഗ്രഹത്തിൽനിന്ന്'ബഹിഷ്കരിക്കുവാൻ സാറാ പരിശ്രമിച്ചതിനു കാരണം സഹസോദരനായ ഇസാക്ക് ദുഷ്ടസംസർഗ്ഗത്തിൽ പെട്ടുപോകാതിരിപ്പാനായിരുന്നു. യാക്കോബിൻെറ പുത്രി 'ദീന'യ്ക്കും സുവിശേഷത്തിലെ ധൂർത്തപുത്രനും വന്നു ഭവിച്ച അധഃപതനത്തിനു കാരണവും ഇതായിരുന്നുവല്ലോ. മക്കഠം എല്ലാവരും സന്ധ്യയോടുകൂടി വീട്ടിൽവന്നെത്തണമെന്നു് നിർബ്ബന്ധിക്കണം. കുടുംബം അവക്കു ആകർഷകമാക്കിത്തീക്കുവാൻ എല്ലാ ശ്രമങ്ങളും ചെയ്യണം. ബാലന്മാരും ബാലികന്മാരും ഒന്നിച്ചുള്ള കളികഠം നിരുത്സാഹപ്പെടുത്തണം. വീട്ടിലായാലും വസ്ത്രധാരണത്തിലും പെരുമാററത്തിലും സംസാരത്തിലും അടക്കവും വിനയവും പാലിക്കപ്പെടണം. കുട്ടികളല്ലെ എന്നു വിചാരിച്ച് ഇക്കാര്യത്തിൽ അനാസ്ഥകാണിക്കരുത്. മക്കഠം യൗവനം പ്രാപിക്കുമ്പോഠം അവരുടെ കൂട്ടുകാർ ആരെല്ലാ

മാണെന്നു് ആരാഞ്ഞറിയണം സ്നേഹിതനും സ്നേഹിതയും മററും സന്ദർശനങ്ങൾക്കായി വരികയോ അവരെ ക്ഷണിക്കയോ ചെയ്യുമ്പോൾ സ്വൈരവിഹാരത്തിന്നായി വിട്ടുകൊടുക്കരുത്. സ്വസന്താനങ്ങൾ പ്രായത്തിൽ എന്നപോലെ ദൈവത്തിന്റെയും മനുഷ്യരുടേയും മുമ്പാകെ നന്മയിലും വളൎന്നുവരുവാൻ മാതാപിതാക്കന്മാർ പ്രാൎത്ഥിക്കയും പരിശ്രമിക്കയും ചെയ്യട്ടെ.

---

# ക്രിസ്തുവിനെ ക്ഷണിക്കണം

രണ്ടുദിവസം കഴിഞ്ഞു ഗ്ലീലായിലെ കാനായിൽ ഒരു കല്യാണവിരുന്നുണ്ടായിരുന്നു. ഈശോയുടെ അമ്മയും അവിടെയുണ്ടായിരുന്നു. ഈശോയും അവിടുത്തെ ശിഷ്യന്മാരും ആ കല്യാണത്തിനു് ക്ഷണിക്കപ്പെട്ടിരുന്നു. അവിടെ ശേഖരിച്ചിരുന്ന വീഞ്ഞു് തീൎന്നുപോയതിനാൽ ഈശോയുടെ അമ്മ അവിടുത്തോട്, അവൎക്കു വീഞ്ഞശേഷമില്ല എന്നു പറഞ്ഞു. അപ്പോൾ ഈശോ അങ്ങയോട്, സ്ത്രീയേ, നീ എന്തിനു് ഇക്കാൎയ്യത്തിനു് എന്നെ അലട്ടുന്നു?* എന്റെ സമയം ഇനിയും വന്നിട്ടില്ല എന്നരുളിച്ചെയ്തു. എന്നാൽ, അവിടുത്തെ മാതാ

*"Why dost thou trouble me with that?" The Greek here is ambigous; some would interpret it "What concern is that of mine or of thine?", but it is more probably to be understood as a Hebrew idiom, "What have I to do with thee?", that is, "Leave me alone, do not interfere with me", as in Matthew viii. 29 and in many passages of the Old Testament.(The New Testament newly translated into English by Ronald A. Knox)

വു്, അവിടുന്നു പറയുന്നതെല്ലാം ചെയ്യുവിൻ എന്നു് പരിചാരകന്മാരോടു് പറഞ്ഞു. യഹൂദമര്യാദപ്രകാരം ശുചീകരണകർമ്മത്തിനായുള്ള ആറു ജലപാത്രങ്ങൾ അവിടെ ഇരുന്നിരുന്നു. അവ കല്ലുകൊണ്ടുള്ളവയും രണ്ടോ മൂന്നോ കുടംവീതം കൊള്ളുന്നവയുമായിരുന്നു. ആ ജലപാത്രങ്ങളിൽ വെള്ളം നിറയ്ക്കുവിൻ എന്നു് ഈശോ പറഞ്ഞതനുസരിച്ചു് അവർ അവ വക്കുവരെ നിറച്ചു. ഉടനെ അവിടുന്നു് അവരോടാജ്ഞാപിച്ചു: ഇനി നിങ്ങൾ (അവയിൽനിന്നു) കോരി കലവറക്കാരനു കുടിക്കാൻ കൊടുക്കുവിൻ. ആകയാൽ അവർ അവനു് കൊടുത്തു. വീഞ്ഞായി പകർത്തപ്പെട്ട വെള്ളം കലവറക്കാരൻ രുചിച്ചുനോക്കി. അതു് എവിടെ നിന്നു കിട്ടിയെന്നു അവനറിഞ്ഞുകൂടായിരുന്നു. വെള്ളം കോരിയ ഭൃത്യന്മാർക്കുമാത്രമേ അതറിയാമായിരുന്നുള്ളു. ഉടനെ കലവറക്കാരൻ മണവാളനെ വിളിച്ചു അവനോടു്, ജനങ്ങൾ എന്നും ആദ്യം നല്ല വീഞ്ഞു് എല്ലാവരും കുടിച്ചു ലഹരിപിടിച്ചു കഴിയുമ്പോൾ മാത്രം താഴ്ന്ന തരം വീഞ്ഞു് വിളമ്പുന്നു. നീയോ എന്നാൽ ഇതുവരെ നല്ല വീഞ്ഞു് സൂക്ഷിച്ചുവച്ചിരുന്നല്ലോ എന്നു പറഞ്ഞു. ഇങ്ങനെ ഗ്ലീലായിലെ കാനായിൽ ഈശോ തന്റെ അത്ഭുതങ്ങൾ (ചെയ്യുന്നതും) തന്റെ മഹത്വം വെളിപ്പെടുത്തുവാനും ആരംഭിച്ചു. ഇതുവഴിയായി അവിടുത്തെ ശിഷ്യന്മാർ അവിടുത്തെ വിശ്വസിക്കുകയുംചെയ്തു.

(ദെനഹാ 2-ാംഞായർ; സുവിശേഷം: യോഹ. II, 1—12).

ക്രിസ്മസ് കഴിഞ്ഞു് അമ്പതുനോയമ്പു് ആരംഭിക്കുന്നതുവരെയുള്ള കാലസന്ധിയിൽ നിരവധി വിവാഹങ്ങൾ നടക്കുക എല്ലാ ഇടവകകളിലും പതിവാണു്; വളരെ കുറച്ചു ദിവസങ്ങൾമാത്രമുള്ളതുകൊണ്ടു് വിവാഹമഹോത്സവങ്ങളുടെ ഒരു ബഹളം തന്നെയാണെന്നു പറയാം. നിരവധി യുവാക്കന്മാരും യുവതികളും തങ്ങളുടെ ജീവിതത്തിൽ ഒരു പുതിയ അദ്ധ്യായം ആരംഭിക്കുന്ന സുവർണ്ണാവസരം. ജീവിതരംഗത്തേക്കു കാലെടുത്തുകുത്തുന്ന നിർണ്ണായകനിമിഷം; കുടുംബജീവിതമാകുന്ന മഹാസമുദ്രത്തിലേക്കു്

തങ്ങളുടെ ജീവിതനൗകയെ ഇറക്കുവാൻ പോകുന്ന സർവ്വപ്രധാനമായ സന്ദർഭം; ഗൃഹസ്ഥനന്ദനോദ്യാനത്തിൽ സൈപരംവിഹരിക്കുവാൻ തുടങ്ങുന്ന ആനന്ദസന്ധി; ബാല്യത്തിലെ ചിരിയും കളിയും ഉപേക്ഷിച്ച് ജീവിതത്തിലെ ജീവൽപ്രശ്നങ്ങളെ അഭിമുഖീകരിക്കുവാൻ തുടങ്ങുന്ന ഗൗരവം നിറഞ്ഞ സന്ദർഭം—ഇതെല്ലാമാണ് വിവാഹത്തിൻെറ പ്രാധാന്യം. ഇപ്രകാരമുള്ള ഒരു സന്ദർഭത്തിൽ കാനായിലെ കല്യാണത്തെപ്പററിയുള്ള സുവിശേഷഭാഗം അവസരോചിതംതന്നെയെന്നുള്ളതിൽ സന്ദേഹമില്ല.

"രണ്ടുദിവസം കഴിഞ്ഞു ഗ്ലീലായിലെ കാനായിൽ ഒരു കല്യാണവിരുന്നുണ്ടായിരുന്നു. ഈശോയുടെ അമ്മയും അവിടെയുണ്ടായിരുന്നു. ഈശോയും അവിടുത്തെ ശിഷ്യന്മാരും ആ കല്യാണത്തിനു ക്ഷണിക്കപ്പെട്ടിരുന്നു." ദിവ്യരക്ഷകൻ ഒരു വിവാഹാഘോഷത്തിൽ സന്നിഹിതനായിരുന്നുവെന്നു കേൾക്കുമ്പോൾ വിഷാദാത്മകബുദ്ധികളായ ചിലർ നെററിചുളിച്ചേക്കാം. എന്ത്! ത്രിതൃത്തിൻെറ രണ്ടാമാളും, പരിശുദ്ധരിൽ പരിശുദ്ധനും, ആദ്ധ്യാത്മിക ജീവിതത്തിൻെറ പാരമ്യത്തെ ത്രിവിധകരണങ്ങളിലും പ്രകടിപ്പിച്ചിരുന്ന നിർമ്മലയോഗീശ്വരനുമായ ക്രിസ്തുനാഥൻ ഒരു വെറും ലൗകികവും സുഖഭോഗാനുസ്മാരകവുമായ വിവാഹാഘോഷത്തിൽ പങ്കെടുക്കുകയോ? എന്ന് ഇക്കൂട്ടർ സംശയിച്ചേക്കാം. എന്നാൽ തക്കതായ ന്യായത്തോടുകൂടിത്തന്നെയാണ് മിശിഹായും അങ്ങേ പരി. മാതാവും ശിഷ്യന്മാരും അതിൽ സംബന്ധിച്ചതു്. ദിവ്യരക്ഷകൻ നമ്മെ വ്യക്തമായി ഗ്രഹിപ്പിക്കുവാൻ ആഗ്രഹിച്ചു, വിവാഹജീവിതം ദൈവം തന്നെ സ്ഥാപിച്ചിട്ടുള്ളതാണെന്നും അതു പൈശാചികമോ പാപകരമോ വെറും സുഖഭോഗപരമോ അല്ലെന്നും. ഇതു മാത്രമോ? ദിവ്യരക്ഷകൻ തൻെറ ഈ സാന്നിദ്ധ്യംകൊണ്ടുകൂടിയും വിവാഹത്തെ ഒരു പരിശുദ്ധ കൂദാശയുടെ സ്ഥാനത്തേക്ക് ഉയർത്തുന്നതിന് തിരുമനസ്സായി.

വിശുദ്ധ കുർബ്ബാനയോ തിരുപ്പട്ടമോ പോലെതന്നെ പവിത്രമായ ഒരു കൂദാശയാണ് വിവാഹമെന്ന് എല്ലാവരും മനസ്സിലാക്കണം. തന്നിമിത്തം ക്രിസ്തു ഒരു വിവാഹത്തിൽ സന്നിഹിതനായി എന്നുള്ളതിൽ ഒട്ടും വിസ്മയിക്കാനില്ല. എന്നുമാത്രമല്ല ക്രിസ്തുവിൻെറ സാന്നിദ്ധ്യം വിവാഹാവസരത്തിൽ അത്യന്താപേക്ഷിതവുമാണ്. കൂദാശകൾ നിർവ്വഹിക്കുന്നതു കാർമ്മികനാണെങ്കിലും അവയ്ക്കു പ്രസാദവരം ലഭിയ്ക്കുന്നതു് ക്രിസ്തുവിൽ നിന്നാണല്ലോ. അതുകൊണ്ട് ക്രിസ്തുവിൻെറ സാന്നിദ്ധ്യമില്ലെങ്കിൽ പ്രസാദവരം ലഭിക്കുന്നില്ല; കൂദാശ സ്വീകരണം അനർഹവും വ്യർത്ഥവുമായിത്തീരുന്നു.

നമ്മുടെ വിവാഹാവസരങ്ങളിലും ആഘോഷങ്ങളിലും ക്രിസ്തുവിൻെറ സാന്നിദ്ധ്യം ഉണ്ടോ എന്നു പരിശോധിച്ചുനോക്കുന്നതു വളരെ ഉപകാരപ്രദമായിരിക്കും. പലപ്പോഴും നമ്മുടെ വിവാഹാഘോഷങ്ങളിൽ ക്രിസ്തുവിൻെറ സാന്നിദ്ധ്യമില്ലെന്നു മാത്രമല്ല പിശാചിൻെറ — പാപത്തിൻെറ — വിളയാട്ടമാണുള്ളതെന്നു വ്യസനസമേതം പറയേണ്ടിയിരിക്കുന്നു. വരൻ വളരെയോഗ്യൻ, ധനാഢ്യൻ, വിദ്യാസമ്പന്നൻ, സംസ്കൃതാശയൻ, പരിഷ്കൃതരീതിയിൽ അണിഞ്ഞൊരുങ്ങിയവൻ; വധുവാണെങ്കിൽ ഭൂലോകരംഭ, ഇന്നത്തെ പരിഷ്കാരത്തിനനുസരിച്ച വേഷഭൂഷാദികൾ; സ്വർണ്ണാഭരണങ്ങൾകൊണ്ടു മൂടപ്പെട്ടവൾ; ആയിരക്കണക്കിനു സ്ത്രീധനവും; വീട്ടിലെ ഒരുക്കങ്ങളാണെങ്കിൽ ബഹുകേമം: വിഭവസമൃദ്ധമായ സദ്യ, ടീപാർട്ടി, മംഗളപത്രങ്ങൾ, അനുമോദനപ്രസംഗങ്ങൾ, പാരിതോഷികങ്ങൾ, ഉച്ചഭാഷണി സംഗീതം എല്ലാം ബഹുതകൃതി. ആകെക്കൂടി കല്യാണം വളരെ കേമമായെന്നുള്ള നാട്ടുകാരുടെ ഒരു പ്രശംസാപത്രവും. എന്നാൽ ഒരു സംഗതിമാത്രം ആരും അത്ര കാര്യമായി അന്വേഷിക്കുന്നില്ല: ക്രിസ്തുവിനെ ആ കല്യാണത്തിലേക്കു ക്ഷണിച്ചിട്ടുണ്ടായിരുന്നുവോ?

ക്രിസ്തു അവിടെ സന്നിഹിതനായിരുന്നുവോ? അതോ, പാപമായിരുന്നുവോ അവിടെ നഗ്നവിളയാട്ടങ്ങൾ നടത്തിയിരുന്നതു്? തറവാട്ടിലോ ബന്ധത്തിലോ പെട്ടവരെ ക്ഷണിക്കാതിരുന്നാൽ വലിയ കുഴപ്പത്തിനും നീരസത്തിനും അതൃപ്തിക്കും ഇടയാകും. കുടുംബങ്ങൾ തമ്മിൽ നീണ്ടുനില്ക്കുന്ന വഴക്കുകൾക്കും അതു വഴിതെളിക്കും. തന്നിമിത്തം ക്ഷണിക്കേണ്ടവരുടെ ലിസ്റ്റിൽ ആരേയും വിട്ടുപോകാതിരിപ്പാൻ കുടുംബനായകൻ പ്രത്യേകം ശ്രദ്ധാലുവായിരിക്കും. എന്നാൽ ക്രിസ്തുവിനെ ക്ഷണിക്കേണ്ട കാര്യംമാത്രം പലപ്പോഴും വിസ്മൃതമാകയൊ ത്യാജ്യകോടിയിൽ തള്ളപ്പെടുകയൊ ചെയ്യും.

ക്രിസ്തുവിനെ എല്ലാ വിവാഹങ്ങൾക്കും ക്ഷണിച്ചുവരുത്തണം, ക്രിസ്തുവിൻെറ സാന്നിദ്ധ്യം എല്ലാ വിവാഹാവസരങ്ങളിലും ഉണ്ടാകണം, എന്നു പറയുമ്പോൾ എന്താണു അതിൻെറ അർത്ഥം? ക്രിസ്തു തൻെറ പ്രസാദവരംവഴി എല്ലാവരിലും ഉണ്ടായിരിക്കണമെന്നുമാത്രമേ അതിനർത്ഥമുള്ളു. ഇതിൽ എല്ലാംകൊണ്ടും പ്രാധാന്യമർഹിക്കുന്നതു് ദമ്പതിമാരുടെ കാര്യമാണ്. അവർ ഒരു പുതിയ ജീവിതം ആരംഭിക്കുവാൻ പോകുന്നു. പലേ സന്തോഷങ്ങളും അതിൽ അവർക്കുണ്ട്. എന്നാൽ അതോടൊപ്പംതന്നെ പലേ ക്ലേശങ്ങളും ചുമതലകളും അവർ ഏറെറടുക്കുകയും ചെയ്യുന്നു. പരസ്പരം സ്നേഹവും വിശ്വസ്തതയും അവർ പാലിക്കണം. ഇതിനെതിരായുള്ള ശക്തിമത്തായ പ്രലോഭനങ്ങളെ അവർ എതിരിടണം. വിവാഹത്തിൽ ഉണ്ടാകുന്ന മക്കളെ പാപരഹിതരും ദൈവത്തിൻെറ മക്കളുമായി വളർത്തിക്കൊണ്ടുപോരേണ്ട ചുമതലയും അവർക്കുണ്ട്. ഇതിനും പുറമെ മനസ്സിലും ശരീരത്തിലും പരിശുദ്ധി— വിവാഹജീവിതത്തിലും അവശ്യം വേണ്ടതായ കടമയും അവർക്കുണ്ട്. ഇതിനെല്ലാം ദൈവത്തിൻെറ പ്രത്യേകമായ പ്രസാദവരം അവർക്കാവശ്യമാണ്. അതുകൊണ്ടാണല്ലൊ ദിവ്യരക്ഷകൻ വിവാഹത്തെ ഒരു കൂദാശയാക്കി ഉയർത്തിയതും. തന്നിമി

ത്തം ഒരു പരിശുദ്ധ കൂദാശയാണ് തങ്ങാം സ്വീകരിക്കുന്നതെന്നു ള്ള വിചാരം വധൂവരന്മാരിൽ ദൃഢമൂലമാകണം. വിവാഹത്തി ന്നു മുമ്പുള്ളകാലഘട്ടത്തിൽ ആത്മശരീരങ്ങളെ പരിശുദ്ധമായി കാത്തുസംരക്ഷിക്കുവാൻ അവർ പ്രത്യേകം ശ്രദ്ധിക്കണം. വിവാ ഹദിനം സമാഗതമാകുമ്പോാം ഒരു നല്ല കുമ്പസാരം—മുഴുവൻ കുമ്പസാരമായാൽ അത്യുത്തമം— വഴിയായി ഹൃദയത്തെ ശുദ്ധീ കരിച്ചശേഷം പരിശുദ്ധ കുർബ്ബാന സ്വീകരിച്ചുകൊണ്ടു ക്രിസ്തു വിൻെറ സാന്നിദ്ധ്യം സ്വഹൃദയത്തിൽ സംജാതമാക്കണം. അ ങ്ങനെ പരിശുദ്ധമായ ഒരു ആത്മാവോടുകൂടി മാത്രമേ ഈ പരി ശുദ്ധകൂദാശ സ്വീകരിക്കാവൂ. അതുപോലെതന്നെ ശരിയായ ഉദ്ദേശത്തോടുകൂടിവേണം അവർ വിവാഹജീവിതത്തിൽ പ്രവേ ശിക്കുവാൻ. സന്താനോല്പാദനത്തിനും സന്താനങ്ങളെ പുണ്യമാ യി വളർത്തുന്നതിനുമാണ് തങ്ങാം വിവാഹജീവിതത്തിൽ പ്രവേ ശിക്കുന്നതെന്നുള്ള പരമാത്ഥമായ ഉദ്ദേശമില്ലാതെ വെറും മൃഗീയ മായ ദുരാശകളെ തൃപ്തിപ്പെടുത്തണമെന്നുള്ള ഉദ്ദേശത്തോടുകൂടി മാത്രം ഒരുവൻ ഈ കൂദാശ സ്വീകരിക്കുമ്പോഴും ക്രിസ്തുവിനെയല്ല, പ്രത്യുത, പിശാചിനെയാണ് അവൻ ക്ഷണിച്ചുവരുത്തുന്നത്. തോബിയാസിൻേറയും സാറയുടേയും വിവാഹചരിത്രം നമ്മുടെ നവദമ്പതികാം വായിച്ചുനോക്കട്ടെ. തോബിയാസ് ഇപ്രകാരം പ്രാത്ഥിച്ചു: "കത്താവേ, അങ്ങുന്നറിയുന്നു, ഞാൻ എൻെറ ഈ സഹോദരിയെ ഭായ്യയായി സ്വീകരിക്കുന്നതു ശാരീരികദുരാശ കാംക്കു വേണ്ടിയല്ല, പ്രത്യുത, സന്താനപരമ്പരകളിൽ അങ്ങെ നാമം സ്തുതിക്കപ്പെടുവാൻ വേണ്ടി മാത്രമാണ്." സാറ ഇപ്ര കാരം പ്രാത്ഥിച്ചു: "കത്താവേ, അങ്ങുന്നറിയുന്നു; ഞാൻ ഇതേ വരെ ഒരു പുരുഷനെ ആഗ്രഹിച്ചിട്ടില്ല, അശുദ്ധതയാൽ എൻെറ ആത്മാവിനെ കളങ്കപ്പെടുത്തിയിട്ടില്ല. . . . എന്നാൽ അങ്ങയി ലുള്ള ഭയത്തോടുകൂടി, ദുരാഗ്രഹങ്ങാംക്കുവേണ്ടിയല്ല; ഞാനി

പ്പോൾ ഒരു ഭർത്താവിനെ സ്വീകരിക്കുന്നു.'' ഇപ്രകാരം പറയുവാൻ നമ്മുടെ വധൂവരന്മാർക്കും സാധിക്കണം.

കല്യാണാഘോഷങ്ങളിലും ക്രിസ്തുവിൻെറ സാന്നിദ്ധ്യം ഉണ്ടായാലെന്നതുപോലെ നാം പെരുമാറണം. എന്നാൽ നമ്മുടെ ഒരു കല്യാണവീട്ടിലേക്കു ക്രിസ്തു വരികയാണെങ്കിൽ അവിടുത്തെ കാര്യം കുറെ അവതാളത്തിലാകുമെന്നു തോന്നിപ്പോകുന്നു. അവിടുന്നു് അതിവേഗത്തിൽ അവിടെനിന്നു നിഷ്ക്രമിക്കേണ്ടിവരികയില്ലേ? അടക്കമില്ലാത്ത സംഭാഷണങ്ങളും, നോട്ടങ്ങളും പെരുമാററങ്ങളും, മദ്യപ്പിശാചിൻെറ പ്രചുരാട്ടഹാസവും മററും കാണുമ്പോൾ ചില വിവാഹാഘോഷങ്ങളിൽ ക്രിസ്തുവിൻെറ സാന്നിദ്ധ്യം ഇല്ലെന്നു തീർത്തും പറയാവുന്നതല്ലേ? വിവാഹദിനം ഒരു മംഗളദിനമാണു്; ആനന്ദത്തിൻെറ ദിവസമാണു്; സാമുദായികമായ പല ചടങ്ങുകളും ചുരുങ്ങിയ ഒരു സദ്യയും കൂടിയേ കഴിയൂ ശരിതന്നെ. എന്നാൽ ഇതെല്ലാം കാനായിലെ കല്യാണത്തിലുമുണ്ടായിരുന്നു. എന്നിട്ടും ക്രിസ്തുനാഥൻ അവിടെ ആഗതനായി ഒരത്ഭുതം പ്രവത്തിക്കുവാൻ വൈമനസ്യം കാണിച്ചില്ല. ആഘോഷങ്ങളെല്ലാം വേണ്ടതുതന്നെ. എന്നാൽ അതിലെല്ലാം ഒരു മിതത്വവും ക്രൈസ്തവചൈതന്യവും ക്രിസ്തുവിൻെറ സാന്നിദ്ധ്യസ്മരണയും ഉണ്ടായാൽ വളരെ നന്നായിരിക്കും.

---

# ദൈവസേവനം

ഇതാ സ്വർഗ്ഗത്തിൻെറ വേറൊരു സാദൃശ്യം: ഒരു ധനവാൻ തൻെറ മുന്തിരിത്തോട്ടത്തിൽ വേല ചെയ്യുന്നതിന്നു് കൂലിക്കാരെ വിളിക്കുവാൻ പ്രഭാതത്തിൽ പുറപ്പെട്ടു. അവരെ അവൻ മുന്തിത്തോ

ട്ടത്തിലേയ്ക്കു പറഞ്ഞയച്ചപ്പോൾ ദിവസക്കൂലിയായി ഒരു വെള്ളിനാണയം വേലക്കാരുമായി പറഞ്ഞൊത്തു. മൂന്നാംമണിക്കൂറിലും അവൻ വീണ്ടും പുറത്തു വന്നപ്പോൾ ചിലർ അലസന്മാരായി തെരുവിൽ നില്ക്കുന്നതു കണ്ടു. ഇവരോടും അവൻ പറഞ്ഞു: നിങ്ങളും മററവരെപ്പോലെ മുന്തിരിത്തോട്ടത്തിലേയ്ക്കുപോകുവിൻ. ന്യായമായ കൂലി നിങ്ങൾക്കു കിട്ടും. ഉടനെ അവർ പോയി. പിന്നീട് ഉച്ചയ്ക്കും, വീണ്ടും ഒമ്പതാംമണിയ്ക്കും അവൻ പുറത്തുവന്ന് അതുപോലെ ചെയ്തു. പതിനൊന്നാം മണിക്കൂറിൽ അവൻ പുറത്തുവന്നപ്പോഴും വേറെ ചിലർ അവിടെ നില്ക്കുന്നതായി കണ്ടു; നിങ്ങൾ എന്താണ് യാതൊന്നും ചെയ്യാതെ ദിവസം മുഴുവൻ ഇവിടെ നില്ക്കുന്നതു് എന്ന് അവൻ അവരോട് ചോദിച്ചു. ഞങ്ങളെ ആരും കൂലിയ്ക്കു വിളിക്കാത്തതുകൊണ്ടാണ് എന്നവർ അവനോടു് ഉത്തരം പറഞ്ഞു. അപ്പോൾ അവൻ, മററവരെപ്പോലെ നിങ്ങളും മുന്തിരിത്തോട്ടത്തിലേയ്ക്കു് പോകുവിൻ എന്ന് പറഞ്ഞു. വൈകുന്നേരമായപ്പോൾ, മുന്തിരിത്തോട്ടത്തിന്റെ ഉടമസ്ഥൻ തന്റെ കാര്യസ്ഥനോടു് പറഞ്ഞു: വേലക്കാരെ വിളിച്ചു്, അവസാനം വന്നവർമുതൽ ആദ്യം വന്നവർവരെ, അവരുടെ കൂലികൊടുക്കുക. ആകയാൽ പതിനൊന്നാം മണിക്കൂറിൽ കൂലിക്കു വിളിക്കപ്പെട്ടവർ ആദ്യം വന്നു ഓരോരുത്തനും ഓരോ വെള്ളിനാണയം കിട്ടി. ആദ്യം കൂലിക്കു വിളിക്കപ്പെട്ടവർ വന്നപ്പോൾ, കൂടുതൽ കിട്ടുമെന്നു് അവർ പ്രതീക്ഷിച്ചു. എന്നാൽ ഇവർക്കും കൂട്ടുജോലിക്കാർക്കെന്നപോലെ ഓരോ വെള്ളിനാണയം മാത്രം കിട്ടി. അവരുടെ കൂലിയെക്കുറിച്ചു് അവർ ആ ധനവാനോടു് പിണങ്ങി. ഇതാ, ഇവർ ഒടുവിൽ വന്നു. ഒരുമണിക്കൂർ മാത്രം വേല ചെയ്തു. പകലിന്റെ ഭാരവും ചൂടും സഹിച്ച ഞങ്ങളും അവരും തമ്മിൽ ഒരു വ്യത്യാസവും നീ കാണിച്ചില്ലല്ലോ എന്നവർ പറഞ്ഞു. അപ്പോൾ അവൻ അവരിൽ ഒരുവനോടിങ്ങനെ പറഞ്ഞു: സ്നേഹിതാ, ഞാൻ നിന്നോട് ഒരന്യായവും ചെയ്തില്ല. നിന്റെ കൂലിയായി ഒരു വെള്ളിനാണയമല്ലേ ഞാൻ പറഞ്ഞൊത്തതു്? നിനക്കു് കിട്ടേണ്ടതു് വാങ്ങി പൊയ്ക്കൊള്ളുക. നിനക്കു് തന്നതുപോലെതന്നെ, താമസിച്ചുവന്ന ഇവനും കൊടുക്കുക എന്നതു്

എൻെറ ഇഷ്ടമല്ലേ? എൻെറ ഇഷ്ടംപോലെ എൻെറ പണം ഉപയോഗിക്കുവാൻ എനിക്കു് സ്വാതന്ത്ര്യമില്ലെന്നോ? ഞാൻ ഉദാരനായതുകൊണ്ടു് നീ അസൂയപ്പെടുന്നതെന്തിനു? ഇങ്ങനെ പിമ്പന്മാർ മുമ്പന്മാരും മുമ്പന്മാർ പിമ്പന്മാരും ആകും. വിളിക്കപ്പെട്ടവർ അനേകർ; തിരഞ്ഞെടുക്കപ്പെട്ടവരോ ചുരുക്കം.

(എഴുപതാം ഞായർ; സുവിശേഷം: മത്താ' XX 1— 16)

ദൈവത്തെ സ്നേഹിക്കുകയും സേവിക്കുകയും ചെയ്യുന്നതൊഴികെ മറെറല്ലാം "മായകളുടെ മായ, സർവ്വവും മായ" എന്നാണു് സുഖസൌഭാഗ്യങ്ങളുടെ സമുന്നതവിഷ്ടരത്തിൽ പാദമൂന്നി സമുല്ലസിച്ചശേഷം സോളമൻ പ്രഘോഷിക്കുന്നതു്. മനുഷ്യൻ ദൈവത്തിനായി സൃഷ്ടിക്കപ്പെട്ടിരിക്കുന്നുവെന്നും അങ്ങയിൽ വലയം പ്രാപിച്ചല്ലാതെ അവനു് സമാശ്വാസം ലഭിക്കയില്ലെന്നും പണ്ഡിതാഗ്രണിയും സുഖഭോഗങ്ങളുടെ മടിത്തട്ടിൽ വളൎന്നവനുമായ വി. ആഗസ്തീനോസും പ്രഖ്യാപിക്കുന്നു: "ഓ ക്രോം വെൽ, ക്രോം വെൽ, ഞാൻ രാജാവിനെ സേവിച്ചതിൻെറ പകുതിയെങ്കിലും തീക്ഷ്ണതയോടെ ദൈവത്തെ സേവിച്ചിരുന്നെങ്കിൽ: അങ്ങുന്നു് ഇപ്പോൾ എന്നെ നിരാശ്രയനായി ശത്രുക്കൾക്കു് വിട്ടുകൊടുക്കുകയില്ലായിരുന്നു" എന്നു് ഹെൻറി എട്ടാമനാൽ പരിത്യക്തനായ കർദ്ദിനാൾ വൂൾസി തീവ്രമായ മനോവേദനയോടെ വിലപിക്കുന്ന വാക്യങ്ങളിലും സഞ്ചിതമായിരിക്കുന്നതു് ദൈവസേവനത്തിൻെറ മാഹാത്മ്യവും ആവശ്യകതയും തന്നെയാണു്. പ്രതാപവും രാജ്യഭരണവും നഷ്ടപ്പെട്ടു് ഒരു തടവുകാരനായി സെൻറ് ഹെലേന ദ്വീപിൽ ജീവിതാന്ത്യം കഴിച്ചുകൂട്ടിയ വീരപരാക്രമിയായ നെപ്പോളിയനോടു് ചോദിച്ചാലും ഇതേ ചിന്താഗതിതന്നെയാണു് പ്രത്യുത്തരമായി ലഭിക്കുക. ഐഹികങ്ങളായ സുഖഭോഗങ്ങളും പേരും പെരുമയും മാത്രം ലക്ഷ്യംവെച്ചുകൊണ്ടു് ജീവിച്ചിട്ടുള്ള നിരവധി തകൎന്ന ജീവിതങ്ങൾ ഈ തത്വത്തിനു് സാക്ഷ്യം

നൽകികൊണ്ട് ചരിത്രത്തിൽ അങ്ങോളമിങ്ങോളം ചിന്നിച്ചിതറി കിടക്കുന്നതായി കാണാം. ദൈവത്തെ സ്നേഹിക്കയും ശുശ്രൂഷിക്കയുംചെയ്യുന്നതൊഴികെ മററല്ലാം ക്ഷണഭംഗുരങ്ങളാണ്.

ദൈവത്തെ സേവിക്കവാൻ—അങ്ങെ മുന്തിരിത്തോട്ടത്തിൽ വേല ചെയ്യുവാൻ—അങ്ങുന്നു് സകല മനുഷ്യരേയും ക്ഷണിക്കയും ഉത്തേജിപ്പിക്കയും ചെയ്യുന്നുണ്ട്. വൈകുന്നേരമാകുമ്പോഠ മരണത്തിൻെറ ശീതകരങ്ങഠ നമ്മുടെ ഐഹികബന്ധങ്ങളെ വേർപ്പെടുത്തുമ്പോഠ—നമ്മുടെ വേലയ്ക്കുള്ള ന്യായമായ പ്രതിഫലം നമുക്ക് ലഭിക്കയും ചെയ്യും. വെള്ളിനാണയമായ സ്വർഗ്ഗസൌഭാഗ്യം നമുക്കോരോരുത്തക്കും ലഭിക്കാതിരിക്കയില്ല. ഇന്നത്തെ സുവിശേഷത്തിലെ ധനവാൻ, വ്യത്യസ്തസമയങ്ങളിലായി കണ്ടവരെയെല്ലാം തൻെറ മുന്തരിത്തോട്ടത്തിൽ വേലചെയ്യുവാൻ ക്ഷണിച്ചതുപൊലെ ദൈവവും ഏതു സമയത്തും സ്ഥലത്തും പ്രായത്തിലുമുള്ളവരേയും തൻെറ സേവനത്തിനായി ക്ഷണിക്കുകയും നിത്യസൌഭാഗ്യം അവക്കു പ്രതിഫലമായി നല്ലകയും ചെയ്യുന്നുണ്ട്. നമ്മിൽ പലരും ഇതേവരെ ജിവിതത്തിൻെറ തെരുവുകളിലും ചന്തസ്ഥലങ്ങളിലും അലസരായി കാലയാപനം ചെയ്കയും പാപകരങ്ങളായ ദുരാശകളെ മാത്രം തൃപ്തിപ്പെടുത്തുകയും ചെയ്തവരായിരിയ്ക്കാം. എന്നാൽ നൊയമ്പുകാലത്തിൻേറയും ദിവ്യരക്ഷകൻെറ പീഡാനുഭവസ്മരണകളുടേയും മുന്നോടിയായി സമാഗതമായിരിക്കുന്ന ഈ എഴുപതാം ഞായറാഴ്ചയിൽ ലോകത്തിൻേറയും അതിൻെറ സുഖഭോഗങ്ങളുടേയും സേവനത്തെ ഉപേക്ഷിച്ചുകൊണ്ട് ദൈവത്തെമാത്രം സേവിക്കുന്നതിനായി നമുക്ക് ഉദ്യുക്തരാകാം.

ദൈവത്തിനു നമ്മുടെമേലുള്ള കർതൃത്വത്തെപ്പററി ഇവിടെ എടുത്തുപറയേണ്ട ആവശ്യമില്ല. ദൈവം ദൈവമായിരിക്കുന്നിടത്തോളം കാലം അങ്ങുന്നു് നമ്മുടെ കത്താവും നാഥനും യജമാന

നമായിരിക്കണമെന്നുള്ളതിന് തക്കമില്ല. തന്നിമിത്തം നമുക്ക് അങ്ങ യെ സേവിക്കയും ശുശ്രൂഷിക്കയും ചെയ്യേണ്ട കടമയുണ്ട്. "ഞാൻ ശുശ്രൂഷിക്കയില്ല" (Non serviam) എന്ന് പണ്ട് കുറെ മലാ ഖമാർ ധിക്കാരപൂർവ്വം പറഞ്ഞതുപോലെ നാമും പറയുകയാണെ ങ്കിൽ ആ മാലാഖമാർക്ക് ലഭിച്ച ഭയങ്കരശിക്ഷതന്നെ നമുക്കും ലഭി ക്കുന്നതാണ്. നമ്മുടെ നിത്യരക്ഷയ്ക്ക് ആവശ്യമുള്ളത് ഒന്നുമാത്രമാ ണ്— ദൈവസേവനം. ധനസമ്പാദനംകൊണ്ട് പ്രയോജനമി ല്ലെന്ന് ലാസറും ധനവാനും നമ്മെ ഉൽബോധിപ്പിക്കുന്നു; മാത്ര മല്ല ദാരിദ്ര്യമനസ്ഥിതി കൂടിയേ കഴിയൂ എന്നും നിർബ്ബന്ധമുണ്ട്. ജീവിതകാലം മുഴുവനും ആരോഗ്യം അനുഭവിച്ചതുകൊണ്ടും യാ തൊരു പ്രയോജനവുമില്ല. മഹാനായ ഗ്രിഗറി വി. ത്രേസ്യ മുതലാ യ നിരന്തരരോഗികൾ ഇന്ന സ്വർഗ്ഗസൌഭാഗ്യം അനുഭവിക്കുന്നു; മാ ത്രമല്ല ക്ലേശങ്ങൾ അനുഭവിക്കുന്നത് സ്വർഗ്ഗപ്രവേശനത്തെ കൂടുതൽ എളുപ്പമാക്കുകയാണ് ചെയ്യുക. വളരെ കൊല്ലങ്ങൾ ഇഹത്തിൽ ജീവിച്ചാൽ മാത്രമേ സ്വർഗ്ഗഭാഗ്യം ലഭിക്കയുള്ളു എന്നുള്ള യാതൊ രു നിയമവുമില്ല; വി. അലോഷ്യസ്, സ്താനിസ്ലാവോസ് തുടങ്ങി യ ബാലവിശുദ്ധന്മാർ ഇതിന്ന് തെളിവാണല്ലൊ. "നീ എന്തു കൊണ്ട് പണം സമ്പാദിച്ചില്ല, എന്തുകൊണ്ട് ദീർഘായുഷ്മാനാ യി ജീവിച്ചില്ല, എന്തുകൊണ്ട് ആരോഗ്യം പാലിച്ചില്ല, എന്തു കൊണ്ട് സ്ഥാനമാനങ്ങൾ സമ്പാദിച്ചില്ല" എന്നിങ്ങനെയുള്ള ചോദ്യങ്ങൾ വിധിദിവസത്തിൽ നമ്മോട് ചോദിക്കപ്പെടുകയി ല്ല. പലർക്കും ആശ്വാസസംദായകമായ ഒരു വസ്തുതയാണിത്. എന്നാൽ ഒന്നു മാത്രമേ പരിശോധനാവിഷയമാകയുള്ളു. നീ ദൈവത്തെ സേവിച്ചിട്ടുണ്ടോ? പണ്ട റോമനഗരത്തിലെ പൗര ത്വം ലഭിക്കാനായി അപേക്ഷകൾ അയച്ചിട്ടുള്ളവരുടെ കൈകൾ പരിശോധിക്കുക പതിവായിരുന്നുവത്രെ. ജോലിചെയ്തു തഴമ്പി ച്ചിട്ടുള്ള കൈകളാണെങ്കിൽ അവർക്ക് പൗരത്വം ലഭിക്കുമായിരുന്നു.

എന്നാൽ തഴമ്പില്ലാതെ മൃദുലമായ കൈകളാണെങ്കിൽ അവക്ക് പൗരത്വം നിഷേധിക്കപ്പെട്ടിരുന്നു. കാരണം അവർ അലസന്മാരാണെന്നായിരുന്നു സങ്കല്പം. ഇപ്രകാരംതന്നെ സ്വർഗ്ഗത്തിലെ പൗരത്വം നമുക്ക് ലഭിക്കണമെങ്കിൽ നമ്മുടെ കൈകൾ ജോലി ചെയ്തു തഴമ്പിച്ചവയായിരിക്കണം. എന്തു ജോലി? ദൈവസേവനം—അതുമാത്രം. "നീ നിൻെറ ദൈവമായ കർത്താവിനെ ആരാധിക്കണം, അങ്ങേയ്ക്കുമാത്രം ശുശ്രൂഷ ചെയ്യണം എന്ന് എഴുതപ്പെട്ടിരിക്കുന്നു" (മത്തായി vi 9,10.) ദൈവത്തെ സേവിക്കാതെ മററു വല്ല സൃഷ്ടികളേയുമാണ് ഒരുവൻ സേവിച്ചിട്ടുള്ളതെങ്കിൽ ദൈവം പ്രതിഫലം നൽകുവാൻ ഒരിക്കലും ബാദ്ധ്യസ്ഥനല്ലല്ലോ. "ഞങ്ങൾ സന്യാസികളോ, വൈദികരോ അല്ലല്ലോ. ദൈവശുശ്രൂഷ മാത്രം തൊഴിലായി ജീവിക്കുവാൻ ഞങ്ങൾക്ക് എങ്ങിനെ സാധിക്കും" എന്ന് ചിലർ സംശയിച്ചേക്കാം. എന്നാൽ അതിനുള്ള മറുപടി, ഏതു ജീവിതാവസ്ഥയിലുള്ളവർക്കും ദൈവത്തെ സേവിക്കാമെന്നുള്ളതുതന്നെ. ദൈവശുശ്രൂഷ എന്നുള്ളതിൻെറ അർത്ഥം ദൈവത്തിൻെറ തിരുച്ചിത്തമനുസരിച്ച് ജീവിക്കുക എന്നുള്ളതാണ്. അങ്ങേ തിരുച്ചിത്തം അങ്ങേ പ്രമാണങ്ങളിൽ പ്രതിഫലിക്കുന്നു. തന്നിമിത്തം ഒരുവൻ പ്രമാണങ്ങൾ അനുഷ്ഠിച്ചും ജീവിതാന്തസ്സിലെ കടമകൾ നിർവ്വഹിച്ചും ക്ലേശങ്ങൾ സഹിച്ചും ജീവിച്ചാൽ അതുതന്നെയാണ് യഥാർത്ഥമായ ദൈവസേവനം. "നിങ്ങൾ തിന്നുകയോ കുടിക്കുകയോ എന്തുതന്നെചെയ്താലും എല്ലാം ദൈവസ്തുതിക്കായിചെയ്യുവിൻ."

ദൈവസേവനത്തിൽ ഒഴിവുദിവസങ്ങളില്ല; നിരന്തരമായ സേവനമായിരിക്കണം അത്. ഞായറാഴ്ച മാത്രം ദൈവത്തെ സേവിക്കയും മററു ദിവസങ്ങളിൽ ദൈവസേവനം മാററിവെക്കയും ചെയ്യാൻ പാടില്ല. യൌവ്വനം മുഴുവനും ലോകത്തിനുവേണ്ടി ജീവിച്ചശേഷം വാർദ്ധക്യത്തിൽമാത്രം ദൈവത്തെ സ്നേ

ഹിച്ചാൽ മതി എന്നു നിശ്ചയിക്കുന്നതും വലിയ തെററായിരിക്കും. യുവാക്കന്മാരിൽ പലരും ഇങ്ങനെയുള്ള തെററിദ്ധാരണയിൽ ജീവിക്കുന്നുണ്ട്. എന്നാൽ, വൃക്ഷം എങ്ങോട്ട് ചാഞ്ഞിരിക്കുന്നുവോ അങ്ങോട്ടുതന്നെ വീഴും. മരണം കള്ളനെപ്പോലെ വരികയും ചെയ്യും. യുവാക്കന്മാർ മാത്രമല്ല, മദ്ധ്യവയസ്കരും. പോരാ, കുഴിയിലേയ്ക്കു് കാലു് നീട്ടിയിരിക്കുന്ന വൃദ്ധന്മാർപോലും, ദൈവസേവനം നീട്ടിവെയ്ക്കുന്നതു് ധിക്കാരമല്ലെ? അങ്ങനെ അവസാനനിമിഷത്തിൽ മാത്രം തങ്ങാം ദൈവത്തെ സേവിച്ചുകൊള്ളാമെന്നും അതിനാവശ്യമായ പ്രസാദവരം ദൈവം നല്കാതിരിക്കയില്ലെന്നും വിചാരിക്കുന്നതും ധിക്കാരമനസ്ഥിതിയല്ലേ? ഭയങ്കരമായ നാശം—നിത്യനാശം—ആയിരിക്കും അങ്ങനെയുള്ളവരെ തുറിച്ചു നോക്കിക്കൊണ്ടിരിക്കുന്നതു്. ഒരുവൻ എപ്രകാരം ജീവിക്കുന്നുവോ അപ്രകാരം മരിക്കുകയും ചെയ്യും. നല്ല കള്ളനെപ്പോലെ മരണനിമിഷത്തിൽ മാത്രം ദൈവത്തിലേയ്ക്കു് തിരിയുവാനുള്ള അനുഗ്രഹം എല്ലാവക്കും ലഭിക്കുമെന്നു് പ്രതീക്ഷിച്ചുകൂടാ. അങ്ങനെയുള്ള ഉദാഹരണങ്ങൾ വളരെ വിരളമാണ്. വിഡ്ഢികളായ അഞ്ചു കന്യകകളെ നാം അനുകരിക്കരുതു്.

ദൈവസേവനം എപ്പോഴും ആന്തരികമായ സന്തോഷം നമുക്കു നല്കും—നല്ല മനസാക്ഷിയുടെ സന്തോഷം. ക്ലേശങ്ങളിലും നാം ആനന്ദിക്കും. ദൈവസേവനം രാജ്യവാഴ്ച പോലെയാണെന്നു് ചൊല്ലുണ്ടല്ലോ. ഇതേവരെയും നാം ദൈവത്തെ സേവിക്കാതെ സൃഷ്ടികളേയും സുഖഭോഗങ്ങളേയുമാണ് സേവിച്ചിട്ടുള്ളതെങ്കിൽ ഇനിയെങ്കിലും നമുക്ക് ദൈവശുശ്രൂഷ സമാരംഭിക്കാം. ആരും ഭഗ്നാശരാകേണ്ട ആവശ്യമില്ല. തന്യജീവിതത്തിൽ തഴമ്പിച്ചവരായാലും നിരാശപ്പെടേണ്ട. പതിനൊന്നാം മണിക്കൂറിൽ മാത്രം ജോലിക്കായി വന്നവക്കും വെള്ളിനാണയം കൂലി കൊടുത്ത ധനവാനെപ്പോലെ വളരെ വൈകിയിട്ടായാലും

ഇപ്പോഴെങ്കിലും ദൈവശുശ്രൂഷ സമാരംഭിക്കുന്നതായാൽ നമുക്ക് സൌഭാഗ്യം കൈവരാതിരിക്കയില്ല.

---

# ചില തന്ത്രങ്ങൾ

വലിയ ഒരു ജനാവലി തന്റെ പക്കൽ വന്നുകൂടുകയും, പിന്നെ പലരും നഗരങ്ങളിൽനിന്ന് ഓടിക്കൂടിക്കൊണ്ടിരിക്കുകയും ചെയ്തപ്പോൾ അവിടുന്ന് അന്യാപദേശരൂപേണ അവരോട് പ്രസംഗിച്ചു: ഇതാ വിതക്കാരൻ വിതയ്ക്കുവാനായി പുറപ്പെട്ടു. അവൻ വിതച്ചപ്പോൾ ചില വിത്തുകൾ വഴിയരികിൽ വീണു. അവ ചവിട്ടപ്പെട്ടു. പക്ഷികൾ വന്ന് അവ തിന്നുകളയുകയും ചെയ്തു. മററു ചിലത് പാറമേൽ വീണു. തണുപ്പില്ലാതിരുന്നതുകൊണ്ട് അവ മുളച്ചയുടനെ ഉണങ്ങിപ്പോയി. വേറെ ചിലത് മുള്ളുകളുടെ ഇടയിൽ വീണു. മുള്ളുകൾ അവയോടൊപ്പം വളർന്ന് അവയെ ഞെരുക്കിക്കളഞ്ഞു. ഇനിയും ചിലത് നല്ലമണ്ണുള്ള നിലത്തു വീണു. ഇവ വളർന്നു നൂറുമേനി വിളവു നല്കി. ഇതു പറഞ്ഞശേഷം അവിടുന്ന് ഉച്ചത്തിൽ വിളിച്ചുപറഞ്ഞു: കേൾക്കുവാൻ ചെവിയുള്ള നിങ്ങൾ കേൾക്കുവിൻ. ഈ അന്യാപദേശത്തിന്റെ അർത്ഥമെന്താണെന്ന് ശിഷ്യന്മാർ അപ്പോൾ അവിടുത്തോടു ചോദിച്ചു. ആകയാൽ അവിടുന്ന് അവരോടു അരുൾചെയ്തു: ദൈവരാജ്യത്തിലെ രഹസ്യങ്ങൾ ഗ്രഹിക്കുവാൻ നിങ്ങൾക്കു വരം നല്കപ്പെട്ടിരിക്കുന്നു. എന്നാൽ കാണാതെ വീക്ഷിച്ചു നോക്കുന്നതിനും മന്നസ്സിലാക്കാതെ ശ്രവിക്കുന്നതിനും ആയി മററുള്ളവർ അവയെപ്പററി അന്യാപദേശംവഴി പഠിക്കണം. അന്യാപദേശത്തിന്റെ അർത്ഥം ഇതാണ്: വിത്ത് ദൈവവചനമത്രെ. വഴിയരികിൽ വീണവ ദൈവവചനം ശ്രവിക്കുന്നവരാകുന്നു. എന്നാൽ പിശാചു വന്ന് അവരുടെ ഹൃദയത്തിൽനിന്ന് അവ എടുത്തുകളയുന്നു.

അതു കാരണം അവക്കു വിശ്വാസം ഉണ്ടാകയോ അവർ രക്ഷപെടു കയോ ചെയ്യുകയില്ല. പാറപ്പുറത്തു് വീണവ ദൈവവചനം ശ്രവി ച്ചയുടനെ അതിനെ സന്തോഷപൂർവ്വം സ്വീകരിക്കുന്നവരാകുന്നു. എന്നാൽ അവയ്ക്കു വേരുകൾ ഇല്ലാത്തതിനാൽ സ്വല്പസമയത്തേക്കു മാത്രം അവ നില്ക്കുന്നു. പ്രലോഭനങ്ങളുണ്ടാകുമ്പോൾ അവർ വീണു പോകുന്നു. മുള്ളുകളുടെ ഇടയിൽ വീണവ, ദൈവവചനം ശ്രവിച്ച് ശേഷം സ്വമാർഗ്ഗേണ പോകവേ, ചിന്താകുലതയാലും സമ്പത്തുകളാലും ജീവിതസുഖാഭിലാഷങ്ങളാലും ഞെരുക്കപ്പെടുകയാൽ വളർച്ച് തികയാത്തവരെ കുറിക്കുന്നു. നല്ലമണ്ണിൽ വീണ വിത്താകട്ടെ, ദൈവവചനം ശ്രവിച്ചിട്ട് ശ്രേഷ്ഠവും ഉദാരവുമായ ഹൃദയത്തോടെ അതിനെ മുറുകെ പിടിക്കുകയും, നല്ല വിളവു പുറപ്പെടുവിക്കയും ചെയ്യുന്നവരെ സൂചിപ്പിക്കുന്നു.

(അറുപതാം ഞായർ; സുവിശേഷം: ലൂക്കാ VII 4—15)

വിതക്കാരനെക്കുറിച്ചുള്ള ഇന്നത്തെ അന്യാപദേശം ദിവ്യനാഥൻതന്നെ വ്യാഖ്യാനിച്ചുതന്നിട്ടുണ്ട്. "വിത്തു് ദൈവവചനമത്രെ". സർവ്വോൽകൃഷ്ടമായ ഈ വിത്തു് വളരെ സമൃദ്ധമായിത്തന്നെ ദൈവം ലോകത്തിൽ വിതച്ചിട്ടുണ്ട്. ഇതരമതാനുയായികളെ അപേക്ഷിച്ചുനോക്കുമ്പോൾ കത്തോലിക്കർ മതപ്രസംഗങ്ങളുടേയും ആദ്ധ്യാത്മികോപദേശങ്ങളുടേയും അനുസ്യൂതമായ പ്രവാഹത്തിൽ നീന്തിക്കളിക്കുന്നവരാണു്; ആദ്ധ്യാത്മികഭക്ഷണം വിഭവവൈവിദ്ധ്യങ്ങളോടുകൂടി മതിവരെ അനുഭവിക്കുന്നവരാണു്; ദിവ്യസൂക്തികൾ ഇടതടവെന്ന്യേ ആഞ്ഞടിക്കുന്നതിനാൽ ചെവികൾ തഴമ്പിച്ചവരാണു്. ഞായറാഴ്ച പ്രസംഗങ്ങൾ, തിരുനാൾ പ്രസംഗങ്ങൾ, ധ്യാനപ്രസംഗങ്ങൾ, ഭക്തസഖ്യങ്ങളിലെ ഉപദേശങ്ങൾ, കമ്പസാരവേളയിലെ ഉപദേശങ്ങൾ, പ്രസംഗമഹായോഗങ്ങൾ എന്നിങ്ങനെ വിവിധമാർഗ്ഗങ്ങളിലൂടെ ദൈവവചനം നിരർഗ്ഗളമായി പ്രസരിച്ചുകൊണ്ടിരിക്കുന്നുണ്ടു്. എന്നാൽ ആനുതാപികമായ ഫലസമൃദ്ധിയും തജ്ജന്യമായ ജീവിതപരിശുദ്ധിയും

ചൈതന്യപ്രകർഷവും അവരിൽ കാണുന്നില്ലെന്നു പറയേണ്ടിയിരിക്കുന്നു. അപ്പസ്തോലികകാലത്തു ദൈവവചനം വളരെ ഫലസമൃദ്ധമായിരുന്നു; ആയിരക്കണക്കിനു മാനസാന്തരങ്ങളും ജീവിതനവീകരണങ്ങളും അക്കാലത്തു് സംഭവിച്ചു. ഇന്നും ദൈവവചനത്തിന്റെ ഫലദായകശക്തി കുറഞ്ഞിട്ടില്ല. പക്ഷെ, പറയത്തക്ക ഫലസമൃദ്ധിയുണ്ടാകുന്നില്ലെങ്കിൽ അതിനുള്ള കുററം ആരിലായിരിക്കണം? വിത്തു് ഒന്നുതന്നെ; എന്നാൽ നിലത്തിന്റെ വളക്കൂറിൽ വലിയ അന്തരം വന്നിട്ടുണ്ടായിരിക്കണം. ഇതിനുള്ള കാരണങ്ങൾ സംക്ഷിപ്തമായി ഇന്നത്തെ സുവിശേഷം ചൂണ്ടിക്കാണിച്ചു തരുന്നുണ്ടു്.

വഴിയരികിൽ വീഴുന്ന വിത്തു പിശാചു് വന്നു എടുത്തു കളയുന്നു. അതിനായി ആ തന്ത്രജ്ഞൻ പ്രയോഗിക്കുന്ന ഉപാധികൾ വളരെ ശ്രദ്ധാർഹങ്ങളാണു്. ഒന്നാമത്തെ ആയുധം ബുദ്ധിപരമായ ഔദ്ധത്യം—വിജ്ഞാനവിജൃംഭണം—ശ്രോതാക്കളിൽ കുത്തിവെയ്ക്കുകയാണു്. സ്വന്തം ജ്ഞാനത്തെപ്പററി വലിയ മതിപ്പും തജ്ജന്യമായ ഔദ്ധത്യവും; പ്രാസംഗികന്റെ ജ്ഞാനത്തേയും പ്രസംഗചാതുരിയേയുംപററി അവജ്ഞയും പുച്ഛവും—എങ്ങനെയാണു് വിത്തു് ഫലസമൃദ്ധമാവുക? ഇന്നത്തെ ലോകത്തിൽ വിനാശകാരണവും അധഃപതനഹേതുവുമായി പ്രത്യക്ഷപ്പെടുന്ന വിവിധ ഘടകങ്ങളിൽ സർവ്വപ്രധാനമായതു് ഈ വിജ്ഞാനദാംഭികത്വമാണു്. മതകാര്യങ്ങളിൽ പ്രത്യേകിച്ചും ഈ അഹംഭാവം ആത്മഹത്യാപരമായിരിക്കും; കാരണം, "ദൈവം അഹംഭാവികളെ എതിർക്കുന്നു." പ്രസംഗകനെപ്പററിയുള്ള ചില മുൻവിധികൾ ഈ ദാംഭികത്വത്തിന്റെ ഫലമായി ശ്രോതാക്കളിൽ സ്ഥലം പിടിക്കുന്നു. ആ വൈദികനു് വ്യക്തിവിലാസമില്ല; പരിഷ്കൃതസമ്പ്രദായങ്ങൾ അറിഞ്ഞുകൂടാ; വെറും സ്കൂൾഫൈനൽ മാത്രമേ പാസ്സായിട്ടുള്ളു; വാഗ്മിത്വത്തിന്റെ കണികപോലുമില്ല; വിക്കി വിക്കി സാവധാന

ത്തിൽ എന്തൊക്കെയോ പറയുന്നു; ചെറുപ്പമാണ്; ലോകകാര്യ ങ്ങളിൽ അപരിചിതനാണ്; സമുദായത്തിൽ അധഃസ്ഥിതനാണ്' ഇങ്ങനെ പോകുന്നു ഈ മുൻവിധികൾ—ഗോലിയാത്തു ദാവിദി നെ കണ്ടപ്പോൾ പറഞ്ഞതുപോലെ. ഈ യുവവൈദികൻ തന്റെ കല്ലും കവണിയുംകൊണ്ട് പണ്ഡിതരാക്ഷസനായ എന്നെ തോല്പിക്കാമെന്ന് വിചാരിക്കുന്നോ? എന്ന് അവർ പറഞ്ഞുപോ കാം. ക്രിസ്തുവിനും ഈ അനുഭവം ഉണ്ടായിട്ടുണ്ട്. ''ഇവൻ ഒരാ ശാരിയല്ലേ? മറിയത്തിന്റെ മകനല്ലേ? യാക്കോബിന്റേയും യൗസേപ്പിന്റേയും സഹോദരനല്ലേ?'' എന്നിങ്ങനെ ക്രിസ്തുവി ന്റെ കേൾവിക്കാരിൽ ചിലർ പുച്ഛരസത്തിൽ പറയുകയുണ്ടായി. അക്ഷരജ്ഞാനമില്ലാത്ത ആട്ടിടയന്മാരും പണ്ഡിതശ്രേഷ്ഠന്മാരായി രുന്ന മൂന്നു പൗരസ്ത്യശാസ്ത്രജ്ഞന്മാരും ക്രിസ്തുവിനെ കണ്ടെത്തിയ തിരുനാളുകളുടെ മധുരസ്മരണ ഇന്നും നമ്മിൽനിന്ന് മാഞ്ഞുപോ യിട്ടില്ലല്ലോ. എന്തുകൊണ്ടാണ് ഈ ഇരുകൂട്ടർമാത്രം ക്രിസ്തുവി നെ കണ്ടെത്തിയത്? കാരണം, അവരിൽ വിജ്ഞാനദാംഭികത്വം ഒട്ടും ഉണ്ടായിരുന്നില്ല. ആട്ടിടയന്മാർ അക്ഷരജ്ഞാനമില്ലാത്തവ രായിരുന്നു; തങ്ങൾ അജ്ഞരാണെന്നുള്ള പൂർണ്ണബോധ്യവും അവ ർക്കുണ്ടായിരുന്നു. തന്നിമിത്തം അവർ ദൈവദൂതന്റെ വാക്കുകൾ വിശ്വസിക്കയും പുൽക്കൂട്ടിലെ ദൈവത്തെ ആരാധിക്കയും ചെയ്തു. കിഴക്കുനിന്നു വന്ന ശാസ്ത്രജ്ഞന്മാർ മഹാ പണ്ഡിതന്മാരായിരുന്നു. പക്ഷേ, അവരുടെ വിജ്ഞാനത്തിൽ വിഭ്രമിച്ചുകൊണ്ടുള്ള ഔദ്ധ ത്യം അവരിൽ തീരെ ഉണ്ടായിരുന്നില്ല. അവർ എളിമയുള്ളവരാ യിരുന്നു; തന്നിമിത്തം ദൈവത്തിന് അവരിൽ ധാരാളം സ്ഥലമു ണ്ടായിരുന്നു. അതുകൊണ്ട് അസാധാരണമായ ഒരു നക്ഷത്രം കണ്ടപ്പോൾ അതിന്റെ സന്ദേശം അവർ ഗ്രഹിച്ചുകൊണ്ടും, നിര വധി ക്ലേശങ്ങളും പരിഹാസങ്ങളും സഹിച്ചുകൊണ്ടും, ഒരു പുൽ ക്കൂട്ടിൽ പിള്ളക്കച്ചകളാൽ പൊതിയപ്പെട്ടു കിടക്കുന്ന ദൈവത്തെ ആ

രാധിക്കുവാൻ അവർ സന്നദ്ധരായി. കുറെ പഠിപ്പും സാമൎത്ഥ്യ-വും ഉണ്ടാകുമ്പോഴേയ്ക്കും അഹംഭാവത്തിൽ വിജൃംഭിക്കയും സൎവ്വ-ജ്ഞപീഠം കയറിക്കഴിഞ്ഞുവെന്നു് വിചാരിക്കയും, താൻ വിജ്ഞാ-നസാഗരത്തിൻെറ കരയിൽ മാത്രമേ എത്തിയിട്ടുള്ളുവെന്നു് സ-വിനയം സമ്മതിച്ചിട്ടുള്ള ഐസക്ക് ന്യൂട്ടനേയും പിന്നിട്ടുകൊ-ണ്ടു്, ആ സാഗരത്തിൻെറ മദ്ധ്യത്തിൽ—പോരാ, മറുകരയിൽ—എത്തിക്കഴിഞ്ഞു എന്നു് ഉൽഘോഷിക്കയും ചെയ്യുന്ന വിജ്ഞാന-ദാംഭികത്വത്തിൻെറ മുമ്പിൽ ദൈവവചനം നിഷ്ഫലമാകുക മാത്ര-മേ ചെയ്കയുള്ളു. ദിവ്യവചനം ഫലപ്രദമാകണമെങ്കിൽ ശ്രോതാ-വു് പ്രാസംഗികനുമായി യോജിച്ചു് സഹാനുഭൂതിയിൽ വൎത്തിക്ക-ണം. "ഇതു് എൻെറ പ്രിയപുത്രനാകുന്നു, ഇവനെ ചെവിക്കൊ-ള്ളുവിൻ" എന്നു് താബോർമലയിൽവെച്ചു് പിതാവു് സാക്ഷ്യം നല്കിയതുപോലെ പ്രസംഗിക്കുന്ന വൈദികനെപ്പററിയും ദൈവം അരുളിച്ചെയ്യുന്നതായി സങ്കല്പിക്കണം; തദനുസാരമുള്ള ബഹുമാ-നാദരവുകളും ആത്മാൎത്ഥതയുമുണ്ടായിരിക്കണം; ഇതിനെല്ലാം യ-ഥാൎത്ഥമായ എളിമ കൂടിയേ കഴിയൂ. ഈ വിശ്വാസവും ബഹു-മാനവും ഇല്ലാത്ത ഹൃദയം പാറപ്പുറംപോലെയായിരിക്കും. നല്ല വിത്താണു് വിളമ്പുന്നതെങ്കിൽ അതു സ്വൎണ്ണത്തളികയിലാണോ മൗയപ്പാത്രത്തിലാണോ എന്നു് പരിശോധിക്കേണ്ട ആവശ്യമി-ല്ലല്ലോ.

പിശാചിൻെറ മററൊരു തന്ത്രം ഇതിലും അപകടപൂൎണ്ണമാ-ണു്. വൈദികർ ചിലപ്പോൾ ദുൎഗ്ഗുണങ്ങളേയും അപഥസഞ്ചാ-രങ്ങളേയും വിശ്വാസരാഹിത്യത്തേയും മററും പ്രതിപാദിച്ചുകൊ-ണ്ടു് പൊതുവായി നല്കുന്ന ചില താക്കീതുകൾ ചില ശ്രോതാക്കൾ വളരെ ഉത്സാഹത്തോടും 'രസ'ത്തോടുംകൂടി കേൾക്കുന്നു. എ-ന്നാൽ ഇതെല്ലാം തങ്ങളെ ബാധിക്കുന്നതാണോയെന്നു് ഇക്കൂട്ടർ ഒരിക്കലും പരിശോധിച്ചുനോക്കാറില്ല. "അച്ചൻ ആ പറഞ്ഞ-

തു് അയാളെപ്പററിയാണു്; ഈ പറഞ്ഞതു് മറേറയാളെക്കുറിച്ചാണു്; ഹാ, നല്ല കണക്കിനു് പററിയിട്ടുണ്ടു്'' എന്നിങ്ങനെ പരദോഷൈകദൃഷ്ടികളായി ചിലർ വിധി പ്രസ്താവിക്കാറുണ്ടു്. ഇവരിൽ എങ്ങനെയാണു് ദൈവവചനം ഫലപ്രദമാകുക? ''നീ ആകുന്നു ആ മനുഷ്യൻ'' എന്നു് നാഥാൻ ദീർഘദർശി ദാവീദിനോടു് പറഞ്ഞതുപോലെ ഒരോരുത്തരും തങ്ങളുടെ വിരലുകളെ തങ്ങളുടെ നേരെത്തന്നെ ചൂണ്ടിക്കൊണ്ടു് സ്വയം കുററപ്പെടുത്തട്ടെ. സ്വയം കുററമററവനാണെന്നു് വല്ലവരും വിചാരിക്കുന്നുണ്ടെങ്കിൽ അവൻ നുണയനാണെന്നു് ദിവ്യോക്തിയുണ്ടല്ലോ. എളിമയുടെ അഭാവംതന്നെയാണു് ഇവിടേയും നാം ദർശിക്കുന്നതു്. പ്രസംഗിക്കുന്ന വൈദികൻ ഒരുപക്ഷേ പരിപൂർണ്ണനല്ലായിരിക്കാം. അദ്ദേഹം അപലപിക്കുന്ന ദുർഗ്ഗുണങ്ങൾതന്നെ അദ്ദേഹത്തിലും കുടികൊള്ളുന്നുണ്ടായിരിക്കാം. എങ്കിലും സ്വന്തം തെററുകൾ നിർമ്മാർജ്ജനം ചെയ്യാനായി ദൃഢനിശ്ചയങ്ങൾ ചെയ്യേണ്ടതായ കടമയിൽനിന്നു് ഇതുകൊണ്ടൊന്നും മോചിക്കപ്പെടുകയില്ല.

വഞ്ചന നിറഞ്ഞ മറെറാരു തന്ത്രവും പിശാചു് പ്രയോഗിക്കാറുണ്ടു്. ദൈവവചനം ചിലർ സന്മനസ്സോടെ ശ്രവിക്കുന്നു; വളരെ നല്ല കാര്യങ്ങളാണു് പ്രസംഗിക്കപ്പെടുന്നതെന്നും അവർ തല കുലുക്കി സമ്മതിക്കുന്നു. എന്നാൽ ''ഇതെല്ലാം സന്യാസികൾക്കും കന്യാസ്ത്രീകൾക്കും ഭക്താത്മാക്കൾക്കുമാണു് അധികം യോജിച്ചതു്. എങ്ങനെയായാലും ഈ ചെറുപ്പകാലത്തുതന്നെ—ജീവിതത്തിന്റെ സുപ്രഭാതത്തിൽതന്നെ—ലോകസുഖങ്ങൾ ഉപേക്ഷിക്കണമോ? കുറെക്കാലംകൂടി ജീവിതസുഖങ്ങൾ അനുഭവിക്കണ്ടതല്ലേ? മനസ്താപവും ജീവിതനവീകരണവുമെല്ലാം പിന്നീടു്—വാർദ്ധക്യം സമീപിക്കുമ്പോൾ— ആകാമല്ലോ'' എന്നിങ്ങനെയുള്ള ഒരു ചിന്താഗതി അവരിൽ കടന്നുകൂടുന്നു; ''ചിന്താകുലതകളാലും

സമ്പത്തുകളാലും ജീവിതസുഖാഭിലാഷങ്ങളാലും" ദൈവവചനം നിഷ്ഫലമായിത്തീരുന്നു. ദൈവം, ആത്മാവു്, പാപം, പുണ്യം, മരണം, നരകം, മോക്ഷം എന്നിങ്ങനെയുള്ള സനാതനതത്വങ്ങളെപ്പററി പ്രസംഗിക്കുന്നതു് പലക്കും ഇഷ്ടകരമല്ലായിരിക്കും—സ്മരിക്കുവാൻ ഇഷ്ടമില്ലാത്ത ചില പരമാൎത്ഥങ്ങളെപ്പററി. പ്രസംഗം 'ബോർ'ആണെന്നും അവർ തട്ടിവിടും, ദുഷ്ടനായ അക്കാബ്‌രാജാവു് ഒരു യുദ്ധത്തിലേപ്പെടുന്നതിനുമുമ്പു് തനിക്കുണ്ടായിരുന്ന നാനൂറു് പുരോഹിതന്മാരോടു് ജയാപജയങ്ങളെക്കുറിച്ചു് ആലോചന നടത്തി. സ്തുതിപാഠകന്മാരായിരുന്ന അവർ രാജാവിനു് വിജയം പ്രവചിച്ചു. സ്വപക്ഷീയനായിരുന്ന ജോസഫാത്തു് രാജാവു് "എന്തുകൊണ്ടാണു് കൎത്താവിന്റെ പ്രവാചകരോടു് ആലോചിക്കാത്തതു്?" എന്നു ചോദിച്ചു. അപ്പോൾ അക്കാബ് പറഞ്ഞു: "കൎത്താവിന്റെ പുരോഹിതനായ മിക്കിയാസിനെ ഞാൻ വെറുക്കുന്നു, കാരണം അയാൾ എനിക്കു് നന്മയല്ല തിന്മയാണു് പ്രവചിക്കുക". എന്നാൽ യഥാൎത്ഥത്തിൽ മിക്കിയാസിന്റെ പ്രവചനംപോലെ അക്കാബ് പരാജിതനാകയും വധിക്കപ്പെടുകയും ചെയ്തു. കള്ളപ്രവാചകന്മാർ നാനൂറല്ല, നാലു ലക്ഷം ഇന്നുണ്ടായിരിക്കും. എന്നാൽ സത്യം പ്രസംഗിക്കുന്ന വൈദികനെയാണു് നാം ശ്രവിക്കേണ്ടതു്. ഫ്രാൻസിലെ 14-ാം ലൂയീസ് രാജാവിനോടു് മാസ്സില്ലൺ (Massillon) മെത്രാൻ അധികാരപൂൎവ്വവും താക്കീതുകൾ നല്കിയും പ്രസംഗിക്കാറുണ്ടായിരുന്നു. ഒരിക്കൽ രാജാവു് ഇപ്രകാരം പറഞ്ഞു: "മററുള്ളവർ പ്രസംഗിക്കുമ്പോൾ എനിക്കു പ്രാസംഗികനോടു് തൃപ്തി തോന്നുകയാണു് പതിവു്. എന്നാൽ, മസ്സില്ലൺ പ്രസംഗിക്കുമ്പോൾ എനിക്കു് എന്നോടുതന്നെ അതൃപ്തി തോന്നു".

# ജറൂസലം ചലോ!

പിന്നെ ഈശോ തന്റെ പന്ത്രണ്ടുപേരെ കൂട്ടിക്കൊണ്ടുപോയി അവരോട് അരുളിച്ചെയ്തു: ഇതാ നാം ഓറശ്ലത്തേക്കു കയറുന്നു. മനുഷ്യപുത്രനെപ്പററി പ്രവാചകന്മാരാൽ എഴുതപ്പെട്ടിരിക്കുന്നവയെല്ലാം നിവൃത്തിയാകും. അവൻ പുറജാതികൾക്കു ഏല്പിക്കപ്പെടും. അവർ അവനെ പരിഹസിക്കയും അവന്റെ മുഖത്തു തുപ്പുകയും, അവനെ ചമ്മട്ടികൊണ്ടു അടിക്കയും, അവമാനിക്കയും കൊല്ലുകയും ചെയ്യും. എന്നാൽ മൂന്നാംദിവസം അവൻ ഉത്ഥാനംചെയ്യും. ഇവയിൽ ഒന്നുപോലും അവർ ഗ്രഹിച്ചില്ല. ഈ വാക്കു അവർക്കു നിഗൂഢമായിരുന്നു. തങ്ങളോടു പറയപ്പെട്ടവ അവർ മനസ്സിലാക്കിയതുമില്ല. അവൻ ഈറിഹോയോടടുത്തപ്പോൾ ഒരു കുരുടൻ ഭിക്ഷയാചിച്ചുകൊണ്ടു വഴിയരികിൽ ഇരുന്നിരുന്നു. കടന്നുപോകുന്ന ജനക്കൂട്ടത്തിന്റെ സ്വരംകേട്ടു: ഇതു ആരാകുന്നു? എന്നു അവൻ ചോദിച്ചു. നസ്രായനായ ഈശോ കടന്നുപോകുന്നു, എന്നു അവർ അവനോടു പറഞ്ഞു. അപ്പോൾ അവൻ: ദാവീദിന്റെ പുത്രനായ ഈശോ! എന്നിൽ കനിയണമെ എന്നു നിലവിളിച്ചു പറഞ്ഞു. ഈശോയുടെ മുമ്പേ പോയിരുന്നവർ, മിണ്ടാതിരിക്കുവാൻ അവനെ ശാസിച്ചു. അവനാകട്ടെ: ദാവീദിന്റെ പുത്രാ, എന്നിൽ കനിയണമെ,എന്നു അധികമായി നിലവിളിച്ചിരുന്നു. അപ്പോൾ ഈശോ നിന്നു', അവനെ തന്റെ അടുക്കൽ കൊണ്ടുവരുവാൻ കല്പിച്ചു. അവൻ അടുത്തുവന്നപ്പോൾ അവനോടു: ഞാൻ നിനക്കു എന്തു ചെയ്യുവാനാണു നീ ആഗ്രഹിക്കുന്നതു'? എന്നു ചോദിച്ചു. അവൻ എന്റെ കർത്താവെ, എനിക്കു കാഴ്ചയുണ്ടാകുവാൻ—എന്നു പറഞ്ഞു. അപ്പോൾ ഈശോ അവനോടു: കാണുക; നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചു എന്നരുളിച്ചെയ്തു. ഉടനെ അവൻ കണ്ടു. അവൻ ദൈവത്തെ സ്തുതിച്ചുകൊണ്ടു അവന്റെ പിന്നാലെ ചെന്നു. (ഇതു) കണ്ട ജനമെല്ലാം ദൈവത്തെ പുകഴ്ത്തുകയും ചെയ്തു.

(അമ്പതാംഞായർ; സുവിശേഷം: ലൂക്കാ: XVIII 31—43.)

ബ്രിട്ടീഷ് മേധാവിത്വത്തിൽനിന്നു ഭാരതത്തെ സ്വതന്ത്രയാക്കുവാനുള്ള ഉൽക്കടമായ ആവേശത്തിൽനിന്നു ഉയിരെടുത്തതും കുബേരകുചേലഭേദമെന്യേ വിദേശങ്ങളിലെ ഇൻഡ്യാക്കാർ അഹമഹമികയാ അണിനിരന്നുകൊണ്ടു സംപുഷ്ടമാക്കിയതുമായ ഇൻഡ്യൻ ദേശീയസേനയെ ( ഐ. എൻ. എ. ) അഭിമുഖീകരിച്ചുകൊണ്ടു നേതാജി സുഭാഷ്ചന്ദ്രബോസ് ഇപ്രകാരം പറഞ്ഞു: "..വൈസറോയി മന്ദിരത്തിൻെറ മുകളിൽ ഇൻഡ്യൻ ദേശീയപതാക പറപ്പിക്കുന്നതുവരെ, നമ്മുടെ സൈന്യത്തിൻെറ വിജയദിനം ദൽഹിയിലെ ചുകപ്പുകോട്ടയിൽ (Red fort) ആഘോഷിക്കുന്നതുവരെ,—ദൽഹിയിലേക്കു മുന്നോട്ട്! ദൽഹി ചലോ!...." ഇന്നത്തെ സുവിശേഷത്തിൽ ദിവ്യരക്ഷകൻ തൻെറ ശിഷ്യഗണങ്ങളെ അഭിമുഖീകരിച്ചുകൊണ്ടു പറയുന്നു, ഇതാ നാം ഓറെശ്ലേത്തേക്കു കയറുന്നു എന്നു'. അതെ, ജീവിതം ഒരു യാത്രയാണ്. ക്ലോക്കിൻെറ സൂചികളെ നോക്കുമ്പോൾ അവ നീങ്ങിക്കൊണ്ടിരിക്കുന്നതായി കണ്ണുകൾക്ക് അനുഭവപ്പെടുന്നില്ലെങ്കിലും, അവ സദാ നീങ്ങിക്കൊണ്ടിരിക്കുന്നുണ്ടെന്നുള്ളതു് ഒരു പരമാർത്ഥമാണല്ലോ. ഇതുപോലെതന്നെ നമ്മുടെ ജീവിതത്തിൻെറ ഓരോ നിമിഷവും നമ്മെ നിത്യത്വത്തോടു് അടുപ്പിക്കുന്നു. "ഇവിടെ നമുക്ക് നിലനില്ക്കുന്ന ഒരു നഗരമില്ല; മറിച്ച്, വരുവാനിരിക്കുന്നതിനെയാണു നാം പ്രതീക്ഷിക്കുന്നതു്" (എബ്രാ XIII 14.) നമ്മുടെ ഹൃദയത്തിൻെറ ഓരോ മിടിപ്പും കുഴിമാടത്തിലേക്കുള്ള അന്ത്യയാത്രയിലെ പെരുമ്പറയടികളാണെന്നു ഒരു കവി പാടിയിരിക്കുന്നതു് വളരെ അർത്ഥവത്താണ്'. എന്നാൽ കുഴിമാടത്തോടുകൂടി എല്ലാം അവസാനിക്കുന്നില്ല: ഒരു സനാതനജീവിതം, ഒരു നിത്യനഗരം, നമ്മെ പ്രതീക്ഷിച്ചിരിപ്പുണ്ട്. ആ നിത്യനഗരമായ ജറുസലത്തേക്കായിരിക്കട്ടെ നമ്മുടെ യാത്ര. ആ നഗരമായിരിക്കട്ടെ നമ്മുടെ ജീവിതലക്ഷ്യം. ആ നിത്യനഗരത്തിൽ നമ്മുടെ ജീവിതവിജയവൈജ

യന്തി പാറിപ്പറക്കുന്നതുവരെ, നമ്മുടെ ജീവിതവിജയം ആ നഗരത്തിലെ അവർണ്ണനീയമായ ആനന്ദാന്തരീക്ഷത്തിൽ സമാഘോഷിക്കുന്നതുവരെയും ജറുസലത്തേക്കു മുന്നോട്ട് — ജറുസലം ചലോ എന്നായിരിക്കട്ടെ നമ്മുടെ മുദ്രാവാക്യം.

ജറുസലം നഗരം രണ്ടെണ്ണമുണ്ട്: ഒന്നു, പുരാതനവും ലൌകികവുമായ ജറുസലംനഗരം—പലസ്തീനായുടെ തലസ്ഥാനനഗരം; മറേറതു്, അഭിനവവും പാരത്രികവുമായ ജറുസലം നഗരം—സ്വർഗ്ഗരാജ്യം. ഇന്നത്തെ സുവിശേഷത്തിൽനിന്ന് നാം മനസ്സിലാക്കേണ്ടതായ ഒരു പ്രധാന സംഗതിയുണ്ട്. അതായതു, പാരത്രികമായ ജറുസലം നാം പ്രാപിക്കണമെങ്കിൽ ലൗകികമായ ജറുസലത്തേക്കു നാം കയറണം. എന്തിനു വേണ്ടി? "ഇതാ! നാം ജറുസലത്തേക്കു കയറുന്നു. മനുഷ്യപുത്രനെപ്പററി പ്രവാചകന്മാരാൽ എഴുതപ്പെട്ടിരിക്കുന്നവയെല്ലാം നിവൃത്തിയാകും. അവൻ പുറജാതികൾക്കു് ഏല്പിക്കപ്പെടും. അവർ അവനെ പരിഹസിക്കയും, അവൻെറ മുഖത്തു് തുപ്പുകയും, അവനെ ചമ്മട്ടികൊണ്ടു അടിക്കയും, അവമാനിക്കയും, കൊല്ലുകയും ചെയ്യും." ആരെങ്കിലും അങ്ങേ ശിഷ്യനാകുവാൻ ആഗ്രഹിക്കുന്നുണ്ടെങ്കിൽ അവനും ഇതെല്ലാം സഹിച്ചേ കഴിയൂ. "എന്നെ അനുഗമിക്കുവാൻ ഇച്ഛിക്കുന്നവൻ സ്വയം പരിത്യജിച്ച് അവൻെറ കുരിശെടുത്തു് എന്നെ അനുഗമിക്കട്ടെ" (മത്താ. XVI 24.) അതുകൊണ്ടാണ് വി. പൗലോസ് ഇപ്രകാരം എഴുതിയിരിക്കുന്നതു്: "മിശിഹായ്ക്കുള്ളവർ തങ്ങളുടെ ശരീരത്തെ അതിൻെറ സകല വികാരങ്ങളോടും ദുരാശകളോടുംകൂടി കുരിശിൽ തറച്ചിരിക്കുന്നു" (ഗാലാ. V 24). നോമ്പുകാലം ആരംഭിക്കുന്ന ഈ സന്ദർഭത്തിൽ ഇതു നമ്മുടെ ഓർമ്മയിൽ സദാ ഉണ്ടായിരിക്കട്ടെ. "ദൽഹി ചലോ" എന്നുൽഘോഷിച്ചുകൊണ്ടുള്ള ഐ. എൻ. എ.യുടെ മുന്നേററത്തിലും ക്ലേശങ്ങൾ മാത്രമാണ് അവരെ തുറിച്ചുനോക്കിയിരുന്നതു്: "...... വി

ശപ്പ്', ദാഹം, നിബ്ബന്ധമായ കല്പനകറം, മരണം—ഇവ മാത്രമേ തല്ക്കാലം എൻെറ കൈയിൽ നിങ്ങറംക്ക തരുവാനുള്ള........വില്ല റ ത്യാഗങ്ങളുടെ കാലം കഴിഞ്ഞുപോയി. അങ്ങെ അററത്തെ ത്യാഗത്തെക്കുറിച്ച് ഞാനും നിങ്ങളും ചിന്തിക്കേണ്ടിയിരിക്കുന്നു" എന്നാണ് നേതാജി ഉൽബോധിപ്പിച്ചതു്. "നിഗന്ന ഞാൻ പട്ടിണിയിടും; നോമ്പുകാലം അവസാനിക്കുന്നതുവരെ ഒരു മിഠായിയോ ഒരു കഷണം കേക്കോ തരികയില്ല" എന്നു ബാലനായ വില്യംഡോയിൽ കണ്ണാടിയുടെ മുമ്പിൽനിന്നു സ്വശരീരത്തെ നോക്കിക്കൊണ്ടുപറഞ്ഞ വാക്കുകറം നമുക്കു മാതൃകാദിപമായിരിക്കട്ടെ.

ഇപ്രകാരം "തങ്ങളുടെ ശരീരത്തെ അതിൻെറ സകല ദുവ്വ്ിഃ കാരങ്ങളോടും ദുരാശകളോടുംകൂടി കുരിശിൽ തറയ്ക്കുന്നവർ" പാരത്രികമായ ജറുസലം പ്രാപിക്കുവാൻ അഹ്ഹരായിത്തീരുന്നു. വെളിപാടിൻെറ പുസ്തകത്തിൽ വി. യോഹന്നാൻ ഈ ജറുസലത്തെ വണ്ണിക്കുന്നുണ്ട്: "പുതിയ ജറുസലം ആകുന്ന വിശുദ്ധനഗരം തൻെറ ഭത്താവിനായി അലങ്കരിച്ചിരിക്കുന്ന മണവാട്ടിയെപ്പോലെ ഒരുങ്ങിയവളായി സ്വഗ്ഗത്തിൽനിന്നു്, ദൈവത്തിൽനിന്നു്, ഇറങ്ങുന്നതു ഞാൻ കണ്ടു. അപ്പോറം സ്വഗ്ഗത്തിൽനിന്നു് ഒരു വലിയ സ്വരം (ഇങ്ങിനെ) പറയുന്നതായി ഞാൻ കേട്ടു. ഇതാ! മനുഷ്യരോടുകൂടി ദൈവത്തിൻെറ കൂടാരം. അവൻ അവരോടുകൂടി വസിക്കും. അവർ അവന്റ് ജനമായിരിക്കും; ദൈവം തന്നെ അവരോടുകൂടി അവക്കു ദൈവമായിരിക്കയും ചെയ്യും. അവരുടെ കണ്ണുകളിൽനിന്നു കണ്ണുനീരെല്ലാം നിലച്ചുപോകും. ഇനി മരണം ഉണ്ടാകയില്ല. കരച്ചിലൊ, മുറവിളിയൊ, ദുഃഖമൊ ഇനി ഉണ്ടാകയില്ല. എന്തെന്നാൽ ആദ്യത്തേവ കടന്നുപോയി." (വെളി. XXI 2—4). ഈ സ്വഗ്ഗീയ ജറുസലമായിരിക്കട്ടെ നമ്മുടെ ജീവിതയാത്രയുടെ പരമലക്ഷ്യം. ഇതിന് നമ്മെ

അഹ്റരാക്കുന്നതിനുവേണ്ടിയാണ് ദൈവം മനുഷ്യനായി അവതരിച്ചതും ക്രൂശുമരണം കൈവരിച്ചതുമെന്നു് നാം പ്രത്യേകം സ്മരിക്കണം. മനുഷ്യന്റെ കണ്ണു കണ്ടിട്ടില്ലാത്തതും ചെവി കേട്ടിട്ടില്ലാത്തതും ഹൃദയത്തിൽ വിചാരിക്കുവാൻപോലും സാദ്ധ്യമല്ലാത്തതുമായ തരത്തിൽ അത്യുച്ച അഭൗമികമായ ആനന്ദത്തിന്റെ നികേതനമാണ് പാരത്രികജറുസലം. ജീവിതത്തിന്റെ ആനന്ദങ്ങളിലും യാതനകളിലും നാം നമ്മുടെ ചിന്തകളെ സ്വർഗ്ഗത്തിലേക്കുയർത്തുവാൻ ശ്രമിക്കണം. (Sursum Corda). "വിശക്കുന്നവയറുള്ളവൻ" എങ്ങനെ സ്വർഗ്ഗത്തെപ്പററി ചിന്തിക്കും എന്നു് 'പുരോഗമന'വാദികൾ ചോദിച്ചേക്കാം. ശരിതന്നെ, വിശപ്പുമാററുവാൻ കഴിവുള്ള എല്ലാ ശ്രമവും വ്യക്തികളും സമുദായവും ചെയ്യേണ്ടതുതന്നെയാണ്. എന്നാൽ വിശപ്പും ക്ലേശങ്ങളും ലോകത്തിൽ ഉണ്ടെന്നുള്ളതുകൊണ്ടു യാഥാർത്ഥ്യം യഥാർത്ഥമാകാതിരിക്കയില്ല. സ്വർഗ്ഗമാണ് നമ്മുടെ ജീവിതലക്ഷ്യമെന്നുള്ള പരമാർത്ഥം എന്നും നിലനില്ക്കും. മാത്രമല്ല, ആദ്ധ്യാത്മികമായ ഒരു ലക്ഷ്യം മനുഷ്യർക്കുണ്ടാകുമ്പോൾ അതുതന്നെ അവരുടെ സ്വാർത്ഥതയെ ദൂരീകരിക്കുന്നതിനും തദ്വാരാ ഇതരന്മാരുടെ സുഖസൌകര്യങ്ങളിൽ പ്രത്യേകം ശ്രദ്ധപതിക്കുന്നതിനും അവരെ പ്രേരിപ്പിക്കുന്നതിനും കാരണമാകയില്ലേ?

അങ്ങനെ വലിയൊരു ജനക്കൂട്ടത്താൽ അനുഗതനായി ക്രിസ്തുനാഥൻ ജറുസലത്തേക്കുപോയി; ഉത്ഥാനശേഷം നാല്പതാംദിവസം പാരത്രികജറുസലത്തേക്കും. അന്നുമുതൽ ഇന്നുവരേയും ലക്ഷോപലക്ഷം ജനങ്ങൾ ക്രിസ്തുവിനെ അനുഗമിച്ചുകൊണ്ടും "ജറുസലം ചലോ" എന്നുൽഘോഷിച്ചുകൊണ്ടും ജീവിതയാത്ര നിവ്വഹിച്ചശേഷം സ്വർഗ്ഗഭാഗ്യത്തിൽ എത്തിച്ചേരുന്നുണ്ടു്. എന്നാൽ ജനക്കൂട്ടത്തിൽ ചേർന്നുകൊണ്ടു അങ്ങയെ അനുഗമിക്കുവാൻ സാധിക്കാതിരുന്ന ഒരു കരുടന്റെ ചിത്രവും ഇന്നത്തെ സുവിശേഷത്തിൽ

നാം കാണുന്നുണ്ട്. "അവൻ ഈറിഹോയ്ക്കടുത്തപ്പോൾ ഒരു കുരുടൻ ഭിക്ഷ യാചിച്ചുകൊണ്ടു വഴിയരികിൽ ഇരുന്നിരുന്നു." പാപം നിമിത്തമുള്ള കുരുടത്വം ഒരുവനെ ജനക്കൂട്ടത്തോടുകൂടി ക്രിസ്തുവിനെ അനുഗമിക്കുവാൻ അശക്തനാക്കുന്നു. മാരകമായ പാപംമൂലം പ്രസാദവരം നഷ്ടപ്പെടുത്തിയിട്ടുള്ളവൻ വീണ്ടും അത് സംപ്രാപിക്കാതെ സ്വർഗ്ഗോന്മുഖമായ ഈ ജൈത്രയാത്രയിൽ പങ്കെടുക്കുവാൻ പാടില്ല. അവിശ്വാസികളും ദുഷ്ടന്മാരുമായുള്ള സമ്പർക്കംമൂലവും ചില ഗ്രന്ഥങ്ങളുടേയും പത്രങ്ങളുടേയും പാരായണംനിമിത്തവും, പാപത്തിൽ ആമഗ്നമായ ഒരു ജീവിതംകൊണ്ടും വിശ്വാസത്തിന്റെ കണ്ണുകൾ നഷ്ടപ്പെട്ടിട്ടുള്ളവർ ഇന്നു ധാരാളമുണ്ട്. "തിന്മയെ നന്മയെന്നും നന്മയെ തിന്മയെന്നും വിളിക്കയും വെളിച്ചത്തിനു പകരം ഇരുട്ടും, ഇരുട്ടിനുപകരം വെളിച്ചവും കാണിക്കയും, കയ്പുള്ളതിനെ മധുരമായും മധുരമായതിനെ കയ്പുള്ളതായി മാററുകയും ചെയ്യുന്ന നിങ്ങൾക്കു ശാപം എന്നുള്ള ഏശയ്യാ ദീർഘദർശി (V–20) യുടെ ശാപവാക്യം അർഹിക്കത്തക്കവിധത്തിൽ ആദ്ധ്യാത്മികമായ അന്ധത ഭവിച്ചിട്ടുള്ളവരും ഇന്നു പലരുണ്ട്. കുരുടൻ "ഇരുന്നിരുന്നു" എന്നു സുവിശേഷത്തിൽ പറയുന്നു. നില്ക്കുവാനും നടക്കുവാനും അവനു കാലുകൾ ഉണ്ടായിരുന്നില്ലേ? ഉവ്വ്. പക്ഷെ അതിനു കാഴ്ചയുംകൂടി ആവശ്യമാണല്ലൊ. പാപിയും പാപത്തിൽ തന്നെ "ഇരിക്കുന്നു." ജീവിതനവീകരണവും മാനസാന്തരവുമെല്ലാം അവനു വളരെ വിഷമമായി തോന്നുന്നു. ധനപ്രമത്തതയെപ്പററി ക്രിസ്തു നല്കിയിട്ടുള്ള ശാപവാക്യങ്ങളും താക്കീതുകളും ഒരു ധനവാൻ കേൾക്കുന്നുണ്ടെങ്കിലും അവന്റെ മനസ്സിന് യാതൊരു പരിവർത്തനവും സംഭവിക്കുന്നില്ല. മദ്യപാനത്തിന്റെ നിന്ദ്യതയെപ്പററിയുള്ള ഉൽബോധനങ്ങൾ ശ്രവിക്കുന്ന ഒരു മദ്യപൻ തന്റെ ദുസ്ഥഴക്കത്തെ ജയിക്കുവാൻ ശ്രമിക്കുന്നില്ല. അശുദ്ധപാപത്തിന്റെ മാലിന്യത്തെ വെട്ടിത്തുറന്നു കാണിച്ചാലും വിഷയാസക്തൻ ജീവിതനവീകരണത്തിനായി ശ്രമിക്കുന്നില്ല. നീതി, പരി

ഹാരം "ഉത്തരിപ്പു"കടം, എന്നിവയെപ്പററിയുള്ള ഉപദേശങ്ങ
ളെല്ലാം പലരും തീരെ അവഗണിക്കയും ചെയ്യുന്നു. ചില പാപി
കൾ ഇപ്രകാരം പറഞ്ഞുകൊണ്ടു സ്വയം സംതൃപ്തരാകുന്നുണ്ടായി
രിക്കാം: "ലോകത്തിൽ വളരെപേർ എന്നെപ്പോലെ ജീവിക്കുന്നു
ണ്ടു്; ഇതൊക്കെ പതിവാണ് എല്ലായിടത്തും; അതിൽ അത്ര അ
ബദ്ധമൊന്നുമില്ല; ദൈവം എന്നെ നിത്യശിക്ഷയ്ക്കു വിധിക്കയാ
ണെങ്കിൽ, ആരാണു് രക്ഷപ്രാപിക്കാനുണ്ടാകുക; മനുഷ്യബലഹീ
നതയല്ലേ? ദൈവം കരുണയുള്ളവനാണു് ......" ഇതിലെ
പരമാബദ്ധങ്ങളെല്ലാം സുവിദിതമാണല്ലോ. സ്വർഗ്ഗത്തെ ലക്ഷ്യ
മാക്കിക്കൊണ്ടുള്ള യാത്രയിൽ നാമും പങ്കുചേരുന്നില്ലെങ്കിൽ നി
ത്യനാശമായിരിക്കും ഫലം. അതിനായി നമ്മുടെ പാപാന്ധത
മാറിക്കിട്ടുവാൻ ക്രിസ്തുവിനോടു നാം യാചിക്കണം, "ദാവീദിൻെറ
പുത്രാ എന്നിൽ കനിയേണമെ." പശ്ചാത്താപവും, നല്ല കുമ്പ
സാരവും, കുറെ പ്രായശ്ചിത്തപ്രവൃത്തികളും നമുക്കു സ്ഥായിയായ
കാഴ്ചശക്തി നല്കും. അങ്ങനെ ക്രിസ്തുവിനോടുകൂടി ജീവിതയാത്ര
നിർവ്വഹിക്കുവാൻ നാം പ്രാപ്തരാകും. ജറുസലം ചലോ!

---

# ആത്മാവിൻെറ പട്ടിണി

അപ്പുറം ഈശോ പിശാചിനാൽ പരീക്ഷിക്കപ്പെടുവാൻവേണ്ടി
പരിശുദ്ധാത്മാവിനാൽ മരുഭൂമിയിലേക്കു കൂട്ടിക്കൊണ്ടുപോകപ്പെട്ടു.
അവൻ നാല്പതു് പകലും നാല്പതു് രാവും ഉപവസിച്ചു. ഒടുവിൽ
അവനു വിശന്നു. പരീക്ഷകൻ അടുത്തുചെന്നു് അവനോടു്: നീ
ദൈവപുത്രനാകുന്നുവെങ്കിൽ ഈ കല്ലുകൾ അപ്പമായിത്തീരുവാൻ
കല്പിക്കുക എന്നു പറഞ്ഞു. അവൻ ഉത്തരമായി: മനുഷ്യൻ അപ്പം

കൊണ്ടു മാത്രമല്ല, ദൈവത്തിൻെറ വായിൽനിന്നു പുറപ്പെടുന്ന സകല വചനംകൊണ്ടുമാകുന്നു ജീവിക്കുന്നതു്, എന്നെഴുതപ്പെട്ടിരിക്കുന്നു എന്നരുളിച്ചെയ്തു. അപ്പോൾ പിശാചു് വിശുദ്ധ നഗരത്തിലേക്കു അവനെ കൂട്ടിക്കൊണ്ടുപോയി ദേവാലയത്തിൻെറ അഗ്രത്തിൽ നിറുത്തിക്കൊണ്ടു്: നീ ദൈവപുത്രനാകുന്നുവെങ്കിൽ താഴേക്കു ചാടുക; അവൻ നിന്നെക്കുറിച്ച് തൻെറ ദൂതന്മാരോടു് കല്പിച്ചുവെന്നും, നിൻെറ കാൽ കല്ലിന്മേൽ ഉതയ്ക്കാതിരിക്കുവാൻ അവർ തങ്ങളുടെ കൈകളിൽ നിന്നെ താങ്ങുമെന്നും എഴുതപ്പെട്ടിരിക്കുന്നുവല്ലോ എന്നു പറഞ്ഞു. ഈശോ അവനോടു്: നിൻെറ ദൈവമായ കർത്താവിനെ നീ പരീക്ഷിക്കരുതു് എന്നു കൂടേയും എഴുതപ്പെട്ടിരിക്കുന്നു എന്നരുളിച്ചെയ്തു. പിന്നെ പിശാചു ഏററവും ഉയൎന്ന ഒരു മലയിലേക്കു് അവനെ കൂട്ടിക്കൊണ്ടുപോയി, ലോകത്തിലെ സകല രാജ്യങ്ങളും അവയുടെ മഹത്വവും കാണിച്ചു, അവനോടു്: നീ വീണു് എന്നെ ആരാധിക്കുമെങ്കിൽ ഇവയെല്ലാം ഞാൻ നിനക്കു തരാം എന്നു പറഞ്ഞു. അപ്പോൾ ഈശോ അവനോടു്: സാത്താനെ നീ പോകുക; നിൻെറ ദൈവമായ കർത്താവിനെ നീ ആരാധിക്കണം, അവനെ മാത്രം നീ സേവിക്കണം എന്നെഴുതപ്പെട്ടിരിക്കുന്നു എന്നരുളിച്ചെയ്തു. അപ്പോൾ പിശാചു് അവനെ വിട്ടുപോയി. ഇതാ! ദൈവത്തിൻെറ ദൂതന്മാർ അടുത്തുചെന്നു് അവനു് ശുശ്രൂഷചെയ്തു.

(നോമ്പു് 1-ാം ഞായർ; സുവിശേഷം മത്താ. IV 1—11.)

ഇന്നു ലോകത്തിലെ ദുരന്തദുരിതങ്ങൾക്കും കൊടുംയാതനകൾക്കും നിദാനമായിരിക്കുന്ന ഒരു പ്രധാന സംഗതി പട്ടിണിപ്പിശാചാണു്. കൊടുമ്പിരിക്കൊണ്ടിരിക്കുന്ന വിവിധങ്ങളായ രാഷ്ട്രീയപ്രശ്നങ്ങളിൽ നേതാക്കന്മാരെ നക്ഷത്രമെണ്ണിക്കുന്നതു് ഭക്ഷണപ്രശ്നമാണു്. ഒരു ഭക്ഷ്യവകുപ്പും, അതിനൊരു മന്ത്രിയും, ഭക്ഷ്യോല്പാദനത്തിനുള്ള ഉദ്യോഗസ്ഥന്മാരും, നെല്ലെടുപ്പും, റേഷനിംഗും —എല്ലാം ഈ പ്രശ്നത്തെ പരിഹരിക്കുന്നതിനുള്ള ഉൽക്കണ്ഠാഭരിതമായ പരിശ്രമങ്ങളുടെ പ്രകടനങ്ങളാണു്. എല്ലാവൎക്കും ഭക്ഷിക്കണം; അങ്ങനെ എല്ലാവൎക്കും ജീവിക്കണം. കുചേലകുബേര

ഭേദമെന്യേ ഓരോ പൗരനും ജീവസന്ധാരണത്തിനാവശ്യമായ ഭക്ഷണം ലഭിക്കണം. ഇതു സാധിച്ചുകൊടുക്കുന്ന ഭരണമേ ഭരണമാകൂ. നാട്ടിൽ ക്ഷേമൈശ്വര്യങ്ങൾ കളിയാടണമെങ്കിൽ— പോരാ, നാടു നിലനില്ക്കണമെങ്കിൽ—പട്ടിണിയെ വിപാടനംചെയ്തേ കഴിയൂ. ഓരോരുത്തൻേറയും ബുദ്ധിയിലും മനസ്സിലും മജ്ജയിലും തുളച്ചുകയറേണ്ട പരമാർത്ഥങ്ങളാണു് ഇവയെല്ലാം. എന്നാൽ, അതേസമയംതന്നെ, മറെറാരു പരമാർത്ഥം നാം മറന്നുകളയരുതു്. അതെന്താണു്? "മനുഷ്യൻ അപ്പംകൊണ്ടു് മാത്രമല്ല ജീവിക്കുന്നതു്; പ്രത്യുത ദൈവത്തിൻെറ വായിൽനിന്നും പുറപ്പെടുന്ന സകല വചനംകൊണ്ടുമാകുന്നു" എന്നുള്ള ദിവ്യപ്രബോധനമാണതു്. പട്ടിണിയിൽ എരിപൊരികൊള്ളുന്നവരിൽനിന്നും പാറിപ്പറക്കുന്ന വിപ്ലവസ്ഫുലിംഗങ്ങൾ രക്തച്ചൊരിച്ചിലിനേയും വിദ്വേഷത്തേയും ആളിക്കത്തിച്ചുകൊണ്ടിരിക്കുന്ന ഒരന്തരീക്ഷത്തിലും ഈ പരമാർത്ഥം ഒരു പരമാർത്ഥമായിത്തന്നെ നിലകൊള്ളും. 1951-ൽ ഇന്ത്യാരാജ്യം ഭക്ഷണവിഷയത്തിൽ സ്വയം പര്യാപ്തത നേടിക്കഴിയണമെന്നു് അഭിലഷിക്കയും ആഹ്വാനം നല്കുകയുംചെയ്ത പ്രധാനമന്ത്രി നെഹ്റു ചുടുകണ്ണുനീരോടെ യഥാർത്ഥ്യങ്ങളെ അഭിമുഖീകരിക്കുമ്പോൾ മനസ്സിലാക്കും മനുഷ്യൻ ജീവിക്കേണ്ടതു് ദൈവവചനംകൊണ്ടുകൂടിയാണെന്നു്. കരിഞ്ചന്തയും പൂഴ്ത്തിവയ്പും കൈക്കൂലിയും കീശവീർപ്പിക്കലും നഗ്നമായി നടമാടുമ്പോൾ എങ്ങനെ എല്ലാവർക്കും ഭക്ഷണം ലഭിക്കും? നല്ലവനായ ദൈവം എല്ലാവർക്കും ജീവസന്ധാരണത്തിനാവശ്യമായ ഭക്ഷ്യവിഭവങ്ങൾ ഭൂമിയിൽ നിക്ഷേപിച്ചിട്ടുണ്ടു്. തൻെറ കുഞ്ഞുമക്കളിൽ ഒരുവൻപോലും പട്ടിണിയാൽ മരിക്കുന്നതിനു് അവിടുന്നാഗ്രഹിക്കുന്നില്ല. വായ്കീറിയ അങ്ങുന്നു് ഇരയും കല്പിച്ചിട്ടുണ്ടു്. എന്നാൽ അമേരിക്കയിൽ, വിലയിടിച്ചിൽ വരാതിരിപ്പാനായി, ധാന്യക്കൂമ്പാരങ്ങൾ ദഹിപ്പിച്ചുകളകയും അതേസമയം ഇതരരാജ്യങ്ങളിലെ ജനങ്ങൾ ധാന്യങ്ങൾ ലഭിക്കാതെ പട്ടിണികിടന്നു ക്ലേശിക്കയും ചെയ്യുന്നതു

കാണുമ്പോൾ—ഒരുകൂട്ടം ജനങ്ങൾ വിഭവസമൃദ്ധിയിൽ മുങ്ങിക്കുളിക്കയും ഇതരന്മാർ പട്ടിണിയാകുന്ന മണലാരണ്യത്തിൽ എരിപൊരികൊള്ളുകയും ചെയ്യുന്നതു കാണുമ്പോൾ—മനുഷ്യൻ ജീവിക്കേണ്ടതു് ദൈവവചനംകൊണ്ടുകൂടെയാണെന്നുള്ള പരമാൎത്ഥം എത്രമാത്രം അവഗണിക്കപ്പെടുന്നുണ്ടെന്നു് വ്യക്തമാകുന്നുണ്ടു. സകല മനുഷ്യരും ദിവ്യസൂക്തങ്ങളാൽ പരിപോഷിപ്പിക്കപ്പെടുന്നവരാണെങ്കിൽ ശാരീരികമായ പട്ടിണിയും ഇന്നു ലോകത്തിൽനിന്നും ഉന്മൂലനം ചെയ്യപ്പെടുമായിരുന്നില്ലേ? ആത്മാവിന്റെ ഭക്ഷണമായ ദിവ്യവചസ്സുകൾ സ്വാൎത്ഥതയേയും അനീതിയേയും ധനതൃഷ്ണതയേയും വിപാടനംചെയ്യും; അപ്പോൾ പട്ടിണിയും അന്തർദ്ധാനം ചെയ്യും. "വിജയതടാക" (Lake Success)ത്തിൽ പരാജയമടഞ്ഞുപോകുന്ന കൂടിയാലോചനകളും വെറും കടലാസ്സുകളിൽമാത്രം നിത്യവിശ്രമംകൊള്ളുന്ന സാമ്പത്തികപദ്ധതികളും, അവിശ്രമപരിശ്രമങ്ങൾ നടത്തിക്കൊണ്ടിരിക്കുന്ന ഭക്ഷ്യസമിതികളും വിജയം വരിക്കയും മനുഷ്യരാശിക്കു ഉപകാരപ്രദങ്ങളാകയും ചെയ്യണമെങ്കിൽ ഇവയെല്ലാം ആസൂത്രണം ചെയ്യുന്നവരും നടപ്പിലാക്കുന്നവരും ഇവ അനുസരിക്കേണ്ടവരും ദൈവവചനത്തിൽ പോഷിപ്പിക്കപ്പെടുന്നവരായിരിക്കണം. സമത്വം, സ്വാതന്ത്ര്യം, സാഹോദര്യം എന്നീ വിശിഷ്ടതത്വങ്ങൾ മനുഷ്യരിൽ പുറമേനിന്നു അടിച്ചേല്പിക്കയോ കുത്തിത്തുളച്ചുകയറ്റുകയോ ചെയ്യേണ്ടവയല്ല; പ്രത്യുത മനുഷ്യരുടെ ഉള്ളിൽനിന്നു, ഹൃദയത്തിൽനിന്നു, ബുദ്ധിയിൽനിന്നു് കിളിൎത്തു വളൎന്നു തഴച്ചുവളരേണ്ടയാണു്. ഇതു സാധിക്കണമെങ്കിൽ ഓരോരുത്തനും ദൈവവചനത്താൽ പോഷിപ്പിക്കപ്പെടേണ്ടിയിരിക്കുന്നു.

ധനത്തിന്റെ മഞ്ജീരശിഞ്ജിതത്തിൽ രസം തേടുന്നവരും സുഖസമൃദ്ധിയിൽ ആറാടുന്നവരുമായ ചിലർ ആത്മഹത്യചെയ്യുന്നതു് നാം കണ്ടിട്ടുണ്ടു്; വേറെചിലർ നിരാശയുടെ നെല്ലിപ്പടിയിൽ നിപതിച്ചും യാതൊരു ലക്ഷ്യവുമില്ലാത്ത ഒരു_അഴഞ്ഞ

ജീവിതം നയിച്ചും ജീവിതത്തിൽ എന്തെന്നില്ലാത്ത ശൂന്യതയും വരാംച്ചയും അനുഭവിച്ചും അങ്ങനെ നികൃഷ്ടമായ ജീവിതം നയിക്കുന്നു. ഹൃദയശൂന്യതയിൽനിന്നും നിരാശയിൽനിന്നും രക്ഷപ്രാപിക്കുവാൻവേണ്ടി അവർ വിനോദങ്ങളിലും മദ്യപാനത്തിലും സുഖഭോഗങ്ങളിലും മുങ്ങിക്കുളിച്ചുനോക്കുന്നു. എന്നാൽ യാതൊരു പ്രയോജനവുമില്ല. കാരണം? അവൎക്ക സമൃദ്ധിയായി ഭക്ഷിക്കുവാൻ ലഭിക്കുന്നില്ലേ? ഉണ്ട്. പക്ഷെ, "മനുഷ്യൻ അപ്പംകൊണ്ടു മാത്രമല്ല ജീവിക്കുന്നതു; പ്രത്യുത, ദൈവത്തിൽനിന്നു പുറപ്പെടുന്ന സകല വചനങ്ങൾകൊണ്ടുമാകുന്നു" എന്നുള്ള തത്വം അവർ പ്രവൃത്തിയിലേക്കു പകൎത്തിയിട്ടില്ല. മനുഷ്യനിൽ ശാരീരികാംശം മാത്രമല്ല ആദ്ധ്യാത്മികാംശവുംകൂടിയുണ്ട്. ഭക്ഷ്യപേയങ്ങൾ ലഭിച്ചാൽ ശാരീരികാംശം തൃപ്തിയടഞ്ഞുകൊള്ളും. എന്നാൽ ആത്മാവ് പരിപോഷിപ്പിക്കപ്പെടണമെങ്കിൽ ദൈവവചനമായ ഭക്ഷണം അതിന് ലഭിക്കണം; അല്ലെങ്കിൽ അതു ക്ഷീണിച്ചും തളൎന്നും ക്രമേണ മൃത്യുവിനിരയാകും. അപ്പോൾ മനുഷ്യൻ വെറും ഒരു മൃഗമായിത്തീരുന്നു. ആത്മഹത്യയെന്നല്ല വലിയ അക്രമങ്ങളും പാതകങ്ങളും ചെയ്യാൻ അവനു യാതൊരു സങ്കോചവുമുണ്ടാകയില്ല. ആത്മാവിന്റെ ഈ പട്ടിണിയെപ്പററി നാം ചിന്തിക്കാറുണ്ടോ?

ആദ്ധ്യാത്മികമായ ജീവിതം നയിക്കുന്നതിന് ദൈവവചനം ഒരു അവശ്യോപാധിയാണ്. "രക്ഷയുടെ കവചവും ദൈവവചനമാകുന്ന ആദ്ധ്യാത്മികഖഡ്ഗവും നിങ്ങൾ ധരിക്കുവിൻ" എന്നു വി. പൗലോസ് അപ്പസ്തോലൻ നമ്മെ ഉപദേശിക്കുന്നു. പിശാചിനോടുള്ള പോരാട്ടത്തിലും പ്രലോഭനങ്ങളെ എതിരിടുന്നതിലും ദൈവവചനമാണ് നമ്മുടെ ആയുധം. ഇന്നത്തെ സുവിശേഷത്തിൽ ദിവ്യരക്ഷകൻതന്നെ നമുക്കു ഇക്കാൎയ്യത്തിൽ മാതൃക നല്കുന്നുണ്ട്. പൈശാചികപ്രലോഭനങ്ങളെ ഓരോന്നിനേയും തട്ടിനീക്കുന്നതിനായി ദൈവവചനങ്ങളെയാണ് അവിടുന്ന് ആയു

ധമാകുന്നതു്. അഹംഭാവത്തിന്റേയും ഔദ്ധത്യത്തിന്റേയും അസ്ത്രങ്ങൾ ചീറിയടുക്കുമ്പോൾ "ഞങ്ങൾക്കല്ല, കർത്താവേ, ഞങ്ങൾക്കല്ല; പ്രത്യുത, അങ്ങേ തിരുനാമത്തിനു കീർത്തിയുണ്ടാകട്ടെ" എന്നു രാജകീയ പ്രവാചകനോടുകൂടി പറഞ്ഞുകൊണ്ടു് നാം അവയെ തട്ടിത്തോല്പിക്കണം. അമിതമായ ധനതൃഷ്ണ നമ്മെ അലട്ടുമ്പോൾ "ഒരുവൻ ലോകം മുഴുവൻ നേടിയാലും അവന്റെ ആത്മാവു് നശിക്കുന്നുവെങ്കിൽ അവനെന്തു പ്രയോജനം" എന്ന വാക്യം നമ്മെ സഹായിക്കട്ടെ. അശുദ്ധങ്ങളായ ആഗ്രഹങ്ങൾ നമ്മിൽ തിളച്ചുമറിയുമ്പോൾ "ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ; എന്തുകൊണ്ടെന്നാൽ അവർ ദൈവത്തെ കാണും." എന്ന വാക്യമോ; "എന്റെ ദൈവത്തിന്റെ സന്നിധിയിൽവച്ചു് എനിക്കു് എങ്ങനെ പാപം ചെയ്വാൻ കഴിയും" എന്ന സൂസന്നയുടെ വാക്യമോ നാം സ്മരിക്കണം. ധനനഷ്ടം, ആരോഗ്യനഷ്ടം, ഇഷ്ടജനനഷ്ടം എന്നിവയാൽ നാം അക്ഷമരായിത്തീരുമ്പോൾ "കർത്താവു് തന്നു, കർത്താവു് തന്നെ എടുത്തു: അങ്ങേ തിരുനാമം വാഴ്ത്തപ്പെട്ടതാകട്ടെ" എന്നു പൂർവ്വപിതാവായ യോബിനോടുകൂടെ നമുക്കും പറയാം. ദൈനംദിനമുള്ള ജീവിതക്ലേശങ്ങളോടു മല്ലിട്ടും പലതരക്കാരായ മനുഷ്യരോടു ഇടപെട്ടും ക്ഷീണചിത്തനും അസ്വസ്ഥനുമായി തിരിച്ചുവരുന്ന ഒരുവൻ അല്പസമയം പ്രശാന്തമായ ഏകാന്തതയിൽ ഒരു ദിവ്യഗ്രന്ഥം പാരായണം ചെയ്യട്ടെ; അനല്പമായ മനശ്ശാന്തി അവനു അനുഭവപ്പെടാതിരിക്കയില്ല; ദിവ്യഗ്രന്ഥങ്ങളിലേയും വിശുദ്ധന്മാരുടെ ജീവചരിത്രങ്ങളിലേയും ദിവ്യമാതൃകകൾ അവനെ ഉത്തേജിപ്പിക്കാതിരിക്കയില്ല.

ശാരീരികഭക്ഷണം നാം ദിവസേന രണ്ടും മൂന്നും പ്രാവശ്യം അനുഭവിക്കുന്നുണ്ടല്ലോ. എന്നാൽ ആത്മാവിന്റെ ഭക്ഷണമായ ദൈവവചനം വായിച്ചനുഭവിക്കുന്നതിനും, ഹൃദിസ്ഥമാക്കുന്നതിനും നാം എത്രമാത്രം പരിശ്രമിക്കുന്നുണ്ടു്? ക്രിസ്തുമതത്തിന്റെ അടിസ്ഥാനഗ്രന്ഥമായ ബൈബിളിന്റെ ഒരു പ്രതി ഇല്ലാത്ത ക്രി

സ്തീയ കുടുംബങ്ങൾ നിരവധിയില്ലേ? കുട്ടികൾക്കു സ്കൂൾപുസ്തകങ്ങൾക്കായി വർഷംതോറും ഇരുപതും മുപ്പതും രൂപ ചെലവിടുന്ന അനേകം കത്തോലിക്കാകുടുംബങ്ങൾ ഉണ്ട്; വീട്ടുസാമഗ്രികൾക്കു വേണ്ടിയും നിരവധി പണം അവർ മടികൂടാതെ ചെലവു ചെയ്യുന്നുണ്ട്. എന്നാൽ ഒരു വേദപുസ്തകമോ, മററു വല്ല ആദ്ധ്യാത്മികഗ്രന്ഥങ്ങളോ വാങ്ങേണ്ട കാര്യം വരുമ്പോൾ അവർക്കു പണമില്ല! വാങ്ങിയാൽ മാത്രംപോരാ, അവയെ ശരിയായി ഉപയോഗിക്കുകയും വേണമെന്നുള്ളതും പ്രത്യേകം പറയേണ്ടതില്ലല്ലൊ. പലവീടുകളിലും അലമാരയുടെ ഒരു കോണിൽ പൊടിപുരണ്ടുകിടക്കുന്ന ആദ്ധ്യാത്മികഗ്രന്ഥങ്ങൾ ഇക്കാര്യത്തിലുള്ള നമ്മുടെ അനാസ്ഥയെ വിളിച്ചറിയിക്കുന്നുണ്ട്. ഹൈന്ദവപുരാണങ്ങളും "ഇസ"ങ്ങളും, സിനിമാതാരങ്ങളുടെ ജീവചരിത്രങ്ങളും മററും ആകാംക്ഷയോടെ പഠിച്ചുകൊണ്ടു വീട്ടിലേക്കു വരുന്ന സ്വസന്താനങ്ങൾക്കു ദൈവവചനമാകുന്ന ആദ്ധ്യാത്മികഭക്ഷണം നല്കുവാൻ കാരണവർ ശ്രമിക്കുന്നില്ലെങ്കിൽ വലിയ നാശമായിരിക്കും ഫലം. വേദപുസ്തകവും മററു സൽഗ്രന്ഥങ്ങളും എല്ലാവരും കൂടിയിരുന്നു് വായിക്കുന്ന പതിവു് ഓരോ കുടുംബത്തിലും സംജാതമാകണം. കുട്ടികൾ വായിച്ചുകൊള്ളട്ടെ; അക്ഷരാഭ്യാസമുള്ളവരാണല്ലൊ വളർന്നുവരുന്ന തലമുറ. ജോലിചെയ്തു് ക്ഷീണിച്ചിട്ടുണ്ടെങ്കിൽ കിടന്നുകൊണ്ടെങ്കിലും ദൈവവചനം ശ്രവിക്കുക. ഭക്തഗ്രന്ഥങ്ങളുടെ പാരായണം കുടുംബങ്ങളിലെ ഒരു അനുദിനചടങ്ങായിത്തീരട്ടെ.

---

# ഭൗമിക പറുദീസ

പിന്നെ ആറു ദിവസങ്ങൾക്കുശേഷം ഈശോ കേപ്പായേയും യാക്കോബിനേയും അവന്റെ സഹോദരനായ യോഹന്നാനേയുംകൂട്ടി അവരെ തനിച്ചു് ഉയർന്ന ഒരു മലയിൽ കയററിക്കൊണ്ടുപോയി

ഈശോ അവരുടെ മുമ്പിൽ രൂപാന്തരപ്പെട്ടു; അവൻെറ മുഖം സൂര്യനെപ്പോലെ പ്രകാശിച്ചു; അവൻെറ വസ്ത്രങ്ങൾ വെളിച്ചംപോലെ ധവളമായി. മൂശയും ഏലിയായും അവനോടു സംസാരിക്കുന്നതായും അവക്കു കാണപ്പെട്ടു. കേപ്പാ ഉത്തരമായി ഈശോയോട്: എൻെറ കത്താവേ, നാം ഇവിടെ ഇരിക്കുന്നതു നല്ലതാകുന്നു. നിനക്കു ഇഷ്ടമുണ്ടെങ്കിൽ ഞങ്ങൾ ഇവിടെ മൂന്നു കൂടാരങ്ങളുണ്ടാക്കാം; ഒന്നു നിനക്കും, ഒന്നു മൂശയ്ക്കും, ഒന്നു ഏലിയായിക്കും എന്നു പറഞ്ഞു. അവൻ സംസാരിച്ചുകൊണ്ടിരിക്കുമ്പോൾതന്നെ ഇതാ! പ്രകാശമുള്ള ഒരു മേഘം അവരെ മറച്ചു. മേഘത്തിൽനിന്ന്: എനിക്കു പ്രസാദിച്ചിരിക്കുന്ന എൻെറ പ്രിയ പുത്രൻ ഇവനാകുന്നു; ഇവൻെറ വാക്കു കേൾക്കുവിൻ എന്നു പറയുന്ന ഒരു സ്വരമുണ്ടാകുകയും ചെയ്തു. ശിഷ്യന്മാർ ഇതുകേട്ടു കമിഴ്ന്നു വീണു, അവർ വളരെ ഭയപ്പെട്ടു. അപ്പോൾ ഈശോ അവരുടെ അടുക്കൽവന്ന് അവരെ തൊട്ട്: എഴുന്നേല്ക്കുവിൻ, നിങ്ങൾ ഭയപ്പെടേണ്ടാ എന്നരുളിച്ചെയ്തു. അവർ കണ്ണുകൾ ഉയത്തി; ഈശോയെ മാത്രമല്ലാതെ ആരേയും കണ്ടില്ല. അവർ മലയിൽനിന്ന് ഇറങ്ങുമ്പോൾ ഈശോ അവരോട്: മനുഷ്യപുത്രൻ മരിച്ചവരിൽനിന്ന് ഉയിത്തെഴുന്നേല്ക്കുന്നതുവരെ ഈ കാഴ്ച ആരോടും നിങ്ങൾ പറയരുത് എന്ന് അവരോടു കല്പിച്ചു.

(നോമ്പ് 2-ാംഞായർ; സുവിശേഷം: മത്താ. XVII, 1–9.)

മണ്ണിൽ വിണ്ണിനെ നിമ്മിക്കുവാൻ—ഭൂമിയിൽ ഒരു സ്വർഗ്ഗം കെട്ടിപ്പടുക്കുവാൻ—മനുഷ്യരാശി എപ്പോഴും ആഗ്രഹിച്ചിട്ടുണ്ടെന്നു ലോകചരിത്രത്തിൻെറ ഏടുകൾ സാക്ഷ്യം നല്കുന്നുണ്ട്. ആദിമാതാപിതാക്കന്മാരുടെ അധഃപതനത്തോടുകൂടി യഥാത്ഥമായ ഭൗമികപറുദീസാ അന്തർദ്ധാനംചെയ്തു. അതിനുശേഷം ലോകത്തെ ഒരു നാകമാക്കിത്തീക്കുവാൻ പലരും ശ്രമിച്ചുനോക്കി. എന്നാൽ വെറും ആദശലോകത്തിൽ —ഭാവനാപരമായ സങ്കല്പങ്ങളിൽ— മാത്രമേ ഭൗമികപറുദീസായ്ക്കു സ്ഥാനം ലഭിച്ചുള്ളു; പ്രായോഗികജീവിതത്തിൽ അത് ഒരു മരുപ്പച്ചയായിത്തന്നെ എന്നും നില

കൊണ്ടു. പ്ലേറ്റോ എന്ന തത്വശാസ്ത്രജ്ഞൻ "റിപ്പബ്ലിക്ക്" എന്ന തന്റെ ഗ്രന്ഥത്തിൽ പരിപൂർണ്ണമായ ഒരു ഭരണകൂടത്തേയും സുഖസമ്പൽസമൃദ്ധിയിൽ ആറാടിയിരുന്ന ഭരണീയരേയും വിഭാവനംചെയ്തു. മദ്ധ്യശതകങ്ങളിലെ യൂറോപ്യന്മാർ അററ്ലാൻറിക്ക് സമുദ്രത്തിലെ അനഭിഗമ്യങ്ങളായ ദ്വീപുകളിൽ എവിടെയെങ്കിലും ഒരു ഭൗമികപറദീസ ഉണ്ടായിരിക്കുമെന്നു വിശ്വസിച്ചിരുന്നു. എന്നാൽ വാസ്കോഡിഗാമയുടേയും കൊളംബസ്സിന്റേയും മററും പര്യടനങ്ങൾ അവരുടെ വിശ്വാസത്തെ പാടേ ശിഥിലീകരിച്ചുകളഞ്ഞു. സാഹിത്യകേസരിയായിരുന്ന വി. തോമസ് മോറും ഇപ്രകാരമുള്ള ഒരു സൗഭാഗ്യരാജ്യത്തെ വിഭാവനംചെയ്തു. "യുട്ടോപ്പിയ" എന്നു ആ രാജ്യത്തിന്—അതു സങ്കല്പത്തിൽമാത്രമുള്ള ഒരു ദ്വീപാണ്—പേരും നല്കി. ഇന്നും ലോകസാഹിത്യത്തിൽ ഭൗമികപറദീസയെ നിർമ്മിക്കുവാനുള്ള വ്യർത്ഥശ്രമങ്ങൾക്ക് നല്കപ്പെടുന്ന വിശേഷണമാണ് "യുട്ടോപ്യൻ" എന്നുള്ളത്. "മാവേലി" നാടുവാണിരുന്ന സൗഭാഗ്യദിനങ്ങളുടെ മധുരസ്മരണ ഐതിഹ്യങ്ങളിലൂടെ ആസ്വദിക്കുന്ന നമ്മുടെ നാട്ടിലും ഇപ്രകാരമുള്ള ഭൗമികപറദീസകൾ പണിയുണ്ടാക്കുവാൻ പരിശ്രമങ്ങൾ നടന്നിട്ടുണ്ടായിരിക്കണം. അടുത്തകാലത്തു് ഗാന്ധിയുടെ ഭാവനയിൽനിന്നു രൂപമെടുത്ത ഐഹികസ്വർഗ്ഗമാണല്ലോ "രാമരാജ്യം". "തൊഴിലാളികളുടെ സ്വർഗ്ഗ"മെന്നു ജയഭേരിമുഴക്കുന്ന റഷ്യയിലെ യഥാർത്ഥമായ സ്ഥിതിഗതികൾ എന്താണെന്നു മനസ്സിലാകുമ്പോൾ "സ്വർഗ്ഗം" എന്ന പദത്തിന്റെ വലിയൊരു ദുരുപയോഗം മാത്രമാണതെന്നും സ്പഷ്ടമാകും.

എന്നാൽ ഇന്നത്തെ സുവിശേഷത്തിൽ താബോർ ഗിരിശൃംഗത്തിൽവെച്ച് മൂന്നു ശ്ലീഹന്മാർ അല്പനേരത്തേക്കു സ്വർഗ്ഗസൗഭാഗ്യം അനുഭവിക്കുന്നതായി നാം കാണുന്നു. സാക്ഷാൽ ദൈവമായിരുന്ന ക്രിസ്തുനാഥൻ തന്റെ മഹാമഹത്വപ്രതാപത്തിൽ അവിടെ പ്രത്യക്ഷപ്പെട്ടു: "അവന്റെ മുഖം സൂര്യനെപ്പോലെ പ്രകാശിച്ചു;

അവൻെറ വസ്ത്രങ്ങാം വെളിച്ചംപോലെ ധവളമായി. മൂശയും ഏലിയായും അവരോടു സംസാരിക്കുന്നതായും അവക്കു കാണപ്പെട്ടു.'' വികാരഭരിതനായ പത്രോസു് ഈ കാഴ്ചയാൽ ആനന്ദലഹരിയിൽ ആറാടി സ്വയം മറന്നുകൊണ്ടു ആ ശിഷ്യപ്രധാനൻ ഇപ്രകാരം വിളിച്ചു പറഞ്ഞു: ''എൻെറ കത്താവെ, നാം ഇവിടെ ഇരിക്കുന്നതു നല്ലതാകുന്നു. നിനക്കിഷ്ടമുണ്ടെങ്കിൽ ഞങ്ങാം ഇവിടെ മൂന്നു കൂടാരങ്ങളുണ്ടാക്കാം; ഒന്നു നിനക്കും, ഒന്നു മൂശയ്ക്കും, ഒന്നു ഏലിയായ്ക്കും.'' തനിക്കു കൈവന്ന വണ്ണനാതീതമായ ആനന്ദത്തെ എന്നും അനുഭവിക്കുന്നതിനായി വി. പത്രോസിൻെറ മസ്തിഷ്ക്കത്തിൽ നിന്നും പുറപ്പെട്ട ഈ അഭിപ്രായം അതിൻെറ നിഷ്കളങ്കതകൊണ്ടും പരമാത്ഥതകൊണ്ടും ആദരണീയംതന്നെ; അത്രയ്ക്കു ഉൽകടമായിരുന്നു അപ്പസ്തോലന്മാരുടെ ആനന്ദം. എന്നാൽ ഇപ്രകാരമുള്ള സ്വഗ്ഗഭാഗ്യം ഇഹത്തിൽവെച്ചു് അനുഭവിക്കുകയെന്നുള്ളതു് ദൈവം വളരെ വിരളമായിമാത്രം —അതും തിരഞ്ഞെടുക്കപ്പെട്ടചില ആത്മാക്കാംക്കുമാത്രം— നല്കുന്ന ഒരു പ്രത്യേകാനുഗ്രഹമാണു്; അതും അല്പസമയത്തേക്കു മാത്രമായിരിക്കും. ഭൂമിയിൽ സ്വഗ്ഗം നിമ്മിക്കുവാനുള്ള പരിശ്രമങ്ങളെല്ലാം നിഷ്ഫലങ്ങളും തികഞ്ഞ വിഡ്ഢിത്തവുമായിരിക്കുമെന്നു അല്പം ആലോചിച്ചാൽ മനസ്സിലാക്കാം. മനുഷ്യവഗ്ഗം ആദിമാതാപിതാക്കന്മാരുടെ പാപംമൂലം അധഃപതിച്ചുപോയിട്ടുണ്ടെന്നുള്ളതു് ഒരു പരമാത്ഥമാണു്; മനുഷ്യർ തിന്മയിലേക്കു ചാഞ്ഞിരിക്കുന്നു. അവനിൽ അധമാംശം കലതിപ്പെട്ടിരിക്കുന്നു; അവൻ ക്ലേശങ്ങാംക്കു വിധേയനുമാണു്. ഈ പരമാത്ഥം നിത്യാനുഭവംതന്നെ വിളിച്ചുപറയുന്നുണ്ടു്. ''ഇവിടെ നമുക്കു നിലനില്ക്കുന്ന നഗരമില്ല; പ്രത്യുത നാം വരുവാനുള്ളതിനെ പ്രതീക്ഷിക്കുന്നു'' എന്നുള്ള ദിവ്യവാക്യത്തിൽ സംഞ്ചിതമായിരിക്കുന്ന പരമാത്ഥം നാം ഗ്രഹിക്കണം; ഈ രണ്ടു പരമാത്ഥങ്ങളേയും മുറുകെപ്പിടിച്ചുകൊണ്ടു അവയ്ക്കു് അനുയോജ്യമായവിധത്തിൽ ലോകത്തെ നന്നാക്കുവാനുള്ള ഏതൊരു പരിശ്രമത്തിലും

കത്തോലിക്കാസഭ മുന്നിട്ടു പ്രവൎത്തിക്കുന്നുണ്ടു്. ജനങ്ങളുടെ സുഖസമ്പൽസമൃദ്ധിക്കുവേണ്ടിയും ക്ലേശങ്ങളുടെ നിവാരണത്തിനുവേണ്ടിയും സഭ ചെയ്തുകൊണ്ടിരിക്കുന്ന നിസ്തന്ദ്രസേവനങ്ങൾ കണ്ണുള്ളവൎക്കു കാണാവുന്നതാണു്. എന്നാൽ ഇതെല്ലാം അവർ ചെയ്തുകൊണ്ടിരിക്കുന്നതു് മേല്പറഞ്ഞ രണ്ടു പരമാൎത്ഥങ്ങളെ മുറുകെപ്പിടിച്ചുകൊണ്ടാണെന്നുമാത്രം. ഈ പരമാൎത്ഥങ്ങളെ അവഗണിച്ചുകൊണ്ടു ഗവൎമ്മെന്റുകളോ സ്ഥാപനങ്ങളോ ലോകത്തെ നന്നാക്കുവാൻ പരിശ്രമിക്കുന്നതു അടിത്തറയില്ലാതെ കെട്ടിടം പണിയുന്നതുപോലെയായിരിക്കും. അവരുടെ സ്വൎഗ്ഗം വെറും സങ്കല്പസ്ഥിതമായിരിക്കുകയും ചെയ്യും.

സ്വൎഗ്ഗം എന്നു പറയുമ്പോൾ ആനന്ദത്തിന്റെ നികേതനം എന്നാണല്ലോ നാം അൎത്ഥമാക്കുന്നതു്. അങ്ങനെ നോക്കുമ്പോൾ, ഈ ലോകത്തിൽതന്നെ സ്വൎഗ്ഗസൗഭാഗ്യത്തിന്റെ ഒരു മുൻരുചി നമുക്കു് അനുഭവിക്കുവാൻ സാധിക്കുന്നതാണു്. മഹാകവി മിൽട്ടൺ "പറുദീസാനഷ്ടം" എന്ന കാവ്യത്തിൽ സ്വൎഗ്ഗത്തിൽനിന്നു നരകത്തിൽ നിപതിച്ച ലൂസിഫർ തന്റെ കൂട്ടുകാരെ ഇപ്രകാരം ധൈൎയ്യപ്പെടുത്തുന്നതായി ചിത്രീകരിച്ചിട്ടുണ്ടു്: "സഖാക്കളെ, നിങ്ങൾ ധൈൎയ്യമവലംബിക്കുവിൻ. നരകത്തെ സ്വൎഗ്ഗമാക്കുന്നതും സ്വൎഗ്ഗത്തെ നരകമാക്കുന്നതും ഒരുവന്റെ "മനസ്സ്" ആണു്. ഇപ്പോൾ നിങ്ങൾ സ്വൎഗ്ഗത്തിൽതന്നെയാണെന്നു മനസ്സുകൊണ്ടു ദൃഢമായി വിശ്വസിച്ചു പ്രവൎത്തിക്കുക". ലൂസിഫറിന്റെ ഈ പ്രസംഗത്തിലെ 'മനസ്സ്" എന്ന പദത്തിനുപകരം "മനസ്സാക്ഷി" എന്നു പ്രയോഗിച്ചാൽ വളരെ ആശ്വാസപ്രദമായ ഒരു പാഠം നമുക്കു് ഹൃദിസ്ഥമാക്കാം. ഈ ലോകത്തിൽവെച്ചുതന്നെ സ്വൎഗ്ഗസൗഭാഗ്യമോ നരകദുരിതമോ നമ്മെ അനുഭവിപ്പിക്കുന്നതു് നമ്മുടെ മനസാക്ഷിയാണു്. നിൎമ്മലമായൊരു മനസ്സാക്ഷി നമുക്കുണ്ടെങ്കിൽ ഇഹത്തിൽവെച്ചുതന്നെ നിസ്സീമമായ ആനന്ദം നാം അനുഭവിക്കുന്നതാണു്; കഷ്ടംയാതനകൾക്കിടയിലും ആ സന്തോഷം ന

മ്മുടെ അന്തരംഗത്തിൽ കളിയാടിക്കൊണ്ടിരിക്കും. ക്രിസ്തുവിനെക്കുറിച്ച് പീഢകൾ സഹിച്ചപ്പോൾ അപ്പസ്തോലന്മാർ ആനന്ദത്തിൽ നിമഗ്നരായിരുന്നതായി നാം "നടപടി"പ്പുസ്തകത്തിൽ വായിക്കുന്നുണ്ടല്ലൊ. നേരെമറിച്ച് സുഖസമൃദ്ധിയുടെമദ്ധ്യേ വസിക്കുന്നവനായാലും, പാപപങ്കിലമായ മനസ്സാക്ഷിയാണ് ഒരുവനുള്ളതെങ്കിൽ അവന് യഥാർത്ഥസൗഭാഗ്യം ഒരിക്കലും അനുഭവപ്പെടുകയില്ല. നിഷിദ്ധ സുഖസന്തോഷങ്ങളിൽ ആമഗ്നനായും സ്തുതിപാഠകന്മാരാൽ പരിസേവിതനായും സിംഹാസനത്തിൽ വാണിരുന്ന ഹേറോദേശ്‌രാജാവിൻെറയും നീതിയെപ്രതി ഇരുമ്പുചങ്ങലകളാൽ ബന്ധിക്കപ്പെട്ട നിർമ്മല മനസ്സാക്ഷിയോടെ കൽത്തുറുങ്കിൽ ജീവിച്ച വി. സ്നാപകയോഹന്നാൻെറയും ചിത്രം ദർശിക്കുക. ആരാണ് യഥാർത്ഥമായ ആനന്ദം അനുഭവിച്ചത്? മരണസമയത്തും നിർമ്മലമായ മനസ്സാക്ഷി അവാച്യമായ ആനന്ദം നമുക്കു നല്കും. വി. തോമാസ്‌മോർ തൻെറ താടിമീശയെപ്പററി ചില തമാശകൾ പറഞ്ഞുകൊണ്ടു മരിച്ചതും, ജർമ്മനിയിലെ മാഷൽ ഗോറിങ്ങ് തൻെറ മരണവിധിവാചകം കേട്ടപ്പോൾ കരഞ്ഞുപോയതും ഇരുവരുടേയും മനസ്സാക്ഷിയുടെ വ്യത്യാസമല്ലേ കാണിക്കുന്നതു്? ഓരോരുത്തരും ആത്മസംശോധനംചെയ്തുകൊണ്ടു നല്ല കുമ്പസാരം വഴി മനസ്സാക്ഷിയെ നിർമ്മലമാക്കുവാൻ ശ്രമിക്കുക. അപ്പോൾ സ്വർഗ്ഗീയമായ ആനന്ദം അനുഭവപ്പെടാതിരിക്കയില്ല.

ദൈവതിരുമനസ്സിനോടുള്ള പരിപൂർണ്ണമായ യോജിപ്പാണ് ഇഹത്തിൽ സ്വർഗ്ഗസൗഭാഗ്യം അനുഭവിക്കുന്നതിനുള്ള മറെറാരു മാർഗ്ഗം. ജീവിതത്തിൽ ഓരോരുത്തർക്കും ദൈവം നല്കിയിട്ടുള്ള സ്ഥിതി, ധനം, ആരോഗ്യം, കുടുംബസൗഭാഗ്യം എന്നിവകൊണ്ടു തൃപ്തിപ്പെട്ടു ജീവിക്കുക; സുഖത്തിലും ദുഃഖത്തിലും ഒന്നുപോലെ ഈ സംതൃപ്തിയെ പാലിക്കുക; സംഭവിക്കുന്നതെല്ലാം സ്നേഹം വഴിഞ്ഞൊഴുകുന്ന ഒരു പിതാവിൽനിന്നു വരുന്നവയാണെന്നു ദൃഢമായി വിശ്വസിക്കുക—ഇതിൽ എന്തെന്നില്ലാത്ത സൗഭാഗ്യം അടങ്ങിയി

ട്ടുണ്ട്. അങ്ങനെയുള്ള സൗഭാഗ്യം കളിയാടുന്ന ചില കുടുംബങ്ങളേയും വ്യക്തികളേയും നാം കണ്ടുമുട്ടാറുണ്ടല്ലോ. വർത്തമാനകാലത്തെക്കുറിച്ചോ ഭാവിയെക്കുറിച്ചോ അവർ വിഷാദവും പര്യാകുലതയും പ്രദർശിപ്പിക്കുന്നില്ല. നിർമ്മല മനസ്സാക്ഷിയും ദൈവതിരുമനസ്സിനുള്ള കീഴ്‌വഴക്കവും സമ്മേളിക്കുമ്പോൾ വ്യക്തികളിലും കുടുംബങ്ങളിലും സമാധാനം കളിയാടും. ഈ സമാധാനം ആനന്ദത്തിന്റെ മാററ് വർദ്ധിപ്പിക്കും. വി. ആഗുസ്തീനോസ് പറയുന്നു: "സമാധാനം മനസ്സിന്റെ ആഹ്ളാദവും, ആത്മാവിന്റെ വിശ്രമവും ,ഹൃദയത്തിന്റെ ആർജ്ജവവും സ്നേഹത്തിന്റെ ബന്ധവും ആകുന്നു." ഉപ്പു ഭക്ഷണസാധനങ്ങളെ രുചികരമാക്കുന്നതുപോലെ ഈ സമാധാനം ജീവിതവൈതരണികളെ ആനന്ദപ്രദങ്ങളാക്കിത്തീർക്കും.

ഇങ്ങനെ നല്ല മനസ്സാക്ഷിയും സമാധാനമുള്ള ഹൃദയവും വഴിയായി സംജാതമാകുന്ന ആനന്ദത്തെ സഹസ്രഗുണീഭവിപ്പിച്ചു യഥാർത്ഥമായ സ്വർഗ്ഗഭാഗ്യത്തെ ചെറിയ തോതിലെങ്കിലും അനുഭവവേദ്യമാക്കുന്ന ഒരു പരിശുദ്ധമായ സാന്നിദ്ധ്യമാണ് പരി. കുർബ്ബാന. സ്വർഗ്ഗവാസികളുടെ ഏകാനന്ദവിഷയമായ ദൈവം തന്നെയാണ് പരി. കുർബ്ബാനയിലും സന്നിഹിതനായിരിക്കുന്നത്. എന്നാൽ സ്വർഗ്ഗവാസികൾ അങ്ങയെ അഭിമുഖമായി ദർശിച്ചാനന്ദിക്കുന്നു; നാമാകട്ടെ വിശ്വാസത്താൽ മാത്രവും. എങ്കിലും ദൈവത്തിന്റെ യഥാർത്ഥമായ സാന്നിദ്ധ്യം വി. കുർബ്ബാനയിൽ നമുക്കു ലഭിക്കുന്നുണ്ടെന്നുള്ളത് നാം മറക്കരുത്. താബോർ മലയിൽവെച്ച് അപ്പസ്തോലന്മാർക്ക് അല്പനേരത്തേക്കു മാത്രമേ സ്വർഗ്ഗസൗഭാഗ്യം അനുഭവിക്കുവാൻ കഴിഞ്ഞുള്ളു. എന്നാൽ നമുക്കാകട്ടെ എന്നും—രാവും പകലും—ദൈവസന്നിധിയിൽ പ്രവേശിച്ചു അങ്ങയോടു സംഭാഷണംചെയ്വാൻ കഴിയും. നാമോരുത്തനും ഓരോ കൂടാരം—ഹൃദയമാകുന്ന കൂടാരം—പരി. കുർബ്ബാനയുടെ സന്നിധിയിൽ സ്ഥാപിക്കണം. കൂടെക്കൂടെ പരി. കുർബ്ബാനയെ

സന്ദർശിക്കുന്നതിൽ നാം ജാഗരൂകരാകണം. ജോലിത്തിരക്കുനിമി ത്തം അതിനു സാധിക്കാതെ വരുമ്പോഴും ഹൃദയംകൊണ്ട് നാം ഇടയ്ക്കിടെ ദിവ്യകാരുണ്യസന്നിധിയിൽ പ്രവേശിക്കുവാൻ പരി ശീലിക്കണം. എത്രയോസമയം നാം അലസമായി കഴിച്ചുകൂട്ടു ന്നു? എത്രയോ പ്രാവശ്യം നാം ദേവാലയത്തിന്റെ സമീപത്തുകൂ ടെ അങ്ങോട്ടുമിങ്ങോട്ടും കടന്നുപോകുന്നു? പരി. കുർബ്ബാനയെ ഒന്നു സന്ദർശിക്കുവാൻ നാം സന്നദ്ധരാകുന്നുണ്ടോ? ദിവ്യകാരുണ്യ സന്ദർശനത്തിൽ ജാഗരൂകരാകുമ്പോൾ "കർത്താവേ, ഞാൻ ഇവി ടെ ഇരിക്കുന്നതു നല്ലതാകുന്നു" എന്നു വി. പത്രോസിനോടുകൂടെ നാമും പറഞ്ഞുപോകും. അതോടൊപ്പം "ഒരു നിർമ്മലമനസ്സാ ക്ഷിയുടെ ആനന്ദം ഒരു സ്വർഗ്ഗം സൃഷ്ടിക്കുന്നു" എന്നുള്ള വി. ആ ഗുസ്തീനോസിന്റെ വാക്യവും നാം എല്ലാപ്പോഴും സ്മരിക്കണം.

---

# സഭയുടെ വിരോധികളോ?

പിന്നെ അവൻ ഊമനായ ഒരു പിശാചിനെ പുറത്താക്കിയ പ്പോൾ ആ പിശാച് പുറപ്പെട്ടുപോയശേഷം ആ ഊമൻ സംസാ രിക്കയും ജനക്കൂട്ടം വിസ്മയിക്കയുംചെയ്തു. എന്നാൽ അവരിൽ ചി ലർ: ഇവൻ പിശാചുക്കളുടെ തലവനായ ബ്എൽസ്വോവിനെ കൊണ്ടു പിശാചുക്കളെ പുറത്താക്കുന്നു എന്നു പറഞ്ഞു. മററു ചില രോ, അവനെ പരീക്ഷിച്ചുകൊണ്ട് സ്വർഗ്ഗത്തിൽനിന്ന് ഒരടയാളം അവനോടു ചോദിച്ചു. അവരുടെ വിചാരങ്ങൾ അറിഞ്ഞിരുന്ന ഈശോ അവരോട് അരുളിച്ചെയ്തു: തനിക്കുതന്നെ വിരോധമായി ഭിന്നിക്കുന്ന ഏതുരാജ്യവും നശിക്കും. തനിക്കുതന്നെ വിരോധമായി ഭിന്നിക്കുന്ന ഭവനവും വീണുപോകും. സാത്താൻ തനിക്കുതന്നെ വിരോധമായി ഭിന്നിക്കുന്നെങ്കിൽ അവന്റെ രാജ്യം എങ്ങനെ നി

ലനില്ക്കും? ഞാൻ ബ്എൽസ്‌വോവിനെക്കൊണ്ടു പിശാചുക്കളെ പുറത്താക്കുന്നു എന്നു് നിങ്ങൾ പറയുന്നുവല്ലോ. ഞാൻ ബ്എൽസ്‌വോവിനെക്കൊണ്ടു പിശാചുക്കളെ പുറത്താക്കുന്നുവെങ്കിൽ നിങ്ങളുടെ മക്കൾ എന്തിനെക്കൊണ്ടു പുറത്താക്കുന്നു? ആകയാൽ അവർ നിങ്ങളുടെ വിധികർത്താക്കളായിരിക്കും. എന്നാൽ ഞാൻ ദൈവത്തിൻെറ വിരൽകൊണ്ടു് പിശാചുക്കളെ പുറത്താക്കുന്നെങ്കിൽ ദൈവരാജ്യം നിങ്ങൾക്കു് സമീപിച്ചിരിക്കുന്നു. ബാലനായ ഒരുത്തൻ ആയുധം ധരിച്ചു് തൻെറ അങ്കണം കാക്കുമ്പോൾ അവൻെറ സമ്പാദ്യം സുരക്ഷിതമായിരിക്കുന്നു. എന്നാൽ അവനെക്കാൾ ബലവാനായ ആരെങ്കിലും വന്നു് അവനെ ജയിച്ചാൽ അവൻ ആശ്രയിച്ചിരുന്ന ആയുധമെല്ലാം പിടിച്ചെടുക്കയും കൊള്ള ചെയ്യപ്പെട്ട വസ്തു ഭാഗിക്കുകയും ചെയ്യും. എന്നോടുകൂടിയല്ലാത്തവൻ എനിക്കു വിരോധിയാകുന്നു; എന്നോടുകൂടി ചേരാത്തവൻ ചിതറിക്കപ്പെടുകതന്നെ ചെയ്യും. അശുദ്ധാത്മാവു് ഒരു മനുഷ്യനിൽനിന്നു് പുറപ്പെടുമ്പോൾ അതുപോയി വെള്ളമില്ലാത്ത സ്ഥലങ്ങളിൽ ചുററി സഞ്ചരിച്ചു് തനിക്കു് ആശ്വാസം അന്വേഷിക്കുന്നു. കണ്ടെത്താത്തപ്പോൾ: ഞാൻ പുറപ്പെട്ടുപോന്ന എൻെറ വീട്ടിലേയ്ക്കു തിരിച്ചു ചെല്ലും എന്നു പറയുന്നു. അതുവന്നു് അവിടം അടിച്ചുവാരി അലങ്കരിക്കപ്പെട്ടതായി കണ്ടെത്തിയാൽ, പോയി തന്നെക്കാൾ ദുഷ്ടരായ വേറെ ഏഴു ആത്മാക്കളെ കൂട്ടിക്കൊണ്ടുവന്നു് അവർ അവിടെ കയറിപ്പാർക്കുന്നു. ഇങ്ങനെ ആ മനുഷ്യൻെറ അവസാനം ആദ്യത്തേതിനെക്കാൾ നികൃഷ്ടമായിത്തീരുന്നു. അവൻ ഇവ അരുളിച്ചെയ്തപ്പോൾ ജനക്കൂട്ടത്തിൽനിന്നു് ഒരു സ്ത്രീ ഉയന്ന സ്വരത്തിൽ അവനോടു്: നിന്നെ വഹിച്ച ഉദരത്തിനും നിന്നെ കുടിപ്പിച്ച മുലകൾക്കും ഭാഗ്യം! എന്നു പറഞ്ഞു. അവൻ അവളോടു്: ദൈവത്തിൻെറ വചനം കേൾക്കുകയും അതു് അനുസരിക്കുകയും ചെയ്യുന്നവർക്കു ഭാഗ്യം! എന്നരുളിച്ചെയ്തു.

(നോമ്പു് 3-ാംഞായർ; സുവിശേഷം: ലൂക്കാ XI, 14—28)

കൊച്ചി തിരുവിതാംകൂർ സംയോജനത്തിനു മുമ്പുണ്ടായിരുന്ന കൊച്ചിയിലെ നിയമനിർമ്മാണസഭയിൽ ചരിത്രപ്രസിദ്ധമായ "മിൻസെൻതിപ്രമേയം" അവതരിക്കപ്പെട്ടപ്പോൾ അവതാര

കനായിരുന്ന ഒരു കത്തോലിക്കാ എം. എൽ. ഏ. യോട് അദ്ദേഹത്തിൻെറ അഭ്യസ്തവിദ്യനായ ഒരു യുവസ്നേഹിതൻ ഇപ്രകാരം പറയുകയുണ്ടായി. "നിങ്ങൾ എന്തു പണിയാണ് ഈ കാട്ടിയത്? പള്ളിയുടേയും പട്ടക്കാരുടേയും സ്വന്തം ആളാണെന്നു മുദ്രകുത്തിക്കഴിഞ്ഞാൽ എങ്ങനെയാണ് നിങ്ങൾക്ക് ശോഭനമായ ഒരു ഭാവിയുണ്ടാകുക? ഭാവിശ്രേയസ്സിൻെറ നാരായവേരിനല്ലേ നിങ്ങൾ കോടാലിവെച്ചുകഴിഞ്ഞത്? വിഡ്ഢിത്തം; മഹാവിഡ്ഢിത്തം!" നോക്കണം! പള്ളിയുടേയും പട്ടക്കാരുടേയും—സഭയുടേയും, മാർപ്പാപ്പാ, മെത്രാന്മാർ, വൈദികർ എന്നിവരടങ്ങിയ സഭാഭരണചക്രത്തിൻേറയും—സ്വന്തം ആളായി വർത്തിക്കുന്നത് വിഡ്ഢിത്തമാണെന്നും ഉല്ക്കർഷത്തിന് ഹാനികരമാണെന്നും ആത്മഹത്യാപരമായ ഒരു കൃത്യമാണെന്നും മററും അഭ്യസ്തവിദ്യനായ ഒരു യുവകത്തോലിക്കൻ തട്ടിമൂളിക്കുമ്പോൾ ഹൃദയമുരുകിക്കൊണ്ട് പരിതപിക്കയല്ലാതെ മററെന്താണു ചെയ്യുക? ഇങ്ങനെയുള്ളവർ കത്തോലിക്കരിൽ ധാരാളമുണ്ടെന്നുള്ളതും ശോചനീയമായ ഒരു പരമാർത്ഥമാണ്. ചരിത്രപുരുഷനായ ക്രിസ്തു കാൽവരിയിലെ മഹായജ്ഞം അനുഷ്ഠിച്ചശേഷം പുനരുത്ഥാനംചെയ്തു സ്വർഗ്ഗത്തിലേയ്ക്കു കയറിപ്പോയെന്നുള്ളത് വാസ്തവംതന്നെ. എന്നാൽ ക്രിസ്തുവിൻെറ ജീവിതം ഇന്നും മൗതികമായ വിധത്തിൽ തുടൎന്നുവരുന്നുണ്ട് കത്തോലിക്കാതിരുസഭയിൽ. ക്രിസ്തുവാണ് സഭ; സഭയാണ് ക്രിസ്തു. തന്നിമിത്തം ഇന്നത്തെ സുവിശേഷത്തിൽ, "എന്നോടുകൂടിയല്ലാത്തവൻ എനിക്കു വിരോധിയാകുന്നു; എന്നോടുകൂടി ചേരാത്തവൻ ചിതറിക്കപ്പെടുകയുംചെയ്യും" എന്നുള്ള ക്രിസ്തുനാഥൻെറ വാക്യംതന്നെ, "സഭയോടുകൂടിയല്ലാത്തവൻ സഭയ്ക്കു വിരോധിയാകുന്നു; സഭയോടുകൂടി ചേരാത്തവൻ ചിതറിക്കപ്പെടുകയും ചെയ്യും" എന്ന് അല്പം വ്യത്യസ്തമായിപ്പറയുന്നതിൽ യാഥാർത്ഥ്യം

7 മാത്രമായിരിക്കും ഉൾക്കൊള്ളുക.

മൂന്നുകൊല്ലംമുമ്പ് പരിശുദ്ധപിതാവ് പന്ത്രണ്ടാംപിയൂസ് മാർപ്പാപ്പാ തിരുമനസ്സുകൊണ്ട് തൻെറ നാമകാരണനായ വി. യൂജേനിയസിൻെറ തിരുനാളിൽചെയ്ത സുപ്രസിദ്ധമായ പ്രഭാഷണത്തിൽ ഇപ്രകാരം പ്രസ്താവിക്കയുണ്ടായി: "നാം ജീവിക്കുന്ന ഈ കാലഘട്ടം ഭയപുളകംകൊള്ളിക്കുന്ന ഒന്നാണ് . . . . യാഥാർത്ഥ്യങ്ങൾ സ്പഷ്ടമായിക്കഴിഞ്ഞു. അന്തരാത്മാവിൻെറ അടിത്തട്ടിൽ ക്രിസ്തീയചൈതന്യത്തിൻെറ ഒരു തീപ്പൊരിയെങ്കിലും അവശേഷിച്ചിട്ടുള്ള ഏതൊരുവനും ഉണരേണ്ട നിമിഷം ഇതാണ്. ഈ ഉണർവ്വ് ചിലരുടെ സുഖസുഷുപ്തിക്ക് അഹിതകരമായ ഒരു വിഘ്നമായിരിക്കും. അവരുടെ ഉറക്കത്തിൽ ഒരിക്കലും ചിന്താവിഷയമാകാതിരുന്ന ചില ത്യാഗാനുഷ്ഠാനങ്ങളും പരിവർത്തനങ്ങളും പരമാർത്ഥങ്ങളുടെ പകൽവെളിച്ചത്തിൽ അവർ ദർശിക്കുന്നു; പക്ഷെ അവയിൽനിന്നു ഇനി രക്ഷപ്രാപിക്കുവാൻ സാദ്ധ്യവുമല്ല . . . ." ഇതിനെത്തുടർന്ന് തിരുമനസ്സുകൊണ്ട്, ഒരു യഥാർത്ഥക്രിസ്ത്യാനിക്ക് സ്വാർത്ഥപരമായ സുഖജീവിതവും ഒരൊഴിഞ്ഞ മനഃസ്ഥിതിയും (isolationism) ഇത്തരുണത്തിൽ സാദ്ധ്യമല്ലെന്നും പ്രസ്താവിക്കുന്നു. ഭാഗ്യസ്മരണാർഹനായ 11-ാംപിയൂസ് തിരുമനസ്സുകൊണ്ട്: "ഈ കാലഘട്ടത്തിൽ കേവലം ഒരു മന്ദോഷ്ണസ്ഥിതി സ്വീകരിക്കുവാൻ ആർക്കും അവകാശമില്ല" എന്നു് നമുക്ക് മുന്നറിയിപ്പും നല്കിയിട്ടുണ്ട്. ഒരു ക്രിസ്ത്യാനിക്ക് രണ്ട് നിലപാടുമാത്രമേ സ്വീകരിക്കുവാൻ നിവൃത്തിയുള്ളു; ഒന്നുകിൽ സഭയോടുകൂടി യോജിച്ചു ജീവിക്കുക; അല്ലെങ്കിൽ, സഭയോടു എതിരായി ജീവിക്കുക. "എന്നോടുകൂടിയല്ലാത്തവൻ എനിക്കു വിരോധിയാകുന്നു." മൂന്നാമതൊരു നിലപാട് സാദ്ധ്യമല്ലെന്നാണ് ക്രിസ്തുനാഥൻ പറയുന്നത്. സഭയുടേയും ഹയരാർക്കിയുടേയും കൂടെയല്ലാത്തവൻ—സഭാഭരണത്തോടു യോജിച്ചും സഹകരിച്ചും വിശ്വസ്തനായി ജീവിക്കാത്തവൻ—സഭയ്ക്കു വിരോധമായി പ്രത്യക്ഷത്തിൽ യാതൊന്നും പ്രവർത്തിക്കുന്നില്ലെങ്കിൽതന്നെയും അ

വൻ സഭയുടെ വിരോധിയാണ്. ഒന്നുകിൽ സഭയോടുകൂടെ; അല്ലെങ്കിൽ സഭയുടെ വിരോധി: ഇതല്ലാതെ ഒരു നിഷ്പക്ഷതാനയം സ്വീകരിക്കുവാൻ സാദ്ധ്യമല്ല. എല്ലാവരും മനസ്സിലാക്കിയിരിക്കേണ്ട ഒരു പരമാത്ഥമാണിതു്. സഭയോടുകൂടിയല്ലാത്തവൻ, "ഏയ്, എനിക്കു സഭയോടു വിരോധമൊ എതിരൊ ഒന്നുമില്ല. ഞാൻ ഒന്നിലും പ്രവേശിക്കാതെ ഒഴിഞ്ഞുമാറി നിഷ്പക്ഷമായി നില്ക്കുന്നുവെന്നേയുള്ളു" എന്നു പറയുമ്പോഠം അവൻ സഭയുടെ വിരോധിയാണെന്നോ അഥവാ കാലവിളംബമെന്യേ അപ്രകാരമായിത്തീരുമെന്നോ അനുമാനിക്കാവുന്നതാണ്. സ്പെയിൻ, മെക്സിക്കൊ, ചെക്കോസ്ലോവാക്യ മുതലായ യൂറോപ്യൻ രാജ്യങ്ങളിൽ എമ്പതും തൊണ്ണൂറും ശതമാനം കത്തോലിക്കരുണ്ടു്. എന്നിട്ടും നിരീശ്വരത്വവും നിമ്മതത്വവും വിപ്ലവങ്ങളും അവിടെ വിജയം വരിച്ചെങ്കിൽ അതിനുള്ള കാരണം കത്തോലിക്കരുടെ ഈ നിഷ്പക്ഷതാനയമാണ്. വലിയൊരു പങ്കു കത്തോലിക്കർ സഭയോടു ചേൎന്നില്ക്കാതെ—എങ്കിലും സഭയ്ക്കു വിരുദ്ധമായി ഒന്നും പ്രവത്തിക്കാതെ—നിഷ്പക്ഷത പാലിക്കുവാൻ ശ്രമിച്ചു. കത്തോലിക്കാസാഹിത്യകാരന്മാർ തൂലികാഖഡ്ഗത്തെ ഉറയിലിട്ടു് ഉദാസീനതയിലാണ്ടു; സുപ്രസിദ്ധവാഗ്മികഠം നിഷിദ്ധങ്ങളായ വിപ്ലവങ്ങഠംക്കെതിരായി അവരുടെ സ്വരമുയത്താതെ മൗനം ഭജിച്ചു; കലാകാരന്മാർ ഭൗതികത്വത്തേയും നിമ്മതത്വത്തേയും തടയാൻ മുതിൎന്നില്ല; പത്രപ്രവത്തകന്മാർ സുധീരമായ ഒരു നിലയവലംബിക്കാതെ ഒഴിഞ്ഞുമാറി; ഉദ്യോഗസ്ഥപ്രമുഖന്മാരും നിയമനിമ്മാതാക്കളും "ഞാനൊന്നുമറിഞ്ഞില്ലേ" എന്ന മട്ടിൽ നിഷ്പക്ഷതയുടെ മൂടുപടം ധരിച്ചു. എന്തു സംഭവിച്ചു? അലച്ചലച്ചു്തിരുന്ന വിപ്ലവവീഥിയിൽ അവരെല്ലാവരും കാലുതെററി വീണു് ഒഴുക്കിൽപെട്ടുപോയി; വിപ്ലവപ്രവാഹം അവരെ ഗ്രസിച്ചു കഴിഞ്ഞു, നിമ്മതത്വത്തിന്റെ ഭയങ്കരമുഷ്ടികളുള്ളിൽ അവർ അമ

ൻകഴിഞ്ഞു. അവരെല്ലാവരും സഭയുടെ വിരോധികളായിത്തീൻ; "എന്നോടുകൂടിയല്ലാത്തവൻ എനിക്കു വിരോധിയാകുന്നു."

തന്നിമിത്തം സഭയോടുള്ള അനാസ്ഥയും നിഷ്പക്ഷതയും സഭാവിദ്വേഷത്തിലാണു ചെന്നവസാനിക്കുകയെന്നു കേരളീയ കത്തോലിക്കരും എത്രയും വേഗത്തിൽ മനസ്സിലാക്കി പ്രവൎത്തിക്കേണ്ടതാണു്. ക്രിസ്തുവിൻെറ ജനനവേളയിലും ഇപ്രകാരമുള്ള ഒരനാസ്ഥ പ്രത്യക്ഷമായി. ആരുംതന്നെ അങ്ങേക്കു ഭൂജാതനാകുവാൻ സ്ഥലം നല്കിയില്ല. ഇതു കരുതിക്കൂട്ടിചെയ്ത പ്രകടമായ ഒരു തിരസ്കരണമായിരുന്നുവെന്നു പറഞ്ഞുകൂടാ. യൗസേപ്പിനേയും മറിയത്തേയും അവർ ഭീഷണിപ്പെടുത്തിയില്ല; മൎദ്ദിച്ചില്ല. "ഇവിടെ സ്ഥലമില്ല" എന്നു മാത്രമേ അവർ പറഞ്ഞുള്ളു. പക്ഷെ, രണ്ടു കൊല്ലം തികയുന്നതിനുമുമ്പു് ഒരു കൊട്ടപാതകിയെയെന്നപോലെ അവർ അങ്ങയെ സൎവ്വത്ര തിരയുകയായി. അവിടുന്നു എവിടെ ജനിച്ചാലും വേണ്ടതില്ല എന്നുള്ള നിഷ്പക്ഷഭാവം മാറിപ്പോകയും അങ്ങയെ ലോകത്തിലൊരിടത്തും കണ്ടുപോകരുതെന്നു അവർ ആക്രോശിക്കയുംചെയ്തു. രണ്ടു വയസ്സു തികയാത്ത ആൺകുട്ടികളെയെല്ലാം കൊന്നൊടുക്കുവാൻ ഹേറോദേശ് ആജ്ഞാപിച്ചു. അങ്ങനെ വജ്രഹൃദയരായ പടയാളികൾ അനേകം നിഷ്കളങ്കശിശുക്കളെ വധിച്ചു. മതത്തിൻെറ സ്ഥാനത്തു മതവിദ്വേഷവും നിഷ്പക്ഷതയുടെ സ്ഥാനത്തു മൎദ്ദനവും പ്രത്യക്ഷപ്പെട്ടു. ക്രിസ്തുവിനോടും സഭയോടും അനാസ്ഥമായി പെരുമാറുവാൻ പരിശ്രമിക്കുന്ന ഏതൊരുവനും അനതിവിദൂരഭാവിയിൽതന്നെ അങ്ങയേയും അങ്ങേ മണവാട്ടിയേയും അവശ്യം ദ്വേഷിക്കയും പീഡിപ്പിക്കയും ചെയ്യുമെന്നു ഇതിൽനിന്നനുമിക്കാം. കഴിഞ്ഞ നൂററാണ്ടിൽ സഭയുടെ നേരെ നിഷ്പക്ഷതയും അനാസ്ഥയുമാണു് യൂറോപ്പിൽ പ്രത്യക്ഷപ്പെട്ടതു്. എന്നാൽ ഇന്നാകട്ടെ സഭയുടെ നാമശ്രവണമാത്രയിൽ യൂറോപ്പു് കലികൊള്ളുകയും മുഷ്ടിചുരുട്ടുകയും ചെയ്യുന്നു. ഒടുങ്ങാത്ത സഭാവിദ്വേഷവും തിളച്ചുപൊങ്ങുന്ന നിരീശ്വരത്വവു

മാണ് ആധുനിക യൂറോപ്പിന്റെ പ്രധാന ലക്ഷണം. സഭയോട്ട നിഷ്പക്ഷതാനയവും അനാസ്ഥയും പ്രദൾശിപ്പിക്കുന്ന കേരളീയ കത്തോലിക്കക്ക് ഇതൊരു ചിന്താവിഷയമായിത്തീരട്ടെ. "എന്നോടുകൂടിയല്ലാത്തവൻ എനിക്കു വിരോധിയാകുന്നു."

"രണ്ടു പതാകകൾ" (The Two Standards) എന്ന വിഷയത്തെപ്പററിയുള്ള വി. ഇഗ്നേഷ്യസിന്റെ സുപ്രസിദ്ധമായ ധ്യാനചിന്തകൾ നമ്മേയും ഉൽബുദ്ധരാക്കട്ടെ. ഒരു ഭാഗത്തു ക്രിസ്തുനാഥന്റെ വിജയപതാക പാറിപ്പറക്കുന്നു; അങ്ങയോടുകൂടിയുള്ള നിരവധി ജനങ്ങൾ ആ കൊടിക്കീഴിൽ അണിനിരന്നു നില്ക്കുന്നു. മറുഭാഗത്താകട്ടെ പിശാചിന്റെ പതാക കാററിൽ പാറിക്കളിക്കുന്നു. അവനോടുകൂടിയുള്ള ജനലക്ഷങ്ങൾ ആ കൊടിക്കീഴിൽ അണിനിരന്നു നില്ക്കുന്നു. ഇങ്ങിനെ രണ്ടു പട്ടാളക്യാമ്പുകൾ മാത്രമേയുള്ളു; രണ്ടു പതാകകൾ മാത്രമേയുള്ളു. ക്രിസ്തുവിന്റെ കൊടിക്കീഴിൽ അല്ലാത്തവൻ പിശാചിന്റെ കൊടിക്കീഴിൽ ക്രിസ്തുവിന്റെയും സഭയുടേയും വിരോധിയായി വത്തിക്കുന്നുണ്ടായിരിക്കും. മൂന്നാമതൊരു പതാകയോ പട്ടാളക്യാമ്പോ ഇല്ല. "എന്നോടുകൂടിയല്ലാത്തവൻ എനിക്കുവിരോധിയാകുന്നു." ഇക്കാര്യത്തിൽ നാം നല്ലവണ്ണം ആത്മ:ശോധനം ചെയ്യേണ്ടിയിരിക്കുന്നു. നാം സഭയോടുകൂടെ—സഭയോടു സഹകരിച്ചും യോജിച്ചും—ആണോ നില്ക്കുന്നതു്? രാഷ്ട്രീയവും സാമ്പത്തികവും സാമുദായികവുമായ കോളിളക്കങ്ങൾ നമ്മുടെ വിശ്വാസത്തിന്റെ ഉരകല്ലുകളായി ആവിർഭവിക്കുമ്പോൾ നാം സഭയോടുകൂടെ ചേൎന്നു നില്ക്കുവാനും ഏതുദ്യമത്തിൽ വലിയ ത്യാഗങ്ങൾ സഹിക്കുവാനും തയ്യാറാകുമോ? സഭയോടുള്ള കൂറു് കാണിക്കേണ്ട അവസരങ്ങളിൽ ഒഴിഞ്ഞുമാറുന്ന മനസ്ഥിതിയും, അനാസ്ഥയും നിഷ്പക്ഷതയുമാണോ നാം പ്രദൾശിപ്പിക്കുന്നതു്? "എന്നോടുകൂടിയല്ലാത്തവൻ എനിക്കു വിരോധിയാണ്" എന്നവാക്യം നമ്മുടെ അന്തരംഗത്തിൽ സദാ മുഴങ്ങിക്കൊണ്ടിരിക്കട്ടെ.

# അന്നദാതാവ്

ഇവയ്ക്കുശേഷം ഈശോ തേബെറിയോസ് എന്ന ഗ്ലീലാകടലിന്റെ
അക്കരെയ്ക്കുപോയി. അവൻ രോഗികളിൽ ചെയ്തിരുന്ന അത്ഭുതങ്ങൾ
കണ്ടിരുന്നതിനാൽ വലിയൊരു ജനക്കൂട്ടവും അവന്റെ പിന്നാലെ
പോയി. ഈശോ മലയിൽ കയറി തന്റെ ശിഷ്യരോടുകൂടി അവി
ടെ ഇരുന്നു. യൂദന്മാരുടെ പെസഹാത്തിരുന്നാൾ അടുത്തിരുന്നു.
ഈശോ കണ്ണുകളുയർത്തി. വലിയ ജനക്കൂട്ടം തന്റെ അടുക്കലേയ്ക്കു
വരുന്നതുകണ്ട് പീലിപ്പോസിനോട് ഇവർക്ക് ഭക്ഷിക്കുവാൻ അപ്പം
നാം എവിടെനിന്നു വാങ്ങും? എന്നു ചോദിച്ചു. ഇത് അവനെ പ
രീക്ഷിച്ചുകൊണ്ട് ചോദിച്ചതാണ്. താൻ എന്തു ചെയ്യുവാനിരിക്കു
ന്നുവെന്നു അവൻ അറിഞ്ഞിരുന്നു. പീലിപ്പോസ് അവനോട്:
ഇവരിൽ ഓരോരുത്തനും അല്പാല്പമെങ്കിലും ലഭിക്കുന്നതിന് ഇരുനൂ
റ് ദേനാറാകളുടെ അപ്പം അവർക്കു മതിയാകയില്ല എന്നു പറഞ്ഞു
അവന്റെ ശിഷ്യരിൽ ഒരുവനും, ശെമവോൻ കേപ്പായുടെ സഹോ
ദരനുമായ അന്ത്രയോസ് അവനോടു പറഞ്ഞു: ഇവിടെയുള്ള ഒരു
ബാലന്റെ പക്കൽ വാൽകോതമ്പുകൊണ്ടുണ്ടാക്കിയ അഞ്ചപ്പ
വും രണ്ടു മത്സ്യവും ഉണ്ട്. എന്നാൽ ഇവ ഇവർക്കെല്ലാവർക്കുംകൂടി
എന്തുള്ളൂ? ഈശോ അവരോട്: ആളുകളെയെല്ലാം ഇരുത്തുവിൻ എ
ന്നരുളിച്ചെയ്തു. ആ സ്ഥലത്തു വളരെ പുല്ലുണ്ടായിരുന്നു. എണ്ണത്തിൽ
അയ്യായിരം പുരുഷന്മാർ ഇരുന്നു. അനന്തരം ഈശോ അപ്പമെടുത്തു
വാഴ്ത്തി, ഇരുന്നിരുന്നവർക്കായി ഭാഗിച്ചുകൊടുത്തു. ഇങ്ങിനെതന്നെ
മത്സ്യത്തിൽനിന്നും അവർക്കു വേണ്ടുവോളം കൊടുത്തു. അവർ തൃപ്ത
രായപ്പോൾ അവൻ ശിഷ്യരോടു ഒന്നും നഷ്ടപ്പെട്ടുപോകാതിരി
ക്കേണ്ടതിന് അധികം വന്നിരിക്കുന്ന കഷണങ്ങൾ ശേഖരിക്കുവിൻ
എന്നരുളിച്ചെയ്തു. ആകയാൽ അഞ്ചു വാൽകോതമ്പു അപ്പത്തിൽ
നിന്നു അയ്യായിരംപേർ ഭക്ഷിച്ച് അധികംവന്ന കഷണങ്ങൾ
അവർ ശേഖരിച്ച് പന്ത്രണ്ടു കൊട്ടകൾ നിറച്ചു. ഈശോ ചെയ്ത
അത്ഭുതം കണ്ട ജനങ്ങൾ ലോകത്തിലേക്കു വരുവാനിരുന്ന പ്രവാച
കൻ സത്യമായി ഇവൻ ആകുന്നു എന്നു പറഞ്ഞു. അവർ വന്നു

തന്നെ പിടിച്ചു രാജാവാക്കുവാൻ പോകുന്നുവെന്നറിഞ്ഞു് ഈശോ തനിയെ മലയിലേക്കു മാറിക്കളഞ്ഞു.

(നോമ്പു 4-ാം ഞായർ; സുവിശേഷം: യോഹ. VI, 1—15)

കേരളത്തിലെ നാട്ടുരാജാക്കന്മാരെ—അവരുടെ പ്രതാപത്തിന്റെയും അധികാരത്തിന്റെയും കാലങ്ങളിൽ-"അന്നദാതാവായ പൊന്നുതമ്പുരാൻ"എന്നു അഭിസംബോധനം ചെയ്യാറുണ്ടായിരുന്നു. വളരെ ഹൃദയാവർജ്ജകവും മനംകുളുപ്പിക്കുന്നതുമായ ഒരു അഭിസംബോധനം! അതേ, അനുദിനം ഭക്ഷണം നല്കി സംരക്ഷിക്കുന്നവൻ ആരായാലും അദ്ദേഹത്തോടു സ്നേഹവും ബഹുമാനവും അനുസരണവും പ്രകടിപ്പിക്കുക എന്നുള്ളതു മനുഷ്യസഹജമാണ്. പോരാ, ഒരു രാജകീയത്വംതന്നെ അന്നദാതാവിനു നല്കുന്നതിനും മനുഷ്യർ സന്നദ്ധരാണ്. കുടുംബത്തിന്റെ അന്നദാതാവായ പിതാവിനു രാജകീയമായ സ്ഥാനമാണു സ്വഗൃഹസീമയിൽ സംസിദ്ധമാകുന്നതു്. ഒരു രാജ്യത്തിന്റെ മുഴുവനും അന്നദാതാവായ ഭരണാധിപനു് അല്ലെങ്കിൽ ഗവമ്മെണ്ടിനു്, രാജകീയത്വം വകവെച്ചുകൊടുക്കുവാൻ എല്ലാവരും സന്നദ്ധരാണ്. സർവ്വസമ്പത്തും ജഗത്തിൽ വിതരണംചെയ്യുന്നവനായ ദൈവത്തിലാകട്ടെ രാജകീയത്വത്തിന്റെ പാരമ്യം സ്ഥിതിചെയ്യുന്നു. ഇന്നത്തെ സുവിശേഷത്തിൽ ക്രിസ്തുനാഥനും അന്നദാതാവായി പ്രത്യക്ഷപ്പെടുന്നുണ്ടു്—സർവ്വശക്തനായ ഒരു ഭക്ഷ്യമന്ത്രി. അഞ്ചപ്പവും രണ്ടു മത്സ്യവുംകൊണ്ടു് അയ്യായിരത്തിലധികം പേർക്കു സമൃദ്ധമായ ഭക്ഷണം നല്കിയതിനുശേഷം പന്ത്രണ്ടു കൊട്ടകൾ നിറയെ അപ്പക്കഷണങ്ങൾ അവശേഷിക്കയും ചെയ്തപ്പോൾ ജനക്കൂട്ടം ഈ അത്ഭുതകാഴ്ചയാൽ ആവേശംകൊള്ളുകയും അങ്ങയെ ഉടനടി തങ്ങളുടെ രാജാവായി അഭിഷേകം ചെയ്യുവാൻ അവർ ഒരുമ്പെടുകയുംചെയ്തു. ഏവംവിധം അന്നദാനംചെയ്യാൻ ശക്തനായ ഒരു പൊന്നുതമ്പുരാനെ ലഭിച്ചാൽ തങ്ങൾക്കു ഐഹികജീവിതം സുഖപ്രദമായി കഴിക്കാമല്ലോ എന്നു ആ ജനങ്ങൾ വിചാരിച്ചു.

അങ്ങുന്നു് രാജാവായാൽപിന്നെ തങ്ങൾക്കു ജീവസന്ധാരണത്തിനായി ക്ലേശിക്കേണ്ടിവരികയില്ലെന്നും കൈയും കെട്ടിയിരുന്നാലും അത്ഭുതകരമായ വിധത്തിൽ ഭക്ഷ്യവിഭവങ്ങൾ നല്കി അങ്ങുന്നു തങ്ങളെ പോററിസംരക്ഷിച്ചുകൊള്ളുമെന്നും അവർ വ്യാമോഹിച്ചിട്ടുണ്ടായിരിക്കണം. മുമ്പൊരിക്കൽ "ഞാൻ കൊടുക്കുന്ന വെള്ളം കുടിക്കുന്ന ഏവനും ഒരിക്കലും ദാഹിക്കയില്ല" എന്നു ക്രിസ്തുനാഥൻ സമരിയാക്കാരിയായ സ്ത്രീയോടു അരുളിച്ചെയ്തപ്പോൾ, "കർത്താവേ, എനിക്കു് വീണ്ടും ദാഹിക്കാതേയും ഞാൻ വെള്ളം കോരുന്നതിനു് വീണ്ടും വരാതേയും ഇരിക്കേണ്ടതിനു് ആ വെള്ളം എനിക്കു് തരിക" എന്നു അവൾ ചെയ്ത അഭ്യർത്ഥനയെ ഈ സംഭവം നമ്മെ അനുസ്മരിപ്പിക്കുന്നുണ്ടു്. വരുവാനിരുന്ന മിശിഹായെ പ്രതീക്ഷിച്ചിരുന്ന അനേകം ജനങ്ങൾ ആ ജനൗഘത്തിലുണ്ടായിരുന്നു. എങ്കിലും അവർ മിശിഹായെ ഒരു ഭൗതികസാമ്രാട്ടായിമാത്രം—തങ്ങളെ റോമക്കാരുടെ ആധിപത്യത്തിൽനിന്നു് വിമോചിപ്പിച്ചു് സുഖസമൃദ്ധമായവിധത്തിൽ ഭരിക്കുവാനിരുന്ന ഒരു ഭരണമേധാവിയായിമാത്രം—ആണു് വിഭാവനം ചെയ്തിരുന്നതു്. അതുകൊണ്ടാണു് ഈ അത്ഭുതകൃത്യം കണ്ടപ്പോൾ അവർ അങ്ങയെ രാജാവായി അഭിഷേകം ചെയ്വാൻ മുതിർന്നതു്.

എന്നാൽ ദിവ്യരക്ഷകൻ എന്താണു് ചെയ്തതു്? അവർ തന്നെ രാജാവാക്കുവാൻ ഉദ്ദേശിക്കുന്നുവെന്നറിഞ്ഞപ്പോൾ അങ്ങുന്നു് "തനിയെ മലയിലേക്കു മാറിക്കളഞ്ഞു." കാരണം? "എന്റെ രാജത്വം ഐഹികമല്ല" എന്നു പിലാത്തോസിനോടു പറഞ്ഞതായ പ്രത്യുത്തരത്തിൽ ഇതിനുള്ള കാരണവും അടങ്ങിയിട്ടുണ്ടു്. സകല മനുഷ്യർക്കും ആവശ്യമുള്ളത്ര ഭക്ഷ്യവിഭവങ്ങൾ ദൈവംതന്നെ ഭൂമിയിൽ നിക്ഷേപിച്ചിട്ടുണ്ടു്. അവയെ വേണ്ടതുപോലെ പ്രയത്നിച്ചെടുക്കുന്നതിനും വിതരണം ചെയ്യുന്നതിനും മനുഷ്യരിൽത്തന്നെ ചില അധികാരികളേയും അങ്ങുന്നു് നിയമിച്ചിട്ടുണ്ടു്; ക്രിസ്തുനാഥൻതന്നെ ഭക്ഷ്യവകുപ്പു് ഏറെറടുക്കുകയോ

അതിനുവേണ്ടി രാജാഭിഷേകം സ്വീകരിക്കയോ വേണ്ടാ. എന്നാൽ, ആദ്ധ്യാത്മികമായ ഒരു സാമ്രാജ്യം സ്ഥാപിക്കുവാനും ആദ്ധ്യാത്മികമായ ഭക്ഷണം മനുഷ്യകുലത്തിനു നല്കുവാനും വേണ്ടിയാണ് ക്രിസ്തുനാഥൻ തിരുഅവതാരം ചെയ്തത്. ശാരീരികമായ ഭക്ഷണം അത്ഭുതകരമായവിധത്തിൽ ഭക്ഷിച്ചു തൃപ്തിയടഞ്ഞവരായ ജനങ്ങളെ അഭിമുഖികരിച്ചുകൊണ്ടുതന്നെ പിറേറദിവസം ആദ്ധ്യാത്മികഭക്ഷണമായ വി. കുർബ്ബാനയെക്കുറിച്ച് അവക്കു അങ്ങുന്ന് വിവരിച്ചുകൊടുക്കുന്നു: "ഞാൻതന്നെയാകുന്നു ജീവൻെറ അപ്പം; എൻെറ അടുക്കൽ വരുന്നവന് വിശക്കുകയില്ല....നിങ്ങളുടെ പിതാക്കന്മാർ മരുഭൂമിയിൽവെച്ചു മന്ന ഭക്ഷിച്ചു; എങ്കിലും അവർ മരിച്ചു; ഇതാകട്ടെ ഭക്ഷിക്കുന്നവൻ മരിക്കാതിരിക്കുവാനായി സ്വർഗ്ഗത്തിൽനിന്നിറങ്ങിയ അപ്പമാകുന്നു....ഞാൻ കൊടുക്കുവാനിരിക്കുന്ന അപ്പം ലോകത്തിൻെറ ജീവനുവേണ്ടി കൊടുക്കുന്ന എൻെറ ശരീരമാകുന്നു....സത്യംസത്യമായി ഞാൻ നിങ്ങളോടു പറയുന്നു: നിങ്ങൾ മനുഷ്യപുത്രൻെറ ശരീരം ഭക്ഷിക്കയും അവൻെറ രക്തം പാനം ചെയ്കയും ചെയ്യാതിരുന്നാൽ നിങ്ങൾക്കു നിങ്ങളിൽത്തന്നെ ജീവനില്ല. എൻെറ ശരീരം ഭക്ഷിക്കയും എൻെറ രക്തം പാനം ചെയ്കയും ചെയ്യുന്നവനു നിത്യജീവനുണ്ട്."

കത്തോലിക്കാസഭയിൽ ദൃശ്യമാകുന്ന ഐക്യത്തിൻെറ നിദാനം അതിൻെറ ഘടനാവിശേഷമാണെന്നുള്ള നിഗമനത്തിലാണ് ലോകം എത്തിച്ചേർന്നിരിക്കുന്നത്. പക്ഷെ, ഈ നിഗമനം അത്ര ശരിയല്ല. പരിശുദ്ധാത്മാവ് അദൃശ്യമായും റോമാ മാർപ്പാപ്പാമാർ ദൃശ്യമായും സഭയെ ഏകീഭവിപ്പിച്ചുകൊണ്ടിരിക്കുന്നുണ്ടെങ്കിലും, ക്രിസ്തുവിൻെറ ശരീരമാകുന്ന വി. കുർബ്ബാനയാണ് സഭയുടെ ഐക്യത്തിൻെറ പ്രധാന ഹേതു. ഒരുദാഹരണംകൊണ്ട് ഇത് കൂടുതൽ പ്രകടമാക്കാം. കുറെവഷങ്ങൾക്കുമുമ്പ് റഷ്യയിൽ ടിമിരിയാസഫ് എന്നു പേരായ ഒരു സസ്യശാസ്ത്രജ്ഞൻ അഞ്ചു റാത്തൽ തൂക്കമുള്ള ഒരു ചെടി ഇരുനൂറ് റാത്തൽ മണ്ണുണ്ടായിരുന്ന ഒരു ച

ട്ടിയിൽ നട്ടു. അഞ്ചുകൊല്ലത്തിനുശേഷം ആ ചെടിപറിച്ചു തൂക്കിയപ്പോൾ 169 റാത്തൽ 3 പലമുണ്ടെന്നു കണ്ടു. എന്നാൽ ആ മണ്ണിനു പറയത്തക്ക കുറവൊന്നുമുണ്ടായിരുന്നുമില്ല. 200 റാത്തലിനു ഏതാനും ചില പലങ്ങൾ മാത്രമേ കുറവുണ്ടായിരുന്നുള്ളു. ആ ചെടിയുടെ തൂക്കക്കൂടുതൽ എവിടെനിന്നുണ്ടായി? ദൃശ്യമായ യാതൊന്നിൽനിന്നുമായിരുന്നില്ല. സൂര്യകിരണവുമായുള്ള അതിൻെറ ദലസമ്പക്ത്തിൽനിന്നാണ് ആ തൂക്കത്തിൽ അധികഭാഗവും ഉദ്ഭൂതമായത്. സഭയിലും ഏതാണ്ടിപ്രകാരമാണ് സംഭവിക്കുന്നത്. കടുകുമണിസമാനമായിരുന്ന കത്തോലിക്കാസഭ ഇന്നു ശാഖോപശാഖകളോടുകൂടിയ ഒരു വൻവൃക്ഷമായിത്തീന്നിരിക്കുന്നു. ദിവ്യകാരുണ്യനാഥനോടുള്ള സമ്പക്ത്തിൻെറ ഫലമാണ് ഈ വളച്ച. ചെടിക്കു സൂര്യൻ ഏപ്രകാരമോ, അപ്രകാരം സഭക്കു പരി. കുബ്ബാന പോഷകമായി ഭവിച്ചു. ദിവ്യകാരുണ്യസൂര്യനിൽനിന്നു ദൈവസ്നേഹമാകുന്ന ചൂട് മനുഷ്യരാകുന്ന ദലങ്ങൾവഴി പ്രാപിച്ചു വളരുന്ന വൻവൃക്ഷമാണ് സഭ. ശരീരത്തിലെ രക്തനാഡികൾപോലെ മൗതികശരീരത്തിലെ മേദഃസ്രോതസ്സാണ് പരി. കുബ്ബാന. കളകളാരവത്തോടെ ഇരമ്പിപ്പായുന്ന ഒരു തരംഗണിസമാനം, അതു ലോകമാസകലമുള്ള സഭാതലത്തിലൂടെ പ്രവഹിച്ച് സകലരേയും ഏകഭക്ഷണത്താൽ ഏകീഭവിപ്പിച്ചുകൊണ്ട് സ്ഥിതിചെയ്യുന്നു. "ഏകയപ്പം ഭക്ഷിക്കുന്ന ഏവരും ഏകശരീരമാകുന്നു" എന്ന വി. പൗലോസ്ശ്ലീഹായുടെ വാക്യത്തിൻെറ അത്ഥം ഇതാണ്.

ഇന്നു ലോകത്തെ കുഴച്ചുമറിക്കുന്ന സകല പ്രശ്നങ്ങൾക്കും ദിവ്യകാരുണ്യ സ്വീകരണം സമത്ഥമായ പരിഹാരമായിരിക്കുമെന്നു പറയുമ്പോൾ, ചിലർ നെററിചുളിക്കാമെങ്കിലും, അതൊരു പരമാത്ഥം മാത്രമായിരിക്കും. മുതലാളിത്തം മനുഷ്യനെ ഒരു "കര" മായും കമ്മ്യൂണിസം അവനെ "ഉദര"മായും പരിഗണിക്കുന്നു. എന്നാൽ സഭയാകട്ടെ മനുഷ്യൻ ആത്മശരീരസംയുക്ത

നായി ഈശ്വരഛായയിൽ പരമാനന്ദപ്രാപ്തിക്കുവേണ്ടി സൃഷ്ടിക്കപ്പെട്ടവനാണെന്നു വാദിക്കുന്നു. ഒരു തെരുവുതെണ്ടിയുടെയും ഒരു ഷെയിക്സ്പിയരുടേയും ആത്മാക്കൾ തുല്യപ്രധാനമാണെന്നു സഭ പഠിപ്പിക്കുന്നു. കാരണം? എല്ലാവരും ക്രിസ്തുവിന്റെ ഒരേ മാംസരക്തങ്ങളാൽ പരിപോഷിപ്പിക്കപ്പെടുന്നു. "സമത്വം, സ്വാതന്ത്ര്യം, സാഹോദര്യം" എന്ന സകാരത്രയത്തെ ഒന്നനുസ്മരിച്ചുനോക്കുക. ലിബറലിസം സ്വാതന്ത്ര്യത്തോടുകൂടി സമാരംഭിച്ചു—എല്ലാ തുറകളിലുമുള്ള സർവ്വ സ്വാതന്ത്ര്യം. എന്നാൽ അതു പരാജയമടഞ്ഞു. കമ്മ്യൂണിസം സമത്വത്തോടുകൂടി സമാരംഭിച്ചു — സഹോദരന്മാർക്കു വസ്തുക്കൾ പങ്കിട്ടെടുക്കാം. എന്നാൽ വസ്തുക്കൾ പങ്കിട്ടെടുക്കുന്നതുകൊണ്ട് മനുഷ്യർ സഹോദരന്മാരാകണമെന്നില്ല. തസ്കരന്മാർ അപഹൃതവസ്തുക്കൾ പങ്കിട്ടെടുക്കുന്നുണ്ടെങ്കിലും, ഈ സമത്വം യഥാർത്ഥസാഹോദര്യമല്ല. റഷ്യയിലെ ഒരു പൗരനും അവന്റെ പ്രവൃത്തികളെ അഭിവീക്ഷിച്ചുകൊണ്ടിരിക്കുന്ന രഹസ്യപ്പോലീസുകാരനും ഒരേ രാഷ്ട്രത്തിൽനിന്ന് പ്രതിഫലം പററുന്നവരായാലും അവർ എങ്ങനെ സഹോദന്മാരാകും? സാമർത്ഥ്യം, ബുദ്ധി, ആരോഗ്യം എന്നിവയിൽ വ്യക്തികൾ തമ്മിലുള്ള അസമത്വം എങ്ങനെ തട്ടിനിരത്തും? അതുകൊണ്ട്, സ്വാതന്ത്ര്യമോ സമത്വമോകൊണ്ടല്ല, സാഹോദര്യംകൊണ്ടാണ് ആരംഭിക്കേണ്ടതെന്ന് സഭ ഉപദേശിക്കുന്നു. എന്നാൽ, മനുഷ്യരെ സഹോദരതുല്യരാക്കുന്നതിന് ലോകത്തിൽ ഏകമാർഗ്ഗമേ ഉള്ളൂ—പൊതുശരീരരക്തങ്ങളെ അവർക്കു നല്കുക. മനുഷ്യരെ എല്ലാം തന്റെ ദത്തുപുത്രരായി സ്വീകരിക്കുന്നതിന് . സന്മനസ്സും പ്രാപ്തിയും ഉള്ളവനായി ലോകത്തിൽ ഒരു പിതാവു മാത്രമേ ഉള്ളൂ. തന്റെ പ്രിയപുത്രന്റെ ശരീരരക്തങ്ങളെ നമുക്കു ഭക്ഷ്യപാനീയങ്ങളായി നല്കിയ സ്വർഗ്ഗീയ പിതാവല്ലാതെ മററാരുമല്ല അതു്. പല ഗോതമ്പുമണികൾ ചേർന്ന് ഒരപ്പവും പല മുന്തിരിപ്പഴങ്ങൾ ചേർന്നു വീഞ്ഞുമുണ്ടാകുന്നതുപോലെ മനുഷ്യർ അപ്പവും വീഞ്ഞുമാ

യ ക്രിസ്തുവിന്റെ ശരീരരക്തങ്ങളിൽ ഒന്നായിച്ചേരുന്നു; തുല്യരും സ്വതന്ത്രരുമായിത്തീരുന്നു. ദിവ്യകാരുണ്യസ്വീകരണം വർദ്ധിക്കട്ടെ; അപ്പോൾ ഇടവകകളിലും സമുദായങ്ങളിലും തദ്വാര ലോകത്തിലും സാഹോദര്യവും സമാധാനവും കളിയാടട്ടെ.

---

# രണ്ടു കല്ലുകൾ

നിങ്ങളിൽ ആർ പാപത്തെക്കുറിച്ച് എന്നിൽ കുററം ചുമത്തും? ഞാൻ സത്യം പറയുന്നുവെങ്കിൽ നിങ്ങൾ എന്നെ വിശ്വസിക്കാതിരിക്കുന്നത് എന്തുകൊണ്ട്? ദൈവത്തിൽനിന്നുള്ളവർ ആരോ അവൻ ദൈവത്തിന്റെ വചനങ്ങൾ കേൾക്കുന്നു. നിങ്ങൾ ദൈവത്തിൽ നിന്നല്ലാത്തതുകൊണ്ടുതന്നെ നിങ്ങൾ കേൾക്കുന്നില്ല. യൂദന്മാർ ഉത്തരമായി അവനോട്: നീ ഒരു ശമ്റായൻ ആകുന്നു എന്നും, നിനക്കു പിശാചുണ്ട് എന്നും ഞങ്ങൾ പറയുന്നതു ശരിയല്ലേ? എന്നു ചോദിച്ചു. ഈശോ അവരോട് അരുളിച്ചെയ്തു: എനിക്കു പിശാചില്ല, പിന്നെയോ, ഞാൻ എന്റെ പിതാവിനെ ബഹുമാനിക്കുന്നു; നിങ്ങൾ എന്നെ അവമാനിക്കുന്നു, ഞാൻ എന്റെ സ്തുതി അന്വേഷിക്കുന്നില്ല. അന്വേഷിക്കയും വിധിക്കയും ചെയ്യുന്നവനുണ്ട്. സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു: എന്റെ വചനം പാലിക്കുന്നവൻ ഒരിക്കലും മരണം കാണുകയില്ല. യൂദന്മാർ അവനോടു പറഞ്ഞു: നിനക്കു പിശാച് ഉണ്ടെന്ന് ഇപ്പോൾ ഞങ്ങൾക്കു മനസ്സിലായി. അബ്രാഹവും പ്രവാചകരും മരിച്ചു എങ്കിലും, എന്റെ വചനം പാലിക്കുന്നവൻ ഒരിക്കലും മരണം ആസ്വദിക്കയില്ല എന്നു നീ പറയുന്നു. മരിച്ചുപോയ ഞങ്ങളുടെ പിതാവായ അബ്രാഹത്തെക്കാളും, മരിച്ചുപോയ പ്രവാചകരെക്കാളും നീ വലിയവനായിരിക്കുമോ? നീ നിന്നെത്തന്നെ ആർ ആക്കിത്തീർക്കുന്നു? ഈശോ അവരോട് അരുളിച്ചെയ്തു: ഞാൻ എന്നെത്തന്നെ സ്തുതിക്കുന്നു

വെങ്കിൽ എൻെറ സ്തുതി ഒന്നുമില്ല. എന്നെ സ്തുതിക്കുന്നതു്, ഞങ്ങളുടെ ദൈവമാകുന്നുവെന്നു നിങ്ങൾ പറയുന്ന എൻെറ പിതാവാകുന്നു. നിങ്ങൾ അവനെ അറിഞ്ഞിട്ടില്ല. ഞാൻ അവനെ അറിയുന്നു. നിങ്ങൾ അവനെ അറിയുന്നില്ലെന്നു ഞാൻ പറഞ്ഞാൽ ഞാൻ നിങ്ങളെപ്പോലെ ദണ്ഡയനാകും. എന്നാൽ ഞാൻ അവനെ അറിയുന്നു. അവൻെറ വാക്കു പാലിക്കുകയും ചെയ്യുന്നു. നിങ്ങളുടെ പിതാവായ അബ്രാഹം എൻെറ ദിവസം കാണ്മാൻ ആഗ്രഹിച്ചിരുന്നു. അവൻ കണ്ടു സന്തോഷിക്കുകയും ചെയ്തു. യൂദന്മാർ അവനോടു് നിനക്കു് ഇനിയും അമ്പതു വയസ്സായിട്ടില്ല. എന്നിരിക്കെ നീ അബ്രാഹത്തെ കണ്ടുവോ? എന്നു ചോദിച്ചു. ഈശോ അവരോടു്: സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു: അബ്രാഹം ഉണ്ടാകുന്നതിനുമുമ്പു് ഞാൻ ഉണ്ടു് എന്നരുളിച്ചെയ്തു. അപ്പോൾ അവർ അവനെ എറിയുവാൻ കല്ലെടുത്തു. എന്നാൽ ഈശോ മറഞ്ഞു് (ദൈവ) ആലയത്തിൽനിന്നു പുറപ്പെട്ടു് അവരുടെ ഇടയിൽക്കൂടെ കടന്നുപോയി.

(പീഡാനുഭവഞായർ; സുവിശേഷം: യോഹ. VIII, 46—59)

പൂർവ്വപിതാവായ അബ്രാഹം കാണ്മാൻ കൊതിച്ച വാഗ്ദാനം ചെയ്യപ്പെട്ട മിശിഹാ താനാണെന്നു ഇന്നത്തെ സുവിശേഷത്തിൽ ക്രിസ്തുനാഥൻ പ്രഖ്യാപിക്കുന്നു; ക്രിസ്തുവിനു മുമ്പുണ്ടായിരുന്ന നീതിമാന്മാരുടെ നിവാസസ്ഥലമായ "പാതാള"ങ്ങളിൽ ഇരുന്നുകൊണ്ടു് ആ പിതാവു ക്രിസ്തുവിൻെറ മനുഷ്യാവതാരത്തെ ആനന്ദത്തുള്ളലോടെ അഭിവാദ്യം ചെയ്തുവെന്നും അങ്ങുന്നു് പറയുന്നു; പോരാ, താൻ അബ്രാഹത്തിനെക്കാൾ മുമ്പുള്ളവൻ—നിത്യതപം മുതൽക്കേ ദൈവത്തിൻെറ പുത്രൻ—ആണെന്നും ക്രിസ്തു അസന്നിഗ്ദ്ധമായി പ്രസ്താവിക്കയും ചെയ്യുന്നു. എന്നാൽ യൂദന്മാരാകട്ടെ, അങ്ങയെ സാഷ്ടാംഗം വീണു് ആരാധിക്കുന്നതിനുപകരം, അങ്ങയെ എറിഞ്ഞുകൊല്ലുന്നതിനായി കല്ലുകൾ എടുത്തു. സത്യത്തിൻേറയും നന്മയുടേയും മൂർത്തീകരണത്തെ നഗ്നമായി അഭിമുഖീകരിക്കേണ്ടിവന്നപ്പോൾ ആ കുടിലമതികളുടെ അസൂയയും വിദ്വേഷവും ആളിക്കത്തുകയാണു് ചെയ്തതു്—സൂര്യപ്രകാശം തട്ടു

മ്പോൾ ചളിക്കട്ടകൾ കൂടുതൽ ഉറച്ചു് കട്ടപ്പമുള്ളതായിത്തീരുന്നപോലെ. യൂദന്മാരുടെ അന്ധവും കൃതഘ്നവുമായ ഈ മർക്കടമുഷ്ടിയും വിദ്വേഷവും ഇന്നും ചിലരിൽ നഗ്നവിളയാട്ടങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നുണ്ടു്—അക്രൈസ്തവരിൽ മാത്രമല്ല ചില ക്രൈസ്തവരിൽപ്പോലും. അവർക്കു ക്രിസ്തുവിനെ കല്ലെറിയുവാൻ സാദ്ധ്യമല്ലാത്തതുകൊണ്ടു് ക്രിസ്തുവിന്റെ പ്രതിനിധിയും മണവാട്ടിയും മൗതികശരീരവുമായ കത്തോലിക്കാസഭയെയാണു് അവർ പിടികൂടിയിരിക്കുന്നതു്. സഭയിൽ കളിയാടിക്കൊണ്ടിരിക്കുന്ന യോജിപ്പും, സംഘടനാവിശേഷവും, വിശുദ്ധിയും, സാർവ്വത്രികത്വവും കാണുമ്പോൾ ഇക്കൂട്ടരുടെ അസൂയ ആളിക്കത്തുന്നു; അവരുടെ ദേവാലയങ്ങളും, വിദ്യാമന്ദിരങ്ങളും ആതുരശാലകളും മറ്റും ഉയർന്നും ഉൽഗതി പ്രാപിച്ചും നില്ക്കുന്നതു കാണുമ്പോൾ അവർ മനോവേദനയോടെ മുഷ്ടിചുരുട്ടുന്നു; അവളെ എറിയുവാനായി കല്ലുകൾ എടുക്കുന്നു. പ്രധാനമായി രണ്ടു കല്ലുകളാണു് ഇന്നു് സഭയുടെ നേരെ എറിയപ്പെടുന്നതു. ഒന്നു്, സഭ രാഷ്ട്രത്തിന്റെ എതിരാളിയാണെന്നുള്ള ആരോപണം, മറ്റേതു്, അവൾ പുരോഗമനത്തിന്റെ ശത്രുവാണെന്നുള്ള ആക്ഷേപം. ഇവയ്ക്കെതിരായി മദ്ധ്യാഹ്നസൂര്യസമാനം പ്രശോഭിച്ചുകൊണ്ടിരിക്കുന്ന യാഥാർത്ഥ്യങ്ങളുടെ നേരെ കണ്ണടച്ചുകൊണ്ടു് ദുർവ്വാശിയോടെ ഈ കല്ലേറു നടത്തുന്നവരും ധാരാളമുണ്ടു്.

ഇന്നത്തെ ഗ്രന്ഥങ്ങളിലും പത്രമാസികകളിലും പ്രസംഗപീഠങ്ങളിലും നിയമസഭകളിലും അനുസ്യൂതം നടന്നുകൊണ്ടിരിക്കുന്ന ഒരു കല്ലേറാണു് സഭ രാഷ്ട്രത്തിനു് അപകടകാരിയാണെന്നുള്ളതു്. അമേരിക്കയിലെ കുക്ലക്സ്ക്ലാൻ(Ku KluxKlan) എന്ന പ്രസ്ഥാനക്കാർ കത്തോലിക്കരെ രാഷ്ട്രത്തിന്റെ ശത്രുക്കളായി പരിഗണിക്കണമെന്നു് വാദിച്ചു; ഇന്ത്യയിലും ഇന്നു് അതേ വാദം കുത്തിപ്പൊക്കുന്ന വർഗ്ഗീയചിന്തകരുണ്ടു്. സഭ ഒരു വിദേശീയ സ്ഥാപനമാണെന്നും കത്തോലിക്കർ വിദേശികളുടെ ഏ

ജൻറമാരാണെന്നും അവർ റോമയിലെ പോപ്പിൻെറ കീഴിലായതുകൊണ്ടു മാതൃരാജ്യത്തോടു കൂറുകാണിക്കയില്ലെന്നും തരംകിട്ടുമ്പോൾ സ്വരാജ്യത്തെ ഒററിക്കൊടുക്കുവാൻ മടിക്കയില്ലെന്നും മററും ഇക്കൂട്ടർ കൊട്ടിഘോഷിക്കാറുണ്ട്. എന്നാൽ യഥാർത്ഥത്തിൽ കത്തോലിക്കാസഭയുടെ പഠനവും പ്രവൃത്തിയുമെന്താണ്? "ഏതൊരു മനുഷ്യനും ശ്രേഷ്ഠാധികാരങ്ങൾക്ക് കീഴ്പ്പെട്ടിരിക്കട്ടെ. ദൈവത്തിൽനിന്നുള്ളതായിട്ടല്ലാതെ അധികാരമില്ല. ഉള്ള അധികാരങ്ങൾ ദൈവത്താൽ ഏർപ്പെടുത്തപ്പെട്ടിരിക്കയും ചെയ്യുന്നു. ആകയാൽ അധികാരത്തോടു എതിർത്തുനില്ക്കുന്നവൻ ദൈവത്തിൻെറ കല്പനയോടു എതിർത്തുനില്ക്കുന്നു. അവയോടു എതിർത്തുനില്ക്കുന്നവൻ ശിക്ഷാവിധി പ്രാപിക്കയുംചെയ്യും." (റോമാ XIII 1–2) ഏതുതരത്തിലുള്ള ഭരണകൂടമായാലും—രാജഭരണമോ, ഏകാധിപത്യമോ, പ്രജായത്തഭരണമോ, പ്രഭുഭരണമോ, പാർട്ടിഭരണമോ മറേറതെങ്കിലും തരത്തിലുള്ള ഭരണരീതിയോ ആയാലും—കത്തോലിക്കർ അതിനെ അംഗീകരിക്കയും അനുസരിക്കയും ചെയ്യുന്നു. ഭരണാധിപന്മാരുടെ വ്യക്തിപരമായ സ്വഭാവത്തെയോ മതത്തെയോ ഇതിൽ പരിഗണിക്കുവാനില്ല. ആസ്തികനോ നാസ്തികനോ, മതഭക്തനോ നിർമ്മതനോ, സൽസ്വഭാവിയോ ദുസ്സ്വഭാവിയോ, അധർമ്മജീവിതത്തിൻെറ അടിത്തട്ടുവരെ ആണ്ടുപോയവനോ, ആരുതന്നെയായാലും കത്തോലിക്കർ ഭരണാധികാരിയെ അനുസരിച്ചേ കഴിയൂ. കാരണം? "ദൈവത്തിൽനിന്നുള്ളതല്ലാതെ യാതൊരധികാരവുമില്ല." ഗവർമ്മെണ്ടുകളുടെ അധികാരത്തിൽ തിരുസ്സഭ ഒരിക്കലും കൈയിടുകയില്ല; മറിച്ച്, ഗവർമ്മെണ്ടു നിയമങ്ങളെ അനുസരിക്കണമെന്ന് അവൾ തൻെറ മക്കളെ അനുശാസിക്കുയാണ് ചെയ്യുന്നത്. കാരണം, രാഷ്ട്രത്തിൻെറ നിയമനിർമ്മാണാധികാരം ദൈവദത്തമാണ്; തന്നിമിത്തം ആ അധികാരത്തെ ധിക്കരിക്കുന്നത് പാപവുമാണ്. ഇപ്രകാരം സ്വരാജ്യസ്നേഹവും ഭരണാധികാരികളോടുള്ള അനുസരണവും ഒരു കത്തോലിക്കൻെറ

അവശ്യകർത്തവ്യമായിത്തീരുന്നു; ഗണ്യമായ ഒരു പുണ്യവുമായി പരിഗണിക്കപ്പെടുന്നു. ഒരുവനിൽ കത്തോലിക്കത്വം എത്രമാത്രം അധികമാണോ അത്രയ്ക്കും ഈ സ്വരാജ്യസ്നേഹവും അധികാരബഹുമാനവും അവനിൽ കൂടുതൽ വിളങ്ങിപ്രശോഭിച്ചു കഴിയൂ. അതുകൊണ്ടുതന്നെയാണ് മാർക്ക് ഹന്നാ (Mark Hanna) എന്ന മഹാൻ, അമേരിക്കൻ ഐക്യനാടുകളുടെ ഭരണഘടന സുസ്ഥിരം സംരക്ഷിക്കപ്പെടുവാൻ സഹായിക്കുന്ന രണ്ടു വലിയ ഘടകങ്ങൾ സുപ്രീംകോടതിയും കത്തോലിക്കാസഭയുമാണെന്നു അഭിപ്രായപ്പെട്ടതു്. ഇന്ത്യയിലെ നേതാക്കന്മാരും—നെഹ്റു, പട്ടേൽ പ്രഭൃതികൾ—ഇന്ത്യൻ കത്തോലിക്കരുടെ സ്വരാജ്യസ്നേഹത്തേയും ഭരണാധികാരബഹുമാനത്തേയും പുകഴ്ത്തിപ്പറഞ്ഞിട്ടുണ്ടു്. കേരളത്തിലും വർഗ്ഗീയവിഷം വമിക്കപ്പെടുന്നതിനുമുമ്പു് ഭരണാധിപന്മാരെല്ലാംതന്നെ കത്തോലിക്കാപ്രജകളുടെ രാജ്യഭക്തിയേയും ഗവൺമെണ്ടുഭക്തിയേയും മുക്തകണ്ഠം പ്രശംസിച്ചിട്ടുണ്ടു്. മാർപ്പാപ്പാ ഒരു വിദേശശക്തിയാണോ? ദൈവം ഒരു വിദേശശക്തിയാണെങ്കിൽമാത്രമേ മാർപ്പാപ്പായും ഒരു വിദേശശക്തിയാകയുള്ളു; കാരണം, കത്തോലിക്കർക്കു മാർപ്പാപ്പാ ദൈവത്തിൻെറ ഒരു പ്രതിനിധിയാണു്; ആദ്ധ്യാത്മികമേധാവിയാണു്. ഇത്തരുണത്തിൽ ഒരു വാക്യം നാം പ്രത്യേകം സ്മരിക്കണം: ''സീസറിനുള്ളതു് സീസറിനും ദൈവത്തിനുള്ളതു് ദൈവത്തിനും കൊടുത്തുകൊൾക.'' ഗവൺമെണ്ടുനിയമങ്ങൾ ദൈവികനിയമങ്ങൾക്കു വിരുദ്ധമായിവരുമ്പോൾ കത്തോലിക്കർക്കു ആ ഗവൺമെണ്ടു നിയമങ്ങളെ ചെറുക്കാതെ തരമില്ല. കാരണം, വി. അപ്പസ്തോലന്മാർ സംഘാധികാരികളോടു പറഞ്ഞതുപോലെ, ''ഞങ്ങൾ മനുഷ്യരേക്കാൾ ദൈവത്തെ അനുസരിക്കേണ്ടിയിരിക്കുന്നു.'' (നടപടി V—29.) മക്കളുടെ വിദ്യാഭ്യാസവിഷയത്തിൽ മാതാപിതാക്കന്മാർക്കുള്ള ജന്മസിദ്ധമായ അവകാശത്തെ നിഷേധിക്കുക, വ്യക്തികളേയും കുടുംബത്തേയും രാഷ്ട്രത്തിൻെറ വെറും അടിമകളാക്കിത്തീർക്കുക, വിവാഹമോച

നം, ജനനനിയന്ത്രണം, കാരുണ്യവധം തുടങ്ങിയ നിഷിദ്ധനിയ മങ്ങറം പാസ്സാക്കുക—എന്നിങ്ങനെയുള്ള രാഷ്ട്രത്തിൻെറ നടപടി കളെ ഒരു കത്തോലിക്കൻ പ്രതിഷേധിക്കതന്നെ ചെയ്യും. കാര ണം, ദൈവത്തിൻെറ നിയമങ്ങളെ ധിക്കരിക്കുവാൻ ആക്കും—ഗ വമ്മെണ്ടിനും— പാട്ടുള്ളതല്ല. ചരിത്രത്തിൽ വിശ്രവിശ്രുതമാ യിട്ടുള്ള തീബൻസൈന്യം (Theban Legion) ഒരു ക്രൈസ്ത വഭടസമൂഹമായിരുന്നു. അവർ തങ്ങളുടെ മട്ടകനായിരുന്ന റോ മൻ ചക്രവത്തിക്കുവേണ്ടി സുധീരം പോരാടി വിജയം സമ്പാദി ച്ചുകൊടുത്തു. എന്നാൽ തൻെറ ദേവന്മാരെ ആരാധിക്കണമെ ന്നു ചക്രവത്തി അവരെ നിബ്ബന്ധിച്ചപ്പോറം അവർ ആ കല്പന യെ ധിക്കരിച്ചു; തൽഫലമായി അവരെല്ലാവരും വധിക്കപ്പെടു കയും ചെയ്തു.

കത്തോലിക്കാതിരുസ്സഭ പുരോഗമനത്തിൻെറ ശത്രുവാണെ ന്നു ചിലർ പ്രചരിപ്പിക്കുന്നുണ്ട്. വെൺചുമരിൽ അനുസ്യൂതം ചളിവാരിയെറിയുമ്പോറം കുറെയെങ്കിലും അതിന്മേൽ പററിപ്പി ടിക്കാതിരിക്കയില്ല. എത്ര വലിയ നുണയായാലും ഇടതടവി ല്ലാതെ അനുവാചകരിൽ അടിച്ചുകയററപ്പെടുമ്പോറം ചിലർ അ ന്ധാളിച്ചുപോകാറുണ്ട്. യഥാത്ഥമായ പുരോഗമനം എന്താണ്? മനുഷ്യനെ മനുഷ്യനായി ജീവിക്കുവാൻ—ദൈവത്തിൻെറ പ്രതി ഛായയും ദൈവത്തെ പ്രാപിക്കേണ്ടവനുമായി ജീവിക്കുവാൻ— സഹായിക്കുന്നതാണ് പുരോഗമനം. ഇന്നു ശാസ്ത്രീയമായും ക ലാപരമായും സാമുദായികമായുമുള്ള പുരോഗമനത്തിൻെറ ഉല്പ ത്തിസ്ഥാനം ഏതാണെന്നു ഈ "പുരോഗമന" വാദികറം ആലോ ചിച്ചു നോക്കാറുണ്ടോ? നമ്മുടെ സവ്വകലാശാലകളും വിദ്യാലയ ങ്ങളും എവിടെനിന്നുത്ഭവിച്ചു? ഇന്നും വിദ്യാകേന്ദ്രങ്ങറം വളരെ ക്ലേശങ്ങറം സഹിച്ചുകൊണ്ടു നടത്തിപോരുന്നതു് ആരാണ്? ലോ കത്തിൽ ഇതേവരെ ഉണ്ടായിട്ടുള്ള ശാസ്ത്രജ്ഞന്മാരിൽ ഒരു വലി യ ഭാഗം കത്തോലിക്കരല്ലേ? അടിമത്തം പാടേ നശിപ്പിച്ച ആ

മഹാശക്തി ഏതാണ്? സംഗീതം ചിത്രമെഴുത്തു ശില്പകല എന്നിവയുടെ വിളനിലം ഏതായിരുന്നു? സ്ത്രീകൾക്ക സമുദായത്തിൽ നിലയും വിലയും സമ്പാദിച്ചുകൊടുത്തതും ആരാണ്? വ്യക്തി സ്വാതന്ത്ര്യത്തിനുവേണ്ടി ഇന്നും വാദിച്ചുകൊണ്ടിരിക്കുന്ന മഹാശക്തി ഏതാണ്? കൃഷി, കൈത്തൊഴിൽ എന്നിവയെ ലോകത്തെ പഠിപ്പിച്ചുകൊടുത്ത മഹാസ്ഥാപനവും ഏതാണ്? സാഹിത്യകാരന്മാരുടെ നീണ്ട ലിസ്റ്റിൽ ഗണ്യമായ ഒരു വിഭാഗം കത്തോലിക്കരല്ലേ? ലോകത്തിലെ പ്രമുഖ ശാസ്ത്രജ്ഞന്മാരടങ്ങിയ "പൊന്തിഫിക്കൽ ശാസ്ത്രീയസമതി"യെപ്പററി ഇക്കൂട്ടർ കേട്ടിട്ടുണ്ടോ? ആധുനിക ശാസ്ത്രീയകണ്ടുപിടുത്തങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിലും പ്രായോഗികമാക്കുന്നതിലും വത്തിക്കാൻ മുൻകൈ എടുക്കാറുള്ളത് അറിയാത്തവരുണ്ടോ? ഇതെല്ലാം ഇന്നത്തെ "പുരോഗമന"വാദികൾ അറിയുന്നില്ലേ? ഒരു പക്ഷേ, അറിഞ്ഞിട്ടും അവർ കണ്ണടച്ചു ഇരുട്ടാക്കുകയായിരിക്കാം. ഇനി, ഈ "പുരോഗമന"ക്കാരുടെ പുരോഗമനം—യഥാർത്ഥത്തിൽ അധോഗമനം എന്ന പേരായിരിക്കും അതിനു കൂടുതൽ യോജിച്ചതു— എന്താണെന്നുനോക്കാം. ദൈവം, ആത്മാവു, നരകം, സ്വർഗ്ഗം, പാപം, പുണ്യം എന്നിവയെല്ലാം നിരർത്ഥകങ്ങളാണ്; യാതൊരു നിയമങ്ങളോ നിയന്ത്രണങ്ങളോ പാടില്ല; മനുഷ്യൻെറ അധമവികാരങ്ങൾക്കെല്ലാം—പ്രത്യേകിച്ചും സ്ത്രീപുരുഷബന്ധത്തിൽ — സ്വൈരവിഹാരം അനുവദിക്കേണ്ടതാണ്; സാഹിത്യവും ചിത്രമെഴുത്തും സംഗീതവും ശാസ്ത്രവും, രാഷ്ട്രനിയമങ്ങളുമെല്ലാം ഈ തത്വങ്ങൾക്കനുസരണമായി രൂപാന്തരം പ്രാപിക്കണം— ഇവയെല്ലാമാണ് ഈ പുരോഗമനവാദികളുടെതത്വങ്ങൾ. ഇതാണ് "പുരോഗമന"മെങ്കിൽ സഭ അതിൻെറ ബദ്ധശത്രുവായിരിക്കും; സംശയമില്ല.

---

# അവരുടെ മതഗ്രന്ഥം

അവർ ഓറെശ്ലേത്തിനു സമീപിച്ച് സൈത്തുമലയുടെ അരികെ ബേസ്പാഗെയിൽ എത്തിയപ്പോൾ ഈശോ ശിഷ്യരിൽ രണ്ടുപേരെ അയച്ചുകൊണ്ട്, അവരോട് അരുളിച്ചെയ്തു: നിങ്ങൾക്കെതിരെയുള്ള ഈ ഗ്രാമത്തിലേയ്ക്കു നിങ്ങൾ പോകുവിൻ. കെട്ടിയിരിക്കുന്ന ഒരു കഴുതയേയും അതിനോടുകൂടി കഴുതക്കുട്ടിയേയും നിങ്ങൾ ഉടനെ കണ്ടെത്തും. അവയെ അഴിച്ച് എന്റെ അടുക്കൽ കൊണ്ടുവരുവിൻ. എന്നാൽ ആരെങ്കിലും നിങ്ങളോട് എന്തെങ്കിലും പറയുന്നെങ്കിൽ: ഞങ്ങളുടെ കർത്താവിനു അവകൊണ്ട് ആവശ്യമുണ്ട് എന്നു് അവനോടു പറയുവിൻ; അവൻ അവയെ ഇവിടേയ്ക്കു ഉടനെ വിട്ടയക്കും. ഈ സംഭവിച്ചതെല്ലാം, നിവ്യാ മൂഖേന അരുളിച്ചെയ്യപ്പെട്ട കാര്യം നിവൃത്തിയാകുവാൻ വേണ്ടിയായിരുന്നു. അയാൾ ഇപ്രകാരം പ്രവചിച്ചിരുന്നു: നിങ്ങൾ സെഹിയോൻ പുത്രിയോട്: ഇതാ! നിന്റെ രാജാവ് താഴ്മയുള്ളവനായും കഴുതപ്പുറത്തും കഴുതക്കുട്ടിയുടെ പുറത്തും കയറിയും നിന്റെ അടുക്കലേയ്ക്കു വരുന്നു എന്നു പറയുവിൻ. ശിഷ്യർ പോയി ഈശോ അവരോടു കല്പിച്ചതുപോലെ ചെയ്തു. അവർ കഴുതയേയും കുട്ടിയേയും കൊണ്ടുവന്ന്, കുട്ടിയുടെമേൽ തങ്ങളുടെ വസ്ത്രങ്ങൾ വിരിച്ചു. ഈശോ അതിന്മേൽ കയറിയിരുന്നു. ജനക്കൂട്ടങ്ങളിൽ മിക്കവരും തങ്ങളുടെ വസ്ത്രങ്ങൾ വഴിയിൽവിരിച്ചു. മററുള്ളവർ വൃക്ഷങ്ങളിൽനിന്ന് കൊമ്പുകൾവെട്ടി വഴിയിൽ വിതറി. അവന്റെ മുമ്പിൽ പോയിരുന്നവരും അവന്റെ പിമ്പിൽ വന്നിരുന്നവരുമായ ജനക്കൂട്ടങ്ങൾ: ദാവീദിന്റെ പുത്രന് ഓശാന! കർത്താവിന്റെ നാമത്തിൽ വരുന്നവൻ അനുഗ്രഹീതനാകുന്നു! ഉന്നതങ്ങളിൽ ഓശാനാ! എന്നു ആർത്തു പറഞ്ഞു.

(ഓശാനഞായർ; സുവിശേഷം: മത്താ. XXI, 1—9.)

വലിയ ആഴ്ചയിലെ സുദീർഘവും സൂചനാസമൃദ്ധവും അർത്ഥസംപുഷ്ടവുമായ തിരുക്കർമ്മങ്ങൾ അവസാനിച്ചശേഷം അഭ്യസ്തവിദ്യനായ ഒരു യുവകത്തോലിക്കൻ ഇപ്രകാരം പറയുകയുണ്ടായി:

"എന്തിനാണ്' ഇത്ര ദീർഘമായ തിരുക്കർമ്മങ്ങൾ? എന്തെല്ലാം അത്ഥമില്ലാത്ത പ്രവൃത്തികളും അനുഷ്ഠാനങ്ങളുമാണ്? ചിലതെല്ലാം ഗോഷ്ടികളായും തോന്നുന്നില്ലേ? ഇതിനുവേണ്ടി ജനങ്ങൾ അവരുടെ വിലയേറിയ സമയം മുഴുവൻ ചെലവഴിക്കയും വേണം. അപരിഷ്കൃതകാലത്ത്' ജന്മമെടുത്ത ഈ ആചാരാനുഷ്ഠാനങ്ങൾ ഈ പരിഷ്കൃതകാലത്ത്' എന്തിനാണ്' ജനങ്ങളുടെമേൽ കെട്ടിയേല്പിക്കുന്നത്'? ദൈവത്തെ മനസ്സിൽമാത്രം ആരാധിച്ചാൽ പോരെ? സത്യത്തിലും അരൂപിയിലും മാത്രം ദൈവാരാധന നടത്തണമെന്ന്' ക്രിസ്തുനാഥൻതന്നെ പറഞ്ഞിട്ടില്ലേ ? . . . . . ." മഗ്ദലനമറിയം ദിവ്യരക്ഷകൻെറ പാദങ്ങൾ അമൂല്യതൈലംകൊണ്ട്' അഭിഷേചിച്ചപ്പോൾ യൂദാസും പറകയുണ്ടായി: "എന്തിനാണീ അനാവശ്യമായ ദുർവ്യയം? ഇതിൻെറ വിലയായ പണം മുഴുവനും ദരിദ്രരുടെയിടയിൽ വിതരണം ചെയ്തെങ്കിൽ എത്ര നന്നായിരുന്നു." ഇതിൻെറ ഒരു വകഭേദംതന്നെയാണ്' മുൻപറഞ്ഞ മന:സ്ഥിതിയും. സഭയിലെ കർമ്മാനുഷ്ഠാനവിധികൾ വളരെ പുരാതനങ്ങളാണ്'. ഗഹനങ്ങളായ മതതത്വങ്ങളെ വിശ്വാസികൾക്കു ഇന്ദ്രിയഗോചരങ്ങളായ അടയാളങ്ങൾവഴിയായി മനസ്സിലാക്കിക്കൊടുക്കുവാനുള്ള സഭയുടെ പരിശ്രമങ്ങൾ ഈ കർമ്മാനുഷ്ഠാനങ്ങളിൽ തെളിഞ്ഞുകാണാം. ആരാധനാസ്തോത്രങ്ങളും, പരിഹാരാനുഷ്ഠാനങ്ങളും കൃതജ്ഞതാപ്രകടനങ്ങളും അഭ്യർത്ഥനകളും ഈ തിരുക്കർമ്മങ്ങൾവഴിയായി ദൈവസന്നിധിയിലേയ്ക്കു ഉയരുന്നതോടുകൂടി നമ്മുടെ മതതത്വങ്ങളുടെ ബാഹ്യമായ ഒരു പ്രകാശനവും ഇന്ദ്രിയഗോചരമായ ഒരു വിശദീകരണവും വിശ്വാസികൾക്കു നല്കുവാനും അവ പര്യാപ്തങ്ങളാണ്'. വലിയ പഠിപ്പും മതപരമായ ജ്ഞാനവും ഇല്ലാത്തവരാണല്ലോ നമ്മുടെ വിശ്വാസികളിൽ ഭൂരിപക്ഷവും. ഇവരുടെ മതഗ്രന്ഥമാണ്' തിരുക്കർമ്മങ്ങൾ എന്നു പറയുന്നതിൽ അബദ്ധമില്ല. ഈ തിരുക്കർമ്മങ്ങളിലെ ബാഹ്യവും ആകർഷകവുമായ അനുഷ്ഠാനങ്ങളിലേക്കു ഇവരുടെ ശ്രദ്ധ കേന്ദ്രീകരിക്കപ്പെട്ടു

നു; അവയിലെ മതപരമായ സൂചനകൾ ഇവർ എളുപ്പത്തിൽ ഗ്രഹിക്കുന്നു; ഇവരുടെ ഭക്തിപരങ്ങളായ വികാരങ്ങൾക്കു ഉത്തേജനം ലഭിക്കുന്നു. പ്രസംഗങ്ങളെക്കാളും ആദ്ധ്യാത്മികഗ്രന്ഥപാരായണത്തെക്കാളും സജീവവും ശാശ്വതവുമായ ജ്ഞാനം ഇവക്കു സിദ്ധിക്കയും ചെയ്യുന്നു.

പ്രോട്ടസ്റ്റാൻറ് മതത്തിൻെറ ആവിർഭാവത്തോടുകൂടിയാണ് കർമ്മാനുഷ്ഠാനങ്ങൾ അനാവശ്യങ്ങളാണെന്നും, ബുദ്ധികൊണ്ടും മനസ്സുകൊണ്ടും മാത്രം—ബാഹ്യമായ അനുഷ്ഠാനങ്ങളോ അടയാളങ്ങളോ ഒന്നും കൂടാതെ— ദൈവത്തെ ആരാധിച്ചാൽ മതിയെന്നുമുള്ള അഭിപ്രായം ഉന്നയിക്കപ്പെട്ടതു്. ഇംഗ്ലണ്ടിൽ എഡ്‌വേഡ് ആറാമൻെറ കാലത്തു് ശുദ്ധീകരത്തിരുനാളിൽ തിരികൾ ആശീർവ്വദിക്കുന്നതും, വിഭൂതിത്തിരുനാളിൽ ഫാലദേശത്തു് കരി പൂശുന്നതും, ഓശാനഞായറാഴ്ച ആശീർവ്വദിക്കപ്പെട്ട കുരുത്തോലകൾ സംവഹിക്കുന്നതും നിരോധിക്കപ്പെട്ടു. പ്രാചീനങ്ങളായ കർമ്മാനുഷ്ഠാനങ്ങളോടു പുതിയ മതത്തിനുണ്ടായിരുന്ന വിദ്വേഷാഗ്നിയും ആളിക്കത്തിത്തുടങ്ങിയപ്പോൾ കത്തോലിക്കാ മതാനുഷ്ഠാനങ്ങൾ എല്ലാംതന്നെ പാടേ നിർമ്മാർജ്ജനം ചെയ്യാനുള്ള പരിശ്രമവും ആരംഭിച്ചു. ദൈവാരാധനയെ ബാഹ്യമായി സഹായിക്കുന്ന മതപരമായ ചിത്രങ്ങൾ ദൈവാലയഭിത്തികളിൽനിന്നു കീറിപ്പറിച്ചു കളഞ്ഞു; സംഗീതോപകരണങ്ങളെ നിശ്ശബ്ദങ്ങളാക്കി; പ്രതിമകളെല്ലാം മാററിക്കളഞ്ഞു; അൾത്താരകളിലെ തിരികൾ കെടുത്തിക്കളഞ്ഞു; അൾത്താരകൾതന്നെ നിലംപരിചാക്കപ്പെട്ടു. ബുദ്ധികൊണ്ടുമാത്രം ഓരോരുത്തനും ദൈവത്തെ ആരാധിച്ചാൽ മതിയെന്നു അവർ തീരുമാനിച്ചു. എന്നാൽ ഒരു പരമാർത്ഥം ആ മതവിപ്ലവകാരികൾ മനസ്സിലാക്കിയില്ല. മനുഷ്യനിൽ ബുദ്ധി മാത്രമല്ല ഉള്ളതു്; പ്രത്യുത, ഹൃദയവും വികാരങ്ങളും അവനിൽ കുടികൊള്ളുന്നുണ്ടു്. ആത്മാവു് മാത്രമല്ല, ശരീരവുംകൂടി അവനിൽ തുല്യപ്രധാനമായ ഒരു ഘടകമായി വർത്തിക്കുന്നുണ്ടു്. ദൈവാരാ

ധനയിൽ ആത്മാവും ശരീരവും ഒന്നുപോലെ പങ്കെടുക്കേണ്ടതാണ്. ഈ പരമാർത്ഥം മനസ്സിലാക്കിക്കൊണ്ടും തങ്ങളുടെ പഴയ അബദ്ധം ഗ്രഹിച്ചുകൊണ്ടും ഇന്നു പല പ്രോട്ടസ്റ്റൻറു മതവിഭാഗക്കാരും കൂടുതൽ മാനുഷികമായ ഒരു നിലപാടു സ്വീകരിച്ചുവരുന്നുണ്ടെന്നുള്ളതു ചാരിതാർത്ഥ്യജനകംതന്നെ. മനുഷ്യൻ മാലാഖയല്ലല്ലൊ.

തിരുസഭാമാതാവിനു തൻെറ പ്രായവും പഴക്കവുമനുസരിച്ചു പരിജ്ഞാനംകൊണ്ടും പരിശുദ്ധാത്മപിയുടെ നിയന്ത്രണം നിമിത്തവും മനുഷ്യസ്വഭാവത്തെപ്പററിയുള്ള ഗാഢമായ ജ്ഞാനം സിദ്ധിച്ചിട്ടുണ്ട്. വെറും തത്വപരമായ (abstract) ഒരു മതം മനുഷ്യന് മുഴുവൻ പര്യാപ്തമാകയില്ലെന്നുമാത്രമല്ല സ്വഭാവത്തിനു അനുയോജ്യമല്ലെന്നുകൂടി അവൾ മനസ്സിലാക്കിയിട്ടുണ്ട്. ദൈവാരാധനം ഏതെങ്കിലും ബാഹ്യമായരൂപം പ്രാപിക്കാതെ തരമില്ല. കാരണം, മനുഷ്യനിൽ ശരീരവും അതിൻെറ വിവിധശക്തികളും സ്ഥിതിചെയ്യുന്നുണ്ട്. ആത്മാവിൻെറ വിവിധശക്തികളോടുകൂടെ ശരീരവും അതിൻെറ വിവിധശക്തികളും ദൈവാച്ചനയിൽ പങ്കെടുക്കേണ്ടിയിരിക്കുന്നു. അപ്പോൾ മതം വെറും വികാരപരമാവുകയില്ലേ എന്നു ചിലർ സംശയിച്ചേക്കാം. എന്നാൽ ആ സംശയം അസ്ഥാനത്താണ്. ഹൃദയവും, വികാരങ്ങളും, വിഭാവനകളും ആത്മാവിൻെറ ശക്തികളോടുകൂടി സഹകരിച്ച് പ്രവൎത്തിക്കുമ്പോൾ ആ ദൈവാരധന സ്വഭാവാനുയോജ്യമാണ്, പരിപൂൎണ്ണമാണ്, ആനന്ദപ്രദവുമാണ്. മനുഷ്യൻ ബുദ്ധികൊണ്ടു മാത്രമല്ല ജീവിക്കുന്നതു്; പ്രത്യുത ഹൃദയംകൊണ്ടും വികാരങ്ങൾകൊണ്ടും കൂടിയാകുന്നു. "സാക്ഷാൽ ആരാധകൻ അരൂപിയിലും സത്യത്തിലും പിതാവിനെ ആരാധിക്കണം" എന്നു ദൈവമായ ക്രിസ്തുനാഥൻ അരുളിച്ചെയ്തിട്ടുണ്ടെന്നുള്ളതു് വാസ്തവംതന്നെ. എന്നാൽ ആതേ ദൈവംതന്നെ, "കത്താവിൻെറ ശുദ്ധസ്ഥലത്തിൽ നിങ്ങൾ കത്താവിനെ സ്തുതിപ്പിൻ. കാഹളശബ്ദത്താൽ നിങ്ങൾ

കർത്താവിനെ സ്തുതിപ്പിൻ. വീണകളാലും കിന്നരങ്ങളാലും നിങ്ങൾ കർത്താവിനെ സ്തുതിപ്പിൻ. തപ്പുകളാലും മദ്ദളങ്ങളാലും നിങ്ങൾ കർത്താവിനെ സ്തുതിപ്പിൻ. ഇമ്പമുള്ള തന്ത്രികളാലും നാദമുള്ള കൈത്താളങ്ങളാലും നിങ്ങൾ കർത്താവിനെ സ്തുതിപ്പിൻ. ശബ്ദഘോഷത്താലും ആർപ്പുവിളിയാലും നിങ്ങൾ കർത്താവിനെ സ്തുതിപ്പിൻ'' എന്നും അരുളിച്ചെയ്തിട്ടുണ്ട്. യോയേൽ പ്രവാചകൻ പറയുന്നു: ''നിങ്ങൾ മുഴുഹൃദയത്തോടെ എന്നിലേക്കു് പിന്തിരിയുവിൻ. നിങ്ങൾ വസ്ത്രങ്ങളെയല്ല ഹൃദയത്തെ കീറുവിൻ.'' ഇതിനുശേഷം അദ്ദേഹം തുടരുന്നു: ''സിയോനിൽ കാഹളം മുഴക്കുവിൻ; ഉപവാസത്തെ വിശുദ്ധീകരിക്കുവിൻ; ഭയഭക്തിയോടെ സംഘത്തെ വിളിച്ചുകൂട്ടുവിൻ; എല്ലാ ജനങ്ങളേയും വിളിക്കുവിൻ. മുഖമണ്ഡപത്തിന്റെയും അൾത്താരയുടേയും മദ്ധ്യേ നിന്നുകൊണ്ടു ദൈവശുശ്രൂഷകരായ പുരോഹിതന്മാർ കരയുകയും ഇപ്രകാരം പ്രാർത്ഥിക്കുകയും ചെയ്യട്ടെ: നിന്റെ ജനങ്ങൾക്കു മാപ്പു നല്കുക, ഓ കർത്താവേ, മാപ്പുനല്കുക.'' (യോയേ. II, 12, 17.) ആദ്യഭാഗത്തു് പ്രവാചകൻ ആന്തരികമായ മനസ്താപം ഉണ്ടാകേണ്ടതിന്റെ ആവശ്യകതയേയും, അതില്ലാതെ വെറും ബാഹ്യചടങ്ങുകളായ വസ്ത്രം കീറുക തുടങ്ങിയ അനുഷ്ഠാനങ്ങളുടെ നിരർത്ഥകതയേയും ഊന്നിപ്പറയുന്നു. രണ്ടാമത്തെ ഭാഗത്തിലാകട്ടെ ബാഹ്യമായ ചില അനുഷ്ഠാനങ്ങളുടേയും പരിഹാരകൃത്യങ്ങളുടേയും ആവശ്യകതയേയും ശക്തിയായി ഉൽബോധിപ്പിക്കുന്നു. വെറും ബുദ്ധിപരമായ ആരാധന മാത്രമാണെങ്കിൽ അതു പ്രായോഗികമല്ലെന്നു സഭാമാതാവിനറിയാം; എന്നാൽ വെറും വികാരപരം മാത്രമായിരുന്നാൽ അതും ശരിയല്ലെന്നും സഭ ശഠിക്കുന്നു. ബുദ്ധിശക്തികളും ശരീരശക്തികളും സമ്മേളിച്ചുകൊണ്ടുള്ള ആരാധനയാണു് ആവശ്യം. എത്രയോ യുക്തിയുക്തമായ ഒരു നിലപാടാണു് സഭ സ്വീകരിച്ചിരിക്കുന്നതു്.

ഇന്നത്തെ രാഷ്ട്രീയകക്ഷികൾ മനുഷ്യന്റെ ശരീരത്തെ സ്പർശിക്കുവാനാണ് എല്ലായ്പോഴും ശ്രമിക്കുന്നത്; ശരീരത്തിലൂടെ അവന്റെ ബുദ്ധിയിലേക്കും മനസ്സിലേക്കും പ്രവേശിക്കാമെന്നും അവർക്കറിയാം. തന്നിമിത്തം അവർ ഘോഷയാത്രകൾ നടത്തുന്നു; മുദ്രാവാക്യങ്ങൾ വിളിച്ചുപറയുന്നു; പൊതുയോഗങ്ങൾ കൂട്ടുന്നു; നാടകം, സിനിമ, റേഡിയോ എന്നീ പ്രചരണമാർഗ്ഗങ്ങൾ ഉപയോഗിക്കുന്നു ജാഥകൾ, ഉച്ചഭാഷിണി, വാദ്യമേളങ്ങൾ, പന്തം കൊളുത്തി പ്രദക്ഷിണങ്ങൾ—ഇങ്ങനെ പലതും. ജനങ്ങൾ ആകർഷിക്കപ്പെടുന്നു, ആവേശംകൊള്ളുന്നു. ഇതുപോലെതന്നെ മതപരമായ ഒരു പ്രദക്ഷിണം—ജനങ്ങൾ വരിയായി നടന്നുകൊണ്ടും, ക്രിസ്തുവിന്റെയും വിശുദ്ധന്മാരുടെയും പതാകകൾ പറപ്പിച്ചുകൊണ്ടും, സ്തോത്രഗാനങ്ങൾ ആലപിച്ചുകൊണ്ടും മററും മന്ദം മന്ദം നീങ്ങുന്ന ഭക്തിപരമായ ഒരു പ്രദക്ഷിണം—വിശ്വാസികളിലും കാണികളിലും ഭക്തിവികാരങ്ങൾ അങ്കുരിപ്പിക്കാതിരിക്കയില്ല. ഉച്ചഭാഷിണിയും സദ്വാക്യങ്ങളും നമുക്കും ഉപയോഗിക്കാം; വാദ്യഘോഷങ്ങളും അസ്ഥാനത്തല്ല. എല്ലാററിലും മിതത്വവും അച്ചടക്കവും ക്രമവും പാലിക്കണമെന്നേയുള്ളൂ. മദ്യപിച്ചതുകൊണ്ടോ മററോ ഉളവാകുന്ന ക്രമക്കേടുകളും ബഹളങ്ങളും നിർത്തിക്കൊട്ടിക്കലും മററും തീരെ നിഷിദ്ധമാണെന്നു പ്രത്യേകം ഊന്നിപ്പറയേണ്ടിയിരിക്കുന്നു; അല്ലെങ്കിൽ ഗുണത്തിനുപകരം ദോഷമായിരിക്കും ഫലം.

ആശീർവ്വദിക്കപ്പെട്ട കുരുത്തോലകൾ വഹിച്ചുകൊണ്ടുള്ള ഇന്നത്തെ പ്രദക്ഷിണവും മററു ചടങ്ങുകളും വിശ്വാസികൾക്ക് വിജ്ഞാനപ്രദമായ ഒരു മതഗ്രന്ഥംതന്നെയാണ്. വൈദികനും ജനങ്ങളും ദേവാലയത്തിൽനിന്നു പുറത്തുപോകയും ദേവാലയകവാടങ്ങൾ അടയ്ക്കപ്പെടുകയും ചെയ്യുമ്പോൾ ആദിമാതാപിതാക്കന്മാരുടെ പാപംമൂലം മനുഷ്യവർഗ്ഗം സ്വർഗ്ഗത്തിൽനിന്നു പുറംതള്ളപ്പെട്ടതിനേയും സ്വർഗ്ഗവാതിൽ പൂട്ടപ്പെട്ടതിനേയും നാം സ്മരിക്കുന്നു.

കുരിശുകൊണ്ടു മൂന്നുപ്രാവശ്യം മുട്ടിക്കൊണ്ട് പുരോഹിതൻ ദേവാലയവാതിൽ തുറക്കുമ്പോൾ തന്റെ കുരിശുമരണം വഴിയായി ക്രിസ്തുനാഥൻ നമുക്ക് സ്വർഗ്ഗപ്രവേശം നല്കിയതിനെ നാം സ്മരിക്കണം. അങ്ങനെ വിജയചിഹ്നമായ കുരുത്തോലകൾ വഹിച്ചുകൊണ്ട് നാം സ്വർഗ്ഗത്തിൽ പ്രവേശിക്കുന്നു. എന്നാൽ ക്രിസ്തുവിനെ അനുകരിക്കണമെങ്കിൽ "സ്വയം പരിത്യജിച്ചുകൊണ്ട്, കുരിശും വഹിച്ചുകൊണ്ടു നാം അങ്ങയെ അനുഗമിക്കണം." സ്വർഗ്ഗവാതിലിന്റെ താക്കോൽ കുരിശുമാത്രമാണ്. ഇങ്ങനെയുള്ള പല സച്ചിന്തകളും സദ്വികാരങ്ങളും നമ്മിൽ അങ്കുരിപ്പിക്കുവാൻ ഇത്തരം അർത്ഥസമ്പുഷ്ടങ്ങളായ കർമ്മാനുഷ്ഠാനങ്ങൾ അപരിത്യാജ്യങ്ങളാണ്. സ്വയം ബുദ്ധിജീവികളെന്നഭിമാനിക്കുന്നവർ ബുദ്ധിപരമായ ദൈവാരാധന മാത്രം മതിയെന്നു ശഠിക്കുന്നുണ്ടെങ്കിലും ക്രമേണ അതും കൂടെ അവർ ഉപേക്ഷിച്ചുകളയുന്നതായിട്ടാണ് അനുഭവം. മനുഷ്യനെ മനുഷ്യനായിത്തന്നെ പരിഗണിക്കയും അഭിമുഖീകരിക്കയും ചെയ്യുന്ന സഭാമാതാവിനെ വിശ്വസിക്കുന്നതായിരിക്കും സുബുദ്ധം.

---

# ബാറോസ് പറഞ്ഞത്

ശാബതം കഴിഞ്ഞപ്പോൾ മഗ്ദലേനാമറിയവും യാക്കോബിന്റെ അമ്മയായ മറിയവും ശാലോമുംചെന്നു അവനെ പൂശേണ്ടതിനായി സുഗന്ധദ്രവ്യങ്ങൾ വാങ്ങി. ഞായറാഴ്ച ഉഷസ്സിൽ സൂര്യൻ ഉദിച്ചപ്പോൾ അവർ പ്രേതാലയത്തിലേയ്ക്കു വന്നു. പ്രേതാലയത്തിന്റെ വാതിൽക്കൽനിന്ന് കല്ല് നമുക്കായി ആർ ഉരുട്ടിമാറ്റും എന്നു അവർ തമ്മിൽ പറഞ്ഞിരുന്നു. അവർ നോക്കി. ആ കല്ല് ഉരുട്ടിമാറ്റിയിരിക്കുന്നതായി കണ്ടു. എന്തെന്നാൽ അതു വളരെ വലുതായിരുന്നു. അവർ പ്രേതാലയത്തിൽ പ്രവേശിച്ചു. വെള്ളവസ്ത്രം ധരിച്ച ഒരു

യുവാവു് വലത്തുവശത്തു് ഇരിക്കുന്നതുകണ്ടു് അവർ ഭ്രമിച്ചു. അവൻ അവരോടു പറഞ്ഞു: നിങ്ങൾ ഭയപ്പെടേണ്ട. നിങ്ങൾ, കുരിശിൽ തറയ്ക്കപ്പെട്ട നസ്രായനായ ഈശോയെ അന്വേഷിക്കുന്നുവല്ലോ. അവൻ ഉയിർത്തെഴുന്നേററു. അവൻ ഇവിടെയില്ല. ഇതാ അവൻ വെയ്ക്കപ്പെട്ടിരുന്ന സ്ഥലം. എന്നാൽ, ഇതാ! അവൻ നിങ്ങൾക്കു മുമ്പായി ഗ്ലീലായിലേയ്ക്കു പോകുന്നു; അവൻ അരുളിച്ചെയ്തിരുന്നതു പോലെ അവിടെ അവനെ നിങ്ങൾ കാണും എന്നു അവൻെറ ശിഷ്യന്മാരോടും കേപ്പായോടും പോയി പറയുവിൻ.

(ഉയിർപ്പുഞായർ; സുവിശേഷം: മർക്കോ. XVI, 1—7)

ഫ്രഞ്ചുവിപ്ലവത്തിൻെറ മാദകലഹരിയിൽ മതിമയങ്ങിയ രെവെയിയേർ എന്ന ഒരു തത്വചിന്തകൻ ഒരു പുതിയ മതം പ്രചരിപ്പിക്കുന്നതിനു് തീവ്രയത്നം നടത്തുകയുണ്ടായി. ഈ പുതിയ മതത്തിൻെറ പ്രചാരപ്രവാഹത്തിൽ കത്തോലിക്കാസഭ നാമാവശേഷമാകുമെന്നാണു് ഈ നവീന മതസ്ഥാപകൻ വ്യാമോഹിച്ചതു്. എന്നാൽ അയാൾ ഉദ്ദേശിച്ച ഫലമൊന്നുമുണ്ടായില്ല. അക്ഷമനും നിരാശനുമായി അയാൾ തൻെറ സ്നേഹിതൻ ബാറോസിനോടു പറഞ്ഞു: "എൻെറ മതം എന്തുകൊണ്ടാണു് അഭിവൃദ്ധി പ്രാപിക്കാത്തതു്? എന്തിക്കു അനുയായികളായി ആരേയും ലഭിക്കാത്തതെന്തുകൊണ്ടു്? വിശിഷ്ടങ്ങളായ സന്മാർഗ്ഗനിയമങ്ങളുടേയും തത്വചിന്തകളുടേയും ഒരു സമാഹാരമാണല്ലൊ എൻെറ നവീനമതം. ഒരു ആശാരിയായിരുന്ന യേശുക്രിസ്തുവിനു് വിദ്യാവിഹീനരായിരുന്ന ഏതാനും മീൻപിടുത്തക്കാരുടെ സഹായത്തോടുകൂടി തൻെറ മതം പ്രചരിപ്പിക്കുന്നതിനു് എങ്ങനെ സാധിച്ചു എന്നോർത്തു് ഞാൻ അത്ഭുതപ്പെടുന്നു." ഇതു കേട്ടു് ഒരു മതവിശ്വാസിയല്ലായിരുന്ന ബാറോസ് മറുപടി പറഞ്ഞു: "സ്നേഹിതാ, യേശുക്രിസ്തു വെള്ളിയാഴ്ച കുരിശിൽതൂങ്ങി മരിക്കയും ഞായറാഴ്ച സ്വശക്തിയാലെ ഉയിർക്കുകയുംചെയ്തു. അതുപോലെ നിങ്ങളുംചെയ്യു. "നിങ്ങളുടെ മതത്തിനും വലിയ പ്രചാരമുണ്ടാകും." വളരെ അർത്ഥസംപുഷ്ടവും യാഥാർത്ഥ്യസ്പർശിയുമായ ഒരു മറുപടി!

മതത്യാഗിയായ ജൂലിയൻ ചക്രവൎത്തി അസൂയാകലുഷിതമായ നൈരാശ്യത്തോടെ ആക്രോശിച്ചു: "ഓ, ഗലിലേയൻ! നീ തന്നെ ജയിച്ചു." ലോകത്തെ കിടുകിടെ വിറപ്പിച്ച നെപ്പോളിയൻ ഒടുവിൽ പരാജിതനായി സെൻറ് ഹെലേനാ ദ്വീപിലേക്കു നാടുകടത്തപ്പെട്ടതിനുശേഷം ഇപ്രകാരം പ്രസ്താവിക്കയുണ്ടായി: "എൻെറ അതിനീചമായ നികൃഷ്ടാവസ്ഥയും, പ്രപഞ്ചത്തിലെങ്ങും പ്രസംഗിക്കപ്പെടുകയും സ്നേഹിക്കപ്പെടുകയും ആരാധിക്കപ്പെടുകയും ചെയ്യുന്ന ക്രിസ്തുവിൻെറ ആധിപത്യവും തമ്മിൽ എത്രയോ വലിയൊരു വ്യത്യാസമാണുള്ളതു്!" ക്രിസ്തുവിൻെറ വിജയത്തിൻെറ രഹസ്യം ഇതാണ്: അങ്ങുന്നു് വിശിഷ്ടങ്ങളായ തത്വങ്ങൾ പഠിപ്പിക്കുകയും തൻെറ കുരിശുമരണവും പുനരുത്ഥാനവും വഴിയായി അവയ്ക്കു ആത്മാൎത്ഥതയുടെ ദിവ്യമായ മുദ്ര കുത്തുകയും ചെയ്തു.

കത്തോലിക്കാസഭ ക്രിസ്തുനാഥൻെറ ജീവിതംതന്നെ തുടൎന്നുകൊണ്ടിരിക്കുന്നു. "മിശിഹാ മരിച്ചവരിൽനിന്നു ഉയിൎത്തെഴുന്നേറ്റെന്നും, അവൻ വീണ്ടും മരിക്കയില്ലെന്നും മരണത്തിനു അവൻെറമേൽ അധികാരമില്ലെന്നും നാം അറിയുന്നു." (റോമ. VI-9.) എന്നാൽ അങ്ങേ മൗതികശരീരവും മണവാട്ടിയും പ്രതിനിധിയുമായ സഭ അങ്ങേ ജീവിതത്തിലെ വിവിധഘട്ടങ്ങളെയും പലവുരു ആവൎത്തിച്ചുകൊണ്ടിരിക്കുന്നു. ഇന്നു വിവിധരാജ്യങ്ങളിൽ കത്തോലിക്കാസഭ അനുഭവിച്ചുകൊണ്ടിരിക്കുന്ന മൎദ്ദനങ്ങളേയും നിരീശ്വരത്വത്തിനും ഭൗതികത്വത്തിനും അടിയ്ക്കടി ലഭിച്ചുകൊണ്ടിരിക്കുന്ന വിജയങ്ങളേയും കമ്മ്യൂണിസത്തിനു കൈവന്നുകൊണ്ടിരിക്കുന്ന പ്രചുരമായ പ്രചാരത്തേയുംപററി ഹൃദയസ്പൃക്കായ ഒരു പ്രസംഗം ശ്രവിച്ചശേഷം മദ്ധ്യവയസ്കനായ ഒരു കത്തോലിക്കൻ പറയുന്നു: "എന്തു്, ആകെ പൊളിഞ്ഞ കപ്പലായല്ലോ; ഇനി ഇതെല്ലാം നേരെയാകുമോ? പാറ പൊളിഞ്ഞുവെന്നാണ് തോന്നുന്നതു്. ഇനിയുണ്ടോ പിടിച്ചുനിൽക്കാൻ സാധിക്കുന്നു? എന്തെങ്കിലുമാകട്ടെ. വല്ലവിധേനയും ജീവിക്കുക. അത്രമാത്രംമതി"

ഇത്തരത്തിലുള്ള ചിന്താഗതി പലരിലും കരിനിഴൽ വിരിക്കുന്നുണ്ടായിരിക്കും. കാൽവരിയിലെ ആ ദുരന്തനാടകത്തിനുശേഷം സൂര്യൻ കദനഭാരത്തോടെ പശ്ചിമാബ്ധിയിലാണ്ടു; ക്രിസ്തുവിന്റെ ശിഷ്യഗണം നിഗൂഢമായി സമ്മേളിച്ചു; അവരിൽ ഉദിച്ചുപൊങ്ങിയ വിചാരങ്ങളും ഇതുതന്നെയായിരുന്നു: "നമ്മുടെ ആശകളെല്ലാം തകർന്നുപോയല്ലോ. നമ്മുടെ ഗുരു ഇതാ കുരിശിൽ മരിച്ചു കഴിഞ്ഞു; വമ്പിച്ച പരാജയമാണ് നമുക്ക് വന്നനുഭവിച്ചിരിക്കുന്നതു്. നമ്മുടെ പുതിയ സാമ്രാജ്യവും അതിൽ നമ്മുടെ സ്ഥാനങ്ങളും എല്ലാം ശിഥിലീകൃതമായി." താബോർ മലയിലെ സ്വർഗ്ഗസൗഭാഗ്യത്തിൽ പങ്കുകൊണ്ട ശിഷ്യപ്രമുഖർ കാൽവരിയിലെ രംഗം ദർശിച്ചതോടെ മ്ലാനവദനരായി, നിരാശരായി. എമ്മാവുസിലേക്കു പോയിരുന്ന ശിഷ്യരുടേയും മനോഗതി ഇതുതന്നെയായിരുന്നു: "പ്രധാനാചാര്യന്മാരും ജനപ്രമാണികളും അവനെ മരണവിധിക്കു ഏല്പിച്ചു കുരിശിൽ തറച്ചു. ഞങ്ങളോ ഇസ്രായേലിനെ രക്ഷിക്കുവാനിരിക്കുന്നവൻ ഇവനാകുന്നു എന്നു വിചാരിച്ചിരുന്നു." (ലൂക്ക. XXIV, 20, 21.) എന്നാൽ സംഭവിച്ചതെല്ലാം കണ്ടപ്പോൾ അവരും നിരാശാഗർത്തത്തിൽ നിപതിച്ചു. ക്രിസ്തുവിന്റെ പുനരുത്ഥാനവാർത്ത ശ്രവിച്ചപ്പോൾ അതു വിശ്വസിക്കുവാൻ തന്നെ ശിഷ്യന്മാർക്കു സാദ്ധ്യമല്ലാത്തവിധത്തിൽ അത്രയ്ക്കു പരാജയമനഃസ്ഥിതി അവരിൽ കുടികൊണ്ടിരുന്നു. "എന്നാൽ മിശിഹാ ഇവയെല്ലാം സഹിച്ചുകൊണ്ട് തന്റെ മഹത്വത്തിൽ പ്രവേശിക്കേണ്ടതായിരുന്നില്ലയോ?" എന്ന വാക്യത്തിൽ സഞ്ചിതമായിരിക്കുന്ന അർത്ഥം അവർ ഗ്രഹിച്ചിട്ടുണ്ടായിരുന്നില്ല. "എന്റെ ശിഷ്യനാകുവാൻ ആഗ്രഹിക്കുന്നവൻ സ്വയം പരിത്യജിച്ചു് അനുദിനം തന്റെ കുരിശു് വഹിച്ചുകൊണ്ട് എന്നെ അനുഗമിക്കട്ടെ" "എനിക്കുവേണ്ടി ജീവനെ നഷ്ടമാക്കുന്നവൻ അതിനെ കണ്ടെത്തും", "സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു: ഗോതമ്പുമണി നിലത്തുവീണു് അഴിയുന്നില്ല എങ്കിൽ അതു തനിയേ ഇ

രിക്കുന്നു; അതു് അഴിയുന്നുവെങ്കിൽ വളരെ ഫലങ്ങൾ ഉളവാക്കുന്നു. തന്റെ ജീവനെ സ്നേഹിക്കുന്നവൻ അതു നശിപ്പിക്കും. ഈ ലോകത്തിൽവെച്ച് തന്റെ ജീവനെ ദ്വേഷിക്കുന്നവൻ നിത്യജീവനുവേണ്ടി അതു പാലിക്കും.' ഇവയെല്ലാം മനസ്സിലാക്കിക്കൊണ്ടാണ് പ്രേഷിതപ്രവരനായ വി. പൗലോസ് ഇപ്രകാരം ഉൽഘോഷിക്കുന്നതു്: "ഈ ചൊല്ല് വിശ്വാസയോഗ്യമാണ്. നാം അവനോടുകൂടി മരിച്ചാൽ അവനോടുകൂടി ജീവിക്കും. നാം അവനോടുകൂടി സഹിക്കുമെങ്കിൽ അവനോടുകൂടി വാഴും." സഭയുടെ ജീവിതവും പരിശോധിച്ചാൽ ഇങ്ങനെയുള്ള മറ്റനവും മരണവും പുനരുത്ഥാനവും പലപ്രാവശ്യം ഉണ്ടായിട്ടുണ്ടെന്നു് കാണാവുന്നതാണ്; പുനരുത്ഥാനമെല്ലാം പൂർവ്വവൽ ഓജസ്സോടും തേജസ്സോടും കൂടിയാണെന്നു നാം പ്രത്യേകം സ്മരിക്കയുംവേണം. ആദിമശതകങ്ങളിലെ മതമർദ്ദനങ്ങൾ, അതിനുശേഷമുണ്ടായ പാഷാണ്ഡമതപ്രവാഹം, കിരാതവർഗ്ഗക്കാരുടെ ആഗമനം, ഗ്രീക്കുശീശ്മ, പ്രൊട്ടസ്റ്റാൻറുമതവിപ്ലവം, ഫ്രഞ്ചുവിപ്ലവം, നവ്യതാപ്രസ്ഥാനം, എന്നിങ്ങനെ സഭയെ ക്രൂശിക്കുവാൻ, അവളെ ഭൂമുഖത്തുനിന്നു പാടേ വിപാടനംചെയ്യാൻ, പല പരിശ്രമങ്ങൾ ഉണ്ടായിട്ടുണ്ട്. എന്നാൽ അവയെല്ലാം അതിജീവിച്ചുകൊണ്ട് സഭ ഇന്നും നിത്യയുവതയോടെ പരിലസിക്കുന്നു. ഇന്നത്തെ ഭൗതികതത്വപ്രചാരവും നിർമ്മതത്വവും നിരീശ്വരത്വവും കമ്മ്യൂണിസവും സഭയെ ക്രൂശിക്കുവാൻ ശ്രമിക്കുന്നു. അതെ, അവൾ ക്രൂശിക്കപ്പെടണം, അപ്പോൾമാത്രമെ മഹത്വപ്രചുരിമയോടുകൂടിയ പുനരുത്ഥാനം സംഭവിക്കയുള്ളു. അവളുടെ മരണമണിയടിച്ചവരുടെ, അവളുടെ ശവമഞ്ചത്തിൽ അവസാനത്തെ ആണികൂടെയും അടിച്ചുകയററിയെന്നു വിജയഭേരിയടിച്ചവരുടെ, ശവസംസ്കാരം നിർവ്വഹിച്ചുകൊണ്ടും അവരെ വിസ്മൃതിയുടെ അടിത്തട്ടിലേക്കു തട്ടിമാററിക്കൊണ്ടും സഭ പുരോഗമിക്കുന്നു. അതുകൊണ്ട് സഭ മർദ്ദിക്കപ്പെടുകയും ക്രൂശിക്കപ്പെടുകയും ചെയ്യുന്നുണ്ടെങ്കിൽ, അവൾ തന്റെ ദിവ്യനാഥനോടു അനു

ത്തപ്പെടുക മാത്രമാണ് ചെയ്യുന്നത്; ദുഃഖവെള്ളിയാഴ്ചയ്ക്കുശേഷം ഉയിർപ്പുഞായർ തീർച്ചയായും സമാഗതമാകും; നിരാശപ്പെടാൻ ഒട്ടും ന്യായമില്ല. പോരാ, ആനന്ദിക്കുവാനാണ് കൂടുതൽ ന്യായം. ലോകം മുഴുവൻ ദുഃഖവും ക്ലേശവും അനുഭവിക്കുമ്പോൾ—ദുഃഖവെള്ളിയെ തരണംചെയ്തുകൊണ്ടിരിക്കുമ്പോൾ — ഉത്ഥാനത്തിൻെറ ആനന്ദത്തെപ്പററി പ്രസംഗിക്കുന്നത് വിരോധാഭാസമല്ലെ എന്നു ചിലർ സംശയിച്ചേക്കാം. അല്ലെങ്കിൽ ഉയിർപ്പിൻെറ ആനന്ദം തിരതല്ലിക്കൊണ്ടിരിക്കുമ്പോൾ അന്നും കുരിശിനേയും ക്ലേശങ്ങളേയും അനുസ്മരിക്കുന്നതു അനൗചിതമല്ലേയെന്നും ചിലർ വാദിച്ചേക്കാം. താബോർമലയിലെ സ്വർഗ്ഗഭാഗ്യാനുഭവത്തിനിടയിൽ മോശയും ഏലിയാസും ക്രിസ്തുവിൻെറ കഷ്ടാനുഭവങ്ങളെക്കുറിച്ചാണു സംസാരിച്ചുകൊണ്ടിരുന്നത്. ക്ലേശിക്കുന്ന ലോകത്തോടു പുനരുത്ഥാനത്തിൻെറ ആനന്ദത്തെക്കുറിച്ചും, ആനന്ദത്തിൻെറ സുദിനത്തിൽ ക്ലേശത്തിൻെറ മാഹാത്മ്യത്തെക്കുറിച്ചും പ്രസംഗിക്കുന്നതിൽ അനൗചിത്യമില്ല; കാരണം, ക്രിസ്തുവിനോടുകൂടി സഹിക്കുന്ന ക്ലേശങ്ങൾ മഹത്വമേറിയ പുനരുത്ഥാനത്തിൽ വിജയമകുടം ചൂടും; ഉയിർപ്പിൻെറ ആനന്ദം അനുഭവിക്കണമെങ്കിൽ ദുഃഖവെള്ളിയിലെ, ക്ലേശങ്ങൾ തരണംചെയ്തേ മതിയാവൂ.

സഭയെക്കുറിച്ച് പറഞ്ഞതെല്ലാം ഓരോ വ്യക്തിയെക്കുറിച്ചും അക്ഷരംപ്രതി സാർത്ഥകമായിരിക്കും. ആദ്ധ്യാത്മികമായ ഒരു പുനരുത്ഥാനം നമുക്ക് കൈവരണമെങ്കിൽ ക്ലേശപൂരിതമായ ഒരു ദുഃഖവെള്ളി നാം തരണംചെയ്തേ കഴിയൂ. ഇതിന് ഉപോൽബലകങ്ങളായ വേദോക്തികൾ നാം ആദ്യം കണ്ടുകഴിഞ്ഞു. എന്നാൽ ആദ്ധ്യാത്മികമായ പുനരുത്ഥാനത്തിനുശേഷം നാം വീണ്ടും മരിച്ച് സംസ്കരിക്കപ്പെടുവാൻ ഇടയാകരുത്. ക്രിസ്തുനാഥൻ മൂന്നുപേരെ ഉയർപ്പിച്ചതായി നാം സുവിശേഷത്തിൽ വായിക്കുന്നു: യായിരൂസിൻെറ പുത്രി, വിധവയുടെ പുത്രൻ, ലാസർ, എന്നാൽ ഇവരെല്ലാവരുംതന്നെ വീണ്ടും മരിക്കയും സംസ്കരിക്കപ്പെടുകയും

ചെയ്തു: ക്രിസ്തുനാഥനാകട്ടെ, തൻെറ പുനരുത്ഥാനത്തിനുശേഷം എന്നും തൻെറ മഹത്വപ്രകർഷത്തിൽ സ്ഥിതിചെയ്യുന്നു. ഇക്കാര്യത്തിൽ നാം ക്രിസ്തുവിനെ അനുകരിക്കേണ്ടിയിരിക്കുന്നു. പാപത്തേയും, മൂത്തുമുരടിച്ച ദുസ്സ്വഭാവങ്ങളേയും, രൂഢമൂലമായിട്ടുള്ള ചില ദുശ്ശീലങ്ങളേയും പാപത്തിൻെറ ചില കൂട്ടുകാരേയും സാഹചര്യങ്ങളേയും വെട്ടിമാററിക്കൊണ്ടു് നാം ആദ്ധ്യാത്മികമായ പുനരുത്ഥാനം പ്രാപിച്ചതിനുശേഷം വീണ്ടും അവയ്ക്കു് അടിമപ്പെടാതിരിപ്പാൻ നാം പ്രത്യേകം ശ്രദ്ധിക്കണം. ഒരു യുവതിയുമായി പാപകരമായ ബന്ധങ്ങൾ പുലത്തിയിരുന്ന ഒരു യുവാവു് ഉയിപ്പുതിരുനാൾ പ്രമാണിച്ചു ഒരു നല്ലകുമ്പസാരം കഴിക്കയും ജീവിതനവീകരണത്തിനായി ദൃഢവ്രതമെടുക്കയും ചെയ്തു. അയാൾ പരിഹാരാനുഷ്ഠാനങ്ങൾക്കായി വിദൂരങ്ങളായ ചില തീത്ഥസ്ഥലങ്ങളെല്ലാം സന്ദശിച്ചശേഷം തിരിച്ചുവന്നു. തൻെറ പഴയ കൂട്ടുകാരിയെ അയാൾ പലതവണ കണ്ടുവെങ്കിലും അവളെ തിരിഞ്ഞുനോക്കുകപോലും ചെയ്തില്ല. ഒരിക്കൽ അവൾ അവനെ തടഞ്ഞുനിത്തിക്കൊണ്ടു ചോദിച്ചു: നിങ്ങൾക്കെന്തുപററി? നിങ്ങൾ എന്നെ അറികയില്ലേ? ഞാൻ—ഇന്നവളാണു്.'' അതിനു് അയാൾ ഇപ്രകാരം പ്രതിവചിച്ചു: ''നീ—ഇന്നവളാണു്; ശരിതന്നെ. എന്നാൻ ഞാൻ പഴയ—ഇന്നവനല്ല. ഞാൻ ഇപ്പോൾ പുതിയ ഒരാളാണു്.'' ഇതുതന്നെയായിരിക്കണം നമ്മുടേയും മന:സ്ഥിതി ഒരു പുതിയ മനുഷ്യൻ, ഒരു പുതിയ ജീവിതം. വി. ശ്ലീഹാ പറയുന്നതുപോലെ: ''പഴയ പുളിമാവു് നിങ്ങളിൽനിന്നു നീക്കിക്കളയുവിൻ.'' പാപജീവിതമാകുന്ന പുളിച്ചമാവിനെ നാം മാററിക്കളയണം; വേണ്ടിവന്നാൽ ജീവിതത്തിൻെറ അലകും പിടിയും മാററിക്കൊണ്ടു ഒരു സമൂലപരിവത്തനംതന്നെ നാം ഉണ്ടാക്കണം. പുതിയ ജീവൻ നമ്മിൽ പ്രസരിക്കണം. എന്നാൽ മാത്രമേ നമുക്കു് ആനന്ദിക്കുവാൻ അവകാശമുള്ളു. ''കത്താവു് സൃഷ്ടിച്ച ദിവസം ഇതാകുന്നു; ഇന്നു് നാം സന്തോഷിക്കയും ആനന്ദിക്കയും ചെയ്യുക.''

# എൻെറ കൎത്താവേ, എൻെറ ദൈവമേ!

ഞായറാഴ്ചയായ അന്നു വൈകുന്നേരമായപ്പോൾ ശിഷ്യർ ഇരുന്നിരുന്ന സ്ഥലത്തിൻെറ കതകുകൾ, യൂദന്മാരെക്കുറിച്ചുള്ള ഭയംനിമിത്തം, അടച്ചിരിക്കെ ഈശോ വന്ന് അവരുടെ ഇടയിൽ നിന്നുകൊണ്ട് അവരോടു: നിങ്ങൾക്കു സമാധാനം! എന്നരുളിച്ചെയ്തു. അവൻ ഇതു അരുളിച്ചെയ്തിട്ട് തൻെറ കൈകളും വിലാപ്പുറവും അവരെ കാണിച്ചു. ശിഷ്യർ കൎത്താവിനെ കണ്ടതുകൊണ്ട് സന്തോഷിച്ചു. ഈശോ വീണ്ടും അവരോട്: നിങ്ങൾക്കു സമാധാനം! എൻെറ പിതാവ് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയയ്ക്കുന്നു എന്നരുളിച്ചെയ്തു. ഇവ അരുളിച്ചെയ്തിട്ട് അവൻ അവരുടെമേൽ ഊതി അവരോട്: നിങ്ങൾ പരിശുദ്ധാത്മാവിനെ സ്വീകരിക്കുവിൻ. നിങ്ങൾ ആരുടെ എങ്കിലും പാപങ്ങൾ മോചിച്ചാൽ അവ മോചിക്കപ്പെടും; എന്നാൽ ആരുടെയെങ്കിലും നിങ്ങൾ ബന്ധിച്ചാൽ അവ ബന്ധിക്കപ്പെട്ടവയായിരിക്കും എന്നരുളിച്ചെയ്തു. എന്നാൽ പന്ത്രണ്ടുപേരിൽ ഒരുവനായ താമാ എന്നു പറയപ്പെടുന്ന തോമാ ഈശോ വന്നപ്പോൾ അവരോടുകൂടെ അവിടെ ഉണ്ടായിരുന്നില്ല. ശിഷ്യർ അവനോട്: ഞങ്ങൾ നമ്മുടെ കൎത്താവിനെ കണ്ടു എന്നു പറഞ്ഞു. അവൻ അവരോട്: ഞാൻ അവൻെറ കൈകളിൽ ആണികളുടെ പഴുതുകൾകാണുകയും, അവയിൽ എൻെറ വിരലുകൾ കടത്തുകയും, അവൻെറ വിലാപ്പുറത്ത് എൻെറ കൈ ഇടുകയും ചെയ്യാതിരുന്നാൽ ഞാൻ വിശ്വസിക്കയില്ല എന്നു പറഞ്ഞു. പിന്നെ എട്ടു ദിവസങ്ങളുടെശേഷം ശിഷ്യർ വീണ്ടും അകത്ത് ഇരുന്നിരുന്നു. അവരോടുകൂടെ തോമായും ഉണ്ടായിരുന്നു. അപ്പോൾ, കതകുകൾ അടച്ചിരിക്കെ, ഈശോ വന്ന് (അവരുടെ) മദ്ധ്യത്തിൽനിന്നുകൊണ്ടു അവരോട്: നിങ്ങൾക്കു സമാധാനം! എന്നരുളിച്ചെയ്തു. തോമായോട്: നിൻെറ വിരൽ ഇവിടെ കൊണ്ടുവരിക; എൻെറ കൈകൾ കാണുക; നിൻെറ കൈ കൊണ്ടുവന്നു എൻെറ വിലാപ്പുറത്ത് ഇടുക; നീ അവിശ്വാസിയാകാതെ വിശ്വാസിയായിരിക്കുക എന്നരുളിച്ചെയ്തു തോമാ ഉത്തരമായി അവനോട്: എൻെറ കൎത്താവെ, എൻെറ ദൈ

വമെ! എന്ന പറഞ്ഞു. ഈശോ അവനോട്ട: ഇപ്പോഠം നീ എന്നെ കണ്ടതുകൊണ്ട വിശ്വസിച്ചു. എന്നെ കാണാതെ വിശ്വസിച്ചവർ ഭാഗ്യവാന്മാർ! എന്നരുളിച്ചെയ്തു. ഈ പുസ്തകത്തിൽ എഴുതപ്പെട്ടിട്ടില്ലാത്ത മററു വളരെ അടയാളങ്ങളും ഈശോ തൻെറ ശിഷ്യരുടെ മുമ്പാകെ കാണിച്ചു. എഴുതപ്പെട്ടിരിക്കുന്ന ഇവ തന്നെയും ഈശോ ദൈവപുത്രനായ മ്ശിഹാ ആകുന്ന എന്ന നിങ്ങഠം വിശ്വസിക്കേണ്ടതിനും നിങ്ങഠം വിശ്വസിച്ചിട്ട അവൻെറ നാമത്തിൽ നിങ്ങഠംക്ക നിത്യജീവൻ ഉണ്ടാകേണ്ടതിനും അത്രെ.

(പുതുഞായർ; സുവിശേഷം: യോഹ. XX 19—31.)

മാർതോമാക്രിസ്ത്യാനികളുടെ ആത്മാഭിമാനം പുളകച്ചാർത്തണിയുകയും സുപ്രസിദ്ധ തീർത്ഥകേന്ദ്രമായ മലയാററൂർമലയുടെ മുകഠംപ്പരപ്പിലേക്ക അവരെല്ലാം ഓടിക്കൂടുകയും ചെയ്യുന്ന ഒരു സുദിനമാണ് പുതുഞായർ. നമ്മുടെ പൊന്നിൻകുരിശുമുത്തപ്പൻ ചോര നീരാക്കിക്കൊണ്ട കേരളത്തിൽ നാട്ടിയ കുരിശ്—കത്തിച്ചുകാട്ടിയ വിശ്വാസദീപം—ബീജാവാപംചെയ്ത വിശ്വാസവൃക്ഷം—എങ്ങനെയെല്ലാം ശക്തി പ്രാപിക്കയും, ആളിക്കത്തുകയും തഴച്ചുവളരുകയും ചെയ്തുവെന്നു പരിശോധിച്ചുനോക്കേണ്ടതായ ചുമതല നമുക്കുണ്ട്. ഇന്നു ലോകത്തിലെ സകല കത്തോലിക്കാ ദേവാലയങ്ങളിലും വായിക്കപ്പെടുന്നതും പ്രസംഗിക്കപ്പെടുന്നതുമായ സുവിശേഷഭാഗവും നമ്മുടെ പിതാവായ മാർ തോമാശ്ലീഹായെക്കുറിച്ചുള്ളതാണ്. വികാരതരളിതനായി "എൻെറ കത്താവെ, എൻെറ ദൈവമെ!" എന്നു ഹൃദയത്തിൽനിന്നും പൊട്ടിപ്പുറപ്പെട്ട വാക്കുകളുച്ചരിച്ചുകൊണ്ടും ദിവ്യനാഥൻെറ മനുഷ്യത്വാദർശനത്തിൽ ദൈവത്വത്തെ സുദൃഢമായും സുധീരമായും ഏററുപറഞ്ഞുകൊണ്ടും, പരമമായ ത്യാഗത്തിൻേറയും അപരിമേയമായ സ്നേഹത്തിൻേറയും ഉറവയിൽനിന്നും കോരിക്കുടിച്ചുകൊണ്ടും ഈ കേരളക്കരയിൽ ആഗതനായ നമ്മുടെ വാത്സല്യതാതൻ ഈ സുദിനത്തിൽ നമ്മുടെ വിശ്വാസത്തിന ഉയിരും ഉണവ്വും ഉത്തേജനവും നല്കുന്നതിന് നമ്മെ സഹായിക്കട്ടെ.

ഒരു ശ്ലീഹായിൽനിന്നു ലഭിച്ച വിശ്വാസത്തിന്റെ പത്തൊമ്പതു നൂററാണ്ടുകളുടെ പാരമ്പര്യം നമുക്കുണ്ട്. അപ്രമാദിത്വവരത്താൽ ആനയിക്കപ്പെടുന്ന അധികാരത്തിന്റെ കീഴിൽ യുക്തിയുക്തവും തത്വനിഷ്ഠവുമായ ഒരു വിശ്വാസസംഹിത ക്രിസ്തുനാഥനിൽ നമുക്കു് ലഭിച്ചിട്ടുണ്ട്. എന്നാൽ ആ വിശ്വാസസത്യങ്ങളെ എങ്ങനെ നാം നമ്മുടെ ജീവിതത്തിലേക്കു പകരുന്നു? അവയെ പഠിച്ചറിയാനും പ്രായോഗികമാക്കുവാനും നാം ശ്രമിക്കുന്നുണ്ടോ? പഴയ വിശ്വാസികളെന്ന അഭിമാനയവനികയുടെ പിന്നിൽ യഥാർത്ഥമായ കത്തോലിക്കാവിശ്വാസം ഞെങ്ങിഞെരുങ്ങി വീർപ്പുമുട്ടുകയല്ലെ ചെയ്യുന്നതു്? നമ്മുടെ വിശ്വാസമെവിടെ? പ്രവൃത്തിയെവിടെ?

ഉത്ഥിതനായ ക്രിസ്തുവിന്റെ ദർശനമാത്രയിൽ "എന്റെ കത്താവെ, എന്റെ ദൈവമെ" എന്നുള്ള ഉൽക്കടമായ വിശ്വാസത്തിന്റെ തള്ളിച്ചയാണു് മാർതോമായിൽ ഉണ്ടായതു്. പരിശുദ്ധ കുർബ്ബാനയിൽ ക്രിസ്തുനാഥന്റെ യഥാർത്ഥ സാന്നിദ്ധ്യമുണ്ടെന്നു വിശ്വസിക്കുന്ന നാം ആ ദിവ്യസന്നിധിയിൽ "എന്റെ കത്താവെ, എന്റെ ദൈവമെ" എന്നു സുദൃഢമായ വിശ്വാസത്തോടും കത്തിയെരിയുന്ന സ്നേഹത്തോടുംകൂടെ ഉച്ചരിക്കാറുണ്ടോ? ഈ വിശ്വാസവും സ്നേഹവും പ. കുർബ്ബാനയുടെ സന്നിധിയിലും, ദിവ്യബലിയുടെ സമയത്തും, ദിവ്യകാരുണ്യമുറംകൊള്ളുമ്പോഴും നമ്മിൽ പ്രകടമാകുന്നുണ്ടോ? എത്രയോ അലസമായും ആദരഹീനമായുമാണു് നാം പള്ളികളിൽ പെരുമാറുന്നതു്?

എന്റെ കത്താവും എന്റെ ദൈവവുമായ ക്രിസ്തുവിന്റെ പ്രതിനിധികളാണു് പരി. മാർപ്പാപ്പയും, മെത്രാന്മാരും, വൈദികരും എന്നുള്ള വിശ്വാസത്തോടുകൂടി അവരെ നാം അനുസരിക്കയും ആദരിക്കയും ചെയ്യുന്നുണ്ടോ? ക്രിസ്തുവിന്റെ മണവാട്ടിയായ തിരുസഭയോടു ചേർന്നുനില്ക്കുവാനും അതിന്റെ മൗതികശരീരത്തിന്റെ ഒരംശം എന്ന നിലയിൽ എന്നും ആ ശരീരത്തോടുകൂടി

യോജിച്ചിരിക്കുവാനും ആ ശരീരത്തിന്റെ ഇതരഘടകങ്ങളുമായി വിശ്വാസത്തിലും സ്നേഹത്തിലും ബന്ധവും സഹകരണവും പുലത്തുവാനും നാം പരിശ്രമിക്കുന്നുണ്ടൊ?

"എന്റെ കത്താവെ, എന്റെ ദൈവമെ" എന്നുള്ള തീക്ഷ്ണമായ വിശ്വാസത്തിന്റെയും സ്നേഹത്തിന്റെയും ഫലമായി നമ്മുടെ പിതാവ് തന്റെ ക്രിസ്തുനാഥനുവേണ്ടി കരയും കടലും കടന്നു, മഴയും വെയിലും വകവെയ്ക്കാതെ ഇരപകലെന്യെ ബുദ്ധിമുട്ടി ക്ലേശങ്ങളുടെ തീച്ചൂളയെ തരണംചെയ്തു ഒടുവിൽ ജീവൻ ബലികഴിക്കയുംചെയ്തു. ആ ക്രിസ്തുനാഥനിലുള്ള വിശ്വാസവും അങ്ങയോടുള്ള സ്നേഹവും ത്യാഗങ്ങൾ സഹിക്കുവാൻ നമ്മെ പ്രേരിപ്പിക്കുന്നുണ്ട്. പണത്തിനുവേണ്ടി, സ്ഥാനമാനങ്ങൾക്കുവേണ്ടി, സ്വന്തം സൌകര്യങ്ങൾക്കും സുഖഭോഗങ്ങൾക്കുംവേണ്ടി, മനുഷ്യബഹുമാനത്തെ ഇച്ഛിച്ചുകൊണ്ടു നാം പലപ്പോഴും ക്രിസ്തുവിനെ മാററിനിത്തുകയും അങ്ങെ പ്രമാണങ്ങളെ ചവുട്ടിമെതിക്കുകയും ചെയ്യുന്നില്ലെ? കത്തോലിക്കാ സംഘടനകൾക്കുവേണ്ടി, സാധുസംരക്ഷണത്തിനും വേദപ്രചാരത്തിനും കത്തോലിക്കാസാഹിത്യപ്രചരണത്തിനും മററും വേണ്ടി, അല്പമൊന്നു ബുദ്ധിമുട്ടാനൊ അല്പം ധനസഹായം ചെയ്യാനൊ നാം പലപ്പോഴും വിമുഖതയല്ലെ പ്രദശിപ്പിക്കുന്നതു്? മാസംതോറുമെങ്കിലും കുമ്പസാരിച്ച് ക്രിസ്തുനാഥനെ സ്വീകരിക്കുവാൻ, ദിവ്യബലിയിൽ അനുദിനം സംബന്ധിക്കുവാൻ, കൊന്ത എത്തിക്കുവാൻ, വെന്തിങ്ങ ധരിക്കുവാൻ, കുടുംബപ്രാത്ഥനയിൽ ഭക്തിപൂവ്വം സംബന്ധിക്കുവാൻ— ഇതിനെല്ലാം നാം എത്രമാത്രം ശുഷ്കാന്തി പ്രദശിപ്പിക്കുന്നുണ്ട്?

നമ്മുടെ പിതാവ് നമ്മുടെ നാട്ടിൽ വിശ്വാസദീപം കൊളുത്തി. മക്കളായ നാം ആ വിശ്വാസവെളിച്ചം നാടെങ്ങും പരത്തുവാൻ പരിശ്രമിക്കുന്നുണ്ടൊ? ചുരുങ്ങിയപക്ഷം നമ്മുടെ ജീവിതരീതിമൂലം മററുള്ളവരുടെ മാനസാന്തരത്തിന് ഒരു വിലങ്ങുതടിയാകാതിരിക്കാനെങ്കിലും നാം പരിശ്രമിക്കേണ്ടതല്ലെ? സത്യം,

നീതി, മര്യാദ, പരസ്നേഹം, ശുദ്ധത, മദ്യവജ്ജനം എന്നീ സാധാരണ ഗുണങ്ങളും നമ്മുടെ വിശ്വാസപരമായ ജീവിതത്തോടുകൂടി അലിഞ്ഞുചേരേണ്ടതാണ്. അങ്ങനെ നമ്മുടെ ജീവിതം മററുള്ളവക്ക മാഗ്ഗദീപമായിത്തീരുമ്പോൾ തീച്ച്യയായും അക്രൈസ്തവർ ക്രിസ്തുവിലേക്കു ആകഷിക്കപ്പെടാതിരിക്കയില്ല. "എൻെറ കത്താവെ, എൻെറ ദൈവമെ" എന്നുള്ള സജീവവിശ്വാസപ്രഖ്യാപനം നടത്തിയ നമ്മുടെ പിതാവു് ഇതിനു നമ്മെ സഹായിക്കട്ടെ.

---

# അന്തിക്രിസ്തുവിൻെറ കൂട

ഞാൻ നല്ല ഇടയനാകുന്നു. നല്ല ഇടയൻ ആടുകൾക്കുവേണ്ടി സ്വജീവൻ സമപ്പിക്കുന്നു. ഇടയനല്ലാതുള്ളവനും ആടുകൾ തൻേറതല്ലാതിരിക്കുന്നവനുമായ കൂലിക്കാരൻ ചെന്നായ് വരുന്നതു കാണുമ്പോൾ ആടുകളെവിട്ടു് ഓടിപ്പോകുന്നു; ചെന്നായ് വന്നു് ആടുകളെ പിടിക്കുകയും ചിതറിച്ചുകളയുകയും ചെയ്യുന്നു. കൂലിക്കാരൻ ഓടിപ്പോകുന്നതു് അവൻ കൂലിക്കാരൻ ആകകൊണ്ടും ആടുകളെപ്പററി അവനു വിചാരമില്ലാത്തതുകൊണ്ടും ആകുന്നു. ഞാൻ നല്ല ഇടയനാകുന്നു. എൻെറ പിതാവു് എന്നെ അറിയുകയും, ഞാൻ പിതാവിനെ അറിയുകയും, ചെയ്യുന്നതുപോലെ ഞാൻ എനിക്കുള്ളവയെ അറിയുകയും എനിക്കുള്ളവയാൽ അറിയപ്പെടുകയും, ആടുകൾക്കുവേണ്ടി എൻെറ ജീവനെ ഞാൻ സമപ്പിക്കയും ചെയ്യുന്നു. എന്നാൽ ഈ തൊഴുത്തിൽ ഉള്ളവയല്ലാത്ത വേറെ ആടുകളും എനിക്കുണ്ടു്. അവയേയും ഞാൻ കൊണ്ടുവരേണ്ടതാണ്. അവയും എൻെറ സ്വരം കേൾക്കും. ഇങ്ങനെ ഒരാട്ടിൻകൂട്ടവും, ഒരിടയനും ആകും.

(ഉയിപ്പു് 2-ാംഞായർ; സുവിശേഷം: യോഹ. X, 11—16.)

അന്തിക്രിസ്തുവിന്റെ അവ്യക്തരൂപത്തിനു ചുററും കാലമാകുന്ന മഹാസാഗരത്തിൽനിന്നു് പലപ്പോഴായി അടിഞ്ഞുകൂടിയിട്ടുള്ള സങ്കല്പരത്നങ്ങളും ഐതിഹ്യമണിമാലകളും നിരവധിയാണു്. അവയിലൊന്നു ഏതാണ്ടിപ്രകാരമാണു്: ലോകത്തിന്റെ അന്ത്യനാശം അഗ്നിവർഷത്താലാണത്രെ സംഭവിക്കുക. അങ്ങനെ അഗ്നിവർഷം അനുസ്യൂതം നടന്നുകൊണ്ടിരിക്കയും ജനങ്ങൾ അതിൽപ്പെട്ടു് എരിപൊരികൊള്ളുകയും ചെയ്യുമ്പോൾ അന്തിക്രിസ്തു വലിയ ഒരു കുടയുമേന്തി ഒരു സ്ഥലത്തു് നിൽപ്പുറപ്പിക്കയും സമീപത്തുള്ളവരെയെല്ലാം ആ കുടയുടെ കീഴിലേക്കു വരുവാനും അങ്ങനെ അഗ്നിവർഷത്തിൽനിന്നു രക്ഷപ്രാപിക്കുവാനും മധുരവാക്കുകളാൽ ക്ഷണിക്കയുംചെയ്യുന്നു. പലരും ആ ക്ഷണം സസന്തോഷം സ്വീകരിച്ചുകൊണ്ടു് അത്ഭുതകരമായ ആ കുടയുടെ കീഴിൽ രക്ഷപ്രാപിക്കുന്നു. എന്നാൽ ആളുകൾ നിറഞ്ഞുകഴിയുമ്പോൾ അന്തിക്രിസ്തു ആ കുടയുമേന്തിക്കൊണ്ടു് ഒരു ചാട്ടം; ഒരു വിദൂരസ്ഥലത്തുചെന്നു അവിടെ നിലയുറപ്പിക്കുന്നു. കുടയുടെ ചുവട്ടിൽ നിന്നിരുന്നവരെല്ലാം ഇതികർത്തവ്യതാമൂഢരായി അഗ്നിവർഷത്തിൽപ്പെട്ടു് നശിച്ചുപോകുന്നു. പുതിയ സ്ഥലത്തും ഈ അടവു തന്നെ ആ കശ്മലൻ പ്രയോഗിക്കുന്നു; കുടയുടെ ചുവട്ടിൽ ആളുകൾ നിറഞ്ഞുകഴിയുമ്പോൾ അവിടെനിന്നും മറ്റൊരു ചാട്ടം. അങ്ങനെ മധുരവാക്കുകളാലും സുന്ദരവാഗ്ദാനങ്ങളാലും അവൻ ജനങ്ങളെ തന്നിലേക്കാകർഷിക്കയും ഒടുവിൽ അവരെ നിരാലംബരായി വിനാശവക്ത്രത്തിൽ വിട്ടുപേക്ഷിച്ചുപോകയും ചെയ്യുന്നു. ഇന്നത്തെ ലോകത്തിലും ഇങ്ങനെയുള്ള ജനനേതാക്കന്മാരേയും വ്യാജപ്രവാചകന്മാരേയും ധാരാളം കാണാവുന്നതാണു്. ഐഹികജീവിതം ക്ലേശവിമുക്തമല്ല. സമത്വസുന്ദരവുമല്ല. എന്നാൽ മണ്ണിനെ ഞൊടിയിടകൊണ്ടു് വിണ്ണാക്കിപ്പകർത്താമെന്നും സമത്വസുന്ദരമായ രാഷ്ട്രങ്ങൾ ഉടനെ ഉടലെടുക്കുമെന്നും വ്യാമോഹിപ്പിച്ചുകൊണ്ടു ജനങ്ങളെ മധുരവചസ്സുകളാൽ ആകർഷിക്കയും നിരീ

ശ്വരത്വത്തിന്റെയും നിർമ്മതത്വത്തിന്റെയും ഭൗതികത്വത്തിന്റെയും അസാന്മാർഗ്ഗികത്വത്തിന്റെയും വിപ്ലവത്തിന്റെയും ചേരിയിൽ അവരെ ചേർക്കയും ചെയ്തശേഷം അപകടസന്ധികൾ ആവിർഭവിക്കുമ്പോഴോ ചില സ്വാർത്ഥലാഭങ്ങൾക്കുവേണ്ടിയോ അല്ലെങ്കിൽ സ്വന്തം കാപട്യങ്ങളുടെയെല്ലാം ചെമ്പു പുറത്താകാൻ തുടങ്ങുമ്പോഴോ, അവരെയെല്ലാം നിർദ്ദയം ഉപേക്ഷിച്ചുകൊണ്ടു നാശഗർത്തത്തിലേക്കു ചവിട്ടിത്താഴ്ത്തുന്ന ജനനേതാക്കന്മാർ അന്തിക്രിസ്തുവിന്റെ ചെറിയ പകർപ്പുകളാണെന്നു പറയുന്നതിൽ അതിശയോക്തി അശേഷമുണ്ടെന്നു തോന്നുന്നില്ല.

നല്ല ഇടയൻ ആരാണെന്നു ഇന്നത്തെ സുവിശേഷത്തിൽ ക്രിസ്തുനാഥൻ അസന്നിഗ്ദ്ധമായി ചൂണ്ടിക്കാണിക്കുന്നുണ്ട്. "ഞാൻ നല്ല ഇടയനാകുന്നു." അതെ, ക്രിസ്തുനാഥൻതന്നെയാണ് ആ നല്ല ഇടയൻ—നമുക്കു സുരക്ഷിതമായും ആത്മാർപ്പണം ചെയ്തുകൊണ്ടും അനുഗമിക്കാവുന്ന ഒരു നേതാവ് അങ്ങുന്നാണ്. നല്ല ഇടയന്റെ ലക്ഷണങ്ങളും അങ്ങുന്നുതന്നെ വിശകലനം ചെയ്തു കാണിക്കുന്നുണ്ട്: "നല്ല ഇടയൻ ആടുകൾക്കുവേണ്ടി സ്വജീവൻ സമർപ്പിക്കുന്നു." ക്രിസ്തുനാഥൻ ഈ വ്യവസ്ഥ അക്ഷരംപ്രതി—അതിന്റെ പരമകാഷ്ഠവരെ—നിറവേററിയിട്ടുണ്ടെന്നു് ക്രൂശിതരൂപത്തിലേക്കു ഒന്നു കണ്ണോടിച്ചാൽ ഏവർക്കും സുതരാം സ്പഷ്ടമാകുന്നതാണ്. ഇടയൻ ആടുകളെ അറിയണമെന്നുള്ളതു് മറെറാരു വ്യവസ്ഥയാണ്. ഇതും ദൈവമായ ക്രിസ്തുനാഥനിൽ അനന്തമാംവണ്ണം നിറവേറിയിട്ടുണ്ട്. കാരണം അങ്ങുന്നു് നമ്മുടെ മനോവാക്കർമ്മങ്ങൾ മാത്രമല്ല നമ്മുടെ ഹൃദയാടിത്തട്ടിലെ നിസ്സാരചലനങ്ങൾപോലും കണ്ടറിഞ്ഞിരിക്കുന്നു. നല്ല ഇടയൻ സ്വന്തം അജഗണങ്ങളെ പുൽത്തകിടികളിലേക്കു ആനയിക്കുകയും അവരുടെ കാര്യത്തിൽ ദത്തശ്രദ്ധനായി ദിനം ചെലവഴിക്കയും ചെയ്യുന്നു. ചെന്നായ് വരുമ്പോൾ സ്വയരക്ഷാർത്ഥം ഓടിയൊളിക്കാതെ ആടുകൾക്കുവേണ്ടി ജീവൻ സമർപ്പിക്കുന്നതിനും തയ്യാറാകുന്നു. മാത്രമല്ല, നല്ല

ഇടയൻ തൻെറ ആട്ടുകളെ ഓരോന്നിനേയും തീററിപ്പോററുന്ന തിനും അപകടങ്ങളിൽനിന്നു സംരക്ഷിക്കുന്നതിനും ശ്രദ്ധാലുവായിരിക്കും. ക്രിസ്തുനാഥൻ നമുക്ക് അനുദിനം ശാരീരികവും ആദ്ധ്യാത്മികവുമായ ഭോജനം നല്കുന്നു. നമ്മിൽ ഓരോ വ്യക്തിയുടേയും ബലഹീനതകളും ആവശ്യങ്ങളും അറിഞ്ഞുകൊണ്ട് നമ്മെ പരിപാലിക്കുകയും ചെയ്യുന്നു.

ആട്ടുകളുടെ ഭാഗത്തുനിന്നും ചില ചുമതലകളെല്ലാം നിർവ്വഹിക്കേണ്ടതായിട്ടുണ്ട്. ആട്ടുകൾ ഇടയൻെറ സ്വരം കേൾക്കുന്നു; ഇടയനെ അറിയുന്നു; ഇടയനെ അനുഗമിക്കുന്നു. ക്രിസ്ത്യാനി എന്ന പദത്തിൻെറ അർത്ഥംതന്നെ ക്രിസ്തുവിനെ അനുഗമിക്കുന്നവൻ എന്നാണല്ലൊ. എന്നാൽ ഇതിനു ആവശ്യംവേണ്ട വ്യവസ്ഥകളാണ് ക്രിസ്തുവിനെ അറിയുകയും ക്രിസ്തുവിൻെറ സ്വരം ശ്രവിക്കയും ചെയ്യണമെന്നുള്ളവ. എന്നാൽ ഇന്നത്തെ ഏററവും വലിയ ഒരു പോരായ്മ ക്രിസ്ത്യാനികൾപോലും ക്രിസ്തുവിൻെറ ജീവചരിത്രം ശരിയായി പഠിച്ചിട്ടില്ലെന്നുള്ളതാണ്. തന്നിമിത്തമാണ് ദൈവവും പരമപരിശുദ്ധനുമായ ക്രിസ്തുവിനെ മററു മതസ്ഥാപകരായ മുഹമ്മദ്, ബുദ്ധൻ, കൃഷ്ണൻ എന്നിവരോടു തുല്യമായ നിലയിൽ പരിഗണിക്കുവാനും ഒരു രാഷ്ട്രീയചിന്തകനും ജനകീയനേതാവുമായിരുന്ന ഗാന്ധിയെപ്പോലും ക്രിസ്തുവിനോടു തുല്യനാക്കുവാനും ചിലർ ഒരുമ്പെടുന്നത്. വേദപുസ്തകം നല്ലപോലെ പഠിച്ചറിയണം. ഹൈസ്കൂളിലും കോളെജിലും വിദ്യാഭ്യാസം പൂർത്തിയാക്കിയശേഷം വിജ്ഞാനവിഭൂഷിതരായി തിരിച്ചുവരുന്ന നമ്മുടെ യുവാക്കന്മാരിൽ പലരും വേദപുസ്തകം ഒരു നോക്കുപോലും കണ്ടിട്ടില്ലെന്നു പറയുമ്പോൾ ഉള്ളുരുകി പരിതപിക്കയല്ലാതെ എന്തുചെയ്യും? രാഷ്ട്രീയനേതാക്കന്മാരുടേയും, വിപ്ലവകാരികളുടേയും, സിനിമാതാരങ്ങളുടേയും ജീവിതചെഷ്ടികൾ വെള്ളംപോലെ പഠിച്ചറിഞ്ഞിട്ടുള്ള ക്രൈസ്തവയുവാക്കന്മാർ ക്രിസ്തുവിൻെറ

ജീവചരിത്രം ഒട്ടുംതന്നെ ഹൃദിസ്ഥമാക്കിയിട്ടില്ലെന്നു പറയു മ്പോൾ അതു തീരെ ക്ഷന്തവ്യമല്ലതന്നെ.

ആട്ടുകൾ ഇടയൻെറ സ്വരം കേൾക്കണം. "അവൻെറ ആട്ടുകളോ അവൻെറ സ്വരം അറിയുന്നതുകൊണ്ട് അവൻെറ പിന്നാലെ പോകുന്നു. എന്നാൽ അന്യൻെറ സ്വരം അറിയായ്ക കൊണ്ട് ആട്ടുകൾ അന്യൻെറ പിന്നാലെ പോകാതെ അവനിൽ നിന്നു ഓടിപ്പോകുന്നു." (യോഹ. X,4—5.) ആട്ടുകൾ അവയു ടെ സുരക്ഷിതത്വത്തിന് അവശ്യം അനുവർത്തിക്കേണ്ട ഒരു ജീവി തനിയമമാണ് ഈ വാക്യത്തിൽ സഞ്ചിതമായിരിക്കുന്നത്. ഇക്കാ ലത്ത് ഇടയൻെറ വേഷംകെട്ടി—ജനനേതൃത്വം സ്വയം ഏററെ ടുത്തുകൊണ്ട്—ആട്ടുകളെ അപകടസന്ധികളിലേക്കു വലിച്ചിഴച്ച ശേഷം അവയെ നിരാശ്രയരാക്കി ഉപേക്ഷിച്ചുകൊണ്ടു ഓടി പ്പോകുന്ന കള്ളയിടയന്മാർ ധാരാളമുണ്ട്. അവരുടെ കെണിക ളിൽ പെടാതിരിക്കണമെങ്കിൽ നല്ല ഇടയനായ ക്രിസ്തുവിൻെറ സ്വരം അറിയണം—ക്രിസ്തുവിൻെറ പ്രബോധനങ്ങളും തത്വങ്ങ ളും നല്ലവണ്ണം പഠിച്ചറിയണം. കൂലിക്കായി വേലചെയ്യുന്ന ഇട യൻ ചെന്നായ് വരുന്നതുകാണുമ്പോൾ ഓടിയൊളിക്കുകയേയു ള്ളു. സാധുജനങ്ങളെ വിപ്ലവത്തിനു പ്രേരിപ്പിച്ച കമ്മ്യൂണിസ്റ്റ് നേതാക്കൾ സ്വാനുയായികൾ തോക്കിനിരയാകുന്നതുകണ്ടപ്പോൾ പെട്ടെന്നു അപ്രത്യക്ഷരായ നിരവധി സംഭവങ്ങൾ ഇന്നും നമ്മു ടെ സ്മൃതിപഥത്തിൽനിന്ന് മറഞ്ഞുപോയിട്ടില്ലല്ലോ. ക്രിസ്തുനാ ഥൻെറ സ്വരം മനസ്സിലാക്കുക—അങ്ങുന്ന് നമ്മെ പഠിപ്പിച്ചിട്ടു ള്ള വിശ്വാസസത്യങ്ങളും സന്മാർഗ്ഗനിയമങ്ങളും നല്ലവണ്ണം ഹൃദി സ്ഥമാക്കുക—ഇതാണ് ഇന്നത്തെ ക്രിസ്ത്യാനികൾ സശ്രദ്ധം സാ ധിക്കേണ്ട ഒരു പ്രധാനകൃത്യം. എന്നാൽ മാത്രമെ കമ്മ്യൂണിസ്റ്റ് കാരുടേയും, മററു "ഇസ"ക്കാരുടേയും മധുരവാക്കുകളിലും വിപ്ല വാഹ്വാനങ്ങളിലും സുന്ദരവാഗ്ദാനങ്ങളിലും ഒളിഞ്ഞുകിടക്കുന്ന അപകടത്തെ മനസ്സിലാക്കുവാനും അങ്ങനെ "അന്യൻെറ പിന്നാ

ലെ പോകാതെ അവനിൽനിന്നു ഓടിയകലുന്നതിനും'' ആട്ടുകളായ ക്രിസ്ത്യാനികൾക്കു സാധിക്കയുള്ളു. ക്രിസ്തുവിൻെറ സ്വരം ഇന്നതാണെന്നു മനസ്സിലാക്കുവാൻ നാം എത്രകണ്ടു് ശ്രമിക്കുന്നുണ്ടു്? സമുദായനീതിയെക്കുറിച്ചും ഇന്നത്തെ സാമൂഹ്യപ്രശ്നങ്ങളെക്കുറിച്ചും പതിമൂന്നാംലെയോ, പതിനൊന്നാംപിയൂസ് തുടങ്ങിയ തിരുമേനിമാർ, നല്ല ഇടയനായ ക്രിസ്തുവിൻെറ യഥാർത്ഥപ്രതിനിധികളായ സഭാദ്ധ്യക്ഷന്മാർ, അവസരോചിതമായി നല്കിയ ആഹ്വാനങ്ങളെ നാം പഠിച്ചറിയുകയോ പ്രവൃത്തിയിലേക്കു പകർത്തുകയോ ചെയ്തിട്ടുണ്ടോ? ഒരു യഥാർത്ഥ സോഷ്യലിസ്റ്റുകാരനു് ഒരു യഥാർത്ഥ കത്തോലിക്കനായിരിക്കുക സാദ്ധ്യമല്ലെന്നുള്ള പതിനൊന്നാം പിയൂസിൻെറ സ്വരം എല്ലാവരും ശ്രവിക്കുന്നുണ്ടോ? വ്യക്തിസ്വാതന്ത്ര്യം, സ്ത്രീപുരുഷബന്ധം, വിദ്യാഭ്യാസം, സാമൂഹ്യപ്രശ്നങ്ങൾ തുടങ്ങിയ സകല ജീവൽപ്രശ്നങ്ങളേയും ആപാദചൂഡം അപഗ്രഥിച്ചുകൊണ്ടും ദിവ്യരക്ഷകൻെറ തൃക്കരങ്ങളാലും പരിശുദ്ധാരൂപിയുടെ പ്രചോദനത്താലും ആനീതരായും സഭാദ്ധ്യക്ഷന്മാർ നല്കുന്ന നിർദ്ദേശങ്ങളും ഉൽബോധനങ്ങളും അനുസരിക്കേണ്ട കടമ എല്ലാ കത്തോലിക്കർക്കുമുണ്ടു്. നമ്മുടെ കേരളത്തിലും എല്ലാ മെത്രാന്മാരും ''ഇടയ''ലേഖനങ്ങൾ ഇടക്കിടെ അയക്കാറുണ്ടല്ലോ. പൊതുപ്രശ്നങ്ങൾ ആവിർഭവിക്കുമ്പോൾ സംയുക്തഇടയലേഖനങ്ങൾ പുറത്തുവരുന്നു; അഖിലലോകസ്പർശിയായ കാതലായ പ്രശ്നങ്ങൾ തലപൊക്കുമ്പോൾ പരമാദ്ധ്യക്ഷൻെറ ചാക്രികലേഖനങ്ങളും. ഇക്കഴിഞ്ഞ ഏതാനും വർഷങ്ങൾക്കുള്ളിൽ കേരളത്തിലെ മെത്രാന്മാർ സ്ത്രീകളുടെ വസ്ത്രധാരണക്രമം, ഉത്തരീയഭക്തി, സെക്കണ്ടറിവിദ്യാഭ്യാസപ്രശ്നം തുടങ്ങിയ വിഷയങ്ങളെ പ്രതിപാദിച്ചുകൊണ്ടു് ''സംയുക്തഇടയലേഖന''ങ്ങൾ പ്രസിദ്ധപ്പെടുത്തുകയുണ്ടായി. എന്നാൽ അവയിലെ നിർദ്ദേശങ്ങൾ പ്രവൃത്തിപഥത്തിലേക്കു പകർത്തുവാനും ഉൽബോധനങ്ങൾ ചെവിക്കൊള്ളുവാനും എത്രപേർ ശ്രമിക്കുന്നുണ്ടു്? തങ്ങളുടെ ബുദ്ധിക്കും

ഇഷ്ടത്തിനും സുഖസൌകര്യങ്ങൾക്കും അനുയോജ്യമല്ലെന്നു തോന്നുന്ന നിർദ്ദേശങ്ങളെ നിരാകരിക്കുവാനും അവഹേളിക്കുവാനുമല്ലേ പലരും ശ്രമിക്കുന്നതു്? ഇടയൻെറ സ്വരം ശ്രവിക്കാതെയും, അതിനെ അവഗണിച്ചും സ്വന്തം ബുദ്ധിസാമർത്ഥ്യത്തിൽമാത്രം ആശ്രയിച്ചും സ്വന്തം സുഖസൗകര്യങ്ങളെമാത്രം മുൻനിറുത്തിയും ഒരു ആട്ടിൻകൂട്ടം—അല്ലെങ്കിൽ ചില ആടുകൾ—പ്രവർത്തിക്കുകയാണെങ്കിൽ നാശമായിരിക്കും അവരെ അഭിമുഖീകരിക്കുക. സഭയുടെ സ്വരം മിശിഹായുടെ സ്വരംതന്നെയാണ്. ലൗകികപ്രലോഭനങ്ങൾക്കു വശംവദരായി സഭാശത്രുക്കളുമായി സഖ്യംചെയ്തു ജീവിക്കുന്നവർ അവസാനം സകലരാലും പരിത്യക്തരാകും. അങ്ങനെ സംഭവിക്കാതിരിക്കണമെങ്കിൽ നല്ല ഇടയൻെറ സ്വരം സശ്രദ്ധം സദാ ശ്രവിക്കുയും അവിടുത്തെ ആട്ടിൻകൂട്ടത്തോടു ചേർന്നുനില്ക്കുകയും വേണം.

---

# ചുടുകണ്ണുനീർ

അല്പംകഴിഞ്ഞാൽ നിങ്ങൾ എന്നെ കാണുകയില്ല; വീണ്ടും അല്പം കഴിഞ്ഞാൽ നിങ്ങൾ എന്നെ കാണും. എന്തെന്നാൽ ഞാൻ എൻെറ പിതാവിൻെറ അടുക്കലേക്കു പോകുന്നു. അവൻെറ ശിഷ്യർ: അല്പം കഴിഞ്ഞാൽ നിങ്ങൾ എന്നെ കാണുകയില്ല; വീണ്ടും അല്പംകഴിഞ്ഞാൽ നിങ്ങൾ എന്നെ കാണുമെന്നും, ഞാൻ എൻെറ പിതാവിൻെറ അടുക്കലേക്കു പോകുന്നുവെന്നും നമ്മോടു് അരുളിച്ചെയ്തതു ഇതു് എന്താകുന്നു? എന്നു പരസ്പരം പറഞ്ഞു. അവൻ അരുളിച്ചെയ്ത ഈ അല്പസമയം എന്താകുന്നു? അവൻ എന്തു അരുളിച്ചെയ്യുന്നുവെന്നു നാം അറിയുന്നില്ല എന്നും അവർ പറഞ്ഞു. എന്നാൽ തന്നോടു ചോദിക്കുവാൻ അവർ ആഗ്രഹിക്കുന്നു എന്നു് അറിഞ്ഞു് ഈശോ

അവരോട് അരുളിച്ചെയ്തു: അല്പംകഴിഞ്ഞാൽ നിങ്ങൾ എന്നെ കാണുകയില്ല; വീണ്ടും അല്പം കഴിഞ്ഞാൽ നിങ്ങൾ എന്നെ കാണും എന്നു ഞാൻ നിങ്ങളോടു പറഞ്ഞതിനെപ്പററി നിങ്ങൾ അന്യോന്യം അന്വേഷിക്കുന്നുവോ? സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു: നിങ്ങൾ കരഞ്ഞു വിലപിക്കും; ലോകം സന്തോഷിക്കും; നിങ്ങൾക്കു ദുഃഖം നേരിടും, എന്നാൽ നിങ്ങളുടെ ദുഃഖം സന്തോഷമായി ഭവിക്കും. ഒരു സ്ത്രീ പ്രസവിക്കുമ്പോൾ പ്രസവത്തിന്റെ ദിവസം വന്നതുകൊണ്ടു അവൾ ദുഃഖിക്കുന്നു. എന്നാൽ പുത്രനെ പ്രസവിച്ചശേഷം ഒരു മനുഷ്യൻ ലോകത്തിൽ ജനിച്ചുവെന്ന സന്തോഷം നിമിത്തം അവൾ തന്റെ ക്ലേശത്തെ വിസ്മരിക്കുന്നു. ഇപ്പോൾ നിങ്ങളും ദുഃഖിതർ ആയിരിക്കുന്നു. ഞാൻ വീണ്ടും നിങ്ങളെ കാണും. അപ്പോൾ നിങ്ങളുടെ ഹൃദയം സന്തോഷിക്കും; നിങ്ങളുടെസന്തോഷം നിങ്ങളിൽനിന്ന് ആരും എടുത്തുകളകയുമില്ല. (ഉയിർപ്പ് 3-ാംഞായർ; സുവിശേഷം: യോഹ. XVI, 16—22)

അനുതപ്തനായ ദാവീദ്‌രാജാവ് മുട്ടിന്മേൽ നില്ക്കുന്നു; അദ്ദേഹത്തിന്റെ നയനങ്ങളിൽനിന്ന് ഒഴുകിയിരുന്ന ചുടുകണ്ണുനീർ കണങ്ങൾ ഒരു ദൈവദൂതൻ ഒരു സുവർണ്ണത്തളികയിൽ സ്വീകരിക്കുന്നു; ഇതിന്റെ ചുവട്ടിൽ "ദാവീദ് ഒരിക്കൽമാത്രം പാപം ചെയ്തു; എന്നാൽ ഹൃദയതാപത്താൽ എല്ലായ്പോഴും കരഞ്ഞുകൊണ്ടിരുന്നു; നാമാകട്ടെ എല്ലായ്പോഴും പാപംചെയ്യുന്നു; എന്നാൽ ഒരിക്കലെങ്കിലും കരയുന്നില്ല" എന്നുള്ള വാക്യങ്ങൾ ആലേഖനം ചെയ്തിരുന്നു. പാപിയായ ഒരു യുവാവ് ഈ ചിത്രം കണ്ടപ്പോൾ കുറേനേരം നിർന്നിമേഷനായി നോക്കിനിന്നു. അവന്റെ കണ്ണുകളിൽനിന്നു തപ്തബാഷ്പകണങ്ങൾ പൊട്ടിപ്പുറപ്പെടുകയും ഹൃദയവിശുദ്ധി വരുത്തിക്കൊണ്ടു പരിശുദ്ധമായ ഒരു ജീവിതം സമാരംഭിക്കയും ചെയ്തുവത്രെ. "നിങ്ങൾ കരഞ്ഞു വിലപിക്കും" എന്നു ദിവ്യരക്ഷകൻ ഇന്നത്തെ സുവിശേഷത്തിൽ അരുളിച്ചെയ്യുന്നു. ഈ വാക്കുകൾ ലോകത്തിലെ ഏതൊരു വ്യക്തിയെ സംബന്ധിച്ചും പരമാർത്ഥമായിരിക്കും; കാരണം, ഓരോ വ്യക്തിക്കും കരഞ്ഞു

വിലപിക്കേണ്ട സാഹചര്യങ്ങൾ ഉൽഭൂതമാകാതിരിക്കയില്ല. ഇന്നു ലോകത്തിൽ വളരെയധികം ചിരിയും ആനന്ദവും ദൃശ്യമാകുന്നുണ്ട്; എന്നാൽ അതിലുമധികം വിലാപസ്വരങ്ങളാണ് ഉയൎന്നുകൊണ്ടിരിക്കുന്നതു്; ചിരിക്കുന്നവരിൽത്തന്നെ അധികംപേരുടേയും ചിരി പൊള്ളയായിരിക്കും; കാരണം അവർ ന്യായമായി ചിരിക്കയല്ല കരയുകയാണ് വേണ്ടതു്. പാപത്തിന്റെ ആവിർഭാവം മുതൽ ഭൂമി ഒരു "കണ്ണുനീരിന്റെ താഴ്‌വര"യായിത്തീൎന്നിരിക്കുകയാണ്. എന്നാൽ, ഒരുവിധത്തിൽ നോക്കുമ്പോൾ കരഞ്ഞു വിലപിക്കുവാൻ നമുക്കുള്ള കഴിവ് യഥാൎത്ഥത്തിൽ ഒരനുഗ്രഹമായിത്തീൎന്നിരിക്കയാണ്. നരകവാസികൾക്ക് അനുതാപത്തിന്റെ ഒരു തുള്ളി കണ്ണുനീരെങ്കിലും ചിന്തുവാൻ സാദ്ധ്യമാവുകയാണെങ്കിൽ നരകം താനേ തിരോഭവിക്കുന്നതാണ്. എന്നാൽ അതു സാദ്ധ്യമല്ലല്ലൊ. ഭൂതലത്തിൽ വസിക്കുന്ന നമുക്കാകട്ടെ കരഞ്ഞു വിലപിക്കുവാൻ സമയവും സാദ്ധ്യതയുമുണ്ടു്. ദൈവസ്നേഹത്തിൽനിന്നും പാപത്തെക്കുറിച്ചുള്ള ഹൃദയതാപത്തിൽനിന്നും പൊട്ടിപ്പുറപ്പെടുന്ന ചുടുകണ്ണീർകണങ്ങൾ അനന്തമായ ആനന്ദത്തെയാണ് നമുക്ക് പ്രദാനംചെയ്യുക. "നിങ്ങളുടെ ദുഃഖം സന്തോഷമായി ഭവിക്കും."

വെള്ളത്തിന്റെ വിശിഷ്ടധൎമ്മങ്ങളിൽ ഒന്നു് അതിന്റെ വിശുദ്ധീകരണശക്തിയാണ്. കണ്ണുനീരിനും ഈ വിശുദ്ധീകരണശക്തിയുണ്ട്; പാപപങ്കിലമായ ഒരാത്മാവിനെ പവിത്രമാക്കുവാൻ. മാമ്മോദീസാജലം ഒരുവന്റെ ഉത്ഭവപാപത്തേയും കൎമ്മപാപത്തേയും പാടേ വിപാടനം ചെയ്യുന്നുവെന്നുള്ളതു് ഒരു വിശ്വാസസത്യമാണ്. കണ്ണുനീരിനും ഏതാണ്ടിപ്രകാരമുള്ള ഒരു ശക്തിയുണ്ടെന്നുതന്നെ പറയാം. ദൈവസ്നേഹത്തിൽനിന്നു നിൎഗ്ഗളിക്കുന്ന അനുതാപക്കണ്ണുനീർ ആത്മാവിനെ അതിന്റെ പാപക്കറകളിൽനിന്നു വിശുദ്ധീകരിക്കുന്നു; പാപത്തിന്റെ ഗൌരവമോ സംഖ്യാധിക്യമോ ഒന്നുംതന്നെ ഇതിനു വിരോധമായി നില്ക്കുകയില്ല.

വി. പത്രോസ് മൂന്നുപ്രാവശ്യം ദിവ്യരക്ഷകനെ നിഷേധിച്ചു പറഞ്ഞു; എന്നാൽ അദ്ദേഹത്തിൻെറ കവിൾത്തടങ്ങളിൽ നീച്ചാലുകൾ നിർമ്മിച്ച അനുസ്യൂതമായ അനുതാപകണ്ണീർപ്രവാഹം അദ്ദേഹത്തെ പവിത്രതമനും സഭയുടെ തലവനുമാക്കിത്തീർത്തു. ഇതിനെ സംബന്ധിച്ച് മഹാനായ ലെയോ മാർപ്പാപ്പാ പറയുന്നു: "അല്ലയോ, വിശുദ്ധ പത്രോസേ,, അങ്ങേ കണ്ണുനീർകണങ്ങൾ ഭാഗ്യപ്പെട്ടവയാകുന്നു. എന്തുകൊണ്ടെന്നാൽ, അങ്ങുന്ന് ദിവ്യനാഥനെ നിഷേധിച്ച കുററത്തെ പാടേ നിമ്മാജ്ജനം ചെയ്യുന്നതിൽ മാമ്മോദീസാജലംപോലെ ശക്തങ്ങളാണ് അവ." വി. മഗ്ദലനമറിയം ദിവ്യനാഥൻെറ പാദങ്ങൾ കണ്ണുനീരുകൊണ്ടു കഴുകി, കേശഭാരംകൊണ്ടു തുടച്ചു; ഉടനെ ശാന്തഗംഭീരമായ ദിവ്യവചസ്സുകൾ കേൾക്കപ്പെട്ടു: "അവളുടെ നിരവധിയായ പാപങ്ങൾ പൊറുക്കപ്പെട്ടിരിക്കുന്നു; എന്തുകൊണ്ടെന്നാൽ അവൾ അധികമായി സ്നേഹിച്ചു." മമ്മോദീസ ഒരിക്കൽമാത്രമേ സ്വീകരിക്കുവാൻ സാധിക്കയുള്ളു. എന്നാൽ അനുതാപകണ്ണുനീരുകൊണ്ടുള്ള വിശുദ്ധീകരണമാകട്ടെ പലപ്പോഴും സാധിക്കാവുന്നതാണ്. ദിവ്യനാഥനുവേണ്ടി ചോര ചിന്തി രക്തസാക്ഷിമകുടം സ്വീകരിച്ചുകൊണ്ട് വിശുദ്ധീകരണം സാധിക്കുവാനുള്ള മഹാഭാഗ്യവും എല്ലാവക്കും നല്കപ്പെട്ടിട്ടില്ല. എന്നാൽ ആ ദിവ്യനാഥനെപ്രതി കണ്ണുനീർ ചിന്തുവാനുള്ള മഹാഭാഗ്യം നമുക്കേവക്കും സുലഭമാണ്. തുരുമ്പുപിടിച്ച ഒരു കത്തി ഒരുതരം രസദ്രാവകംകൊണ്ടു ലേപനം ചെയ്താൽ അതിന് അനവദ്യമായ ശോഭയും തിളക്കവും സിദ്ധിക്കുന്നു. ഇതുപോലെതന്നെ പാപപങ്കിലമായ ഒരു ഹൃദയം അനുതാപകണ്ണുനീർകൊണ്ട് ആർദ്രമാകുമ്പോൾ അതിനു സിദ്ധമാകുന്ന വെണ്മയും വെടിപ്പും അവർണ്ണ്യമാണ്. അഹോ, ഭാഗ്യപ്പെട്ട ചുടുകണ്ണീർകണങ്ങൾ!

ഇക്കായ്യത്തിൽ ദാവീദുരാജാവിനെ നമ്മേവരും അനുകരിക്കേണ്ടതാണ്. വ്യഭിചാരത്തോടുകൂടി കൊലക്കുററത്തിനും ഉത്തര

വാദിയായിത്തീൎന്ന ആ രാജൎഷി ഇപ്രകാരം പറയുന്നു: "ഞാൻ എൻെറ പ്രലപനങ്ങളാൽ കഷ്ടതയനുഭവിച്ചു; എല്ലാ രാത്രിയും കണ്ണുനീരാൽ എൻെറ കിടക്ക ഞാൻ നനയ്ക്കും; എൻെറ മണിമഞ്ചത്തെ തപ്തബാഷ്പകണങ്ങളാൽ ഞാൻ അഭിഷേകം ചെയ്യും." (Ps. vi–7.) ഈ കണ്ണുനീർപ്രവാഹം അദ്ദേഹത്തെ സംബന്ധിച്ചേടത്തോളം നരകാഗ്നിയെ കെടുത്തിക്കളഞ്ഞുവെന്നാണ് വി. ക്രിസോസ്തോം അഭിപ്രായപ്പെടുന്നതു്. അഗ്നി ശമിപ്പിക്കുകയെന്നുള്ളതു് വെള്ളത്തിൻെറ മറെറാരു വിശിഷ്ടധൎമ്മമാണല്ലൊ. ഇതുപ്രകാരം കണ്ണീർകണങ്ങളും അഗ്നിയെ ശമിപ്പിക്കും—നരകാഗ്നിയെ. ഒരിക്കൽ ഫ്രാൻസിലെ വിയേൻ (Vienne) എന്ന പട്ടണത്തിനു് അഗ്നി ബാധിച്ചു. തദവസരത്തിൽ അഗ്നിശമനത്തിനായി ജലപാത്രങ്ങളും വഹിച്ചു് ഓടിപ്പോയിരുന്ന ചില പൌരന്മാരോടു് വിശുദ്ധനായ മാമെൎത്തസ് (Mamertus) മെത്രാൻ ഇപ്രകാരം പറകയുണ്ടായി: "ഈ അഗ്നിയെ ശമിപ്പിക്കുവാൻ നദിയിലെ ജലത്തെക്കാൾ നയനങ്ങളിൽനിന്നുള്ള കണ്ണുനീർധാരയായിരിക്കും കൂടുതൽ ഉപകരിക്കുക." പട്ടണത്തിലെ അഗ്നിബാധ ഒരു ദൈവശിക്ഷയായിരുന്നുവെന്നു് ദൈവനിവേശിതജ്ഞാനത്താൽ ആ വിശുദ്ധൻ അറിഞ്ഞിരുന്നതുകൊണ്ടായിരുന്നു അദ്ദേഹം ഇപ്രകാരം അഭിപ്രായപ്പെട്ടതു്. അദ്ദേഹത്തിൻെറ വാക്കുകൾ ഇന്നത്തെ ലോകത്തെ സംബന്ധിച്ചും കൂടുതൽ അന്വൎത്ഥമാണെന്നു് തോന്നുന്നു. ലോകത്തിനു് ഇന്നു് ഭയങ്കരമായ ഒരഗ്നിബാധയാണു് സംഭവിച്ചിരിക്കുന്നതു്. ഇന്നു ലോകത്തിൽ നടമാടുന്ന ഭൗതികത്വവും അസാന്മാൎഗ്ഗികതയും അനീതിയും അശുദ്ധിയും മത്സരവും യുദ്ധഭീതിയും എല്ലാം നോക്കുമ്പോൾ ലോകത്തിനു തീപിടിച്ചിരിക്കയാണെന്നു് സങ്കല്പിക്കാവുന്നതാണു്. ഈ കൊടുംവഹ്നി ശമിപ്പിക്കുവാൻ ഐക്യരാഷ്ട്രസമിതികൾ സമ്മേളിക്കുക, കോൺഫ്രൻസുകൾ വിളിച്ചുകൂട്ടുക, മാഷ്ൽ പ്ലാൻ ഉപയോഗിക്കുക, 'ഇസ'ങ്ങളെ അഭയംതേടുക—എന്നിങ്ങനെയുള്ള ജലധാരകളെക്കാൾ കൂടു

തൽ ഉപകരിക്കുക പാപങ്ങളെക്കുറിച്ചുള്ള അനുതാപക്കണ്ണീർധാര യല്ലെ? ഓരോ മനുഷ്യനും ഓരോ രാഷ്ട്രവും "എൻെറ പിഴ" എന്നു് ആത്മാത്ഥമായി ഉരുവിട്ടുകൊണ്ടു് ധാരാളമായി അനുതാപക്കണ്ണുനീർ പൊഴിക്കട്ടെ. അപ്പോഠം ലോകത്തിനു് ബാധിച്ചിരിക്കുന്ന അഗ്നി ശമിച്ചു് സമാധാനം കളിയാടും.

"നിങ്ങഠം കരഞ്ഞു വിലപിക്കും, ലോകം സന്തോഷിക്കും; നിങ്ങഠംക്കു ദുഃഖം നേരിടും; എന്നാൽ നിങ്ങളുടെ ദുഃഖം സന്തോഷമായി പകരും." ഈ വാക്യങ്ങളുടെ അത്ഥം പ്രസ്പഷ്ടമാണു്. എൻെറ ശിഷ്യന്മാരായ നിങ്ങഠം എന്നെ സ്നേഹിക്കുന്നതുകൊണ്ടു് എൻെറ മരണത്തിൽ കരഞ്ഞു പ്രലപിക്കും; എന്നാൽ എന്നെ വെറുക്കുന്ന എൻെറ ശത്രുക്കഠം എന്നേയും എൻെറ തത്വങ്ങളേയും ഭൂമുഖത്തുനിന്നു പാടേ വിപാടനം ചെയ്തുവെന്നു് വിചാരിച്ചു് ആനന്ദിക്കയും ജയഭേരി മുഴക്കുകയും ചെയ്യും. എന്നാൽ ഞാൻ മരിച്ചവരിൽനിന്നു് ഉയിത്തെഴുന്നേല്ക്കുമ്പോഠം നിങ്ങഠം സന്തോഷിക്കും; എൻെറ ശത്രുക്കളാകട്ടെ ഭയപ്പെട്ടു വിറകൊള്ളും. ഇതുപോലെതന്നെ സംഭവിക്കയും ചെയ്തു. ക്രിസ്തുവിൻെറ മരണത്തിലും ഉയിപ്പിലും ഉണ്ടായ ഈ സംഭവങ്ങഠം എന്നും ലോകത്തിൽ ആവത്തിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. ഭക്താത്മാക്കഠം ദൈവത്തെ ദശിക്കുവാനുള്ള അഭിവാഞ്ഛയാൽ ഹൃദയമുരുകി പരിതപിക്കുന്നു; പുണ്യപൂണ്ണതയ്ക്കുള്ള അവരുടെ പരിശ്രമങ്ങളിൽ ഇനിയും ചില കുററങ്ങളിൽ അവർ നിപതിച്ചുപോകുന്നുവല്ലോ എന്നോത്തു് അവർ പ്രലപിക്കുന്നു; ദൈവത്തിനെതിരായി ചെയ്യപ്പെടുന്ന നിരവധി പാപകമ്മങ്ങളെ ഓത്തു് അവർ കേഴുന്നു; സഭാമാതാവു് എല്ലായിടത്തും തെററിദ്ധരിക്കപ്പെടുകയും, താഢിക്കപ്പെടുകയും, മദ്ദിക്കപ്പെടുകയും ചെയ്യപ്പെടുന്നതോത്തു് അവർ കരയുന്നു. ദുഷ്ടന്മാരാകട്ടെ സ്വന്തം ദുരാശകളെ ഇടതടവെന്യേ സന്തപ്പിക്കുവാൻ സാധിക്കുന്നതിൽ സന്തോഷിക്കുന്നു; മതം, പുണ്യം, ദൈവഭയം എന്നിവയെല്ലാം ഭൂമുഖത്തുനിന്നു് ക്രമേണ ഇട

ച്ഛനീക്കപ്പെടുന്നതിൽ ആനന്ദിക്കുന്നു; അവിശ്വാസവും പാപവും വൎദ്ധിക്കുന്നതിൽ അവർ ആഹ്ലാദിക്കുന്നു. എന്നാൽ അതിന്റെയെല്ലാം അവസാനം എന്തായിരിക്കും? പത്തൊമ്പതു നൂറ്റാണ്ടുകൾക്കു മുമ്പ് സംഭവിച്ചതുപോലെതന്നെ: ശിഷ്ടരുടെ ദുഃഖം സന്തോഷമായി പകരും; ദുഷ്ടരുടെ ആനന്ദം ദുഃഖമായും. ഇഹത്തിലല്ലെങ്കിൽ പരത്തിൽ ഇതു് അവശ്യം സംഭവിച്ചേ കഴിയൂ. “ഇപ്പോൾ ചിരിക്കുന്ന നിങ്ങൾക്കു ദുരിതം, എന്തുകൊണ്ടെന്നാൽ നിങ്ങൾ കരഞ്ഞു വിലപിക്കും. ഇപ്പോൾ കരയുന്ന നിങ്ങൾ ഭാഗ്യവാന്മാർ; എന്തുകൊണ്ടെന്നാൽ നിങ്ങൾ ചിരിച്ചാനന്ദിക്കും” (ലൂക്കാ VI–2, 21) ഇഹത്തിലെ ക്ലേശങ്ങളെ ദിവ്യരക്ഷകൻ പ്രസവവേദനയോടുപമിക്കുന്നു. പ്രസവശേഷം നവശിശുവിനെ മാറോടണയ്ക്കുന്ന മാതാവു് പ്രസവക്ലേശങ്ങളെ മറന്നുകൊണ്ടു് ആനന്ദനിവൃതിയടയുന്നു. നാം നിത്യതയുടെ തീരങ്ങളിൽ കാലുകുത്തുമ്പോൾ ദൈവം നമ്മുടെ കണ്ണുനീരുകൾ തുടച്ചുകളകയും ക്ലേശങ്ങൾക്കതീതമായ സ്വൎഗ്ഗഭാഗ്യത്തിലേയ്ക്കു് നമ്മെ നയിക്കയും ചെയ്യും.

---

# അപരാധബോധം

ഇപ്പോൾ ഞാൻ എന്നെ അയച്ചവന്റെ അടുക്കലേക്കു പോകുന്നു. നീ എവിടേക്കു പോകുന്നുവെന്നു നിങ്ങളിൽ ഒരുത്തനും എന്നോടു ചോദിക്കുന്നില്ല. ഞാൻ നിങ്ങളോടു് ഇവ പറഞ്ഞതുകൊണ്ടു നിങ്ങളുടെ ഹൃദയം ദുഃഖപൂരിതമായിരിക്കുന്നു. എന്നാൽ സത്യം ഞാൻ നിങ്ങളോടു പറയുന്നു: ഞാൻ പോകുന്നതാണു് നിങ്ങൾക്കു നല്ലതു്. ഞാൻ പോകുന്നില്ലെങ്കിൽ ആശ്വാസപ്രദൻ നിങ്ങളുടെ അടുക്കലേക്കു വരികയില്ല. ഞാൻ പോയാൽ അവനെ നിങ്ങളുടെ പക്കലേക്കു

ഞാൻ അയക്കും. അവൻ വന്നുകഴിയുമ്പോഠം പാപത്തെക്കുറിച്ചും, നീതിയെക്കുറിച്ചും, ന്യായവിധിയെക്കുറിച്ചും, ലോകത്തെ കുററപ്പെടുത്തും. (അതു്) അവർ എന്നിൽ വിശ്വസിക്കാതിരുന്നതുകൊണ്ടു് പാപത്തെക്കുറിച്ചും, ഞാൻ എൻെറ പിതാവിൻെറ അടുക്കലേക്കു പോകയും നിങ്ങഠം ഇനി എന്നെ കാണാതിരിക്കയും ചെയ്യുന്നതുകൊണ്ടു് നീതിയെക്കുറിച്ചും, ഈ ലോകത്തിൻെറ അധികാരി വിധിക്കപ്പെട്ടിരിക്കകൊണ്ടു ന്യായവിധിയെക്കുറിച്ചും (ആയിരിക്കും.) എനിക്കു് നിങ്ങളോടു് ഇനിയും വളരെപ്പറയുവാനുണ്ടു്. എന്നാൽ അവ ഗ്രഹിക്കുവാൻ ഇപ്പോഠം നിങ്ങഠംക്കു് കഴിയുകയില്ല. സത്യാത്മാവു് വന്നുകഴിയുമ്പോഠം അവൻ സകല സത്യങ്ങളിലും നിങ്ങളെ നയിക്കും. അവൻ സ്വയമായി പറകയില്ല; പ്രത്യുത, അവൻ കേഠംക്കുന്നതെല്ലാം പറയുകയും വരുവാനിരിക്കുന്നവ നിങ്ങളെ അറിയിക്കയും ചെയ്യും. അവൻ എനിക്കുള്ളതിൽനിന്നെടുത്തു് നിങ്ങഠംക്കു കാണിച്ചുതരുന്നതുകൊണ്ടു് എന്നേയും മഹത്വപ്പെടുത്തും. എൻെറ പിതാവിനുള്ളതെല്ലാം എൻേറതു് ആകുന്നു. ഇതുകൊണ്ടാകുന്നു അവൻ എനിക്കുള്ളതിൽനിന്നെടുത്തു് നിങ്ങഠംക്കു കാണിച്ചുതരും എന്നു ഞാൻ നിങ്ങളോടു പറഞ്ഞതു്.

(ഉയിപ്പു് 4-ാംഞായർ; സുവിശേഷം: യോഹ. XVI, 5—15.)

മദ്ധ്യഭാരത് സംസ്ഥാനത്തിൽ നിയമസഭാസമ്മേളനം നടന്നുകൊണ്ടിരുന്നപ്പോഠം—തീപ്പൊരിപ്രസംഗങ്ങളും തണുപ്പൻതമാശകളും വാക്കൌട്ടുകളും വിമൎശനങ്ങളും തകൃതിയായി നടന്നുകൊണ്ടിരുന്നപ്പോഠം—രണ്ടു കുരങ്ങന്മാർ സന്ദൎശകഗാലറിയിൽ പ്രവേശിച്ചുവത്രേ. ആരുംതന്നെ കാര്യമായി അവയെ തടഞ്ഞില്ല; തടഞ്ഞാലും ഒട്ടുംതന്നെ അനുസരിക്കാൻ ഭാവമില്ലാതെ അവ അവിടെ ഇരിപ്പുറപ്പിച്ചു. കുറേനേരം അവ നിൎന്നിമേഷരായി സഭാനടപടികഠം വീക്ഷിച്ചു. അതിനുശേഷം അവ സഹജമായ വിക്രിയകഠം ആരംഭിച്ചു. ഉടനെ പോലീസ് ഇടപെട്ടു് അവയെ പുറത്താക്കി വിട്ടുവത്രെ; ഹാളിൽ കുറെ ബഹളമുണ്ടാകയും സഭാനടപടികഠംക്കു് അല്പസമയം വിഘാതം സംഭവിക്കയും ചെയ്തുവെന്നുള്ളതും പ്രസ്താവ്യമാണു്. ഈ സംഭവത്തെ ആസ്പദമാക്കി പലരും പ

ലവിധത്തിലുള്ള വ്യാഖ്യാനങ്ങൾ നല്കി. അതിൽ രണ്ടെണ്ണം ഇ വിടെ സ്മർത്തവ്യമാണ്. ഒരുകൂട്ടർ കുരങ്ങന്മാരെ ആട്ടിയോടിച്ചതു് ഒട്ടും ന്യായീകരിക്കത്തക്കതല്ല എന്നു വാദിച്ചു; ഡാർവിൻെറ പ രിണാമവാദമനുസരിച്ച് കുരങ്ങു മൂത്തു മനുഷ്യനായതാണ്; തന്നി മിത്തം കുരങ്ങന്മാർ അവരുടെ വംശജരായ സന്താനപരമ്പരക ളെ കാണുവാൻ വന്നതിൽ ന്യായക്കേടില്ലത്രെ. മററാരു കൂട്ടർ— ലോകത്തിൻെറ സാന്മാർഗ്ഗികാധഃപതനത്തെ ഉൽക്കണ്ഠയോടെ വീ ക്ഷിക്കുന്ന ചില നിരീക്ഷണപടുക്കൾ—മനുഷ്യൻ മൃഗീയതയിലേ യ്ക്കു് അധഃപതിച്ചുപോയതുകൊണ്ടും അങ്ങനെ അവനും മൃഗത്തെ പ്പോലെ ജീവിക്കുവാനാരംഭിച്ചിരിക്കകൊണ്ടും അവൻെറ കൂട്ട ത്തിൽ മൃഗങ്ങളായ കുരങ്ങന്മാർ വന്നിരിപ്പുറപ്പിക്കുന്നതിൽ അനീ തിയുടെ കണികപോലുമില്ലെന്നും വാദിച്ചു. "അവ അവയുടെ സ്വന്തത്തിലേക്കു വന്നു; സ്വന്തം അവയെ സ്വീകരിച്ചു" എന്നു് സുപ്രസിദ്ധമായ ഒരു വേദവാക്യത്തെ അല്പം ഭേദപ്പെടുത്തിപ്പറയു വാനും കാരണമില്ലെന്നില്ല. പരിണാമവാദം ഇന്നു ഒരു പക്ഷെ ത്യാജ്യഃകോടിയിൽ തള്ളപ്പെട്ടു കഴിഞ്ഞിരിക്കാം ശാസ്ത്രീയരംഗ ത്തിൽ. എന്നാൽ അതു് അഴിച്ചുവിട്ട ഭൗതികമനസ്ഥിതി ഇന്നു മനുഷ്യരാശിയെ കൂടുതൽക്കൂടുതൽ വഷളാക്കിത്തീർത്തിരിക്കയാണ്. മനുഷ്യൻ തിന്മയിലേക്കു ചാഞ്ഞവനാണ്. ഒഴുക്കിനനുസരിച്ച് നീന്തുവാൻ എല്ലാവൎക്കും എളുപ്പവുമാണല്ലൊ. തന്നിമിത്തം മൃഗീ യത—ആത്മാവില്ല, പാപമില്ല, പുണ്യമില്ല എന്നു തുടങ്ങിയ സി ദ്ധാന്തങ്ങൾ — പലൎക്കും ആകൎഷകമായിത്തോന്നാം. യഥാൎത്ഥ ത്തിൽ, പാപബോധം നശിക്കുമ്പോഴാണ് മനുഷ്യൻ മൃഗമായി അധഃപതിച്ചുപോകുന്നതു്. ഇന്നത്തെ സുവിശേഷത്തിൽ ക്രിസ്തു നാഥൻ പരിശുദ്ധാത്മാവിനെ അയക്കുമെന്നും ആ പവിത്രാത്മാവ് വരുമ്പോൾ പാപബോധം ജനങ്ങളിൽ ജനിപ്പിക്കുമെന്നും വാഗ്ദാ നം ചെയ്യുന്നുണ്ട്. മനുഷ്യർ മൃഗങ്ങളായി ജീവിക്കുവാൻ ഇടവ രാതിരിക്കണമെങ്കിൽ പാപത്തെക്കുറിച്ചുള്ള യഥാൎത്ഥ ബോധം

നല്കുവാനായി നാം പരിശുദ്ധാത്മപിയോടു മനമുരുകിക്കൊണ്ടു പ്രാത്ഥിക്കണം.

ഇന്നത്തെ ലോകം നന്നാകണമെങ്കിൽ ഈ അപരാധബോധമാണു് ആവശ്യമായിരിക്കുന്നതു്. സ്വന്തം പാപങ്ങൾ പാപങ്ങളല്ലെന്നു് കാണിക്കുവാൻ—അവയെ സാധൂകരിക്കുവാൻ—ശ്രമിക്കുന്ന ഒരു മനസ്ഥിതി ഇന്നത്തെ യുവജനങ്ങളിൽ പലരിലും കടന്നുകൂടിയിട്ടുണ്ടു്. പാപം പരമ്പരാഗതമാണെന്നു്, പിതാക്കന്മാരിൽനിന്നു ലഭിക്കുന്ന ചില ജന്മവാസനകളുടെ ഫലമാണെന്നു്, പറഞ്ഞു് പഴയ കാരണവന്മാരുടെ തലയിൽ കെട്ടിയേല്പിക്കുവാൻ ശ്രമിക്കുക; പാപം ദുഷിച്ച സാഹചര്യങ്ങളുടേയും ദുഷ്ടമിത്രങ്ങളുമായുള്ള സഹവാസത്തിൻേറയും ഫലമാണെന്നു പറഞ്ഞു സ്വയം നീതീകരിക്കുവാൻ ശ്രമിക്കുക; പാപം മനുഷ്യൻെറ ശരീരപ്രകൃതിയുടേയും ബലഹീനതകളുടേയും ഫലമാണെന്നു് തെററായ ചില മനശ്ശാസ്ത്രസിദ്ധാന്തങ്ങളെ ആസ്പദമാക്കിയും പുതിയ പുതിയ ചില പദങ്ങൾ സൃഷ്ടിച്ചും കൊട്ടിഘോഷിച്ചുകൊണ്ടു് ദൈവത്തിൻെറമേൽ അപരാധമെല്ലാം ആരോപിക്കുവാൻ ശ്രമിക്കുക—ഇങ്ങനെ പലതും ഇന്നത്തെ ലോകത്തിൽ കണ്ടുവരുന്നുണ്ടു്. എന്തുകൊണ്ടാണു് ആധുനികലോകത്തിനു് പാപബോധം നഷ്ടപ്പെട്ടതു്? കാരണം, മനുഷ്യമാഹാത്മ്യം അവഗണിക്കപ്പെട്ടിരിക്കുന്നുവെന്നുള്ളതുതന്നെ. കത്തോലിക്കാസഭയിൽ, ഓരോ മനുഷ്യനും ഒരു ദൈവികസൃഷ്ടിയും, ദൈവത്തിൻെറ ദത്തുപുത്രനും, ക്രിസ്തുവിൻെറ മൗതികശരീരാംഗവുമായിരുന്നു. പതിനെട്ടും പത്തൊമ്പതും നൂററാണ്ടുകളിൽ മനുഷ്യൻ ഒരു താത്വികവസ്തുവും സൃഷ്ടിയിൽ മാത്രം ഈശ്വരവിധേയനുമായിത്തീന്നു. ഇന്നാകട്ടെ അവൻ കേവലം മൃഗസമാനൻ—കൃമിതുല്യൻ—ആയിത്തീന്നിരിക്കുന്നു; മുതലാളിത്തത്തിൽ അവൻ ഒരു വെറും 'കൈ' മാത്രം; കമ്യൂണിസ്റ്റുകാക്കാണെങ്കിൽ അവൻ വെറും ഒരു വയറുമാത്രവും. മനുഷ്യനു് ധാമ്മികമായ ഒരു പരമാന്ത്യമുണ്ടെന്നും, തൻെറ നിരൂപണവചനം പ്രവൃ

ത്തികഠം ജീവൻെറ പുസ്തകത്തിൽ ലേഖനം ചെയ്യപ്പെട്ടുന്നുണ്ടെന്നും, അവ ഒരിക്കൽ തൻെറ നിത്യാന്ത്യത്തെ നിശ്ചയിക്കുമെന്നും മററുമുള്ള മൗലികപ്രമാണങ്ങഠം തിരസ്കൃതങ്ങളാകുമ്പോഠം, പാപവും നിരത്ഥകമായി ഭവിക്കുന്നു. അതാണ് ഇന്നത്തെ മനുഷ്യനു ബാധിച്ചിരിക്കുന്ന രോഗം.

പാപബോധരാഹിത്യം അധഃപതിച്ച ലോകസ്ഥിതിയെ കൂട്ടുതൽ മോശമാക്കിത്തീക്കുന്നു. ലോകം കൂട്ടുതൽ പാപം ചെയ്യുന്നു; അതിൻെറ ഗൌരവം കുറച്ചുമാത്രം അതു മനസ്സിലാക്കുകയും ചെയ്യുന്നു. വാസ്തവത്തിൽ, പണ്ടും ഇന്നത്തെപ്പോലെ സുകൃതികളും വികൃതികളുമുണ്ടായിരുന്നു. എന്നാൽ അന്നത്തേതിൽനിന്നു് ഒരു വലിയ വ്യത്യാസം ഇന്നുണ്ട്. അന്നത്തെ പാപികഠം തങ്ങഠം പാപികളാണെന്നു് ധരിച്ചിരുന്നു; ഇന്നത്തെ പാപികളാകട്ടെ തങ്ങഠം സുകൃതികളാണെന്നു് വിചാരിക്കുന്നു. പണ്ടുള്ളവർ നിയമം ലംഘിച്ചിരുന്നെങ്കിലും നിയമം ശരിയെന്നു് സമ്മതിച്ചിരുന്നു. ആധുനികരോ, നിയമം ലംഘിക്കുന്നതിനുംപുറമെ, ആ നിയമം തെററാണെന്നു ശഠിക്കുന്നു. പൗരാണികർ തെററു ചെയ്തിരുന്നെങ്കിലും നല്ലവരാകുവാൻ അഭിലഷിച്ചു; ആധുനികരും തിന്മചെയ്യുന്നുണ്ടെങ്കിലും, നന്നാകാനാഗ്രഹിക്കുന്നില്ല. നിയമം ലംഘിച്ചാലും നിയമസാധുത്വത്തെ ചോദ്യം ചെയ്യാത്തവക്കു ആശയ്ക്കുവകാശമുണ്ട്; എന്നാൽ നിയമസാധുത്വത്തേയും ചോദ്യം ചെയ്യുന്നവക്കു വലിയ രക്ഷാമാഗ്ഗമൊന്നും കാണുന്നില്ല. താൻ രോഗാതുരനാണെന്നു ഗ്രഹിക്കാത്തവൻ വൈദ്യൻെറ ആവശ്യം ഗ്രഹിക്കുകയില്ലല്ലൊ. അനുസരണ, ശുദ്ധത, എളിമ, ക്ഷമ തുടങ്ങിയ സദ്ഗുണങ്ങഠം ഇന്നു ബലഹീനതയായും അസ്വാതന്ത്ര്യമായും അപരിഷ്കൃതമായും പരിഗണിക്കപ്പെട്ടുകയും അധികാരധിക്കാരം, ലൈംഗികസ്വാതന്ത്ര്യം, ഔദ്ധത്യം, പ്രതികാരം എന്നീ ദുഗ്ഗുണങ്ങഠം ഇന്നു ''ആണത്ത''മായും സ്വാതന്ത്ര്യമായും പരിഷ്ക്കാരമായും ജീവിതവിജമായും പരിഗണിക്കപ്പെട്ടുകയും ചെയ്യുന്നുണ്ടെങ്കിൽ പാ

പബോധത്തിൻെറ അഭാവത്തെയാണ് അതു കാണിക്കുന്നതു്. തിന്മയെ തിരിച്ചറിയുന്നില്ലെങ്കിൽ അതിനെ എതിക്കുന്നതിനു് മനുഷ്യൻ അശക്തനാണു്; നന്മയോടുള്ള അലക്ഷ്യഭാവം ആത്മവഞ്ചനയുമാണു്. ഇസയാസ് പ്രവാചകൻ പറയുന്നതു് ശ്രദ്ധിക്കുവിൻ: "നന്മയെ തിന്മയെന്നും തിന്മയെ നന്മയെന്നും വിളിക്കുന്നവക്കും, പ്രകാശത്തിനുപകരം ഇരുട്ടും ഇരുട്ടിനുപകരം പ്രകാശവും നല്കുന്നവക്കും, മധുരത്തിനുപകരം കയ്പും കയ്പിനുപകരം മധുരവും പ്രദാനം ചെയ്യുന്നവക്കും ദുരിതം."

കത്തോലിക്കാസഭയൊഴിച്ചുള്ള ഇന്നത്തെ സാന്മാർഗ്ഗികലോകത്തിൽ വലിയ അരാജകത്വമാണ് നടമാടിക്കൊണ്ടിരിക്കുന്നതു്. സാന്മാർഗ്ഗികസിദ്ധാന്തങ്ങൾ ദിവസേനയെന്നോണം മാററപ്പെടുന്നു, പുതിയ വ്യാഖ്യാനങ്ങൾ നല്കപ്പെടുന്നു. സുകൃതികളെ അവഹേളിക്കയും വികൃതികളെ ആദരിക്കയും ചെയ്യുമ്പോൾ പരിഷ്കാരം താറുമാറായി ഭവിക്കുന്നു. നന്മയല്ല വിജയമാണ് ഇന്നത്തെ ആദർശം; ദരിദ്രനായ ഒരുവൻ നല്ലവനായിരിക്കാം; എന്നാലവനെ വിജയലക്ഷ്മി കടാക്ഷിക്കുന്നില്ലെങ്കിൽ, അവൻ പരാജയപ്പെട്ടവനായി ആധുനികലോകം കണക്കാക്കും. ഈദൃശാദർശം പാപബോധത്തിനും പ്രായശ്ചിത്താനുഷ്ഠാനത്തിനും മാർഗ്ഗബന്ധം ചെയ്യുന്നു. തങ്ങളുടെ മരണക്കിടക്കയിൽപ്പോലും അവർ ആത്മപ്രശംസ നടത്തുന്നു; എന്നാൽ, ദൈവകാരുണ്യം അപേക്ഷിച്ചു് പാപത്തെക്കുറിച്ചു് പശ്ചാത്തപിക്കുവാൻ അവർ ശ്രമിക്കുന്നില്ല. മതത്തെ സാന്മാർഗ്ഗികാധഃപതനം കൂടാതെ ശിഥിലീഭവിപ്പിക്കാമെന്നുള്ള വ്യാമോഹം വലിയൊരാപത്താണു് മനുഷ്യസമുദായത്തിനു് വലിച്ചുവെച്ചതു്. "വിശ്വാസമല്ല, ജീവിതമാണു് കാര്യം" എന്ന പ്രസ്താവന യൂറോപ്പിൽ മാറെറാലികൊണ്ടു. കേരളത്തിലാകട്ടെ "മതമേതായാലും വേണ്ടതില്ല, മനുഷ്യൻ നന്നായാൽമതി" എന്ന തത്വത്തിൽനിന്നാരംഭിച്ചു് "മതമൊന്നും ആവശ്യമില്ല, മനുഷ്യൻ നന്നായാൽമതി" എന്ന മറെറാരബദ്ധത്തിൽ ചെന്നു ചാടിയിരി

കുന്നു. എന്നാൽ ഒരു പരമാർത്ഥം നാം മറക്കരുത്: വിശ്വാസമനുസരിച്ചാണ് നാം ജീവിക്കുന്നത്; തെറ്റു വിശ്വസിച്ചാൽ തെറ്റു പ്രവർത്തിക്കും. ജീവിതത്തെ നാം തത്വാനുസൃതമാക്കുന്നില്ലെങ്കിൽ, തത്വത്തെ നാം ജീവിതാനുസൃതമാക്കും. "സർവ്വമതസമ്മേളന"ങ്ങൾ നടത്തി വിശാലമനസ്കതയുടെ നെറ്റിപ്പട്ടം കെട്ടി നടക്കുന്ന ചിലർ ഒരു മതത്തിലും വിശ്വാസമില്ലാതെയും തന്മൂലം യാതൊരു സന്മാർഗ്ഗനിയമങ്ങളുമില്ലാതെയുമുള്ള ഒരു ജീവിതസരണിയിലാണ് എത്തിച്ചേരുക. പാപബോധം മനുഷ്യരിൽ സംജാതമാകണമെങ്കിൽ മതബോധം അവരിൽ ദൃഢമൂലമാകണം. ഇന്നത്തെ പത്രമാസികകൾ, ഗ്രന്ഥങ്ങൾ, സർവ്വകലാശാലകൾ, വിദ്യാലയങ്ങൾ, പ്രസംഗപീഠങ്ങൾ, സിനിമ, റേഡിയോ എന്നിവയെല്ലാം മതബോധത്തേയും തദ്വാരാ പാപബോധത്തേയും മനുഷ്യഹൃദയങ്ങളിൽനിന്നും, പ്രത്യേകിച്ച് യുവഹൃദയങ്ങളിൽനിന്നും, നീക്കംചെയ്യുന്നതിനുള്ള പരിശ്രമത്തിൽ പ്രത്യക്ഷമായും പരോക്ഷമായും വ്യാപൃതമായിരിക്കയാണ്. തങ്ങളുടേയും തങ്ങളുടെ വത്സലസന്താനങ്ങളുടേയും ഹൃദയത്തിൽനിന്നു പാപബോധം ഒരിക്കലും നഷ്ടമാകാതിരിപ്പാനായി മാതാപിതാക്കന്മാർ നിരന്തരം ജാഗരൂകരായിരിക്കയും അതിനായി പരിശുദ്ധാരൂപിയോട് പ്രത്യേകം പ്രാർത്ഥിക്കയും ചെയ്യട്ടെ.

---

# സർവ്വരോഗസംഹാരിണി

ആ ദിവസത്തിൽ നിങ്ങൾ എന്നോട് ഒന്നും ചോദിക്കുകയില്ല. സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു: നിങ്ങൾ എന്റെ നാമത്തിൽ എന്റെ പിതാവിനോടു ചോദിക്കുന്നതൊക്കെയും അവൻ നിങ്ങൾക്കു തരും. ഇതുവരെ നിങ്ങൾ എന്റെ നാമത്തിൽ ഒന്നും

ചോദിച്ചിട്ടില്ല. ചോദിക്കുവിൻ, എന്നാൽ നിങ്ങളുടെ സന്തോഷം പൂണ്ണമാകുമാറു് നിങ്ങൾക്കു ലഭിക്കും. ഞാൻ ഉപമകളായി ഇവ നിങ്ങളോടു പറഞ്ഞു. എന്നാൽ ഞാൻ നിങ്ങളോടു് ഉപമകളായിപ്പറയാതെ, പിതാവിനെ സംബന്ധിച്ചു നിങ്ങളോടു തെളിവായി അറിയിക്കുന്ന സമയം വരുന്നു. (അതു്) എൻെറ നാമത്തിൽ നിങ്ങൾ ചോദിക്കുന്ന ദിവസത്തിൽതന്നെ: അല്ലാതെ, നിങ്ങൾക്കുവേണ്ടി പിതാവിനോടു ഞാൻ ചോദിക്കും എന്നു നിങ്ങളോടു ഞാൻ പറയുന്നില്ല. എന്തെന്നാൽ നിങ്ങൾ എന്നെ സ്നേഹിക്കയും ഞാൻ പിതാവിൻെറ അടുക്കൽനിന്നു് പുറപ്പെട്ടുവന്നുവെന്നു് വിശ്വസിക്കയും ചെയ്തതുകൊണ്ടു് പിതാവുതന്നെയും നിങ്ങളെ സ്നേഹിക്കുന്നു. ഞാൻ പിതാവിൻെറ അടുക്കൽനിന്നു പുറപ്പെട്ടു് ലോകത്തിലേക്കു വന്നു; ഞാൻ വീണ്ടും ലോകത്തെവിട്ടു് പിതാവിൻെറ അടുക്കലേയ്ക്കു പോകുന്നു. ശിഷ്യർ അവനോടു പറഞ്ഞു: ഇതാ, ഇപ്പോൾ നീ തെളിവായി സംസാരിക്കുന്നു; ഉപമ ഒന്നുപോലും നീ അരുളിച്ചെയ്യുന്നില്ല. നീ സകലവും അറിയുന്നുവെന്നും, ആരും നിന്നോടു ചോദിക്കുവാൻ നിനക്കു ആവശ്യമില്ല എന്നും ഇപ്പോൾ ഞങ്ങൾ അറിയുന്നു. നീ ദൈവത്തിൽനിന്നു് പുറപ്പെട്ടു വന്നിരിക്കുന്നു എന്നും ഇതിനാൽ ഞങ്ങൾ വിശ്വസിക്കുന്നു.

(ഉയിപ്പു് 5-ാംഞായർ; സുവിശേഷം: യോഹ. XVI, 23—30.)

"സവ്വരോഗസംഹാരിണി"യെന്നും "സവ്വരോഗകുലാന്തക"യെന്നും മററും നെററിപ്പട്ടം കെട്ടിയിട്ടുള്ള ഔഷധക്കുപ്പികൾ ഈയിടെയായി ധാരാളം പ്രത്യക്ഷപ്പെട്ടുവരുന്നുണ്ടു്. അവയുടെ ഗുണഗണങ്ങൾ വണ്ണിച്ചുകൊണ്ടുള്ള പരസ്യങ്ങൾ പത്രമാസികകളിൽ വായിക്കുമ്പോൾ, ഇനി രോഗികൾ ആരുംതന്നെ ഭൂതലത്തിൽ ഉണ്ടാകുവാൻ സാദ്ധ്യമല്ലല്ലൊ എന്നൊരു നിഗമനത്തിൽ എത്തിച്ചേരാനും വഴിയുണ്ടു്. എന്നാൽ, യാഥാത്ഥ്യത്തോടു സമീപിച്ചു നോക്കുമ്പോൾ, ഇവയിൽ അധികവും വെറും പ്രചാരണങ്ങൾ മാത്രമാണെന്നും സവ്വരോഗസംഹാരിണികൾ ഒരു രോഗത്തെയെങ്കിലും സംഹരിക്കുകയില്ലെന്നും നമുക്കു അനുഭവബോദ്ധ്യമാകുന്നതാ

ണ്. മനുഷ്യസമുദായഗാത്രത്തിലും ഇന്നു് പലവിധ രോഗങ്ങൾ പിടിപെട്ടിട്ടുണ്ട്. ഈ രോഗങ്ങളെയെല്ലാം നിശ്ശേഷം നിർമ്മാർജ്ജനംചെയ്യുവാൻ പോരുന്ന ചില ഔഷധങ്ങളും ഒററമൂലികകളും തങ്ങളുടെ കൈവശമുണ്ടെന്നും മററാക്കും അവ സ്വായത്തമായിട്ടില്ലെന്നും വീരവാദം മുഴക്കിക്കൊണ്ടു് ചില ആദർശവാദികളും, നേതാക്കന്മാരും, 'ഇസ'ക്കാരും ഇന്നു പ്രത്യക്ഷപ്പെടുന്നുണ്ട്. എന്നാൽ, യാഥാർത്ഥ്യത്തോടു സമീപിച്ചു നോക്കുമ്പോൾ ഇവയെല്ലാം "സർവ്വരോഗസംഹാരിണി"കൾപോലെ വെറും പൊള്ളയായ പ്രചരണങ്ങൾ മാത്രമാണെന്നും രോഗശാന്തിക്കു പകരം രോഗവർദ്ധനവാണ് സമുദായഗാത്രത്തിനു് അനുഭവപ്പെടുകയെന്നും കണ്ണുള്ളവക്കു കാണാവുന്നതാണ്. എങ്കിലും, സർവ്വരോഗസംഹാരിണിയായ ഒരു ഒററമൂലിക നമ്മുടെ കൈവശം ഉണ്ടെന്നുള്ളതു് അധികമാരും ഓക്കാറില്ലെന്നു തോന്നുന്നു. അതു പ്രാർത്ഥനയാണ്. നമുക്കു ദൈവത്തോടു പ്രാർത്ഥിക്കുവാൻ സാധിക്കുമെന്നുള്ളതുതന്നെ നമുക്ക് എന്തെന്നില്ലാത്ത ശക്തിയും സൌഭാഗ്യവും പ്രദാനം ചെയ്യുന്നുണ്ട്. എന്തുകൊണ്ടാണ് പ്രാർത്ഥനയ്ക്കു ഇത്ര വലിയ ശക്തി കൈവന്നിരിക്കുന്നതു്? കാരണം, പ്രാർത്ഥന വഴിയായി നാം ദൈവത്തോടു യോജിക്കുന്നു. ഹൃദയത്തെ ദൈവത്തിൻ പക്കലേക്കു് ഉയർത്തുന്നതാണല്ലോ പ്രാർത്ഥന. അങ്ങനെ നാം ദൈവത്തോടു സംയോജിക്കുമ്പോൾ— വിശ്വാസം, ശരണം, ഉപവി എന്നീ ദൈവികപുണ്യങ്ങളിൽ അധിഷ്ഠിതമായ പ്രാർത്ഥനയാൽ നാം ദൈവത്തോടു ഒന്നിക്കുമ്പോൾ—ഏതാണ്ടൊരു സർവ്വശക്തിതന്നെ നമുക്കു് ലഭിക്കുന്നു. "എന്നെ ശക്തിപ്പെടുത്തുന്നവനായ ദൈവത്തിൽ എനിക്കു എല്ലാം ചെയ്യാൻ കഴിയും" എന്നു വി. പൌലോസിനോടുകൂടെ നമുക്കും പറയാൻ സാധിക്കും. ആററംബോമ്പിനെക്കാൾ ശക്തിയുള്ളതാണ് പ്രാർത്ഥന എന്ന പ്രസ്താവത്തിലെ അടിസ്ഥാനതത്വം ഇതുതന്നെയാണ്. നമുക്കു സ്വപ്നം കാണുവാൻ സാധിക്കുന്നതിനേക്കാൾ അധികം കാര്യങ്ങൾ പ്രാർത്ഥനവഴിയാ

യി നിവ്വഹിക്കപ്പെടുന്നു എന്നു ഒരു കവി പാടിയിരിക്കുന്നതും ഇതുകൊണ്ടുതന്നെയാണ്.

"പ്രാത്ഥന ആത്മാവിൻെറ ഭക്ഷണമാണ്; ശരീരത്തിന് ഭക്ഷണംകൂടാതെ ജീവിക്കാൻ കഴിയാത്തതുപോലെ, ആത്മാവിന് പ്രാത്ഥനകൂടാതെ ജീവിക്കാനും സാദ്ധ്യമല്ല" എന്നു് വി. അഗുസ്തീനോസ് എഴുതിയിരിക്കുന്നു. പ്രാത്ഥിക്കാത്തവൻ മനുഷ്യനല്ല; അവൻെറ ആത്മാവു് മൃതപ്രായമായിരിക്കും; അവൻ മൃഗതുല്യനായിരിക്കും. നേരെമറിച്ച്, പ്രാത്ഥിക്കുന്നവൻ യഥാത്ഥ മനുഷ്യനാണ്; സൗഭാഗ്യവാനാണ ; ദൈവത്തോടു സംയോചിച്ചിരിക്കുന്നവനാണ്; അവൻെറ ആത്മാവു് ശക്തിസംപുഷ്ടമാണ്; അതാണ് മനുഷ്യത്വം. അതുകൊണ്ടാണ്, സുപ്രസിദ്ധനായ ഒരു എഴുത്തുകാരൻ പ്രസ്താവിക്കുന്നതു് ഒരു മനുഷ്യനിൽ യഥാത്ഥമഹാത്മ്യം പ്രകടമാകുന്നതു് അവൻ മുട്ടിന്മേൽ നില്ക്കുമ്പോഴാണെന്നു്. പഴയനിയമവും പുതിയനിയമവും ക്രിസ്തീയ മതതത്വങ്ങളും ആചാരങ്ങളും ആദ്ധ്യാത്മികശാസ്ത്രവും എല്ലാംതന്നെ പ്രാർത്ഥനയുടെ ആവശ്യത്തെ ഉച്ചൈസ്തരം ഉൽഘോഷിക്കുന്നുണ്ട്. ആത്മാവിനെ രക്ഷിച്ച് സ്വൎഗ്ഗത്തിൽ പ്രവേശിക്കണമെങ്കിൽ പ്രാർത്ഥന കൂടിയേ കഴിയൂ. പാപജീവിതം നയിക്കുന്ന ഒരുവൻ പുണ്യമാൎഗ്ഗത്തിൽ പ്രവേശിക്കുന്നതിനും പുണ്യജീവിതം നയിക്കുന്ന ഒരുവൻ കൂടുതൽ പുണ്യസമ്പത്തു് സമ്പാദിക്കുന്നതിനും പ്രാർത്ഥന അത്യന്താപേക്ഷിതമാണ്. പ്രാർത്ഥനയെ തീരെ അവഗണിക്കുന്നവനും അതിനെ പുച്ഛരസത്തോടെ അവഹേളിക്കുന്നവനും നിത്യരക്ഷ പ്രാപിക്കുക തീരെ അസാദ്ധ്യമാണ്. ഏതൊരു സൽകൃത്യവും—ഏതു ചെറിയതായാലും—നിവ്വഹിക്കുന്നതിന് ദൈവസഹായം കൂടിയേ കഴിയൂ എന്നാൽ, ദൈവസഹായം ലഭിക്കണമെങ്കിൽ നാം പ്രാർത്ഥിക്കണം. "ചോദിപ്പിൻ . . . . . . . ." ദാവീദും, നല്ലകള്ളനും, വി. പൗലോസും മററെല്ലാവരും പ്രാർത്ഥിച്ചുകൊണ്ടാണ് പരിശുദ്ധിയിലേക്കു പ്രത്യാഗമിച്ചതു്.

എപ്പോഴാണ് നാം പ്രാർത്ഥിക്കേണ്ടതു്? ക്രിസ്തുനാഥൻതന്നെ ഇതിനുത്തരം നല്കിയിട്ടുണ്ട്. "എല്ലായ്പോഴും പ്രാർത്ഥിക്കണം" (ലൂക്കാ. xviii-1.) ഈ കല്പന എങ്ങനെയാണ് നമുക്ക് പ്രായോഗികമാക്കാൻ സാധിക്കുക? നാം നമ്മുടെ ഹൃദയത്തെ ഇടക്കിടെ ദൈവത്തിൻപക്കലേക്ക് ഉയർത്തുകയും, നമ്മുടെ അദ്ധ്വാനങ്ങളും ആനന്ദങ്ങളും ക്ലേശങ്ങളും അങ്ങേയ്ക്കു സമർപ്പിക്കയും ചെയ്താൽ നിരന്തരമായ ഒരു പ്രാർത്ഥനാരൂപി നമുക്ക് കൈവരുന്നതാണ്. പ്രഭാതത്തിൽ നാം ആ ദിനത്തിലെ സകല പ്രവൃത്തികളും ദൈവത്തിന് സമർപ്പിക്കയും ഈ സമർപ്പണത്തെ ചിലപ്പോഴെല്ലാം നവീകരിക്കയും ചെയ്താൽ നാം ദിവ്യരക്ഷകൻെറ കല്പനയെ അനുവർത്തിക്കുകയായിരിക്കും ചെയ്യുന്നതു്. പാപത്തിലേയ്ക്കുള്ള പ്രലോഭനങ്ങൾ നമ്മെ അലട്ടിക്കൊണ്ടിരിക്കുമ്പോൾ നാം പ്രാർത്ഥിക്കുന്നില്ലെങ്കിൽ വി. പത്രോസിനെപ്പോലെ ഭയങ്കരമായ വിധത്തിൽ അധഃപതിച്ചുപോകും. വ്യക്തിപരമായോ സാമൂഹ്യമായോ നേരിടുന്ന അപകടസന്ധികളിൽ പ്രാർത്ഥനയായിരിക്കട്ടെ നമ്മുടെ ഏകാവലംബം. പണനഷ്ടം, ഇഷ്ടജനനഷ്ടം, ആരോഗ്യനഷ്ടം, മാനനഷ്ടം എന്നീ അപകടഘട്ടങ്ങളിലും പ്രധാനമായ എന്തെങ്കിലും സംരംഭം തുടങ്ങുമ്പോഴും ജീവിതത്തിൽ പുതിയ അദ്ധ്യായങ്ങൾ ആരംഭിക്കുമ്പോഴും നാം പ്രാത്ഥിക്കണം. പകച്ചവ്യാധികൾ, യുദ്ധം സഭാമർദ്ദനം എന്നിങ്ങനെയുള്ള പൊതുവിപൽസന്ധികളിലും നാം പ്രാത്ഥിക്കണം. 1918 ജൂലായി 18-ാംനു-സഖ്യകക്ഷികളുടെ സർവ്വസൈന്യാധിപനായി നിയമിക്കപ്പെട്ട മാഷ്ൽഫോഷ് ജർമ്മനിക്കെതിരായി ഒരു പ്രതിസമരത്തിനുള്ള എല്ലാ ഏർപ്പാടുകളും ചെയ്തശേഷം ഒരു മണിക്കൂർ സമയത്തെ വിശ്രമത്തിനായി പോയി. തദവസരത്തിൽ ഒരു അടിയന്തിരകമ്പിസന്ദേശവുമായി ഒരു ദൂതൻ വന്നെത്തി. എല്ലാവരും മാഷ്ലിനെ അന്വേഷിച്ചുതുടങ്ങി; ഒരിടത്തും കണ്ടെത്തിയില്ല. ഒടുവിൽ സമീപത്തുള്ള ഒരു ഗ്രാമീണദേവാലയത്തിൽ അദ്ദേഹം പരി. കുർബ്ബാ

നായുടെ മുമ്പാകെ പ്രാർത്ഥനാനിരതനായി മുട്ടുകുത്തിനില്ക്കുന്നതു കണ്ടു. സന്ദേശത്തിനു മറുപടി കൊടുത്തശേഷം അദ്ദേഹം വീണ്ടും ദിവ്യകാരുണ്യസന്നിധിയെ ശരണംഗമിക്കയാണു് ചെയ്തതു്. “ദേവാലയത്തിൽപോയി തിരിച്ചുവരുമ്പോൾ എല്ലായ്പോഴും എനിക്കു കൂടുതൽ ശക്തിയും കൂടുതൽ ഉറപ്പും ലഭിക്കുന്നു. ഞാൻ യുദ്ധസംബന്ധമായ പ്രധാന തീരുമാനങ്ങളെല്ലാമെടുക്കുന്നതു് അവിടെ വെച്ചാണു്” എന്നു അദ്ദേഹം പറയാറുണ്ടായിരുന്നു.

ചില നിശ്ചിതസമയങ്ങളിൽ നാം പ്രാർത്ഥിച്ചേ കഴിയൂ. കാലത്തും ഉച്ചയ്ക്കും സന്ധ്യക്കും കുടുംബപ്രാർത്ഥനകൾ നടത്തുക കേരളത്തിലെ കത്തോലിക്കാകുടുംബങ്ങളിൽ ഒരു പഴയ പതിവാണു്. എന്നാൽ ജീവിതവ്യഗ്രതയുടേയും ജോലിത്തിരക്കിന്റെയും മറയിൽ ഈ പതിവുകൾ കുറേശ്ശെയായി മറഞ്ഞുപോകുന്നുണ്ടോ എന്നു എല്ലാവരും ആത്മസംശോധനം ചെയ്തുനോക്കട്ടെ. അന്യമതസ്ഥരെ പ്രീണിപ്പിക്കുവാനും മനുഷ്യബഹുമാനത്തെപ്രതിയും പരിഹാസശരങ്ങളെ ഭയന്നും നാം ത്രികാലജപങ്ങൾ രഹസ്യമായും പരസ്യമായും ചൊല്ലുവാൻ മടികാണിക്കുന്നില്ലേ? ഭക്ഷണത്തിനു മുമ്പും പിമ്പും ഒരു ചെറിയ ജപമെങ്കിലും ഉരുവിടാനുള്ള ഉൾക്കരുത്തു് നമുക്കുണ്ടാകണം; കുട്ടികളെയും അങ്ങനെതന്നെ പരിശീലിപ്പിക്കണം. ബന്ധുക്കളൊ വിരുന്നുകാരോ വീട്ടിൽ വന്നിട്ടുണ്ടെങ്കിൽ ത്രികാലജപങ്ങളും കുടുംബപ്രാർത്ഥനകളും ഭക്ഷണത്തിനു മുമ്പും പിമ്പുമുള്ള ജപങ്ങളും ചിലർ ഉപേക്ഷിക്കുന്നതു് എന്തുകൊണ്ടാണെന്നു മനസ്സിലാകുന്നില്ല. അക്കാര്യത്തിൽ അത്ര കണിശവും താല്പര്യവുമില്ലാത്ത ബന്ധുമിത്രാദികളാണെങ്കിൽ തീർച്ചയായും അവർക്കു് ഒരു നല്ലമാതൃക നല്കുകയല്ലേ നാം ചെയ്യേണ്ടതു്?

എവിടെയാണു് നാം പ്രാർത്ഥിക്കേണ്ടതു്? ദൈവം എല്ലായിടത്തും നമ്മുടെ സമീപം ഉണ്ടു്; എവിടെയായാലും അങ്ങു് നമ്മുടെ ഹൃദയത്തിന്റെ നെടുവീർപ്പുകൾ ശ്രവിക്കുന്നു; നമ്മുടെ അഭ്യർത്ഥനകൾ ശ്രവിക്കുന്നു. വി. ക്രിസോസ്റ്റോം പറയുന്നു: “നിങ്ങൾ

ക ചന്തയിൽ നടന്നുകൊണ്ടു പ്രാർത്ഥിക്കാം. പീടികയിൽ നിന്നുകൊണ്ടു ഹൃദയത്തെ ദൈവത്തിലേക്കുയർത്താം. ചന്തയിൽ സാമാനങ്ങൾ വാങ്ങുന്ന വേലക്കാരിക്കും, അടുക്കളക്കാരിക്കും . . . എല്ലാവക്കും പ്രാർത്ഥിക്കുവാൻ കഴിയും. എന്തുകൊണ്ടെന്നാൽ ദൈവം ഭക്തിനിർഭരമായ ഒരു ഹൃദയത്തെയും പരിതപ്തമായ ഹൃദയത്തെയും മാത്രമെ ആവശ്യപ്പെടുന്നുള്ളു.'' പൂർവ്വപിതാവായ യാക്കോബ് വയലിലും, മനാസ്സെസ് കൽത്തുറുങ്കിലും, ഹെസക്കിയായ് രോഗക്കിടക്കയിലും, ദാനിയേൽ സിംഹക്കുഴിയിലും, ജോനാസ് തിമിംഗലത്തിൻെറ ഉദരത്തിലും, ജോബ് ചാണക്കുഴിയിലും, മൂന്നു ബാലന്മാർ ജ്വലിക്കുന്ന അഗ്നികുണ്ഡത്തിലുംവെച്ച് പ്രാർത്ഥിച്ചു. എങ്കിലും, പ്രധാനമായി നാം പ്രാർത്ഥിക്കേണ്ടതു് ദേവാലയത്തിലാണ്. പ്രാർത്ഥനക്കായി വിശുദ്ധീകരിക്കപ്പെട്ടിട്ടുള്ള സ്ഥലമായതുകൊണ്ടു് അവിടെ ദൈവത്തിൻെറ പ്രത്യേകസാന്നിദ്ധ്യമുണ്ട്. പലരും പ്രാർത്ഥിക്കുവാനായി സമ്മേളിക്കുമ്പോൾ അവിടെ അങ്ങുന്ന് പ്രത്യേകവിധത്തിൽ സന്നിഹിതനായിരിക്കുമെന്നു ദിവ്യരക്ഷകൻ അരുളിച്ചെയ്തിട്ടുണ്ടല്ലൊ. എന്നാൽ, കത്തോലിക്കാദേവാലയത്തിലാണെങ്കിൽ വി. കുർബ്ബാനയിൽ നമ്മുടെ ദിവ്യരക്ഷകൻെറ യഥാർത്ഥസാന്നിദ്ധ്യവുമുണ്ട്. തന്നിമിത്തം ദേവാലയമായിരിക്കട്ടെ നമ്മുടെ പ്രാർത്ഥനാരംഗം. ദിവ്യബലിയിൽ സംബന്ധിച്ചും, ഇടക്കിടെ വി. കുർബ്ബാനയെ സന്ദർശിച്ചും നമ്മുടെ ഇടവകദേവാലയം നമ്മുടെ സങ്കേതമായിരിക്കട്ടെ. ''കർത്താവിൻെറ ശുദ്ധസ്ഥലത്തിൽ കർത്താവിനെ നിങ്ങൾ സ്തുതിപ്പിൻ.''

---

# ആ ചിത്രം

എൻെറ പിതാവിൻെറ അടുക്കൽനിന്നു് നിങ്ങൾക്കു ഞാൻ അയയ്ക്കുന്ന പാറക്ലേത്താ—എൻെറ പിതാവിൻെറ അടുക്കൽനിന്നു് പുറപ്പെടുന്ന ആ സത്യാത്മാവു്— വരുമ്പോൾ അവൻ എന്നെക്കുറി

ച്ച് സാക്ഷ്യപ്പെടുത്തും. നിങ്ങൾ ആദിമുതൽ എന്നോടുകൂടിയിരിക്ക കൊണ്ട് നിങ്ങളും സാക്ഷ്യപ്പെടുത്തും. നിങ്ങൾ ഇടറാതിരിക്കേണ്ട തിനായി ഇവ നിങ്ങളോടു ഞാൻ പറഞ്ഞിരിക്കുന്നു. എന്തെന്നാൽ അവർ തങ്ങളുടെ സംഘങ്ങളിൽനിന്ന് നിങ്ങളെ പുറത്താക്കും. നിങ്ങളെ കൊല്ലുന്ന ഏവനും താൻ ദൈവത്തിന് ബലി സമർപ്പിക്കുന്നു എന്നു വിചാരിക്കുന്ന സമയം വരികയും ചെയ്യും. എന്നാൽ അവർ എൻെറ പിതാവിനെയാകട്ടെ എന്നെയാകട്ടെ അറിഞ്ഞിട്ടില്ലാത്തതു കൊണ്ടു ഇങ്ങിനെചെയ്യും. ആ സമയം വരുമ്പോൾ ഞാൻ ഇതു നിങ്ങളോടു പറഞ്ഞിട്ടുണ്ടെന്ന് ഓർക്കേണ്ടതിന് ഇവ നിങ്ങളോടു പറഞ്ഞിരിക്കുന്നു. എന്നാൽ ഞാൻ നിങ്ങളോടുകൂടി ഉണ്ടായിരുന്ന തുകൊണ്ടു നിങ്ങളോടു ഇവ മുമ്പേ പറഞ്ഞില്ല.

(സ്വർഗ്ഗാരോഹണം ഇടഞ്ഞായർ; സുവിശേഷം: യോഹ. xv-26-xvi-4.)

കുറെ കൊല്ലങ്ങൾക്കുമുമ്പ് റോമിൽവെച്ച് നടത്തപ്പെട്ട അഖിലലോകകത്തോലിക്കാ കലാപ്രദർശനത്തിലേക്ക് അയച്ചുകൊടുപ്പാനായി, ഇന്ത്യയിൽ താമസിച്ചിരുന്ന ഹോളണ്ടുകാരനായ ഒരു ചിത്രകാരൻ കലാഭംഗി കവിഞ്ഞൊഴുകിയിരുന്ന ഒരു ചിത്രം തയ്യാറാക്കുകയുണ്ടായി. ഇന്ത്യയിൽ ക്രിസ്തുവിനുവേണ്ടി ജീവൻ ഹോമിച്ച രക്തസാക്ഷികളെ എല്ലാവരേയും ഉൾക്കൊള്ളിച്ചുള്ള ഒരു ചിത്രമായിരുന്നു അതു്. പക്ഷേ, നിർഭാഗ്യവശാൽ, അപ്പോഴേക്കും രണ്ടാംലോകമഹായുദ്ധം പൊട്ടിപ്പുറപ്പെടുകയും, തന്നിമിത്തം ആ ചിത്രം റോമയിലേക്ക് എത്തിക്കുവാൻ സാധിക്കാതെ വരികയും ചെയ്തു. വടക്കെ ഇന്ത്യയിൽ എവിടെയോ—അല്ലഹബാദ് സെമ്മിനാരിയിലാണെന്നു തോന്നുന്നു—അതു് ഇന്നും സംപൂജ്യമായി സൂക്ഷിക്കപ്പെട്ടുവരുന്നു. കുറെ നാൾ മുമ്പ് ആ ചിത്രത്തിൻെറ ഫോട്ടോ ഒരു മാസികയിൽ കാണുവാനിടയായി. ഇന്ത്യയിലെ രക്തസാക്ഷികളിൽ മിക്കപേരും—എല്ലാവരുംതന്നെ എന്നുപറയാം—യൂറോപ്യന്മാരാണെന്നുള്ള പരമാർത്ഥം ആ ചിത്രത്തിൽ സ്പഷ്ടികസ്പഷ്ടം തെളിഞ്ഞുവിളങ്ങി. വിദൂരദേശങ്ങളിൽ

നിന്നു നാട്ടും വീട്ടും പരിത്യജിച്ച് നമ്മുടെ ഭാരതഭൂമിയിൽ അവർ വരികയും ആ മണ്ണിൽത്തന്നെ അവർ ക്രിസ്തുവിനുവേണ്ടി രക്തം ചിന്തി മരിക്കയും ചെയ്തുവെന്നുള്ളതു് ഭാരതീയരായ നമ്മെ ലജ്ജിപ്പിക്കുവാനും ഉത്തേജിപ്പിക്കുവാനും പര്യാപ്തമാണെന്നുള്ളതിൽ സംശയമില്ല. സ്വതന്ത്രഭാരതത്തിൽ ഒരുപക്ഷേ മതമർദ്ദനങ്ങൾ ഉണ്ടാകുകയാണെങ്കിൽ നമ്മിൽ എത്രപേർ ക്രിസ്തുവിനുവേണ്ടി രക്തസാക്ഷികളായി മരണം കൈവരിക്കാൻ തയ്യാറാകുമെന്നുള്ള ചോദ്യവും ഓരോരുത്തരുടേയും മനസ്സിൽ ഉദിച്ചുയരാതിരിക്കയില്ല. ഭാരതത്തിൽ—വീരപ്രസുവായ ഭാരതത്തിൽ—ക്രിസ്തുവിനുവേണ്ടി രക്തം ചിന്തി മരിച്ചവർ പലരും ഉണ്ടായിരിക്കാം; അവരുടെ ചെയ്തികൾ നമുക്കു് അജ്ഞാതങ്ങളായിരിക്കാം; ജഗദ്ഗായകരായ കോകിലങ്ങൾ മാത്രം അവരുടെ അപദാനങ്ങൾ പ്രകീർത്തിക്കയും സൂര്യൻ മാത്രം അവരുടെ ശവകുടീരങ്ങളിൽ കാഞ്ചനസൂനങ്ങൾ വർഷിക്കയും ചെയ്യുന്നുണ്ടായിരിക്കാം. എങ്കിലും നമുക്കു് സുജ്ഞാതരായ ഭാരതീയരക്തസാക്ഷികൾ തുലോം വിരളമാണെന്നുതന്നെ പറയാം. യൂറോപ്യൻരാജ്യങ്ങളിലെ രക്തസാക്ഷികളുടെ സംഖ്യ വളരെ വലുതാണു്. ചൈനയിലും ജപ്പാനിലും കുറെ രക്തസാക്ഷികളെങ്കിലും തങ്ങളുടെ മാതൃഭൂമിയെ സ്വജീവരക്തത്താൽ ആർദ്രമാക്കിയിട്ടുണ്ടു്. ഇന്ത്യയിലാകട്ടെ രക്തസാക്ഷികളിൽ ഒട്ടുമുക്കാലുംതന്നെ യൂറോപ്യൻ വൈദികരും മിഷ്യനറിമാരുമാണു്. ഇപ്പോൾ വിദേശീയരെല്ലാം ഭാരതം ഭാരതീയർക്കു മാത്രമായി വിട്ടുംവെച്ച് നമ്മോടു യാത്ര പറഞ്ഞുപോകയാണു്. ഈ സന്ദർഭത്തിലാണു് മേലുന്നയിച്ച പ്രശ്നം കൂടുതൽ ഗൗരവാവഹമായി പ്രത്യക്ഷപ്പെടുന്നതു്. സ്വതന്ത്രഭാരതത്തിൽ മതമർദ്ദനങ്ങൾ ഉണ്ടാകുകയാണെങ്കിൽ നമ്മിൽ എത്രപേർ ക്രിസ്തുവിനുവേണ്ടി രക്തംചിന്തിക്കൊണ്ടു് മരിക്കുവാൻ തയ്യാറാണു്? ഓരോരുത്തരും ഹൃദയത്തിന്മേൽ കൈവെച്ചുകൊണ്ടു് ഉത്തരം കണ്ടുപിടിക്കട്ടെ.

ക്രിസ്തുവിനുവേണ്ടി, രക്തംചിന്തിക്കൊണ്ടുപോലും, സാക്ഷ്യം വഹിക്കുന്നതിനുള്ള അവശ്യവ്യവസ്ഥ ക്രിസ്തുനാഥൻതന്നെ നിർദ്ദേശിക്കുന്നുണ്ട്. "നിങ്ങൾ ആദിമുതൽ എന്നോടുകൂടി ഇരിക്കകൊണ്ട് നിങ്ങളും സാക്ഷ്യപ്പെടുത്തും." ക്രിസ്തുവിനോടുകൂടി സംയോജിച്ചിരിക്കുന്നവനു മാത്രമേ ക്രിസ്തുവിനുവേണ്ടി സാക്ഷ്യം വഹിക്കുവാൻ സാദ്ധ്യമാകയുള്ളു. സഭാചരിത്രത്തിൻെറ ഏടുകൾ പരിശോധിച്ചുനോക്കുമ്പോൾ ശ്ലീഹാന്മാരുടെ കാലംമുതൽ ഇന്നുവരേയും ക്രിസ്തുവിനെ ഉപേക്ഷിച്ചവർ—മർദ്ദനങ്ങളും കഷ്ടനഷ്ടങ്ങളും ഭയന്നുകൊണ്ട് ക്രിസ്തുവിനുവേണ്ടി സാക്ഷ്യം വഹിക്കുവാൻ ഉൾക്കരുത്തില്ലാതിരുന്നവർ—ഉണ്ടായിട്ടുണ്ടെങ്കിൽ അതിനു നിദാനം അവർ ക്രിസ്തുവിനോടുകൂടി സംയോജിക്കാത്തവരായിരുന്നു എന്നുള്ളതാണ്. വെറും നാമമാത്ര കത്തോലിക്കരായി — ഞായറാഴ്ച കത്തോലിക്കർ മാത്രമായി—ജീവിക്കുന്നവർ ക്രിസ്തുവിനോടുകൂടി സംയോജിക്കപ്പെട്ടിട്ടില്ല. തന്നിമിത്തം ക്രിസ്തുവിനുവേണ്ടി സാക്ഷ്യം വഹിക്കേണ്ട സന്ദർഭങ്ങൾ വരുമ്പോൾ അവരെല്ലാം ക്രിസ്തുവിനെ ഉപേക്ഷിക്കയോ മൗനം പാലിക്കയോ ചെയ്യുന്നു. യൂറോപ്പിൽ പല രാജ്യങ്ങളിലും നിരീശ്വരത്വവും ഭൗതികത്വവും മൂർത്തിമത്തായുള്ള ഗവൺമെൻ്റുകളുടെ ഭീഷണികളും മർദ്ദനങ്ങളും ഭയന്നുകൊണ്ടും ചില സ്വാർത്ഥലാഭങ്ങളെ ഇച്ഛിച്ചുകൊണ്ടും ക്രിസ്തുവിനേയും സഭയേയും ഉപേക്ഷിക്കുവാനും ഒററിക്കൊടുക്കുവാനുമുള്ള മനസ്ഥിതി പലരിലും കാണുന്നതു ഇതുകൊണ്ടുതന്നെയാണ്. നമ്മുടെ ഈ കേരളക്കരയിലും ഇങ്ങനെയുള്ള നാമമാത്രകത്തോലിക്കർ ധാരാളമില്ലേ എന്നു സംശയിക്കത്തക്ക സംഭവവികാസങ്ങൾ പലപ്പോഴും സംജാതമാകുന്നുണ്ട്. രക്തം ചിന്തിക്കൊണ്ട് ക്രിസ്തുവിനുവേണ്ടി മരിക്കുവാനുള്ള സാഹചര്യങ്ങൾ ഒരുപക്ഷേ നമ്മെ അഭിമുഖീകരിച്ചില്ലെങ്കിലും ക്രിസ്തുവിനുവേണ്ടിയും അങ്ങേ മണവാട്ടിയായ തിരുസ്സഭയ്ക്കുവേണ്ടിയും ചില ത്യാഗങ്ങൾ, അസൗകര്യങ്ങൾ, പണനഷ്ടം, പരിഹാസങ്ങൾ, എന്നിവയെല്ലാം സ

ഹിക്കുന്നതിന്നെങ്കിലുമുള്ള വിശ്വാസതീക്ഷ്ണത നമുക്കുണ്ടോ? ചെറിയ ചെറിയ ത്യാഗങ്ങൾ ക്രിസ്തുവിനുവേണ്ടി അനുഭവിക്കുവാനുള്ള സന്നദ്ധത നമുക്കുണ്ടെങ്കിലേ രക്തം ചിന്തുവാനുള്ള സന്ദർഭം സംജാതമാകുമ്പോൾ നാം ഇടറാത്ത മനസ്സോടും പതറാത്ത പാദങ്ങളോടുംകൂടി ഉറച്ചുനിന്നുകൊണ്ടു് മരണം കൈവരിക്കയുള്ളു. അതിന്നു് നാം എപ്പോഴും ക്രിസ്തുവിനോടുകൂടി സംയോജിച്ചു് വിശ്വാസതീക്ഷ്ണതയുള്ളവരായി വ്യാപരിക്കണം.

ക്രിസ്തുനാഥൻ സ്വശിഷ്യർക്കു മുന്നറിയിപ്പു നല്കുന്നു: "അവർ തങ്ങളുടെ സംഘങ്ങളിൽനിന്നു നിങ്ങളെ പുറത്താക്കും. നിങ്ങളെ കൊല്ലുന്ന ഏവനും താൻ ദൈവത്തിനു ബലി സമർപ്പിക്കുന്നു എന്നു വിചാരിക്കുന്ന സമയം വരികയും ചെയ്യും." സംഘത്തിൽനിന്നുള്ള ബഹിഷ്ക്കരണം ഒരു വലിയ മഹറോൻ ശിക്ഷപോലെയായിരുന്നു. ക്രിസ്തുവിന്നു് ഈ ശിക്ഷ അനുഭവിക്കേണ്ടിവന്നിട്ടുണ്ടു്. (യോഹ. x, 50-56) യഹൂദന്മാരുടെ "താൽമുദ്" എന്ന ഗ്രന്ഥത്തിൽ കാണുന്ന ഒരു ഐതിഹ്യമനുസരിച്ചു് തന്റെ ക്രൂശുമരണത്തിനു നാല്പതുദിവസം മുമ്പാണു് ക്രിസ്തുനാഥനെ യഹൂദർസംഘത്തിൽനിന്നു് ബഹിഷ്ക്കരിച്ചതു്. 400 പുരോഹിതന്മാർ കാഹളധ്വനി മുഴക്കിക്കൊണ്ടാണത്രെ ആ ചടങ്ങു് നിർവ്വഹിച്ചതു്. ജനനത്തിൽത്തന്നെ കുരുടനായിരുന്ന ഒരുവന്നു് ക്രിസ്തു കാഴ്ച നല്കി; അവനാകട്ടെ യഹൂദപ്രമാണികൾക്കെതിരായി ക്രിസ്തുവിനുവേണ്ടി വാദിച്ചതുകൊണ്ടു് സംഘത്തിൽനിന്നു് ബഹിഷ്ക്കരിക്കപ്പെട്ടു. ഈശോ വാഗ്ദാനംചെയ്യപ്പെട്ട മിശിഹായാണെന്നു പറയുന്ന സകലരേയും സംഘത്തിൽനിന്നു നിഷ്കാസനം ചെയ്യണമെന്നു് യഹൂദപ്രമാണികൾ നിശ്ചയിച്ചിട്ടുണ്ടായിരുന്നു. (യോഹ. ix—22.) ശ്ലീഹന്മാരെല്ലാവരുംതന്നെ ഇപ്രകാരം നിഷ്കാസനം ചെയ്യപ്പെട്ടിരുന്നുവെന്നുള്ളതിൽ സംശയലേശമില്ല. (1. Cor. iv, 10, 13.) ഇന്നും ഇങ്ങനെയുള്ള ബഹിഷ്ക്കരണങ്ങൾ നടന്നുകൊണ്ടിരിക്കുന്നുണ്ടു്. ക്രിസ്തുവിനെ ഏററുപറയുകയും സഭയുടെ പാനങ്ങൾ മുറ

കെപ്പിടിക്കയും ചെയ്യുന്നതുകൊണ്ട് പലരും വീട്ടിൽനിന്നും നാട്ടിൽനിന്നും ബഹിഷ്കരിക്കപ്പെടുന്നു; രാഷ്ട്രീയ പാർട്ടികളിൽനിന്നു് പുറംതള്ളപ്പെടുന്നു; മന്ത്രിസഭയിൽനിന്നു് നീക്കംചെയ്യപ്പെടുന്നു; രാഷ്ട്രത്തിൻെറ ശത്രുക്കളായി മുദ്രകുത്തപ്പെടുന്നു. ഇരിമ്പുയവനികയ്ക്കുള്ളിൽ, റഷ്യയുടെ തരാളദംഷ്ട്രങ്ങൾക്കുള്ളിൽ അമർന്നുപോയിട്ടുള്ള രാജ്യങ്ങളിൽ 'ജനകീയകോടതികൾ' എന്ന പേരിൽ നടക്കുന്ന പ്രഹസനങ്ങളിൽവെച്ച് ക്രിസ്തുവിൻെറ യഥാർത്ഥശിഷ്യന്മാർക്കു ലഭിക്കുന്ന നിഷ്കാസനവും മറ്റനങ്ങളും പ്രസിദ്ധങ്ങളാണല്ലൊ. ഇങ്ങനെയുള്ള ബഹിഷ്കരണങ്ങൾ ഉൾക്കരുത്തോടുകൂടിത്തന്നെ അഭിമുഖീകരിക്കുവാനുള്ള വിശ്വാസതീക്ഷ്ണത നമുക്കുണ്ടോ?

ക്രിസ്തുശിഷ്യരെ വധിക്കുന്ന ഏവനും താൻ ദൈവത്തിന്നു് ബലി സമർപ്പിക്കുന്നുവെന്നു് വിചാരിക്കുന്ന സമയം വരുമെന്നു് ക്രിസ്തുനാഥൻ പ്രവചിച്ചിട്ടുണ്ട്. മതപീഡനങ്ങളുടെ ചരിത്രം വായിക്കുമ്പോൾ ഇതു നമുക്കു് സ്പഷ്ടമാകുന്നുമുണ്ട്. മതവിദ്വേഷത്തിൻെറ കൊടുവഹ്നിയിൽ ഇങ്ങനെ നിരവധി ക്രൈസ്തവർ ആഹുതി ചെയ്യപ്പെട്ടിട്ടുണ്ട്. എന്നാൽ അന്നും ഇന്നുമായി ഒരു വ്യത്യാസമുണ്ട്: അതായതു്, ഇന്നു് ദൈവത്തിൻെറ സ്ഥാനം രാഷ്ട്രം കരസ്ഥമാക്കിയിരിക്കുന്നു. ക്രിസ്തുശിഷ്യരെ മറ്റിക്കുന്നവർ രാഷ്ട്രദേവനെ പ്രസാദിപ്പിക്കുന്നുവെന്നു വിചാരിക്കുന്നു. ഈ രാഷ്ട്രാരാധന പാശ്ചാത്യദേശങ്ങളിൽനിന്നു ഇപ്പോൾ ഇന്ത്യയിലേക്കും ഇറക്കുമതി ചെയ്യപ്പെട്ടിട്ടുണ്ട്. ദൈവത്തെ മാററിവെച്ചുകൊണ്ടും അവഗണിച്ചുകൊണ്ടും തൽസ്ഥാനത്തു ഭാരതാംബികയെ പ്രതിഷ്ഠിച്ച് ആരാധിക്കുവാനുള്ള അഭിവാഞ്ഛ ഇന്നത്തെ ബാലികാബാലന്മാരിലും കുത്തിവെക്കപ്പെടുന്നുണ്ട്. ദേശീയബോധം ഒരു പൗരനു് കൂടിയേ കഴിയൂ. എന്നാൽ അതിന്നു ദൈവത്തെ അവഗണിക്കുന്നതെന്തിനു്? പണ്ടു വിദ്യാലയങ്ങളിൽ ദൈവത്തെ സ്തുതിച്ചുകൊണ്ടാണു് ക്ലാസ്സുകൾ ആരംഭിച്ചിരുന്നതു്. എന്നാൽ ഇന്നാകട്ടെ ഓരോ മുടന്തൻന്യായങ്ങൾ പറഞ്ഞുകൊണ്ട്, തൽസ്ഥാനത്തു്

രാഷ്ട്രാരാധനയാണ് നടക്കുന്നത്. അങ്ങനെ ദൈവത്തിന്റെ സ്ഥാനം രാഷ്ട്രം കൈവശപ്പെടുത്തുമ്പോൾ ക്രിസ്തുശിഷ്യന്മാർക്ക് ക്രിസ്തുവിന്റെ അവകാശങ്ങൾക്കുവേണ്ടി സമരം ചെയ്യാനും ക്രിസ്തുവിനുവേണ്ടി സാക്ഷ്യം വഹിക്കുവാനുമുള്ള അവസരങ്ങൾ നേരിടും. ഇന്ത്യ ഹിന്ദുക്കൾക്ക് എന്നുള്ള വാദഗതിക്കാർ ക്രിസ്തുശിഷ്യന്മാരെ മർദ്ദിക്കുമ്പോൾ തങ്ങൾ ഭാരതദേവിയെ പ്രസാദിപ്പിക്കുകയാണെന്നു തെററിദ്ധരിക്കും. ക്രിസ്ത്യാനികൾ രാഷ്ട്രത്തിന്റെ ശത്രുക്കളാണെന്ന് മുദ്രയടിക്കപ്പെടും. തൽഫലമായി അവരെ മൂലവിച്ഛേദം ചെയ്യേണ്ടതാണെന്നുള്ള അഭിപ്രായഗതിയും ഉത്ഭവിക്കും. ഇങ്ങനെയുള്ള സന്ദർഭങ്ങളിൽ ക്രിസ്തുവിനുവേണ്ടി മർദ്ദനങ്ങൾ സഹിക്കുവാൻ—വിദ്വേഷമോ വെറുപ്പോ കൂടാതെ സന്തോഷസമന്വിതം സഹിക്കുവാൻ—നാം തയ്യാറാണോ? ജീവൻ ഹോമിക്കുവാൻ നാം സന്നദ്ധരാണോ? ഈയൊരു സന്നദ്ധത നമുക്ക് ലഭിക്കണമെങ്കിൽ നാം പാപരഹിതമായ ജീവിതവും വിശ്വാസതീക്ഷ്ണതയുംമൂലം ക്രിസ്തുവിനോടുകൂടി സംയോജിച്ചിരിക്കണം.

---

# തീനാക്കുകൾ

ഈശോ ഉത്തരമായി അവനോട് അരുളിച്ചെയ്തു; എന്നെ സ്നേഹിക്കുന്നവൻ എന്റെ വചനം കാക്കുന്നു; അപ്പോൾ എന്റെ പിതാവ് അവനെ സ്നേഹിക്കുകയും, ഞങ്ങൾ അവന്റെ അടുക്കൽ വന്ന് അവനോടുകൂടി വസിക്കയും ചെയ്യും. എന്നെ സ്നേഹിക്കാത്തവൻ എന്റെ വചനം കാക്കുന്നില്ല. നിങ്ങൾ കേൾക്കുന്ന ഈ വചനം എന്റേതല്ല, എന്നെ അയച്ച പിതാവിന്റേത് ആകുന്നു. ഞാൻ നിങ്ങളുടെ അടുക്കൽ ആയിരിക്കുമ്പോൾ ഇവ നിങ്ങളോട് പറഞ്ഞിരിക്കുന്നു. എങ്കിലും എന്റെ പിതാവ് എന്റെ നാമത്തിൽ

അയക്കുന്ന പരിശുദ്ധാത്മാവായ പാറക്ലേത്താ തന്നെ നിങ്ങളെ സകലവും പഠിപ്പിക്കുകയും ഞാൻ നിങ്ങളോടു പറയുന്നവയെല്ലാം നിങ്ങളെ ഓർമ്മപ്പെടുത്തുകയും ചെയ്യും. സമാധാനം നിങ്ങൾക്കായി ഞാൻ വിട്ടിരിക്കുന്നു; എന്റെ സമാധാനം നിങ്ങൾക്കു ഞാൻ തരുന്നു. ലോകം തരുന്നതുപോലെയല്ല ഞാൻ നിങ്ങൾക്കു തരുന്നത്. നിങ്ങളുടെ ഹൃദയം കലങ്ങേണ്ട, ഭയപ്പെടുകയും വേണ്ട; ഞാൻ പോകുന്നു എന്നും പിന്നെ നിങ്ങളുടെ അടുക്കലേയ്ക്കു വരുമെന്നും ഞാൻ പറഞ്ഞതു നിങ്ങൾ കേട്ടുവല്ലോ. നിങ്ങൾ എന്നെ സ്നേഹിച്ചിരുന്നുവെങ്കിൽ ഞാൻ എന്റെ പിതാവിന്റെ അടുക്കലേയ്ക്ക് പോകുന്നതുകൊണ്ട് നിങ്ങൾ സന്തോഷിക്കുമായിരുന്നു. എന്തെന്നാൽ എന്റെ പിതാവ് എന്നെക്കാൾ വലിയവൻ ആകുന്നു. അതു സംഭവിക്കുമ്പോൾ നിങ്ങൾ വിശ്വസിക്കേണ്ടതിനായി അതു സംഭവിക്കുന്നതിനുമുമ്പേ ഇതാ! ഇപ്പോൾ നിങ്ങളോടു ഞാൻ പറഞ്ഞിരിക്കുന്നു. ഞാൻ ഇനി നിങ്ങളോടു വളരെ സംസാരിക്കയില്ല; എന്തെന്നാൽ ലോകത്തിന്റെ പ്രമാണി വരുന്നു. എങ്കിലും അവന് എന്നിൽ ഒന്നുമില്ല. എന്നാൽ ഞാൻ എന്റെ പിതാവിനെ സ്നേഹിക്കുന്നു എന്നും, എന്റെ പിതാവ് എന്നോടു കല്പിച്ചതുപോലെ തന്നെ ഞാൻ ചെയ്യുന്നു എന്നും ലോകം അറിയേണ്ടതിന്, എഴുന്നേല്ക്കുവിൻ, നമുക്കു ഇവിടെനിന്നു പോകാം.

ഹിന്ദുമതസംസ്കർത്താവായ രാംമോഹൻ റോയി ഇപ്രകാരം പറഞ്ഞിട്ടുണ്ട്: "മതതത്വങ്ങളെ സംബന്ധിച്ച് ഞാൻ വളരെ കാലം നിർവിഘ്നം നടത്തിയ ഗവേഷണങ്ങളുടെ ഫലം ഇതാണ്: ക്രിസ്തുവിന്റെ തത്വങ്ങളാണ് മററുള്ളവയേക്കാൾ സാന്മാർഗ്ഗികജീവിതത്തിന് കൂടുതൽ അനുയോജ്യവും ബുദ്ധിജീവികളായ മനുഷ്യർക്കു കൂടുതൽ സ്വീകാര്യവും." കേശബ് ചന്ദ്രസേൻ ക്രിസ്തുവിനെ കുറിച്ച് വികാരാവേശത്തോടെ പലതും പ്രസ്താവിക്കുന്നുണ്ട്: "കാൽ ശതാബ്ദത്തോളം ക്രിസ്തുവായിരുന്നു എന്റെ പഠനവിഷയം . . . എന്റെ സ്ഥാനം ക്രിസ്തുവിന്റെ പാദാന്തികത്തിലാണ്. പൌലോസിനോടുകൂടി ഞാനും: എനിക്കു ജീവിക്കുക എന്നുള്ളതു ക്രിസ്തുവാകുന്നു, എന്നു നിലവിളിച്ചുപറയും . . ." ഇങ്ങനെ ക്രിസ്തു

വിൽ സ്നേഹവിശ്വാസാദരങ്ങൾ സമർപ്പിച്ചിട്ടുള്ളവരും അങ്ങയുടെ വ്യക്തിമാഹാത്മ്യത്തേയും മതതത്വങ്ങളുടെ വൈശിഷ്ട്യത്തേയും വാനോളം പുകഴ്ത്തുന്നവരും ഇതരമതങ്ങളെ അപേക്ഷിച്ച ക്രിസ്തുമതത്തിനുള്ള മേന്മയും ഔന്നത്യവും സുതരാം ഗ്രഹിച്ചിട്ടുള്ളവരുമായ അഭ്യസ്തവിദ്യരായ ഹൈന്ദവർ ഭാരതത്തിൽ ധാരാളം ഉണ്ടായിട്ടുണ്ട്, ഇന്നുമുണ്ട്. വിവിധ ക്രൈസ്തവസഭകളിൽപെട്ടവരിൽ തന്നെ സത്യസഭ കത്തോലിക്കസഭയാണെന്നു പൂർണ്ണവിശ്വാസമുള്ള പലരേയും നാം കണ്ടുമുട്ടാറുണ്ട്. "നിങ്ങൾ വല്ലപ്പോഴും നമ്മുടെ സഭ വിട്ടുപോകയാണെങ്കിൽ തീർച്ചയായും കത്തോലിക്കാസഭയിൽ മാത്രമേ പ്രവേശിക്കാവൂ" എന്നു ഉപദേശിച്ചിട്ടുള്ള പലേ അകത്തോലിക്കാമെത്രാന്മാരും ജനനേതാക്കന്മാരും ഈ കേരളത്തിൽപ്പോലും ഉണ്ടെന്നുള്ളതും പരസ്യമായ ഒരു രഹസ്യമാണ്. എന്നാൽ, സത്യം ഗ്രഹിച്ചിട്ടും ആ സത്യത്തിനനുസരിച്ച് പ്രവർത്തിക്കവാൻ—സത്യസഭയെ ആശ്ലേഷിക്കവാൻ—വേണ്ട ഉൾവെളിച്ചവും ഉൾക്കരുത്തും ഇവർക്ക് എന്തുകൊണ്ടാണ് ലഭിക്കാത്തത്? പരിശുദ്ധാത്മാവിയുടെ പ്രകാശം അവർക്കില്ലാത്തതുകൊണ്ടുതന്നെ. അവർ വലിയ പണ്ഡിതന്മാരായിരിക്കാം; ശാസ്ത്രജ്ഞന്മാരായിരിക്കാം; മതോപദേശങ്ങൾ അവർ ധാരാളം ശ്രവിച്ചിട്ടുണ്ടായിരിക്കാം; വിശുദ്ധ ഗ്രന്ഥങ്ങൾ അവർ പാരായണം ചെയ്തിട്ടുണ്ടായിരിക്കാം; ക്രിസ്തുമതത്തിൻെറ അനവദ്യമായ ഭംഗിയും അവർ ഗ്രഹിച്ചിട്ടുണ്ടായിരിക്കാം; എങ്കിലും അവരുടെ അന്തരാത്മാവിൽ അന്ധകാരം കുടികൊള്ളുന്നുണ്ടായിരിക്കും. ആ അന്ധകാരത്തെ ദൂരീകരിക്കവാൻ പരിശുദ്ധാത്മാവിയുടെ പ്രകാശം ലഭിക്കേണ്ടിയിരിക്കുന്നു. അപ്പോൾമാത്രമേ സത്യസഭയെ ആശ്ലേഷിക്കുന്നതിനുള്ള വരം അവർക്ക് സംസിദ്ധമാകയുള്ളു. പന്തക്കുസ്താദിവസത്തിൽ—കത്തോലിക്കാസഭയുടെ ഉൽഘാടനമഹാമഹത്തിൽ—പരിശുദ്ധാത്മാവി ക്രിസ്തുശിഷ്യരുടെമേൽ ഇറങ്ങിയതു് തീനാക്കുകളുടെ രൂപത്തിലായിരുന്നുവെന്നുള്ളതു് അർത്ഥസംപുഷ്ടവും സൂചനാസമൃദ്ധവു

മാണ്. അഗ്നി അന്ധകാരത്തെ ഇല്ലാതാക്കി പ്രകാശം നല്കുന്നു. ഇരുട്ടുള്ള മുറിയിൽ ഒരു തിരി കത്തിച്ചുവെച്ചാൽ ആ മുറി മുഴുവനും പ്രകാശപൂരിതമാകുന്നു. അന്ധകാരാവൃതമായ ഒരു രാത്രിയിൽ എവിടെയെങ്കിലും അഗ്നിബാധയുണ്ടാകുമ്പോഠം അതിൻെറ വെളിച്ചം വളരെ നാഴിക ദൂരത്തോളം ദൃശ്യമാകുന്നു. ഏററവും വലിയ അഗ്നിഗോളമായ സൂര്യനല്ലേ നമ്മുടെ ഭൂമിയേയും മററു ഗ്രഹങ്ങളേയും പ്രകാശിപ്പിച്ചുകൊണ്ടിരിക്കുന്നത്? ഇതുപോലെതന്നെ പരിശുദ്ധാത്മാവിയും മനുഷ്യരുടെ ഹൃദയാന്തർഭാഗങ്ങളിലുള്ള അന്ധകാരത്തെ—അജ്ഞതയേയും അബദ്ധധാരണകളേയും—പാടേ വിപാടനം ചെയ്യുന്നു. ശ്ലീഹാന്മാരുടെ കാര്യത്തിൽ ഇതു പ്രസ്പഷ്ടമാണ്. ദിവ്യരക്ഷകൻ മൂന്നു വഷത്തോളം അവക്കു ഉപദേശങ്ങഠം നല്കി. അവരുടെ ഭൗതികമനസ്ഥിതിയും, മുൻവിധികളും, അബദ്ധങ്ങളും മാററുവാനായി പരിശ്രമിച്ചു; ദൈവരാജ്യത്തെക്കുറിച്ചുണ്ടായിരുന്ന തെററിദ്ധാരണകഠം നീക്കുവാനും തൻെറ മനുഷ്യാവതാരത്തിൻെറ പരമോദ്ദേശത്തെ അവരെ മനസ്സിലാക്കുവാനുംവേണ്ടി അക്ഷീണം യത്നിച്ചു; എങ്കിലും യാതൊരു ഫലവുമുണ്ടായില്ല. എന്നാൽ തീനാക്കകളുടെ രൂപത്തിൽ പരിശുദ്ധാത്മാവി അവരുടെമേൽ ആഗതനായപ്പോഠം മട്ടെല്ലാം മാറി. അവരുടെ ബുദ്ധിയും മനസ്സും പ്രകാശപൂരിതമായി; അവർ വിജ്ഞാനികളായി; നീണ്ട പഠനങ്ങഠംകൊണ്ടോ അഗാധ ഗവേഷണങ്ങഠംകൊണ്ടോ അല്ല, പ്രത്യുത പരിശുദ്ധാത്മാവിയുടെ പ്രകാശത്താൽ ഒരിക്കൽപ്പോലും ഒരു സദസ്സിൽ പ്രസംഗിച്ചിട്ടില്ലാത്തവരിൽനിന്നു് വാഗ്മിതാധോരണികഠം പ്രവഹിച്ചു. എവിടെ? വല്ല മുക്കിലോ, മൂലയിലോ, കുഗ്രാമങ്ങളിലോ ആണോ? അല്ല; വിജ്ഞാനത്തിൻേറയും പരിഷ്കാരത്തിൻേറയും താണ്ഡവരംഗങ്ങളായിരുന്ന റോമ, ആതൻസ്, കൊറീന്ത എന്നീ നഗരങ്ങളിൽ! അതും വിജ്ഞാനസാഗരം കടഞ്ഞെടുത്താൽ മാത്രം കിട്ടുന്ന ചില പുതിയ തത്വങ്ങഠം!

അകത്തോലിക്കർ സത്യം ഗ്രഹിക്കുന്നതിനും സത്യസഭയെ ആശ്ലേഷിക്കുന്നതിനും മാത്രമല്ല, കത്തോലിക്കർ യഥാർത്ഥകത്തോലിക്കരായി ജീവിക്കുന്നതിനും പരിശുദ്ധാത്മാവിന്റെ പ്രകാശംകൂടിയേകഴിയൂ. വിവാഹജീവിതത്തെക്കുറിച്ചുള്ള ചില തെററായ ധാരണകൾ പലരും വെച്ചു പുലർത്തുന്നതും, കരിഞ്ചന്തയും കൊള്ളചതിയുമെല്ലാം ബിസ്സിനസ്സ്തന്ത്രങ്ങൾ മാത്രമാണെന്നു പറഞ്ഞ് മനസ്സാക്ഷിയിൽ വെണ്ണ പുരട്ടുന്നതും, സ്വയരക്ഷയ്ക്കും സ്വാർത്ഥത്തിനുംവേണ്ടി നുണയും ചതിയും—മററുള്ളവർക്കെന്തു സംഭവിച്ചാലും വേണ്ടതില്ല—നീതീകരിക്കത്തക്കതാണെന്ന് സ്വയം വിധി പാസ്സാക്കുന്നതുമെല്ലാം പരിശുദ്ധാത്മാവിന്റെ വെളിച്ചം ഇല്ലാത്തതുകൊണ്ടാണ്. പഠിച്ചുപഠിച്ച് ചിലർ 'തലതിരിഞ്ഞു' പോകുന്നതും ഇതുകൊണ്ടുതന്നെയാണ്. വിദ്യാർത്ഥികളും പണ്ഡിതന്മാരും പ്രത്യേകമായ വിധത്തിൽ പരിശുദ്ധാത്മാവിന്റെ സഹായം അഭ്യർത്ഥിക്കണം.

അഗ്നിയുടെ മറെറാരു കൃത്യം പവിത്രീകരണമാണ്. ലോഹങ്ങൾ അഗ്നിയിലാണ് ശുദ്ധമാക്കപ്പെടുന്നത്. ഇതുപോലെതന്നെ പരിശുദ്ധാത്മാവും വലിയൊരു പവിത്രീകരണശക്തിയാണ്. പാപത്തിന്റെ പങ്കവും തുരുമ്പും ദുർവികാരങ്ങളുടെ മുഴപ്പുകളുമെല്ലാം ദഹിപ്പിച്ചുകളഞ്ഞ് ആദ്ധ്യാത്മികജീവിതം സംശുദ്ധമാകുവാൻ ആ ദിവ്യാഗ്നി ഉപകരിക്കുന്നു. സ്ഥാനമാനങ്ങൾക്കുള്ള അത്യാഗ്രഹം, കോപം, പ്രതികാരേച്ഛ, ഭീരുത്വം തുടങ്ങിയ ദുർഗ്ഗുണങ്ങളുടെ വിഹാരരംഗങ്ങളായിരുന്ന ശ്ലീഹാന്മാർ പരിശുദ്ധാത്മാവിനെ സ്വീകരിച്ചതിനുശേഷം എങ്ങനെ രൂപാന്തരം പ്രാപിച്ചു എന്നുള്ളതു സുവിശേഷത്തിൽനിന്നു വ്യക്തമാണല്ലൊ. നമ്മിലും ദുർവികാരങ്ങളുടെ വിജൃംഭണങ്ങളും വേലിയേററങ്ങളും പലപ്പോഴും ഉണ്ടാകുന്നില്ലേ? തദവസരങ്ങളിൽ നാം പരിശുദ്ധാത്മാവിന്റെ സഹായം അഭ്യർത്ഥിക്കുന്നതായാൽ അങ്ങേ ദിവ്യാഗ്നി നമ്മെ പവിത്ര

മായി കാത്തു സംരക്ഷിക്കാതിരിക്കയില്ല. ഈ ദിവ്യാഗ്നിയില്ലെങ്കിൽ നാം ദുർവ്വികാരങ്ങളുടെ ഒരു കളിപ്പാട്ടമായിത്തീരുന്നതാണ്.

അഗ്നിയുടെ മറെറാരു ധർമ്മം ചൂടുപിടിപ്പിക്കുകയെന്നുള്ളതാണ്. തന്നെ സമീപിക്കുന്ന ഏതൊരു വസ്തുവിനേയും അഗ്നി ചൂടുപിടിപ്പിക്കുന്നു. ഒരു ഇരുമ്പിൻകഷണം അഗ്നിയിലിട്ടാൽ അതു ക്രമേണ അഗ്നിമയമായിത്തീരുകയും ഒരു അഗ്നിഖണ്ഡമായി രൂപാന്തരം പ്രാപിക്കയും ചെയ്യുന്നു. ഇതുതന്നെ പരിശുദ്ധാത്മാവും നിർവ്വഹിക്കുന്നു. തണുത്ത ഹൃദയങ്ങളെ ചൂടുപിടിപ്പിക്കുവാനും ദിവ്യസ്നേഹാഗ്നി അവയിൽ ആളിക്കത്തിക്കുവാനും പരിശുദ്ധാത്മാവ് സഹായിക്കുന്നു. പാപത്തെയൊഴിച്ച് മററു യാതൊന്നിനേയും ഭയപ്പെടാതെയും, സ്വർഗ്ഗമാർഗ്ഗത്തിൽ നേരിടുന്ന പ്രതിബന്ധങ്ങളെ ക്ലേശലെന്യേ തട്ടിമാററിക്കൊണ്ടും, ഭീഷണിയോ മർദ്ദനമോ നേരിട്ടാലും കർത്തവ്യമാർഗ്ഗത്തിൽനിന്നു അണുപോലും വ്യതിചലിക്കാതേയും ജീവിക്കുവാനും, വേണ്ടിവന്നാൽ ക്രിസ്തുവിനുവേണ്ടി ജീവൻപോലും ആഹുതി ചെയ്യുന്നതിനുള്ള ആത്മധൈര്യം സംസിദ്ധമാകുവാനും പരിശുദ്ധാത്മാവിൻ്റെ ദിവ്യാഗ്നി നമ്മിൽ കത്തിജ്വലിക്കണം. ശ്ലീഹാന്മാരുടെ ചരിത്രം ഇതിന് മകുടോദാഹരണമാണ്. ക്രിസ്തു ബന്ധനസ്ഥനാകുമെന്നു കണ്ടപ്പോൾ അങ്ങയെ ഉപേക്ഷിച്ചുകൊണ്ടു ഓടിപ്പോയവരും, യൂദന്മാരെ ഭയപ്പെട്ടുകൊണ്ടു ഒളിച്ചിരുന്നവരുമായ ശ്ലീഹാന്മാർ പരിശുദ്ധാത്മാവിനെ സ്വീകരിച്ചതിനുശേഷം എങ്ങനെയുള്ളവരായിത്തീർന്നു? "ക്രിസ്തുവിനോടുള്ള സ്നേഹത്തിൽനിന്ന് ആർ എന്നെ വേർതിരിക്കും? കഷ്ടാനുഭവങ്ങളോ? . . . . . . . . . വാളോ?" എന്നു പൗലോസ് ചോദിക്കുന്നു. പരിശുദ്ധാത്മാവിൻ്റെ ഈ ദിവ്യസ്നേഹാഗ്നി നമ്മിലും ആളിക്കത്തിക്കണം. അപ്പോൾ മാത്രമേ ഒരു യഥാർത്ഥ കത്തോലിക്കനെന്ന് പരസ്യമായി പ്രഖ്യാപിച്ചുകൊണ്ടു ജീവിക്കുവാനുള്ള ഉൾക്കരുത്ത് നമുക്ക് ലഭിക്കയുള്ളു. കേരളീയകത്തോലിക്കരിൽ ഈ ദിവ്യാഗ്നിയുടെ അഭാവം ധാരാളമില്ല എന്നു സംശയിക്കു

ണ്ടിയിരിക്കുന്നു. സാമൂഹ്യവും രാഷ്ട്രീയവുമായ മണ്ഡലങ്ങളിൽ ക്രിസ്തുവിനും സഭയ്ക്കും വേണ്ടി പോരാടുവാനുള്ള സന്നദ്ധതയില്ലാതെ ഒരു തണുത്ത മനസ്ഥിതിയല്ലേ നാം വെച്ചുപുലത്തുന്നതു്? നാമെല്ലാവരുംതന്നെ ഹൃദയപൂർവ്വവും ഉള്ളുരുകിക്കൊണ്ടും പരിശുദ്ധാത്മാവിനോടു പ്രാർത്ഥിക്കണം; നമ്മുടെ ഭരണാധിപന്മാക്കും ജനനേതാക്കന്മാക്കും വേണ്ടി പ്രാർത്ഥിക്കണം: "ചൊവ്വുള്ളവയെ ഗ്രഹിപ്പാനും അങ്ങേ ആശ്വാസത്താൽ എപ്പോഴും ആനന്ദിപ്പാനും." പരിശുദ്ധാത്മാവിനെപ്പററി കേട്ടിട്ടുപോലുമില്ലെന്നു ശ്ലീഹാന്മാരോടു പറഞ്ഞ ആദിമക്രിസ്ത്യാനികളെക്കാൾ ഭേദമാണോ നാം എന്നു ആത്മശോധന ചെയ്യുന്നതും നന്നായിരിക്കും.

---

# ഒരു മിഷൻരാജ്യമോ?

ഈശോ അടുത്തുവന്നു് അവരോടു സംസാരിച്ചു; അവൻ അരുളിച്ചെയ്തു: സ്വർഗ്ഗത്തിലും ഭൂമിയിലും സകല അധികാരവും എനിക്കു നല്കപ്പെട്ടിരിക്കുന്നു. എൻെറ പിതാവു് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയക്കുന്നു. ആകയാൽ നിങ്ങൾപോയി സകല ജാതികളേയും ശിഷ്യപ്പെടുത്തി, പിതാവിൻെറയും പുത്രൻെറയും പരിശുദ്ധാത്മാവിൻെറയും നാമത്തിൽ അവക്കു മാമ്മോദീസ നല്കി, ഞാൻ നിങ്ങളോടു കല്പിച്ചിട്ടുള്ളതെല്ലാം ആചരിക്കുവാൻ അവരെ പഠിപ്പിക്കുവിൻ. ഞാനോ ഇതാ ലോകാവസാനംവരെ എല്ലാ നാളുകളിലും നിങ്ങളോടുകൂടെയുണ്ടു്.

(ത്രിത്വ. ഞായർ; സുവിശേഷം: മത്താ. XXVIII, 18—20.)

ആബെ ഗോഡിൻ (Abbe Godin) എന്നു പേരുള്ള ഒരു വൈദികവരേണ്യൻ ഈ അടുത്തകാലത്തു് ഫ്രാൻസിലെ കത്തോ

ലികാരംഗങ്ങളിൽ വലിയൊരു കോളിളക്കംതന്നെ സൃഷ്ടിച്ചുവിട്ടു. "ഫ്രാൻസ്, ഒരു മിഷൻജാജ്യം" (France, pays de Mission) എന്ന അഭിധാനത്തിൽ ഒരു പുസ്തകം അദ്ദേഹം പ്രസിദ്ധീകരിച്ചതോടുകൂടിയാണ് ഈ വിപ്ലവാത്മകമായ ചൈതന്യപ്രസരം അവിടെ ഉൽഭൂതമായതു്. അസുഖകരങ്ങളായ ചില പരമാർത്ഥങ്ങൾ അവരുടെ മുമ്പാകെ വയ്ക്കപ്പെട്ടു; സുഖസുഷുപ്തിയിൽനിന്നു് അവർ ഉണർത്തപ്പെട്ടു; അവരുടെ അഭിമാനം ഫണമുയർത്തി; പക്ഷെ, അവരുടെ കത്തോലിക്കാചൈതന്യം അതിനെ ജയിച്ചടക്കി; യാഥാർത്ഥ്യങ്ങളെ അഭിമുഖീകരിക്കുവാൻതന്നെ അവർ തീർച്ചയാക്കി. എന്തു്? ഫ്രാൻസ് ഒരു മിഷൻരാജ്യമോ? ഇന്ത്യ, ചൈന, ജപ്പാൻ, ആഫ്രിക്ക തുടങ്ങിയ രാജ്യങ്ങളെപ്പോലെ—ഒന്നോ രണ്ടോ ശതമാനം മാത്രം കത്തോലിക്കരുള്ള രാജ്യങ്ങളെപ്പോലെ—ഫ്രാൻസിനേയും ഒരു മിഷൻരാജ്യമായി പരിഗണിക്കുകയോ? വിശ്വവിശ്രുതനായ ക്ലോവിസ് ചക്രവർത്തിമുതൽ ഇന്നേവരേയും കത്തോലിക്കാവിശ്വാസത്തിൽ ഉറച്ചുനില്ക്കുകയും നിരവധി വിശുദ്ധന്മാരേയും വിശുദ്ധകളേയും സഭയ്ക്കു പ്രദാനം ചെയ്കയും അനേകം മിഷനറിമാരെ ദിഗന്തങ്ങൾവരെയും വിശ്വാസപ്രചരണത്തിനായി അയക്കുകയും ചെയ്തിട്ടുള്ള ഫ്രാൻസ് ഒരു മിഷൻരാജ്യമെന്നോ? . . . "അതേ," ആബെ ഗോഡിൻ ഉറപ്പിച്ചു പറഞ്ഞു: "നിങ്ങൾ മിഷൻ രംഗങ്ങൾ അന്വേഷിച്ചു ചൈനയിലേയ്ക്കും ജപ്പാനിലേയ്ക്കും പോകേണ്ട; ഫ്രാൻസ്തന്നെ ഒരു മിഷൻരാജ്യമാണ്. ക്രൈസ്തവത്വത്തിൻെറ കണികപോലുമില്ലാത്ത ക്രിസ്ത്യാനികൾ ലക്ഷക്കണക്കിനു് വെറും അക്രൈസ്തവരെപ്പോലെ ജീവിക്കുന്നു. പോരാ, നാം ആരെ മാനസാന്തരപ്പെടുത്തുവാൻ കരയും കടലും കടന്നുപോകുന്നുവോ, ആ അക്രൈസ്തവരെക്കാൾ അധഃപതിച്ചുപോയ — ഭൗതികത്വത്തിൽ മാത്രം നീന്തിക്കളിക്കുന്ന—ഒരുതരം പുതിയ അക്രൈസ്തവരാണ് ഇന്നു് സഹസ്രക്കണക്കിനു്-നമുക്കു് ഫ്രാൻസിൽ ഉള്ളതു്. മാമ്മോദീസാജലം ഒരുവ

ക്ഷെ അവരുടെ ശിരസ്സുകളിൽ നിപതിച്ചിട്ടുണ്ടായിരിക്കാം. എന്നാൽ അക്രൈസ്തവരെക്കാൾ അധഃപതിച്ചുപോയ ഒരു ജീവിതരീതിയാണ് അവർ അവലംബിച്ചിരിക്കുന്നത്. തന്നിമിത്തം നമുക്ക് ആദ്യമായി നമ്മുടെ മാതൃരാജ്യത്തെ മാനസാന്തരപ്പെടുത്തുക." ഈ ആഹ്വാനം സ്വീകരിക്കപ്പെട്ടു. അനേകം വൈദികരും അത്മായരും ഫ്രാൻസിനെ മനസ്സുതിരിക്കുന്നതിൽ ജാഗരൂകരായി, മിഷൻവേലയ്ക്കായി വിദൂരദേശങ്ങളിലേക്കു പോകുവാൻ തയ്യാറെടുത്തിരുന്ന പല യുവവൈദികരും ഫ്രാൻസിനെത്തന്നെ മിഷൻരാജ്യമായി സ്വീകരിച്ച് പ്രവർത്തനങ്ങൾ ആരംഭിച്ചു. തൊഴിലാളിലക്ഷങ്ങളെ ക്രൈസ്തവാന്തരീക്ഷത്തിലേക്കു കൊണ്ടുവരുവാനുള്ള തീവ്രപരിശ്രമങ്ങൾ ഇന്നും അവർ നടത്തിവരുന്നുണ്ട്. ഫാക്ടറികളിലെ തൊഴിലാളികളിൽ ഇന്നു ചില വൈദികരേയും കാണാം. അവർ തൊഴിലാളികളോടൊപ്പം ജോലിചെയ്യുന്നു; കൂലി വാങ്ങുന്നു. താമസസ്ഥലവും ഉടുപ്പും എല്ലാം തൊഴിലാളികളുടേതു തന്നെ. അങ്ങനെ അവർ തൊഴിലാളികളുടെ വിശ്വാസം ആർജിച്ചുകൊണ്ട് അവരെ ക്രിസ്തുവിലേയ്ക്കു പിന്തിരിക്കുവാൻ പരിശ്രമിക്കുന്നു. ജീവിതത്തിന്റെ വിവിധ തുറകളിലും വകുപ്പുകളിലും ഇങ്ങനെയുള്ള ക്രൈസ്തവനവീകരണപരിശ്രമങ്ങൾ അഭംഗം നടത്തിക്കൊണ്ടിരിക്കുന്നു; അത്മായപ്രേഷിതത്വവും, തിരുകർമ്മാനുഷ്ഠാനങ്ങളിലുള്ള സജീവഭാഗവാഹിത്വവും, കത്തോലിക്കാപ്രവർത്തനവും മററും ഇക്കാര്യത്തിൽ ആ വൈദികസത്തമരെ സഹായിച്ചുകൊണ്ടിരിക്കുന്നു. അങ്ങനെ, അക്രൈസ്തവത്വത്തിന്റെ അടിത്തട്ടിലേക്കാണ്ടുപോയ ഫ്രാൻസിനെ പുനരുദ്ധരിച്ചു വീണ്ടും ക്രൈസ്തവത്വത്തിലേക്കാനയിക്കുവാൻ ഇവർ പരിശ്രമിച്ചുകൊണ്ടിരിക്കുന്നു.

"നിങ്ങൾ പോയി സകല ജാതികളേയും ശിഷ്യപ്പെടുത്തി, പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ മാമ്മോദീസനല്കി, ഞാൻ നിങ്ങളോട് ആജ്ഞാപിച്ചിട്ടുള്ളതെല്ലാം ആചരിക്കുവാൻ അവരെ പഠിപ്പിക്കുവിൻ" എന്നുള്ള ക്രി

സ്ഥനാഥൻെറ അന്തിമസന്ദേശം നമ്മുടെ ചെവികളിൽ മാറെറാലിക്കൊള്ളുന്ന ഒരു സുദിനമാണ് ഇന്ന്. ക്രിസ്തുവിനെ അറിയാതെയും സ്വീകരിക്കാതെയും ജ്ഞാനസ്നാനം ലഭിക്കാതെയുമുള്ള നിരവധി മനുഷ്യലക്ഷങ്ങളെ ഉരുകുന്ന് ഹൃദയത്തോടെ മനോദർപ്പണത്തിൽ ദർശിച്ചുകൊണ്ടു അവർക്കുവേണ്ടി പ്രാർത്ഥിക്കേണ്ട ഒരു ദിനവുമാണിന്ന്. ''നിങ്ങൾപോയി സകല ജാതികളേയും . . . . പഠിപ്പിക്കുവിൻ'' എന്നുള്ള ദിവ്യരക്ഷകൻെറ കല്പന—വൈദികർക്കും അവൈദികർക്കും ശിരസാ വഹിക്കേണ്ടതായ ആ ദിവ്യാജ്ഞ—നാം എങ്ങനെ അനുസരിച്ച് വർത്തിക്കുന്നുണ്ടെന്നു ആത്മസംശോധനം ചെയ്യേണ്ട ദിനവും ഇതുതന്നെയാണ്. വിദൂരരാജ്യങ്ങളിലേക്കു മതപ്രസംഗത്തിനായി പോകുവാൻ കത്തോലിക്കാജനസാമാന്യത്തിന് സാദ്ധ്യമല്ലെന്നുള്ളതു് വാസ്തവംതന്നെ. എന്നാൽ, അതേ സമയംതന്നെ ക്രിസ്തുനാഥൻെറ ആജ്ഞയെ ഓരോ ക്രൈസ്തവനും അനുസരിച്ചേ കഴിയൂ. ഇത്തരുണത്തിലാണ്, ''ഫ്റാൻസ് ഒരു മിഷൻരാജ്യം'' എന്ന പ്രസ്ഥാനത്തിൽ സഞ്ചിതമായിരുന്ന ചൈതന്യത്തെ നമ്മുടെ കൃത്യപരമ്പരകളിലേക്കും നാം പകർത്തേണ്ടതു്. ''കേരളം ഒരു മിഷൻരാജ്യം'' എന്നു പറയുമ്പോൾ തിരുക്കൊച്ചിയിലെ ഭക്തരായ കത്തോലിക്കർ ഒരുപക്ഷേ നെററിചുളിക്കുമായിരിക്കും. എന്തു്? മാർ തോമാശ്ലീഹായിൽനിന്നു സത്യവിശ്വാസം സ്വീകരിച്ച് അഭംഗമായി സംരക്ഷിച്ചിട്ടുള്ള ഈ രാജ്യം; ജനസംഖ്യയിൽ മൂന്നിലൊന്നു ക്രിസ്ത്യാനികളുള്ള ഈ രാജ്യം എവിടെ നോക്കിയാലും മനോഹരദേവാലയങ്ങളും വിദ്യാഭ്യാസസ്ഥാപനങ്ങളും ആതുരശാലകളും അഗതിമന്ദിരങ്ങളും സന്യാസാശ്രമങ്ങളും കാണികളുടെ കണ്ണും കരളും കവർന്നുകൊണ്ടു നില്ക്കുന്ന ഈ രാജ്യം—ഇതു് വടക്കെ ഇന്ത്യ, ചൈന, ജപ്പാൻ, ആഫ്റിക്ക എന്നിവയെപ്പോലെ ഒരു മിഷൻരാജ്യമോ? എന്ന് അവർ സംശയിച്ചേക്കാം. എന്നാൽ അവർക്കുള്ള മറുപടിയും ആബെ ഗോഡിൻെറതുതന്നെയായിരിക്കട്ടെ. ഫ്റാൻസിനേയും കേരളത്തേയും തമ്മിൽ കത്തോ

ലിക്കാചൈതന്യത്തെ സംബന്ധിച്ചേടത്തോളം ഒന്നു താരതമ്യം ചെയ്തുനോക്കുവാൻ ഉദ്ദേശിക്കുന്നില്ല. എങ്കിലും, അക്രൈസ്തവത്വം—ഭൗതികത്വം—നമ്മുടെ നിരവധി ക്രൈസ്തവരിലും നുഴഞ്ഞുകയറിയിട്ടുണ്ടെന്നും, വെറും മാമ്മോദീസാജലം തലയിൽ പതിച്ചിട്ടുണ്ടെന്നുള്ളതിൽ കൂടുതലായി ക്രൈസ്തവത്വത്തിൻെറ യാതൊരു കണികയും ഒരിക്കലെങ്കിലും അവരിൽ ദൃശ്യമാകുന്നില്ലെന്നും സൂക്ഷ്മനിരീക്ഷകന്മാർക്കു മനസ്സിലാക്കാവുന്നതാണ്. മുതലാളികളിലും, തൊഴിലാളികളിലും ഉദ്യോഗസ്ഥവൃന്ദങ്ങളിലും ഗ്രാമീണരിൽപ്പോലും പുതിയതരം ഒരു അക്രൈസ്തവത്വം (Neo Paganism) കടന്നുകൂടിയിട്ടുണ്ട്. നല്ലതു ചീഞ്ഞാൽ അതിൻെറ ചീച്ചൽ ദുസ്സഹമായിരിക്കുമെന്നുണ്ടല്ലൊ. ക്രൈസ്തവർ അധഃപതിക്കുമ്പോൾ അവർ അക്രൈസ്തവരെക്കാൾ അധഃപതിച്ചുപോയെന്നുവരാം. ഇങ്ങനെ, അധഃപതിച്ചുപോയ ക്രൈസ്തവരെ—അക്രൈസ്തവരെപ്പോലെ ജീവിക്കുന്ന ക്രൈസ്തവരെ മനസ്സുതിരിച്ച് വീണ്ടും യഥാർത്ഥ ക്രിസ്തീയജീവിതത്തിലേക്കാനയിക്കുവാൻ കത്തോലിക്കാജനസാമാന്യത്തിനു സാധിക്കും. വിവിധ വകുപ്പുകളിലും തുറകളിലുമായി പലരുമായുമുള്ള സമ്പർക്കം അവർക്കു ലഭിക്കുന്നുണ്ടല്ലൊ. തൊഴിലാളി തൊഴിലാളിയേയും, മുതലാളി മുതലാളിയേയും, ഉദ്യോഗസ്ഥൻ ഉദ്യോഗസ്ഥനേയും, അദ്ധ്യാപകൻ അദ്ധ്യാപകനേയും, വിദ്യാർത്ഥി വിദ്യാർത്ഥിയേയും മനസ്സുതിരിച്ച് യഥാർത്ഥ ക്രിസ്തീയജീവിതത്തിലേയ്ക്കു കൊണ്ടുവരുവാൻ ശ്രമിക്കട്ടെ. എല്ലാവർക്കും ചെയ്യാൻ സാധിക്കുന്ന ഒരു മിഷൻജോലിയാണിത്. അങ്ങനെ കേരളം തന്നെ അവരുടെ മിഷൻരാജ്യമായിത്തീരട്ടെ.

"നിങ്ങളുടെ വെളിച്ചം അവരുടെ മുമ്പാകെ പ്രശോഭിക്കട്ടെ" എന്നു് ക്രിസ്തുനാഥൻ അരുളിച്ചെയ്തിട്ടുണ്ട്. ഈ വാക്യത്തിൻെറ അർത്ഥം ജനങ്ങളെ കാര്യക്ഷമമായ വിധത്തിൽ ഗ്രഹിപ്പിക്കുവാനായി അമേരിക്കയിലെ ലോസ് ആഞ്ചലിസ് എന്ന നഗരത്തിൽ ഒരു രംഗം അഭിനയിക്കപ്പെട്ടു. നിരവധി ജനങ്ങൾ കൂടി

യിരുന്ന ഒരു നിശാസമ്മേളനം. അദ്ധ്യക്ഷൻ എഴുന്നേററുനിന്നു് ഇപ്രകാരം പറഞ്ഞു: "നിങ്ങാം ആരും അന്ധാളിക്കരുതു്. അല്പ നേരത്തേയ്ക്കു് ഈ ഇലക്ട്രിക്ക് വിളക്കുകളെല്ലാം കെട്ടുപോകും. അല്പനേരത്തേയ്ക്കുമാത്രം. എല്ലാവരും ക്ഷമിച്ചിരിക്കണം." അങ്ങ നെ വിളക്കുകളെല്ലാം പെട്ടന്നു് അണഞ്ഞു. സമ്മേളനസ്ഥലം കൂരിരുട്ടിലാണ്ടു. ആ ഇരുട്ടിൽ അദ്ധ്യക്ഷൻ ഒരു തീപ്പെട്ടിക്കോൽ ഉരച്ചുകത്തിച്ചു് ഉയർത്തിപ്പിടിച്ചു. "ഈ വെളിച്ചം കാണാൻ കഴി യുന്നവർ "കാണാം" എന്നു ഉറക്കെപ്പറയണം" എന്നു് അദ്ദേ ഹം നിർദ്ദേശിച്ചു. "കാണാം" എന്നു എല്ലാവരും ഒരേ സ്വര ത്തിൽ നിലവിളിച്ചുപറഞ്ഞു. അപ്പോറം അദ്ധ്യക്ഷൻ: "അതേ, ഇങ്ങനെയാണ് ഇരുളടഞ്ഞതും ദുഷ്ടതനിറഞ്ഞതുമായ ഈ ലോക ത്തിൽ ഒരുവൻെറ മാതൃകാപരമായ നല്ല ജീവിതം പ്രശോഭിക്കുന്ന തു്" എന്നിപ്രകാരം ഉപദേശിച്ചു. തുടന്നു് അദ്ധ്യക്ഷൻ ഇപ്രകാ രം നിർദ്ദേശിച്ചു: "ഇനി നിങ്ങളെല്ലാവരും ഓരോ തീപ്പെട്ടിക്കോൽ ഉരച്ചുകത്തിച്ചു് ഉയർത്തിപ്പിടിക്കുവിൻ." അമേരിക്കക്കാർ അധിക പങ്കും സിഗററ്റ് വലിക്കുന്നവരായതുകൊണ്ടു് മിക്ക പേരുടേയും കീശയിൽ തീപ്പെട്ടിയുണ്ടായിരുന്നു. അവരെല്ലാവരും ഓരോ തീ പ്പെട്ടിക്കോൽ കത്തിച്ചു ഉയർത്തിപ്പിടിച്ചു; മുമ്പുണ്ടായിരുന്ന ഇലക് ട്രിക്ക് വെളിച്ചത്തെക്കാറം പതിന്മടങ്ങു് പ്രകാശം അവിടെ ഉണ്ടാ കയുംചെയ്തു. അങ്ങനെ എല്ലാ മനുഷ്യരും സുകൃതജീവിതം നയിച്ചു കൊണ്ടു മാതൃകാദീപം കൊളുത്തിപ്പിടിക്കുമ്പോറം ലോകത്തിൽനി ന്നു അന്ധകാരവും ദുഷ്ടതയും ഒളിച്ചോട്ടം. ഇപ്രകാരംതന്നെ ഓ രോ കത്തോലിക്കനും തൻെറ മതവിശ്വാസത്തിനനുസരിച്ച ജീ വിതം രഹസ്യമായും പരസ്യമായും അനുഷ്ഠിച്ചുകൊണ്ടു മാതൃകാക ത്തോലിക്കനായി ജീവിക്കുമ്പോറം അതിൻെറ ഫലം ഇതരന്മാരിൽ ദൃശ്യമാകും; അവരിൽനിന്നു അവിശ്വാസാന്ധകാരം ഓടിയൊളി ക്കും; വിശ്വാസത്തിൻെറ പ്രകാശം അവരിൽ പ്രസരിക്കും; യഥാ ൎത്ഥ കത്തോലിക്കാജീവിതത്തിലേക്കു അവർ പിന്തിരിഞ്ഞുവരും.

അങ്ങനെ കേരളത്തെത്തന്നെ ഒരു മിഷൻരാജ്യമായി സ്വീകരിച്ചു കൊണ്ട്, ഓരോരുത്തൻെറ സ്വന്തക്ക്പെരിധിയിൽ എത്തുപെടുന്ന വരുടെമേൽ മാതൃകാപരമായ കത്തോലിക്കാജീവിതം വഴിയായി ട്ടെങ്കിലും വിശ്വാസവെളിച്ചം ചൊരിഞ്ഞുകൊണ്ട് അക്രൈസ്ത വരേയും നാമമാത്രക്രിസ്ത്യാനികളേയും യഥാൎത്ഥ ക്രിസ്തീയജീവി തത്തിലേക്കു പിന്തിരിപ്പിക്കുവാൻ എല്ലാവരും ഉത്സുകരാകട്ടെ.

# വലിയ വിരുന്ന്

ഈശോ അവനോട്ട് അരുളിച്ചെയ്തു: ഒരു മനുഷ്യൻ ഒരു വലിയ അത്താഴം തയ്യാറാക്കി, വളരെപ്പേരെ ക്ഷണിച്ചു. അത്താഴത്തിനുള്ള സമയമായപ്പോൾ: ഇതാ, നിങ്ങൾക്കായി എല്ലാം തയ്യാറായിരിക്കു ന്നു, വരുവിൻ എന്നു ക്ഷണിക്കപ്പെട്ടവരോടു പറയുവാൻ അവൻ തൻെറ ദാസനെ അയച്ചു. എന്നാൽ എല്ലാവരും ഒന്നുപോലെ ഒഴി കഴിവ് പറയുവാൻ തുടങ്ങി. ഒന്നാമൻ അവനോടു പറഞ്ഞു: ഞാൻ ഒരു നിലം വാങ്ങി, പോയി അതു കാണുവാൻ നിബ്ബന്ധിക്ക പ്പെടുന്നു. ഒഴിവു ചോദിക്കുന്നതിൽ എന്നോടു ക്ഷമിക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു. മറെറാരുത്തൻ പറഞ്ഞു: ഞാൻ അഞ്ചേർ കാളകൾ വാങ്ങി; അവയെ പരീക്ഷിക്കുവാൻ പോകുന്നു. ഒഴിവു ചോദിക്കുന്നതിൽ എന്നോടു ക്ഷമിക്കണമെന്നു ഞാൻ അപേക്ഷിക്കു ന്നു. വേറൊരുത്തൻ: ഞാൻ വിവാഹംചെയ്തു. അതുകൊണ്ട് വരു വാൻ എനിക്കു നിവൃത്തിയില്ല എന്നു പറഞ്ഞു; ആകയാൽ ആ ദാ സൻ ചെന്ന് ഈ വിവരം തൻെറ യജമാനനോടു പറഞ്ഞു. അ പ്പോൾ വീട്ടുയജമാനൻ കോപിച്ച് ദാസനോട്': നീ പട്ടണത്തി ലെ തെരുവീഥികളിലേക്കും ഇടവഴികളിലേക്കും വേഗം ചെന്ന് ദരിദ്രരേയും കഷ്ടതയനുഭവിക്കുന്നവരേയും, മുടന്തരേയും, കുരുടരേ യും ഇവിടേക്കു പ്രവേശിപ്പിക്കുക എന്നു പറഞ്ഞു. പിന്നെ ആ

ദാസൻ: എൻെറ യജമാനനേ, നീ കല്പിച്ചതുപോലെ ചെയ്തു; ഇനിയും സ്ഥലമുണ്ടു് എന്നു പറഞ്ഞു. യജമാനൻ ദാസനോടു പറഞ്ഞു: നീ വഴികളിലേക്കും വേലിയിറമ്പുകളിലേക്കും ചെന്നു് എൻെറ വീടു നിറയേണ്ടതിനായി പ്രവേശിക്കുവാൻ കാണുന്നവരെയെല്ലാം നിർബ്ബന്ധിക്കുക. ക്ഷണിക്കപ്പെട്ടിരുന്ന ആ മനുഷ്യരിൽ ഒരുത്തൻ പോലും എൻെറ അത്താഴം ആസ്വദിക്കയില്ല എന്നു് ഞാൻ നിങ്ങളോടു പറയുന്നു.

(പന്തക്കുസ്ത 2-ാം ഞായർ; സുവിശേഷം: ലൂക്കാ XIV, 16—24.)

ലോകചരിത്രത്തിൽ ഇതേവരെ ഉണ്ടായിട്ടില്ലാത്തതരത്തിൽ അത്ര വലിയ ഒരു വിരുന്നുസല്ക്കാരം പേഷ്യൻ ചക്രവത്തിയായിരുന്ന അസേഹരസ് നടത്തുകയുണ്ടായി. തൻെറ ഭരണത്തിൻെറ മൂന്നാംവഷത്തിൽ തലസ്ഥാനനഗരിയായിരുന്ന സൂസാനി (Susan) ൽ വെച്ചാണു് ഈ വിപുലമായ സദ്യ നടത്തപ്പെട്ടതു്. തൻെറ ധനപ്രൗഢിയും ശക്തിമാഹാത്മ്യവും കീത്തിപ്രകഷവും ദിഗന്തങ്ങളിൽപ്പോലും പ്രകടമാകുകയും പ്രകീത്തിക്കപ്പെടുകയും ചെയ്യുന്നതിനുവേണ്ടി 180 ദിവസംവരെ ഈ വിരുന്നുസല്ക്കാരം നീണ്ടുനിന്നു. സാമന്തരാജാക്കന്മാർ, രാജകുമാരന്മാർ പ്രവിശ്യകളിലെ ഗവണ്ണർമാർ, പ്രഭുക്കന്മാർ എന്നിങ്ങനെയുള്ള പ്രശസ്താതിഥികൾ എല്ലാവരുംതന്നെ ഇതിൽ സംബന്ധിച്ചു. ഈ സല്ക്കാരത്തിൻെറ പര്യവസാനത്തിൽ ഒരു സവ്വാണിസദ്യയും അദ്ദേഹം നടത്തിയത്രെ. സൂസാൻ നഗരത്തിലുണ്ടായിരുന്ന ആബാലവൃദ്ധം ജനങ്ങളേയും കുബേരകുചേലഭേദമെന്യേ ഈ സദ്യക്കു ക്ഷണിച്ചു. ഏഴു ദിവസത്തേയ്ക്കു് ഈ സദ്യയും നീണ്ടുനിന്നു. സമൃദ്ധമായ വിഭവങ്ങൾക്കു പുറമെ വിവിധ വണ്ണോജ്ജ്വലമായ തോരണങ്ങളും പട്ടുതുണികൾകൊണ്ടുള്ള അലങ്കാരവിശേഷങ്ങളും ആനക്കൊമ്പു്, മാബ്ബിൾ എന്നിവകൊണ്ടുള്ള ശില്പസംവിധാനങ്ങളും വിരുന്നുശാലകളെ സമലങ്കരിച്ചിരുന്നു. സ്വണ്ണരത്നാലംകൃതങ്ങളായ ഇരിപ്പിടങ്ങളും കനകനിമ്മിതങ്ങളായ പാത്രങ്ങളുമാണു് ഈ വിരുന്നിൽ ഉപയോഗിച്ചതു്.

അനന്യസാധാരണവും അത്ഭുതപൂർണ്ണവുമായ ഈ വിരുന്നുസല്ക്കാരം ചരിത്രത്തിൻെറ ഏടുകളിൽ അങ്ങനെ കിടന്നുകൊള്ളട്ടെ. എന്നാൽ ഇതിനെക്കാഠം ശ്രേഷ്ഠവും വിഭവസമൃദ്ധവും വിചിത്രതരവും നമ്മുടെ സങ്കല്പസീമകളെപ്പോലും അതിശയിക്കുന്നതുമായ ഒരു വിരുന്നിനെപ്പററിയാണ് ഇന്നത്തെ സുവിശേഷത്തിൽ വ്യംഗ്യമായി പ്രതിപാദിക്കപ്പെടുന്നത്. "ഒരു മനുഷ്യൻ ഒരു വലിയ അത്താഴം തയ്യാറാക്കി, വളരെപ്പേരെ ക്ഷണിച്ചു." വി കുർബ്ബാന വഴിയായി ദിവ്യരക്ഷകൻ തൻെറ മാംസരക്തങ്ങഠം നമുക്കു ഭോജനപാനീയങ്ങളായി നല്കുന്നു! എത്രയോ ശ്രേഷ്ഠമായ വിരുന്ന്! 180 ദിവസത്തേയ്ക്കു മാത്രമല്ല ഈ വലിയസദ്യ നടത്തപ്പെടുന്നത്; പ്രത്യുത, ലോകാവസാനത്തോളം, സുമാർ രണ്ടായിരം വർഷങ്ങളോളം ഈ വിരുന്നുസല്ക്കാരം അനുസ്യൂതം നടത്തപ്പെട്ടുകഴിഞ്ഞു; ഇനിയും അനേകായിരം വർഷങ്ങഠം ഇതു തുടന്നു നടത്തപ്പെടുകയും ചെയ്യും. വിവിധ രാജ്യങ്ങളിലും ജാതികളിലും വംശങ്ങളിലും പെട്ട ആബാലവൃദ്ധം ജനങ്ങഠം കുബേരകുചേലവ്യത്യാസം കൂടാതെ, ഉച്ചനീചഭേദമെന്യേ, ഈ സദ്യയിൽ ലക്ഷക്കണക്കിന് ദിവസംതോറും പങ്കുകൊള്ളുന്നുണ്ടെന്നു സ്മരിക്കുമ്പോഴാണ് ഈ വിരുന്നുസല്ക്കാരത്തിൻെറ വൈപുല്യം നാം ഗ്രഹിക്കുന്നതു്. ഈ വിരുന്നിൽ നല്കപ്പെടുന്ന വിഭവങ്ങഠം എന്താണ്? ക്രിസ്തുനാഥൻെറ മാംസരക്തങ്ങഠം! ഇതിലുപരി ശ്രേഷ്ഠമായ ഭക്ഷ്യപേയങ്ങഠം നമുക്ക് ഊഹിക്കുവാൻപോലും സാദ്ധ്യമാണോ? സത്യം ചിലപ്പോഠം സങ്കല്പത്തെക്കാഠം വിചിത്രതരമായിരിക്കുമെന്നുള്ള പഴഞ്ചൊല്ല് ഇക്കാര്യത്തിൽ പ്രത്യേകം അന്വർത്ഥമാണ്. ദിവ്യരക്ഷകൻെറ തിരുശരീരം നമ്മെ പോഷിപ്പിക്കുന്നു; അങ്ങേ തിരുരക്തം നമ്മുടെ ധമനികളിൽക്കൂടി പ്രസരിക്കുന്നു; അങ്ങനെ നമ്മുടെ ആത്മാവ് ശക്തിയും പുഷ്ടിയും പ്രാപിക്കുന്നു.

ക്ഷീണിച്ചുതളന്ന ഏലിയാസ് ദീഘദശിക്കു മാലാഖാ നല്കിയ അപ്പവും സംഹാരകനായി പ്രത്യക്ഷപ്പെട്ട മാലാഖായിൽനി

ന്നു രക്ഷപ്രാപിക്കുവാൻവേണ്ടി ഇസ്രായേൽക്കാരുടെ വീടുകളിന്മേൽ പൂശപ്പെട്ട പെസഹാകുഞ്ഞാടിന്റെ രക്തവും, ഇസ്രായേൽക്കാൎക്കു മരുഭൂമിയിൽവെച്ച് അത്ഭുതകരമായി നല്കപ്പെട്ട മന്നായും എത്രമാത്രം ഏതൽസന്ദർഭങ്ങളിൽ ആവശ്യകവും സഹായകവുമായിരുന്നുവോ അതിലുപരി നമുക്ക് ആവശ്യകവും സഹായകവുമാണ് പരി. കുർബ്ബാനയെന്ന ദിവ്യഭോജനം. "മനുഷ്യപുത്രന്റെ മാംസം ഭക്ഷിക്കയും രക്തം പാനംചെയ്കയും ചെയ്യുന്നില്ലെങ്കിൽ നിങ്ങളിൽ ജീവൻ ഉണ്ടാകയില്ല" എന്നു ദിവ്യരക്ഷകൻ തന്നെ അരുളിച്ചെയ്തിട്ടുണ്ട്. ഭക്ഷണം ശരീരത്തിന് എത്രകണ്ട് ആവശ്യമാണോ അത്രതന്നെ വി. കുർബ്ബാനസ്വീകരണം ആത്മാവിനും ആവശ്യമാണ്.

ഈ വിരുന്നിനുള്ള ക്ഷണം എത്രയോ സാൎവ്വത്രികവും സ്നേഹസമ്പൂർണ്ണവും ഹൃദയാവൎജ്ജകവും നിൎബ്ബന്ധപൂൎവ്വവുമാണെന്നു നോക്കുക! "അദ്ധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരുമായ എല്ലാവരും എന്റെ പക്കൽ വരുവിൻ, ഞാൻ നിങ്ങളെ പോഷിപ്പിക്കുകയും നിങ്ങളുടെ ആത്മാക്കൾക്കു വിശ്രമം നല്കുകയും ചെയ്യാം." "എന്തുകൊണ്ടെന്നാൽ എന്റെ ശരീരം യഥാൎത്ഥത്തിൽ ഭക്ഷണവും, എന്റെ രക്തം യഥാൎത്ഥത്തിൽ പാനീയവുമാകുന്നു." "എന്റെ മാംസം ഭക്ഷിക്കുകയും എന്റെ രക്തം പാനംചെയ്കയും ചെയ്യുന്നവനിൽ നിത്യജീവൻ ഉണ്ട്; അവസാനദിനത്തിൽ അവനെ ഞാൻ ഉയിർത്തെഴുന്നേല്പിക്കയും ചെയ്യും." "ദാഹമുള്ള നിങ്ങൾ ജലത്തെ സമീപിക്കുവിൻ; പണമില്ലാത്തവർ വേഗം വന്ന് വാങ്ങുകയും ഭക്ഷിക്കുകയും ചെയ്യിൻ. (യഥാൎത്ഥ) ഭക്ഷണമല്ലാത്തവയ്ക്കുവേണ്ടി നിങ്ങൾ എന്തിന് പണം ചെലവിടുന്നു? നിങ്ങൾ ശ്രദ്ധിച്ചു കേൾക്കുക; നല്ലതിനെ ഭക്ഷിക്കുവിൻ; അപ്പോൾ നിങ്ങളുടെ ആത്മാവ് പുഷ്ടിപ്രാപിക്കയും ആനന്ദിക്കയും ചെയ്യും" "ഞാൻ ജീവന്റെ അപ്പമാകുന്നു; എന്നെ ഭക്ഷിക്കുന്നവനു ഒരിക്കലും വിശക്കുകയില്ല. എന്നെ പാനം ചെയ്യുന്നവനു ഒരിക്ക

ലും ദാഹിക്കയുമില്ല. . . . '' തണുത്തു് കഠിനമായ ഹൃദയങ്ങളെ സ്പർശിക്കുവാൻ ദിവ്യരക്ഷകൻെറ സ്നേഹനിർഭരമായ ഈ ക്ഷണം പോരെയോ? നിങ്ങളുടെ സമീപം ജീവൻെറ അപ്പം ഉള്ളപ്പോൾ നിങ്ങൾ എന്തിനു് ആദ്ധ്യാത്മികമായ പട്ടിണിയനുഭവിക്കുന്നു; ജീവജലത്തിൻെറ ഉറവ സമീപത്തുള്ളപ്പോൾ നിങ്ങൾ എന്തിനു ദാഹിച്ചു വലയുന്നു? ദിവ്യസ്നേഹാഗ്നിയെ ആശ്ലേഷിക്കുവാൻ നിങ്ങൾക്കു് കഴിവുള്ളപ്പോൾ നിങ്ങൾ എന്തിനു തണുത്തു വിറകൊള്ളുന്നു. സർവ്വശക്തനായ ഭിഷഗ്വരൻ സമീപമുള്ളപ്പോൾ നിങ്ങൾ എന്തിനു രോഗത്താൽ പീഡിപ്പിക്കപ്പെടുന്നു? ഓ, ഇസ്രായേൽവംശമേ, ജീവൻേറയും അമർത്ത്യതയുടേയും ഭക്ഷണം നിൻെറ മുമ്പിൽ ഉള്ളപ്പോൾ നീ എന്തിനു മരിച്ചുപോകുന്നു?

എന്നിട്ടും എത്രപേർ ഓരോ ഇടവകയിലും ഈ ദിവ്യഭോജനത്തിനു് അണയാത്തവരായുണ്ടെന്നു് ആരാഞ്ഞുനോക്കുമ്പോൾ ഉള്ളുരുകി പരിതപിക്കയല്ലാതെ എന്തുചെയ്യട്ടെ. തൻെറ മാംസരക്തങ്ങളെ എന്തുകൊണ്ടു സ്വീകരിച്ചില്ല എന്നു ദിവ്യരക്ഷകൻ ചോദിക്കുമ്പോൾ ഇവർക്കു എന്തു മറുപടിയാണു് പറയാനുണ്ടാകുക? മുടന്തൻന്യായങ്ങൾ ഒരിക്കലും വിലപോവുകയില്ല. "ഞാൻ ഒരു നിലം വാങ്ങി . . . ഞാൻ അഞ്ചേർ കാളകൾ വാങ്ങി . . . ഞാൻ വിവാഹം ചെയ്തു........'' എന്നിങ്ങനെ ഇന്നത്തെ സുവിശേഷത്തിൽ നാം വായിക്കുന്ന ഒഴികഴിവുകൾ വീട്ടുയജമാനനെ രോഷാകുലനാക്കുകയാണു് ചെയ്തതു്. കൃഷിയും കച്ചവടവും വിവാഹജീവിതവും മററും ഈ ദിവ്യഭോജനം ഉൾക്കൊള്ളുന്നതിൽ ഒരിക്കലും വിലങ്ങുതടികളല്ല; എന്നാൽ നാം അവയെ ഒഴികഴിവുകളായി ചിത്രീകരിച്ചുകൊണ്ടു് നമ്മുടെ അനാസ്ഥയും പാപമാർഗ്ഗം വിട്ടുപേക്ഷിക്കുവാനുള്ള മടിക്കും മൂടുപടമിടുവാൻ ശ്രമിക്കയാണെങ്കിൽ നമുക്കും നാശമായിരിക്കും ഫലം. ഈ ദിവ്യഭോജനം നമുക്കു് എത്രമാത്രം അത്യന്താപേക്ഷിതമാണെന്നു് മനസ്സിലാക്കിക്കൊണ്ടു് ത്രെന്തോസ് സൂനഹദോസ് ഇപ്രകാരം നമ്മെ ഉപ

ദേശിക്കുന്നു: "ക്രിസ്ത്യാനിയെന്ന് നാമം വഹിക്കുന്ന ഏതൊരുവ നും ഈ സ്വാഭാവാതീത ഭക്ഷണം ഇടയ്ക്കിടെ സ്വീകരിക്കണമെന്ന് ഈ തിരുസംഘം പൈതൃകമായ വാത്സല്യത്തോടെ, ദൈവത്തി ന്റെ അനന്തമായ കാരുണ്യത്തിന്റെ നാമത്തിൽ, ഉപദേശിക്കു യും പ്രോത്സാഹിപ്പിക്കുയും, അഭ്യർത്ഥിക്കുയും, കേണപേക്ഷിക്കുയും ചെയ്യുന്നു." ദിവ്യബലിയുടെ ഫലം പൂർണ്ണമായും കൈവരുന്നതി നായി അതിൽ സംബന്ധിക്കുന്ന എല്ലാവരുംതന്നെ ദിവ്യകാരു ണ്യം സ്വീകരിക്കേണ്ടതാണെന്നും ആ സൂനഹദോസ് നമ്മെ ഉപ ദേശിക്കുന്നുണ്ട്. തിരുസഭയുടെ ആദിമശതകങ്ങളിൽ ഇതുതന്നെ യായിരുന്നു പതിവ്. മതമർദ്ദനങ്ങളുടെ മൂർദ്ധന്യത്തിൽ പുരോഹി തന്മാർ വിരളമായിരുന്നപ്പോൾ അൽമേനികൾതന്നെ ദിവ്യകാരു ണ്യം വീടുകളിൽ സൂക്ഷിക്കുകയും ഉൾക്കൊള്ളുകയും ചെയ്തിരുന്നു. ഈ ദിവ്യഭോജനത്തിന്റെ ശക്തിയാൽ "ബലിക്കുപകരം ബലി, സ്നേഹത്തിനു പകരം സ്നേഹം" എന്നു നിലവിളിച്ചുകൊണ്ടാണ് ആദിമക്രിസ്ത്യാനികൾ മർദ്ദനരംഗങ്ങളിലേയ്ക്കു പോകയും സധൈ ര്യം രക്തസാക്ഷിമകുടം ചൂടുകയും ചെയ്തിരുന്നത്. പാപമാർഗ്ഗ ത്തെ വിട്ടുപേക്ഷിച്ച് പുണ്യമാർഗ്ഗത്തെ സ്വീകരിക്കുന്നതിന് ഈ ദിവ്യഭോജനം കൂടിയേ കഴിയൂ. വിശ്വാസചൈതന്യം ഇന്ന് ന മ്മുടെ കേരളത്തിൽ കുറഞ്ഞുവരുന്നുണ്ടെങ്കിൽ അതിനുള്ള പ്രധിവി ധിയും ദിവ്യകാരുണ്യസ്വീകരണം വർദ്ധിക്കുകയാണ്– വേണ്ടതായ ഒരുക്കത്തോടുകൂടിയ ദിവ്യകാരുണ്യസ്വീകരണം. യാതൊരു പണ ച്ചെലവുമില്ല. ശാരീരികഭക്ഷണത്തിനുവേണ്ടി എല്ലു മുറിയെ പ ണിയെടുക്കുന്നവർ ഈ ആദ്ധ്യാത്മികഭക്ഷണവും തങ്ങൾക്കും സ ന്താനങ്ങൾക്കും ലഭിക്കുവാനായി അല്പമൊന്നു പരിശ്രമിക്കട്ടെ. മൂന്നുനേരം ഭക്ഷണവും, ഇടയ്ക്കു ചായയും, പലഹാരങ്ങളും കൃത്യ സമയങ്ങളിൽ വാങ്ങി ഭക്ഷിക്കുയും, കിട്ടാതെ വരുമ്പോൾ വീ ട്ടിൽ ബഹളമുണ്ടാക്കുയും കരയുകയും മററും ചെയ്യുന്ന കുട്ടികൾ

ആദ്ധ്യാത്മികഭക്ഷണമായ വി. കുർബ്ബാന സ്വീകരിക്കുവാൻ കുറെ യെങ്കിലും ഉത്സാഹം പ്രദർശിപ്പിക്കട്ടെ.

---

# അതിന് ഞങ്ങൾക്കെന്ത്?

ചുങ്കക്കാരും പാപികളും അവൻെറ വാക്ക കേൾക്കുവാൻ അവൻെറ അടുക്കൽ വന്നിരുന്നു. നിയമജ്ഞരും ഫ്രീശരുമാകട്ടെ: ഇവൻ പാപികളെ സ്വീകരിക്കയും അവരോടുകൂടി ഭക്ഷിക്കയും ചെയ്യുന്നു എന്നു നീരസപ്പെട്ടു പറഞ്ഞു ഈശോ അവരോട് ഈ ഉപമ അരുളിച്ചെയ്തു: നൂറ് ആടുകൾ ഉണ്ടായിരുന്നിട്ട് അവയിൽ ഒന്നു കാണാതെപോയാൽ തൊണ്ണൂറെറാമ്പതിനേയും മരുഭൂമിയിൽവിട്ട്, കാണാതെപോയതിനെ കണ്ടുകിട്ടുവോളം അന്വേഷിച്ചുപോകാത്ത ഒരു മനുഷ്യൻ നിങ്ങളിൽ ആരുണ്ട്? അതിനെ കണ്ടുകിട്ടുമ്പോൾ അവൻ സന്തോഷിച്ച് അതിനെ തൻെറ തോളിൽ എടുത്ത്, വീട്ടിൽ ചെന്ന് സ്നേഹിതന്മാരേയും അയൽക്കാരേയും വിളിച്ച് അവരോട്: കാണാതെപോയ എൻെറ ആടിനെ കണ്ടുകിട്ടിയതിനാൽ നിങ്ങൾ എന്നോടുകൂടി സന്തോഷിക്കുവിൻ എന്നുപറയും. ഇങ്ങനെതന്നെ അനുതാപംകൊണ്ട് ആവശ്യമില്ലാത്ത തൊണ്ണൂറെറാമ്പതു നീതിമാന്മാരെപ്പററി എന്നതിലധികമായി അനുതപിക്കുന്ന ഒരു പാപിയെപ്പററി സ്വർഗ്ഗത്തിൽ സന്തോഷമുണ്ടാകും എന്നു ഞാൻ നിങ്ങളോടു പറയുന്നു. അഥവാ, പത്തു കാശ്ശ് ഉണ്ടായിരിക്കയും അവയിൽ ഒന്നു നഷ്ടമാകുകയും ചെയ്തിട്ട് വീട് അടിച്ചുവാരി അതു കണ്ടുകിട്ടുവോളം ഉത്സാഹത്തോടുകൂടി അന്വേഷിക്കാത്ത ഒരു സ്ത്രീ ആരുണ്ട്? അത് കണ്ടുകിട്ടുമ്പോൾ അവൾ തൻെറ സ്നേഹിതകളേയും അയൽക്കാരേയും വിളിച്ച് അവരോട്: കാണാതെപോയ എൻെറ കാശ്ശ് കണ്ടുകിട്ടിയതിനാൽ നിങ്ങൾ എന്നോടുകൂടി സന്തോഷിക്കുവിൻ എന്നു പറയും. ഇങ്ങനെതന്നെ അനുതപിക്കുന്ന ഒരു പാപിയെപ്പററി ദൈവത്തിൻെറ ദൂതന്മാരുടെ സന്നിധിയിൽ സന്തോഷം ഉണ്ടാകും എന്നു ഞാൻ നിങ്ങളോടു പറയുന്നു.

(പന്തക്കുസ്താ 3-ാം ഞായർ; സുവിശേഷം: ലൂക്ക XV 1—10)

സുവിശേഷത്തിൽ വേദനാജനകമായ ഒരു രംഗം ചിത്രീകരിച്ചിട്ടുണ്ട്. യൂദാസ്കറിയോത്ത മുപ്പതു വെള്ളിക്കാശിന് തൻെറ ഗുരുവിനെ ഒററിക്കൊടുത്തു. എന്നാൽ ഈശോ ശിക്ഷയ്ക്കു വിധിക്കപ്പെട്ടുവെന്നറിഞ്ഞപ്പോൾ വ്യസനപാരവശ്യത്തോടെ അയാൾ, ആ മുപ്പതു വെള്ളിനാണയങ്ങളും എടുത്തുകൊണ്ട് പ്രധാനാചാര്യന്മാരുടേയും ജനപ്രമാണികളുടേയും അടുത്തുചെന്ന്, "കുററമററ രക്തം ഒററിക്കൊടുത്തതുനിമിത്തം ഞാൻ പാപം ചെയ്തുപോയി" എന്നു വിളിച്ചുപറഞ്ഞുകൊണ്ട് അതു അവർക്ക് തിരിയെ ഇട്ടുകൊടുത്തു. "അതിന് ഞങ്ങൾക്കെന്തു വേണം? നീ തന്നെ അതിനു പ്രതിവിധി കണ്ടുകൊൾക" എന്നത്രേ അവർ മറുപടി പറഞ്ഞതു്. തന്നിമിത്തം അവൻ ആ വെള്ളിനാണയങ്ങൾ ദേവാലയത്തിനുള്ളിലേയ്ക്ക് എറിഞ്ഞുകൊണ്ട് അവിടം വിട്ടുപോയി താനേ കെട്ടിത്തൂങ്ങി മരിച്ചു. നോക്കണം! പാപഭാരത്താൽ പരവശമായ ഹൃദയത്തോടെ യൂദാ ഓടിവരുന്നു. ആരുടെ പക്കലേക്ക്? തന്നെ പാപത്തിനു പ്രേരിപ്പിച്ചവരുടെ പക്കലേക്ക്; നിർദ്ദേശങ്ങളും ഉത്താശകളും നല്കിയവരുടെ പക്കലേക്ക് "ഒരു സമുദായം നന്നാകുവാൻവേണ്ടി ഒരുവൻ മരിക്കുന്നതു് നല്ലതാകുന്നു" എന്നു പറഞ്ഞുകൊണ്ട് തൻെറ പാപകൃത്യത്തെ പാപമല്ലാതാക്കി ചിത്രീകരിച്ചു കാണിച്ചവരുടെ പക്കലേക്ക്. അവരാകട്ടെ ആ വ്രണിതഹൃദയന് നല്കുന്ന സമാശ്വാസം എന്താണ്? "അതിനു ഞങ്ങൾക്കെന്തു്? നീതന്നെ നോക്കിക്കൊള്ളുക!" നിരാശയുടെ നെല്ലിപ്പടിയിലെത്തിയ യൂദ ആത്മഹത്യ ചെയ്യുന്നു. ഇന്ന് ലോകം പാപികളോട് അനുവർത്തിക്കുന്ന നയവും ഇതുതന്നെയാണ്. പാപത്തെ പാപമല്ലാത്ത തരത്തിൽ ലോകം ചിത്രീകരിക്കുന്നു; പാപം വെറും ബലഹീനത മാത്രമാണെന്നും, അതു് അത്ര ഗണ്യമാക്കാനൊന്നുമില്ലെന്നും, പരിതപിക്കയും അസ്വസ്ഥരാകയും ചെയ്യേണ്ട ആവശ്യമില്ലെന്നും, പ്രകൃതിയുടെ അല്ലെങ്കിൽ മനശ്ശാസ്ത്രപരമായ ചില പ്രവർത്തനങ്ങളുടെ അനിവാര്യഫലങ്ങൾ

മാത്രമാണ് അതെന്നും, ബിസിനസ്സിനും സ്വന്തം സുഖസൌകര്യ ങ്ങൾക്കുംവേണ്ടി നിർവ്വഹിക്കപ്പെടുന്ന കൃത്യങ്ങൾ പാപമല്ലെന്നും സന്മാർഗ്ഗമാകുന്ന ചട്ടക്കൂട്ടിലിട്ട് വെറുതെ മനുഷ്യൻെറ സ്വാത ന്ത്ര്യത്തെ വീർപ്പുമുട്ടിച്ചു കൊല്ലേണ്ട ആവശ്യമില്ലെന്നും രാഷ്ട്രത്തി നുവേണ്ടി ഒന്നല്ല അനേകം പേർ മരിക്കുന്നതു നല്ലതാണെന്നും— ഇങ്ങനെ നിരവധി അബദ്ധസിദ്ധാന്തങ്ങൾ ആകർഷകമായവിധ ത്തിൽ ലോകം പ്രചരിപ്പിക്കുന്നു; അങ്ങനെ പാപത്തിനുവേണ്ട സകല പ്രേരണകളും ഒത്താശകളും പ്രോത്സാഹനങ്ങളും ഇന്നത്തെ ലോകം നല്കുന്നു. പ്രസിദ്ധീകരണങ്ങളും, സിനിമായും, റേഡി യോയും മററും ഇക്കാര്യത്തിൽ അവരെ സഹായിക്കുന്നു. എന്നാൽ ഒരുവൻ പാപജീവിതം ആരംഭിക്കുകയും അതിൽ ആമഗ്നനാകയും ചെയ്തുകഴിയുമ്പോൾ ആ "ലോകം"തന്നെ അവൻെറനേരെ വിര ലുകൾ ചൂണ്ടിക്കൊണ്ടു നിർദ്ദയമായി പറയുന്നു. അതാ നില്ക്കുന്നു ഒരു പാപി; അവനെ വിട്ടകലുവിൻ; അവനുമായി സമ്പർക്കം വേ ണ്ട, ബന്ധുത്വം വേണ്ട." അങ്ങനെ അവന് ലോകം ഭ്രഷ്ട് ക ല്പിക്കുന്നു. അവൻ പരിഭ്രാന്തചിത്തനായി താപഭാരത്തോടെ ലോകത്തെ സമീപിച്ചു പറയുന്നു: "അയ്യോ, ഞാൻ എന്തുചെയ്യു ന്നു? നിങ്ങൾ പറഞ്ഞിട്ടും, പ്രേരിപ്പിച്ചിട്ടും പ്രോത്സാഹിപ്പിച്ചി ട്ടും ആണല്ലോ ഞാൻ ഈ പാപജീവിതം ആരംഭിച്ചതു്." അ പ്പോൾ ലോകം അനുഭാവലേശമില്ലാതെ ക്രൂരമായവിധത്തിൽ പ റയും: "അതിനു ഞങ്ങൾക്കെന്തു്? നീതന്നെ നോക്കിക്കൊള്ളുക." അപ്പോൾ അവൻ നിരാശയുടെ അടിത്തട്ടിലേയ്ക്കു ആണ്ടുപോകു ന്നു. യഹൂദപ്രമാണികൾ യൂദാസിനോട് അനുവർത്തിച്ചതുപോ ലെ തീരെ നിർദ്ദയമായ ഒരു നയമാണ് ഇന്നത്തെ ലോകം പാപി കളോട് അനുവർത്തിക്കുന്നതു്. വ്യഭിചാരത്തിൽ പിടിക്കപ്പെട്ട സ്ത്രീയെ നിയമപ്രകാരം കല്ലെറിഞ്ഞുകൊല്ലുവാനായി ക്രിസ്തുവി ൻെറമുമ്പാകെ കൊണ്ടുവന്നു. എന്നാൽ ആ ജനക്കൂട്ടത്തിൽത്ത ന്നെ—അവളെ വ്യഭിചാരത്തിനു കല്ലെറിഞ്ഞു കൊല്ലണമെന്നു

മുറവിളികൂട്ടിക്കൊണ്ടിരുന്ന ആ ജനക്കൂട്ടത്തിൽത്തന്നെ—അവളെ പാപത്തിനു പ്രേരിപ്പിച്ചിട്ടുള്ളവർ ഉണ്ടായിരുന്നു. ലോകത്തിൻെറ മനഃസ്ഥിതിയും ഇതുതന്നെയാണ്. പരിഭ്രാന്തചിത്തരായി വ്യഥാഭാരത്താൽ ആശയററവരായി ഉഴലുന്ന പാപികളെ ലോകം സമാശ്വസിപ്പിക്കയില്ല; നേരെമറിച്ച് അവരെ നിത്യം പാപികളെന്നു മുദ്രയടിച്ചു അകററിനിർത്തി നിരാശാകൂപത്തിലേക്കു് തള്ളിയിടുകയാണ് ചെയ്യുക. എന്നാൽ ക്രിസ്തുനാഥൻ പാപികളോടു് അനുവർത്തിക്കുന്ന നയം ഇതിന് തീരെ കടകവിരുദ്ധമാണ്. ദൈവവും പാപവും തമ്മിലുള്ള വൈരുദ്ധ്യം അനന്തമാണ്. തന്നിമിത്തം ക്രിസ്തുനാഥൻ പാപത്തെ വളരെയധികം വെറുത്തിരുന്നു; പാപത്തിൽനിന്ന് ഓടിയകലുവാൻ മനുഷ്യരെ അങ്ങുന്ന് സദാ ഉൽബോധിപ്പിച്ചിരുന്നു; പാപത്തെ അതിൻെറ തനിനിറത്തിൽ ജനങ്ങളെ അങ്ങുന്ന് കാണിക്കയും ചെയ്തു. യഹൂദപ്രമാണികളുടെ കാപട്യത്തെ വെട്ടിത്തുറന്നു കാട്ടിയെന്നു മാത്രമല്ല, നോട്ടത്തിലും വിചാരത്തിലുംപോലും ശുദ്ധത പാലിക്കണമെന്നും കോപവും പ്രതികാരേച്ഛയും മാററിവെച്ച് ശത്രുക്കളെ സ്നേഹിക്കണമെന്നും അങ്ങുന്ന് ഉൽബോധിപ്പിച്ചു; ഒട്ടകത്തേയും സൂചിക്കുഴയേയും കാണിച്ചുകൊണ്ട് ധനവാൻെറ കടമകളെ അങ്ങുന്ന് അനുസ്മരിപ്പിക്കയും അനീതികളേയും മർദ്ദനങ്ങളേയും അങ്ങേയററം പ്രതിഷേധിക്കയും ചെയ്തു. എന്നാൽ, ഈ ക്രിസ്തുനാഥൻതന്നെ അങ്ങെ സമീപിക്കുന്ന പാപികളോടു് എത്രയോ കാരുണ്യത്തോടെയാണ് പെരുമാറുന്നത്! "ഞാനും നിന്നെ കുററം ചുമത്തുന്നില്ല. സമാധാനത്തിൽ പൊയ്ക്കൊൾക. മേലിൽ പാപം ചെയ്യരുത് . . ." എന്നിങ്ങനെയുള്ള ദയാമസൃണങ്ങളായ വാക്കുകൾ മാത്രമേ അങ്ങുന്ന് പാപികളോടു് അരുളിച്ചെയ്യുന്നുള്ളു. കഠിനമായ മരണവേദനയനുഭവിക്കുമ്പോഴും അങ്ങുന്ന് നല്ല കള്ളന് സ്വർഗ്ഗപ്രവേശം നല്കുന്നു. ധൂർത്തനായ പുത്രൻെറ ഉപമയും ഇന്നത്തെ സുവിശേഷത്തിലെ നല്ല ഇടയൻെറയും കാണ്മാനാഞ്ഞ

പ്പെട്ട സ്ത്രീയുടേയും ഉപമകളും ഇതിനു് ഉപോൽബലകമാണു്. ക്രിസ്തുനാഥൻ പാപത്തെ വെറുത്തു; എന്നാൽ പാപികളെ സ്നേഹിച്ചു; അവരെ സച്ചരിതരാക്കാൻ ശ്രമിച്ചു. ഇവൻ പാപികളെ സ്വീകരിക്കയും അവരോടുകൂടി ഭക്ഷിക്കയും ചെയ്യുന്നുവല്ലോ എന്നുള്ള കുററാരോപണം അങ്ങുന്നു് അഭിമാനപൂർവ്വം സ്വാഗതം ചെയ്തു. അങ്ങുന്നു് നീതിമാന്മാരെയല്ല പാപികളെയാണു് അന്വേഷിച്ചുവന്നതു്. രോഗികൾക്കല്ലാതെ സുഖമുള്ളവർക്കു വൈദ്യനെക്കൊണ്ടാവശ്യമില്ലല്ലോ.

ക്രിസ്തുവിനെ അനുകരിച്ചുകൊണ്ടു് അങ്ങേ സഭയും പാപത്തെ വെറുക്കുകയും പാപികളെ സ്നേഹിക്കുകയും ചെയ്യുന്നു. കത്തോലിക്കാസഭയെപ്പോലെ പാപത്തെ പാപമായിത്തന്നെ പരസ്യമായി പ്രഖ്യാപിച്ചുകൊണ്ടു് അതിനോടുള്ള വെറുപ്പും പ്രതിഷേധവും കാണിക്കുന്ന മറെറാരു സ്ഥാപനം ഇന്നു ഭൂമുഖത്തില്ല. എന്നാൽ അതേസമയംതന്നെ ആ സഭാമാതാവു് പാപികളോടു് വളരെ ദയാമസൃണം പെരുമാറുകയും കുമ്പസാരവും ഉപദേശങ്ങളും വഴിയായി അവരെ സമാശ്വസിപ്പിക്കുവാനും സച്ചരിതരാക്കുവാനും സദാ പരിശ്രമിച്ചുകൊണ്ടിരിക്കയും ചെയ്യുന്നു. ക്രിസ്തുവിന്റെ അനുയായിയെന്നഭിമാനിക്കുന്ന ഓരോ ക്രിസ്ത്യാനിയും ഈ തത്വംതന്നെയാണു് അനുവർത്തിക്കേണ്ടതു്: പാപത്തെ വെറുക്കണം, പാപിനെ സ്നേഹിക്കണം. എന്നാൽ നിർഭാഗ്യവശാൽ, പഴയ ക്രിസ്ത്യാനികളും ഭക്തന്മാരുമെന്നഭിമാനിക്കുന്ന ചിലർ പാപികളുടെനേരെ വെറുപ്പും പുച്ഛരസവും പ്രദർശിപ്പിക്കയും അവരെ അകററിനിർത്തുകയുമല്ലേ ചെയ്യുന്നതു്? രണ്ടു യുവതീയുവാക്കന്മാർ തമ്മിൽ പാപകരമായ സ്നേഹബന്ധം ഉളവായി: അതു പരസ്യമായി; കുറേകഴിഞ്ഞപ്പോൾ അവർ പശ്ചാത്തപിച്ചു് ജീവിതത്തിലെ താറുമാറുകളെല്ലാം നീക്കിക്കളഞ്ഞു് ശരിയായ ക്രിസ്തീയജീവിതം കഴിക്കണമെന്നു് തീർച്ചയാക്കി സമീപത്തുള്ള ഇടവകപ്പള്ളിയിലെ വൈദികനെ സമീപിച്ചു. വൈദികൻ അവരുടെ കു

സ്വസാരം കേൾക്കയും അവരുടെ പാപകരമായ ബന്ധത്തെ ശരി പ്പെടുത്തി ന്യായമായ വിവാഹബന്ധത്തിൽ അവരെ പ്രതിഷ്ഠിക്കു വാനുമുള്ള ചട്ടംകെട്ടുകളെല്ലാം ചെയ്കയും ചെയ്തു. അപ്പോഴേയ്ക്കും ഇടവകയിൽ വലിയ പ്രക്ഷോഭണങ്ങൾ ഇളകിമറിഞ്ഞു. "എ ന്ത്? ആ കൊള്ളരുതാത്തവരുടെ കല്യാണം നമ്മുടെ ഈ പള്ളി യിൽവെച്ചു നടത്തുകയൊ? അതൊന്നു കാണട്ടെ. ഞങ്ങളൊക്കെ തറവാട്ടുകാരാണ്; ഞങ്ങളുടെ പള്ളിയാണിതു്. ഹും!" സമർത്ഥ നായ വൈദികൻ അക്കാര്യം ആരുമറിയാതെ നിർവ്വഹിച്ചുകൊടു ത്തുവത്രെ. നോക്കുക! രണ്ടു പാപികൾ മനസ്സുതിരിഞ്ഞുവരു മ്പോൾ സത്യക്രിസ്ത്യാനികളെന്നഭിമാനിക്കുന്നവർ കാണിക്കുന്ന മനോഭാവം! അവർ അവരുടെ പാപജീവിതത്തിൽ നിത്യമായി നശിച്ചുപോകണമെന്നാണോ ഇവർ ആഗ്രഹിക്കുന്നതു്? ശാന്തം പാപം . . . . തങ്ങളുടെ സമീപത്തും തങ്ങളുടെ ഇടവകയിലും പാപികളായി ജീവിക്കുന്നവരുണ്ടെങ്കിൽ അവരെ സൽപഥത്തി ലേയ്ക്കു തിരിക്കുവാൻ ഉപദേശങ്ങളും പ്രേരണകളുംനല്കേണ്ടചുമത ല ഓരോ കത്തോലിക്കനും ഉണ്ടു്. "ഞാൻ എന്റെ സഹോ ദരന്റെ കാവൽക്കാരനാണോ" എന്നു് കായേൻ പരിഹാസ സ്വരത്തിൽ ചോദിച്ചതുപോലെയുള്ള ഒരു മനസ്ഥിതിനമുക്കു് ഉ ണ്ടാകാതിരിക്കട്ടെ.

# കർത്താവു് വീടു പണിയുന്നില്ലെങ്കിൽ..

ജനക്കൂട്ടം ദൈവവചനം കേൾക്കുവാൻ അവന്റെ അടുക്കൽ വന്നുകൂടിയപ്പോൾ അവൻ ഗെനേസാർതടാകത്തിന്റെ കരയിൽ നില്ക്കുകയായിരുന്നു. തടാകത്തിന്റെ കരയ്ക്കടുത്തു കിടക്കുന്ന രണ്ടു പടവുകളേയും, അവയിൽനിന്നു കയറി തങ്ങളുടെ വലകൾ കഴുക

ന്ന മീൻപിടുത്തക്കാരേയും അവൻ കണ്ടു. അവയിൽ ഒന്ന്, ശെമവോൻ കേപ്പായുടേതായിരുന്നു. ഈശോ അതിൽ കയറിയിരുന്ന്, അതു കരയിൽനിന്ന് വെള്ളത്തിലേയ്ക്കു കുറെ നീക്കുവാൻ അരുളിച്ചെയ്തു. അവൻ ഇരുന്നുകൊണ്ട് പടവിൽനിന്ന് ജനക്കൂട്ടങ്ങളോട് ഉപദേശിച്ചു. അവൻ സംസാരം നിറുത്തിയപ്പോൾ ശെമവോനോട്: നീ ആഴത്തിലേക്കു നീക്കി മീൻ പിടിക്കുവാനായി നിങ്ങളുടെ വലയിടുവിൻ എന്നരുളിച്ചെയ്തു. ശെമവോൻ ഉത്തരമായി അവനോട്: റബ്ബി, ഞങ്ങൾ രാത്രി മുഴുവൻ അദ്ധ്വാനിച്ചിട്ടും ഒന്നും കിട്ടിയില്ല. എങ്കിലും നിന്റെ വാക്കനുസരിച്ച് ഞാൻ വലയിടാം എന്നു പറഞ്ഞു. ഇങ്ങനെ ചെയ്തപ്പോൾ വളരെ മത്സ്യങ്ങൾ അവർ പിടിച്ചു; അതിനാൽ അവരുടെ വല കീറിപ്പോയിരുന്നു. വന്നു സഹായിക്കുവാൻ വേറെ പടവിലുള്ള തങ്ങളുടെ കൂട്ടുകാർക്ക് അവർ അടയാളം കാണിച്ചു. അവർ വന്നപ്പോൾ ആ രണ്ടു പടവുകളും മുങ്ങുമാറാകുവോളം അവർ നിറച്ചു. ശെമവോൻകേപ്പാ ഇതു കണ്ടപ്പോൾ ഈശോയുടെ കാല്ക്കൽ വീണ് അവനോട്: എന്റെ കർത്താവെ, ഞാൻ പാപിയായ മനുഷ്യനായതുകൊണ്ട് നീ എന്നിൽനിന്ന് അകന്നുപോകേണമെ എന്നു നിന്നോടു ഞാൻ പ്രാർത്ഥിക്കുന്നു എന്നു പറഞ്ഞു. എന്തെന്നാൽ ആ മീൻപിടുത്തത്തെപ്പററി അവനും അവനോടുകൂടിയുള്ള എല്ലാവരും വിസ്മയിച്ചുപോയി. ശെമവോന്റെ പങ്കുകാരായിരുന്ന സവ്ദൈപുത്രന്മാരായ യാക്കോവും യോഹന്നാനുംകൂടേയും അങ്ങനെതന്നെ. ഈശോ ശെമവോനോട്: നീ ഭയപ്പെടേണ്ട, ഇതുമുതൽ നീ ആയുസ്സിലേയ്ക്കായി മനുഷ്യരെ പിടിക്കുന്നവനായിത്തീരും എന്നരുളിച്ചെയ്തു. അവർ ആ പടവുകൾ കരയ്ക്കടുപ്പിച്ച് എല്ലാം ഉപേക്ഷിച്ച് അവനെ അനുഗമിച്ചു.

(പന്തക്കുസ്ത 4-ാം ഞായർ; സുവിശേഷം: ലൂക്കാ V, 1-11)

ഇന്ത്യൻ പാർലിമെന്റിലേയ്ക്കും പ്രവിശ്യകളിലെ നിയമസഭകളിലേയ്ക്കും സ്ഥാനാർത്ഥികളായി നില്ക്കുന്നവർക്ക് എന്തെല്ലാം യോഗ്യതകളാണ് വേണ്ടതെന്നുള്ളതിനെപ്പററി കേന്ദ്രനിയമസഭയിൽ സജീവമായ വാദപ്രതിവാദങ്ങൾ നടക്കുകയുണ്ടായി. പകർച്ചവ്യാധിയുള്ളവർ, കരിഞ്ചന്തക്കാർ, അമിതാദായക്കാർ, നികുതി

കൊടുക്കാതെ ഒഴിഞ്ഞുമാറി നടക്കുന്നവർ, രാജകുമാരന്മാർ, ജന്മികൾ എന്നിവരെയെല്ലാം തിരഞ്ഞെടുപ്പിൽ സ്ഥാനാൎത്ഥികളാകുവാൻ അനുവദിക്കരുതെന്നു് പ്രൊഫസർ കെ. ടി. ഷാ മുതലായവർ വാദിക്കുകയുണ്ടായി. എന്നാൽ അതേസമയംതന്നെ നിരീശ്വരന്മാർ, മതബോധമില്ലാത്തവർ, സന്മാൎഗ്ഗസംഹിതയെ ചവുട്ടിമെതിക്കുന്നവർ– ദൈവത്തേയും മതത്തേയും സന്മാൎഗ്ഗത്തേയും ഭൂമുഖത്തുനിന്നു് പിഴുതുകളയുവാൻ ശ്രമിക്കുന്നവർ — ഇവൎക്കെല്ലാം സ്ഥാനാൎത്ഥികളായി നില്ക്കുവാൻ യാതൊരു തടസ്സവും ആരുംതന്നെ ഉന്നയിച്ചതുമില്ല! വാസ്തവത്തിൽ ഇന്നത്തെ നമ്മുടെ നിയമസഭകളിലും ഭരണചക്രം തിരിക്കുന്നവരിലും ഈശ്വരവിശ്വാസവും ആ വിശ്വാസം സധൈൎയ്യം പരസ്യമായി പ്രഖ്യാപിക്കുവാനുള്ള ഉൾക്കരുത്തും ഇല്ലാത്തവരല്ലേ പലരും? മൂന്നു കൊല്ലംമുമ്പ് പാരീസിൽ സമ്മേളിച്ചതും ഐക്യരാഷ്ട്രസംഘടനയുടെ ഒരു വിഭാഗവുമായ മനുഷ്യാവകാശക്കമ്മീഷൻ മനുഷ്യവ്യക്തികൾക്കു് ഉണ്ടായിരിക്കേണ്ട സ്വാതന്ത്ര്യങ്ങളെ ഉള്ളടക്കുന്ന ഒരു പ്രമാണപത്രിക രൂപീകരിച്ചു. എന്നാൽ ഈ അവകാശങ്ങളുടെയെല്ലാം ദിവ്യമായ ഉൽപത്തിയെപ്പററി—ദൈവത്തെപ്പററി—ഈ പ്രമാണപത്രികയിൽ ഒന്നുംതന്നെ പ്രസ്താവിച്ചിട്ടില്ല. റഷ്യയുടേയും ഇരിമ്പുയവനികയ്ക്കുള്ളിലുള്ള രാഷ്ട്രങ്ങളുടേയും എതിൎപ്പിനെ ഭയന്നാണത്രെ അങ്ങനെ ചെയ്തതു്. നമ്മുടെ രാഷ്ട്രപിതാവായ ഗാന്ധിയും “രാഷ്ട്രങ്ങളുടെ ഗതിവിഗതികളെ നിയന്ത്രണംചെയ്യുന്ന ദൈവത്തിന്റെ” നേൎക്കു കൃതജ്ഞത പ്രകാശിപ്പിച്ചുകൊണ്ടു് ഇന്ത്യൻ കോൺസാംബ്ലി ഉൽഘാടനം ചെയ്ത രാജേന്ദ്രപ്രസാദും, ഇവരുടെ സഹപ്രവൎത്തകനായ രാജാജിയും എല്ലാം ഈശ്വരവിശ്വാസികളാണെങ്കിലും ഇന്ത്യൻ ഭരണഘടനയിൽ ദൈവത്തിന്നു യാതൊരു സ്ഥാനവും നൽകപ്പെട്ടിട്ടില്ല. ഇന്ത്യൻയൂണിയന്റെ തിരഞ്ഞെടുക്കപ്പെടുന്ന പ്രസിഡണ്ടു് ദൈവനാമത്തിൽ സത്യപ്രതിജ്ഞ ചെയ്യണമെന്നില്ലത്രെ! പ്രജാധിപത്യത്തിന്റേയും സ്വാതന്ത്ര്യത്തിന്റെ

യും വിളനിലമെന്നു് പരിഗണിക്കപ്പെടുന്ന അമേരിക്കയിൽ ഭരണഘടന രൂപീകരിച്ചവർ ദൈവത്തിനു സംപൂജ്യവും അഗ്രവുമായ സ്ഥാനം നൽകിയിട്ടുണ്ടെന്നുള്ളതു് ശ്രദ്ധേയമാണു്. "ദൈവം കമ്മ്യൂണിസ്റ്റാണോ, സോഷ്യലിസ്റ്റാണോ?" എന്നുംമററുമുള്ള പരിഹാസങ്ങൾ കേന്ദ്രസഭയിലെ ചില മെമ്പർമാരും "ഒരു ദൈവാലയം നശിച്ചാൽ അത്രയും അന്ധവിശ്വാസം നശിച്ചുവെന്നു്" കേരളത്തിലെ ചില ജനനേതാക്കന്മാരും യാതൊരു എതിർപ്പുംകൂടാതെ തട്ടിമൂളിക്കുന്നില്ലേ? ദൈവത്തെ മാററിവെച്ചുകൊണ്ടും ദൈവത്തിലുള്ള വിശ്വാസത്തെ പ്രഖ്യാപിക്കാതെയും എത്രതന്നെ കോൺഫറൻസുകൾ കൂടിയാലും എത്ര മദ്ധ്യസ്ഥന്മാർ ഇടപെട്ടാലും എങ്ങനെ ലോകത്തിൽ സമാധാനം കൈവരും? ദൈവാനുഗ്രഹമില്ലാത്ത ഭരണം എങ്ങനെ ക്ഷേമസമ്പൂർണ്ണമാകും? നിരീശ്വരന്മാരും ദൈവനിന്ദകരും ദൈവാനുഗ്രഹം അർഹിക്കുമോ?

ഇന്നത്തെ സുവിശേഷത്തിൽ പത്രോസും കൂട്ടുകാരും രാത്രി മുഴുവനും ബുദ്ധിമുട്ടിയിട്ടും മത്സ്യം യാതൊന്നും ലഭിക്കാതെ നിരാശപ്പെട്ടിരിക്കുമ്പോഴാണു് ക്രിസ്തുനാഥൻ അവിടെ ആഗതനാകുന്നതും അത്ഭുതകരമായ മീൻപിടുത്തം നടക്കുന്നതും. വല വീശുവാൻ ആജ്ഞാപിച്ച ക്രിസ്തുനാഥനോടു് പത്രോസ് പറയുന്നു: "ഗുരോ, ഞങ്ങൾ രാത്രി മുഴുവൻ അദ്ധ്വാനിച്ചിട്ടും ഒന്നും കിട്ടിയില്ല. എങ്കിലും നിൻെറ വാക്കനുസരിച്ചു് ഞാൻ വലയിടാം." അതെ, ക്രിസ്തുവിൻെറ നാമത്തിൽ— അങ്ങേ അനുഗ്രഹാശിസ്സുകളോടുകൂടി അവൻ വല വീശി. ഫലമോ? അത്ഭുതാവഹമായിരുന്നു. ലോകസമാധാനത്തിനുവേണ്ടി പരിശ്രമിക്കുന്നവരും യുദ്ധം ഇല്ലാതാക്കാൻ അക്ഷീണയത്നം ചെയ്യുന്നവരുമായ സമാധാനപ്രേമികളും രാജ്യത്തു ക്ഷേമം കൈവരുത്തുവാൻ പരിശ്രമിക്കുന്ന ഭരണമേധാവികളും മാത്രമല്ല, കുടുംബഭരണം നിർവ്വഹിക്കുന്ന കുടുംബനാഥന്മാരും, ഓരോ സംരംഭങ്ങളിൽ പ്രവേശിച്ചു് അവയുടെ വിജയകരമായ സമാപ്തിക്കായി നിസ്തന്ദ്രയത്നം ചെയ്യുന്ന വ്യക്തികളും

ദൈവത്തിൽ ആശ്രയിച്ചുകൊണ്ടും അങ്ങേ അനുഗ്രഹാശിസ്സുക ളോടുകൂടിയും പ്രവത്തിച്ചാൽ മാത്രമേ— "അങ്ങെ വാക്കനുസരി ച്ച് വല വീശിയാൽ" മാത്രമേ— ഫലസിദ്ധിയുണ്ടാകയുള്ളു; അ തു് അത്ഭുതകരമായിരിക്കയും ചെയ്യും. നേരെമറിച്ച് ദൈവത്തെ മാററിനിറുത്തിക്കൊണ്ട് ചെയ്യുന്ന പ്രവത്തനങ്ങറം "ഞങ്ങറം രാത്രിമുഴുവൻ അദ്ധ്വാനിച്ചിട്ടും ഒന്നും കിട്ടിയില്ല" എന്നുള്ള നി രാശാവചസ്സുകറംക്കുമാത്രമേ വഴിതെളിക്കുകയുള്ളു.

എല്ലാവരും ഹൃദിസ്ഥമാക്കിവെക്കേണ്ട രണ്ടു വാക്യങ്ങറം സങ്കീത്തനങ്ങളിൽ നാം വായിക്കുന്നുണ്ട്: "കത്താവു വീടു പണി യുന്നില്ലെങ്കിൽ പണിക്കാർ വെറുതെ ബുദ്ധിമുട്ടുന്നു. കത്താവു് നഗരം കാക്കുന്നില്ലെങ്കിൽ കാവൽക്കാർ വെറുതെ ഉറക്കമിളച്ചി രിക്കുന്നു." രാജ്യഭരണഭാരംമുതൽ കുടുംബഭരണഭാരംവരെ എല്ലാം ശരിയായും വിജയപ്രദമായും നിവ്വഹിക്കപ്പെടണമെങ്കിൽ ദൈവ ത്തിൻെറ അനുഗ്രഹം കൂടിയേ കഴിയൂ. അങ്ങേ നാമത്തിലായി രിക്കട്ടെ നമ്മുടെ ഓരോ പ്രവൃത്തിയും. പ്രഭാതത്തിൽ കിടക്ക യിൽനിന്നു എഴുന്നേല്ക്കുമ്പോറംത്തന്നെ, എല്ലാം ഈശോയ്ക്കുവേ ണ്ടി, എല്ലാം ഈശോയുടെ നാമത്തിൽ, എന്നുള്ള ഉദ്ദേശനവീകര ണവും തജ്ജന്യമായ സമപ്പണവും നാം നിവ്വഹിക്കണം. "പി താവിൻേറയും പുത്രൻേറയും പരിശുദ്ധാത്മാവിൻേറയും നാമത്തിൽ" എന്നു സകല കൃത്യങ്ങളുടേയും — മതപരമായതും മതപരമല്ലാത്ത തുമായ സകല ജോലികളുടേയും—ആരംഭത്തിൽ ഉച്ചരിക്കുന്നതും ദൈവാനുഗ്രഹങ്ങളെ വിളിച്ചിറക്കുന്ന ഒരു നല്ല പതിവാണ്.

പത്രോസ് മിശിഹായുടെ വാക്കനുസരിച്ചു വല വീശി ക്കൊണ്ടിരുന്നപ്പോറം അങ്ങുന്നു സ്നേഹവും കാരുണ്യവും തുളുമ്പുന്ന ഹൃദയത്തോടെ ആ വഞ്ചിയിൽ നിന്നുകൊണ്ട് അയാളുടെ പ്രവൃ ത്തിയെ അഭിവീക്ഷിക്കയും അനുഗ്രഹിക്കയും ചെയ്തു. ഇതുപോ ലെതന്നെ കുടുംബപ്രതിഷ്ഠവഴിയായി ഈശോയുടെ തിരുഹൃദയം ഓരോ കുടുംബത്തിലും നായകത്വം വഹിച്ചുകൊണ്ടും അധികാരം

സ്ഥാപിച്ചുകൊണ്ടും ഭരണം നടത്തുമ്പോൾ—കുടുംബജീവിതം അങ്ങേ സന്നിധിയിൽ നയിക്കപ്പെടുമ്പോൾ—തീർച്ചയായും അത്ഭുതകരമായ അഭിവൃദ്ധി ആ കുടുംബത്തിനു കൈവരാതിരിക്കുമോ? ക്യൂബക്കിൽ ഒരു കൺട്രാക്ട്കാരൻ തൻെറ ആഫീസുമുറിയിൽ ഒരു തിരുഹൃദയരൂപം സ്ഥാപിച്ചു. പ്രോട്ടസ്റ്റൻറുകാരനായിരുന്ന മുതലാളി ആ രൂപം കണ്ടപ്പോൾ "അതെന്താണ്?" എന്നു ചോദിച്ചു. "ഞങ്ങളുടെ സ്നേഹിതനും സഹപ്രവത്തകനുമായ ക്രിസ്തുനാഥനാണ് അത്. ഞങ്ങളുടെ വേലസമയത്ത് അദ്ദേഹവുംകൂടിയുണ്ടാകുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നു" എന്നു കൺട്രാക്റ്റർ മറുപടി പറഞ്ഞു. "ഹെയ്, ഇതൊരിക്കലും പാടില്ല; ആ രൂപം ഉടനെ നീക്കിക്കളയണം" എന്നു മുതലാളി ആക്രോശിച്ചു. "അങ്ങനെയെങ്കിൽ, ഞങ്ങളെല്ലാവരും പോകയാണ്" എന്നു പറഞ്ഞുകൊണ്ട് കൺട്രാക്ടരും ജോലിക്കാരും ഭാണ്ഡം മുറുക്കിത്തുടങ്ങി. അവർ ആ കുറച്ചുസമയംകൊണ്ടു ചെയ്തുതീർത്ത വേലകണ്ട് ആ മുതലാളി അത്ഭുതപ്പെട്ടു; അവരെ മടക്കിവിളിച്ച് അവരുടെ സ്നേഹിതനായ ക്രിസ്തുനാഥനോടുകൂടി പണിയുകൊള്ളുവാൻ അനുവദിക്കയും ചെയ്തു. അത്ഭുതകരമായ മിൻപിട്ടത്തംപോലെ അത്ഭുതകരമായവിധത്തിൽ അവർ ജോലിചെയ്തു ഈശോയുടെ സാന്നിദ്ധ്യത്തിൽ. തിരുഹൃദയരൂപം വീട്ടിൽ ഇരുന്നുകൊള്ളട്ടെ; എന്നാൽ ആന്തരികമായിട്ടെങ്കിലും ഈശോയുടെ സാന്നിദ്ധ്യത്തിൽ ജോലി ചെയ്യുവാൻ നാം പരിശീലിക്കണം. ആരംഭിച്ചതെല്ലാം വിജയത്തിൽ കലാശിച്ചില്ലെങ്കിൽത്തന്നെയും, നിരാശയുടെ കണികപോലും അനുഭവപ്പെടാതെ ക്രിസ്തുവിൻെറ സാന്നിദ്ധ്യം പരാജയത്തെപ്പോലും ആനന്ദപ്രദമാക്കും.

---

# വിചാരങ്ങളിലും വേണം......

നിങ്ങളുടെ നീതി നിയമജ്ഞന്മാരുടേതിനേയും ഫ്രീശരുടേതിനേയുംകാഠം അധികമായിരിക്കയില്ലെങ്കിൽ നിങ്ങഠം സ്വഗ്ഗരാജ്യത്തിൽ പ്രവേശിക്കയില്ല എന്നു ഞാൻ നങ്ങളോടു പറയുന്നു. നീ കൊല്ലരുതു് എന്നും, കൊല്ലുന്ന ഏവനും ന്യായവിധിക്കു് അഹ്നാകുന്നുവെന്നും പൂവ്വന്മാരോടു് പറയപ്പെട്ടിരിക്കുന്നുവെന്നു് നിങ്ങഠം കേട്ടിട്ടുണ്ടല്ലോ. എന്നാൽ ഞാൻ നിങ്ങളോടു പറയുന്നു: തൻെറ സഹോദരനോടു വൃഥാ കോപിക്കുന്ന ഏവനും ന്യായവിധിക്കു് അഹ്നാകുന്നു. തൻെറ സഹോദരനോടു് റാക്കാ എന്നു പറയുന്ന ഏവനും സംഘവിധിക്കു് അഹ്നാകുന്നു. ഭോഷൻ എന്നുപറയുന്ന ഏവനും തീനരകത്തിനു് അഹ്നാകുന്നു. ആകയാൽ ബലിപീഠത്തിങ്കൽ നിൻെറ വഴിപാടു് കൊണ്ടുവരികയും, നിൻെറ സഹോദരൻ നിന്നോടു് എന്തെങ്കിലും വിരോധം വെച്ചുകൊണ്ടിരിക്കുന്നുവെന്നു് അവിടെവെച്ചു് നീ ഓക്കുകയും ചെയ്താൽ നിൻെറ വഴിപാടു് അവിടെ ബലിപീഠത്തിന്മേൽ വെച്ചുകൊണ്ടു് നീ ചെന്നു ഒന്നാമതായി സഹോദരനോടു സമാധാനപ്പെടുക. പിന്നെ വന്നു് നിൻെറ വഴിപാടു സമപ്പിക്കുക.

(പന്തക്കുസ്താ 5-ാം ഞായർ; സുവിശേഷം: മത്താ. v 20-24)

1951 മേയ് 1-ാംനു- ആഠംട്ടൻബഗ്ഗ് കത്തീഡ്രൽദേവാലയത്തിൽവെച്ചു് കൊളോൺ മെത്രാപ്പോലീത്തയായ കദ്ദിനാഠം ഫ്രീങ്ങ്സ് തിരുമനസ്സുകൊണ്ടു് "കത്തോലിക്കാസഭയുടെ സമാധാനാഗ്നി" (Peace Flame of the Catholic Church) കത്തിക്കയും ഉൽഘാടനം ചെയ്യുകയും ചെയ്തു. പശ്ചിമബർളിനിലെ കത്തോലിക്കായുവജനസംഘത്തിലെ അംഗങ്ങഠം ആ അഗ്നിയെ ദിഗന്തങ്ങഠംവരെ നാനാഭാഗത്തേയ്ക്കും എത്തിക്കുന്നതിൽ വ്യാപൃതരായിരിക്കുകയാണു്. ഖനികളിൽ ഉപയോഗിക്കുന്ന വിളക്കിൻെറ രൂപത്തിൽ ഈ അഗ്നിയെ സംവഹിച്ചുകൊണ്ടു് രണ്ടു

യുവാക്കന്മാർ ജർമ്മനിയുടെ റഷ്യൻ മേഖലയിലേയ്ക്കും പ്രവേശിച്ച് ഇതരയുവാക്കന്മാൎക്കു കൈമാറിക്കൊടുത്തു. ജർമ്മനിയുടെ അതിൎത്തികളിൽ എത്തിയാൽ ഇതരരാജ്യങ്ങളിലെ യുവാക്കന്മാൎക്കു ഈ അഗ്നി—ദീപത്തിന്റെ രൂപത്തിൽ— കൈമാറിക്കൊടുക്കുകയാണു് പതിവു്. അങ്ങനെ സമാധാനദീപം സകല രാജ്യങ്ങളിലും സംവഹിക്കപ്പെടുന്നതിനോടൊപ്പം സമാധാനസന്ദേശവും എല്ലാവരും സ്വീകരിക്കയും തദ്വാരാ ലോകസമാധാനം കൈവരിക്കയും ചെയ്യുമെന്നാണു് പ്രവൎത്തകന്മാരുടെ പ്രതീക്ഷ. സദുദ്യമങ്ങൾ ശ്ലാഘനീയങ്ങൾതന്നെ. എന്നാൽ അതോടൊപ്പം ചില അന്തഃകരണപരിശോധനകളും നടത്തുന്നതും നന്നായിരിക്കും. സമാധാനാഗ്നിയെ സംവഹിക്കയും അതിനെ സ്വീകരിച്ചാദരിക്കയും ചെയ്യുന്നവരുടെ മനസ്സിൽ വിദ്വേഷാഗ്നി ആളിക്കത്തുന്നുണ്ടോ എന്നുള്ളതാണു് പരിശോധനാവിഷയമാകേണ്ടതു്. "സമാധാനം വേണം, എങ്ങനേയും സമാധാനം സംസ്ഥാപിതമാകണം" എന്നെല്ലാം പല്ലവി മുഴക്കിക്കൊണ്ടു് ചിലർ സമാധാനകൎത്താക്കളായി രംഗപ്രവേശം ചെയ്യുന്നുണ്ടു്; നഖശിഖാന്തം ആയുധം ധരിച്ചുകൊണ്ടു് സമരസന്നദ്ധരായി നില്ക്കുന്ന ചില രാഷ്ട്രങ്ങളും "സമാധാനം, സമാധാനം" എന്നു നിലവിളിച്ചു പറയുന്നുണ്ടു്; ലോകസമാധാനത്തിനായി പിസ്കോൺഫ്രൻസുകളും ഒപ്പുശേഖരണങ്ങളും തകൃതിയായി നടക്കുന്നുണ്ടു്. എന്നാൽ, അതേസമയംതന്നെ അവരുടെ മനസ്സിൽ വിദ്വേഷാഗ്നിയും ആളിക്കത്തുന്നുണ്ടായിരിക്കും! രാഷ്ട്രങ്ങളിൽ മാത്രമല്ല, വ്യക്തികളിലും കുടുംബങ്ങളിലും സമുദായങ്ങളിലും ഈ പരിതാപകരമായ മനസ്ഥിതി ദൃശ്യമാണു്. "ഹെയ്, എനിക്കു് അവനോടു് യാതൊരു വിരോധവുമില്ല;" "ഞങ്ങൾക്കു് ആ കുടുംബക്കാരോടു് യാതൊരു വഴക്കുമില്ല" എന്നു പറയുന്നവർ പലരുമുണ്ടു്; പരസ്പരം പുഞ്ചിരി തൂകുകയും അത്യാവശ്യം ചില കുശലാന്വേഷണങ്ങൾ നടത്തുകയും ചെയ്യുന്നുണ്ടായിരിക്കും; എന്നാൽ ഉള്ളിലാകട്ടെ, വിദ്വേഷംവമിച്ചു

കൊണ്ടിരിക്കുകയും ചെയ്യും. എങ്ങനെ സമാധാനമുണ്ടാകും? എങ്ങനെ സാഹോദര്യം പുലരും?

മനുഷ്യൻ ത്രിവിധകരണങ്ങളിലും പരിശുദ്ധനായിരിക്കണം— വിചാരത്തിലും വാക്കിലും പ്രവൃത്തിയിലും. പ്രവൃത്തികളിൽമാത്രം പാപപുണ്യങ്ങളെ പരിഗണിച്ചാൽ മതി; വാക്കുകളിലും കുറെ സൂക്ഷം വേണം; എന്നാൽ വിചാരങ്ങളെപ്പററി ഒട്ടും ഗൗനിക്കേണ്ടതില്ല—എന്നിങ്ങനെയുള്ള ഒരു ചിന്താഗതി പണ്ടു പലക്കുമുണ്ടായിരുന്നു; ഇന്നും വളരെപ്പേരിൽ ഈ അബദ്ധധാരണ കുടികൊള്ളുന്നുമുണ്ട്. എന്നാൽ ക്രിസ്തുനാഥൻ ഇക്കാര്യത്തിൽ വളരെ കണിശമായ ജീവിതരീതിയാണ് കല്പിക്കുന്നത്. കൊല്ലുന്നവൻമാത്രമല്ല, തൻെറ സഹോദരനോടു വൃഥാ കോപിക്കുന്ന ഏവനും ന്യായവിധിക്ക് അഹ്നനാണെന്ന് ഉന്നതത്തെ സുവിശേഷത്തിൽ അങ്ങുന്ന് ഉൽബോധിപ്പിക്കുന്നുണ്ട്. പ്രവൃത്തിയാലുള്ള വ്യഭിചാരം മാത്രമല്ല, പാപമാകുന്നത്. "ഒരു സ്ത്രീയെ മോഹവിചാരത്തോടുകൂടെ നോക്കുന്ന ഏവനും ഹൃദയംകൊണ്ട് അവളുമായി വ്യഭിചാരം ചെയ്തുകഴിഞ്ഞു." ഇങ്ങനെ, പ്രവൃത്തികളും വാക്കുകളും മാത്രമല്ല വിചാരങ്ങളും പാപരഹിതമായിരിക്കണമെന്നു ക്രിസ്തുനാഥൻ നിഷ്കർഷിക്കുന്നുണ്ട്. ഇതു തക്ക ന്യായത്തോടുകൂടിത്തന്നെയാണ്. കാരണം വാക്കുകളുടേയും പ്രവൃത്തികളുടേയും ഉൽപ്പത്തിസ്ഥാനവും ഉറവിടവുമാണ് വിചാരങ്ങൾ. മനസ്സിൽ തിങ്ങിവിങ്ങുന്ന വിചാരങ്ങൾ, ആശയങ്ങൾ, ചിന്താഗതി, വികാരങ്ങൾ എന്നിവയ്ക്കനുസൃതമായിരിക്കും ഒരുവൻെറ വാക്കുകളും പ്രവൃത്തികളും. ഉത്ഭവസ്ഥാനം പരിശുദ്ധമായിരുന്നാൽ നദീജലവും പരിശുദ്ധമായിരിക്കും; അതുപോലെതന്നെ, വിചാരങ്ങൾ പരിശുദ്ധമായിരുന്നാൽ പ്രവൃത്തികളും വാക്കുകളും പരിശുദ്ധമായേ കഴിയൂ. വ്യക്തികളും കുടുംബങ്ങളും സമുദായങ്ങളും രാഷ്ട്രങ്ങളും തമ്മിൽ സമാധാനവും സാഹോദര്യവും സ്ഥാപിക്കുവാനുള്ള പരിശ്രമങ്ങളെല്ലാം തകർന്നുപോകുന്നതിൻെറ രഹസ്യം ഇതുതന്നെയാ

ണ്. മനസ്സിൽനിന്നു വിദ്വേഷം വിപാടനംചെയ്ത് സംശുദ്ധമാക്കാതെ എത്രതന്നെ ഭംഗിവാക്കുകഠം പറഞ്ഞാലും പരിശ്രമങ്ങഠം നടത്തിയാലും കോൺഫ്രൻസുകഠം വിളിച്ചുകൂട്ടിയാലും ഫലമുണ്ടാകയില്ല. "അക്രമരാഹിത്യം" പ്രസംഗിക്കുന്ന നമ്മുടെ ചില ഭാരതീയനേതാക്കന്മാൎക്കും പററുന്ന അബദ്ധം ഇതുതന്നെയാണ്. നേതാവിൻെറ ഉള്ളിൽ അക്രമാസക്തി ആളിക്കത്തുകയും ആ അക്രമാസക്തി അനുയായികളുടെ മനസ്സിലും കുത്തിച്ചെലുത്തുകയും ചെയ്തശേഷം "അക്രമരാഹിത്യം പാലിക്കണം; പ്രശാന്തരായിരിക്കണം" എന്നൊക്കെ പറയുന്നതിൽ എന്ത് ആത്മാൎത്ഥതയാണുള്ളത്? ഫലം എന്തായിരിക്കും? ആദ്യം മനസ്സിൽ അക്രമാസക്തി ഇല്ലാതാകട്ടെ; അപ്പോഠം വാക്കുകളും പ്രവൃത്തികളും തദനുസാരമായിരിക്കും.

വിദ്വേഷവും പ്രതികാരേച്ഛയും മനസ്സിൽ കുടികൊള്ളുവാൻ പാടില്ലെന്ന് അനുശാസിക്കുന്നതിൻെറ അടിസ്ഥാനതത്വം എന്താണെന്നും ഇത്തരുണത്തിൽ ആരായുന്നത് നന്നായിരിക്കും. ദൈവം നമ്മുടെ പിതാവാണ്; ആ പിതാവിൻെറ മക്കളാണ് നാമെല്ലാവരും—ശത്രുമിത്രഭേദമെന്യേ. "നിങ്ങളുടെ ശത്രുക്കളെ സ്നേഹിക്കുവിൻ........ഇതു നിങ്ങഠം, ശിഷ്ടന്മാരുടെമേലും ദുഷ്ടന്മാരുടെമേലും തൻെറ സൂൎയ്യനെ ഉദിപ്പിക്കയും, നീതിമാന്മാരുടെമേലും നീതികെട്ടവരുടെമേലും തൻെറ മഴ പെയ്യിക്കയും ചെയ്യുന്ന സ്വൎഗ്ഗത്തിലുള്ള നിങ്ങളുടെ പിതാവിൻെറ പുത്രന്മാരായിത്തീരേണ്ടതിന്നുതന്നെ." (മത്താ. v 44,45). നാം ദൈവത്തിൻെറ മക്കളാകണമെങ്കിൽ അങ്ങയെ അനുകരിച്ചുകൊണ്ടു് നാം നമ്മുടെ ഭ്രാതാക്കളെ—ശത്രുക്കളായാലും—സ്നേഹിച്ചേ കഴിയൂ. പൊതുപിതാവു് ഉണ്ടെങ്കിൽ മാത്രമേ മനുഷ്യസാഹോദൎയ്യത്തിന്ന് അൎത്ഥമുള്ളു. നിരീശ്വരന്മാരും ഭൗതികവാദികളും മററും സൎവ്വസാഹോദൎയ്യത്തെക്കുറിച്ചു വീറോടെ പ്രസംഗിക്കുമ്പോഠം അവർ അടിസ്ഥാനമിടാതെ കെട്ടിടം പണിയുകയാണ് ചെയ്യുന്നതു്. ദൈവത്തിൻെറ

പിതൃത്വം എല്ലാവരും ആത്മാത്ഥമായി അംഗീകരിച്ചാൽമാത്രമേ ലോകസമാധാനത്തിൻെറ അടിസ്ഥാനം ഉറയ്ക്കുകയുള്ളു.

നമ്മുടെ ഇടവകകളിൽ പലരും ഭക്തജീവിതം കഴിക്കുന്നവരായി പ്രത്യക്ഷപ്പെട്ടുന്നുണ്ട്. ദിവസേന ദിവ്യബലിയിൽ സംബന്ധിക്കുക, ദിവ്യകാരുണ്യം സ്വീകരിക്കുക, വിയാസാക്ര കഴിക്കുക, മൂന്നും നാലും കൊന്തകൾ എത്തിക്കുക, ധമ്മവും അന്നദാനവും നടത്തുക, പള്ളിക്കും പരോപകാരസ്ഥാപനങ്ങൾക്കും ഉദാരമായ സംഭാവനകൾ നല്കുക—എന്നിങ്ങനെയുള്ള സൽകൃത്യങ്ങളിൽ അവർ വ്യാപൃതരായിരിക്കും. സ്തുത്യർഹങ്ങളായ പുണ്യകൃത്യങ്ങൾതന്നെയാണ് ഇവയെല്ലാം, തക്മില്ല. എന്നാൽ അതേസമയംതന്നെ ആ ഭക്താത്മാവിൻെറ ഉള്ളിൽ വിദ്വേഷം കുടികൊള്ളുന്നുണ്ടെങ്കിൽ—ചില വ്യക്തികളോടും ചില കുടുംബങ്ങളോടുമുള്ള വിരസവും പ്രതികാരേച്ഛയും ഒളിഞ്ഞിരിപ്പുണ്ടെങ്കിൽ—മേൽപ്പറഞ്ഞ സുകൃതകൃത്യങ്ങളെല്ലാം വെറും ജലത്തിലെ രേഖകൾപോലെ നിഷ്ഫലമാകയില്ലേ? ദൈവസ്നേഹത്തിൻെറ മാനദണ്ഡംതന്നെ സഹോദരസ്നേഹമല്ലേ? സ്വഭ്രാതാവായ മനുഷ്യനെ ദ്വേഷിക്കുന്നവൻ സ്വപിതാവായ ദൈവത്തെ എങ്ങിനെ സ്നേഹിക്കും! ഇന്നത്തെ സുവിശേഷത്തിൽ പറയുന്നു: ‘‘നീ ബലിപീഠത്തിങ്കൽ നിൻെറ പഴിപാട്ട് കൊണ്ടുവരികയും, നിൻെറ സഹോദരൻ നിന്നോട്ട് എന്തെങ്കിലും വിരോധം വെച്ചുകൊണ്ടിരിക്കുന്നുവെന്നു് അവിടെ വെച്ച്് നീ ഓക്കയും ചെയ്താൽ, നിൻെറ വഴിപാട്ട് അവിടെ ബലിപീഠത്തിൽവെച്ചുകൊണ്ട് നീ ചെന്നു് ഒന്നാമതായി സഹോദരനോട്ട് രമ്യപ്പെട്ടുക; പിന്നെ വന്നു നിൻെറ വഴിപാട്ട് സമപ്പിക്കുക.’’ നാം ദിവ്യബലിയിൽ സംബന്ധിക്കുമ്പോഴും അനുഷ്ഠിക്കേണ്ട പ്രവത്തനരീതി ഇതുതന്നെയായിരിക്കട്ടെ; വിദ്വേഷലേശമില്ലാത്ത ഒരു മനസ്സാക്ഷിയാണ് നമുക്കുണ്ടായിരിക്കേണ്ടതു്; എന്നാൽ മാത്രമേ നമ്മുടെ ദിവ്യബലിയപ്പണം ഫലപ്രദമാകയുള്ളു. പാപികളും പാപംമൂലം ദൈവശത്രുക്കളായി

ത്തിന്നിട്ടുള്ളവരുമായ മനുഷ്യൎക്കുവേണ്ടി സ്വജീവൻ ബലിയൎപ്പിക്കു
യും "പിതാവേ ഇവർ ചെയ്യുന്നതെന്താണെന്നു് ഇവർ അറിയാത്ത
തുകൊണ്ടു് ഇവരോടു ക്ഷമിക്കേണമെ" എന്നു പ്രാൎത്ഥിച്ചുകൊണ്ടു്
ജീവൻ വെടിയുകയും ചെയ്യുന്ന ആ മഹോന്നതയജ്ഞത്തിൽ ആ
ത്മാൎത്ഥമായി ഭാഗഭാക്കാകുന്ന ഒരുവനിൽ എങ്ങനെ സഹോദര
വിദ്വേഷം കുടികൊള്ളും? മറിച്ചു് മനസ്സിൽ വിദ്വേഷം വെച്ചുപു
ലൎത്തുന്നുണ്ടെങ്കിൽ, ഈ ഭക്തകൃത്യങ്ങൾക്കെല്ലാം വല്ല അൎത്ഥവുമു
ണ്ടോ? "എനിക്കു് അവനോടു യാതൊരു വിരോധവുമില്ല. എ
ന്റെ മനസ്സിൽ ഒന്നുമില്ല" എന്നെല്ലാം പറയുമ്പോൾ അതിൽ
ആത്മാൎത്ഥതയുണ്ടോ എന്നു് എല്ലാവരും പരിശോധിച്ചുനോക്കു
ട്ടെ. രക്ഷാകരമായ ഭീതിയുളവാക്കേണ്ട ഒന്നുരണ്ടു വാക്യങ്ങൾ
ഇവിടെ ഉദ്ധരിച്ചുകൊള്ളട്ടെ: "മനുഷ്യരോടു നിങ്ങൾ ക്ഷമിക്കു
യില്ലെങ്കിൽ നിങ്ങളുടെ പിതാവു നിങ്ങളുടെ തെറ്റുകൾ നിങ്ങ
ളോടും ക്ഷമിക്കയില്ല." (മത്താ. vi ,15) കരുണ കാണിക്കാത്ത ഭൃ
ത്യന്റെ ഉപമ (മത്താ.xviii) യുടെ അവസാനം ക്രിസ്തുനാഥൻ
അരുളിച്ചെയ്യുന്നു: "നിങ്ങൾ ഓരോരുത്തൻ തന്റെ സഹോദര
ന്റെ തെറ്റു ഹൃദയപൂൎവ്വം അവനോടു ക്ഷമിക്കാതിരുന്നാൽ സ്വ
ൎഗ്ഗത്തിലുള്ള എന്റെ പിതാവു് നിങ്ങളോടും ഇപ്രകാരം ചെയ്യും"

---

# സഹാനുഭൂതി

ആ നാളുകളിൽ വളരെ ജനക്കൂട്ടം ഉണ്ടായിരിക്കയും അവൎക്കു ഭ
ക്ഷിപ്പാൻ ഒന്നും ഇല്ലാതിരിക്കയും ചെയ്കയാൽ അവർ തന്റെ ശി
ഷ്യരെ വിളിച്ചു് അരുളിച്ചെയ്തു: ഈ ജനക്കൂട്ടത്തിന്റമേൽ എനിക്കു
മനസ്സലിവു തോന്നുന്നു. എന്തെന്നാൽ ഇതാ! അവർ മൂന്നുദിവസം

എൻെറ അടുക്കൽ താമസിച്ചു. അവക്ക് ഭക്ഷിക്കുവാൻ ഒന്നുമില്ല. ഞാൻ അവരെ പട്ടിണിയായി വീടുകളിലേക്കു വിട്ടയച്ചാൽ വഴിയിൽ അവർ തളൎന്നുപോകും. അവരിൽ ചിലർ ദൂരത്തുനിന്നും വന്നവരാണല്ലോ. ശിഷ്യർ അവനോട്: ഇവരെയെല്ലാം ഇവിടെ, ഈ മരുഭൂമിയിൽവെച്ചു, അപ്പംകൊണ്ടു തൃപ്തരാക്കുവാൻ ഒരുത്തന് എങ്ങിനെ സാധിക്കും എന്നു ചോദിച്ചു. അവൻ അവരോടു നിങ്ങൾക്ക് എത്ര അപ്പമുണ്ടെന്നു ചോദിച്ചു. ഏഴ് എന്ന് അവർ പറഞ്ഞു. അവൻ ജനക്കൂട്ടങ്ങളോട്' നിലത്ത് ഇരിക്കുവാൻ കല്പിച്ചു. പിന്നെ അവൻ ആ ഏഴ് അപ്പവുമെടുത്ത് ആശീൎവ്വദിച്ചു മുറിച്ച് വിളമ്പുവാനായി ശിഷ്യരുടെ പക്കൽ കൊടുത്തു. അവർ ജനക്കൂട്ടങ്ങൾക്കു വിളമ്പി. കുറെ മത്സ്യവും ഉണ്ടായിരുന്നു. അവൻ അപ്പവും ആശീൎവ്വദിച്ച്, വിളമ്പുവാൻ കല്പിച്ചു. അവർ ഭക്ഷിച്ചു തൃപ്തരായി. ഏഴു കുട ശേഷിച്ച കഷണങ്ങൾ അവർ എടുക്കുകയുംചെയ്തു. ഭക്ഷിച്ച മനുഷ്യർ ഉദ്ദേശം നാലായിരമായിരുന്നു. അവൻ അവരെ പിരിച്ചുവിട്ടു.

(പന്തക്കുസ്ത 6-ാം ഞായർ; സുവിശേഷം: മൎക്കോസ് XIII, 1—9.)

പണ്ട് ഒരു യുവരാജാവ്' സ്വപിതാവിൻെറ കാലശേഷം രാജ്യഭരണം കൈയേററു. പ്രജകളുടെ ക്ഷേമത്തിൽ അതിയായ ഉൽകണ്ഠ പ്രദൎശിപ്പിച്ചിരുന്ന അദ്ദേഹം അവൎക്കുവേണ്ടി സ്വജീവനെ ഉഴിഞ്ഞിട്ടു. അവരുടെ ക്ലേശങ്ങൾ കാണുമ്പോഴെല്ലാം അദ്ദേഹത്തിൻെറ ഹൃദയം സഹതാപത്താൽ ആൎദ്രമായി. ഭക്ഷണവും വസ്ത്രവും നല്കിക്കൊണ്ടു തൻെറ കഴിവിൻെറ പാരമ്യംവരെയും അദ്ദേഹം അവരെ സഹായിച്ചു. തൽഫലമായി രാജകീയഖജനാവുതന്നെ പരിക്ഷീണമായിത്തീൎന്നു. എന്നാൽ ജനങ്ങളാകട്ടെ ഇപ്രകാരം പിറുപിറുത്തു: "നമ്മുടെ കഷ്ടപ്പാടുകളെല്ലാം രാജാവിനോടു പറഞ്ഞിട്ട് ഒരു പ്രയോജനവുമില്ല. അദ്ധ്വാനിക്കുക, പട്ടിണിയും തണുപ്പും സഹിക്കുക ഇതൊന്നും അദ്ദേഹം അനുഭവിച്ചറിഞ്ഞിട്ടില്ല. സുഖസമൃദ്ധിയുടെ മടിത്തട്ടിലാണ് അദ്ദേഹം ജീവിക്കുന്നത്. പിന്നെ എങ്ങനെ അദ്ദേഹത്തിനു നമ്മുടെ കഷ്ടതകൾ മനസ്സി

ലാകും? . . . . ." ഇതുകേട്ടപ്പോൾ രാജാവിൻെറ ഹൃദയം വ്രണിതമായി. വയോവൃദ്ധനും പരിചയസമ്പന്നനുമായ ഒരു മന്ത്രിയെ സമീപിച്ച് അദ്ദേഹത്തിൻെറ ഉപദേശം ആ നരപതി ആരാഞ്ഞു. അല്പനേരം പുരികം ചുളിച്ചാലോചിച്ചശേഷം ആ മന്ത്രിസത്തമൻ ഇപ്രകാരം പറഞ്ഞു: "തിരുമേനി, ഇതിന് ഒരു പ്രതിവിധി മാത്രമേ അടിയൻ കാണുന്നുള്ളു. രാജകീയമന്ദിരങ്ങൾ ഉപേക്ഷിച്ചുകൊണ്ട് തിരുമേനി പ്രജകളുടെ പക്കലേയ്ക്കു ഇറങ്ങിച്ചെന്ന് അവരുടെയിടയിൽ കുറെനാൾ ജീവിക്കണം. ഒരു രാജാവിനെപ്പോലെയല്ല, പ്രത്യുത, അവരിൽ ഒരുവനെപ്പോലെ ജീവിക്കണം. എന്നാൽമാത്രമേ . . . . . ." അന്നത്തെ രാത്രിയുടെ നിശ്ശബ്ദതയിൽ ദരിദ്രവേഷധാരിയായ ഒരാൾ അരമനയിൽനിന്നു് പുറപ്പെട്ടുപോയി. വേഷവ്യത്യാസംമൂലം ആരും തങ്ങളുടെ രാജാവിനെ തിരിച്ചറിഞ്ഞില്ല. രാജാവു് ഏതോ വിദൂരദേശത്തേയ്ക്കു തീർത്ഥയാത്ര പോയിരിക്കയാണെന്നു ജനങ്ങൾ വിശ്വസിച്ചു. വളരെ മാസങ്ങൾ ആ രാജാവു് ഒരു ചെറുകുടിലിൽ ജീവിച്ചു; ഒരു സാധു കർഷകനെപ്പോലെ അദ്ദേഹം പണിയെടുക്കയും ഭക്ഷിക്കയും ജീവിക്കയും ചെയ്തു. കൂട്ടുകാർ അദ്ദേഹത്തെ സ്നേഹിച്ചു; അദ്ദേഹം അവരോടു യാത്രപറഞ്ഞു പിരിഞ്ഞപ്പോൾ അവരുടെ കണ്ണുകൾ അശ്രുപൂർണ്ണങ്ങളായി . . . . വീണ്ടും അദ്ദേഹം അരമനയിൽ എത്തി, രാജോചിതമായ വിധത്തിൽ ജനങ്ങളുടെയിടയിൽ പ്രത്യക്ഷപ്പെട്ടു. ഒരു കർഷകനെന്ന നിലയിൽ അദ്ദേഹത്തെ പരിചയമുണ്ടായിരുന്നവർ അദ്ദേഹത്തെ തിരിച്ചറിഞ്ഞു; അദ്ദേഹത്തിൻെറ അജ്ഞാതജീവിതരഹസ്യം പരസ്യമായി. അതോടെ എന്തെന്നില്ലാത്ത ഭക്ത്യാദരവും സ്നേഹവും ജനങ്ങൾ അദ്ദേഹത്തോടു പ്രകടിപ്പിച്ചു; പിന്നീടാരും ഒരിക്കലും പിറുപിറുത്തുമില്ല.

ലോകം ക്ലേശങ്ങളുടെ ഒരു നീർച്ചുഴിയാണു്. അവയിൽപ്പെട്ടു് വട്ടംകറങ്ങുന്ന് ഒരാൾ ചിലപ്പോൾ ഇപ്രകാരം പിറുപിറുക്കുന്നു: "ദൈവം ഇതൊന്നും കാണുന്നില്ലേ? അറിയുന്നില്ലേ? ഞാൻ എ

ന്തെല്ലാം ക്ലേശങ്ങൾ സഹിക്കുന്നു! രോഗം, വേദന, പട്ടിണി, മനഃക്ലേശം . . . . . ഹാ! . . .'' ഇവിടെയാണ് ക്രിസ്തുമതത്തിന്റെ മാഹാത്മ്യവും പ്രായോഗികതയും സുതരാം സ്പഷ്ടമാകുന്നതു്. ഇവിടെയാണ് ക്രിസ്തുമതം മനുഷ്യഹൃദയങ്ങൾക്കു സാന്ത്വനമരുളുന്നതും അഭിലാഷനിവൃത്തി വരുത്തുന്നതും. ക്രിസ്തുമതം പഠിപ്പിക്കുന്നു: ദൈവം മനുഷ്യനായി അവതരിച്ചു: നമ്മെപ്പോലെയുള്ള ശരീരവും ആത്മാവും സംവരിച്ചു; നമ്മെപ്പോലെയോ അതിൽ കൂടുതലോ കഷ്ടാരിഷ്ടതകൾ നിറഞ്ഞ ഒരു ജീവിതത്തെ സമാശ്ലേഷിച്ചു; ഒടുവിൽ നമുക്കുവേണ്ടി കുരിശിൽ തന്റെ ജീവനെ ബലികഴിച്ചു. നിങ്ങൾ ദാരിദ്ര്യത്താലോ, ശാരീരികവേദനകളാലോ, മാനസികക്ലേശങ്ങളാലോ യാതനകളനുഭവിക്കുന്നുണ്ടെങ്കിൽ അതെല്ലാം ദൈവമായ ക്രിസ്തുനാഥൻ അനുഭവിച്ചറിഞ്ഞിട്ടുണ്ടു്; നിങ്ങൾ മർദ്ദിക്കപ്പെടുകയും പരിഹസിക്കപ്പെടുകയും സർവ്വരാലും പരിത്യക്തരാകയും ചെയ്യുന്നുണ്ടെങ്കിൽ അതെല്ലാം ക്രിസ്തുനാഥനും അനുഭവിച്ചറിഞ്ഞിട്ടുണ്ടു്. പാപമൊഴിച്ചു് മറെറല്ലാ ക്ലേശങ്ങളും നമ്മെപ്പോലെ അനുഭവിച്ചറിഞ്ഞിട്ടുള്ള കരുണാമൂർത്തിയാണ് ക്രിസ്തുനാഥൻ എന്നുള്ളതു് നമുക്ക് ആശ്വാസപ്രദവും നമ്മുടെ ജീവിതസരണിയിൽ പുതിയമാർഗ്ഗം വെട്ടിത്തുറക്കുവാൻ പര്യാപ്തവുമല്ലേ?

ഇന്നത്തെ സുവിശേഷത്തിൽ ക്രിസ്തുനാഥൻ പറയുന്നു: ''ഈ ജനക്കൂട്ടത്തിന്റെമേൽ അലിവുതോന്നുന്നു. എന്തെന്നാൽ ഇതാ! അവർ മൂന്നു ദിവസം എന്റെയടുക്കൽ താമസിച്ചു. അവർക്കു ഭക്ഷിക്കുവാൻ ഒന്നുമില്ല. ഞാൻ അവരെ പട്ടിണിയായി വീടുകളിലേക്കു പറഞ്ഞയച്ചാൽ വഴിയിൽ അവർ തളർന്നുപോകും. അവരിൽ ചിലർ ദൂരത്തുനിന്നു വന്നവരാണല്ലൊ.'' നോക്കുക, എത്രയോ സഹാനുഭൂതിയോടും അനുകമ്പയോടും സ്നേഹവായ്പോടുംകൂടിയാണ് ക്രിസ്തുനാഥൻ സംസാരിക്കുന്നതു്. വിശപ്പിന്റെ ക്ലേശവും യാത്രയുടെ ക്ലേശവും അനുഭവിച്ചറിഞ്ഞിട്ടുള്ള ക്രിസ്തുനാഥൻ, മററുള്ളവരും അവയനുഭവിക്കുമ്പോൾ അവർക്കു നേരിടുന്ന ക്ലേശങ്ങളെ

സഹാനുഭൂതിയോടെ വീക്ഷിക്കുന്ന ക്രിസ്തുനാഥൻ, ഇതാ ഒരത്ഭുതം വഴി അവർക്കു ഭക്ഷണംനല്കി സംതൃപ്തരാക്കുന്നു. ഇംഗ്ലീഷിൽ (Compassion) എന്ന പദമാണു് ക്രിസ്തുനാഥൻ ഉപയോഗിക്കുന്നതു്. അതിന്റെ ധാത്വർത്ഥം മനസ്സിലാക്കിയാൽ, അതു നമ്മുടെ ജീവിതത്തിൽത്തന്നെ വലിയൊരു പരിവർത്തനമുണ്ടാക്കുവാൻ പര്യാപ്തമാകുന്നതാണു്. മററുള്ളവരുടെ ക്ലേശങ്ങൾ നാം അനുഭവിക്കുന്നതുപോലെ വിചാരിച്ചു്, അല്ലെങ്കിൽ, നമ്മിൽത്തന്നെ അനുഭവിച്ചുകൊണ്ടു്, സഹാനുഭൂതിയോടെ ഇതരന്മാരുടെ ക്ലേശങ്ങൾ ലഘൂകരിക്കാൻ ആത്മാർത്ഥമായി ശ്രമിക്കുക. ഇതിനാണു് (Compassion) എന്ന പദം ഉപയോഗിക്കുന്നതു്. നാം കരയുന്നവരോടുകൂടി കരയുകയും സന്തോഷിക്കുന്നവരോടുകൂടി സന്തോഷിക്കയും ചെയ്യണമെന്നു് വി. പൌലോസും നമ്മെ ഉൽബോധിപ്പിക്കുന്നുണ്ടല്ലോ. സഹാനുഭൂതിയിൽനിന്നു ജനിക്കുന്ന സഹതാപം, അനുകമ്പ, ദയ എന്നീ ഗുണങ്ങൾ നിർമ്മലമായിരിക്കും. വിശക്കുന്ന ഒരുവൻവന്നു ഭിക്ഷ യാചിക്കുമ്പോൾ സ്വന്തം മണിമന്ദിരത്തിലിരുന്നുകൊണ്ടു്, സ്വന്തം സുഖഭോഗങ്ങളിലാമഗ്നനായിക്കൊണ്ടു്, ഒരു നാണയം അയാൾക്കു് എറിഞ്ഞുകൊടുക്കുകയോ അല്പം ഭക്ഷണം അയാൾക്കു നല്കുകയോ ചെയ്യുന്നവർ അതെത്രമാത്രം സഹാനുഭൂതിയോടെയാണു് ചെയ്യുന്നതെന്നു് അല്പം ആലോചിച്ചുനോക്കട്ടെ. ഏതെങ്കിലും ആതുരശാലയ്ക്കോ പരോപകാരസ്ഥാപനത്തിനോ ധനസഹായം ചെയ്യുന്നവർ ആതുരന്മാരുടെ ക്ലേശങ്ങളെ സഹാനുഭൂതിയോടെ വീക്ഷിച്ചുകൊണ്ടാണോ അങ്ങനെ ചെയ്യുന്നതു്? പട്ടിണിയെന്തെന്നു് അനുഭവിച്ചറിഞ്ഞവനു് വിശപ്പിന്റെ നിലവിളി കൂടുതൽ ഗ്രഹിക്കുവാനും അനുകമ്പ പ്രദർശിപ്പിക്കുവാനും സാധിക്കും. ശാരീരികവേദന—അല്ലെങ്കിൽ രോഗം—അനുഭവിച്ചറിഞ്ഞവനു് രോഗികളോടു കൂടുതൽ സഹതാപം ഉണ്ടായിരിക്കും. മനോവേദനയും

നിരാശയും അനുഭവിച്ചറിഞ്ഞവന് തത്സാഹചര്യങ്ങളിൽ ജീവിക്കുന്നവരോടു മനസ്സലിവോടെ പെരുമാറുവാൻ കഴിയും.

എന്നാൽ എല്ലാ ക്ലേശങ്ങളും ഒരുവൻ അനുഭവിച്ചറിഞ്ഞതിനുശേഷം മാത്രമെ പരോപകാരകൃത്യങ്ങളിൽ ഏർപ്പെടാവൂ എന്നു അനുശാസിക്കുവാൻ നിവൃത്തിയില്ല. ചില ക്ലേശങ്ങൾ ചിലരുടെ അനുഭവസീമയിൽ എത്തിപ്പെട്ടിട്ടില്ലായിരിക്കും; അങ്ങനെയുള്ള സാഹചര്യങ്ങളിലായിരിക്കാം അവർ ജീവിക്കുന്നത്. എങ്ങനെയായാലും സഹാനുഭൂതിയോടുകൂടിയ അനുകമ്പാപ്രകടനങ്ങളാണ് നമുക്ക് കൂടുതൽ ആവശ്യമായിരിക്കുന്നത്. പ്രയോക്താവിനും സ്വീകർത്താവിനും അവയാണ് കൂടുതൽ സംതൃപ്തിയും ആശ്വാസവും നല്കുക. പലേ ധനസഹായങ്ങൾ സ്വീകരിച്ചതിനുശേഷവും ഉപകർത്താവിനോടു വിദ്വേഷമനസ്ഥിതി പുലർത്തുന്നവർ പലരുമുണ്ട്. കൂടുതൽ സഹാനുഭൂതിയോടുകൂടി ഇതരന്മാർക്കു സഹായങ്ങൾ നല്കിയാൽ ഈ വിദ്വേഷമനസ്ഥിതിയും—തദ്വാരാ പുതിയ 'ഇസ'ങ്ങളും—പാടേ വിപാടനം ചെയ്യാവുന്നതാണ്. സഹാനുഭൂതിയുണ്ടാകുവാൻ എളുപ്പമുള്ള ചില മാർഗ്ഗങ്ങളും ഉണ്ട്. ധനസമൃദ്ധിയിലും സുഖഭോഗങ്ങളിലും ജീവിതം നയിക്കുന്നവർ തങ്ങളുടെ സമീപമുള്ള ദരിദ്രരുടെ ചെറുകുടിലുകൾ സന്ദർശിക്കട്ടെ; കുനിഞ്ഞുകൊണ്ട് അവർ അവയിൽ പ്രവേശിക്കട്ടെ; ആ സാധുക്കൾ എങ്ങനെ നിത്യവൃത്തി കഴിച്ചുകൂട്ടുന്നുവെന്ന് അന്വേഷിക്കട്ടെ; രോഗബാധിതരാകുമ്പോൾ എന്തു വൈദ്യസഹായവും ശുശ്രൂഷകളുമാണ് അവർക്കു ലഭിക്കുവാൻ ഇടയുള്ളതെന്നും അവർ ആരായട്ടെ. ശാരീരികവേദനയനുഭവിച്ചിട്ടില്ലാത്തവർ ഇടക്കിടെ ആസ്പത്രികളിൽ രോഗികളെ സന്ദർശിക്കട്ടെ; അല്ലെങ്കിൽ സമീപഗൃഹങ്ങളിലുള്ള രോഗികളെ സന്ദർശിക്കട്ടെ; അവരുടെ ക്ലേശങ്ങളേയും വേദനകളേയും കണ്ടറിയട്ടെ. മനഃക്ലേശങ്ങൾ അനുഭവിക്കുന്നവരെ സമാശ്വസിപ്പിക്കയും അവരുടെ മനോവേദനയുടെ നീണ്ട ചരിത്രങ്ങൾ ക്ഷമയോടും സഹതാപത്തോടുംകൂടി ശ്രവി

ക്കയും ചെയ്യട്ടെ. അപ്പോൾ സഹാനുഭൂതി—അവരുടെ ക്ലേശങ്ങൾ നാം അനുഭവിക്കുന്നതുപോലെയുള്ള വിചാരം— നമ്മിൽ ഉൽഭൂതമാകും. വെറും ഔപചാരികമായോ വ്യത്യസ്തനിലയും അകൽച്ചയും പുലൎത്തിക്കൊണ്ടോ ഇതരന്മാൎക്കു ചെയ്യുന്ന സഹായങ്ങൾക്കു ജീവനുണ്ടാകണമെങ്കിൽ സഹാനുഭൂതി അവയിൽ അലിഞ്ഞുചേൎന്നിരിക്കണം. സെൻറ് വിൻസൻറ് ഡി പോൾ സംഘാംഗങ്ങളും മററും ഇക്കാൎയ്യത്തിൽ പ്രത്യേകം ശ്രദ്ധിക്കണം. അതുകൊണ്ടാണല്ലോ കുടുംബസന്ദൎശനവും ആസ്പത്രിസന്ദൎശനവും അവൎക്കു നിൎബ്ബന്ധമാക്കിയിരിക്കുന്നതു്. സഹാനുഭൂതിയുടെ ഉത്തമമാതൃകയായ പരി. കന്യക—കുരിശിൻചുവട്ടിൽ നിന്നുകൊണ്ടു് തൻെറ പുത്രൻെറ യാതനകളെല്ലാം സ്വശരീരത്തിൽ അനുഭവിച്ച രക്തസാക്ഷികളുടെ രാജ്ഞി—നമ്മെ അനുഗ്രഹിക്കട്ടെ.

# മരവും മനുഷ്യനും

കുഞ്ഞാടുകളുടെ വേഷത്തിൽ നിങ്ങളുടെ അടുക്കൽ വരുന്ന വ്യാജപ്രവാചകന്മാരെ സൂക്ഷിച്ചുകൊള്ളുവിൻ. അകമേ അവർ കടിച്ചുകീറുന്ന ചെന്നായ്ക്കളാകുന്നു. അവരെ, അവരുടെ ഫലങ്ങൾകൊണ്ടു നിങ്ങൾ അറിഞ്ഞുകൊള്ളുവിൻ. മുള്ളുകളിൽനിന്നു് മുന്തിരിപ്പഴങ്ങളോ, ഞെരിഞ്ഞിലുകളിൽനിന്നു് അത്തിപ്പഴങ്ങളോ പറിക്കാറുണ്ടോ? ഇങ്ങനെതന്നെ നല്ല വൃക്ഷമൊക്കെയും നല്ല ഫലങ്ങൾ കായ്ക്കുന്നു. ചീത്തവൃക്ഷം ചീത്തയായ ഫലങ്ങൾ കായ്ക്കുന്നു. നല്ല വൃക്ഷത്തിനു ചീത്തഫലങ്ങൾ കായ്ക്കുവാനോ, ചീത്തവൃക്ഷത്തിനു് നല്ല ഫലങ്ങൾ കായ്ക്കുവാനോ കഴികയില്ല. നല്ല ഫലങ്ങൾ കായ്ക്കാത്ത വൃക്ഷമൊക്കെയും വെട്ടി തീയിൽ ഇടപ്പെടും. ആകയാൽ ഫലങ്ങൾകൊണ്ടു് അവരെ നിങ്ങൾ അറിഞ്ഞുകൊള്ളുവിൻ. സ്വൎഗ്ഗ

ത്തിലുള്ള എൻെറ പിതാവിൻെറ ഇഷ്ടം ചെയ്യുന്നവനല്ലാതെ, എ
ൻെറ കർത്താവേ, എൻെറ കർത്താവേ, എന്നു എന്നെ വിളിക്കുന്ന ഏ
വനുമല്ല സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുന്നതു്.

(പന്തക്കുസ്താ 7-ാം ഞായർ, സുവിശേഷം: മത്താ. VII, 15—21)

മരവും മനുഷ്യനും തമ്മിലുള്ള സാദൃശ്യങ്ങൾ നിരവധിയാ
ണ്. തന്നിമിത്തം ലോകസാഹിത്യത്തിലും പ്രത്യേകിച്ച് സുവി
ശേഷങ്ങളിലും ഈ സാദൃശ്യങ്ങളെ മുൻനിറുത്തി പലതും പ്രസ്താ
വിച്ചുകാണാറുണ്ട്. ഒരു വൃക്ഷം മുളച്ചുവളർന്നു ശാഖോപശാഖ
കളായി വിസ്തൃതിപ്രാപിക്കയും ഫലപുഷ്പാദികൾ ഉൽപാദിപ്പി
ക്കയും ചെയ്യുന്നതുപോലെ, ഒരു മനുഷ്യനും ജനിച്ചുവളർന്നു മനു
ഷ്യത്വത്തിൻെറ പൂർണ്ണതയെ പ്രാപിക്കയും സുകൃതങ്ങളാകുന്ന സത്
ഫലങ്ങളും സുരഭിലകുസുമങ്ങളും പുറപ്പെടുവിക്കയും ചെയ്യേണ്ട
താണ്. വായു, വെള്ളം, വളം എന്നിവയെല്ലാം വൃക്ഷത്തിൻെറ
വളർച്ചയ്ക്കു് ആവശ്യമാണ്. വായു, വെള്ളം, ഭക്ഷണം എന്നിവ
മനുഷ്യൻെറ വളർച്ചയ്ക്കും കൂടിയേകഴിയൂ. ആദ്ധ്യാത്മികമണ്ഡല
ത്തിലും മരവും മനുഷ്യനും തമ്മിലുള്ള സാദൃശ്യങ്ങളും ബന്ധവും
പുലർന്നുപോരുന്നുണ്ട്. "മരത്താലെ വന്ന ദോഷം മരത്താലെ തീ
ർക്കുവാനായ് . . . . " എന്നുള്ള സുപ്രസിദ്ധമായ ഈരടികൾ മനു
ഷ്യവർഗ്ഗത്തിൻെറ ശിക്ഷയിലും രക്ഷയിലും മരം വഹിച്ച പങ്കി
നെ പ്രദ്യോതിപ്പിക്കുന്നുണ്ടല്ലോ "ഞാൻ മുന്തിരിവള്ളിയും നിങ്ങൾ
ശാഖകളുമാകുന്നു തടിയോടു ചേർന്നുനില്ക്കാത്ത ശാഖകൾഫലം
തരാത്തതുപോലെ നിങ്ങളും എന്നിൽ സ്ഥിതിചെയ്യുന്നില്ലെങ്കിൽ
ഫലദായകങ്ങളാകയില്ല" എന്നുള്ള സുപ്രസിദ്ധമായ ഈരടികൾ
മനുഷ്യവർഗ്ഗത്തിൻെറ ശിക്ഷയിലും രക്ഷയിലും മരംവഹിച്ച പങ്കി
നെ പ്രദ്യോതിപ്പിക്കുന്നുണ്ടല്ലോ. "ഞാൻ മുന്തിരിവള്ളിയും നി
ങ്ങൾ ശാഖകളുമാകുന്നു തടിയോടു ചേർന്നുനില്ക്കാത്ത ശാഖകൾ
ഫലം തരാത്തതുപോലെ നിങ്ങളും എന്നിൽ സ്ഥിതിചെയ്യുന്നില്ലെ
ങ്കിൽ ഫലദായകങ്ങളാകയില്ല" എന്നുള്ള സുപ്രകീർത്തിതമായ വാ

കൃങ്ങൾ ആദ്ധ്യാത്മികജീവിതം കടഞ്ഞെടുത്താൽ കിട്ടുന്ന സുകൃതിരത്നങ്ങളാണ്. ഇന്നത്തെ സുവിശേഷത്തിലും മനുഷ്യനെ മരത്തോടു സാദൃശ്യപ്പെടുത്തിക്കൊണ്ടാണ് ദിവ്യരക്ഷകൻ സംസാരിക്കുന്നത്. "നല്ല വൃക്ഷമൊക്കെയും നല്ല ഫലങ്ങൾ കായ്ക്കുന്നു; ചീത്ത വൃക്ഷം ചീത്തയായ ഫലങ്ങൾ കായ്ക്കുന്നു." തന്നിമിത്തം ഫലങ്ങളിൽനിന്നു വൃക്ഷത്തെ മനസ്സിലാക്കാമെന്നുള്ള നിഗമനത്തിൽ എത്തിച്ചേരുകയും ചെയ്യുന്നു. ഇതുപോലെതന്നെ സത്തമനായ മനുഷ്യൻ സുകൃതങ്ങളാകുന്ന സത്ഫലങ്ങൾ ഉല്പാദിപ്പിക്കുന്നു; അധമനായ മനുഷ്യനിൽനിന്നാകട്ടെ അകൃതങ്ങളാകുന്ന ചീത്തഫലങ്ങൾ മാത്രമേ പുറപ്പെടുകയുള്ളു. തന്നിമിത്തം ഒരുവൻെറ പ്രവൃത്തികൾ പരിശോധിച്ചാൽ അവൻ ദുഷ്ടനാണോ ശിഷ്ടനാണോ എന്നു മനസ്സിലാക്കുവാൻ കഴിയും. ബാഹ്യദൃഷ്ടിക്ക് നല്ലപിള്ള ചമഞ്ഞുനടക്കുന്ന ചില കുടിലമതികളുടെ കാപട്യത്തെ മനസ്സിലാക്കുവാൻ അവരുടെ പ്രവൃത്തികൾ — അവരിൽനിന്നു പുറപ്പെടുന്ന ഫലങ്ങൾ—പരിശോധിച്ചാൽ മതിയാകുന്നതാണ്.

ക്രിസ്തുവിൻെറ ഒരു യഥാർത്ഥാനുയായിയാണെന്ന് അഭിമാനിക്കുന്ന ഒരു കത്തോലിക്കൻ സുകൃതങ്ങളാകുന്ന സൽഫലങ്ങൾ ഉല്പാദിപ്പിച്ചേ കഴിയൂ. അല്ലെങ്കിൽ അവൻെറ ക്രൈസ്തവത്വം വെറും ഉപരിപ്ലവം മാത്രമായിരിക്കും. ഇന്നത്തെ രാഷ്ട്രീയമണ്ഡലങ്ങളിലും ഈ ഒരു പരമാർത്ഥം എല്ലാവരും ഉൽഘോഷിക്കുന്നുണ്ട്. രാഷ്ട്രപിതാവായ ഗാന്ധിജിയുടെ അനുയായികളാണെന്നു കൊട്ടിഘോഷിക്കയും അഭിമാനിക്കയും ചെയ്യുന്ന കോൺഗ്രസ്സുകാരുടെ പ്രവൃത്തികൾ പരിശോധിക്കുമ്പോൾ അവരുടെ ഗാന്ധിശിഷ്യത്വം വെറും കപടമാണെന്നും സ്വാർത്ഥതയുള്ള മൂടുപടമാണെന്നും മററും ഇതരരാഷ്ട്രീയകക്ഷികൾ നിശിതമായി കുററാരോപണങ്ങൾ നടത്തിക്കൊണ്ടിരിക്കുന്ന ഒരു സന്ദർഭമാണല്ലോ ഇത്. ഇത്തരുണത്തിൽ ക്രിസ്തുവിൻെറ ശിഷ്യരെന്ന് അഭിമാനിക്കയും കൊട്ടിഘോഷിക്കയും ബാഹ്യമായ ചില ആചാരാനുഷ്ഠാനങ്ങളും മതകർമ്മ

ങ്ങളും വഴിയായി ഇതരന്മാരെ അങ്ങനെ ധരിപ്പിക്കയും ചെയ്യുന്ന ക്രിസ്ത്യാനികളായ നാം ക്രിസ്തുവിൻെറ പ്രബോധനങ്ങളും നിർദ്ദേശങ്ങളും ജീവിതമാതൃകയും എത്രമാത്രം നമ്മുടെ ജീവിതത്തിലേക്കു പകർത്തുവാൻ പരിശ്രമിക്കുന്നുണ്ടെന്നു പരിശോധിച്ചുനോക്കണം. ഫലങ്ങൾ വഴിയായി വൃക്ഷത്തെ മനസ്സിലാക്കാൻ കഴിയുന്നതു പോലെ ഒരു കത്തോലിക്കൻെറ പ്രവൃത്തികൾ വഴിയായിട്ടാണ് അവൻ ഒരു യഥാൎത്ഥകത്തോലിക്കനാണോ അല്ലയോ എന്നു തീൎച്ചയാക്കേണ്ടതു്. ചുരുങ്ങിയപക്ഷം പത്തു പ്രമാണങ്ങൾ അനുസരിച്ച് ഒരു കത്തോലിക്കൻ ജീവിക്കേണ്ടതാണ്. കാനേഷുമാരി കണക്കിൽ "കത്തോലിക്കൻ" എന്നു മതനിർദ്ദേശം ചെയ്തുകൊണ്ടോ, ഞായറാഴ്ച ഒരു കുർബ്ബാനയും, ആണ്ടിലൊരിക്കൽ ഒരു കുമ്പസാരവും നടത്തിയതുകൊണ്ടോ ഒരു യഥാൎത്ഥകത്തോലിക്കനെന്ന് ആരും അഭിമാനിച്ചുകൂടാ. നേരെമറിച്ച് വളരെ കുർബ്ബാനകൾ കാണുകയും, ദിവസേന ദിവ്യകാരുണ്യം സ്വീകരിക്കുകയും, വളരെ കൊന്തകൾ ജപിക്കുകയും ചെയ്യുന്ന ഒരു ഭക്തനായ കത്തോലിക്കൻ പള്ളിയിൽനിന്നു വീട്ടിൽ മടങ്ങിവരുമ്പോൾ പത്തു പ്രമാണങ്ങളെ നിസ്സങ്കോചം ചവിട്ടിമെതിക്കുകയാണെങ്കിൽ അയാളുടെ കത്തോലിക്കത്വം വെറും ഒരു മൂടുപടം മാത്രമായിരിക്കും. പത്തു പ്രമാണങ്ങൾ കൃത്യമായി അനുഷ്ഠിക്കുക; അതാണ് ഒരു യഥാൎത്ഥകത്തോലിക്കനിൽനിന്നു പുറപ്പെടേണ്ട സത്ഫലങ്ങൾ. "നിത്യായുസ്സ് ലഭിക്കണമെങ്കിൽ പ്രമാണങ്ങളെകാത്തുകൊള്ളുക."

ചില വൃക്ഷങ്ങളും ചെടികളും തഴച്ചുപുഴച്ചു വളരുമെങ്കിലും അവ യാതൊരു ഫലവും പുറപ്പെടുവിക്കുകയില്ല. അവയുടെ ശക്തിയായ വളൎച്ചയെ നാം കൗതുകത്തോടുകൂടെ നോക്കിനില്ക്കുമെങ്കിലും അവയിൽ ഫലപുഷ്പാദികൾ ഒന്നുംതന്നെ ഉണ്ടാകാതെ വരുമ്പോൾ നാം ദുഃഖിതരാകുന്നു; ചിലപ്പോൾ അവയിൽ വളരെ വിരളമായിമാത്രം ഫലപുഷ്പങ്ങൾ ഉണ്ടായെന്നുവരാം; ഒരുപക്ഷേ അവയെല്ലാം ചീത്ത ഫലങ്ങളോ, അല്ലെങ്കിൽ താഴ്ന്നതരത്തിൽ

പ്പെട്ടവയോ ആയിരിക്കാം. ഇതിനൊരു പ്രതിവിധിയായിട്ടാണ് സസ്യശാസ്ത്രജ്ഞന്മാർ "ഒട്ടിച്ചുചേക്കൽ" (grafting) എന്നൊരു വിദ്യ കണ്ടുപിടിച്ചിട്ടുള്ളതു്. ഫലശൂന്യമായോ, ഫലം വിരളമായോ, താഴ്ന്നതരമായോ ഉള്ള ഒരു വൃക്ഷത്തിന്മേൽ വിശിഷ്ടതരം ഫലങ്ങൾ സമൃദ്ധിയായി ഉണ്ടാകുന്ന ഒരു വൃക്ഷത്തിൻെറ കൊമ്പു് ഒട്ടിച്ചുചേക്കുമ്പോൾ ആ വൃക്ഷം ഒട്ടിക്കപ്പെട്ട ശാഖയുടെ ഇനത്തിൽപ്പെട്ട വിശിഷ്ടഫലങ്ങൾ സമൃദ്ധിയായി പുറപ്പെടുവിക്കും. ഇങ്ങനെയാണല്ലൊ ഒട്ടുമരങ്ങൾ, ഒട്ടുമാവുകൾ എന്നിവയെല്ലാം ഉണ്ടാകുന്നതു്. പൂന്തോട്ടങ്ങളിലും ഈ ഏപ്പാടു് സാധാരണ നടത്താറുണ്ടു്. കാട്ടുറോസ്ചെടിയിന്മേൽ നല്ല റോസിൻെറ ഒരു കൊമ്പു് ഒട്ടിച്ചുചേത്താൽ ആ ചെടിയിന്മേൽ നല്ല റോസപുഷ്പങ്ങൾ ഉണ്ടാകും. മനുഷ്യൻെറ ആദ്ധ്യാത്മികജീവിതത്തിലും ഇങ്ങനെ ഒരു ഒട്ടിച്ചുചേക്കൽ ആവശ്യമാണു് സൽഫലങ്ങൾ പുറപ്പെടുവിക്കുവാൻ. പ്രകൃത്യാ തിന്മയിലേക്കു് ചാഞ്ഞിരിക്കുന്ന മനുഷ്യൻ സുകൃതാനുഷ്ഠാനങ്ങളിൽ പരാങ്മുഖനാണു. തന്നിമിത്തം ചിലരിൽ സുകൃതങ്ങൾ തീരെ ഇല്ലായിരിക്കും; മററു ചിലരിൽ വിരളമായി മാത്രം സുകൃതങ്ങൾ പ്രത്യക്ഷമാകും; വേറെ ചിലർ വളരെ എളുപ്പമുള്ള ചില സാധാരണ പുണ്യകൃത്യങ്ങൾ മാത്രമായിരിക്കും അനുഷ്ഠിക്കുക; ഇങ്ങനെയുള്ളവരിൽ സൽകൃത്യങ്ങളാകുന്ന വിശിഷ്ടഫലങ്ങൾ സമൃദ്ധിയായി ഉളവാകണമെങ്കിൽ ക്രിസ്ലനാഥനുമായുള്ള ഒരു ഒട്ടിച്ചുചേക്കൽ ആവശ്യമാണു്. ക്രിസ്ലുനമ്മിലേക്കു ഒട്ടിച്ചുചേക്കപ്പെടുക എന്നതിനേക്കാൾ നാം ക്രിസ്ലുവിലേക്കു് ഒട്ടിച്ചുചേക്കപ്പെടുകയാണു് വേണ്ടതു്. അങ്ങനെ നാം ക്രിസ്ലുവിനോടു സംയോജിച്ചു് ഒന്നായിത്തീരുമ്പോൾ വിശിഷ്ടഫലങ്ങൾ സമൃദ്ധിയായി ഉളവാകും. "ഇപ്പോൾ ഞാനല്ല ജീവിക്കുന്നതു്; പ്രത്യുത, ക്രിസ്ലു എന്നിൽ ജീവിക്കുന്നു" എന്നു നമുക്കും പറയുവാൻ സാധിക്കണം. ക്രിസ്ലുവിൻെറ ശക്തിയും വൈശിഷ്ട്യവും അവാച്യമാണല്ലൊ. തന്നിമിത്തം നാം ആത്മവിധേ

യത്വത്തോടെ ക്രിസ്തുവിനോടു സംയോജിച്ചാൽ (incorporation) ഫലം അത്ഭുതാവഹമായിരിക്കും.

ഒട്ടിച്ചുചേർക്കൽ വിജയപ്രദമാകണമെങ്കിൽ രണ്ടുമൂന്നു വ്യവസ്ഥകൾ പാലിക്കേണ്ടതുണ്ട്. ഒന്നാമത്തെ വ്യവസ്ഥ ഒട്ടിക്കപ്പെടുന്ന കൊമ്പ് പച്ചയായിരിക്കണം എന്നുള്ളതാണ്; ഉണങ്ങിയ കൊമ്പ് ഒട്ടിച്ചുചേർക്കുവാൻ സാദ്ധ്യമല്ല. ഇതുപോലെതന്നെ നാം ക്രിസ്തുവിനോടു സംയോജിക്കപ്പെടണമെങ്കിൽ, നാമും പച്ചക്കൊമ്പുകളായിരിക്കണം—അതായത്, ദൈവവരപ്രസാദത്തിൽ സ്ഥിതിചെയ്യുന്നവരായിരിക്കണം; പാപംമൂലം നാം ഉണങ്ങിപ്പോയെങ്കിൽ പാപസങ്കീർത്തനം വഴിയായി പ്രസാദവരത്തെ വീണ്ടും സമ്പാദിച്ചശേഷം നാം ക്രിസ്തുവിനോടുകൂടി സംയോജിക്കണം. രണ്ടാമതായി, ഒട്ടിക്കപ്പെടുന്ന കൊമ്പ് പച്ചയായിരുന്നാലും അതിനൊരു അഭിനവത്വം, വീര്യം, ചൈതന്യം,(freshness) ആവശ്യമാണ്. ഇതുപോലെതന്നെ നമുക്കും ക്രിസ്തുവിനോടു സംയോജിക്കുവാൻ തീക്ഷ്ണമായ ആഗ്രഹവും സന്നദ്ധതയും കൂടിയേ കഴിയൂ. "ഞാൻ ഇപ്പോൾ വലിയ പാപമൊന്നും ചെയ്യുന്നില്ലല്ലോ. ഇങ്ങനെയൊക്കെ ജീവിച്ചാൽ മതി. വലിയ പുണ്യമൊന്നും എനിക്കു വേണ്ട" എന്നിങ്ങനെയുള്ള ഒരു തണുപ്പൻമനസ്ഥിതി ഇക്കാര്യത്തിൽ വലിയൊരു വിഘാതമായിരിക്കും. മൂന്നാമതായി, ഒട്ടിച്ചുചേർക്കപ്പെട്ട സ്ഥലത്ത് എപ്പോഴും നനവുണ്ടായിരിക്കണം. (moisture.) എന്നാൽ നനവ് അധികമാകാതിരിപ്പാൻ സൂക്ഷിക്കണം. ഇതുപോലെതന്നെ ക്രിസ്തുവിനോടുള്ള സംയോജനവും സുസ്ഥിരവും ഫലപ്രദവുമാകണമെങ്കിൽ പ്രാർത്ഥനയാകുന്ന ജലത്താൽ ഈ ബന്ധത്തെ സദാ നനച്ചുകൊണ്ടിരിക്കണം. ഈ സംയോജനത്തിൽ പ്രാർത്ഥനയാകുന്ന കുളമ്പ് എത്ര അധികമാകുന്നുവോ അത്രയും കൂടുതൽ ഫലപ്രദമായിത്തീരുമെന്നുള്ള ഒരു പ്രത്യേകതയും ഉണ്ട്. ഇങ്ങനെ പാപരഹിതമായ ജീവിതം നയിച്ചും, തീക്ഷ്ണമായ ആഗ്രഹത്തോടെ ക്രിസ്തുവിനോടു സ്വയം സംയോ

ജിപ്പിച്ചും, ഈ സംയോജനത്തെ ഇടക്കിടെയുള്ള പ്രാൎത്ഥനയാൽ നനച്ചും ക്രിസ്ത്യാനുയോജ്യമായ സത്ഫലങ്ങൾ ഓരോ കത്തോലിക്കനിലും ഉളവാകട്ടെ.

# കണക്കു പറയൽ

അവൻ തന്റെ ശിഷ്യരോട്ട് ഒരു ഉപമ അരുളിച്ചെയ്തു: ധനവാനായ ഒരു മനുഷ്യൻ ഉണ്ടായിരുന്നു; അവന് ഒരു വീട്ടുകാര്യസ്ഥനും ഉണ്ടായിരുന്നു. അവന്റെ സമ്പാദ്യം അവൻ ദുർവ്യയം ചെയ്യുന്നു എന്ന് അവന്റെ പക്കൽ കുററം ചുമത്തപ്പെട്ടു. യജമാനൻ അവനെ വിളിച്ച് അവനോട്ട്: നിന്നെപ്പററി ഞാൻ ഈ കേൾക്കുന്നതെന്താണ്? നിന്റെ വീട്ടുകാര്യസ്ഥതയുടെ കണക്കു തരിക. ഇനി നീ എനിക്കു വീട്ടുകാര്യസ്ഥനായിരിക്കുവാൻ പാടില്ല എന്നു പറഞ്ഞു. ആ വീട്ടുകാര്യസ്ഥൻ ഇപ്രകാരം വിചാരിച്ചു: ഞാൻ എന്തു ചെയ്യും! യജമാനൻ വീട്ടുകാര്യസ്ഥത എന്നിൽനിന്ന് എടുത്തുകളയുന്നുവല്ലോ. കിളയ്ക്കുവാൻ എനിക്കു വശമില്ല. ഇരക്കുവാൻ ഞാൻ ലജ്ജിക്കുന്നു. ഞാൻ വീട്ടുകാര്യസ്ഥതവിട്ടു പുറപ്പെടുമ്പോൾ അവർ തങ്ങളുടെ വീടുകളിൽ എന്നെ കൈക്കൊള്ളേണ്ടതിനു എന്തുചെയ്യണമെന്ന് എനിക്കറിയാം. പിന്നെ അവർ യജമാനന്റെ കടക്കാരെ ഓരോരുത്തനേയും വിളിച്ച് ഒന്നാമനോട്ട്: നീ എന്റെ യജമാനനു എന്തു കടപ്പെട്ടിരിക്കുന്നു? എന്നു ചോദിച്ചു. നൂറു കുടം എണ്ണ എന്ന് അവൻ പറഞ്ഞു. നിന്റെ പ്രമാണം വാങ്ങി വേഗം ഇരുന്ന് അമ്പതു കുടം എന്ന് എഴുതുക എന്ന് അവൻ അവനോടു പറഞ്ഞു. അവൻ മറെറാരുത്തനോട്ട്: നീ എന്റെ യജമാനനു എന്തു കടപ്പെട്ടിരിക്കുന്നു എന്നു ചോദിച്ചു. നൂറു പറ കോതമ്പ് എന്ന് അവൻ പറഞ്ഞു. നിന്റെ പ്രമാണം വാങ്ങി ഇരുന്ന് എൺപതു പറ എന്നെഴുതുക എന്ന് അവൻ അവനോടു പറഞ്ഞു. നീതി

യില്ലാത്ത വീട്ടുകാര്യസ്ഥൻ വിവേകത്തോടുകൂടി പ്രവൎത്തിച്ചതുകൊണ്ടു് യജമാനൻ അവനെ പുകഴ്ത്തി. ഈ ലോകത്തിൻെറ മക്കറം തങ്ങളുടെ ഈ തലമുറയിൽ വെളിച്ചത്തിൻെറ മക്കളേക്കാറം വിവേകമുള്ളവരാണല്ലൊ. ഞാനും നിങ്ങളോടു പറയുന്നു: അനീതിയുടെ ഈ മാമ്മോന തീൎന്നുപോകുമ്പോറം തങ്ങളുടെ നിത്യകൂടാരങ്ങളിൽ നിങ്ങളെ അവർ കൈക്കൊള്ളേണ്ടതിനായി അതുകൊണ്ടു നിങ്ങറം ക്ക സ്നേഹിതന്മാരെ ഉണ്ടാക്കിക്കൊള്ളുവിൻ.

(പന്തക്കസ്ത 8-ാംഞായർ; സുവിശേഷം: ലൂക്കാ XVI, 1--9.)

ഭൗതികതത്വത്തിൽ നിമഗ്നരായി ജീവിക്കുന്ന പലൎക്കും കേറംക്കാൻ ഇഷ്ടമില്ലാത്തതും സ്മരിക്കുവാൻ സമയമില്ലാത്തതുമായ ഒരു പരമസത്യമാണു് ഓരോരുത്തനും മരണശേഷം ദൈവതിരുസന്നിധിയിൽ തൻെറ ജീവിതത്തിൻെറ കണക്ക ബോധിപ്പിക്കേണ്ടി വരുമെന്നുള്ളതു്. "നിൻെറ വീട്ടുകാര്യസ്ഥതയുടെ കണക്കുതരിക" എന്നു യജമാനൻ തൻെറ വീട്ടുകാര്യസ്ഥനെ വിളിച്ചാജ്ഞാപിച്ചതുപോലെ, നിത്യവിധിയാളനായ ക്രിസ്തുനാഥൻെറ തിരുമുമ്പിൽ നമ്മുടെ ജീവിതചെയ്തികറം ഓരോന്നായി പരിശോധിക്കപ്പെടും. ജീവിതനാടകം അഭിനയിച്ചുകഴിഞ്ഞശേഷം അതിൽ കളിയായി പറഞ്ഞ വാക്കുകറംക്കും, എന്നുവേണ്ട നമ്മുടെ ഹൃദയത്തിൻെറ നിസ്സാര ചലനങ്ങറംക്കുപോലും, നാം കണക്ക പറയേണ്ടിവരും. സുഖഭോഗങ്ങളുടെ കളിത്തട്ടായി പരിലാളിച്ചു വളൎത്തിയ ആ ശരീരത്തേയും, ഹൃദയത്തിൻെറ ഇഷ്ടവസ്തുക്കളായിരുന്ന സൃഷ്ടിജാലങ്ങളേയും, പ്രേമത്തിൻെറ മൂടുപടമിട്ട പാപത്തിൻെറ കൂട്ടാളികളേയും പരിത്യജിച്ചുകൊണ്ടു് ഏകനായി ദൈവികന്യായാസനത്തിൻമുമ്പിൽ നാമോരോരുത്തരും പ്രത്യക്ഷപ്പെടും. മനുഷ്യരെ വിധിക്കുവാനുള്ള ജോലി പിതാവു് പുത്രനെയാണു് ഏല്പിച്ചിരിക്കുന്നതു്. തനിക്കുവേണ്ടി മനുഷ്യനായവതരിക്കയും നിരവധി ക്ലേശങ്ങറം സഹിച്ചുകൊണ്ടു് ക്രൂശുമരണം വരിക്കയും ചെയ്ത ക്രിസ്തുനാഥൻെറ മുമ്പിൽ നില്ക്കുമ്പോറം ഒരു പാപി ഞെട്ടിവിറക്കും;

ഒരനുതാപി തപ്തബാഷ്പജന്യമായ സ്നേഹത്തിലും സാന്ത്വനത്തിലും ആറാടും; ഒരു പുണ്യവാൻ ആനന്ദത്തിൻെറ സരിൽപ്രവാഹത്തിൽ മുങ്ങിക്കുളിക്കും.

കണക്കു ബോധിപ്പിക്കുക എന്നുള്ളതു ലോകത്തിൽ ഒരു പതിവായിത്തീൎന്നിട്ടുണ്ട്. മനുഷ്യരിൽ പരസ്പരമുള്ള വിശ്വാസം ക്ഷയിച്ചുവരുന്നതോടുകൂടി ഈ കണക്കുപറയൽ വൎദ്ധിച്ചുവരുന്നുമുണ്ട്. കപ്യാരന്മാർ കയ്സ്ഥാനം ഒഴിയുമ്പോൾ പള്ളിയോഗത്തിൽ കണക്കു ബോധിപ്പിക്കുന്നു; ബാങ്ക്—കമ്പനിമാനേജർമാർ ഉടമസ്ഥന്മാരുടെ മുമ്പാകെ നിശ്ചിതാവധികളിൽ കണക്കുകൾ ഹാജരാക്കുന്നു; കാര്യസ്ഥന്മാർ ദൈനംദിനമോ ആഴ്ചതോറുമോ മുതലാളിയുടെ മുമ്പിൽ കണക്കുകൾ സമൎപ്പിക്കുന്നു; എല്ലാജൻറമാരും ഇപ്രകാരംതന്നെ ചെയ്യുന്നു. കണക്കുകളിൽ വല്ല കൃത്രിമവുമുണ്ടെങ്കിൽ അതു കണ്ടുപിടിക്കുവാനായി സമൎത്ഥരായ ഓഡിററർമാരെക്കൊണ്ടു പരിശോധിപ്പിച്ചുനോക്കുന്നു. ഈ കണക്കുബോധിപ്പിക്കലിൻെറ അടിസ്ഥാനതത്വം എന്താണ്? കപ്യാരൻ, അല്ലെങ്കിൽ കാര്യസ്ഥൻ, അല്ലെങ്കിൽ മാനേജർ, താൻ കൈകാര്യം ചെയ്യുന്ന വസ്തുക്കളുടെ സാക്ഷാൽ ഉടമസ്ഥനല്ല; ഉടമസ്ഥന്മാൎക്കുവേണ്ടിയും അവരുടെ നാമത്തിലും അവരുടെ വസ്തുക്കളും ബിസിനസ്സും കൈകാൎയ്യം ചെയ്യുക മാത്രമാണ് ഇക്കൂട്ടർ ചെയ്യുന്നതു്. തന്നിമിത്തം കണിശവും സത്യസന്ധവുമായ ഒരു കണക്ക് ഉടമസ്ഥനു നൽകേണ്ട ചുമതല കാൎയ്യസ്ഥനുണ്ട്; അതു ന്യായമായി ചോദിക്കുവാനുള്ള അവകാശം ഉടമസ്ഥനുമുണ്ട്. ഇതുപോലെതന്നെ ദൈവം നമുക്കു ചില വസ്തുക്കൾ കൈകാൎയ്യം ചെയ്യാനായി നല്കിയിട്ടുണ്ട്: നമ്മുടെ ജീവൻ, ശരീരം, സൌന്ദൎയ്യം, ശക്തി, ആരോഗ്യം, പഞ്ചേന്ദ്രിയങ്ങൾ; സ്ഥാവരജംഗമസ്വത്തുക്കൾ, സ്ഥാനമാനങ്ങൾ; ഓൎമ്മ, ബുദ്ധി, മനസ്സ്, സ്വാതന്ത്ര്യം; കത്തോലിക്കാവിശ്വാസം, കൂദാശകൾ, ദൈവപ്രസാദവരം, നിത്യരക്ഷയ്ക്കുള്ള മററു മാൎഗ്ഗങ്ങൾ. ഇവയൊന്നുംതന്നെ നമ്മുടെ സ്വന്തമല്ല,

പ്രത്യുത ദൈവത്തിൻേറതാണ്; അങ്ങെ സൌജന്യദാനങ്ങളാണ് ഇവയെല്ലാം. നമ്മുടെ നിത്യരക്ഷയ്ക്കുള്ള ഉപകരണങ്ങളായിത്തിരുവാൻവേണ്ടിയാണ് അങ്ങുന്നു് ഇവയെല്ലാം നമുക്ക് നല്കിയിരിക്കുന്നതു്. എല്ലാററിൻേറയും പരമമായ ഉടമസ്ഥാവകാശം ദൈവത്തിനു മാത്രമാണ്; നാം വെറും കാര്യസ്ഥന്മാർ മാത്രവും. തന്നിമിത്തം ഈ വസ്തുക്കളെല്ലാം നാം എങ്ങനെ കൈകാര്യം ചെയ്തുവെന്നുള്ള കണിശമായ കണക്കു ദൈവസന്നിധിയിൽ ബോധിപ്പിക്കുവാനുള്ള ചുമതല നമുക്കുണ്ട്; ദൈവത്തിനു അതാവശ്യപ്പെടുവാനുള്ള അവകാശവും അധികാരവും തികച്ചും ഉണ്ട്. "നീ (ദൈവത്തിൽനിന്നു്) സ്വീകരിക്കാത്തതായി നിന്നിൽ എന്താണുള്ളതു്? അങ്ങനെ, നീ സ്വീകരിച്ചതാണെങ്കിൽ, പിന്നെ എന്തിനു സ്വീകരിച്ചതല്ലാത്തതുപോലെ നീ അതിൽ വ്യർത്ഥാഭിമാനം കൊള്ളുന്നു?" (1. Cor. iv–7)

"ജെറുസലത്തെ ഞാൻ വിളക്കുകൾകൊണ്ടു പരിശോധിക്കും" എന്നു ദൈവം അരുളിച്ചെയ്തിട്ടുണ്ട്. സർവ്വജ്ഞാനിയായ ദൈവത്തിന്നു് എല്ലാംതന്നെ സുജ്ഞാതമാണ്; ഉപായമൊ, വഞ്ചനയൊ സാദ്ധ്യമല്ല. പരിശോധന വളരെ നിഷ്കൃഷ്ടമായിരിക്കയും ചെയ്യും. വിചാരങ്ങൾ, വാക്കുകൾ, പ്രവൃത്തികൾ, ഉപേക്ഷകൾ എന്നിവയ്ക്കുപുറമെ പ്രസാദവരത്തിൻേറയും നിത്യരക്ഷയ്ക്കുള്ള മാർഗ്ഗങ്ങളുടേയും വിനിയോഗം, മതപരവും ജീവിതാന്തസ്സിന്നടുത്തതുമായ കടമകളുടെ നിർവ്വഹണം, നമ്മുടെ പ്രവൃത്തികളുടെ ഉദ്ദേശം, സാഹചര്യങ്ങൾ, നിർവ്വഹണരീതി എന്നിവയെല്ലാം പരിശോധനാവിഷയങ്ങളാകും. മാലഖമാരിൽപോലും കളങ്കത്തെ ദർശിച്ച ദൈവത്തിൻെറ തിരുക്കണ്ണുകൾക്കു എന്താണ് അദൃശ്യമായിട്ടുള്ളതു്? സ്വയം പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഒരു ഛായാഗ്രാഹിയന്ത്രം (automatic camera) പോലെ നമ്മുടെ സകല വാക്കുകളും വിചാരങ്ങളും പ്രവൃത്തികളും ചലനങ്ങളും ഹൃദയത്തിൻെറ ഇളക്കങ്ങളും സദാ ജീവൻെറ പുസ്തകത്തിൽ രേഖ

പ്പെടുത്തിക്കൊണ്ടിരിക്കും. നാം ഓക്കുന്നില്ലെങ്കിലും ഈ ഛായാഗ്രഹണം അനുസ്യൂതം നടന്നുകൊണ്ടിരിക്കും. "പുസ്തകങ്ങൾ തുറക്കപ്പെട്ടു" എന്നു വെളിപാടിൻെറ പുസ്തകത്തിൽ പറഞ്ഞിരിക്കുന്നതുപോലെ, എല്ലാം രേഖപ്പെടുത്തിയിരിക്കുന്ന നമ്മുടെ ജീവിതഗ്രന്ഥം അപ്പോൾ പരിശോധിക്കപ്പെടും. നമുക്ക് കണക്കു പറയുവാൻ സാധിക്കാത്ത വല്ലതുമുണ്ടെങ്കിൽ—ഏതെങ്കിലും പാപത്തെക്കുറിച്ചു നാം അനുതപിക്കാതിരിയൊ പരിഹാരമനുഷ്ഠിക്കാതിരിക്കയോ ചെയ്തിട്ടുണ്ടെങ്കിൽ—ഭയങ്കരമായ ശിക്ഷക്കു നാം പാത്രീഭവിക്കയും ചെയ്യും. ഈ നിത്യസത്യത്തെപ്പററിയുള്ള സ്മരണ തീച്ചയായും നമ്മുടെ ജീവിതത്തെ നവീകരിക്കാതിരിക്കയില്ല.

മരണാനന്തരമുള്ള ഈ കണക്കു പറയൽ ക്ലേശരഹിതവും ആനന്ദപ്രദവുമായിത്തീരുന്നതിനുള്ള ഒരു മാർഗ്ഗം ദിവസേന ദൈവസന്നിധിയിൽ മുട്ടുകുത്തിക്കൊണ്ട് അതാതു ദിവസത്തെ കണക്കു കേൾപ്പിക്കുക എന്നുള്ളതാണ്. ഉറങ്ങുന്നതിനുമുമ്പു, രാത്രിയുടെ പ്രശാന്തതയിൽ, അന്നത്തെ ശാരീരികവും മാനസികവുമായ സകല അദ്ധ്വാനങ്ങളും അവസാനിച്ചുകഴിയുമ്പോൾ, സർവ്വനന്മകളുടേയും ദാതാവായ ദൈവത്തിൻെറ തിരുസന്നിധിയിൽ മുട്ടുകുത്തിക്കൊണ്ട് ആ ദിവസത്തിൽ തന്നിൽനിന്നു വന്നുപോയിട്ടുള്ള തെററുകളെ പരിശോധിച്ചുനോക്കി അവയെക്കുറിച്ച് പരിതപിക്കയും മേലിൽ സൂക്ഷിച്ചുകൊള്ളാമെന്ന് പ്രതിജ്ഞയെടുക്കയും ചെയ്യുന്നതായ ഒരു പതിവ് എല്ലാവരും പരിശീലിക്കട്ടെ. ഇതു വൈദികക്കും സന്യാസിനികൾക്കുംമാത്രം വേണ്ടതായ ഒരു കാര്യമാണെന്നു വിധികല്പിച്ച് തള്ളിക്കളയാതെ ഓരോ കത്തോലിക്കനും ഇതിനെ ജീവിതത്തിലെ ഒരു അനുദിനചടങ്ങാക്കിത്തീക്കുവാൻ ശ്രമിക്കട്ടെ. അനുദിനമുള്ള ഈ ആത്മശോധനയുടെ ഫലം മഹത്തായിരിക്കുമെന്നുള്ളതു് കത്തോലിക്കർ മാത്രമല്ല അകത്തോലിക്കരും ഹിന്തുക്കളും ഒന്നുപോലെ സമ്മതിക്കുന്നുണ്ടു്; അവരിൽ പലരും ഇതു് പരിശീലിച്ചുവരുന്നുമുണ്ടു്. ഒരു സ്കൂൾവാ

ഷികയോഗത്തിൽ പ്രാസംഗികനായിവന്ന ഒരു ഹൈന്ദവമാന്യൻ കുട്ടികൾക്ക നല്കിയ ഉപദേശത്തിൻെറ രത്നചുരുക്കം അനുദിന ആത്മസംശോധനം നടത്തണമെന്നുള്ളതായിരുന്നു. ദിവസേന വീടും പരിസരങ്ങളും അടിച്ചുവാരുന്നതുപോലെയും, ദിവസേന കുളിച്ച് ദേഹശുദ്ധിവരുത്തുന്നതുപോലെയും ജീവിതത്തെ പവിത്രീകരിക്കുന്നതിനും ഹൃദയവിശുദ്ധിവരുത്തുന്നതിനും ഈ സംശോധനം അത്യന്തം ഉപകരിക്കുന്നതാണ്. ഏറ്റവും വലിയ ജ്ഞാനം തന്നെത്താൻ അറിയുകയെന്നുള്ളതാണത്രെ. ഈ ജ്ഞാനം നമുക്ക് ലഭിക്കുന്നതും ആത്മശോധനവഴിയായിട്ടാണ്. കച്ചവടക്കാരൻ അനുദിനം കണക്കുകൾ പരിശോധിച്ചുകൊണ്ടു ലാഭനഷ്ടങ്ങൾ തിട്ടപ്പെടുത്തുന്നതുപോലെ, നമ്മുടെ ആദ്ധ്യാത്മികജീവിതത്തിൻെറ നിലയും അതിലെ വീഴ്ചതാഴ്ചകളും ശരിയായി മനസ്സിലാക്കുന്നതിനു എളുപ്പമുള്ളമാർഗ്ഗം ഇതാണ്. അങ്ങനെ ജീവിതനവീകരണത്തിനും മരണാനന്തരമുള്ള വലിയ കണക്കപറയലിനും അനുദിനമുള്ള ഈ ആത്മസംശോധനം നമ്മെ സഹായിക്കും.

# മൂന്നു ദേവാലയങ്ങൾ

അവൻ അടുത്തുവന്നു പട്ടണം കണ്ടപ്പോൾ അതിനെക്കുറിച്ച് കരഞ്ഞുകൊണ്ടു് അരുളിച്ചെയ്തു: നിൻെറ സമാധാനത്തിനുള്ളവ ഈ ദിവസത്തിലെങ്കിലും നീ അറിഞ്ഞിരുന്നുവെങ്കിൽ നന്നായിരുന്നു. എന്നാൽ ഇപ്പോൾ അവ നിൻെറ കണ്ണുകളിൽനിന്നു മറയ്ക്കപ്പെട്ടിരിക്കുന്നു. എന്നാൽ നിൻെറ സന്ദർശനത്തിൻെറ സമയം നീ അറിയാതിരുന്നതുകൊണ്ടു് നിന്നെ ശത്രുക്കൾ വളയുകയും, എല്ലാ സ്ഥല

ത്തുനിന്നും പീഡിപ്പിക്കുകയും, നിന്നെയും നിന്നിലുള്ള നിൻെറ മക്കളേയും അടിയോടെ നശിപ്പിക്കുകയും, നിന്നിൽ കല്ലിന്മേൽ കല്ല് ശേഷിക്കാതിരിക്കുകയും ചെയ്യുന്ന ദിവസങ്ങൾ വന്നുകൂടും. അവൻ ദേവാലയത്തിൽ പ്രവേശിച്ചപ്പോൾ അതിൽ ക്രയവിക്രയം ചെയ്തിരുന്നവരെ ബഹിഷ്കരിക്കുവാൻ തുടങ്ങി. അവൻ അവരോടു അരുളിച്ചെയ്തു: എൻെറ ഭവനം പ്രാൎത്ഥനാലയമാകുന്നു എന്നു എഴുതപ്പെട്ടിരിക്കുന്നു. നിങ്ങൾ അതു് മോഷ്ടാക്കളുടെ ഗുഹയാക്കിത്തീൎത്തു. അവൻ എല്ലാ ദിവസവും ദേവാലയത്തിൽ പഠിപ്പിച്ചുകൊണ്ടിരുന്നു. എന്നാൽ പ്രധാനാചാൎയ്യന്മാരും, നിയമജ്ഞരും, ജനങ്ങളുടെ മൂപ്പന്മാരും അവനെ നശിപ്പിക്കുവാൻ വഴി നോക്കിയിരുന്നു.

(പന്തക്കുസ്ത 9-ാം ഞായർ; സുവിശേഷം: ലൂക്കാ XIX 41-47).

ദൈവത്തിൻെറ സാന്നിദ്ധ്യത്താൽ പരിപൂതമാക്കപ്പെട്ടിട്ടുള്ള മൂന്നു ദേവാലയങ്ങൾ ഉണ്ടു്: ഒന്നു്, പ്രകൃതിയാകുന്ന ദേവാലയം; രണ്ടു്, ജറുസലം ദേവാലയം; മൂന്നു്, മനുഷ്യാത്മാവാകുന്ന സജീവദേവാലയം. മനുഷ്യൻ ആദ്യമായി ദൈവാൎച്ചന നടത്തിയിട്ടുള്ളതു് പ്രകൃതിയാകുന്ന ബ്രഹ്മാണ്ഡദേവാലയത്തിൽവെച്ചാണു്. ആദംമുതൽ സോളമൻവരേയും മൂവ്വായിരം വൎഷങ്ങൾ മനുഷ്യവൎഗ്ഗം സത്യദൈവാരാധന നടത്തിയതു ദൈവനിൎമ്മിതമായ ഈ ഉത്തുംഗസൌധത്തിലായിരുന്നു. അബ്രാഹം, ഇസഹാക്ക്, യാക്കോബ് തുടങ്ങിയ പിതാക്കന്മാരുടെ ബലിയൎപ്പണം നടന്നതു് ഈ ദേവാലയത്തിലായിരുന്നു. ദാവീദുരാജാവു സുപ്രസിദ്ധങ്ങളായ സങ്കീൎത്തനങ്ങൾ രചിച്ചതു് ഇവിടെവെച്ചാണു്. സൃഷ്ടവസ്തുക്കളുടെ വൈചിത്ര്യവും അഭിരമ്യതയും അഭിവീക്ഷിച്ചുകൊണ്ടു് ആ രാജൎഷി ഇപ്രകാരം ദൈവത്തെ പ്രകീൎത്തിച്ചു: “ആകാശങ്ങൾ ദൈവത്തിൻെറ മഹത്വത്തെ പ്രകീൎത്തിക്കുന്നു; നഭോമണ്ഡലം അങ്ങേ കൈവേലയെ പ്രഘോഷിക്കുന്നു.” “ഓ കൎത്താവെ! ഞങ്ങളുടെ നാഥാ, പ്രപഞ്ചം മുഴുവനിലും അങ്ങേ നാമം അത്ഭുതജന്യംതന്നെ”. ഒരു അജ്ഞേയവാദിയുടേയോ അവിശ്വാസിയായ ജ്യോതിശ്ശാസ്ത്രജ്ഞൻെറയോ വക്രമായ വീക്ഷണഗതിയെ മാ

ററിവെച്ചുകൊണ്ട് സൃഷ്ടിജാലങ്ങളെ അഭിവീക്ഷിക്കുന്ന ഏതൊരുവനും രാജകീയപ്രവാചകനെപ്പോലെ പ്രകൃതിയിൽനിന്നു് പ്രകൃതിയുടെ നാഥനിലേയ്ക്കു ഉയൎന്നുപോകാതിരിക്കയില്ല. അങ്ങനെ നോക്കുമ്പോൾ സൃഷ്ടവസ്തുക്കളെല്ലാംതന്നെ ദൈവത്തിൻെറ അനന്തശക്തിയുടെ ദൎപ്പണങ്ങളായി പ്രത്യക്ഷപ്പെടും. "വൃക്ഷങ്ങളിൽ നാവുകളും, ഒഴുകുന്ന അരുവികളിൽ ഗ്രന്ഥങ്ങളും, കല്ലുകളിൽ പ്രസംഗങ്ങളും, എല്ലാററിലും നന്മയും" നാം കണ്ടെത്തും. എന്നാൽ കഷ്ടം! നാമാകട്ടെ, പിതാക്കന്മാരുടെ വിശാലമായ വീടുകളിൽ തങ്ങളെ ഉററുനോക്കിക്കൊണ്ട് അങ്ങിങ്ങായി തൂങ്ങിക്കിടക്കുന്ന പിതാക്കന്മാരുടെ ചിത്രങ്ങളെ തിരിച്ചറിയാതെ ഓടിക്കളിക്കുന്ന വിചാരഹീനരായ കുട്ടികളെപ്പോലെയാണ് വ്യാപരിക്കുന്നതു്. പ്രകൃതിയാകുന്ന മണിമന്ദിരത്തിൽ നമ്മുടെ പിതാവായ ദൈവത്തിൻെറ ഛായ മുദ്രിതമായിരിക്കുന്നതിനെ നാം ദൎശിക്കുന്നില്ല. ഭക്തിയോടെ നാം പരിചിന്തിക്കയാണെങ്കിൽ നഭോമണ്ഡലത്തിലെ ഓരോ നക്ഷത്രത്തിലും വൃക്ഷങ്ങളിലെ ഓരാ ഇലയിലും ഈ ദിവ്യമുദ്രയെ നാം ദൎശിക്കുന്നതാണ്. പ്രകൃതിയുടെ ഭയങ്കരതയോ രാമണീയകതയോ എന്തുതന്നെ നാം കാണുമ്പോഴൊക്കെയും ദൈവത്തെ സ്തുതിക്കയും ആരാധിക്കയും ചെയ്യുന്ന ഒരു പതിവ് നമ്മിൽ ക്രമേണ നട്ടു വളത്തണം.

രണ്ടാമത്തെ ദേവാലയം ജറുസലം ദേവാലയമാണ്—ഇന്നാകട്ടെ നമ്മുടെ കത്തോലിക്കാദേവാലയങ്ങളും. ജറുസലം ദേവാലയം ലോകത്തിലെ അത്ഭുതങ്ങളിൽ ഒന്നായിരുന്നു. വിലപിടിച്ച സാധനസാമഗ്രികൾ സംഭരിച്ചശേഷം 3600 മേസ്ത്രികളുടെ മേൽനോട്ടത്തിൽ 80000 കല്ലപ്പണിക്കാരും .0000 മരപ്പണിക്കാരും ദിവസംതോറും 7 കൊല്ലം ഇടതൂയായി വിയൎപ്പു പൊടിഞ്ഞതിൻെറ ഫലമായിരുന്നു ആ ദേവാലയം. വാഗ്ദാനത്തിൻെറ പേടകം—മരുഭൂമിയിൽവെച്ച് വഷിക്കപ്പെട്ട മന്നയും മൂശയ്ക്കു നല്കപ്പെട്ട പ്രമാണപ്പലകയും നിക്ഷിപ്തമായിരുന്ന പെട്ടി—അതിൽ

സംപൂജ്യമായി സ്ഥാപിക്കപ്പെട്ടു. അതിൻെറ പ്രതിഷ്ഠയിൽ ദൈവം പ്രസാദിച്ചു "ഈ ആലയത്തെ ഞാൻ പരിശുദ്ധമാക്കുന്നു" എന്നു കല്പിച്ചരുളുകയുമുണ്ടായി. മനോഹരമായ ആ സൌധം ഈജിപ്തിലെ രാജാവായ സെസാക്കിനാൽ നശിപ്പിക്കപ്പെട്ട ശേഷം, മുമ്പിലത്തെപ്പോലെ വമ്പിച്ച ചെലവുചെയ്തു സെറോബാബേൽ രാജാവിൻെറ കാലത്തു പുനരുദ്ധരിക്കപ്പെട്ടു. ഇത്ര പാവനമായ ദൈവഭവനം കള്ളന്മാരുടെ ഒരു ഗുഹയാക്കിത്തീർത്ത നീചന്മാരുടെനേരെ ദിവ്യരക്ഷകൻെറ രോഷം ആളിക്കത്തിയെങ്കിൽ അതു് എത്രയോ ന്യായപൂർവ്വമാണ്. ആ ദേവാലയത്തിൽ വെച്ചാണ് ദൈവമായ ഉണ്ണിയീശോ നിത്യപിതാവിന് കാഴ്ച വെക്കപ്പെട്ടതു്; അതിലാണ് ദിവ്യബാലൻ തൻെറ വേദവിജ്ഞാനത്താൽ യഹൂദശാസ്ത്രികളെ അത്ഭുതസ്തബ്ധരാക്കിയതു്. ദൈവമായ ക്രിസ്തുനാഥൻ അനേകം പ്രാവശ്യം അവിടെ സന്നിഹിതനായി ജനങ്ങളെ പഠിപ്പിക്കയും പിതാവിനെ ആരാധിക്കയും ചെയ്തിട്ടുണ്ട്. എന്നാൽ ഇന്നത്തെ നമ്മുടെ കത്തോലിക്കാ ദേവാലയങ്ങളുടെ സംപൂജ്യത ജറുസലംദേവാലയത്തിൻേറതിനേക്കാൾ എത്രയോ കൂടുതലാണ്! പ്രമാണപ്പലകയും മരുഭൂമിയിലെ മന്നായുമല്ല, പ്രത്യുത പ്രമാണദാതാവായ ദൈവം—സാക്ഷാൽ സ്വർഗ്ഗീയമന്നയായ ക്രിസ്തുനാഥൻ— തന്നെയാണ് നമ്മുടെ ദേവാലങ്ങളിൽ രാപകൽ എഴുന്നള്ളിയിരിക്കുന്നതു്. എത്രതന്നെ എളിയ ദേവാലയമായാലും അവിടേയും ദൈവമായ ക്രിസ്തുനാഥൻ യഥാർത്ഥത്തിൽ സന്നിഹിതനാണെന്നുള്ള വിചാരം നമ്മെ കർത്തവ്യബോധമുള്ളവരാക്കിത്തീർക്കട്ടെ. ചിരി, കളി, സംസാരം, മുട്ടുകുത്തുന്നതിലും ഇരിക്കുന്നതിലുമുള്ള അനാചാരങ്ങൾ എന്നിവയെല്ലാം മാററിവെച്ചു വളരെ ആചാരവും അച്ചടക്കവും പാലിക്കുവാൻ ഓരോരുത്തരും ശ്രമിക്കട്ടെ. പള്ളിയുടെ അകത്തു മാത്രമല്ല പള്ളിപ്പരിസരങ്ങളിലും ഈ ഒരു സംപൂജ്യതയും അച്ചടക്കബോധവും പാലിക്കേണ്ടതാണ്. ദേവാലയം അവനവൻെറ

വീടല്ല; ഒരു ക്ലബ്ബല്ല; സാമൂഹ്യസമ്മേളനരംഗമല്ല; സിനിമാശാലയല്ല; പ്രത്യുത, ദൈവത്തിന്റെ ആലയമാണെന്നു് ഓരോരുത്തരും പ്രത്യേകം സ്മരിക്കട്ടെ.

മൂന്നാമത്തെ ദേവാലയം ഓരോരുത്തന്റേയും ആത്മാവാണു. പ്രസാദവരത്തിലിരിക്കുന്ന ഒരാത്മാവിൽ ദൈവം പ്രത്യേകവിധത്തിൽ സന്നിഹിതനാണു്. അതു പരിശുദ്ധാത്മാവിന്റെ ആലയമാണു്. "എന്നെ ആരെങ്കിലും സ്നേഹിക്കുമെങ്കിൽ, എന്റെ പിതാവും അവനെ സ്നേഹിക്കുകയും ഞങ്ങൾവന്നു് അവനോടുകൂടി നിവസിക്കുകയും ചെയ്യും." ദൈവം തന്റെ സർവ്വ ശക്തിയാലും, തന്റെ സർവ്വജ്ഞാനത്താലും തന്റെ സത്ത (Essence) യാലും എല്ലാ വസ്തുക്കളിലും — പാപികളിലും—സന്നിഹിതനാണു്. എന്നാൽ പ്രസാദവരംവഴിയുള്ള തന്റെ സാന്നിദ്ധ്യം ഒരു പ്രത്യേകതരത്തിലുള്ളതാണു്—പിതാവു്, സ്നേഹിതൻ, പ്രാണവല്ലഭൻ എന്നീ നിലകളിൽ വളരെ അടുത്ത ഒരു ബന്ധമാണു് സംജാതമാകുന്നതു്. ദൈവത്തിന്റെ ജീവനിലും സ്വഭാവത്തിലും നാം പങ്കുകാരാകുകയും ചെയ്യുന്നു. ലോകത്തിൽ ഇതേവരെ ഉണ്ടായിട്ടുള്ള എത്ര മനോഹരമായ ദേവാലയവും— സോളമന്റെ ദേവാലയംമുതൽ ഇന്നത്തെ വി. പത്രോസിന്റെ ബസിലിക്കവരേയും— നശ്വരമാണു്, നിർജ്ജീവമാണു്. എന്നാൽ ആത്മാവാകുന്ന ദേവാലയം അനശ്വരമാണു്, സജീവമാണു്. പ്രപഞ്ചമാകുന്ന ദേവാലയവും ആത്മാവിനോടു തുലനം ചെയ്യുമ്പോൾ എത്രയോ നിസ്സാരമാണു്. വിശ്വത്തിന്റെ വിസ്തൃതകമാനങ്ങൾ തകർന്നുപോകും; നക്ഷത്രങ്ങൾ നിഷ്പ്രഭങ്ങളായിത്തീരും; സൂര്യൻ യുഗാന്തരങ്ങൾകൊണ്ടു മങ്ങിപ്പോകും; എന്നാൽ അപ്പോഴും ആത്മാവാകുന്ന ദൈവാലയം ആനന്ദനിലയമായി വർത്തിച്ചുകൊണ്ടിരിക്കും, ഈ ദൈവാലയത്തെക്കുറിച്ചാണു് ജറമിയാസ് പ്രവാചകൻ പറയുന്നതു്: "ഞാൻ എന്റെ നിയമങ്ങൾ അവരുടെ ഹൃദയങ്ങളിൽ എഴുതും; ഞാൻ അവരുടെ ദൈവവും അവർ എന്റെ ജനങ്ങളുമായിത്തീ

രും". ഈ ദേവാലയത്തെക്കുറിച്ചാണ് വി. പൌലോസ് പ്രസ്പഷ്ടമായി പ്രസ്താവിക്കുന്നത്: "നിങ്ങൾ ദൈവത്തിന്റെ ആലയങ്ങളാകുന്നുവെന്നും പരിശുദ്ധാത്മാവ് നിങ്ങളിൽ വസിക്കുന്നുവെന്നും നിങ്ങൾ അറിയുന്നില്ലയോ? എന്തുകൊണ്ടെന്നാൽ ദൈവത്തിന്റെ ആലയം പരിശുദ്ധമാകുന്നു. അത് നിങ്ങൾ ഓരോരുത്തരുംതന്നെ." ഈ ഒരു ബോധം—നാമോരുത്തരും ദൈവത്തിന്റെ പ്രത്യേകസാന്നിദ്ധ്യമുള്ള പരിശുദ്ധാലയങ്ങളാണെന്നുള്ള ബോധം—നമ്മിൽ ദൃഢമൂലമാകുമ്പോൾ തദനുസാരമുള്ള പരിശുദ്ധി നമ്മുടെ വിചാരങ്ങളിലും വാക്കുകളിലും പ്രവൃത്തികളിലും ഉണ്ടാകാതിരിക്കയില്ല. ആത്മാവിനേയോ ശരീരത്തേയോ നാം ഒരിക്കലും അശുദ്ധപാപത്താൽ പങ്കിലമാക്കയില്ല. ജറുസലം ദേവാലയത്തിൽ അനാചാരമായി പെരുമാറിയവരോടു ദിവ്യരക്ഷകൻ എന്തൊരു നയമാണ് അനുവർത്തിച്ചതെന്ന് ഇന്നത്തെ സുവിശേഷത്തിൽ നാം കണ്ടുകഴിഞ്ഞു. അതിലും വലിയ ശിക്ഷയാണ് ദൈവത്തിന്റെ ആലയമായ ആത്മശരീരങ്ങളെ അശുദ്ധമാക്കുന്നവർക്കു ലഭിക്കുക. "ഈ ദേവാലയത്തെ ആരെങ്കിലും അശുദ്ധമാക്കുന്നെങ്കിൽ അവനെ ദൈവം നശിപ്പിക്കും" എന്നാണ് വി. പൌലോസ് പറയുന്നത്. പലതരത്തിലുള്ള അശുദ്ധപാപങ്ങളിൽ നിപതിക്കുന്നവരും ദുസ്തഴക്കങ്ങളിൽ വേരുറച്ചുകിടക്കുന്നവരും ഈ യാഥാർത്ഥ്യം മനസ്സിലാക്കട്ടെ. പ്രലോഭനങ്ങൾ നേരിടുമ്പോൾ, തങ്ങൾ ദൈവത്തിന്റെ ആലയങ്ങളാണെന്ന് അവർ സ്മരിക്കട്ടെ; എന്തുത്യാഗം സഹിക്കേണ്ടിവന്നാലും ഇനിമേലിൽ ആത്മശരീരങ്ങളാകുന്ന ദേവാലയത്തെ ഒരിക്കലും അശുദ്ധമാക്കയില്ലെന്ന് അവർ ദൃഢപ്രതിജ്ഞയെടുക്കട്ടെ. "നിങ്ങളുടെ ശരീരത്തെ സജീവവും വിശുദ്ധവും ദൈവത്തിന് സ്വീകാര്യവുമായ ഒരു ബലിയായി സമർപ്പിക്കുവിൻ". (റോമ xii, 1.) ഈ ഒരു ബലിസമർപ്പണം നമ്മുടെ ആന്തരികദേവാലയത്തിൽ അനുസ്യൂതം നിർവ്വഹിക്കപ്പെടട്ടെ.

# അത്യന്താപേക്ഷിതം

നീതിമാന്മാരാകുന്നു എന്നുവച്ചു തങ്ങളെത്തന്നെ ആശ്രയിക്കയും മററു സകല മനുഷ്യരേയും നിന്ദിക്കയും ചെയ്യുന്ന ആളുകൾക്കെതിരായി അവൻ ഈ ഉപമ അരുളിച്ചെയ്തു: രണ്ടു മനുഷ്യർ പ്രാർത്ഥിക്കുവാനായി ദേവാലയത്തിൽ കയറി. ഒരാൾ പ്രീശനും മററവൻ ചുങ്കക്കാരനുമായിരുന്നു. ആ പ്രീശൻ നിന്നുകൊണ്ട് ഇങ്ങനെ സ്വയം പ്രാർത്ഥിച്ചു. ദൈവമേ! ഞാൻ നിനക്കു കൃതജ്ഞത പറയുന്നു. എന്തുകൊണ്ടെന്നാൽ, ഞാൻ കൊള്ളക്കാരും, അക്രമികളും വ്യഭിചാരികളുമായ മററു മനുഷ്യരെപ്പോലെയോ, ഈ ചുങ്കക്കാരനെപ്പോലെയോ ഉള്ളവനല്ല. പ്രത്യുത, ആഴ്ചയിൽ രണ്ടുപ്രാവശ്യം ഞാൻ ഉപവസിക്കയും ഞാൻ സമ്പാദിക്കുന്ന സകലത്തിൻെറയും ദശാംശം കൊടുക്കയും ചെയ്യുന്നു. ആ ചുങ്കക്കാരനോ എന്നാൽ ദൂരെനിന്ന് സ്വർഗ്ഗത്തിലേക്ക് കണ്ണുകളെ ഉയർത്തുവാൻപോലും മനസ്സാകാതെ മാറത്തടിച്ചുകൊണ്ട്: ദൈവമേ, പാപിയായ എൻെറമേൽ കനിയേണമെ എന്നു പ്രാർത്ഥിച്ചു. ഞാൻ നിങ്ങളോടു പറയുന്നു. ഇവൻ ആ പ്രീശനെക്കാൾ നീതീകരിക്കപ്പെട്ടവനായി തൻെറ വീട്ടിലേക്കു പോയി; എന്തെന്നാൽ തന്നെത്താൻ ഉയർത്തുന്ന ഏവനും താഴ്ത്തപ്പെടും; തന്നെത്താൻ താഴ്ത്തുന്ന ഏവനും ഉയർത്തപ്പെടുകയും ചെയ്യും.
(പന്തക്കുസ്താ 10-ാം ഞായർ; സുവിശേഷം: ലൂക്ക XVIII, 9—14)

സഭാചരിത്രത്തിലെ ദാരുണമായ ഒരു സംഭവം നമുക്കു ചിന്താവിഷയമാക്കാം. ജസ്റ്റിൻ എന്നു പേരായ ഒരു ഫ്രാൻസിസ്കൻ സന്യാസി തൻെറ പ്രാർത്ഥനകളാലും ധ്യാനനിഷ്ഠയാലും തപശ്ചര്യകളാലും ദൈവപ്രസാദവരം സമൃദ്ധിയായി സമ്പാദിക്കുകയും വിശുദ്ധിയുടെ പാരമ്യത്തിൽ എത്തിച്ചേരുകയും ചെയ്തു. ജനങ്ങളെല്ലാവരും അദ്ദേഹത്തിൻെറ ജീവിതപരിശുദ്ധിയിൽ അത്ഭുതം പൂണ്ടു; ‘‘ജീവിക്കുന്ന ഒരു വിശുദ്ധ’’നായി അദ്ദേഹം പരിഗണിക്കപ്പെട്ടു. ക്രമേണ അദ്ദേഹത്തിൻെറ വിശുദ്ധിയുടെ പരി

മളം ദിഗന്തങ്ങളിലേക്കും വ്യാപിച്ചു. അന്നു് സഭയെ ഭരിച്ചിരുന്ന 4-ാം എവുജിൻ മാപ്പാപ്പയും ഇദ്ദേഹത്തെപ്പററി കേൾക്കയും ഇപ്രകാരമുള്ള ഒരു മഹാസിദ്ധൻെറ പരിചയം സമ്പാദിക്കണമെന്നുള്ള അഭിലാഷത്തോടെ അദ്ദേഹത്തെ റോമയിലേക്കു ക്ഷണിക്കയും ചെയ്തു. ജസ്റ്റിൻ മാപ്പാപ്പയുടെ സന്നിധിയിൽ പ്രവേശിച്ചപ്പോൾ തിരുമനസ്സുകൊണ്ടു സിംഹാസനത്തിൽനിന്നും എഴുന്നേററു് ആ സന്യാസിവര്യനെ ആലിംഗനം ചെയ്കയും തൻെറ സമീപത്തുതന്നെ ഉപവിഷ്ടനാക്കുകയുംചെയ്തു. ഇതെല്ലാം കഴിഞ്ഞു ജസ്റ്റിൻ മടങ്ങിവന്നപ്പോൾ വി. ജോൺ കപ്രിസ്റ്റാൻ അദ്ദേഹത്തോടു ഇപ്രകാരം പറഞ്ഞു: "അല്ലയോ ജസ്റ്റിൻ സഹോദരാ, നിങ്ങൾ ഒരു മാലാഖയെപ്പോലെയാണല്ലോ ഇവിടെനിന്നുപോയതു്; എന്നാൽ ഇപ്പോൾ തിരിച്ചുവന്നിരിക്കുന്നതു് ഒരു പിശാചായിട്ടാണല്ലോ! വളരെ പരുഷമായ വാക്കുകൾ! എങ്കിലും ഈ വാക്കുകളുടെ പാരമാർത്ഥ്യം അനന്തരഫലങ്ങൾ തെളിയിച്ചു. ജസ്റ്റിൻ ദിനംദിനം അഹംഭാവത്തിൽ വൎദ്ധിച്ചുവന്നു. താൻ വേണ്ടതുപോലെ ബഹുമാനിക്കപ്പെടുന്നില്ലെന്നുള്ള അഹങ്കാരജന്യമായ ആവലാതികളും നീരസപ്രകടനങ്ങളും ധാരാളമായിത്തീൎന്നു. അങ്ങനെ ഈ ദുർഗ്ഗുണം വളൎന്നുവളൎന്നു് പരമകാഷ്ഠയിലെത്തിയപ്പോൾ ഒരിക്കൽ, തന്നെ വേണ്ടവിധം മാനിച്ചില്ലെന്നുള്ള കാരണത്താൽ ഒരു സഹോദരൻെറ വിരിമാറിൽ ഒരു കഠാരി കുത്തിയിറക്കുവാൻപോലും ഇടയായി. ഈ കൊലപാതകം കഴിഞ്ഞയുടനെ അയാൾ ഓടിപ്പോകയും ദേശാന്തരങ്ങളിൽ ചുററിത്തിരിഞ്ഞു് സകലവിധ പാപാക്രമങ്ങളിലും മുഴുകി ജീവിക്കുകയും ചെയ്തു. ഒടുവിൽ അയാൾ കാരാഗൃഹത്തിലടയ്ക്കപ്പെടുകയും അവിടെവെച്ചു് ആത്മഹത്യമൂലം സ്വജീവിതത്തിനു വിരാമമിടുകയും ചെയ്തു. ജസ്റ്റിൻ എളിമയിൽ നിലനിന്നിരുന്നുവെങ്കിൽ ഇന്നു്, ഒരു വിശുദ്ധനായി വണങ്ങപ്പെട്ടുമായിരുന്നു. "തന്നെത്താൻ ഉയർത്തുന്ന ഏവനും താഴ്ത്തപ്പെടും; തന്നെത്താൻ താഴ്ത്തുന്ന ഏവനും

ഉയൎത്തപ്പെടുകയും ചെയ്യും.'' വിശുദ്ധിയുടെ അധിത്യകയിൽനിന്നു് അശുദ്ധിയുടെ ഉപത്യകയിലേക്കു് ജസ്റ്റിൻ നിപതിച്ച അഹംഭാവം ആവിർഭവിച്ചപ്പോഠം. ലൂസിഫർ ഇടിമിന്നൽപോലെ നരകത്തിലേയ്ക്കു നിപതിക്കുന്നതു് താൻ കണ്ടുവെന്നു് ക്രിസ്തുനാഥൻ പ്രസ്താവിച്ചിരിക്കുന്നു. ''ഞാൻ ശുശ്രൂഷിക്കയില്ല'' എന്നുള്ള അഹങ്കാരപ്രമത്തമായ ആക്രോശം ഒരു ദൈവദൂതമുഖ്യനെ പൈശാചികപ്രമാണിയാക്കിത്തീൎത്തു. നമ്മുടെ ആദിമാതാപിതാക്കന്മാർ ദൈവത്തെപ്പോലെയാകാൻ ആഗ്രഹിച്ചു; അതിൻെറ ഫലം എന്തായിരുന്നുവെന്നു് എല്ലാവൎക്കും സുജ്ഞാതമാണല്ലൊ.

ദൈവം അഹംഭാവികളോടു മറുതലിക്കയും എളിമയുള്ളവരെ ഉയൎത്തുകയും ചെയ്യുന്നതു തക്കതായ ന്യായത്തോടുകൂടിത്തന്നെയാണു്. നമുക്കുള്ളതെല്ലാം—നമ്മുടെ അസ്തിത്വംപോലും—ദൈവത്തിൽനിന്നാണു് നമുക്കു ലഭിച്ചിട്ടുള്ളതു്. ഈ പരമാൎത്ഥം നാം വെല്ലുവിളിക്കയോ അവഗണിക്കയോ ചെയ്യുമ്പോഠം നാം അഹംഭാവികളായിത്തീരുന്നു; ദൈവത്തിൻെറ സ്ഥാനത്തു് നാം സ്വയം പ്രതിഷ്ഠിക്കുന്നു ''(ദൈവത്തിൽനിന്നു്) സ്വീകരിക്കാത്തതായി നിന്നിൽ എന്താണുള്ളതു്? അങ്ങനെ, എല്ലാം നീ സ്വീകരിച്ചവയാണെങ്കിൽ സ്വീകരിക്കാത്തവനെപ്പോലെ നീ എന്തിനു അഹങ്കരിക്കുന്നു?''(I Cor, IV.7) അഹംഭാവം വലിയ ധിക്കാരവും അസത്യവും വഞ്ചനയുമാണെന്നു സുവിദിതമാണു്. ഉത്തരത്തിന്മേലിരിക്കുന്ന പല്ലി വിചാരിക്കുന്നു, ഈ ഉത്തരം മുഴുവനും ചുമക്കുന്നതു് താനാണെന്നും; ഓടിക്കൊണ്ടിരിക്കുന്ന വണ്ടിച്ചക്രത്തിൻെറ അച്ചുതണ്ടിന്മേലിരിക്കുന്ന ഈച്ച വിചാരിക്കുന്നു, ഈ പൊടിപടലം മുഴുവനും പറപ്പിക്കുന്നതു് താനാണെന്നു; എന്നാൽ ഇവയെക്കാഠം അപഹാസ്യനും ധിക്കാരിയുമല്ലേ അഹംഭാവിയായ മനുഷ്യൻ? ദൈവാനുഗ്രഹങ്ങഠം ലഭിക്കുവാനുള്ള സാദ്ധ്യതപോലും അഹംഭാവിയായ മനുഷ്യനിൽ ഇല്ലതന്നെ. കാരണം, കൊടുമുടികളിൽ വെള്ളം തങ്ങിനില്ക്കുയില്ല; താഴ്ന്ന പ്രദേശത്തേക്കാണു്

അതു് ഒഴുകിച്ചെല്ലുക. വിജ്രുംഭിക്കുന്ന അഹംഭാവിയിൽ—പൊങ്ങച്ചംകൊണ്ടു് പൊങ്ങിനില്ക്കുന്നവനിൽ—പ്രസാദവരജലം എങ്ങനെ നിലയുറപ്പിക്കും? അഹന്തകൊണ്ടു് മുഴുവനും നിറഞ്ഞുകഴിഞ്ഞാൽ പിന്നെ ദൈവത്തിനു് സ്ഥാനമെവിടെ?

നിത്യരക്ഷയ്ക്കുതന്നെ എളിമ അത്യന്താപേക്ഷിതമാണെന്നുള്ള വാസ്തവം എല്ലാവരും ഗ്രഹിക്കേണ്ടതാണ്. എളിമയില്ലാതെ നമുക്കു് പാപപ്പൊറുതി ലഭിക്കയില്ല. യഥാർത്ഥത്തിലുള്ള ആത്മസ്ഥിതി മനസ്സിലാക്കുവാനോ ശരിയായ മനസ്താപമുണ്ടാകുന്നതിനോ അഹംഭാവിക്കു സാദ്ധ്യമല്ല. ഒരു വൈദികന്റെ സമീപം മുട്ടുകുത്തി സ്വന്തം പാപങ്ങൾ ആത്മാർത്ഥതയോടെ ഏററുപറയുവാനും പ്രായശ്ചിത്തകൃത്യങ്ങൾ അനുഷ്ഠിക്കുവാനും എളിമയുള്ളവർക്കേ സാധിക്കൂ. നീതീകരണത്തിനു് എളിമയും തജ്ജന്യമായ പാപബോധവും കൂടിയേകഴിയൂ എന്നു ഇന്നത്തെ സുവിശേഷം നമ്മെ പഠിപ്പിക്കുന്നു. ചുങ്കക്കാരൻ നീതീകരിക്കപ്പെട്ടവനായി വീട്ടിലേക്കു മടങ്ങിപ്പോയി. പഴയനിയമത്തിൽ സാവൂൾരാജാവിന്റെയും ദാവീദ്‌രാജാവിന്റെയും ജീവിതത്തിലും ഈ പരമാർത്ഥം തെളിഞ്ഞുനില്ക്കുന്നുണ്ടു്. രണ്ടുപേരും ദൈവത്തിനെതിരായി ഗൗരവമായ പാപംചെയ്തു. സാവൂളിന്റെ പക്കലേക്കു സമുവേൽ ദീർഘദർശിയും ദാവീദിന്റെ പക്കലേക്കു നാത്താൻ ദീർഘദർശിയും അയക്കപ്പെട്ടു. എന്നാൽ സാവൂൾ എളിമയില്ലാത്തവനായിരുന്നതുകൊണ്ടു പാപത്തിൽതന്നെ വ്യാപരിക്കയും ദൈവത്താൽ തിരസ്കൃതനാകയുംചെയ്തു. ദാവീദുരാജാവാകട്ടെ അഗാധമായ എളിമയോടെ കുററം ഏററുപറഞ്ഞു് ഹൃദയതാപം പ്രകടിപ്പിക്കയും പാപമാർഗ്ഗം പാടെ വിട്ടുപേക്ഷിക്കയും ചെയ്തു; തന്നിമിത്തം അദ്ദേഹം ദൈവത്തിനു സ്വീകാര്യനായി....പാപങ്ങൾക്കു പൊറുതി കിട്ടുന്നതിനു മാത്രമല്ല പുണ്യമാർഗ്ഗത്തിൽ വ്യാപരിക്കുന്നതിനും എളിമ അത്യന്താപേക്ഷിതമാണ്. ലോകം, പിശാചു, ശരീരം എന്നീത്രിവിധശത്രുക്കൾ നമ്മെ അടിപെടുത്താനായി അനുസ്യൂതം

ആക്രമണങ്ങറം നടത്തുന്നുണ്ട്. ഇവയെ ജയിക്കണമെങ്കിൽ എളിമ കൂടിയേ കഴിയൂ: കാരണം എളിമയുള്ളവക്കുമാത്രമേ ദൈവത്തിൻെറ പ്രസാദവരം ലഭിക്കുന്നതിനും തദ്വാരാ ആദ്ധ്യാത്മികശത്രുക്കളോടു പോരാടി ജയിക്കുന്നതിനും സാധിക്കയുള്ളു. മാത്രമല്ല, ഇപ്രകാരം ആദ്ധ്യാത്മികനാശം വരുത്തുവാൻ ശ്രമിക്കുന്ന മൂന്നു ശത്രുക്കറം നമുക്കുണ്ടെന്നും നമ്മുടെ നില സുരക്ഷിതമല്ലെന്നും നാം എല്ലായ്പ്പോഴും കരുതിയിരിക്കണമെന്നും മററുമുള്ള വിചാരം എളിമയുള്ളവക്കുമാത്രമേ ഉണ്ടാകയുള്ളു. ലോകം മുഴുവനിലും മനുഷ്യക്കായി പിശാചു് നിരത്തിവെച്ചിട്ടുള്ള കണികളുടെ ബാഹുല്യത്തെ ദശിച്ചുകൊണ്ടു് പണ്ടു് മരുഭൂമിയിലെ വി. അന്തോണി വ്യസനസമേതം ഇപ്രകാരം നിലവിളിച്ചുപറഞ്ഞു: "ഓ കത്താവേ ഈ കണികളിൽനിന്നു ആരു രക്ഷപ്രാപിക്കും? സ്വഗ്ഗം പ്രാപിക്കുവാൻ ആക്കുകഴിയും?" ഇതിനു് ഒരു മറുപടിയും അദ്ദേഹത്തിനു ലഭിച്ചു: "എളിമയുള്ളവക്കുമാത്രം". തെർത്തുല്യൻ മുതലായ മഹാപണ്ഡിതന്മാർ അഹംഭാവംനിമിത്തം അധഃപതിക്കയും പാഷണ്ഡതയിലേക്കുപോലും കാലുകുത്തുകയും ചെയ്തതായ ദയനീയ സംഭവം ചരിത്രത്തിൻെറ ഏടുകളിൽ നമ്മെ തുറിച്ചുനോക്കുന്നില്ലേ?

ചിലർ പറയും "ഓ ഞാൻ അയോഗ്യനാണു്, നിസ്സാരനാണു്, പാപിയാണു്, ഒന്നിനും കൊള്ളാത്തവനാണു്" എന്നെല്ലാം. എന്നാൽ ഇങ്ങനെ പറയുന്നതിൽ ആത്മാത്ഥതയുണ്ടോ എന്നു നല്ലവണ്ണം പരിശോധിച്ചുനോക്കണം. എളിമയുടെ മൂടുപടമിട്ട അഹംഭാവമാണോ അതു്? ഇക്കൂട്ടരുടെ മുഖത്തുനോക്കി മററൊരാറം ഈ ന്യൂനതകറം അവരുടെമേൽ ആരോപിക്കട്ടെ; അപ്പോറം കാണാം ഒരു പക്ഷെ അവരുടെ ഭാവം മാറുന്നതു്. നമ്മിൽ വല്ല സൽഗ്ഗുണങ്ങളോ കഴിവുകളോ മററൊ ഉണ്ടെങ്കിൽ അവ ഇല്ലെന്നു പറയുന്നതിലല്ല എളിമ അടങ്ങിയിരിക്കുന്നതു്; പ്രത്യുത, അവ ദൈവം നല്കിയതാണെന്നു് ഏററുപറയുന്നതിലാണു്. "ഞാൻ

എന്തെങ്കിലുമാകുന്നുവെങ്കിൽ, അതു ദൈവത്തിന്റെ അനുഗ്രഹത്താലാകുന്നു'' എന്നു് വി. പൗലോസിനോടുകൂടി നമുക്കും പറയുവാൻ സാധിക്കണം; എളിമയും സത്യവും ഒന്നുതന്നെ.

# നാവിനെ നിയന്ത്രിക്കണം

ഈശോ വീണ്ടും സോറിന്റെയും സൈദാന്റെയും അതിർത്തിയിൽ നിന്നു പുറപ്പെട്ടു ദശഗ്രാമങ്ങളുടെ അതിർത്തിയിൽ ഗലീലാകടലിങ്കലേക്കു വന്നു. അപ്പോൾ ഊമനായ ഒരു ചെകിടനെ അവന്റെ അടുക്കൽ കൊണ്ടുവന്നു് അവന്റെമേൽ കൈവെയ്ക്കണമെന്നു് അപേക്ഷിച്ചു. അവൻ ജനക്കൂട്ടത്തിൽനിന്നു് അവനെ തനിയെ മാററിക്കൊണ്ടുപോയി അവന്റെ ചെവികളിൽ തന്റെ വിരലുകൾ ഇടുകയും, തുപ്പി അവന്റെ നാവിനെ തൊടുകയുംചെയ്തു. അവൻ സ്വർഗ്ഗത്തിലേക്കു നോക്കി നെടുവീർപ്പിട്ടു് അവനോടു എസ്'ഫസഹ് (തുറക്കപ്പെടുക) എന്നരുളിച്ചെയ്തു. ആ സമയത്തുതന്നെ അവന്റെ ചെവികൾ തുറക്കപ്പെടുകയും നാവിന്റെ കെട്ടഴിയുകയും, അവൻ തെളിവായി സംസാരിക്കുകയുംചെയ്തു. ഒരു മനുഷ്യനോടും പറയരുതെന്നു് അവൻ അവരോടു കല്പിച്ചു എന്നാൽ എത്ര അധികമായി കല്പിച്ചിരുന്നുവോ അത്ര അധികമായി അവർ പ്രസ്താവിച്ചിരുന്നു. അവൻ എല്ലാകാര്യവും നന്നായിചെയ്യുന്നു; ചെകിടർ കേൾക്കുമാറും സംസാരിക്കാത്തവർ സംസാരിക്കുമാറും ആക്കുന്നു എന്നുപറഞ്ഞു് അവർ അധികമായി വിസ്മയിച്ചു.

(പന്തക്കുസ്ത 11-ാം ഞായർ; സുവി: മർക്കോസ് VII, 31—37)

എന്റെ രണ്ടു ചുണ്ടുകൾക്കും കട്ടളകൾ ഉണ്ടായിരുന്നെങ്കിൽ, എന്നു ഞാനാഗ്രഹിക്കുന്നു. അങ്ങനെയെങ്കിൽ, സംസാരിക്കുവാനായി ആ കട്ടളകൾ ഞാൻ അഴിക്കേണ്ടിവരുമ്പോൾ,

ഞാൻ എന്താണ് പറയുവാൻപോകുന്നതെന്ന് ആലോചിച്ചുനോക്കുന്നതിന് അല്പമെങ്കിലും സമയം ലഭിക്കുമല്ലൊ,'' എന്നു പുണ്യശ്ലോകനായ വി. ഫ്രാൻസിസ് ദെസാലസ് പ്രസ്താവിക്കുന്നു. വേദപണ്ഡിതോത്തംസമായ ഈ വിശുദ്ധമെത്രാൻ സംസാരത്തിൽ വളരെയധികം സംയമനം പാലിച്ചുവന്നതുകൊണ്ട് അദ്ദേഹത്തിന് അങ്ങനെ കുട്ടകളുടെ ആവശ്യമുണ്ടായിരുന്നില്ല; എന്നാൽ നമ്മുടെ ചുണ്ടുകൾക്കാകട്ടെ അങ്ങനെയുള്ള രണ്ടു കുട്ടകൾ ഉണ്ടാകുന്നതു നന്നായിരിക്കും. ഇന്നത്തെ സുവിശേഷത്തിലെ ഊമനായ മനുഷ്യൻ മിശിഹായുടെ അത്ഭുതകൃത്യംമൂലം ശരിയായി സംസാരിപ്പാൻ തുടങ്ങി. ഇപ്രകാരം ശരിയായി സംസാരിക്കുന്നതിന്—പാപരഹിതമായി നാവിനെ വിനിയോഗിക്കുന്നതിന്—എന്തെങ്കിലും നിയന്ത്രണം കൂടിയേകഴിയൂ. വാളിനാൽ വധിക്കപ്പെടുന്നവരെക്കാൾ അധികംപേർ നാവിനാൽ വധിക്കപ്പെടുന്നുവെന്ന് വിശുദ്ധഗ്രന്ഥം പ്രസ്താവിക്കുന്നു. (Ecclus XXVIII-22). യഥാർത്ഥത്തിൽ, എത്രമാത്രം ആദ്ധ്യാത്മികവധങ്ങളും, തേജോവധങ്ങളും, കീർത്തിധ്വംസനങ്ങളുമാണ് നാവിൻെറ ദുരുപയോഗം വരുത്തിവെക്കുന്നത്. ശാരീരികമായ വധങ്ങൾക്കും പലപ്പോഴും സംസാരം വഴിതെളിക്കുന്നില്ലേ?

നിരുപദ്രവകരമെങ്കിലും പ്രയോജനരഹിതമായ സംസാരം—അങ്ങനെ ഒരു തരമുണ്ടല്ലൊ; വി. ക്രിസോസ്തോം പറയുന്നതുപോലെ, സംസാരിക്കുന്നവനാകട്ടെ കേൾക്കുന്നവർക്കാകട്ടെ യാതൊരു ഉപകാരവുമില്ലാത്ത വെറും ജിഹ്വാഭ്യാസം. യാതൊരു കാരണമോ ആവശ്യമോ കൂടാതെ, സംസാരിക്കുവാൻവേണ്ടിമാത്രം സംസാരിക്കുക, സ്വയം സംസാരിക്കുന്നതുകേട്ടു സംതൃപ്തിയടയുവാൻവേണ്ടി മാത്രം സംസാരിക്കുക—ഇതാണ് ഇക്കൂട്ടരുടെ ഉദ്ദേശം. അയൽവീട്ടുകാരുമായി വ്യർത്ഥസംഭാഷണങ്ങളിൽ സമയം ചെലവഴിക്കുന്നവരും, മലയാറ്റൂർക്ക് നടന്നുകൊണ്ടുള്ള തീർത്ഥയാത്രകഴിച്ച് മടങ്ങിവരുന്നതുവരെയും സംസാരിച്ചതിനുശേഷവും

തൃപ്തിവരാതെ, ശേഷം വെള്ളംകോരാൻ വരുമ്പോഠം പറയാമെന്നു സമാധാനിച്ച സുപ്രസിദ്ധസ്ത്രീയുഗ്മകങ്ങളും, എല്ലാം ഈ ഇനത്തിൽപെടുന്നു. നിരുപദ്രവകരമായതുകൊണ്ടു ഇത്തരം സംസാരങ്ങഠം ഒരുപക്ഷെ പാപരഹിതമായിരിക്കാം. എങ്കിലും, നാം അലസമായിപ്പറയുന്ന വാക്കുകഠംക്കുപോലും വിധിദിവസത്തിൽ ദൈവതിരുമുമ്പാകെ കണക്കുപറയേണ്ടിവരുമെന്നു ദിവ്യനാഥൻ നമ്മെ ഉൽബോധിപ്പിക്കുന്നുണ്ടു്. നമ്മുടെ ഉല്ലാസത്തിനും കൂടുതൽ ജോലിചെയ്യുന്നതിനുള്ള ഉന്മേഷം ലഭിക്കുന്നതിനും ഇത്തരം സംഭാഷണങ്ങഠം ചിലപ്പോഠം ഉപകരിക്കും. അമിതമായാൽ അമൃതും വിഷം. ഉല്ലാസത്തിനുവേണ്ടിയുള്ള സംഭാഷണങ്ങളായാലും എല്ലാം ദൈവസ്തുതിക്കുവേണ്ടിയെന്നുള്ള ഉദ്ദേശംവെക്കുന്നതും നന്നായിരിക്കും. മറെറാരുകാര്യം: ഇങ്ങനെയുള്ള സംഭാഷണങ്ങഠം മൂലം സ്വന്തംകടമകഠം, വീട്ടുജോലികഠം, മതകമ്മാനുഷ്ഠാനങ്ങഠം എന്നിവയ്ക്കെല്ലാം വിഘ്നംവരികയാണെങ്കിൽ അവ പാപകരങ്ങളും തന്നിമിത്തം അവശ്യം വജ്ജ്യങ്ങളുമാണു്.

തമാശകഠം, സരസസംഭാഷണം—ഇവയ്ക്കു് ഇനുള്ളസ്ഥാനം അദ്വിതീയമാണു്. വിനോദത്തിനും "ചിരിച്ചു് പുഷ്ടിപ്രാപിക്കുന്ന"തിനും ഇവ ഉപകരിച്ചേക്കും. എന്നാൽ അവ നിരുപദ്രവകരങ്ങളായിരിക്കണം; 'അന്യർക്കു മനോവേദനയുണ്ടാക്കരുതു്'; മതത്തിനും സന്മാർഗ്ഗത്തിനും ഹാനികരങ്ങളോ വിരുദ്ധങ്ങളോ ആകരുതു്; ഉദ്ദേശശുദ്ധിയുമുണ്ടാകണം. പലപ്പോഴും അത്തരം സംഭാഷണങ്ങഠംക്കു് ഇത്തരം ഗുണങ്ങളൊന്നുമുണ്ടായിരിക്കയില്ലെന്നാണു് അനുഭവം പഠിപ്പിക്കുന്നതു്. സ്നേഹിതന്മാരുടെ സൗഹൃൽസമ്മേളനങ്ങളിൽ 'വെടി' പറയുവാനും 'തമാശ'കഠം പൊട്ടിക്കുവാനും സരസഭാഷണം നടത്തുവാനും താൻ പ്രാപ്തനാണെന്നുള്ള പേര് ലഭിക്കണമെന്നുള്ള ഉദ്ദേശമാണു് പലക്കും ഉണ്ടാകുന്നതു്. കൂടാതെ പലപ്പോഴും അവ നിരുപദ്രവകരങ്ങളായിരിക്കയില്ല; അടക്കത്തിനു വിരോധമായതും അയൽക്കാരനെ അപകീത്തിപ്പെ

ടുത്തുന്നതുമായ പ്രസ്താവങ്ങൾ പ്രത്യക്ഷമായോ പരോക്ഷമായോ അവയിൽ അടങ്ങിയിരിക്കും. അപ്പോൾ അവ പാപകരങ്ങളായിത്തീരാം.

അഹംഭാവജല്പനങ്ങൾ, സ്വയം കൊട്ടിഘോഷിക്കൽ — ഇത്തരം സംസാരം വജ്ജനീയംതന്നെ. ഫരിസേയരെപ്പോലെ സ്വന്തം നന്മകളെ ഇക്കൂട്ടർ ഉൽഘോഷിക്കുന്നു. സംഭാഷണവേളകളിൽ ഇവർ തങ്ങളെത്തന്നെ സംഭാഷണവിഷയങ്ങളാക്കിത്തീക്കുന്നു; തങ്ങളുടെ സാമത്ഥ്യം, ജ്ഞാനം,ധീരത, യോഗ്യതകൾ എന്നിവയെക്കുറിച്ചുള്ള പ്രഘോഷണങ്ങളായിരിക്കുമധികവും. എന്തെങ്കിലും സൽകൃത്യം ചെയ്തുകഴിഞ്ഞാൽ നാലാളെയെങ്കിലും അറിയിക്കാതെ ഇക്കൂട്ടക്ക് ഉറക്കം വരികയില്ല. പാപകരങ്ങളെന്നു മാത്രമല്ല അപകടകരങ്ങളുമാണ് ഇത്തരം സംഭാഷണങ്ങൾ. കാരണം, സൽകൃത്യങ്ങളുടെ സമ്മാനാഹ്ത അവക്കു ഇതോടെ നഷ്ടമായിപ്പോകുന്നു.

അന്യരിൽ യഥാത്ഥത്തിൽ ഉള്ളതായ കുററങ്ങളെക്കുറിച്ച് ആവശ്യംകൂടാതെ സംസാരിക്കുന്നതും പാപകരമായിരിക്കും. ചിലർ പറയും, ഞാൻ ഇല്ലാത്തതൊന്നും പറയുന്നില്ലല്ലൊ എന്നു്. എന്നാൽ ഈ അഭിപ്രായം വളരെ അബദ്ധമാണ്. അന്യൻെറ കുററങ്ങളെ ആവശ്യംകൂടാതെ വെളിപ്പെടുത്തുന്നവൻ ഉപവിക്കെതിരായി പാപം ചെയ്യുന്നു; അന്യർ നിന്നോടു ചെയ്യുവാൻ നീ ആഗ്രഹിക്കുന്നതുപോലെ നീ അന്യരോടും വത്തിക്കുക എന്നുള്ളതാണല്ലൊ ഉപവിയുടെ പ്രമാണം. എല്ലാവക്കും അറിയപ്പെട്ടുകഴിഞ്ഞിട്ടുള്ള ഒരു സ്വഭാവദൂഷ്യമാണെങ്കിൽ അതിനെപ്പററി സംസാരിക്കുന്നതിൽ പാപമില്ല; എങ്കിലും, പരസ്യകുററങ്ങളെക്കുറിച്ചുപോലും സംസാരിക്കുന്നതു സഹോദരസ്നേഹത്തിനു ബലക്ഷയമാകാനെളുപ്പമുള്ളതുകൊണ്ടു് അതിൽനിന്നും വിരമിക്കുന്നതാണുത്തമം. കൂടാതെ, ഇതരൻെറ കുററങ്ങൾ വെളിപ്പെടുത്തുന്നതുകൊണ്ട് ചിലപ്പോൾ ഗൗരവമായ പാപത്തിനുപോലും ഇടവരുന്നതാണു്

ഒരു യുവതി നിരാശയിലേയ്ക്കു നിപതിച്ച് ആത്മഹത്യ ചെയ്തു വെന്നു വരാം; സൗഭാഗ്യമായി ജീവിച്ചിരുന്ന ഭാര്യാഭർത്താക്കന്മാർ പിണങ്ങിപ്പിരിഞ്ഞെന്നു വരാം; പരസ്പരവിശ്വാസത്തോടെ കഴിഞ്ഞിരുന്ന ഇടവകവികാരിയും ഇടവകക്കാരും ബദ്ധവൈരികളായെന്നു വരാം. വരുത്തിവെച്ച അപകീർത്തിയെ നീക്കുവാനും തക്കതായ നഷ്ടപരിഹാരം ചെയ്യാനുമുള്ള കടമ കുററാരോപകനു തീർച്ചയായും ഉണ്ട്.

ഇല്ലാത്ത കുററങ്ങൾ ഇതരന്മാരിൽ ആരോപിക്കുമ്പോൾ—ഉള്ള കുററങ്ങൾതന്നെ പർവ്വതീകരിച്ചു കാണിക്കുമ്പോൾ—സംശയിക്കുന്ന കുററങ്ങൾ യഥാർത്ഥങ്ങളാണെന്നു പറയുമ്പോൾ—ഇതരന്മാരുടെ സൽകൃത്യങ്ങൾക്കു ദുർവ്യാഖ്യാനങ്ങൾ നല്കുമ്പോൾ—ഇതരന്മാരിലുള്ള നന്മകളെ ഇല്ലാതാക്കിയും ലഘൂകരിച്ചും കാണിക്കുമ്പോൾ—നാം മൂന്നുതരം മാലിന്യങ്ങളടങ്ങിയ ഭയങ്കരപാപമാണ് ചെയ്യുന്നത്: ഉപവിക്കെതിരായും, സത്യത്തിന്നെതിരായും, നീതിക്കു വിരോധമായും നാം പാപം ചെയ്യുന്നു. ഇത് എത്രമാത്രം വർജ്ജ്യമാണെന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ. ദുഷ്ടവാദികൾക്ക് ഏററവും ഇഷ്ടമുള്ളവയാണ് ഏഷണികൂട്ടലും നാരദവേഷം കെട്ടലും. ഇണങ്ങിക്കഴിയുന്നവർ പിണങ്ങിപ്പിരിയുന്നുണ്ടെങ്കിൽ അതിനിടയിൽ നാരദന്മാരുടെ പ്രവർത്തനം തെളിഞ്ഞു കാണാം. അട്ടയെ പിടിച്ചു കട്ടിലിൽ കിടത്തിയാലും അതു പൊട്ടക്കുളമന്വേഷിച്ചുപോകുമെന്നു ഒരു പഴഞ്ചൊല്ലുണ്ടല്ലോ. ഏഷണിക്കാർക്കും കലങ്ങിയ വെള്ളമാണിഷ്ടം. രണ്ടു കക്ഷികളുടേയും ചെവിയിൽ മന്ത്രിച്ച് അവരെ തമ്മിൽ കടിപിടി കൂട്ടുക—രണ്ടററത്തും തീ കൊളുത്തി നടുവിൽ പിടിക്കുക—ഇവയാണ് ഇവരുടെ തൊഴിൽ. സമാധാനത്തോടും ക്രമത്തോടുംകൂടി കാര്യങ്ങൾ നടന്നുപോകുന്നതു് ഇവക്ക് ഒട്ടും ഹിതകരമല്ല. കുഴിയിലേയ്ക്കു കാലു നീട്ടിയ ചില വൃദ്ധകൾപോലും ഏഷണികൊണ്ട് ശണ്ഠകളും തെററിദ്ധാരണകളും സൃഷ്ടിച്ചുവിടുന്നതു കാണുമ്പോൾ

പരിതപിക്കയല്ലാതെന്തു ചെയ്യും? ഇവരെല്ലാം തക്കതായ പരിഹാരം ചെയ്തേ കഴിയൂ.

അശുദ്ധ സംസാരങ്ങൾ നിഷിദ്ധങ്ങളാണെന്നു സുവിദിതമാണല്ലൊ. എങ്കിലും ചിലപ്പോഴെല്ലാം നാലാളുകൾ—പ്രത്യേകിച്ച യുവാക്കന്മാർ—കൂടിയാൽ അശുദ്ധ വിഷയങ്ങളെക്കുറിച്ചുള്ള സംസാരത്തിനു നിസ്സങ്കോചം അവർ സ്വാഗതമരുളുന്നു. അശ്ലീലങ്ങളായ 'തമാശ'കൾ നിർലജ്ജം തട്ടിവിടുന്നു. എത്രയോ നിഷ്കളങ്കഹൃദയങ്ങൾ അശുദ്ധിയുടെ ആദ്യപാഠങ്ങൾ ഇങ്ങനെയുള്ള സംഭാഷണങ്ങളിൽനിന്നു പഠിച്ചിട്ടുണ്ട്! എത്ര ആദ്ധ്യാത്മിക വധങ്ങൾ ഇത്തരം സംഭാഷണങ്ങൾ നടത്തിയിട്ടുണ്ട്. "മനസ്സിന്റെ പൂർണ്ണതയിൽനിന്നാണ് അധരം സംസാരിക്കുന്നതു്". അശുദ്ധമായി സംസാരിക്കുന്നവൻ അശുദ്ധിയാൽ നിറഞ്ഞിരിക്കും...... മാംസപേശികളുടേയും ഞരമ്പുകളുടേയും ഇടയിൽ ശസ്ത്രക്രിയ ചെയ്യുവാനുദ്യമിക്കുന്ന ഒരു ഭിഷഗ്വരൻ തന്റെ കരുക്കളെ വളരെ സൂക്ഷത്തോടെ ഉപയോഗിക്കുന്നതുപോലെ നാം നമ്മുടെ നാവിനെ ശ്രദ്ധയോടെ നിയന്ത്രിക്കണം.

# സർവ്വ സാഹോദര്യം

പിന്നീട് അവിടുന്നു തന്റെ ശിഷ്യന്മാരുടെ പക്കലേക്കു തിരിഞ്ഞു പറഞ്ഞു: "നിങ്ങൾ കാണുന്നവയെ ദർശിക്കുന്ന നയനങ്ങൾ ഭാഗ്യമുള്ളവയാകുന്നു. നിങ്ങൾ കാണുന്നതു ദർശിക്കുവാനും കേൾക്കുന്നതു ശ്രവിക്കുവാനും ആഗ്രഹിച്ച പല പ്രവാചകന്മാരും രാജാക്കന്മാരും ഉണ്ടായിരുന്നു. എന്നാൽ അവർ ഒരിക്കലും ദർശിച്ചുമില്ല ശ്രവിച്ചുമില്ല എന്നു ഞാൻ നിങ്ങളോടു പറയുന്നു" ഒരു നിയമജ്ഞൻ എഴുന്നേററു് അവിടുത്തെ പരീക്ഷിക്കുന്നതിനായി ചോദിച്ചു: "ഗുരോ, നിത്യജീവൻ സമ്പാദിക്കുവാൻ ഞാൻ എന്തു ചെയ്യണം?"

ഈശോ അവനോട്, "നിയമത്തിൽ എന്താണ് എഴുതപ്പെട്ടിരിക്കുന്നതു്? നീ എങ്ങനെ മനസ്സിലാക്കുന്നു?" എന്നു പ്രതിവചിച്ചു. അതിനു അവൻ ഇങ്ങനെ മറുപടി പറഞ്ഞു: "നിന്റെ പൂർണ്ണഹൃദയത്തോടും പൂർണ്ണാത്മാവോടും പൂർണ്ണശക്തിയോടും പൂർണ്ണമനസ്സോടുംകൂടി നിന്റെ കർത്താവായ ദൈവത്തേയും, നിന്നെപ്പോലെതന്നെ നിന്റെ അയൽക്കാരനേയും സ്നേഹിക്കണം". "നീ ശരിയായി ഉത്തരം പറഞ്ഞിരിക്കുന്നു. ഇതു നീ ചെയ്യുക. അപ്പോൾ നീ ജീവൻ കണ്ടെത്തും" എന്നു അവിടുന്നു അവനോടു പറഞ്ഞു. എന്നാൽ അവൻ സ്വയം കുററമററവനാണെന്നു കാണിക്കുവാൻവേണ്ടി "എന്റെ അയൽക്കാരൻ ആരാണ്?" എന്നു ചോദിച്ചു. ഉടനെ ഈശോ അവനു ഇങ്ങനെ ഉത്തരമരുളി: ജാർശലത്തുനിന്നു് ജെറിക്കോയിലേക്കു പോയിരുന്ന ഒരു മനുഷ്യൻ കൊള്ളക്കാരുടെ കൈയിൽ അകപ്പെട്ടു. അവർ അവന്റെ വസ്ത്രം ഉരിഞ്ഞെടുക്കുകയും അവനെ അടിക്കുകയും അവനെ അദ്ധപ്രാണനാക്കി വിട്ടുപോകയും ചെയ്തു. അപ്പോൾ ആ വഴിയെ പോകാൻ ഇടയായ ഒരു പുരോഹിതൻ അവനെ കണ്ടെങ്കിലും ഒഴിഞ്ഞുമാറി പൊയ്ക്കളഞ്ഞു. അനന്തരം അവിടെ വന്ന ഒരു ലേവായനും അവനെക്കണ്ടു ഒഴിഞ്ഞുമാറിപ്പോയി. എന്നാൽ ഒരു ശമറായക്കാരൻ യാത്രാമദ്ധ്യേ അവനെക്കണ്ടു. ഈ കാഴ്ചയാൽ ആർദ്രമാനസനായിത്തീന്ന അയാൾ അവന്റെ പക്കൽ ചെന്നു വീഞ്ഞും തൈലവും ഒഴിച്ചു അവന്റെ മുറിവുകൾ വെച്ചുകെട്ടിയശേഷം അവനെ തന്റെ മൃഗത്തിന്മേൽ ഇരുത്തി ഒരു സത്രത്തിൽ കൊണ്ടുവന്നു അവനെ പരിചരിച്ചു. പിറേറ ദിവസം അയാൾ രണ്ടു വെള്ളി നാണയങ്ങൾ എടുത്തു് സത്രപാലകനു കൊടുത്തുകൊണ്ടു പറഞ്ഞു: "നീ ഇവന്റെ കാര്യം അന്വേഷിച്ചുകൊള്ളണം. നിന്റെ അദ്ധ്വാനത്തിന്നു അർഹമായിട്ടുള്ളതെല്ലാം ഞാൻ വീട്ടിലേയ്ക്കു മടങ്ങിപ്പോകുമ്പോൾ നിനക്കു തന്നുകൊള്ളാം" കൊള്ളക്കാരുടെ കൈകളിൽ അകപ്പെട്ട ഇവന്റെ അയൽക്കാരനെന്നു സ്വയം തെളിയിച്ചതു അവരിൽ ആരെന്നാണ് നീ വിചാരിക്കുന്നതു്?" "അവനോടു കരുണ കാണിച്ചവൻ" എന്നു അയാൾ മറുപടി പറഞ്ഞു. അപ്പോൾ ഈശോ, "നീയും പോയി അതുപോലെ ചെയ്യുക" എന്നരുളിച്ചെയ്തു.

(പന്തക്കുസ്താ 12-ാം ഞായർ; സുവി: ലൂക്കാ X 23-37).

നാസികളുടെ വർഗ്ഗീയമേധാവിത്വസിദ്ധാന്തം പ്രചരണ സോപാനത്തിൻെറ പരമവിഷ്ടരത്തിലെത്തിയപ്പോൾ ഹിററ്ലർ പറയുകയുണ്ടായി, ഒരു മനുഷ്യൻ ഒരു മൃഗത്തേക്കാൾ എത്രകണ്ട് ഉൽകൃഷ്ടനാണോ അതുപോലെ ജർമ്മൻജനതയെ ഉൾക്കൊള്ളുന്ന നോർഡിക് (Nordic) വംശം ഇതരമാനവവംശങ്ങളേക്കാൾ ഉൽകൃഷ്ടമാണെന്ന്. ഈ വർഗ്ഗീയമേധാവിത്വകാകോളം കോരി കുടിച്ചതുകൊണ്ടുള്ള ആവേശത്താലാണല്ലൊ നാസിയുവാക്കന്മാർ ഇതരവംശക്കാരെയെല്ലാം അടിച്ചമർത്തുവാൻ രണ്ടാം ലോകമഹായുദ്ധം അഴിച്ചുവിട്ടതു്. പുരാണറോമയിൽ സ്വാതന്ത്ര്യപൗരന്മാരെന്നും അടിമകളെന്നുമുണ്ടായിരുന്ന തരംതിരിവും തജ്ജന്യമായ ക്രൂരനിയമങ്ങളും മർദ്ദനങ്ങളും സംഘട്ടനങ്ങളും കുപ്രസിദ്ധങ്ങളാണല്ലോ. അമേരിക്കയിൽ വെള്ളക്കാർ അവിടത്തെ റെഡ്ഇന്ത്യക്കാരെ അടിച്ചമർത്തി വർഗ്ഗീയമേധാവിത്വം പുലർത്തുവാനുള്ള പരിശ്രമത്തിൽ ഉണ്ടായിട്ടുള്ള സംഘർഷണങ്ങളും മൃഗീയമായ ലിഞ്ച് (Lynch) നിയമങ്ങളും അമേരിക്കൻചരിത്രത്തിൻെറ ഏടുകളെ കളങ്കപങ്കിലമാക്കിയിട്ടുണ്ടു്. നമ്മുടെ ഭാരതത്തിലും സവർണ്ണരും അവർണ്ണരും തമ്മിൽ കെട്ടിപ്പൊക്കിയ ജാതിയുടേയും അസ്പൃശ്യതയുടേയും കന്മതിലുകൾ മൂലമുണ്ടായിട്ടുള്ള മർദ്ദനങ്ങളും അകൽച്ചയും സംഘട്ടനങ്ങളും നമ്മുടെ സ്മരണയിൽ ഇന്നും സജീവങ്ങളായിരിക്കുന്നു. ആധുനികകാലത്തു മുതലാളികൾ തൊഴിലാളികൾ എന്നിങ്ങനെ മനുഷ്യവർഗ്ഗത്തെ രണ്ടായി തിരിച്ചു വർഗ്ഗീയവൈരങ്ങൾ കുത്തിപ്പൊക്കുന്നതിനു കമ്മ്യൂണിസ്റ്റ്കാർ അനുസ്യൂതം പരിശ്രമിച്ചുകൊണ്ടിരിക്കുന്നു. മുതലാളി പിടഞ്ഞു മരിക്കുമ്പോൾ തൊഴിലാളി സന്തോഷിക്കുന്നു; മുതലാളികൾ നശിക്കട്ടെ എന്നു ആർത്തുവിളിക്കുന്നു. തൊഴിലാളി പട്ടിണികൊണ്ടു് എരിപൊരി കൊള്ളുമ്പോൾ മുതലാളിയാകട്ടെ കണ്ട ഭാവം നടിക്കുന്നുമില്ല. ഇങ്ങനെ വർഗ്ഗം, ജാതി, മതം എന്നിവയെ അടിസ്ഥാനമാക്കി ലോകചരിത്രത്തിൽ അങ്ങോളമിങ്ങോളം അലതല്ലുന്ന വർഗ്ഗീയവി

ദ്വേഷത്തിൻെറ കല്ലോലങ്ങൾ ഇന്നും ലോകത്തെ മഹായുദ്ധങ്ങളിലേയ്ക്കു വലിച്ചിഴയ്ക്കുന്നു. ക്രിസ്തുവിൻെറ കാലത്തും പലസ്തീനായിൽ ഈ വിദ്വേഷാഗ്നി ആളിക്കത്തിക്കൊണ്ടിരുന്നു.

യൂദന്മാരുടെ ധമ്മസംഹിതയുടെ ചട്ടക്കൂട്ടിൽ സഹോദരൻ—അയൽക്കാരൻ—എന്ന പദത്തിന്നു വളരെ സങ്കുചിതമായ അത്ഥമായിരുന്നു ഉണ്ടായിരുന്നതു്. സഹപൗരന്മാരായിരുന്ന ഇസ്രായേൽക്കാർ മാത്രമായിരുന്നു "സഹോദരൻ", "സ്നേഹിതൻ" എന്നീ പദങ്ങൾകൊണ്ടു വിവക്ഷിക്കപ്പെട്ടിരുന്നതു്. സ്വാത്ഥത്തിൻെറ കരിനിഴൽ അവരുടെ ധാമ്മികബോധത്തെ തമോമയമാക്കിത്തീൎത്തു. ഇതും പോരാ, പുറജാതികളോടും സമരിയാക്കാരോടും സ്നേഹവും കാരുണ്യവും പ്രദശിപ്പിക്കേണ്ട ആവശ്യമുണ്ടോ എന്നും അങ്ങനെ ചെയ്തുപോയാൽ അതു പാപകരംകൂടിയാകയില്ലേ എന്നും ഫരിസേയരുടെ ഇടയിൽ തക്കമുണ്ടായിരുന്നു. അബ്രാഹത്തിൻെറ സന്തതികളെന്നഭിമാനിച്ചിരുന്ന യൂദന്മാർ ഒരു ശ്രേഷ്ഠവംശമാണെന്നു സ്വയം നടിക്കയും സമരിയാക്കാരേയും മററു പുറജാതികളേയും മ്ലേഛന്മാരായി പരിഗണിച്ചു് അവരെ അകററിനിറുത്തുകയും ചെയ്തിരുന്നു; തദ്വാരാ ഇരു സമുദായങ്ങളും പരസ്പരം ശത്രുത്വവും പുലത്തിവന്നു. ഇങ്ങനെ നോക്കുമ്പോൾ ഇന്നത്തെ സുവിശേഷത്തിലെ നിയമജ്ഞൻെറ ചോദ്യവും അതിനു ദിവ്യരക്ഷകൻ നൽകിയ മറുപടിയും മമ്മസ്പൎശിയായിരുന്നുവെന്നു വ്യക്തമാണല്ലോ. അയൽക്കാരൻ എന്ന പദംകൊണ്ടു നിയമത്തിൽ എന്താണു് വിവക്ഷിക്കപ്പെടുന്നതെന്നു് അസന്നിഗ്ദ്ധമായി അങ്ങുന്നു പ്രഖ്യാപിച്ചു: അതായതു്, സകല മനുഷ്യരും—വിദേശികളോ, ശത്രുക്കളോ, അന്യമതാനുയായികളോ, വിഭിന്ന വംശജരോ ആരുതന്നെയായാലും—അയൽക്കാരൻ എന്ന പദത്തിൽ അടങ്ങിയിട്ടുണ്ടു്. ഈ തത്വമാണു് നല്ല സമരിയക്കാരനെക്കുറിച്ചുള്ള അന്യാപദേശത്തിൽ ദിവ്യരക്ഷകൻ ഊന്നിപ്പറയുന്നതു്. വെറുക്കപ്പെട്ട ശത്രുവൎഗ്ഗത്തിൽപ്പെട്ടവനും വിഭിന്നമതാ

നസാരിയുമായ സമരിയാക്കാരനാണ് മുറിഭവറാകിടക്കുന്ന ഒരു യൂദവംശജനെ സഹായിക്കുന്നതു്. അവനാണ് യൂദൻെറ അയൽക്കാരൻ എന്നും "നീയും പോയി അതുപോലെ ചെയ്യുക" എന്നും അങ്ങുന്ന് അരുളിച്ചെയ്തു. അങ്ങനെ ഈ പ്രബോധനം യൂദന്മാരുടെ വിവാദത്തിനു ഒരു പൂൎണ്ണവിരാമമിട്ടു.

"കണ്ണിനു പകരം കണ്ണു്, പല്ലിനുപകരം പല്ല്", "മിത്രങ്ങളെമാത്രം സ്നേഹിക്കുക, ശത്രുക്കളെ ദ്വേഷിക്കുക", "ഇങ്ങോട്ടു ഉപദ്രവിക്കുന്നവരെ അങ്ങോട്ടും ഉപദ്രവിക്കുക" എന്നിങ്ങനെയുള്ള പ്രാചീനതത്വങ്ങളുടെ ഇടുങ്ങിയ ചാലുകളിൽക്കൂടിമാത്രം ഒഴുകിയിരുന്ന സ്നേഹസരിത്തു് ക്രിസ്തുവിൻെറ ആഗമനത്തിനുശേഷം സ്വതന്ത്രമായി ലോകം മുഴുവൻ പ്രവഹിക്കയും ശത്രുമിത്രഭേദമെന്യെ, വൎഗ്ഗമതവ്യത്യാസംകൂടാതെ സകല മനുഷ്യരേയും അതിൻെറ പ്രസരണത്തിൽ ഉൾക്കൊള്ളുകയും ചെയ്തു. "നിങ്ങളുടെ ശത്രുക്കളെ സ്നേഹിക്കുവിൻ; നിങ്ങളെ വെറുക്കുന്നവൎക്കു നന്മ ചെയ്യുവിൻ; നിങ്ങളെ മൎദ്ദിക്കയും അധിക്ഷേപിക്കയും ചെയ്യുന്നവൎക്കുവേണ്ടി പ്രാൎത്ഥിക്കുവിൻ." എന്താണ് ഇതിൻെറ അടിസ്ഥാനം? "ഇതു നിങ്ങൾ, ദുഷ്ടന്മാരുടെമേലും ശിഷ്ടന്മാരുടെമേലും തൻെറ സൂൎയ്യനെ ഉദിപ്പിക്കയും നീതിമാന്മാരുടെമേലും നീതികെട്ടവരുടെമേലും തൻെറ മഴ വൎഷിക്കയും ചെയ്യുന്ന സ്വൎഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിൻെറ പുത്രന്മാരായിത്തീരേണ്ടതിനുവേണ്ടിയാണ്." ദൈവം ദുഷ്ടശിഷ്ടഭേദമെന്യെ സകലരേയും സ്നേഹിക്കുന്നെങ്കിൽ തൻെറ മക്കളായ നാമും നമ്മുടെ ശത്രുക്കളെ ഉദാരമായി സ്നേഹിക്കേണ്ടതല്ലയോ? വ്യക്തികൾ മുതൽ വൻകിട രാഷ്ട്രങ്ങൾവരേയും ദൈവത്തിൻെറ പിതൃത്വവും മനുഷ്യരുടെ ഭ്രാതൃത്വവും അംഗീകരിച്ചാദരിച്ചാൽ മാത്രമേ ലോകത്തിൽ സമാധാനമുണ്ടാകയുള്ളു. പലസ്തീൻപ്രശ്നവും കാഷ്മീർപ്രശ്നവും കൊറിയൻപ്രശ്നവുമെല്ലാം പരിഹരിക്കുവാനുള്ള ഒററമൂലികയും ഇതുതന്നെയാണ്.

എന്തിനു രാഷ്ട്രങ്ങളെ അപലപിക്കുന്നു? നമ്മുടെ കുടുംബങ്ങളിലും ഇടവകകളിലും സമുദായങ്ങളിലും വംശവ്യത്യാസവും ശത്രുവിദ്വേഷവും എത്രമാത്രം ആളിക്കത്തുന്നുണ്ടെന്നു് ആലോചിച്ചുനോക്കുക. ഒരു കുടുംബത്തിൽതന്നെ സഹോദരന്മാർ തമ്മിലും ബന്ധുക്കഠം തമ്മിലും ശത്രുത്വം വെച്ചുപുലത്തുന്നില്ലേ? തറവാടുകഠംതമ്മിൽ നീണ്ടുനില്ക്കുന്ന വഴക്കുകഠം ഇല്ലേ? ചേരിതിരിഞ്ഞുനിന്നുകൊണ്ടുള്ള ചില ശത്രുതകഠം ഇല്ലേ? ഹൃദയത്തിൽ ഊറിക്കിടക്കുന്ന ചില വിദ്വേഷങ്ങഠം ഇല്ലേ? ഭിന്നകക്ഷിയിൽപെട്ടവരേയും ഭിന്നതറവാട്ടുകാരേയും സഹായിക്കുവാനായി നാം ചെറുവിരലനക്കുന്നുണ്ടോ? അവരുടെ മുറിവുകഠം നാം വെച്ചുകെട്ടുന്നുണ്ടോ? അവർ അധോഗതി പ്രാപിക്കണമെന്നും നശിച്ചുപോകണമെന്നുമുള്ള ആഗ്രഹം നമ്മുടെ ഹൃദയത്തിൻെറ ഉള്ളറകളിൽ ഒളിഞ്ഞിരിക്കുന്നില്ലേ? ധനവാന്മാർ സുഖസമ്പുഷ്ടമായ മണിമന്ദിരങ്ങളിൽനിന്നും ദാരിദ്ര്യത്തിൻെറ പാഴ്കുടിലുകളിലേയ്ക്കു് ഒന്നു കുനിഞ്ഞു പ്രവേശിക്കയും അവിടെ നടമാടുന്ന ക്ലേശങ്ങളെ കണ്ടറിഞ്ഞു രക്തമൊലിക്കുന്ന അവരുടെ മുറിവുകളിൽ എണ്ണയും വീഞ്ഞുമൊഴിച്ച് അവരെ സമുദ്ധരിക്കയും ജീവസന്ധാരണത്തിനുള്ള സഹായങ്ങഠം നല്കുകയും ചെയ്യുന്നുണ്ടോ? ദരിദ്രരുടെ ക്ലേശങ്ങളെ കണ്ടില്ലെന്നു നടിച്ച് ഒഴിഞ്ഞുമാറുകയല്ലെ അവർ ചെയ്യുന്നതു്? തങ്ങളുടെ കുട്ടികളെപ്പോലും ദരിദ്രഗൃഹങ്ങളിൽനിന്നും ദരിദ്രസ്നേഹിതന്മാരിൽനിന്നും അകററിനിറുത്തുന്ന ധനവാന്മാർ ഇല്ലേ?

ക്രിസ്തുമതസാരം കടഞ്ഞെടുത്താൽ കിട്ടുന്നതു് ''ശത്രുക്കളേയും സ്നേഹിക്കുക'' എന്നുള്ള തത്വരത്നമാണു്. ഈ തത്വമനുസരിക്കാത്തവൻ ക്രൈസ്തവനെന്ന നാമത്തിനു് അഹ്നല്ല. ശത്രുവിദ്വേഷം ഹൃദയത്തിൽ കുടികൊള്ളുമ്പോഠം ദാനധമ്മം, കൊന്ത, കുബ്ബാന ഉപവാസം ഇവയെല്ലാം നിഷ്ഫലങ്ങളായിരിക്കും. നീ ബലിയിൽ സംബന്ധിക്കുമ്പോഠം ആക്കെങ്കിലും നിന്നോടു ശത്രുത്വമുണ്ടെന്നറിഞ്ഞാൽ അവനുമായി രമ്യപ്പെട്ടതിനുശേഷംമാത്രം

ആ ബലിയെ സമപ്പിക്കണമെന്നു് ക്രിസ്തുനാഥൻ ഉപദേശിക്കുന്നു. ''എനിക്കു് അയാളോടു യാതൊരു വിരോധവുമില്ല; എൻെറ മനസ്സിൽ ഒന്നുമില്ല'' എന്നു ചിലർ പറയുമ്പോൾ അതിൽ എത്രമാത്രം ആത്മാർത്ഥതയുണ്ടെന്നു അവർതന്നെ ആലോചിച്ചുനോക്കട്ടെ. ജാതി, മതം, വംശം എന്നീ വ്യത്യാസങ്ങളൊന്നുംകൂടാതെ നാമെല്ലാവരും സ്വർഗ്ഗസ്ഥനായ പിതാവിൻെറ മക്കളാണെന്നുള്ള തത്വം നമ്മുടെ ഹൃദയങ്ങളിൽ ആഴമായി പതിയട്ടെ. പാപത്തേയും തെററിനേയും നാം വെറുക്കണം; എന്നാൽ, പാപിയേയും തെററുകാരനേയും നാം സ്നേഹിക്കണം.

---

# ആത്മാവിൻെറ ശ്വാസോച്ഛ്വാസം

ഒരിക്കൽ അവിടുന്നു് ഓർശലത്തേയ്ക്കു പോകവേ ശമരിയായ്ക്കും ഗ്ലീലായ്ക്കും മദ്ധ്യേകൂടെ കടന്നുപോയി. അവിടുന്നു് ഒരു ഗ്രാമത്തിലേയ്ക്കു ചെന്നപ്പോൾ കുഷ്ഠരോഗികളായ പത്തു പേർ അവിടുത്തെ പക്കലേയ്ക്കുവന്നു്, ദൂരത്തുനിന്നുകൊണ്ടു്, ''ഗുരുവായ ഈശോ! ഞങ്ങളോടു കരുണയുണ്ടാകണമെ'' എന്നു് ഉച്ചത്തിൽ വിളിച്ചുപറഞ്ഞു. അവിടുന്നു് അവരെ അഭിമുഖീകരിച്ചുകൊണ്ടു്, ''നിങ്ങൾ പോയി നിങ്ങളെത്തന്നെ പുരോഹിതന്മാൎക്കു് കാണിക്കുവിൻ'' എന്നു് അരുളിച്ചെയ്തു. തദനുസരണം പോകവെ അവർ ശുചീകൃതരായി. എന്നാൽ അവരിൽ ഒരുത്തൻ, താൻ സുഖം പ്രാപിച്ചുവെന്നു കണ്ടു്, ഉച്ചസ്വരത്തിൽ ദൈവത്തെ സ്തുതിച്ചുകൊണ്ടു് തിരികെവന്നു്, ഈശോയുടെ പാദത്തിങ്കൽ സാഷ്ടാംഗം വീണു് നന്ദി പ്രദശിപ്പിച്ചു. ഇയാൾ ഒരു ശമറായനായിരുന്നു. അപ്പോൾ ഈശോ ചോദിച്ചു: ''പത്തുപേരും ശുചീകൃതരായില്ലേ? ബാക്കി ഒമ്പതുപേർ എവിടെ? ഈ വിജാതിയനല്ലാതെ മറെറാരുത്തനും ദൈവത്തെ സ്തുതിക്കുവാൻ

തിരിച്ചുവന്നില്ല. അതിനുശേഷം അവിടുന്ന് അവനോട്, "നീ എഴുന്നേററു പൊയ്ക്കൊള്ളുക. നിൻെറ വിശ്വാസം നിന്നെ സുഖപ്പെടുത്തിയിരിക്കുന്നു." എന്നു പറഞ്ഞു.

(പന്തക്കുസ്ത 13-ാംഞായർ; സുവി: ലൂക്ക XVII, 11—19.)

പണ്ട് രണ്ടു മാലാഖമാർ വിയന്മണ്ഡലത്തെ തരണംചെയ്തു ധവളമേഘപാളികളെ തുളച്ചുകൊണ്ടു ഭൂതലത്തിലെത്തി. രണ്ടു പേരുടേയും കയ്യിൽ ഓരോ വലിയ കൊട്ടയുണ്ടായിരുന്നു. പ്രാർത്ഥനാനിരതരായി മുട്ടിന്മേൽ നിന്നിരുന്ന സകല മനുഷ്യരേയും ഇവർ സമീപിച്ചു. വീടുകൾ, പള്ളികൾ, സ്കൂളുകൾ, കോട്ടകൾ, സന്യാസാശ്രമങ്ങൾ തുടങ്ങിയവയെല്ലാം അവർ സന്ദർശിച്ചു. ക്രമേണ ഒരു മാലാഖയുടെ കൊട്ട നിറഞ്ഞു ഭാരമുള്ളതായിത്തീർന്നു. എന്നാൽ ഇതരൻെറ കൊട്ടയിലാകട്ടെ യാതൊന്നും ലഭിച്ചതുമില്ല. ആദ്യത്തെ കൊട്ടയിൽ യാചനാരൂപത്തിലുള്ള പ്രാർത്ഥനകളായിരുന്നു സംഭരിക്കപ്പെട്ടത്: "ദൈവമേ, എനിക്ക് ഇതു ലഭിക്കണം; എനിക്ക് അത് ആവശ്യമുണ്ട്" എന്നിങ്ങനെയുള്ള നിവേദനങ്ങൾ. രണ്ടാമത്തെ കൊട്ടയിൽ നന്ദിപ്രകടനങ്ങളായിരുന്നു സംഭരിക്കുവാൻ ഉദ്ദേശിച്ചിരുന്നത്: ദൈവമേ, അങ്ങുന്ന് എനിക്കു നല്കിയ ആ ഉപകാരത്തിന്നു നന്ദി, ഈ സംരക്ഷണങ്ങൾക്കു നന്ദി" എന്നിങ്ങനെയുള്ള കൃതജ്ഞതാപ്രകാശനങ്ങൾ. ആദ്യത്തെ മാലാഖ രണ്ടാമത്തെ മാലാഖയോടു പറയുന്നു: "എന്താണ് സ്നേഹിതാ താങ്കളുടെ കൊട്ടയിൽ യാതൊന്നും കാണാനില്ലല്ലോ." "അതെ," ഇതരൻ മറുപടി പറഞ്ഞു; "മനുഷ്യരെല്ലാം തങ്ങൾക്കാവശ്യമുള്ള കാര്യങ്ങൾ ചോദിച്ചു വാങ്ങുവാൻ വളരെ ഉത്സാഹമുള്ളവരാണ്. എന്നാൽ അവരുടെ അപേക്ഷകൾ സാധിച്ചുകഴിയുമ്പോൾ നല്ലവനായ ദൈവത്തോടു നന്ദിസൂചകമായി ഒരു വാക്കെങ്കിലും പറയുവാൻ അവർ സന്നദ്ധരല്ല!"

ഇന്നത്തെ സുവിശേഷത്തിൽ ദിവ്യരക്ഷകൻ പത്തു കുഷ്ഠരോഗികളെ സുഖപ്പെടുത്തിയെങ്കിലും അവരിൽ ഒരാൾ മാത്രമേ ആ

ങ്ങയോടു നന്ദി പ്രദശിപ്പിക്കുവാൻ ആഗതനായുള്ളു. ഇതു കേഠം ക്കുമ്പോഠം ഒരുപക്ഷെ മററുള്ള ഒമ്പതു പേരോടും നമുക്ക് എന്തെന്നില്ലാത്ത വെറുപ്പോ കോപമോ തോന്നുവാൻ ഇടയുണ്ട്. വ്യാധികളിൽവെച്ച് മഹാവ്യാധിയായ കുഷ്ഠരോഗം ഒരു നിമിഷം കൊണ്ട് മാറിക്കിട്ടിയപ്പോഠം അതു മാററിത്തന്ന ആ ദിവ്യപുരുഷനോടു നന്ദിയുള്ള ഒരു വാക്കെങ്കിലും പറയുവാൻ സന്നദ്ധത പ്രദശിപ്പിക്കാത്ത ആ ഒമ്പതു പേരേയും നിരാധമന്മാരെന്നു നാം വിധി കല്പിക്കുന്നു. എന്നാൽ അതേസമയം, നാം നമ്മുടെ ദൃഷ്ടികഠം നമ്മിലേയ്ക്കുതന്നെ തിരിച്ച്, നമ്മുടെ ആത്മാവിൻെറ കുഷ്ഠരോഗമാകുന്ന പാപങ്ങഠം ഒരിക്കലല്ല, പലവുരു തൻെറ തിരുരക്തത്താൽ കഴുകി വിശുദ്ധീകരിക്കയും ലൗകികവും ശാരീരികവും ആദ്ധ്യാത്മികവുമായ നിരവധി നന്മകഠം നമുക്കു പ്രദാനം ചെയ്കയും ചെയ്തിട്ടുള്ള ആ ദിവ്യനാഥനോടു നാം വല്ലപ്പോഴും നന്ദി പ്രദശിപ്പിക്കാറുണ്ടോ എന്നു് അല്പം പര്യാലോചിക്കുന്നതു് ഉപകാരപ്രദമായിരിക്കും.

ദൈവത്തോടു നന്ദി പ്രകാശിപ്പിക്കുകയെന്നുള്ളതു് ഏററവും സ്വീകാര്യമായ ഒരു പ്രാത്ഥനയാണ്. അതിനെ ആത്മാവിൻെറ ശ്വാസോച്ഛ്വാസമായി പരിഗണിക്കാം. മനുഷ്യൻെറ ശ്വാസകോശത്തിൽ രണ്ടു പ്രവത്തനങ്ങഠം നടന്നുകൊണ്ടിരിക്കുന്നുണ്ട്: ഒന്നു്, വായുവിനെ ഉള്ളിലേയ്ക്കു ശ്വസിക്കുക; മറേറതു് ആ ഉഠംക്കൊണ്ട വായുവിനെ അതു രക്തത്തെ ശുദ്ധീകരിച്ചു പരിപുഷ്ടമാക്കിയതിനുശേഷം, പുറത്തേയ്ക്കു വിടുക. ഈ പ്രവത്തികഠംക്കാണല്ലൊ നാം ശ്വാസോച്ഛ്വാസമെന്നു സംജ്ഞ നല്കുന്നതു്. ഇപ്രകാരംതന്നെ ആത്മാവിലും രണ്ടു പ്രവൃത്തികഠം അനുസ്യൂതം നടന്നുകൊണ്ടിരിക്കണം. ഒന്നു്, ദൈവത്തിൻെറ ദാനങ്ങളെ സ്വീകരിച്ച് അവയെ ആത്മാവിനെ പരിപുഷ്ടമാക്കുന്നതിന് ഉപയോഗിക്കുക; രണ്ട്, ഈ ദാനങ്ങളെ ഹൃദയംഗമമായ കൃതജ്ഞതാപ്രകാശനം വഴിയായി ദൈവസന്നിധിയിലേയ്ക്കുതന്നെ സമപ്പിക്കുക.

പ്രകൃത്യനുസൃതമോ, പ്രകൃത്യതീതമോ, ആയ ഏതനുഗ്രഹവും ദൈവത്തിൽനിന്നുള്ള ദാനമാണ്. വി. യാക്കോശ്ലീഹാ പറയുന്നു: "പരിപൂർണ്ണമായ ഏതൊരു ദാനവും മുകളിൽനിന്നു—പ്രകാശത്തിൻെറ പിതാവിൽനിന്നു് ഇറങ്ങിവരുന്നതാണ്." (1-17)

ഇല്ലായ്മയിൽനിന്നു് അസ്തിത്വത്തിലേയ്ക്കു നമ്മെ ആനയിച്ച ആ ദിവ്യകരങ്ങളെ നാം കൃതജ്ഞതയോടുകൂടെ സ്മരിക്കണം. ജീവൻ—അതെത്ര താണ പടിയിലുള്ളതായാലും—വളരെ വിലപിടിച്ചതാണ്. ഈ ജീവൻ വെടിയാതിരിക്കുവാൻ മനുഷ്യമൃഗാദികൾ മാത്രമല്ല—ഏററവും കൃശകീടങ്ങൾപോലും—എന്തുമാത്രം വ്യഗ്രതയാണ് കാണിക്കുന്നത്! ജീവനിൽ പററിപ്പിടിച്ചു നില്ക്കുവാൻ സകല ജീവികളും വെമ്പൽകൊള്ളുന്നു. കാരണം ജീവൻ വിലപിടിച്ചതാണ്. അങ്ങനെയെങ്കിൽ മനുഷ്യജീവൻ എത്രമേൽ വിലപിടിച്ചതാണ്. ദൈവം നമ്മെ സൃഷ്ടിച്ചിരിക്കുന്നത് അങ്ങേ പ്രതിമയിലും സാദൃശ്യത്തിലുമാണ്. അനശ്വരമായ ഒരാത്മാവു്—ബുദ്ധി, മനസ്സ്, ഓർമ്മ, സ്വാതന്ത്ര്യം എന്നിവ—അങ്ങുന്നു നമുക്കു നല്കി. സങ്കീർത്തനക്കാരൻ പറയുന്നു: "അങ്ങുന്നു് മനുഷ്യനെ മാലാഖമാരേക്കാൾ അല്പംമാത്രം താഴ്ത്തിയിരിക്കുന്നു. അങ്ങുന്നു് അവനെ മഹത്വവും ബഹുമാനവുംകൊണ്ടു് മകുടം ചൂടിച്ചു; അങ്ങേ സൃഷ്ടിജാലങ്ങളുടെ നാഥനുമാക്കി നിശ്ചയിച്ചു" (സങ്കീ. viii 6). എന്നാൽ ഇതിലും ഉപരിയായ ഒരനുഗ്രഹമാണ് ദൈവം നമ്മെ അസ്തിത്വത്തിൽ സംരക്ഷിച്ചുകൊണ്ടുപോകുന്നുവെന്നുള്ളത്. അങ്ങുന്നു് ഒരു നിമിഷമെങ്കിലും കൈവിട്ടാൽ നാം ശൂന്യതയിലേയ്ക്കു പിന്തിരിയും. നമ്മുടെ ജീവൻെറ ജീവൻ അങ്ങുന്നാകുന്നു. നാം ജീവിക്കുന്ന ഓരോ ദിവസവും, നാം ശ്വസിക്കുന്ന ഓരോ ശ്വാസവും, നമ്മുടെ ഹൃദയത്തിൻെറ ഓരോ മിടിപ്പും അങ്ങേ അനന്തനന്മയുടെ പുതിയ പുതിയ അടയാളങ്ങൾ മാത്രമാണ്. നമ്മുടെ മാതാപിതാക്കന്മാർ, സഹോദരീസഹോദരന്മാർ സ്നേഹിതന്മാർ, ഉപകാരികൾ തുടങ്ങിയവർ വഴിയായി നമുക്കു

സിദ്ധിച്ചുകൊണ്ടിരിക്കുന്ന നന്മകൾ നിരവധിയല്ലേ? ദിവ്യരക്ഷകൻ തൻെറ കുരിശുമരണവും കൂദാശകളും വഴിയായി മനുഷ്യവർഗ്ഗത്തെ രക്ഷിച്ചതിൽ പ്രദർശിപ്പിച്ച സ്നേഹം ഊഹസീമകളെപ്പോലും അതിലംഘിക്കുന്നില്ലേ? സത്യവിശ്വാസമാകുന്ന മഹാദാനവും അപ്രമാദിത്വമുള്ള ഒരു സഭയും ദൈവത്തിൻെറ ദത്തുപുത്രസ്ഥാനവും സ്വർഗ്ഗത്തിൻെറ അവകാശവും അങ്ങുന്ന് നമുക്കു നല്കിയില്ലേ? ഇങ്ങനെ നോക്കുമ്പോൾ ദൈവത്തോടു നന്ദി പ്രദർശിപ്പിക്കുവാൻ നമുക്ക് ധാരാളം ന്യായങ്ങളുണ്ട്. എങ്കിലും നാം അപ്രകാരം ചെയ്യാറുണ്ടോ? ദൈവം തൻെറ പ്രവാചകൻ വഴിയായി ഇപ്രകാരം വിലപിക്കുന്നു: "ഇസ്രായേലെ, കേൾക്കുക: ഞാൻ കുട്ടികളെ വളർത്തി, അവരെ ഉന്നതസ്ഥാനങ്ങളിലേയ്ക്കു് ആനയിച്ചു. എന്നാൽ അവരാകട്ടെ എന്നെ നിന്ദിച്ചുപേക്ഷിച്ചു. കാള അതിൻെറ യജമാനനെ അറിയുന്നു, കഴുത അതിൻെറ യജമാനൻെറ തൊഴുത്ത് അറിയുന്നു. എന്നാൽ ഇസ്രായേൽ എന്നെ അറിഞ്ഞിട്ടില്ല. എൻെറ ജനം എന്നെ മനസ്സിലാക്കിയതുമില്ല." (ഇസ. i, 2–3). ലോകത്തിൽ തന്നെ "നന്ദികെട്ടവൻ" എന്നുള്ള വിശേഷണം ലഭിക്കുവാൻ ആരും ആഗ്രഹിക്കുന്നില്ല. അതു വളരെ ഹീനമായി പരിഗണിക്കപ്പെടുന്നു. "പ്രത്യുപകാരം മറക്കുന്ന പുരുഷൻ—ചത്തതിനൊക്കുമെ ജീവിച്ചിരിക്കിലും" എന്നുള്ള കവിവാക്യം പൊതുജനാഭിപ്രായത്തിൻെറ പ്രതിധ്വനി മാത്രമാണ്. അങ്ങനെ മനുഷ്യരുടെ ഇടയിൽ നന്ദിയില്ലാത്തവനെന്നുള്ള പേരു ലഭിക്കാതിരിപ്പാൻ നാം പരിശ്രമിക്കുന്നുവെങ്കിൽ അതിലുപരിയായി ദൈവതിരുമുമ്പാകെയും നന്ദികെട്ടവനാകാതിരിപ്പാൻ നാം സവിശ്രമം പരിശ്രമിക്കേണ്ടതല്ലയോ?

ചിലർ പറയുമായിരിക്കും: "എനിക്കു ദൈവത്തോടു നന്ദി പ്രദർശിപ്പിക്കുവാനായി ഒന്നുംതന്നെയില്ല. എൻെറ ജീവിതം ഒരു വെറും മണലാരണ്യമായിത്തീർന്നിരിക്കുന്നു. എൻെറ ചുററിലും ജനങ്ങൾ നല്ല ആരോഗ്യം അനുഭവിക്കുമ്പോൾ ഞാൻ ഇതാ വിവിധ

വ്യാധികൾക്ക് അധീനനായി കഷ്ടപ്പെടുന്നു. മററുള്ളവരെ എല്ലാവരും ബഹുമാനിക്കയും സ്തുതിക്കയും ചെയ്യുമ്പോൾ ഞാനിതാ അജ്ഞാതനും നിന്ദിക്കപ്പെട്ടവനുമായിത്തീർന്നിരിക്കുന്നു. മററുള്ളവർക്കു ധനവും സുഖസൌകര്യങ്ങളും ധാരാളമുണ്ട്. എനിക്കാണെങ്കിൽ ദാരിദ്ര്യവും പട്ടിണിയും മാത്രം.'' ഇതെല്ലാം വാസ്തവമായിരിക്കാം. എന്നാൽ ദൈവം നമുക്ക് ലൗകികനന്മകൾ തരുമ്പോൾ മാത്രം നാം അങ്ങയോടു നന്ദി പറഞ്ഞാൽ പോരാ; പ്രത്യുത, അങ്ങുന്ന് നമുക്കു ക്ലേശങ്ങൾ യാത്രയാക്കുമ്പോഴും അങ്ങയോടു നാം നന്ദി പറയേണ്ടതാണ്. അങ്ങുന്ന് ഒരു പിതാവിനെപ്പോലെ ലാളിക്കുമ്പോൾമാത്രം നാം അങ്ങയെ സ്നേഹിച്ചാൽ പോരാ; പ്രത്യുത, ഒരു വൈദ്യനെപ്പോലെ കയ്പുള്ള കഷായം നല്കുമ്പോഴും ശസ്ത്രക്രിയ നടത്തുമ്പോഴും നാം അങ്ങയെ സ്നേഹിക്കണം. നമ്മെ താലോലിക്കുന്ന ആ തൃക്കരങ്ങളെ നാം ചുംബിക്കുന്നതുപോലെ, നമ്മെ ആ തൃക്കരങ്ങൾ തല്ലുമ്പോഴും നാം അവയെ ചുംബിക്കണം. കാരണം അങ്ങുന്നു നമ്മെ ലാളിക്കുമ്പോഴും പ്രഹരിക്കുമ്പോഴും ഒരു സ്നേഹമുള്ള പിതാവിനെപ്പോലെയാണ് വർത്തിക്കുന്നത്. ഇതു ലോകത്തിലും സാധാരണമാണല്ലൊ. മാത്രമല്ല, പല വിശുദ്ധരും അഭിപ്രായപ്പെടുന്നതുപോലെ, സകല കാര്യങ്ങളുടേയും ശരിയായ വിലയും നിലയും വെട്ടിത്തുറന്നു കാണിക്കപ്പെടുന്ന വിധിദിവസത്തിൽ നാം ദൈവം തന്നിട്ടുള്ള സുഖാനുഭവങ്ങളേക്കാളധികം അങ്ങുന്നു നല്കിയിട്ടുള്ള കഷ്ടപ്പാടുകൾക്കാണ് നന്ദി പ്രദർശിപ്പിക്കുവാൻ നിർബ്ബന്ധിതരായിത്തീരുക. സുഖത്തിലേക്കാൾ ദുഃഖത്തിൽ നാം ദൈവത്തോടടുക്കുന്നു; വിശ്വാസം തഴച്ചു വളരുവാനും വിശുദ്ധീകരണത്തിൻെറ ഫലങ്ങൾ ഉതിർക്കുവാനും ഇടവരികയും ചെയ്യുന്നു. എല്ലാവക സുഖങ്ങളും അനുഭവിക്കുന്നവർതന്നെയും വല്ലപ്പോഴും ദൈവത്തെ സ്മരിക്കുകയും നന്ദി പ്രകടിപ്പിക്കയും ചെയ്യുന്നുണ്ടോ? ''തന്നിൽ വർഷിക്കപ്പെടുന്ന മഴവെള്ളം മുഴുവനും കുടിക്കുന്ന ഭൂമി മുള്ളുകളും കണ്ടകങ്ങളുമാണ് പുറപ്പെടുവിക്കുന്നതെ

ങ്കിൽ അതു തിരസ്കരിക്കപ്പെടുകയും അവസാനം അഗ്നിക്കിരയാക്കപ്പെടുകയും ചെയ്യും'' എന്നുള്ള വി. അപ്പസ്തോലൻെറ വാക്യം ശ്രദ്ധാർഹമാണ്.

# ഉല്കണ്ഠ വേണ്ടാ

''ഒരേ സമയത്തു് ഒരുവനു രണ്ടു പേരുടെ ദാസനായിരിക്കുക സാദ്ധ്യമല്ല—ഒന്നുകിൽ ഒരുവനെ വെറുത്തു മററവനെ സ്നേഹിക്കും; അല്ലെങ്കിൽ ഒരുവനെ പൂജിക്കയും അപരനെ നിന്ദിക്കയും ചെയ്യും. നീ ഒന്നുകിൽ ദൈവത്തെ അല്ലെങ്കിൽ ധനത്തെ സേവിക്കണം. ഇരുവരേയും സേവിക്കുക സാദ്ധ്യമല്ല. ഭക്ഷ്യപാനീയങ്ങൾകൊണ്ടു നിങ്ങളുടെ ജീവനെ എങ്ങനെ സംരക്ഷിക്കും. നിങ്ങളുടെ ശരീരത്തെ എങ്ങിനെ ഉടുപ്പിക്കും, എന്നതിനെക്കുറിച്ചു നിങ്ങൾ ഉല്കണ്ഠിതരാകരുതു് എന്നു ഞാൻ നിങ്ങളോടു പറയുന്നു. ജീവൻ ഭക്ഷണത്തേക്കാളും, ശരീരം വസ്ത്രത്തെക്കാളും വിശിഷ്ടമായ ഒരു ദാനമല്ലെ? കണ്ടാലും! ആകാശത്തിലെ പക്ഷികൾ ഒരിക്കലും വിതയ്ക്കുകയൊ കൊയ്യുകയൊ അറകളിൽ ധാന്യം ശേഖരിക്കുകയൊ ചെയ്യുന്നില്ല. എന്നിട്ടും നിങ്ങളുടെ സ്വർഗ്ഗസ്ഥനായ പിതാവു് അവയെ തീററിപ്പോററുന്നുണ്ടല്ലൊ. അവയെക്കാൾ ശ്രേഷ്ഠത നിങ്ങൾക്കില്ലേ? എത്രമാത്രം ഉല്കണ്ഠയുണ്ടായാലും നിങ്ങളിൽ ആർക്കെങ്കിലും തൻെറ ഉയരം ഒരിഞ്ചു വർദ്ധിപ്പിക്കുവാൻ കഴിയുമോ? വസ്ത്രത്തെ സംബന്ധിച്ചു നിങ്ങൾ എന്തിനു ഉല്കണ്ഠപ്പെടുന്നു? കാട്ടുലില്ലികളെ കണ്ടാലും! അവ അദ്ധ്വാനിക്കുന്നില്ല, നെയ്യുന്നുമില്ല. എന്നിട്ടും ശ്ലേമോൻപോലും അവൻെറ സർവ്വപ്രതാപത്തിലും ഇവയിൽ ഒന്നിനെപ്പോലെ അലംകൃതനായിരുന്നില്ല എന്നു ഞാൻ നിങ്ങളോടു പറയുന്നു. ഇന്നു വളനിലുന്നതും നാളെ അഗ്നിക്കിരയായിത്തീരുന്നതുമായ വയലിലെ പുല്ലുകളെ ദൈവം ഇപ്രകാരം അണിയിക്കുന്നുവെങ്കിൽ, അല്പവിശ്വാസികളേ, നിങ്ങളെ അണിയിക്കുന്നതിനു അവിടുന്നു എത്ര കൂട

തൽ സന്നദ്ധനായിരിക്കും? ഞങ്ങൾ എന്തുതിന്നും എന്തു കുടിക്കും എങ്ങനെ വസ്ത്രം ഉണ്ടാക്കും എന്നു പറഞ്ഞുകൊണ്ട് നിങ്ങൾ ഉല്ക്കണ്ഠാഭരിതരാകേണ്ട, ഈ വക കാര്യങ്ങളിൽ മുഴുകിയിരിക്കുകയെന്നതു് പുറജാതികൾക്കു യോജിച്ചതത്രെ. ഇവയെല്ലാം നിങ്ങൾക്കാവശ്യമാണെന്നറിയുന്ന സ്വർഗ്ഗസ്ഥനായ ഒരു പിതാവു് നിങ്ങൾക്കുണ്ടു്. ദൈവത്തിൻെറ രാജ്യവും അവിടുത്തെ സമ്മതിയും പ്രാപിക്കുക എന്നതായിരിക്കട്ടെ നിങ്ങളുടെ പ്രഥമചിന്ത. അപ്പോൾ അപേക്ഷിക്കാതെതന്നെ ഇവയെല്ലാം നിങ്ങൾക്കുണ്ടായിക്കൊള്ളും.”

(പന്തക്കുസ്ത 14-ാംഞായർ; സുവിശേഷം: മത്താ. VI, 24—33.)

മനുഷ്യഹൃദയം സദാ ഇളകിമറിഞ്ഞു പ്രചണ്ഡവാതങ്ങളാൽ പ്രക്ഷുബ്ധ്മായ ഒരു സമുദ്രംപോലെയാണെന്നു വിശുദ്ധലിഖിതങ്ങൾ ഉൽഘോഷിക്കുന്നു. മററുള്ളവരുടെ അന്തർഗതങ്ങൾ അറിയുവാനുള്ള വരം എനിക്കു കൈവന്നിട്ടില്ലെങ്കിലും ഏതെങ്കിലും തരത്തിലുള്ള ക്ലേശങ്ങളോ ഭയാശങ്കകളൊ ഇല്ലാത്തവരായി എൻെറ അനുവാചകന്മാരിൽ ആരുംതന്നെ ഉണ്ടാകയില്ലെന്നു പറഞ്ഞാൽ അതു വെറും ഒരു പരമാൎത്ഥമായിരിക്കും. ധനസമൃദ്ധിയിൽ ആറാടുന്നവൻ ഒരു പക്ഷേ രോഗത്താൽ ക്ലേശിക്കുന്നുണ്ടായിരിക്കാം; അല്ലെങ്കിൽ, ബാങ്കുകളുടെ സുസ്ഥിതി, വ്യവഹാരത്തിൻെറ ജയാപജയങ്ങൾ, മാൎക്കററ് നിലവാരം എന്നിവയെക്കുറിച്ചുള്ള ഭയാശങ്കകളോ സ്വഗൃഹത്തിലെ അന്തഃഛിദ്രങ്ങളോ അയാളെ അലട്ടുന്നുണ്ടായിരിക്കാം. ആത്മഹത്യചെയ്യുന്നവരിൽ അധികംപേരും ധനവാന്മാരാണെന്നു സ്ഥിതിവിവരക്കണക്കുകൾ കാണിക്കുന്നു. അന്നന്നു കൂലിവേലചെയ്തു ജീവിക്കുന്നവൎക്കും ഉഴക്കു ചോർകൊണ്ടൊരു വാസരാന്തം കഴിച്ചുകൂട്ടുന്നവൎക്കും, അതുതന്നെ എന്നും ലഭിക്കുമോ, എന്നും ജോലിയുണ്ടാകുമോ, കിടപ്പിലായാൽ എന്തുചെയ്യും, ചികിത്സിക്കുവാൻ പണമെവിടെനിന്നു ലഭിക്കും എന്നിങ്ങനെയുള്ള ചുടുചിന്തകൾ ഭാവിയെ ഭയാനകമാക്കിത്തീൎക്കും. ചിലൎക്കു വീട്ടിൽ ഒരു രോഗിയുണ്ടായിരിക്കാം.

മററു ചിലക്ക് തങ്ങഠ ആരംഭിക്കുവാൻപോകുന്ന അതിപ്രധാനവും വിധിനിണ്ണായകവുമായ ഒരു കാൎയ്യത്തിന്റെ ശുഭസമാപ്തിയെപ്പററി ആശങ്കയുണ്ടായിരിക്കാം. പെൺമക്കളെ കെട്ടിച്ചുകൊടുക്കുവാൻ പോംവഴി കാണാതെ കുഴങ്ങുന്നു ചിലർ; മക്കളുടെ ധാർഷ്ട്യവും അസാന്മാൎഗ്ഗികതയുംകൊണ്ടു ക്ലേശിക്കുന്നു വേറേ ചിലർ. ഇങ്ങനെയുള്ള കട്ടത്തപാരമാൎത്ഥ്യങ്ങളുടെ മുമ്പിൽ നാം നില്ക്കുമ്പോഠ ദിവ്യരക്ഷകന്റെ അമൃതസമാനമായ മധുരോക്തികഠ നമുക്കു സമാശ്വാസം പ്രദാനം ചെയ്യുന്നു: "ഭക്ഷ്യപാനീയങ്ങഠകൊണ്ടു നിങ്ങളുടെ ജീവനെ എങ്ങനെ സംരക്ഷിക്കും, നിങ്ങളുടെ ശരീരത്തെ എങ്ങനെ ഉടുപ്പിക്കും, എന്നതിനെക്കുറിച്ചു നിങ്ങഠ ഉൽക്കണ്ഠിതരാകരുതു്..........ആകാശത്തിലെ പക്ഷികളെ നോക്കുവിൻ........വയലിലെ ലില്ലിപുഷ്പങ്ങളെ നോക്കുവിൻ............ അവയെക്കാഠ ശ്രേഷ്ഠത നിങ്ങഠക്കില്ലേ?...........ഇവയെല്ലാം നിങ്ങഠക്കാവശ്യമാണെന്നറിയുന്ന സ്വൎഗ്ഗസ്ഥനായ ഒരു പിതാവു നിങ്ങഠക്കുണ്ടു്."

തന്നിമിത്തം വൃഥാഭയത്താലും ആശങ്കകളാലും വിഷാദങ്ങളാലും നാം പ്രക്ഷുബ്ധരാകാതെ നമ്മുടെ സൎവ്വകാൎയ്യങ്ങളും ദൈവത്തെ ഭരമേല്പിക്കണം. വി. അപ്പസ്തോലൻ പറയുന്നു: "നിങ്ങഠ യാതൊന്നിനെക്കുറിച്ചും ആകുലചിത്തരാകേണ്ട; പ്രത്യുത, പ്രാൎത്ഥനകളാലും യാചനകളാലും നിങ്ങളുടെ കാൎയ്യങ്ങഠ ദൈവത്തെ അറിയിക്കുവിൻ" വി. പത്രോസും ഈ ആശയംതന്നെ ഊന്നിപ്പറയുന്നുണ്ടു്: "നിങ്ങളുടെ ക്ലേശങ്ങഠ ദൈവത്തെ ഭരമേൽപ്പിക്കുക; അവിടുന്നു നിങ്ങളെ താങ്ങിക്കൊള്ളും." ദൈവം നിങ്ങഠക്കു ജീവനെ നല്കിയിട്ടുണ്ടെങ്കിൽ അതിനെ നിലനിൎത്തിക്കൊണ്ടുപോകുന്നതിനുള്ള മാൎഗ്ഗങ്ങളും അവിടുന്നു ഏൎപ്പെടുത്തിയിട്ടുണ്ടായിരിക്കും. പ്രജകളെ പീഡിപ്പിക്കയും അതുകണ്ടു ചിരിക്കയും ചെയ്യുന്ന ഒരു സ്വേച്ഛാധിപതി—റോമാനഗരത്തിനു തീ കൊടുക്കുവാൻ കല്പിക്കയും നഗരം കത്തികൊണ്ടിരുന്നപ്പോഠ സ്വപ്രജകളുടെ ദീനരോ

ദനങ്ങൾക്കിടയിൽ വീണവായിച്ചു രസിക്കയും ചെയ്ത നീറോ ചക്രവത്തിയെപ്പോലെ അല്ല ദൈവം. അല്ലെങ്കിൽ പ്രസവിച്ചു വീണഉടനെതന്നെ തങ്ങളുടെ സ്വന്തശിശുക്കളെ തിന്നുകളയുന്ന ഇതിഹാസപ്രോക്തങ്ങളായ ഭയങ്കര യക്ഷികളെപ്പോലെയുമല്ല ദൈവം. അല്ല, ഒരിക്കലുമല്ല. അങ്ങുന്നു് എല്ലാം അറിയുന്നവ നാണു്; അങ്ങേക്കു് എല്ലാം സാദ്ധ്യമാണു്; അങ്ങുന്നു് അനന്തസ്നേഹനിധിയായ ഒരു പിതാവുമാണു്. ഭൂമിയിലുള്ള എല്ലാ പിതൃത്വവും ദൈവത്തിൻെറ പിതൃത്വത്തിലുള്ള അംശഭാഗിത്വം മാത്രമാണെന്നു വി. പൗലോസ് എഴുതിയിട്ടുണ്ടു്. തന്നിമിത്തം ഒരു ഭൗതികപിതാവിനു് തൻെറ മക്കളുടെ നേരെയുള്ള വാത്സല്യത്തിൻെറയും ഉല്കണ്ഠയുടേയും എത്രയോ ആയിരം മടങ്ങു നമ്മുടെ സ്വർഗ്ഗസ്ഥനായ പിതാവിനു് നമ്മുടെ നേരെയുണ്ടായിരിക്കുമെന്നു നാം ആലോചിച്ചുനോക്കണം. "മകൻ അപ്പം ചോദിച്ചാൽ അവനു് കല്ലു് നീട്ടിക്കൊടുക്കുന്ന ഒരു മനുഷ്യൻ നിങ്ങളിലാരുണ്ടു്? അല്ലെങ്കിൽ തന്നോടു ഒരു മത്സ്യം ചോദിച്ചാൽ ഒരു പാമ്പിനെ അവനു് നീട്ടിക്കൊടുക്കുമോ? ആകയാൽ ദോഷികളായിരിക്കുന്ന നിങ്ങൾ നിങ്ങളുടെ മക്കൾക്കു നല്ല ദാനങ്ങൾ കൊടുക്കുവാൻ അറിഞ്ഞിരിക്കുന്നെങ്കിൽ സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവു് എത്രയധികമായി നന്മകൾ തന്നോടു ചോദിക്കുന്നവക്കു നല്കും?" (മത്താ. vii, 9—11) വി. ചെറുപുഷ്പം തൻെറ ആദ്ധ്യാത്മിക സൗധത്തിൻെറ അടിത്തറ പാകിയതും പിതാവായ ദൈവത്തിലുള്ള ശിശുസഹജമായ പ്രത്യാശയിലല്ലയോ? എല്ലാം ഞാനാണു നടത്തുന്നതു്, ഞാനില്ലെങ്കിൽ കാര്യങ്ങളൊന്നും നടക്കുകയില്ല എന്നെല്ലാം വിചാരിച്ചു്, ഓടിപ്പാഞ്ഞുനടക്കുകയും വിഷാദിക്കയും ആകുലാശങ്കകൾക്കധീനനാകയും ചെയ്തിട്ടു് എന്തു പ്രയോജനമാണുള്ളതു്? "എത്രമാത്രം ഉല്കണ്ഠയുണ്ടായാലും നിങ്ങളിലാക്കെങ്കിലും തൻെറ ഉയരം ഒരു ഇഞ്ചു് വദ്ധിപ്പിക്കുവാൻ കഴിയുമോ?" എന്നു ദിവ്യരക്ഷകൻ ചോദിക്കുന്നു. എല്ലാം ദൈവമാ

ണ് നടത്തിക്കൊണ്ടുപോകുന്നതെന്നുള്ള ദൃഢവിശ്വാസം തജ്ജന്യമായ ആശ്രയമനസ്ഥിതിയും നമ്മിൽ വളരട്ടെ. ആകാശത്തിലെ പക്ഷിജാലങ്ങൾ വിതയ്ക്കുന്നില്ല, കൊയ്യുന്നില്ല, അറകളിൽ ധാന്യം ശേഖരിക്കുന്നുമില്ല. ചുരുക്കം ചില പക്ഷികൾ ധാന്യം സംഭരിക്കുന്നുണ്ടെങ്കിലും അവ അപ്രകാരം ചെയ്യുന്നതു യാതൊരു വേവലാതിയും കൂടാതെയാണ്. എന്നാൽ എല്ലാ ദിവസവും പ്രഭാതംമുതൽ പ്രദോഷംവരെ അവ വൃക്ഷശിഖരങ്ങളിൽ തത്തിക്കളിച്ചുകൊണ്ടു കളകൂജനത്താൽ ദൈവനന്മയെ പാടിപ്പുകഴ്ത്തുന്നു. കാരണം, അവയുടെ ഹൃദയത്തിൽ ദൈവം നിക്ഷേപിച്ചിട്ടുള്ള സ്വഭാവപ്രേരണയാൽ അവയ്ക്കറിയാം, ഇന്നു തങ്ങളെ തീററിപ്പോററിയ ദൈവംതന്നെ നാളേയും തങ്ങളെ സംരക്ഷിച്ചുകൊള്ളുമെന്ന്. പുഷ്പങ്ങളുടെ അനവദ്യമായ ഭംഗിയേയും വിവിധവർണ്ണപ്രചുരിമയേയും പററി ഇവിടെ വർണ്ണിക്കേണ്ട ആവശ്യമില്ല. ദിവ്യരക്ഷകൻ ന്യായപൂർവ്വം ചോദിക്കുന്നു, പക്ഷികളേയും പുഷ്പങ്ങളേയുംകാൾ ശ്രേഷ്ഠസൃഷ്ടികളായ മനുഷ്യരെ ദൈവം പരിപാലിക്കാതിരിക്കുമോ എന്ന്.

"ഈശ്വരപരിപാലനഭവനം" എന്ന പേരിൽ സുപ്രസിദ്ധമായിട്ടുള്ള ഒരു മഹാസ്ഥാപനം ഇററലിയിലെ ട്യൂറിൻ പട്ടണത്തിൽ ഉള്ളതായി നിങ്ങൾ കേട്ടിരിക്കും. 10000 ആതുരന്മാരെ ഒരേസമയത്തു കിടത്തി ശുശ്രൂഷിക്കുന്നതിനുള്ള കട്ടിലുകളും മററു സൗകര്യങ്ങളും അവിടെയുണ്ടത്രെ! നമ്മുടെ തിരു-കൊച്ചി സംസ്ഥാനത്തിലെ എല്ലാ ആസ്പത്രികളിലേയും കട്ടിലുകളുടെ ആകെ സംഖ്യ നോക്കിയാൽ ഇത്രയുണ്ടാകുമോ എന്നു സംശയമാണ്. എന്നാൽ ഇത്ര വലിയൊരു സ്ഥാപനം നടന്നുപോകുന്നതു് എങ്ങനെയാണ്? സ്ഥാവരജംഗമവസ്തുക്കളോ ബാങ്കിൽ നിക്ഷേപങ്ങളോ അവയ്ക്കു ഒട്ടുംതന്നെയില്ല. ദൈവപരിപാലനയിൽ ശരണം വെച്ചുകൊണ്ടും ഉദാരമനസ്കരുടെ ഉള്ളഴിഞ്ഞ സംഭാവനകളെമാത്രം ആശ്രയിച്ചുകൊണ്ടുമാണ് അവരുടെ ഓരോദിവസവും കഴി

ഞ്ഞുകൂട്ടുന്നതു്. ദൈവം അവരെ ഒരിക്കലെങ്കിലും ഉപേക്ഷിച്ചിട്ടുമില്ല. ദരിദ്രനായി ജനിച്ചു് ദരിദ്രനായി ജീവിച്ചു ദരിദ്രനായിത്തന്നെ മരിച്ച വി. ഡോൺബോസ്കോ മരിക്കുന്ന സമയത്തു് 800 കുട്ടികളുണ്ടായിരുന്ന തൻെറ അനാഥശാലയ്ക്കു പിറേറദിവസം ആവശ്യമുള്ള ഭക്ഷണസാധനങ്ങൾപോലും ആരെങ്കിലും കടംതരുമെന്നുള്ള ഉറപ്പുമാത്രമേ ഉണ്ടായിരുന്നുള്ളു! എന്നിട്ടും ആ സ്ഥാപനത്തെ ദൈവം കൈവിട്ടില്ല. ഈ ഒരു വിശ്വാസം നമ്മിലും ദൃഢമൂലമാകട്ടെ. ചിലർ വിചാരിക്കുന്നു: എനിക്കിപ്പോഴുള്ള സ്വത്തു പോരാ; ഇപ്പോഴത്തെ വീടു പോരാ; വസ്ത്രങ്ങൾ പോരാ; എന്താണു് ദൈവം എൻെറ ആഗ്രഹങ്ങൾ സാധിപ്പിക്കാത്തതു്? എന്നാൽ ദൈവം നമുക്കു ജീവിക്കുവാൻ അത്യാവശ്യമുള്ളവ മാത്രമെ നല്കുവാൻ ചുമതലപ്പെട്ടിട്ടുള്ളു എന്നു നാം സ്മരിക്കണം. ഏലിയാസ് ദീർഘദശിക്കു വിശന്നപ്പോൾ രാജകീയ അരമനയിലേയോ പ്രഭുമന്ദിരങ്ങളിലേയൊ സമ്പൽസമൃദ്ധിയിലേയ്ക്കല്ല അയക്കപ്പെട്ടതു്; പ്രത്യുത, സറെഫ്ററായിലെ ഒരു സാധുവിധവയുടെ പക്കലേക്കായിരുന്നുവെന്നുള്ളതു് ശ്രദ്ധാർഹമാണു്.

എല്ലാം ദൈവം സംരക്ഷിച്ചുകൊള്ളും, നാം കൈയ്യുംകെട്ടിയിരുന്നാൽ മതി, എന്നിങ്ങനെയുള്ള മനസ്ഥിതിയിലേയ്ക്കു നാം വഴുതിവീഴരുതു്. ദൈവത്തോടു സഹകരിച്ചു പ്രവൎത്തിക്കുവാൻ മനസ്സുള്ളവരെമാത്രമേ അങ്ങുന്നു സംരക്ഷിക്കയുള്ളു. ദൈവം പക്ഷിജാലങ്ങളെ തീററിപ്പോററുന്നുണ്ടെന്നുള്ളതു് ശരിതന്നെ, എന്നാൽ അങ്ങുന്നു് അവയുടെ കൊക്കിൽ ഇരവെച്ചുകൊടുക്കുന്നില്ല. അവ അതിരാവിലെ ഉണൎന്നു ഇരതേടിപ്പോകുന്നു. ഇതുപോലെ ഓരോരുത്തനും കഴിവനുസരിച്ചു് ബുദ്ധിമുട്ടുകയും ചുമതലകൾ നിൎവ്വഹിക്കയും ചെയ്യേണ്ടതാണു്. അൎത്ഥസമ്പുഷ്ടമായ ഒരു വാക്യം ദിവ്യരക്ഷകൻ കുറിച്ചേൎത്തിട്ടുണ്ടു്: "നിങ്ങൾ ആദ്യമായി ദൈവത്തിൻെറ രാജ്യവും അങ്ങെ നീതിയും അന്വേഷിപ്പിൻ; അപ്പോൾ ഇവയെല്ലാം നിങ്ങൾക്കു നല്കപ്പെടും." പത്തു പ്രമാണ

ങ്ങൾ കൃത്യമായി അനുസരിച്ചുകൊണ്ട് നീതിമാന്മാരായി ജീവിക്കു വാൻ എല്ലാവരും ഉൽസുകരാകട്ടെ. ''നീതിമാൻ ഉപേക്ഷിക്കപ്പെട്ടവനായിട്ടോ അവൻെറ സന്താനം അപ്പം അന്വേഷിക്കുന്നതായിട്ടോ ഞാൻ കണ്ടിട്ടില്ല'' എന്നുള്ള സങ്കീർത്തകൻെറ വാക്യം പ്രത്യേകം സ്മർത്തവ്യമാണ്.

# മൂന്നു മാതാക്കൾ

''പിന്നീട് അവിടുന്ന് തൻെറ ശിഷ്യന്മാരാലും ഒരു വലിയ ജനാവലിയാലും അനുഗതനായി നായിം പട്ടണത്തിലേയ്ക്കു പോകവേ സംഭവിച്ചതായത്: അവിടുന്നു നഗരവാതിലിനെ സമീപിച്ചപ്പോൾ മൃതനായ ഒരു മനുഷ്യനെ സംസ്കരിക്കുവാൻ പുറത്തേയ്ക്കു കൊണ്ടുപോകുന്നതു കണ്ടു. അവൻ സ്വമാതാവിൻെറ ഏകപുത്രൻ! അവൾ വിധവയുമായിരുന്നു. പട്ടണത്തിൽനിന്ന് ഒരു വലിയ ജനക്കൂട്ടം അവളെ പിന്തുടന്നു. കർത്താവ് അവളെക്കണ്ട്, അനുകമ്പ തോന്നി, നീ കരയേണ്ട എന്നരുളിച്ചെയ്തു. അനന്തരം അവിടുന്നു അടുത്തുചെന്നു ശവമഞ്ചത്തിന്മേൽ തൊട്ടു. അപ്പോൾ അതു വഹിച്ചിരുന്നവർ നിശ്ചലരായി നിന്നു. ഉടനേ അവിടുന്ന് അരുളിച്ചെയ്തു: യുവാവേ, നിന്നോടു ഞാൻ കല്പിക്കുന്നു, എഴുന്നേല്ക്കുക. മൃതനായവൻ ഉടൻ എഴുന്നേററിരുന്നു സംസാരിച്ചു. ഈശോ അവനെ അവൻെറ അമ്മയ്ക്ക് ഏല്പിച്ചുകൊടുക്കുകയും ചെയ്തു. അവരെല്ലാവരും ഭയവിഹ്വലരായി ദൈവത്തെ പ്രകീർത്തിച്ചുകൊണ്ട്, നമ്മുടെ മദ്ധ്യേ ഒരു വലിയ പ്രവാചകൻ പ്രത്യക്ഷപ്പെട്ടിരിക്കുന്നു; ദൈവം തൻെറ ജനത്തെ സന്ദർശിച്ചിരിക്കുന്നു, എന്നു പറഞ്ഞു.

(പന്തക്കുസ്തു 15-ാംഞായർ; സുവിശേഷം: ലൂക്കാ. VII, 11—16.)

ഒരു ക്രൈസ്തവകലാലയത്തിൽ പഠിച്ചിരുന്ന ഒരു ഹൈന്ദവ വിദ്യാർത്ഥി ഒരിക്കൽ ചോദിക്കുകയുണ്ടായി: ''ജ്ഞാനസ്നാനം

സ്വീകരിച്ചാൽ ഒരുവനിൽ വലിയ പരിവൎത്തനങ്ങൾ സംഭവിക്കുമെന്നു നിങ്ങൾ പറയുന്നുണ്ടല്ലോ. എന്നാൽ ജ്ഞാനസ്നാനം സ്വീകരിച്ച വിദ്യാൎത്ഥിയും അതു സ്വീകരിച്ചിട്ടില്ലാത്ത ഒരു വിദ്യാൎത്ഥിയും തമ്മിൽ യാതൊരു മാററവും എനിക്കു ദൃഷ്ടിഗോചരമാകുന്നില്ലല്ലോ?'' എന്നു്. നിഷ്കളങ്കമായ ഒരു ജീവിതം അഭംഗമായി അനുഷ്ഠിച്ചുവരുന്ന ഒരു യുവാവു് ഇതാ ആദ്യമായി പാപത്തിൽ നിപതിക്കുന്നു. ബാഹ്യമായി അവനിൽ എന്തൊരു മാററമാണുണ്ടാകുന്നതു്? അവൻ പിശാചിനെപ്പോലെ കറുത്തു് വിരൂപനാകുന്നുണ്ടോ? അവൻ ബോധംകെട്ടു വീഴുകയോ മരിച്ചുപോകയോ ചെയ്യുന്നുണ്ടോ? അവൻ ചുററും നോക്കുന്നു: ഭൂമി വായ് പിളൎന്നു് അവനെ വിഴുങ്ങുന്നില്ല; സൂൎയ്യൻ മുമ്പേപ്പോലെതന്നെ പ്രകാശിക്കുന്നുണ്ടു്; പക്ഷിമൃഗാദികളുടെ മധുരഗാനങ്ങൾ ഇപ്പോഴും കേൾക്കപ്പെടുന്നു; വൃക്ഷലതാദികൾ യാതൊരു കോട്ടവും വാട്ടവും കൂടാതെ മന്ദമാരുതനിൽ കളിയാടുന്നു. പാപത്തിനുശേഷം ആ യുവാവിൽ എന്തെങ്കിലും മാററം സംഭവിച്ചിട്ടുള്ളതായി അവൻെറ യുവസ്നേഹിതന്മാർ ദൎശിക്കുന്നില്ല. അവൻ അവൎക്കു് ഇപ്പോഴും പണ്ടത്തെ യുവകോമളനും സരസനുമായ സ്നേഹിതൻതന്നെ. ചീകി മിനുക്കിയ അവൻെറ കേശഭാരത്തിനോ അലക്കിത്തേച്ച ലീഡർ ഷൎട്ടിനോ റിസ്റ്റ്‌വാച്ചു്, ചെരിപ്പു്, ചെയിൻ, കണ്ണട, വാസ്‌ലൈൻ തുടങ്ങിയ അലങ്കാരവിഭൂഷകൾക്കോ യാതൊരു വൈരൂപ്യവുമില്ല. എന്നാൽ യഥാൎത്ഥത്തിൽ ആന്തരികമായി, ആദ്ധ്യാത്മികമായി, വലിയൊരു പരിവൎത്തനം അവനിൽ സംഭവിച്ചുകഴിഞ്ഞിരിക്കുന്നു. പ്രസാദവരം അവനു നഷ്ടപ്പെട്ടു; ക്രിസ്തുനാഥൻ അവനിൽനിന്നു ബഹിഷ്കൃതനായി; അവൻെറ മൃതമായ ആത്മാവു് പിശാചിൻെറ നൃത്തരംഗമായിത്തീൎന്നിരിക്കുന്നു. ഇതൊന്നും മാംസദൃഷ്ടികൾക്കു ഗോചരമല്ല. എന്നാൽ വിശ്വാസത്തിൻെറ ഉൾക്കണ്ണുകൾകൊണ്ടു് ഈ ഭയങ്കരമാററം നമുക്കു ദൎശിക്കാം. പാപത്തിൽ നിപതിക്കുവാൻ ഇടയായിട്ടുള്ളവർ ഈ പരമാൎത്ഥം നല്ല

വണ്ണം ഗ്രഹിക്കട്ടെ. ഒരു പാപി പുറമെ സരസകോമളനായി ത്തന്നെ പ്രത്യക്ഷപ്പെട്ടുന്നുണ്ടെങ്കിലും അവൻെറ ആത്മാവു് മരി ച്ചിരിക്കുന്നു. അവൻ വെള്ള പൂശിയ ശവകുടീരമാണു്. വിധവ യുടെ മൃതനായ മകനെ പലരുംകൂടി വഹിച്ചുകൊണ്ടുപോയതു പോലെ, ഒരു പാപി ഒരു മൃതനായ ആത്മാവിനെ വഹിച്ചുകൊ ണ്ടു നടക്കുന്നു. ഭീരുക്കാം അവരുടെ സാക്ഷാൽ മരണത്തിനുമുമ്പു തന്നെ പല പ്രാവശ്യവും മരിക്കുന്നുവെന്നു ഷെയ്ക്ക്സ്പിയർ മഹാ കവി പറയുന്നു; ഇതു് അവരുടെ യശശ്ശരീരത്തെ സംബന്ധിച്ചാ ണു്. ഇതുപോലെതന്നെ ഒരുവൻ പാപത്തിൽ നിപതിക്കുമ്പോ ഴെല്ലാം അവൻെറ ആദ്ധ്യാത്മികജീവൻ അന്തരിച്ചുപോകുന്നു.

മൂന്നു മാതാക്കളെ നിങ്ങളുടെ മുമ്പിൽ അവതരിപ്പിച്ചുകൊ ള്ളട്ടെ. ആദ്യത്തേതു്, ഇന്നത്തെ സുവിശേഷത്തിലെ ധന്യയായ വിധവതന്നെയാണു്. ഒരു മാതാവു് തൻെറ മകനുവേണ്ടി തൂകുന്ന അശ്രുകണങ്ങളുടെ ശക്തിയും പരിശുദ്ധിയും സൌന്ദര്യവും അ ന്യാദൃശമാണു്. പുത്രനെ സംബന്ധിച്ച അപരിമിതമായ വാത്സ ല്യത്തിൻേറയും ഉല്ക്കണ്ഠയുടേയും പരമപരിത്യാഗങ്ങളുടേയും സഹ നസന്നദ്ധതയുടേയും മററം ഒരു സമാഹാരമാണു് ആ കണ്ണീർക ണങ്ങാം. ആരുടെ ഹൃദയത്തേയും ദ്രവിപ്പിക്കാനുള്ള ശക്തി അവ ക്കുണ്ടു്. ഇതുകൊണ്ടുതന്നെയാണു് ഇന്നത്തെ സുവിശേഷത്തിലെ വിധവയുടെ ബാഷ്പകണങ്ങാംക്കു ക്രിസ്തുനാഥനെക്കൊണ്ടു ഒരു വലിയ അത്ഭുതകൃത്യം ചെയ്യിക്കുവാനുള്ള—തൻെറ പുത്രനെ പുന ജ്ജീവിപ്പിക്കുവാനുള്ള—ശക്തി കൈവന്നതു്. അങ്ങനെ ഒരു മാ താവിൻെറ കണ്ണുനീർ മൂലം കാരുണ്യക്കടലായ ദിവ്യരക്ഷകൻ പു ത്രനു ശാരീരികജീവൻ പ്രദാനം ചെയ്തു. രണ്ടാമത്തെ മാതാവു വി. മോനിക്കയാണു്. ഈ സുകൃതി സ്വപുത്രനായ ആഗുസ്തീനോ സിൻെറ അപഥസഞ്ചാരങ്ങളേയും വഷളായ ജീവിതരീതിയേ യുംകുറിച്ചു വളരെയധികം പ്രലപിക്കുകയും പ്രാർത്ഥിക്കുകയും ചെ യ്തിരുന്നു. മകനെ സൽപഥത്തിലേയ്ക്കാനയിക്കുവാൻ ആ വിധവ

ഉല്ക്കണ്ഠയോടെ പരിശ്രമിച്ചുകൊണ്ടിരുന്നു. മകൻ കാർത്തേജിലേയ്ക്കു പോയപ്പോൾ അമ്മയും അവനെ അനുഗമിച്ചു. എന്നാൽ മകൻ അമ്മയെ—തനിക്കുവേണ്ടി നിശാവേളയിൽ കണ്ണുനീർതൂകിക്കൊണ്ടു പ്രാർത്ഥിച്ചിരുന്ന അമ്മയെ—കബളിപ്പിച്ചുകൊണ്ട് ആ രാത്രിയിൽത്തന്നെ റോമിലേയ്ക്കു കപ്പൽ കയറി; അവിടെനിന്നു മിലാനിലേയ്ക്കും പോയി. കരയും കടലും കടന്നുകൊണ്ട് മോനിക്കയും ഈ സ്ഥലങ്ങളിലേക്കെല്ലാം അദ്ദേഹത്തെ അനുഗമിച്ചു. എന്തിന്? സ്വപുത്രനെ നല്ലവഴിക്കു തിരിക്കുവാൻ. പണ്ഡിതനും വാഗ്മിയുമായിരുന്ന ഒരു മെത്രാന്റെ മുമ്പിൽചെന്നു അവൾ ഞരങ്ങിവിങ്ങി കരഞ്ഞുതുടങ്ങി. അപ്പോൾ അദ്ദേഹം പറഞ്ഞു: "സമാധാനത്തിൽ പോകുക. ഇത്രയധികം കണ്ണുനീരുകളുടെ പുത്രൻ ഒരിക്കലും നഷ്ടപ്പെടുകയില്ല." അതേ, "കണ്ണുനീരിന്റെ പുത്രൻ!" വികാരതരളിതനായിട്ടാണ് ആഗസ്തീനോസ് ഈ സംഭവം തന്റെ അനുതാപചിന്തകളിൽ ലേഖനം ചെയ്തിരിക്കുന്നത്. ഒടുവിൽ അവളുടെ കണ്ണുനീരുകളും ക്ലേശങ്ങളും ഫലസമൃദ്ധമായി. ആഗസ്തീനോസ് മനസ്സുതിരികയും ഹിപ്പോയിലെ മെത്രാനും സുപ്രസിദ്ധനായ വേദവിദ്യാപാരംഗതനും, സഭയുടെ ഒരു നെടുംതൂണും, ഒരു മഹാ വിശുദ്ധനുമായിത്തീരുകയും ചെയ്തു. അങ്ങനെ ഒരു വിധവയായ മാതാവിന്റെ കണ്ണീർപൊഴിച്ചിലിൽ ആർദ്രചിത്തനായ ക്രിസ്തുനാഥൻ ആദ്ധ്യാത്മികമായി മരിച്ചിരുന്ന അവളുടെ പുത്രന് പുനർജീവൻ നല്കി. മൂന്നാമത്തെ മാതാവ് സുപ്രസിദ്ധ ഫ്രഞ്ച്സാഹിത്യകാരനായ ഷറേറാബ്രിയന്റെ അമ്മയാണ്. നിരീശ്വരന്മാരുടെ വിഷസങ്കലിതമായ സാഹിത്യവിഭവം മതിമറന്നു് അനുഭവിച്ചതിന്റെ ഫലമായി ഉടലെടുത്ത ഫ്രഞ്ച്‌വിപ്ലവം സുപ്രസിദ്ധമാണല്ലോ. ഈ നിരീശ്വരത്വകാകോളം ഷറേറാബ്രിയനിലും കുത്തിവെയ്ക്കപ്പെട്ടു. ദൈവത്തേയും മതത്തേയും ഉപേക്ഷിച്ചുകൊണ്ടുള്ള ഒരു ജീവിതസരണി അയാൾ അവലംബിച്ചു. ഭക്തയായിരുന്ന അദ്ദേഹത്തിന്റെ മാതാവ് സ്വപു

ത്രന്റെ മാനസാന്തരത്തിനായി നല്കിയ ഉപദേശങ്ങളും സമപ്പി ച്ച പ്രാത്ഥനകളും തൂകിയ കണ്ണീർകണങ്ങളും ഫലപ്രദമായില്ല. അങ്ങനെ ഷറേറാബ്രിയൻ ഒരു അവിശ്വാസിയായി ലണ്ടനിൽ താമസിക്കുമ്പോൾ ഒരു ദിവസം അദ്ദേഹത്തിന്നു സഹോദരിയുടെ ഒരെഴുത്തു ലഭിച്ചു. അതിൽ, തന്റെ വത്സലമാതാവു് വിപ്ലവകാരികളുടെ ജയിലിൽകിടന്നു മരിച്ചുവെന്നും, മരണവേളയിൽ പുത്രന്റെ മതത്യാഗത്തെക്കുറിച്ചുള്ള സ്മരണ അവളെ വളരെ ദുഃഖിപ്പിച്ചുവെന്നും, വളരെയധികം അശ്രുകണങ്ങൾ അവൾ പൊഴിച്ചുവെന്നും കത്തോലിക്കാസഭയിലേയ്ക്കു പിന്തിരിഞ്ഞുവരുവാനുള്ള ഒരു സ്നേഹശാസനം നല്കിക്കൊണ്ടാണു് അവൾ കണ്ണടച്ചതെന്നും ഹൃദയസ്പൃക്കായ വിധത്തിൽ വിവരിച്ചിരുന്നു. തന്നെ ഉദരത്തിൽ വഹിച്ച അമ്മയെ ദുഃഖിപ്പിച്ചതോത്തപ്പോൾ അയാളുടെ കണ്ണുകൾ നിറഞ്ഞു; അതോടെ ബാല്യകാലത്തിലെ ക്രിസ്തീയവികാരങ്ങൾ അദ്ദേഹത്തിൽ പുനജ്ജന്മമെടുക്കയും ചെയ്തു. "ഞാൻ കരഞ്ഞുകൊണ്ടു വിശ്വസിച്ചു" (I wept and I believed) എന്നാണു് അദ്ദേഹം രേഖപ്പെടുത്തിയിരിക്കുന്നതു്. ഇപ്രകാരം വിശ്വാസത്തിൽ മൃതനായിരുന്ന മകനു വിധവയായ അമ്മയുടെ കണ്ണുനീർവഴിയായി ദൈവം വിശ്വാസജീവൻ നല്കി.

ഈ മൂന്നു മാതാക്കളിൽ നായിംപട്ടണത്തിലെ വിധവയെ അനുകരിക്കുവാൻ നമ്മുടെ മാതാപിതാക്കന്മാർ സന്നദ്ധരായിരിക്കും. മക്കൾ മരിക്കുമ്പോഴും അവക്കു രോഗങ്ങളോ മററു ക്ലേശങ്ങളോ ബാധിക്കുമ്പോഴും പ്രലപിക്കയും ദുഃഖിക്കയും രാപകലില്ലാതെ ബുദ്ധിമുട്ടുകയും ചെയ്യുന്നവർ ധാരാളമുണ്ടു്. എന്നാൽ വി. മോനിക്കയെപ്പോലെയും, ഷറേറാബ്രിയന്റെ മാതാവിനെപ്പോലെയും മക്കളുടെ വഷളായ ജീവിതരീതിയേയും മതവിപ്രതിപത്തിയേയും വിശ്വാസരാഹിത്യത്തേയുംപററി വിലപിക്കയും ഏതൽപരിഹാരാത്ഥം പരിശ്രമിക്കയും പ്രാത്ഥിക്കയും ചെയ്യാറുണ്ടോ? സന്താനങ്ങളെ ദശിക്കുക മാതാക്കൾക്കു് ആനന്ദകരമാണു്.

എന്നാൽ ആ പ്രിയംകരമായ ആകാരസുഷമയുടെ ഉള്ളിൽ മൃതമായ, ചത്തുചീഞ്ഞ, ഒരാത്മാവാണു് സംവഹിക്കപ്പെടുന്നതെങ്കിൽ അവർ വിലപിക്കേണ്ടയോ? പാപം അത്ര കാര്യമായ ഒരു തിന്മയല്ലെന്നും, അതു് അത്രതന്നെ നിഷിദ്ധമല്ലെന്നും, അതിനെച്ചൊല്ലി ഇത്രയേറെ വ്യസനിക്കുവാനും ഭയപ്പെടുവാനുമില്ലെന്നും, പോരാ, പ്രകൃതിവാസനകൾക്കനുസരിച്ചു ജീവിക്കുന്നതു് നന്മയാണെന്നും, ജീവിതത്തിൽ വിജയം കൈവരിക്കുവാൻവേണ്ടി ചെയ്യുന്നതെല്ലാം പൗരുഷമാണെന്നും പെരുമ്പറയടിച്ചു കാണിക്കുന്ന ഒരു ലോകമാണു് ഇന്നത്തേതു്. ഇങ്ങനെയുള്ള അടിയൊഴുക്കുകളിൽ തങ്ങളുടെ സന്താനങ്ങൾ കാലുതെററി വീണുപോകുന്നുണ്ടോ എന്നു മാതാക്കൾ അന്വേഷിക്കട്ടെ. മക്കൾ ആദ്ധ്യാത്മികമായി മരിച്ചുപോയിട്ടുണ്ടെങ്കിൽ അമ്മമാർ വിലപിച്ചുകൊണ്ടു പ്രാർത്ഥിക്കട്ടെ; ജീവദായകമായ കുമ്പസാരമെന്ന കൂദാശ കൂടെക്കൂടെ സ്വീകരിക്കുവാൻ അവരെ ഉപദേശിക്കയും നിർബ്ബന്ധിക്കയും ചെയ്യട്ടെ. അപ്പോൾ, "യുവാവെ, നിന്നോടു ഞാൻ കല്പിക്കുന്നു, എഴുന്നേല്ക്കുക" എന്ന വാക്യം അവർ ശ്രവിക്കും. പ്രസാദവരജീവനോടും വിശ്വാസചൈതന്യത്തോടുംകൂടി സ്വസന്താനങ്ങൾ ഉത്ഥാനം ചെയ്യും. ഫ്രാൻസിലെ ബ്ലാൻഷ്‌രാജ്ഞി തന്റെ പുത്രനായ കൊച്ചുളൂയി ഒരു പാപം ചെയ്യുന്നതിനേക്കാൾ അവന്റെ മൃതശരീരം കാണുന്നതിനിഷ്ടപ്പെട്ടതു പുത്രവാത്സല്യത്തിന്റെ കുറവുകൊണ്ടല്ല; പ്രത്യുത പാപത്തോടുള്ള വെറുപ്പുകൊണ്ടാണു്. നാം ഘനമായ പാപങ്ങളിൽ നിപതിക്കുമ്പോഴും, ചെറിയ പാപങ്ങളിലും ഭക്തിമാന്ദ്യത്തിലും ഉൾപ്പെടുമ്പോഴും, വിശ്വാസതീക്ഷ്ണതയില്ലാതെ മതചൈതന്യരഹിതമായ ഒരു ജീവിതം നയിക്കുമ്പോഴും നമ്മുടെ ദിവ്യരക്ഷകന്റെ സ്വരം നാം ശ്രവിക്കുന്നു: "യുവാവെ, എഴുന്നേല്ക്കുക." ഉടനെ നാം പാപങ്ങളിൽനിന്നും ഭക്തിമാന്ദ്യത്തിൽനിന്നും കുടഞ്ഞെഴുന്നേററു വിശ്വാസചൈതന്യവും മതതീക്ഷ്ണതയുമുള്ളവരായിത്തീരണം ഇതിനു നാം ദിവ്യരക്ഷ

കനോടുകൂടി സഹകരിക്കണം. അങ്ങുന്നു നമ്മെ നിർബ്ബന്ധപൂർവ്വം പുനർജ്ജീവിപ്പിച്ചു് നമ്മുടെ സ്വാതന്ത്ര്യത്തെ നിഹനിക്കുകയില്ല.

---

# മഹോദരരോഗികൾ

"ഒരു ശാബതുദിവസം പ്രമുഖനായ ഒരു ഫ്രീശന്റെ വീട്ടിൽ വിരുന്നു കഴിക്കുവാൻ ഈശോ ക്ഷണിക്കപ്പെട്ടു. അവിടുന്ന് ആ വീട്ടിൽ പ്രവേശിച്ചപ്പോൾ അവർ അവിടുത്തെ ശ്രദ്ധാപൂർവ്വം നോക്കിക്കൊണ്ടിരുന്നു. മഹോദരരോഗിയായിരുന്ന ഒരു മനുഷ്യൻ അവിടുത്തെ ദൃഷ്ടിയിൽപ്പെട്ടു. ഉടനെ ഈശോ നിയമജ്ഞന്മാരോടും ഫ്രീശന്മാരോടും, ശാബതുദിവസം രോഗശാന്തി നല്കുവാൻ അനുവദിക്കപ്പെട്ടിട്ടുണ്ടോ എന്നു പരസ്യമായി ചോദിച്ചു. ഇതിനു് അവർ മറുപടി പറയാഞ്ഞതിനാൽ അവിടുന്നു് അവന്റെ കൈയിന്മേൽ പിടിച്ചു് അവനെ സുഖപ്പെടുത്തിവിട്ടു. അനന്തരം അവിടുന്നു അവരുടെ നേരെ തിരിഞ്ഞു് ഇങ്ങനെ ചോദിച്ചു: നിങ്ങളിൽ ആരുടെയെങ്കിലും കാളയൊ കഴുതയൊ ശാബതുദിവസം കുഴിയിൽ വീണാൽ അതിനെ നിങ്ങൾ ഉടനെ അതിൽനിന്നു കയററാതിരിക്കുമോ? ഇതിനു മറുപടി പറയുവാൻ അവക്കു സാധിച്ചില്ല. ക്ഷണിക്കപ്പെട്ട അതിഥികൾ തങ്ങൾക്കായി പ്രഥമസ്ഥാനം തിരഞ്ഞെടുക്കുന്നതു് കണ്ടുകൊണ്ടു് അവിടുന്നു് അവരോടു് ഒരു ഉപമ അരുളിച്ചെയ്തു. അവിടുന്നു് പറഞ്ഞതായതു്: ആരെങ്കിലും നിന്നെ കല്യാണവിരുന്നിനു ക്ഷണിച്ചാൽ പ്രഥമസ്ഥാനത്തു് കയറി ഇരിക്കരുതു്. നിന്നെക്കാൾ സ്ഥാനമുള്ള വല്ല അതിഥിയേയും അവൻ ക്ഷണിച്ചിട്ടുണ്ടായിരിക്കാം. അങ്ങനെയുണ്ടെങ്കിൽ അവനേയും നിന്നേയും ക്ഷണിച്ചവൻ വന്നു് ഈയാളിനു സ്ഥലം ഒഴിഞ്ഞുകൊടുക്കുക എന്നു നിന്നോടു പറയും. അപ്പോൾ നി ലജ്ജിതനായി ഒടുവിലത്തെ സ്ഥലം എടുക്കേണ്ടിവരും. നേരെമറിച്ചു് നീ ക്ഷണിക്കപ്പെടുമ്പോൾ, ഏററവും ഒടുവിലത്തെ സ്ഥാനത്തേയ്ക്കുപോയി അവിടെ ഇരിക്കുക.

അപ്പോൾ നിന്നെ ക്ഷണിച്ചവൻ വന്നു്, സ്നേഹിതാ, മുന്നോട്ട കടന്നിരിക്കുക എന്ന പറയും. ഇങ്ങനെ നിൻെറകൂടെ ഇരിക്കുന്ന എല്ലാവരുടേയും സമക്ഷം നിനക്കു ബഹുമാനം ഉണ്ടാകുവാൻ ഇടയാകും. തന്നെത്താൻ ഉയർത്തുന്ന ഏവനും താഴ്ത്തപ്പെടും, തന്നെത്താൻ താഴ്ത്തുന്ന ഏവനും ഉയർത്തപ്പെടുകയും ചെയ്യും."

(പന്തക്കുസ്ത 16-ാംഞായർ; സുവിശേഷം: ലൂക്ക. XIV, 1—11.)

ന്യായമായ വിധത്തിൽ ധനം സമാർജ്ജിക്കയും മിതമായതോതിൽ അതു സംഭരിക്കയും ഉചിതമായ രീതിയിൽ—സഹോദരസ്നേഹത്തിൻെറയും ദീനാനുകമ്പയുടെയും ഉൽകൃഷ്ടാദർശങ്ങൾക്കനുയോജ്യമാംവണ്ണം—അതു വിനിയോഗിക്കയും ചെയ്യുന്ന പലരും ഇന്നു ലോകത്തിലുണ്ടു്. എന്നാൽ ധനത്തെ ധനത്തിനുവേണ്ടിമാത്രം സംഭരിക്കയും വെച്ചുപൂജിക്കയും തജ്ജന്യമായ സുഖഭോഗങ്ങളിൽ ആറാടുകയും ദരിദ്രലക്ഷങ്ങളുടെ നേരെ കണ്ണടച്ചുകളകയും ചെയ്യുന്ന ചില ധനവാന്മാരും ഇല്ലാതില്ല. ഈ രണ്ടാമതു പറഞ്ഞ തരക്കാരുടെ പ്രതിരൂപമായി മഹോദരരോഗിയെ പരിഗണിക്കുന്നതിൽ അനൗചിത്യമുണ്ടെന്നു തോന്നുന്നില്ല. അശുദ്ധ ജലാംശങ്ങൾ അമിതമായി ദേഹത്തിൽ തടിച്ചുകൂടുമ്പോഴാണത്രെ ദേഹം മുഴുവനും അമിതമായി വീങ്ങുകയും പ്രത്യേകിച്ചു ആമാശയപ്രദേശങ്ങൾ നിശ്ചിതപരിമാണങ്ങളെയെല്ലാം ഉല്ലംഘിച്ചു് അമിതമായി വിജൃംഭിക്കയും ചെയ്യുന്നതു്. ഇതിഹാസങ്ങളിൽ പെരുവയറനായ ഒരു ഭൂതത്തിനു നല്കിയിട്ടുള്ള ഒരു പേരാണല്ലൊ മഹോദരൻ. ഇപ്രകാരം സ്ഥൂലവും മേദസ്വിയുമായ ഭീമശരീരവും വിജൃംഭിച്ചുനില്ക്കുന്ന വയറും കാണികളെപ്പോലും വീർപ്പുമുട്ടിക്കുന്ന ഒരു ദയനീയകാഴ്ചയാണു്. ഇതുപോലെതന്നെ അമിതമായ ധനം—പലപ്പോഴും അശുദ്ധമോ അനീതിപരമോ ആയ മാർഗ്ഗങ്ങളിലൂടെ സമാർജ്ജിച്ചതായിരിക്കാം—ഒരുവനിൽ തടിച്ചുകൂടുകയും ദാനശീലവും പരോപകാരകൃത്യങ്ങളുമാകുന്ന ബഹിർഗമനമാർഗ്ഗങ്ങൾ യാതൊന്നും തുറന്നിടാതെ മേൽക്കുമേൽ സംഭരണം

മാത്രം നടത്തുകയും ചെയ്യുന്ന ഒരു ധനവാൻ ഒരു മഹോദരരോഗിയെപ്പോലെ അനുകമ്പാൎഹനാണ്; കാണികളെ വീപ്പുമുട്ടിക്കുന്നവനാണ്; ഭയങ്കരരോഗത്തിൽ കിടന്നുഴലുന്നവനാണ്; നിത്യമരണത്തിലേക്കു കുതിച്ചുപായുന്നവനുമാണ്. "ധനവാൻ മരിച്ചു നരകത്തിൽ അടക്കപ്പെട്ടു."

മഹോദരരോഗികഠംക്കു ദാഹം കലശലായിരിക്കും; എന്നാൽ എത്രതന്നെ വെള്ളം കുടിച്ചാലും അവൎക്കു ദാഹശമനം ലഭിക്കയില്ല; ദാഹം ഒന്നിനൊന്നു വൎദ്ധിക്കുകയേയുള്ളു. ഇതുപോലെതന്നെ ധനതൃഷ്ണയുള്ള ഒരുവനു് എത്രതന്നെ ധനം കരസ്ഥമായാലും അലംഭാവം ഒരിക്കലും ഉണ്ടാകയില്ല. സിംഹത്തിനു മനുഷ്യരക്തം കുടിക്കുന്തോറും രക്തതൃഷ്ണ കൂടിവരുന്നതുപോലെയാണ് ധനവാൻെറയും സ്ഥിതി. ഈ ധനതൃഷ്ണ വൎദ്ധിക്കുന്തോറും ധനസമ്പാദനമാൎഗ്ഗങ്ങളുടെ ധാൎമ്മികവശത്തെപ്പററി അയാഠം ചിന്തിക്കുന്നില്ല. ധനദേവനെ പ്രസാദിപ്പിക്കുമ്പോഠം കട്ടത്ത അനീതികഠംപോലും അവൻ പ്രവൎത്തിച്ചുതുടങ്ങുന്നു. കൊട്ടംചതികളും കരിഞ്ചന്തയും അവനു തഴക്കമായിത്തീരുന്നു. "ഇതൊക്കെ ലോകത്തിൽ പതിവാണെ"ന്നുള്ള സമാധാനം അവൻെറ മനസ്സാക്ഷിയിൽ വെണ്ണ പുരട്ടുന്നു. നിഷ്കപടരായ സാധുക്കളുടേയും അനാഥരുടേയും നിസ്സാരസമ്പാദ്യങ്ങഠംപോലും അപഹരിച്ചു ധനദേവനു കുരുതി കഴിക്കുവാൻ തക്ക ഹൃദയകാഠിന്യം അവനുണ്ടായിത്തീരുന്നു. കള്ളരേഖാനിൎമ്മാണവും കള്ളവ്യവഹാരങ്ങളും അവനു് ആനന്ദപ്രദമാണ്. വേലക്കാൎക്കു ന്യായമായ പ്രതിഫലം അവൻ ഒരിക്കലും നല്കുകയില്ല. മനസ്സാക്ഷിയാണെങ്കിൽ ഇന്ത്യാറബ്ബർപോലെ എങ്ങനേയും വലിച്ചുനീട്ടാം. മരണവേളയിൽ പണപ്പെട്ടി തലയ്ക്കുസമീപെ വെയ്ക്കുകയും അതിനെ ചുംബിക്കുകയും നാണയങ്ങളുടെ കിലുകിലാരവത്തിൽ ആനന്ദിക്കയും ചെയ്യുന്നവരും ഇല്ലെന്നില്ല.

മഹോദരരോഗികളുടെ വയറും മററു ശരീരാവയവങ്ങളും വീർത്തിരിക്കും. അശുദ്ധ ജലാംശങ്ങൾ വന്നു നിറയുന്നതുകൊണ്ടാണല്ലൊ ഈ വിജൃംഭണം ഉണ്ടാകുന്നതു്. ഇതുപോലെതന്നെ ധനതൃഷ്ണയുള്ള ഒരുവനിൽ അമിതമായി ധനം വന്നു സഞ്ചയിക്കയും ബഹിർഗമനമാർഗ്ഗങ്ങൾ ഇല്ലാതിരിക്കയും ചെയ്യുമ്പോൾ അഹംഭാവവും ധിക്കാരമനസ്ഥിതിയും പ്രകടമായിത്തീരുന്നു. ധനത്തിൻെറ മഞ്ജിരശിഞ്ജിതത്തിൽ രസം തേടുന്ന ധനവാന്മാർക്കു് ഇന്നു ലോകത്തിൽ അസാദ്ധ്യമായിട്ടു് എന്താണുള്ളതു്. ലോകവും അതിലെ സമസ്തവസ്തുക്കളും അവരുടെ പാദാന്തികത്തിൽ കിടക്കുന്നു. വിശിഷ്ടവിഭവങ്ങൾ, രമ്യഹർമ്മ്യങ്ങൾ, മണിമഞ്ചങ്ങൾ, വിശിഷ്ടങ്ങളായ ആടയാഭരണങ്ങൾ, യാത്രാസുഖങ്ങൾ, ചികിത്സാസൗകര്യങ്ങൾ, കളിവിനോദങ്ങൾ, ഇലക്ട്രിക്പങ്ക, റേഡിയോ—ഇങ്ങനെ പലതും. ആജ്ഞാനുവർത്തികൾ നിരവധി; മന്ത്രിമുതൽ മാസപ്പടിവരെ സകല ഉദ്യോഗസ്ഥന്മാരും കീശയിൽ; എന്തും ചെയ്യാം; എന്തും അനുഭവിക്കാം, ഇങ്ങനെയുള്ള ഒരു പരിതസ്ഥിതിയിൽ അവൻ അഹങ്കാരപ്രമത്തനായിത്തീരുന്നു.

മഹോദരരോഗികൾക്കു നടക്കുവാൻ വളരെ വിഷമമാണു്. രണ്ടടി നടക്കുമ്പോഴെക്കും അവക്കു് കിതപ്പും ക്ഷീണവും അനുഭവപ്പെടുന്നു. അധികവും അവർ കിടന്നും ഇരുന്നും കഴിച്ചുകൂട്ടുന്നു. ഇതുപോലെതന്നെ ധനതൃഷ്ണയുള്ളവക്കും ആദ്ധ്യാത്മികകാര്യങ്ങളിൽ വ്യാപരിക്കുവാനൊ പുരോഗമിക്കുവാനൊ സാദ്ധ്യമല്ലാതെ വരുന്നു. ഭാരമുള്ള കല്ലുകൾ കെട്ടിയിട്ടാൽ പക്ഷിമൃഗാദികൾക്കു പറക്കുവാനോ ഓടുവാനോ സാദ്ധ്യമല്ലല്ലൊ. അമിതധനമാകുന്ന ഭാരംപേറുന്ന ഈ മഹോദരരോഗികൾക്കു് ആദ്ധ്യാത്മികജീവിതം അസാദ്ധ്യമായിത്തീരുന്നു. ഒരുവൻെറ മനസ്സു മുഴുവൻ ധനത്തിനാപ്പിച്ചാൽ അവനിൽ ദൈവത്തിനു് സ്ഥാനം ലഭിക്കുക കൂച്ചു്റസാദ്ധ്യമാണു്. "നിങ്ങൾക്കു രണ്ടു യജമാനന്മാരെ സേവിക്കുവാൻ കഴികയില്ല. നിങ്ങൾക്കു ദൈവത്തേയും ധനത്തേയും സേവിക്കു

വാൻ സാദ്ധ്യമല്ല" എന്നു് നിത്യസത്യം അരുളിച്ചെയ്തിട്ടുണ്ടു്. ധനതൃഷ്ണയുള്ള ഒരുവനു സമാധാനത്തോടെ പ്രാർത്ഥിക്കുവാനൊ ധ്യാനിക്കുവാനൊ ആദ്ധ്യാത്മികകാര്യങ്ങളിൽ വ്യാപരിക്കുവാനൊ എങ്ങനെ സാധിക്കും? ആദായം, പലിശ, പ്രോനോട്ടുകൾ, പണയാധാരങ്ങൾ, ഡിവിഡെണ്ടു്, ബാങ്കു്, കച്ചവടം, നിലവാരങ്ങൾ, വ്യവഹാരങ്ങൾ ഇവയല്ലെ അയാളുടെ മനസ്സിൽ തിളച്ചുമറിഞ്ഞുകൊണ്ടിരിക്കുക? കാരണം "നിന്റെ നിക്ഷേപം എവിടെയോ അവിടെ നിന്റെ ഹൃദയവുമുണ്ടായിരിക്കും."

മഹോദരം സുഖപ്പെടുന്നതിനായി ശരീരത്തിൽ തടിച്ചുകൂടിയിരിക്കുന്ന അശുദ്ധദ്രാവകങ്ങളും ദുർമേദസ്സുകളും വാർന്നു പോകുവാൻ തക്ക ഗുളികകളും മരുന്നുകളും കഷായങ്ങളും സേവിക്കണം. ഇതുപോലെതന്നെ ധനതൃഷ്ണയിൽ മുഴുകിയിരിക്കുന്ന ധനവാനും നീതിയും പരസ്നേഹവുമായ തുറകളിൽകൂടെ "അനീതിയുടെ ധനത്തെ (mammon of iniquity) ബഹിർഗമിപ്പിക്കണം. ഇതിനു കത്തോലിക്കാസിദ്ധാന്തങ്ങളാകുന്ന ഗുളികകളും കഷായങ്ങളും ഏററവും പഥ്യാപ്തമാണു്. ധനം ദൈവത്തിന്റേതാണു്; ധനവാൻ ഒരു വെറും കാര്യസ്ഥൻ മാത്രമാണു്; തന്നിമിത്തം ധനംകൊണ്ടു് "എനിക്കു് തോന്നിയതുപോലെ എന്തുംചെയ്യാം" എന്നുള്ള മനസ്ഥിതി ഒരിക്കലും അനുവദനീയമല്ല. ധനവാൻ ദരിദ്രനെ സഹായിക്കണം, ഉദ്ധരിക്കണം, മനുഷ്യനായി ജീവിക്കുവാൻ അനുവദിക്കണം; അനീതിയായി സമാർജ്ജിച്ചിട്ടുള്ള നിസ്സാര ധനംപോലും അതിന്റെ ഉടമസ്ഥനു് തിരിച്ചുകൊടുക്കണം; തൊഴിലാളികൾക്കു ന്യായമായ ജീവനക്കൂലി കൊടുക്കണം. ലൗകീക സമ്പത്തു് ഉണ്ടായിരിക്കയും പട്ടിണികിടക്കുന്ന തന്റെ സഹോദരനെ കാണുമ്പോൾ അവനോടു കരുണതോന്നാതിരിക്കയും ചെയ്യുന്നവനിൽ ദൈവസ്നേഹം ഉണ്ടാകുന്നതെങ്ങിനെ എന്നു വി. യോഹന്നാൻ ശ്ലീഹാ ചോദിക്കുന്നു. മലയിലെ പ്രസംഗവും, ഒട്ടകവും സൂചിക്കുഴയും, ധനവാനും ലാസറും, ഒടുവിലത്തെ വിധിയുടെ

വാചകങ്ങളും, തിരുസ്സഭയുടെ പ്രബോധനങ്ങളും, എല്ലാം വായി ച്ചറിഞ്ഞശേഷവും ധനവാന്മാർ തങ്ങളുടെ "ധനോദര"മാകുന്ന മഹോദരംവെച്ചു പുലത്തുകയാണെങ്കിൽ ഇഹത്തിലും പരത്തിലും നാശമായിരിക്കും അനുഭവം. കത്തോലിക്കാസഭയുടെ ഉപദേശ ങ്ങളാകുന്ന ഗുളികകൾ കുറെ കൈപ്പുള്ളതായിരിക്കാം. പക്ഷെ അതു കുടിച്ച് അനീതിയും അത്യാഗ്രഹവും മൂലമുണ്ടായ തങ്ങളുടെ ദുർമേദസ്സ് സുഖപ്പെടുത്തുവാൻ അവർ ശ്രമിക്കുന്നില്ലെങ്കിൽ അരി വാളും ചുററികയുംകൊണ്ടുള്ള ഒരു ശസ്ത്രക്രിയക്കു അവർ വിധേയ രാകേണ്ടിവന്നേക്കാം. ഇയ്യിടെ ഫ്രഞ്ചു കർദ്ദിനാളന്മാരുടെ ഒരു സംയുക്തപ്രസ്താവനയിൽ ഇത്തരത്തിലുള്ള മഹോദരരോഗികളെ "തിരുസ്സഭയുടെ ശത്രുക്കളുടെ കൂട്ടാളികൾ" എന്നും "കമ്മ്യൂണി സ്റ്റ് വിപ്ലവത്തിൻെറ മുന്നോടികൾ" എന്നും പറഞ്ഞു നിശിതമാ യി വിമർശിച്ചിട്ടുണ്ട്.

ഈ മഹോദരം നമ്മെ ബാധിച്ചിട്ടുണ്ടോ എന്നു ഓരോരു ത്തനും പരിശോധിച്ചുനോക്കട്ടെ. ഉണ്ടെങ്കിൽ കത്തോലിക്കാ സഭയുടെ ഉപദേശങ്ങളാകുന്ന ഗുളികകളും മരുന്നുകളും സേവിച്ച് അതിനെ ഉന്മൂലനം ചെയ്യുന്നതിന്ന് പരിശ്രമിക്കയും അതിനായി ദിവ്യരക്ഷകൻെറ സഹായം അഭ്യർത്ഥിക്കയും ചെയ്യട്ടെ. ശാബ ത്തു് ദിവസത്തിലാണല്ലൊ മഹോദരരോഗി സുഖം പ്രാപിച്ചതു്. ഇതുപോലെതന്നെ ഞായറാഴ്ചദിവസം ദരിദ്രരെ സഹായിക്കുന്ന തിനായി പ്രത്യേകമായ വിധത്തിൽ വിനിയോഗിക്കേണ്ടതാണ്. ജാലകത്തിലെ ചില്ലിൽക്കൂടി നോക്കുന്നവൻ ബാഹ്യലോകത്തെ— മനുഷ്യർ, പക്ഷിമൃഗാദികൾ, വൃക്ഷലതാദികൾ എന്നിവയെ— കാണുന്നു. എന്നാൽ മുഖക്കണ്ണാടിയിൽ നോക്കുന്നവൻ തന്നെ ത്തന്നെയാണ് ദർശിക്കുന്നതു്. കാരണം മുഖകണ്ണാടിയിലെ ചി ല്ലിന്മേൽ വെള്ളിപൂശിയിട്ടുണ്ട്. ഇതുപോലെതന്നെ ധനവാൻ ധനത്തിൽക്കൂടെ— വെള്ളിയിൽക്കൂടെ— വീക്ഷിക്കുമ്പോൾ സ്വാ ർത്ഥം മാത്രം ദർശിക്കുന്നു. ആ വെള്ളിപ്പൂച്ച് മാററിയശേഷം

നോക്കുമ്പോറം ഇതരന്മാരേയും അവരുടെ കഷ്ടതകളേയും ദശിക്കുന്നു. പണത്തിന്മേൽ നീന്തിക്കളിക്കുന്ന ധനവാന്മാർ ഞായറാഴ്ച ദിവസങ്ങളിലെങ്കിലും തങ്ങളുടെ സമീപം ചെറുകുടിലുകളിൽ ജീവിക്കുന്ന ദരിദ്രർ എങ്ങനെ ജീവിതം കഴിച്ചുകൂട്ടുന്നുവെന്നു അന്വേഷിക്കയും അവക്കായി സഹായഹസ്തം നീട്ടുകയും ചെയ്യട്ടെ.

# ലജ്ജിക്കേണ്ടതല്ലേ?

"അവരിൽ ഒരു നിയമജ്ഞൻ അവിടുത്തെ പരിക്ഷിച്ചുകൊണ്ട് ചോദിച്ചു: ഗുരോ, പ്രമാണങ്ങളിൽ ഏററവും വലുതു് ഏതാണ്? ഈശോ അവരനോടു പറഞ്ഞു: നിൻെറ കത്താവായ ദൈവത്തെ പൂണ്ണഹൃദയത്തോടും പൂണ്ണാത്മാവോടും പൂണ്ണമനസ്സോടുംകൂടെ സ്നേഹിക്കുക—ഇതാണു എല്ലാ പ്രമാണങ്ങളിലും വലുതും ഒന്നാമത്തേതും. അതിനു സമമായ രണ്ടാമത്തേതു് ഇതാണ്: നിന്നെപ്പോലെ നിൻെറ അയൽക്കാരനേയും സ്നേഹിക്കുക. ഈ രണ്ടു കല്പനകളിൽ സകല നിയമവും പ്രവാചകന്മാരും ആശ്രയിച്ചിരിക്കുന്നു. ഫ്രീശന്മാർ ഈശായുടെ ചുററും കൂടിയിരുന്ന ആ സന്ദർഭത്തിൽത്തന്നെ അവിടുന്നു് അവരോടു ചോദിച്ചു: ക്രിസ്തുവിനെ സംബന്ധിച്ച നിങ്ങളുടെ അഭിപ്രായമെന്തു്? അവൻ ആരുടെ പുത്രനായിരിക്കണം? ദാവീദിൻെറ എന്നു് അപ്പോറം അവർ പറഞ്ഞു. ഉടനെ അവിടുന്നു ചോദിച്ചു: അങ്ങിനെയെങ്കിൽ (പരിശുദ്ധ) ആത്മാവിനാൽ പ്രേരിതനായി ദാവീദ് അവനെ കത്താവെന്നു വിളിക്കുന്നതെങ്ങനെ? എന്തുകൊണ്ടെന്നാൽ അവൻ പറയുന്നു: നിൻെറ ശത്രുക്കളെ നിൻെറ കാലുകറംക്കു കീഴെ പാദപീഠമാക്കുവോളം നീ എൻെറ വലത്തുഭാഗത്തിരിക്കുക എന്നു കത്താവു് എൻെറ കത്താവിനോടു പറഞ്ഞു. ദാവിദ് ക്രിസ്തുവിനെ കത്താവെന്നു വിളിക്കുന്നു. പിന്നെ എങ്ങനെ

യാണ് അവിടുന്ന് അവൻെറ പുത്രനായിരിക്കുക? അവിടുത്തോട് മറുപടി പറയുവാൻ ഒരു വാക്കും ആർക്കും കിട്ടിയില്ല. അന്നുമുതൽ ചോദ്യംകൊണ്ടവിടുത്തെ പരീക്ഷിക്കുവാൻ ആരും തുനിഞ്ഞില്ല.”
(പന്തക്കുസ്ത 17-ാംഞായർ; സുവി: മത്താ. XXII, 35—46.)

കിരാതവർഗ്ഗക്കാരുടെ രാജാവായിരുന്ന ഹുണറിക്ക് (Hunneric) ആര്യൻ പാഷാണ്ഡമതം ആശ്ലേഷിക്കയും തൽഫലമായി ക്രിസ്തുവിൻെറ ദൈവത്വത്തെ നിഷേധിക്കയും ചെയ്തു. അയാൾ ക്രിസ്തുവർഷം 484-ൽ ആഫ്രിക്കൻ നഗരമായ “ടിപ്പോസ” യിൽവെച്ച്, ക്രിസ്തുവിൻെറ ദൈവത്വം ഏററുപറയുന്ന സകലരുടേയും നാവുകൾ കടയോടെ ഛേദിച്ചുകളയുന്നതാണെന്നു ഒരു വിളംബരം മൂലം പ്രഖ്യാപിച്ചു. ഇപ്രകാരം ആയിരക്കണക്കിനു് സത്യക്രിസ്ത്യാനികൾ ജിഹ്വാവിഛേദമാകുന്ന ഈ ഭയങ്കരശിക്ഷയ്ക്കു പാത്രമായി. എന്നാൽ, അത്ഭുതമേ! നാവുകൾ സമൂലം വിഛേദിക്കപ്പെട്ട എല്ലാവർക്കുംതന്നെ അതിനുശേഷവും, തങ്ങളുടെ ജിവിതാന്ത്യംവരേയും, സ്പഷ്ടമായും, അനർഗ്ഗളമായും സംസാരിക്കുന്നതിനുള്ള ശക്തി സംസിദ്ധമായി. അങ്ങനെ ക്രിസ്തുവിൻെറ ദൈവത്വത്തിനുള്ള സജീവസാക്ഷികളായി അവർ പലേ വർഷങ്ങൾ വിവിധരാജ്യങ്ങളിലായി അധിവസിച്ചുകൊണ്ടു ആ മഹനീയ തത്വത്തെ ലോകസമക്ഷം ഉച്ചൈസ്തരം ഉൽഘോഷിച്ചു. അതെ, യഥാർത്ഥമായ ക്രിസ്തുമതം കെട്ടിപ്പടുക്കപ്പെട്ടിരിക്കുന്നതു് ക്രിസ്തുവിൻെറ ദൈവത്വമാകുന്ന ബലിഷ്ഠ ഭിത്തിയിന്മേലാണ്. ഈ തത്വം നിഷേധിച്ചാൽ നമ്മുടെ വിശ്വാസസൗധം തകർന്നുവീഴുന്നു; മനുഷ്യകുലത്തിൻെറ പരിത്രാണം അർത്ഥശൂന്യമായിത്തീരുന്നു; ക്രിസ്തു ഒരു പരമവഞ്ചകനുമായിത്തീരുന്നു.

ഇന്നത്തെ സുവിശേഷത്തിൽ, ക്രിസ്തു ദാവീദിൻെറ പുത്രനായിരിക്കുമെന്നു ഫ്രീശെന്മാർ പറഞ്ഞപ്പോൾ ഈശോ വളരെ വിഷമകരമായ ഒരു പ്രശ്നമാണ് അവരുടെ മുമ്പിൽ ഉന്നയിക്കുന്നതു്. അതിൻെറ രത്നച്ചുരുക്കം ഏതാണ്ടിപ്രകാരമാണു്: ദാവീദ്

പരിശുദ്ധാത്മപിയാൽ പ്രേരിതനായി ക്രിസ്തുവിനെ തൻെറ കത്താവ്'—അതായത്', തൻെറ ദൈവം— എന്ന്' അഭിസംബോധനം ചെയ്യുന്നതായി നിങ്ങൾ സങ്കീത്തനങ്ങളിൽ വായിക്കുന്നുണ്ടല്ലോ. എന്നാൽ ക്രിസ്തു ദൈവമാണെങ്കിൽ, എങ്ങനെ അങ്ങേക്ക്' ദാവിദിൻെറ പുത്രനാകുവാൻ സാദ്ധ്യമാകും? ഈ ചോദ്യത്തിൻെറ മുമ്പിൽ പ്രീശെന്മാരെല്ലാം മൂകരായി ഭവിച്ചു. എന്നാൽ കത്തോലിക്കരായ നമ്മെ ഈ ചോദ്യം ഒട്ടുംതന്നെ അന്ധാളിപ്പിക്കുന്നില്ല. ക്രിസ്തുനാഥൻ ഒരേ സമയംതന്നെ ദൈവവുമാണ്', ദാവീദിൻെറ പുത്രനുമാണ്', എന്നുള്ള പ്രസ്താവം പ്രത്യക്ഷത്തിൽ ഒരു വിരുദ്ധോക്തിയായിത്തോന്നാമെങ്കിലും ആ വൈരുദ്ധ്യത്തെ അനുരഞ്ജിപ്പിക്കുവാൻ സത്യവിശ്വാസം നമ്മെ സഹായിക്കുന്നു. കാരണം, ക്രിസ്തു ദൈവവുമാണ്', മനുഷ്യനുമാണ്' എന്നു നാം ദൃഢമായി വിശ്വസിക്കുന്നു; ദൈവമെന്നുള്ള നിലയിൽ അങ്ങുന്ന്' ത്രിത്വത്തിൻെറ രണ്ടാമാളായ പുത്രൻതമ്പുരാനാണ്'; മനുഷ്യൻ എന്നുള്ള നിലയിൽ അങ്ങുന്ന്' ദാവീദിൻെറ സന്താനപരമ്പരയിൽ പെട്ടവനുമാണ്'. ഒരേസമയത്ത്' അദ്ദേഹം ദൈവവും മനുഷ്യനും ആകുന്നെങ്കിലും അദ്ദേഹത്തിൽ ആളുകൾ രണ്ടില്ല; ക്രിസ്തുവായ ഒരാൾ മാത്രമേയുള്ളു. ദൈവത്വം മാംസമാക്കിത്തീർത്തുകൊണ്ടല്ല, പിന്നെയോ മനുഷ്യത്വത്തെ ദൈവത്വത്തിലേക്കു സ്വീകരിച്ചുകൊണ്ടാണ്' അദ്ദേഹം ഏകനായിരിക്കുന്നത്'.

ക്രിസ്തുമതത്തിൻെറ ആരംഭംമുതല്ക്കുതന്നെ ക്രിസ്തുവിൻെറ ദൈവത്വം നിഷേധിച്ചിരുന്ന ചില വിഭാഗക്കാർ രംഗപ്രവേശം ചെയ്കയുണ്ടായി. സെറിന്തിയൻസ്', ആരിയൻസ്', എന്നീ പാഷണ്ഡികൾ ക്രിസ്തുവിൻെറ ദൈവത്വത്തെ പാടേ നിഷേധിച്ചു. ഡൊസേത്തെ, നെസ്തോറിയൻസ്' എവുത്തിക്കിയൻസ്' എന്നിവർ ക്രിസ്തുവിൻെറ ദൈവത്വത്തെയും മനുഷ്യത്വത്തേയും സംബന്ധിച്ച്' അബദ്ധജടിലങ്ങളായ സിദ്ധാന്തങ്ങൾ പ്രചരിപ്പിച്ചു. എന്നാൽ, അങ്ങേ ദൈവത്വത്തെ നിഷേധിക്കുവാനുള്ള

ഒരു പ്രധാന സംരംഭത്തിന്ന് അടിസ്ഥാനമിട്ടതു് പ്രോട്ടസ്റ്റാൻറ് മതവിപ്ലവമാണ്. ക്രിസ്തു ദൈവമാണെന്നും വേദപുസ്തകം ദൈവനിവേശിതമാണെന്നുമുള്ള വിശ്വാസം ഇതോടെ ശിഥിലീകൃതമായി. ഹേതുവാദികളായി ചിലർ രംഗപ്രവേശംചെയ്തു് ക്രിസ്തുവിൻെറ ദൈവത്വം കേവലം മായയാണെന്നും, ചരിത്രത്തിലെ ക്രിസ്തുവും വിശ്വാസത്തിലെ ക്രിസ്തുവും വിഭിന്നരാണെന്നും മററും ഉൽഘോഷിക്കയുംചെയ്തു. ഒന്നു രണ്ടു നൂററാണ്ടുകൾ കൂടികഴിഞ്ഞപ്പോൾ കാൎയ്യങ്ങൾ കുറെക്കൂടെ വഷളായി. നമ്മുടെ കൎത്താവു് കേവലം ഒരു മനുഷ്യനായി പരിഗണിക്കപ്പെട്ടു; അവിടുത്തെ പരിത്രാണകൎമ്മം നിഷേധിക്കപ്പെട്ടു; അവിടുന്നു് ബുദ്ധൻ, കൺഫ്യൂഷ്യസ്, കൃഷ്ണൻ, മുഹമ്മദ്, പ്ലേറോ തുടങ്ങിയവരെപ്പോലെ വെറുമൊരു ധാൎമ്മികപരിഷ്കൎത്താവായി പരിഗണിക്കപ്പെട്ടു. അവർ ക്രിസ്തുവിൻെറ ആദൎശങ്ങളെ സ്വീകരിക്കുകയും അവ്യസ്ഥ കാലത്തിനൊത്ത കോലം കൊട്ടുക്കുകയും ചെയ്തു. കത്തോലിക്കാസഭയൊഴിച്ചുള്ള സഭകളിൽ പലതും ക്രിസ്തുവിൻെറ ദൈവത്വത്തെ പരസ്യമായി പ്രഖ്യാപിക്കുന്നില്ല എന്നുള്ളതു് ഒരു പരമാൎത്ഥം മാത്രമാണ്. ഇന്നത്തെ പല പ്രോട്ടസ്റ്റാൻറ് പത്രങ്ങളിലും സാമുദായനീതി പ്രസംഗിച്ച ഒരു കേവലമനുഷ്യനായിട്ടാണ് ക്രിസ്തുനാഥൻ ചിത്രീകരിക്കപ്പെടുന്നതു്. ഈ ഒരു ചിന്താഗതി ഭാരതത്തിലെന്നല്ല നമ്മുടെ കേരളക്കരയിലും പടൎന്നുപിടിച്ചിട്ടുണ്ടു്. ഗാന്ധി തുടങ്ങിയ രാഷ്ട്രീയനേതാക്കന്മാരും പാശ്ചാത്യവിദ്യാഭ്യാസം സിദ്ധിച്ചു ചില അക്രൈസ്തവവിദ്വാന്മാരുമാണ് ഈ പ്രചരണത്തിൻെറകൎത്താക്കൾ. ഇവർ പഠിച്ചറിഞ്ഞതും കണ്ടറിഞ്ഞതുമായ ക്രിസ്തുമതം നിർഭാഗ്യവശാൽ പ്രോട്ടസ്റ്റാൻറ മതവുമായിരുന്നു. എല്ലാ മതവും ശരിയാണ്, നല്ലതുമാണ്, ദൈവത്തെ പ്രാപിക്കുന്നതിനുള്ള വിവിധമാൎഗ്ഗങ്ങൾ മാത്രമാണു്, എന്നിങ്ങനെയുള്ള മതനിഷ്പക്ഷതയ്ക്കു ഭാരതം സുപ്രസിദ്ധമാണല്ലോ. ഗാന്ധിയും മററു പലരും നടത്തിയിരുന്ന പ്രാൎത്ഥനായോഗങ്ങളിലും മററും ഈ തത്വമനുസരിച്ചുകൊണ്ടു് ബൈ

ബിളും കൊറാനും ഗീതയും മററും വായിക്കുക പതിവായിരുന്നുവ ല്ലൊ. ഇന്നും നടന്നുവരുന്ന ചില "സർവ്വമതസമ്മേളനങ്ങ"ളിലും ഇതുതന്നെയാണ് അനുവർത്തിക്കുന്നതു്. തൽഫലമായി കൃഷ്ണൻെറ യും മുഹമ്മദീയൻെറയും തോതിലുള്ള ഒരു സ്ഥാനമാണ് ക്രിസ്തു വിനും നല്കപ്പെട്ടിരിക്കുന്നതു്. "ക്രിസ്തുവാം കൃഷ്ണൻെറ ധർമ്മോപ ദേശങ്ങൾ" എന്നിങ്ങനെ നമ്മുടെ ആസ്ഥാനമഹാകവി പാടി യതും ഈ അഭിപ്രായഗതിയുടെ ഒരു പ്രതിധ്വനി മാത്രമാണ്.

എന്നാൽ ഈ ഒരു ചിന്താഗതി നമ്മുടെ കത്തോലിക്കരിൽ ചിലരേയും ബാധിച്ചിട്ടില്ലേ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. ഹിന്ദുക്കളുടേയും, 'ഈസ'ക്കാരുടേയും ഇടയിൽ ജീവിക്കുന്നതുകൊ ണ്ടും സ്വന്തം മതവിശ്വാസത്തിൽ വേണ്ട ദാർഢ്യമില്ലാത്തതുകൊ ണ്ടുമാണ് ഇങ്ങനെയുള്ള അബദ്ധങ്ങളിൽ ചെന്നു ചാടുന്നതു്. ഗാന്ധി മരിച്ചപ്പോൾ, അദ്ദേഹത്തെ ക്രിസ്തുവിനു തുല്യനാക്കി പ്ര ദർശിപ്പിച്ച് പ്രസംഗവേദികളിൽ പ്രാമാണ്യം നേടിയ കത്തോലി ക്കർ ഇല്ലെ? കോൺഗ്രസ് വൃത്തങ്ങളിലോ, മററു സംഘടനകളി ലോ, ഇതരമതാനുയായികൾക്കിടയിലോ സ്വാധീനവും പ്രാമാ ണ്യവും ലഭിക്കുന്നതിനുവേണ്ടി ക്രിസ്തുവിൻെറ ദൈവത്വത്തെ അവ ഗണിച്ചുകൊണ്ട് അങ്ങയെ കൃഷ്ണനേയും മുഹമ്മദിനേയും ഗാന്ധി യേയുംപോലെ വെറും ഒരു ധാർമ്മികപരിഷ്ക്കർത്താവായി ചിത്രീക രിക്കുന്ന കത്തോലിക്കർ ലജ്ജിക്കേണ്ടതല്ലേ? ഇതരമതസ്ഥാപകർ തങ്ങൾ ദൈവമാണെന്നു് ഒരിക്കലും അവകാശപ്പെട്ടിട്ടില്ല. എ ന്നാൽ ക്രിസ്തുവാകട്ടെ താൻ ദൈവമാണെന്നു പരസ്യമായി പ്രഖ്യാ പിക്കയും ഈ പ്രഖ്യാപനത്തെ സ്ഥിരീകരിക്കുന്നതിനായി നിര വധി അത്ഭുതങ്ങൾ സ്വശക്തികൊണ്ടുതന്നെ ചെയ്യുകയും ചെയ്തി ട്ടുണ്ട്. അങ്ങനു് അരുളിച്ചെയ്ത പ്രവചനങ്ങളും ഇതിനു തെളി വാണ്. താൻ സ്വയം ദൈവമാണെന്നു പ്രഖ്യാപിച്ചതുകൊണ്ടാ ണ് യൂദന്മാരുടെ അമർഷം ആളിക്കത്തുവാനും ആ വിദ്വേഷാഗ്നി യിൽനിന്നു് ഉടലെടുത്ത കുരിശിൽ അങ്ങു ബലിയപ്പിക്കപ്പെട്ട

വാനും ഇടയായതു്. ഇതെല്ലാം വേദപുസ്തകത്തിൽ പ്രസ്പഷ്ടമാകയാൽ ഇവിടെ ഉദ്ധരിക്കേണ്ട ആവശ്യമില്ല. യുക്തിവാദികൾപോലും ക്രിസ്തുവിൻെറ ദൈവത്വം ഏററുപറയുവാൻ നിർബ്ബന്ധിതരാകുന്നുണ്ടു്. "സോക്രട്ടീസിൻെറ ജീവിതവും മരണവും ഒരു സന്ന്യാസിവര്യൻേറതാണെങ്കിൽ, ക്രിസ്തുവിൻെറ ജീവിതവും മരണവും ഒരു ദൈവത്തിൻേറതാകുന്നു" (റൂസ്സോ.) "അവിടുത്തെ ദൈവത്വം സംസ്ഥാപിതവുമായി............അങ്ങു ദൈവത്തിൽനിന്നു വ്യത്യസ്തനാണെന്നും ആരും കരുതുകയില്ല........" (റെനാൻ) നെപ്പോളിയൻ സെൻറ് ഹെലേനദ്വീപിൽവെച്ചു ചെയ്ത സുപ്രസിദ്ധമായ പ്രസ്താവനയിലും ക്രിസ്തുവിൻെറ ദൈവത്വം സ്പഷ്ടമായി ഏററുപറയുന്നുണ്ടു്.

ക്രിസ്തു ദൈവമാണെന്നു നാം നമ്മുടെ ഓരോ വാക്കിലും പ്രവൃത്തിയിലും പ്രസ്പഷ്ടമാക്കണം. മനുഷ്യബഹുമാനത്തെപ്രതി ഇക്കാര്യത്തിൽ യാതൊരു ഒത്തുതീർപ്പോ വിട്ടുവീഴ്ചകളോ അനുവദിക്കപ്പെട്ടിട്ടില്ല. പരിശുദ്ധ കുർബ്ബാനയിൽ ക്രിസ്തുവിൻെറ യഥാൎത്ഥസാന്നിദ്ധ്യം നമുക്കുണ്ടല്ലോ. ക്രിസ്തു ദൈവമാണെന്നു വിശ്വസിക്കുന്ന നാം പരിശുദ്ധ കുർബ്ബാനയുടെ മുൻപിൽ എങ്ങനെ പെരുമാറുന്നു? ദൈവത്തിൻെറ യഥാൎത്ഥസന്നിധിയിലാണു് നാം വർത്തിക്കുന്നതെന്നുള്ള സുദൃഢമായ വിശ്വാസത്തോടുകൂടിയാണോ നാം പെരുമാറുന്നതു്? ദിവ്യകാരുണ്യം സ്വീകരിക്കുമ്പോഴും ദിവ്യബലിയിൽ സംബന്ധിക്കുമ്പോഴും ഈ വിശ്വാസം നമ്മെ ഉത്തേജിപ്പിക്കട്ടെ. ദൈവം ഉണ്ണിയായിപ്പിറന്നു, ദൈവം ആശാരിപ്പണിയെടുത്തു, ദൈവം ചന്തയിൽ പോയി, ദൈവത്തിനു വിശന്നു, ദൈവം ഭക്ഷിച്ചു, ദൈവം വിയർത്തു, ദൈവം രക്തം ചിന്തി, ദൈവം ക്ലേശങ്ങൾ അനുഭവിച്ചു എന്നെല്ലാം പറയുന്നതു വാസ്തവങ്ങളായിത്തീരുന്നു; കാരണം, ക്രിസ്തു ദൈവമാണല്ലോ. ഇങ്ങനെ നോക്കുമ്പോൾ നാം ഭക്ഷിക്കയോ പാനം ചെയ്കയോ മററേതെങ്കിലും കൃത്യങ്ങൾ അനുഷ്ഠിക്കയോ ക്ലേശങ്ങൾ അനുഭവിക്കുക

യോ ചെയ്യുമ്പോഴെല്ലാം—പാപമൊഴിച്ചു മറേറതു മാനുഷികകൃത്യവും ചെയ്യുമ്പോഴെല്ലാം—ഈ കൃത്യങ്ങൾ ദൈവവും ഒരിക്കൽ അനുഷ്ഠിച്ചിട്ടുണ്ടെന്നുള്ള വിശ്വാസം നമ്മെ സമാശ്വസിപ്പിക്കയും, നമ്മെ ഉത്തേജിപ്പിക്കയും, നമ്മുടെ കൃത്യങ്ങളെ പവിത്രീകരിക്കുകയും ചെയ്യും. ക്രിസ്തു ദൈവമാണെന്നുള്ള വിശ്വാസം നമ്മുടെ മതസിദ്ധാന്തങ്ങൾക്കു് ഉറപ്പും അപ്രമാദിത്വവും നല്കുന്നു; നമ്മുടെ പരിത്രാണകർമ്മം അർഹമായവിധത്തിൽതന്നെ നിർവ്വഹിക്കപ്പെട്ടിട്ടുണ്ടെന്നുള്ള സമാശ്വാസവും നമുക്കു ലഭിക്കുന്നു.

# ഭയങ്കരപാപം

പിന്നീടു് അവൻ പടവിൽകയറി, അക്കരെ സ്വനഗരത്തിലേയ്ക്കു വന്നു. അപ്പോൾ തളർവാതബാധിതനും ശയ്യാവലംബനുമായ ഒരുവനെ അവർ അവന്റെ പക്കൽ കൊണ്ടുവന്നു. അവരുടെ വിശ്വാസം കണ്ടു് ഈശോ ആ തളർവാതരോഗിയോടു പറഞ്ഞു: മകനേ, ധൈര്യമവലംബിക്കുക; നിന്റെ പാപങ്ങൾ മോചിക്കപ്പെട്ടിരിക്കുന്നു. ഇതുകേട്ടു് ചില നിയമജ്ഞന്മാർ ആത്മഗതം ചെയ്തു: ഇവൻ ദൈവദൂഷണം സംസാരിക്കുന്നു. ഈശോ അവരുടെ വിചാരം മനസ്സിലാക്കിക്കൊണ്ടു് അരുളിച്ചെയ്തു: നിങ്ങൾ എന്തു അധർമ്മവിചാരങ്ങൾ നിങ്ങളുടെ ഹൃദയത്തിൽവെച്ചു വളർത്തുന്നു? നിന്റെ പാപങ്ങൾ നിന്നോടു പൊറുക്കപ്പെട്ടിരിക്കുന്നു എന്നു് ഒരു മനുഷ്യനോടു് പറയുന്നതോ, എഴുന്നേററു നടക്കുക എന്നു പറയുന്നതോ ഏതാണു് എളുപ്പമുള്ള കല്പന? മനുഷ്യപുത്രൻ ലോകത്തിൽ ആയിരിക്കുകയിൽ പാപങ്ങൾ മോചിക്കുവാൻ അവനു് അധികാരമുണ്ടെന്നു നിങ്ങളെ ബോദ്ധ്യപ്പെടുത്തേണ്ടതിനായി, എഴുന്നേററു് നിന്റെ കിടക്കയും എടുത്തു് വീട്ടിലേയ്ക്കു പോവുക (എന്നു ഈശോ ആ തളർവാതരോ

ഗിയോടു പറഞ്ഞു.) ഉടനെ അവൻ എഴുന്നേററു സ്വഭവനത്തിലേയ്ക്കു മടങ്ങി. ഇതുകണ്ടു ജനക്കൂട്ടം ഭയവിഹ്വലരായി, ഈദൃശാധികാരങ്ങൾ മനുഷ്യർക്കു നല്കിയതിൽ ദൈവത്തെ മഹത്വപ്പെടുത്തി.
(പന്തക്കുസ്ത 18-ാം ഞായർ; സുവിശേഷം മത്താ. IX, 1—8.)

യുഗങ്ങളുടെ പുലരിയിൽ പ്രതാപശാലിയായിരുന്ന ലൂസിഫർ ദൈവത്തോടു പറഞ്ഞു, "ഞാൻ നിന്നെ സേവിക്കയില്ല" എന്നു്; മനുഷ്യചരിത്രത്തിന്റെ പ്രാരംഭഘട്ടത്തിൽതന്നെ നമ്മുടെ ആദിമാതാപിതാക്കന്മാർ ദൈവത്തെപ്പോലെയാകുവാൻ ആഗ്രഹിച്ചുകൊണ്ടു കല്പനാലംഘനം നടത്തി. "ദുഷ്ടൻ അവന്റെ ഹൃദയത്തിൽ പറഞ്ഞു ദൈവമില്ലെന്നു്."—പഴയ നിയമത്തിലെ ഒരു വേദോക്തിയാണിതു് . . . . . 1758-ൽ വോൾട്ടയർ തന്റെ സ്നേഹിതനായ ഡാലംബട്ടിനു ഇപ്രകാരം എഴുതി: "20 കൊല്ലത്തിനകം ദൈവത്തിന്റെ കഥ കഴിഞ്ഞിരിക്കും." മറെറാരു വിപ്ലവനേതാവായിരുന്ന ഷോമററ് ഇപ്രകാരം ദൈവദൂഷണം ചെയ്തു: ദൈവമേ, നീ അങ്ങനെ ഒരാളുണ്ടെന്നു തെളിയിക്കുന്നതിനായി എന്റെമേൽ ഇടിവെട്ടിനെ നിപതിപ്പിച്ചാലും." ജർമ്മൻ തത്വശാസ്ത്രജ്ഞനായിരുന്ന നീഷ് (Nietzsche) ധിക്കാരമായി പറഞ്ഞു: "പുരാതനദൈവം മരിച്ചിരിക്കുന്നു. ഞങ്ങളാണു് അവനെകൊന്നതു്." അടുത്ത കാലത്തു നമ്മുടെ ഈ കേരളത്തിൽതന്നെ "പുരോഗമന"ചേരിയിൽപെട്ട ഒരു ഗ്രന്ഥകാരൻ ഇപ്രകാരം എഴുതിയിരിക്കുന്നു: "നിർദ്ദയനായ ഹേ, സർവ്വശക്താ, ദാരിദ്ര്യത്തേയും വ്യാധികളേയും ദുഃഖത്തേയും സൃഷ്ടിച്ച നീയോ സ്നേഹസ്വരൂപൻ? അഹങ്കാരികളേയും അധികാരേച്ഛുക്കളേയും സൃഷ്ടിച്ച നീയോ നീതിമാൻ? എല്ലാ കൊള്ളകൾക്കും എല്ലാ അഴിമതികൾക്കും എന്നെന്നും കൂട്ടുനില്ക്കുന്ന നീയോ ന്യായാധിപതി . . . നീ മനസ്സിലാക്കണം—നൂറുനൂറായിരം സന്താനങ്ങൾ, ഞങ്ങൾ ഇവിടെയുണ്ടു്; എരിപൊരി കൊള്ളുന്നവർ, നിത്യദുരിതം അനുഭവിക്കുന്നവർ . . . . . നിന്റെ നരകവും സ്വർഗ്ഗവും! വേണമെങ്കിൽ തീമഴ

ചെയ്യിച്ചു നിങ്ങളെ ദഹിപ്പിക്കൂ! . . . .'' നിരീശ്വരന്മാരും ദൈവത്തെ ദൂഷിക്കുന്നവരും എല്ലാക്കാലത്തുമുണ്ടായിട്ടുണ്ട്. എന്നാൻ ഇന്നത്തെപ്പോലെ ദൈവതിരുനാമം ദൂഷിക്കപ്പെടുകയും അവഹേളിക്കപ്പെടുകയും ചെയ്തിട്ടുള്ള ഒരു കാലസന്ധി ഇതുവരെ ഉണ്ടായിട്ടുണ്ടോ എന്നു സംശയമാണ്. നിരീശ്വരപരവും നിർമ്മതപരവുമായ ഇന്നത്തെ നിരവധി സംഘടനകളും അവയുടെ നിരന്തരമായ കുപ്രചരണങ്ങളും ദൈവനിന്ദയും ദൈവവിദ്വേഷവും സാധുതൊഴിലാളികളിലും ബാലികാബാലന്മാരുടെ പിഞ്ചുഹൃദയങ്ങളിലും കുത്തിവെക്കുന്നുണ്ട്. വിദ്യാലയങ്ങൾ, പത്രമാസികകൾ, പ്രസംഗവേദികൾ, വ്യവസായശാലകൾ, സിനിമാശാലകൾ, നിശാസമ്മേളനങ്ങൾ എന്നിവയിൽനിന്നും അനുദിനം ഉയന്നുകൊണ്ടിരിക്കുന്ന ദൈവനിന്ദനങ്ങളും ദൂഷണങ്ങളും എത്ര ഭയങ്കരം!

ദൈവത്തിനു മാത്രമേ പാപങ്ങൾ വിമോചിക്കുവാൻ അധികാരമുള്ളു. പുരോഹിതന്മാർ പാപവിമോചനം നല്കുന്നുണ്ടെങ്കിൽ അതു ദൈവത്തിൻെറ പ്രതിനിധികൾ എന്ന നിലയ്ക്കും ദൈവശക്തി ഉപയോഗിച്ചുകൊണ്ടും മാത്രമാണ്. ഇന്നത്തെ സുവിശേഷത്തിൽ ക്രിസ്തു ഒരു തളർവാദരോഗിയുടെ പാപങ്ങൾ വിമോചിക്കുകയും തദ്വാരാ താൻ സാക്ഷാൽ ദൈവമാണെന്നു പ്രഖ്യാപിക്കയും ചെയ്യുന്നു. പാപവിമോചനാധികാരം ദൈവത്തിനു മാത്രമുള്ളതാണെന്നു പ്രീശന്മാക്കും അറിയാമായിരുന്നു. എന്നാൽ അവർ ക്രിസ്തുവിനെ ഒരു മനുഷ്യനായി മാത്രമേ പരിഗണിച്ചിരുന്നുള്ളു. അതുകൊണ്ട്, ഒരു മനുഷ്യൻ സ്വയം ദൈവമാണെന്നു നടിച്ചുകൊണ്ട് മനുഷ്യക്കു പാപമോചനം നല്കുന്നതു ദൈവത്തെ ദൂഷിക്കുകയാണെന്നു' അവർ വിധിച്ചതിൽ അബദ്ധമില്ല. ''ഇവൻ ദൈവദൂഷണം സംസാരിക്കുന്നു.'' എന്നാൽ യഥാർത്ഥത്തിൽ ദൈവദൂഷണം സംസാരിച്ചവർ പ്രീശന്മാർ തന്നെയല്ലെ? നിരവധി അത്ഭുതങ്ങൾമൂലം ക്രിസ്തു തൻെറ ദൈവത്വം അനിഷേദ്ധ്യമായ

വിധത്തിൽ തെളിയിച്ചിട്ടുണ്ടായിരുന്നു. തന്നിമിത്തം അങ്ങുന്നു ദൈവമാണെന്നും തൽഫലമായി അങ്ങേയ്ക്കു പാപങ്ങൾ മോചിക്കുവാനുള്ള അധികാരമുണ്ടായിരുന്നുവെന്നും അവർ മനസ്സിലാക്കേണ്ടതായിരുന്നു. എന്നാൽ അവരാകട്ടെ തങ്ങളുടെ അവിശ്വാസത്തിൽ ഉറച്ചുനിന്നുകൊണ്ടു സാക്ഷാൽ ദൈവമായിരുന്ന ക്രിസ്തുനാഥനു പാപങ്ങൾ വിമോചിക്കുവാനുള്ള അധികാരമില്ലെന്നു വാദിക്കുന്നു! യഥാൎത്ഥത്തിൽ ഇതല്ലേ ദൈവദൂഷണം?

ദൈവത്തേയും, വിശുദ്ധന്മാരേയും, വിശുദ്ധ വസ്തുക്കളേയും തിരുകൎമ്മാദികളേയുംകുറിച്ച് അനാദരമായും അവഹേളനപരമായും സാസാരിക്കുന്നതിനാണ് ദൈവദൂഷണമെന്നു സംജ്ഞ നല്കിയിരിക്കുന്നത്: ദൈവത്തെ ദൂഷിക്കുന്നതു് പല പ്രകാരത്തിലാകാം. ദൈവത്തിൻെറ ഗുണലക്ഷണങ്ങൾക്കു വിപരീതമായ എന്തെങ്കിലും അങ്ങയിൽ ആരോപിക്കുമ്പോൾ അതു ദൈവദൂഷണമായിത്തീരുന്നു. ദൈവം മനുഷ്യരുടെ കഷ്ടതകളിൽ സന്തോഷിക്കുന്ന കണ്ണിൽ ചോരയില്ലാത്ത ഒരു ക്രൂരസത്വമാണ്, ഒരു സ്വേച്ഛാധിപതിയാണ്, കടുത്ത അനീതികൾ പ്രവൎത്തിക്കുന്നവനാണ്, എന്നെല്ലാം പറയുമ്പോൾ അതു ദൈവത്തിൻെറ അനന്തമായ നന്മയ്ക്കും, സ്നേഹത്തിനും, പരിശുദ്ധിക്കും, നീതിക്കും വിരുദ്ധമായുള്ള ഭയങ്കര ദൈവദൂഷണമായിത്തീരുന്നു. "ദൈവം എന്തുകൊണ്ടാണ് ദുഷ്ടന്മാരെ ശിക്ഷിക്കാത്തതു്?" ദൈവത്തിനു് ഈ ലോകം മുഴുവനും ഭരിച്ചുകൊണ്ടുപോകുവാൻ വലിയഭാരമായിരിക്കുമല്ലോ" എന്നെല്ലാം പറയുന്നതും ദൈവദൂഷണമായിരിക്കും. "ഞാനും ദൈവവും പണ്ടേതന്നെ വലിയ ചങ്ങാതിമാരാണ്; അങ്ങേര് എന്നെ ഉപദ്രവിക്കയില്ല; അങ്ങേക്ക് ഇഷ്ടമുണ്ടെങ്കിലും ഇല്ലെങ്കിലും ഞാനിതു ചെയ്യും; ഈ ലോകത്തിൽ എനിക്കു ബോധിച്ചോണം; ആ ലോകത്തിൽ അങ്ങേക്കു ബോധിച്ചോണം" എന്നെല്ലാം കേവലം ബഹുമാനലേശമില്ലാതെ സംസാരിക്കുന്നതും ദൈവദൂഷണമായിരിക്കും. ദൈവത്തെപ്പററി മാത്രം പറയാവുന്ന ഗുണവി

ശേഷങ്ങറം സൃഷ്ടികറംക്ക നല്കപ്പെട്ടമ്പോറം അതും ദൈവദൂഷണ മായിത്തീരുന്നു. മഹാന്മാരായ മനുഷ്യരെപ്പററി അങ്ങനെയുള്ള ചില സ്തുതിഗീതങ്ങറം നാം കേറംക്കാറുണ്ടല്ലൊ. "അദ്ദേഹം ലോകത്തിൻെറ വെളിച്ചമാണ്. ലോകത്തെ രക്ഷിച്ചവനാണ്" എന്നെല്ലാം അതിരുകവിഞ്ഞ ആവേശത്തള്ളലിൽ പ്രഘോഷിച്ച കൊണ്ട മനുഷ്യരെ ദൈവതാപീഠത്തിൽ പ്രതിഷ്ഠിക്കുന്നതും ആരാധിക്കുന്നതും ദൈവദൂഷണമല്ലെ? പ്രേമബദ്ധരായവർ വികാരത്തള്ളലിൽപ്പെട്ടുകൊണ്ട്, "എൻെറ ഹൃദയനിക്ഷേപമെ, എൻെറ ജീവനെ, എൻെറ സർവ്വസ്വമെ, എൻെറ ദൈവമെ" എന്നെല്ലാം പ്രേമഭാജനത്തെ അഭിസംബോധനം ചെയ്തുകൊണ്ട് ആരാധിക്കുന്നതും സൂക്ഷിച്ചുവേണ്ടിയിരിക്കുന്നു.

പരി. കന്യകയേയും മററു വിശുദ്ധന്മാരേയുംപററി സംസാരിക്കുമ്പോറം പ്രകടിപ്പിക്കുന്ന നിന്ദയും അസഭ്യവഷ്ടവും പരോക്ഷമായി ദൈവത്തിൽത്തന്നെയാണ് ചെന്നലയ്ക്കുന്നതെന്നു അല്പം ആലോചിച്ചാൽ മനസ്സിലാക്കാമല്ലൊ. അങ്ങനെയുള്ള വാസ്തവങ്ങറം ഇക്കാലത്തു സുലഭമാണ്—"കാഴ്ചപ്പാട്ടുക"ളുടെ ഈ നാളുകളിൽ പ്രത്യേകിച്ചും. ഇക്കാര്യത്തിൽ എല്ലാവരും കൂടുതൽ കരുതലോടെ സംസാരിക്കേണ്ടതാണ്. "പെണ്ണുങ്ങളുടെ കുബ്ബാനകൈക്കൊള്ളപ്പാടുകൊണ്ട് ഗോതമ്പിനു ക്ഷാമമായി," "കുബ്ബാനയ്ക്കു വില കൂട്ടി," "കൂദാശകളിലും കരിഞ്ചന്ത" എന്നിങ്ങനെ കൂദാശകളേയും വിശുദ്ധ കാര്യങ്ങളേയുംപററിയുള്ള പരിഹാസങ്ങറം സർവ്വദാ നിഷിദ്ധങ്ങളാണ്. "ദൈവം ഇല്ലായിരുന്നുവെങ്കിൽ നന്നായിരുന്നു," എന്നെ ശിക്ഷിക്കുവാൻ ദൈവത്തിനു സാധിക്കുമായിരുന്നില്ലെങ്കിൽ, ഹാ . . . . . ." എന്നെല്ലാം പറയുന്നവൻ ദൈവദൂഷണം പറയുന്നു. "ദൈവം ചെയ്യുന്നതൊന്നും ശരിയാകുന്നില്ല. ഞാൻ ദൈവമായിരുന്നുവെങ്കിൽ, ഹാ, എത്ര ഭംഗിയായി ഞാൻ ലോകത്തെ ഭരിക്കുമായിരുന്നു" എന്നു ജല്പിക്കുന്നവരും ഭയങ്കരമായ ദൈവദൂഷണമല്ലെ ഉച്ചരിക്കുന്നതു്? "നശിച്ച മനു

ഷ്യർ," "നശിച്ച മഴ," "നശിച്ച മൃഗം" എന്നെല്ലാം ദൈവത്തിൻെറ സൃഷ്ടികളേയും, പ്രവൃത്തികളേയും, ക്രമീകരണങ്ങളേയും കുറിച്ച ശാപവഷങ്ങൾ ചൊരിയുന്നവർ ദൈവദൂഷണമാണ് ഉച്ചരിക്കുന്നത്. കേരളത്തിലെകൃഷിയുടെ ജയാപജയങ്ങൾ കാലാവസ്ഥയെ ആശ്രയിച്ചാണിരിക്കുന്നത്. തന്നിമിത്തം ചിലപ്പോൾ മഴയും വെയിലും വേണ്ടതുപോലെ ലഭിക്കാതെ വരുമ്പോൾ ദൈവത്തിൻെറ ക്രമീകരണങ്ങളെ ശപിക്കാതിരിപ്പാൻ പ്രത്യേകം ശ്രദ്ധിക്കണം. ചുരുട്ടിയ മുഷ്ടികൾ ആകാശത്തിലേയ്ക്കുയർത്തുന്നതും വിശുദ്ധ വസ്തുക്കളുടെനേക്ക് അനാദരവു് കാണിക്കുന്നതും മററും നിശ്ശബ്ദമായ ദൈവദൂഷണമാണെന്നു പറയേണ്ടതില്ലല്ലൊ.

ഇതരപാപങ്ങൾ പരോക്ഷമായൊ അങ്ങുന്നു നല്കിയിട്ടുള്ള പ്രമാണങ്ങൾ ലംഘിക്കപ്പെടുന്ന തോതനുസരിച്ചോ മാത്രമേ ദൈവത്തെ സ്പർശിക്കയും അവമാനിക്കയും ചെയ്യുന്നുള്ളു. എന്നാൽ ദൈവദൂഷണമാകട്ടെ ദൈവത്തെ നേരിട്ടു (Personally) സ്പർശിക്കയും അവഹേളിക്കയും ചെയ്യുന്നു. തന്നിമിത്തം അതിൻെറ ഗൌരവം സ്പഷ്ടമാണല്ലൊ. ദൈവത്തിൽ വിശ്വസിക്കയും അങ്ങേ ഗുണഗണങ്ങളെ സ്പഷ്ടമായി ഗ്രഹിക്കയും ചെയ്തിട്ടുള്ള ഒരു കത്തോലിക്കൻ ദൈവദൂഷണങ്ങൾ ഉച്ചരിക്കുമ്പോൾ അതു ഗുരുതരമായിത്തീരുന്നു. നമ്മുടെ വീടുകളിൽ ദൈവദൂഷണത്തിന്നു കൂടുതൽ പ്രചാരം സിദ്ധിച്ചുവരുന്നുണ്ടോ? കുരിശുവരയ്ക്കുവാൻ പഠിക്കുന്നതിന്നുമുമ്പുതന്നെ നമ്മുടെ കുട്ടികൾ ദൈവദൂഷണങ്ങൾ ഉച്ചരിക്കുന്നതിൽ പ്രാവിണ്യം നേടിക്കഴിയുന്നില്ലേ? കുടുംബത്തിലെ പ്രായമുള്ള അംഗങ്ങളിൽനിന്നല്ലേ കുട്ടികൾ ഇതെല്ലാം പഠിച്ചറിയുന്നതു്? എന്നെല്ലാം ആത്മസംശോധന ചെയ്യേണ്ടതാണ്. കോപതാപവികാരങ്ങൾ ഉല്ക്കടമാകുമ്പോൾ നാവിനെ നിയന്ത്രിക്കുവാൻ പ്രത്യേകംശ്രദ്ധിക്കണം. പരി. ത്രീത്വസ്തുതി ഇടക്കിടെ ഉരുവിടുന്നതു് നല്ലൊരു പരിഹാരകൃത്യമായിരിക്കും. "സർവ്വേശ്വരൻ വാഴ്ത്തപ്പെട്ടവനാകട്ടെ" എന്നാരംഭിക്കുന്ന പരിഹാരജപം ആത്മാർത്ഥ

മായും ഭക്തിപൂർവ്വവും ഉച്ചരിക്കുന്നതും ഏററവും അഭിലഷണീയമാണ്. സാമ്പത്തികമായ അസമത്വങ്ങൾ ഭയങ്കരമായ വിധത്തിൽ മനുഷ്യസമുദായത്തെ ഇന്നു തുറിച്ചുനോക്കിക്കൊണ്ടിരിക്കുന്നുണ്ട്. പട്ടിണിപ്പാവങ്ങൾ ധാരാളമുണ്ടെന്നുള്ളതു് ഒരു പരമാർത്ഥം മാത്രമാണ്. സ്വാർത്ഥവും ദുഷണവും അനീതിയും നടമാടുന്നുണ്ടെന്നുള്ളതും പരമാർത്ഥംതന്നെയാണ്. ഭക്ഷണപ്രശ്നം നിരാശാജനകമായിത്തീർന്നിരിക്കുന്നു. എന്നാൽ, ഇതിൻെറയെല്ലാം ഉത്തരവാദിത്വം ദൈവത്തിൻെറമേൽ കെട്ടിവെച്ചുകൊണ്ട് അങ്ങയെ ദൂഷിക്കുവാൻ ഒരുമ്പെടുന്നതു ഭയങ്കരമായ ദൈവദോഷമായിരിക്കും. സാമ്പത്തികമായ കുഴപ്പങ്ങളെല്ലാം മനുഷ്യർതന്നെയാണ് വരുത്തിവെയ്ക്കുന്നതെന്ന്—ചിലരുടെ സ്വാർത്ഥതല്പരതയും, ദൂഷണമനസ്ഥിതിയും, അനാസ്ഥയും, അനീതികളും മററുമാണ് ഇതിനെല്ലാം കാരണമെന്ന്—അല്പം ആലോചിച്ചാൽ സ്പഷ്ടമാകും. അതിനു ദൈവത്തെ ദൂഷിക്കുന്നതു കടുത്ത അനീതിയല്ലെ?

---

# ഒരു യുദ്ധതന്ത്രം

ഈശോ വീണ്ടും അവരോട് ഉപമകളിൽ സംസാരിച്ചു. അവിടുന്ന് പറഞ്ഞു: ഇതാ സ്വർഗ്ഗരാജ്യത്തിൻെറ ഒരു പ്രതിച്ഛായ: ഒരിക്കൽ ഒരു രാജാവ് തൻെറ പുത്രൻെറ കല്യാണത്തിനുള്ള വിരുന്നു തയ്യാറാക്കി. കല്യാണത്തിനു ക്ഷണിച്ചിരുന്നവരെയെല്ലാം വിളിക്കുന്നതിനുള്ള നിർദ്ദേശവുമായി അവൻ തൻെറ ദാസന്മാരെ അയച്ചു. എന്നാൽ വരുവാൻ അവർക്കിഷ്ടമുണ്ടായിരുന്നില്ല. അപ്പോൾ ഒരു പുതിയ നിർദ്ദേശവുമായി അവൻ വേറെ ഭൃത്യന്മാരെ അയച്ചു. ഇതാ ഞാൻ വിരുന്നു തയ്യാറാക്കിക്കഴിഞ്ഞു. കാളകളും കൊഴുത്ത മൃഗങ്ങളും കൊല്ലപ്പെട്ടിരിക്കുന്നു. എല്ലാം തയ്യാറായി. കല്യാണത്തിനു

വരുവിൻ എന്നു ക്ഷണിക്കപ്പെട്ടവരോട്ട് പറയുവിൻ എന്ന് അവൻ അവരോട്ട് ആജ്ഞാപിച്ചു എന്നിട്ടും അവർ വകവയ്ക്കാതെ മററു കാര്യങ്ങൾക്കായിപോയി; ഒരാൾ ഗ്രാമത്തിൽ തൻെറ വയലിലേയ്ക്കും മറെറാരാൾ തൻെറ വ്യാപാരത്തിനും, ശേഷിച്ചവർ അവൻെറ ഭൃത്യന്മാരെ പിടിച്ച് അവമാനിച്ചു നിഗ്രഹിച്ചു. ഇതുകേട്ട് രാജാവ് കുപിതനായി, ആ കൊലപാതകികളെ കൊന്നൊടുക്കുന്നതിനും അവരുടെ നഗരം ചുട്ടുനശിപ്പിക്കുന്നതിനുമായി തൻെറ പട്ടാളത്തെ അയച്ചു. അനന്തരം അവൻ തൻെറ ഭൃത്യന്മാരോടു പറഞ്ഞു: ഇതാ കല്യാണവിരുന്നെല്ലാം തയ്യാറായിരിക്കുന്നു. ക്ഷണിക്കപ്പെട്ടവരാകട്ടെ ഇതിന് അഹരല്ലെന്നു തെളിഞ്ഞുകഴിഞ്ഞു. അതിനാൽ നിങ്ങൾ വഴിക്കവലകളിലേക്കുപോയി അവിടെ കാണുന്ന എല്ലാവരേയും കല്യാണത്തിനായി ക്ഷണിക്കുവിൻ. ഉടനെ അവൻെറ ഭൃത്യന്മാർ തെരുവുകളിലേക്കുചെന്നു അവിടെ കണ്ട എല്ലാവരേയും മര്യാദക്കാരേയും മര്യാദയില്ലാത്തവരേയും, ഒരുമിച്ചു കൂട്ടിക്കൊണ്ടുവന്നു. ഇങ്ങനെ അതിഥികളെക്കൊണ്ടു കല്യാണശാല നിറഞ്ഞു. എന്നാൽ അതിഥികളെ കാണ്മാൻ രാജാവു വന്നപ്പോൾ, കല്യാണവസ്ത്രം ധരിച്ചിട്ടില്ലാതിരുന്ന ഒരാളെ അദ്ദേഹം അവിടെ കണ്ടു. ഉടനെ, സ്നേഹിതാ, കല്യാണവസ്ത്രമില്ലാതെ നീ എങ്ങിനെ ഇവിടെ വരുവാൻ ഇടയായി? എന്ന് അദ്ദേഹം അവനോടു ചോദിച്ചു. അതിന് അവൻ ഒരു മറുപടിയും പറഞ്ഞില്ല. ആകയാൽ അവൻെറ കൈകാലുകൾ ബന്ധിച്ച്, പ്രലാപവും പല്ലുകടിയും ഉള്ള അന്ധകാരത്തിലേക്ക് അവനെ എറിഞ്ഞുകളയുവിൻ എന്നു രാജാവ് സ്വഭൃത്യന്മാരോടാജ്ഞാപിച്ചു. വിളിക്കപ്പെട്ടവർ വളരെ തിരഞ്ഞെടുക്കപ്പെട്ടവരോ ചുരുക്കം.

(പന്തക്കുസ്ത 19-ാം ഞായർ; സുവിശേഷം: മത്താ. XXII, 1–14)

റോമൻചക്രവൎത്തിമാരുടെ ആധിപത്യത്തിനെതിരായി വിപ്ലവം അഴിച്ചുവിട്ട യഹൂദന്മാരെ അടിച്ചമൎത്തുന്നതിനായി വെസ്പേഷ്യൻ ചക്രവൎത്തി ടൈററസിനെ വലിയൊരു സൈന്യവ്യൂഹത്തോടുകൂടി നിയോഗിച്ചയച്ചു. ക്രിസ്തുവൎഷം 70-ൽ ടൈററസ് ജറുസലംപട്ടണം വളഞ്ഞു. നഗരത്തിലേക്ക് യാതൊരു ഭക്ഷ്യ

പേയങ്ങളും കടത്തിവിടാതെ നഗരവാസികളെ പട്ടിണിയിട്ടു കൊണ്ടു് കീഴടക്കുവാനാണു് ആ സേനാനി നിശ്ചയിച്ചതു്. ഈ നഗരാവരോധം ആറുമാസം തുടൎന്നപ്പോഴെക്കും അവൎണ്ണനീയമായ ക്ലേശങ്ങൾക്കു നഗരവാസികൾ വിധേയരായി. പട്ടിണിയും പകൎച്ചവ്യാധിയും പടൎന്നുപിടിച്ചു. മൃഗങ്ങളെയെല്ലാം കൊന്നു തിന്നതിനുശേഷം സ്വന്തം കുഞ്ഞുങ്ങളെപ്പോലും കൊന്നുതിന്നു വാൻ മാതാപിതാക്കന്മാർ നിൎബ്ബന്ധിതരായെന്നു ജോസഫ് ഫ്ളേവിയസ് എന്ന ചരിത്രകാരൻ പറയുന്നതിൽനിന്നു പട്ടിണിയുടെ പാരമ്യം ഏതാണ്ടു് ഊഹിക്കാമല്ലൊ. അങ്ങനെ ഗത്യന്തരമില്ലാതെ ജറുസലം നഗരം കീഴടങ്ങി. അതെ, ഒരു നഗരം കൈവശപ്പെടുത്തണമെങ്കിൽ രണ്ടു മാൎഗ്ഗങ്ങളാണുള്ളതു്. ഒന്നു്, നേരിട്ടാക്രമിച്ചു് പീരങ്കിയും ബോംബും മററു യുദ്ധോപാധികളും ഉപയോഗിച്ചു അതിനെ കീഴ്പ്പെടുത്തുക. രണ്ടാമത്തേതു്, ടൈററസ് ചെയ്തതുപോലെ, പട്ടണത്തിനു് ബാഹ്യലോകമായുള്ള സകല ബന്ധങ്ങളും വിഛേദിച്ചും യാതൊരു ഭക്ഷ്യസാമഗ്രികളും അതിലേക്കു പ്രവേശിക്കാതെ ശക്തിയേറിയ ഒരു നിരോധനവലയം സൃഷ്ടിച്ചും അങ്ങനെ പട്ടിണിയിട്ടു് ആ നഗരത്തെ ക്രമേണ കീഴടക്കുക. ആദ്യത്തേതിൽ വളരെ ആൾനാശവും, രക്തച്ചൊരിച്ചിലും, പീരങ്കിവെടികളും, ബോംബുവൎഷവും വേണ്ടിവരുമെങ്കിലും എല്ലാം വേഗം കഴിയും. രണ്ടാമത്തേതിൽ വെടികളും രക്തച്ചൊരിച്ചിലും ഒന്നും ആവശ്യമില്ലെങ്കിലും ഫലപ്രാപ്തി വളരെ സാവധാനത്തിലേ ഉണ്ടാകയുള്ളു.

മനുഷ്യന്റെ ആത്മാവു് ശക്തിയേറിയ ഒരു കോട്ടയാണു്. ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലുമാണു് അതു് നിൎമ്മിക്കപ്പെട്ടിരിക്കുന്നതു്. അതിനെ കീഴ്പ്പെടുത്തുവാൻ എപ്പോഴും പരിശ്രമിച്ചുകൊണ്ടിരിക്കുന്ന ഒരു ശത്രുവാണു് പിശാചു്. കൗടില്യമൂൎത്തിയും സമൎത്ഥനുമായ ഈ ശത്രു പലേ യുദ്ധതന്ത്രങ്ങളും ഉദ്ദേശസാദ്ധ്യത്തിനായി പ്രയോഗിക്കാറുണ്ടു്. അതിലൊന്നാണു്

ടൈററസ് പ്രയോഗിച്ച തന്ത്രം; അതായത്, ആത്മാവിനെ പട്ടിണിയിട്ടുകൊണ്ട് അതിനെ കീഴ്പ്പെടുത്തുവാൻ പരിശ്രമിക്കുക. കൊലപാതകം, വ്യഭിചാരം, കളവ് തുടങ്ങിയ മാരകപാപങ്ങൾ കുള്ള പ്രലോഭനങ്ങളുമായി നേരിട്ടാക്രമിക്കുവാൻ അവൻ മുതിരുന്നില്ല; പെട്ടെന്ന് അങ്ങനെയുള്ള വലിയ പാപങ്ങളിൽ ഒരാത്മാവിനെ നിപതിപ്പിക്കുവാൻ എളുപ്പമല്ലെന്ന് അവനറിയാം. അതുകൊണ്ട് അവൻ രണ്ടാമത്തെ മാർഗ്ഗം അവലംബിക്കുന്നു; ആത്മാവിൻെറ ജീവസന്ധാരണത്തിനാവശ്യമുള്ള ഭക്ഷണം അതിനു ലഭിക്കാതിരിക്കുവാൻ ജാഗരൂകതയോടെ പരിശ്രമിക്കുക. ശരീരത്തെപ്പോലെതന്നെ ആത്മാവിനും ജീവിക്കുവാനായി ഭക്ഷണവും മററു സാഹചര്യങ്ങളും ആവശ്യമാണ്. കൂദാശകളുടെ സ്വീകരണം, ദിവ്യബലി, പ്രാർത്ഥന, ജ്ഞാനവായന, ധ്യാനം, ആത്മശോധന തുടങ്ങിയവയെല്ലാം ആത്മാവിൻെറ ജീവസന്ധാരണത്തിനും പരിപോഷണത്തിനും അത്യാവശ്യമാണ്. ഈ ജീവോപാധികൾ ആത്മാവിനു ലഭിക്കാതിരിക്കുവാനാണ് പിശാചിൻെറ പരിശ്രമം മുഴുവനും. കുർബ്ബാന, കുമ്പസാരം, പ്രാർത്ഥന എന്നിവയെല്ലാം ക്രമേണ വെട്ടിച്ചുരുക്കുന്നു; സമയമില്ല, ക്ഷീണമാണ്, പിന്നീടാവാം എന്നെല്ലാം ചില ന്യായവാദങ്ങളും തലപൊക്കും; ആദ്ധ്യാത്മികകാര്യങ്ങളിൽ ഒരു അലസത; ക്രമേണ ഇവയെല്ലാം ഓരോന്നായി ഉപേക്ഷിക്കുന്നു. ഈ സന്ധിയിൽ അവൻ സ്വയം കൃതാർത്ഥതയടയുന്നുണ്ടായിരിക്കാം. "എന്തു", ഞാൻ വല്ല വ്യഭിചാരമൊ, കൊലപാതകമൊ, മററു ചാവുദോഷങ്ങളൊ ചെയ്യുന്നുണ്ടോ?" ഇല്ല; ശരിതന്നെ. എന്നാൽ അവൻെറ ആത്മാവു പട്ടിണികിടന്നു മരിക്കാറായിരിക്കുന്നു; മരണവക്ത്രത്തിൽ എത്തിക്കഴിഞ്ഞിരിക്കുന്നു. ഈ അപകടസ്ഥിതി മനസ്സിലാക്കുന്ന ഒരുവൻ ദാവീദ്ദീർഘദർശിയോടുകൂടി ഇപ്രകാരം വിലപിക്കും: "എൻെറ ഹൃദയം വാടിക്കരിഞ്ഞുപോയിരിക്കുന്നു; എന്തുകൊണ്ടെന്നാൽ അപ്പം ഭക്ഷിക്കുവാൻ ഞാൻ മറന്നുപോയി" (Ps. Cl. 5.)

ഈ യുദ്ധതന്ത്രപ്രയോഗത്തിൽ പിശാചിൻെറ ഏററവും വലിയ സഹപ്രവൎത്തകൻ ഇന്നത്തെ ലോകമാണ്. ലോകകാൎയ്യങ്ങളിൽ അമിതമായി ആമഗ്നനാകുന്ന ഒരുവനിൽ ഈ യുദ്ധതന്ത്രം നിശ്ചയമായും ഫലിക്കും. ഇന്നത്തെ സുവിശേഷത്തിൽ രാജാവിൻെറ കല്യാണവിരുന്നിലേയ്ക്കു ക്ഷണിക്കപ്പെട്ടവർ ക്ഷണം വകവെയ്ക്കാതെ മററു കാൎയ്യങ്ങൾക്കായി പോയി; ഒരാൾ ഗ്രാമത്തിൽ തൻെറ വയലിലേയ്ക്കും മറെറാരാൾ തൻെറ വ്യാപാരത്തിനും.'' സുവിശേഷത്തിൽ മറെറാരിടത്തു സദ്യയൊരുക്കിയശേഷം ക്ഷണിതാവിനു കിട്ടുന്ന അനുഭവവും ഇതുതന്നെയാണ്: ''അവർ എല്ലാവരും ഒരുപോലെ ഒഴികഴിവു പറയാൻ തുടങ്ങി. ഞാൻ ഒരു വയൽ വാങ്ങിയിട്ടുണ്ട്; അവിടെപ്പോയി അതൊന്നു നോക്കാൻ അത്യാവശ്യമായിരിക്കുന്നു . . . . ഞാൻ അഞ്ചേർ കാളകളെ വാങ്ങിയിട്ടുണ്ട്; ഞാൻ അവയെ പരീക്ഷിപ്പാൻ പോകയാണ് . . . ഞാൻ വിവാഹം ചെയ്തുപോയി; അതുകൊണ്ട് എനിക്കു വരാൻ നിവൃത്തിയില്ല.'' ആദ്ധ്യാത്മികഭക്ഷണം കഴിക്കുവാനുള്ള ക്ഷണം നമുക്കു ലഭിക്കുമ്പോൾ—സ്വൎഗ്ഗീയമന്ന ഭക്ഷിക്കുവാനുള്ള അവസരങ്ങൾ വരുമ്പോൾ—കൂദാശകളുടെ സ്വീകരണം, പ്രാൎത്ഥന, ദിവ്യബലി, ഭക്തകൃത്യാനുഷ്ഠാനങ്ങൾ എന്നിവയ്ക്കുള്ള ആഹ്വാനം ലഭിക്കുമ്പോൾ—ലൗകികകാൎയ്യങ്ങളിൽ അമിതമായി മുഴുകിക്കൊണ്ട് നാം ക്ഷണത്തെ തിരസ്കരിക്കയാണെങ്കിൽ നമ്മുടെ ആത്മാവ് 'ഇഞ്ചിഞ്ചായി' പട്ടിണികിടന്നു മരിക്കും; പിശാചിൻെറ യുദ്ധതന്ത്രം നമ്മിൽ ഫലിക്കയും ചെയ്യും.

പണ്ടത്തെ ലോകത്തിൽ ജീവിതപ്രവാഹം പ്രശാന്തമായിരുന്നു. കൂടുതൽ ഒഴിവുസമയം അന്നുള്ളവൎക്കുണ്ടായിരുന്നു. ജനസംഖ്യ ചെറിയതും ഓരോ ദേശക്കാരും രാജ്യക്കാരും ഏതാണ്ട് സ്വയംപൎയ്യാപ്തതയിൽ ജീവിക്കുന്നവരുമായിരുന്നു. ഗതാഗതമാൎഗ്ഗങ്ങളുണ്ടായിരുന്നില്ല; കച്ചവടങ്ങളും വ്യവസായങ്ങളും വളരെ ചെറിയതോതിൽ മാത്രമായിരുന്നു. ആവേശം കൊള്ളിക്കുന്ന വൎത്തമാന

പ്പുത്തങ്ങളുണ്ടായിരുന്നില്ല; വെറും ഗ്രാമ്യങ്ങളായ വിനോദങ്ങൾ മാത്രമെ അവക്കുണ്ടായിരുന്നുള്ളു. ഇതരരാജ്യങ്ങളെക്കുറിച്ച് അവർ ഒട്ടുംതന്നെ ആലോചിച്ച് തലവേദന വരുത്തിയിരുന്നില്ല. എന്നാൽ ഇന്നത്തെ ലോകത്തിൻെറ സ്ഥിതിയോ? സർവ്വത്ര ബഹളം തന്നെ. ജനസംഖ്യ വലുതായപ്പോൾ ജീവസന്ധാരണത്തിനുള്ള വ്യഗ്രത കൂടി. കൃഷി, കച്ചവടം, കൈത്തൊഴിൽ, വ്യവസായം, ബാങ്ക്, സ്കൂൾ, രാഷ്ട്രീയം, യുദ്ധം എന്നിങ്ങനെ സഹസ്രക്കണക്കിനു ബിസിനസ്സുകൾ. ഈ കാര്യങ്ങൾ ജനങ്ങളുടെ സമയം മുഴുവനും അപഹരിക്കുന്നു. ഒരു മിനിട്ട് ഒഴിവു കിട്ടുന്നില്ല. ഫലമോ? ആത്മാവു പട്ടിണി കിടന്നു മരണവക്ത്രത്തിൽ എത്തിച്ചേരുന്നു. ഇന്നത്തെ ലോകത്തെ നോക്കിക്കൊണ്ട് പിശാച് സന്തോഷിച്ചട്ടഹസിക്കുന്നു. സുവിശേഷത്തിലെ ധനവാനെപ്പോലെ ലോകകാര്യങ്ങളിലും ശാരീരികാനന്ദങ്ങളിലും നിമഗ്നമായിട്ടാണ് ഇന്നത്തെ ലോകം ജീവിക്കുന്നതു്. ദൈവത്തിന് ഒരിഞ്ചു സ്ഥലംപോലും അവരുടെ ജീവിതത്തിൽ അവർ നല്കുന്നില്ല. ധനവാൻ മൃഷ്ടാന്നഭോജനം കഴിച്ചതുകൊണ്ടോ വിശിഷ്ടഭൂഷവേഷാദികൾ അണിഞ്ഞതുകൊണ്ടോ അല്ല "മരിച്ചു നരകത്തിൽ അടക്കപ്പെട്ടതു്;" പ്രത്യുത ദൈവത്തെ സ്വജീവനിൽനിന്നു തീരെ അകററിനിർത്തിക്കൊണ്ട്—ആത്മാവിനെ പട്ടിണിയിട്ടുകൊണ്ട്—ലോകത്തിനുവേണ്ടി മാത്രം ജീവിച്ചതുനിമിത്തമാണെന്നാണ് വേദശാസ്ത്രവിചക്ഷണന്മാർ അഭിപ്രായപ്പെട്ടിരിക്കുന്നതു്.

പിശാചിൻെറ ഈ യുദ്ധതന്ത്രത്തിൽ നാം അകപ്പെട്ടുപോയിട്ടുണ്ടോ എന്നു് ആത്മസംശോധനം ചെയ്തുനോക്കുന്നതു നന്നായിരിക്കും. നാം ലോകകാര്യങ്ങളിൽ അമിതമായി മുഴുകിപ്പോകുന്നുണ്ടോ? ആദ്ധ്യാത്മികവിരുന്നിനുള്ള ക്ഷണം നാം തിരസ്കരിച്ചുകൊണ്ട് ആത്മാവിനെ നാം പട്ടിണിയിടുന്നുണ്ടോ? ജീവിതസന്ധാരണത്തിനായി വളരെ ബുദ്ധിമുട്ടുന്നുണ്ടായിരിക്കാം; വളരെയധികം ജോലികൾ ചെയ്തുതീർക്കാനുണ്ടായിരിക്കാം; ശരിതന്നെ.

എങ്കിലും ആത്മാവിന്റെ കാര്യം വിസ്മരിക്കരുത്. ഞായറാഴ്ചയിലെ കുർബ്ബാന, വാഴ്വ്, മററു ഭക്തികൃത്യങ്ങൾ എന്നിവകൊണ്ടു മാത്രം തൃപ്തിപ്പെടാതെ അനുദിനജീവിതത്തിലും ദൈവത്തിനും ആദ്ധ്യാത്മികകാര്യങ്ങൾക്കും അല്പസമയമെങ്കിലും കണ്ടെത്തണം. അനുദിനപ്രാർത്ഥനകളും ജ്ഞാനവായനയും ആത്മശോധനയും രാത്രിസമയത്തെങ്കിലും കഴിക്കുവാൻ എല്ലാവരും മനസ്സുവെയ്ക്കണം. "നിങ്ങൾ ദൈവത്തേയും അവന്റെ സമ്മതിയേയും അന്വേഷിക്കുവിൻ. അപ്പോൾ ശേഷമുള്ളതെല്ലാം നിങ്ങൾക്കു ചേർത്തു നല്കപ്പെടും" എന്നുള്ള വാക്യം നാം പ്രത്യേകം സ്മരിക്കണം. "ദൈവം വീടു പണിയുന്നില്ലെങ്കിൽ പണിക്കാർ വെറുതെ ബുദ്ധിമുട്ടുന്നു . . . ." രാഷ്ട്രീയനേതാക്കന്മാർ, രാജാക്കന്മാർ, മാർപ്പാപ്പാമാർ, മെത്രാന്മാർ തുടങ്ങി വീട്ടുവേലക്കാരികൾ, കൂലിവേലക്കാർ, ഉഴവുകാർവരെ വിവിധ ജീവിതതുറയിലും വിവിധ കാര്യവ്യഗ്രതക്കിടയിലും ദൈവത്തിനും ആദ്ധ്യാത്മികത്തിനും വേണ്ടത്ര സമയം നല്കിക്കൊണ്ടു പുണ്യപദം പ്രാപിച്ച സിദ്ധാത്മാക്കൾ നമ്മുടെ മാതൃകാദീപങ്ങളായിരിക്കട്ടെ.

# കണ്ടറിയേണ്ടാ

താൻ വെള്ളം വീഞ്ഞാക്കിയ സ്ഥലമായ ഗ്ലീലായിലെ കാനായിലേയ്ക്കു ഈശോ വീണ്ടും വന്നു. കഫർണാഹോമിൽ രോഗിയായി കിടന്നിരുന്ന ഒരു പുത്രനുള്ള ഒരു പ്രഭു ഉണ്ടായിരുന്നു. ഈശോ യൂദയായിൽനിന്നു ഗ്ലീലായിലേയ്ക്കു വന്നിരിക്കുന്നു എന്നു കേട്ട് ഇയാൾ ഉടനെ അവിടുത്തെ പക്കൽ ചെന്ന്, തന്റെ മകൻ ആസന്നമരണനായിരിക്കുന്നതുകൊണ്ട്, വന്ന് അവനെ സുഖപ്പെടുത്തണമെ

ന്ന് അവിടുത്തോടപേക്ഷിച്ചു. അപ്പോഠം ഈശോ അയാളോട്ട് അടയാളങ്ങളും അത്ഭുതങ്ങളും കാണാതെ നീ വിശ്വസിക്കയില്ലല്ലോ എന്നരുളിച്ചെയ്തു. തൽക്ഷണം ആ പ്രഭു, ഗുരോ, എന്റെ പുത്രൻ മരിക്കുന്നതിനുമുമ്പ് വന്ന് അവനെ സുഖപ്പെടുത്തണമെ എന്ന് അവിടുത്തോടപേക്ഷിച്ചു. നീ വീട്ടിലേയ്ക്കു പൊയ്ക്കൊള്ളുക. നിന്റെ പുത്രൻ ജീവിക്കുന്നതാണ്' എന്നു ഈശോ അയാളോടരുളിച്ചെയ്തു. ഈശോ തന്നോടരുളിച്ചെയ്ത വാക്കുകളിൽ വിശ്വസിച്ചുകൊണ്ട് അയാഠം വീട്ടിലേയ്ക്കു പുറപ്പെട്ടു. വഴിമദ്ധ്യേ അയാളുടെ ഭൃത്യന്മാർ, പുത്രൻ ജീവിച്ചിരിക്കുന്നു എന്ന സുവാർത്തയുമായി അയാളെ സമീപിച്ചു. ഏതു സമയത്താണ് അവനു സുഖമുണ്ടായത് എന്നു അയാഠം അവരോടു ചോദിച്ചു. ഇന്നലെ ഏഴുമണിക്കാണ് അവൻ പനിയിൽ നിന്ന് സുഖം പ്രാപിച്ചത് എന്നു അവർ മറുപടി പറഞ്ഞു. നിന്റെ മകൻ ജീവിക്കുന്നതാണ് എന്ന് ഈശോ തന്നോടുപറഞ്ഞ സമയത്തുതന്നെയാണ് ഇതു സംഭവിച്ചതെന്നു പിതാവിനു ബോദ്ധ്യമായി. അയാളും അയാളുടെ കുടുംബം മുഴുവനും വിശ്വസിക്കുകയും ചെയ്തു.

(പന്തക്കുസ്ത 20-ാംഞായർ; സുവിശേഷം: യോഹ. IV, 46—53.)

വിശ്വാസമെന്ന പുണ്യം ദൈവത്തിന്റെ ഒരു വിശിഷ്ടദാനമാണ്. എന്നാൽ ഈ ദൈവികപുണ്യത്തിലും ചില അവസ്ഥാഭേദങ്ങളും ക്രമാനുഗതമായ വളച്ചയും പ്രത്യക്ഷപ്പെടാറുണ്ട്. ഒരു വൃക്ഷം മുളയ്ക്കുകയും വളരുകയും ശാഖോപശാഖകളായി ശക്തി പ്രാപിക്കയും ഏതു പ്രചണ്ഡമാരുതനേയും പ്രതിരോധിക്കുന്നതിനുള്ള മൂലബലം സമ്പാദിക്കയും ചെയ്യുന്നതുപോലെ വിശ്വാസമെന്ന പുണ്യവും ഒരുവനിൽ മുളയ്ക്കുകയും വളരുകയും, പ്രാർത്ഥനയും പഠനവും പ്രസാദവരവുംമൂലം ശക്തിപ്രാപിക്കയും ചെയ്യുന്നു. ഇന്നത്തെ സുവിശേഷത്തിലെ പ്രഭുവും ഈ അവസ്ഥാന്തരങ്ങൾ തരണംചെയ്യുന്നതായി നാം കാണുന്നു. ആസന്നമരണനായിരിക്കുന്ന തന്റെ പുത്രനെ സുഖപ്പെടുത്തുവാൻ അയാഠം ദിവ്യരക്ഷകനോടഭ്യർത്ഥിച്ചതിൽ വിശ്വാസത്തിന്റെ വെറും ഒരു അങ്കുരംമാത്രം നാം ദർശിക്കുന്നു. എന്നാൽ "നീ വീട്ടിലേയ്ക്കു പൊയ്ക്കൊള്ളുക.

നിൻെറ പുത്രൻ ജീവിക്കുന്നതാണ്'' എന്നുള്ള ക്രിസ്തുവിൻെറ വാക്കുകൾ അതേപടി ആത്മാൎത്ഥമായി വിശ്വസിച്ചുകൊണ്ടയാൾ വീട്ടിലേയ്ക്കു പുറപ്പെട്ടപ്പോൾ അയാളുടെ വിശ്വാസാങ്കരം വളൎച്ച പ്രാപിച്ചുകഴിഞ്ഞു. "നിൻെറ മകൻ ജീവിക്കുന്നതാണ്'' എന്നു് ഈശോ തന്നോടരുളിച്ചെയ്ത സമയത്തുതന്നെയാണ് തൻെറ പുത്രൻ അത്ഭുതകരമായി സുഖം പ്രാപിച്ചതെന്നു് അയാൾക്കു ബോദ്ധ്യമായപ്പോൾ അയാളുടെ വിശ്വാസം വേരുറച്ചു ദൃഢതരമായി ത്തീരുകയും തൽഫലമായി "അയാളും അയാളുടെ കുടുംബം മുഴുവനും വിശ്വസിക്കുകയും ചെയ്തു.''

ശാസനാരൂപത്തിലുള്ള ഒരു വാക്യം ക്രിസ്തുനാഥൻ പ്രഭുവിനോടു പറയുന്നുണ്ടു്: "അടയാളങ്ങളും അത്ഭുതങ്ങളും കാണാതെ നീ വിശ്വസിക്കയില്ലല്ലൊ.'' സമരിയാക്കാരിയായ ഒരു സ്ത്രീ ക്രിസ്തുവിനെ സ്വജനങ്ങളിലേയ്ക്കു് ആനയിച്ചു. അവരാകട്ടെ അങ്ങയിൽ പരിപൂൎണ്ണമായി വിശ്വസിച്ചുകൊണ്ടു് ആ സ്ത്രീയോടു പറഞ്ഞു: "നിൻെറ പ്രസ്താവംമൂലമല്ല ഞങ്ങൾ അവിടുത്തെ വിശ്വസിച്ചതു്; ഞങ്ങൾ നേരിട്ടു് അവിടുത്തെ ശ്രവിച്ചു. അവിടുന്നു സത്യമായും ലോകരക്ഷകനാണെന്നു ഞങ്ങൾക്കു ബോദ്ധ്യമായിരിക്കുന്നു'' (യോഹ. iv, 42.) എന്നാൽ ഗ്ലീലായക്കാരാകട്ടെ ക്രിസ്തുവിൻെറ അത്ഭുതകൃത്യങ്ങൾമൂലം മാത്രമാണു് അങ്ങയിൽ വിശ്വസിച്ചതു് (യോഹ. iv, 45) തന്നിമിത്തം പ്രഭുവിനോടുള്ള ശാസനാവാക്യം അവിടെ സമ്മേളിച്ച ഗ്ലീലായക്കാരെ ഉദ്ദേശിച്ചുകൂടിയായിരിക്കണം ക്രിസ്തുനാഥൻ അരുളിച്ചെയ്തതു്. യഥാൎത്ഥത്തിൽ ആ പ്രഭുവിൻെറ വിശ്വാസം ദൃഢതരമായതു ദിവ്യരക്ഷകൻെറ അത്ഭുതകരമായ ദിവ്യശക്തി ബോദ്ധ്യപ്പെട്ടപ്പോൾ മാത്രമാണു്. തുറന്ന മനഃസ്ഥിതിയോടുകൂടിയവൎക്കു് വിശ്വസിക്കുവാൻ അടയാളങ്ങളും അത്ഭുതങ്ങളും ആവശ്യമില്ലെന്നു സമരിയാക്കാർ നമ്മെ ഉൽബോധിപ്പിക്കുന്നു. എന്നാൽ എത്രതന്നെ അത്ഭുതകൃത്യങ്ങൾ ദൎശിച്ചാലും കാപട്യവും അഹന്തയും അസൂയയുംകൊണ്ടു

നിറഞ്ഞിരിക്കുന്ന ഹൃദയങ്ങൾ ഒരിക്കലും വിശ്വാസത്തിനു കീഴ്പ്പെടുകയില്ലെന്നുള്ളതിനു പ്രീശന്മാർ ഉത്തമോദാഹരണങ്ങളാണ്. തുറന്ന മനസ്ഥിതിയുള്ളവക്കാകട്ടെ വിശ്വാസാങ്കുരത്തിനും വളച്ചയ്ക്കും അത്ഭുതകൃത്യങ്ങൾ ഉപോൽബലകമായിരിക്കുമെന്നുള്ളതിനു ശ്ലീലായക്കാരും ഉത്തമദൃഷ്ടാന്തങ്ങളാണ്.

എന്നാൽ യഥാൎത്ഥകത്തോലിക്കരായ നമുക്കു ക്രിസ്തുവിൻെറ പ്രബോധനങ്ങളെ വിശ്വസിക്കുന്നതിന് അത്ഭുതങ്ങളൊ അടയാള്ങ്ങളൊ ഒട്ടുംതന്നെ ആവശ്യമില്ല. കാരണം, അങ്ങുന്നും അങ്ങേ ശിഷ്യന്മാരും ചെയ്തിട്ടുള്ള നിരവധി അത്ഭുതകൃത്യങ്ങൾ നമ്മുടെ മതസിദ്ധാന്തങ്ങളുടെ യാഥാൎത്ഥ്യത്തേയും ദിവ്യാത്മത്വത്തേയും സുതരാം തെളിയിക്കുന്നുണ്ട്. അതുകൊണ്ടാണ് വേദപണ്ഡിതോത്തംസമായ മഹാനായ വി. ഗ്രിഗരി ഇപ്രകാരം എഴുതിയിരിക്കുന്നത്: "വളൎന്നു വേരുറച്ച് ശക്തി പ്രാപിക്കുവാനിരിക്കുന്ന ഒരു ഇളംചെടിയുടെ സാദൃശ്യംമാത്രം പ്രാപിച്ചിരുന്ന വിശ്വാസത്തെ സൎവ്വശക്തനായ ദൈവം അത്ഭുതങ്ങളാകുന്ന ജലംകൊണ്ടു സമൃദ്ധിയായി നനച്ചിരുന്നു. എന്നാൽ ഇന്നാകട്ടെ വിശ്വാസതരു വളൎന്നു ശക്തിയുള്ള ഒരു മഹാ വൃക്ഷമായിത്തീൎന്നിരിക്കകൊണ്ടു മേൽപ്പറഞ്ഞ മട്ടിലുള്ള ജലസേചനം ഇനി ആവശ്യമില്ല. എങ്കിലും വൎഷംതോറും, ഈ മണിക്കൂർവരേയും, അവിതൎക്കിതങ്ങളായ നിരവധി അത്ഭുതങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുന്നുണ്ട്." വി. ഗ്രിഗരിയുടെ കാലത്തു മാത്രമല്ല നമ്മുടെ ഈ ഇരുപതാംനൂററാണ്ടിലും നിരവധി അത്ഭുതങ്ങൾ നടന്നുകൊണ്ടിരിക്കുന്നുവെന്നുള്ളതും ഒരു പരമാൎത്ഥമാണ്. മനുഷ്യൎക്കുവേണ്ടി ആവശ്യമുള്ളതിലും വളരെയധികം നന്മകൾ വൎഷിക്കുന്ന ദൈവത്തിൻെറ അനന്തമായ സ്നേഹമാണ് ഇതിനെല്ലാം കാരണം. എന്നാൽ കത്തോലിക്കരായ നാം നമ്മുടെ വിശ്വാസത്തെ അത്ഭുതദൎശനങ്ങളിലോ അത്ഭുതസിദ്ധികളിലോ മാത്രം കെട്ടിപ്പടുക്കരുത്. നമ്മുടെ വിശ്വാസത്തിൻെറ അടിസ്ഥാനം ദൈവമായ ക്രിസ്തുനാഥൻതന്നെയാ

ണ്. അയർലണ്ടിലെ സുപ്രസിദ്ധ കത്തോലിക്കാനേതാവായിരുന്ന ഡാനിയേൽ ഓകോണലിനോടു ഒരിക്കൽ ഒരു പ്രോട്ടസ്റ്റൻറുകാരൻ ചോദിച്ചു: "ഇത്ര പണ്ഡിതനും മഹാനുമായ നിങ്ങൾ ഒരു അപ്പക്കഷണത്തിൽ ക്രിസ്തുവിൻെറ യഥാർത്ഥസാന്നിദ്ധ്യമുണ്ടെന്നു വിശ്വസിക്കുവാൻ മാത്രമുള്ള സങ്കുചിതമനസ്ഥിതിയിൽ എങ്ങനെ ചെന്നു ചാടി?" അതിന് ഓക്കോണൽ നല്കിയ മറുപടി പ്രത്യേകം ശ്രദ്ധാഹ്മമാണ്: "ക്രിസ്തുവിനോടുതന്നെ ചോദിക്കുക. കാരണം, അങ്ങുന്നാണ് ഇക്കാര്യം ഞങ്ങളോടു പറഞ്ഞിട്ടുള്ളതു്." ഇതുതന്നെയാണ് നമ്മുടെ വിശ്വാസത്തിൻെറ ആധാരം. ദൈവം പറഞ്ഞിട്ടുണ്ട്; അതുകൊണ്ടു നാം വിശ്വസിക്കുന്നു, ദൈവത്തെ വിശ്വസിക്കുന്നതിനേക്കാൾ യുക്തിയുക്തമായ പ്രവൃത്തി മററെന്താണുള്ളതു്?

ഇക്കാലത്തു മാതാവിൻെറ 'ദശ്നന'ങ്ങൾ പല സ്ഥലങ്ങളിലും ഉണ്ടാകുന്നതായി റിപ്പോർട്ടുകൾ കേൾക്കാനുണ്ട്. പരി. കന്യകയെ നേരിട്ടു കാണുന്നതിനും സൂര്യൻെറ 'അത്ഭുതനൃത്ത'ത്തെ ദശിക്കുന്നതിനും നിരവധിയാളുകൾ അവിടങ്ങളിലെല്ലാം ഓടിക്കൂടുകയും ചെയ്യുന്നുണ്ടത്രെ. ഇങ്ങനെ ഓടിക്കൂടുന്നവർ അവരുടെ വിശ്വാസം എങ്ങിനെയിരിക്കുന്നുവെന്നും എന്തൊരു മനസ്ഥിതിയോടുകൂടിയാണ് ഇപ്രകാരം അവർ ഓടിക്കൂടുന്നതെന്നും ആത്മസംശോധനം ചെയ്തുനോക്കുന്നതു നന്നായിരിക്കും. പരി. കന്യകയെ ദശിച്ചാലും ദശിച്ചില്ലെങ്കിലും സൂര്യനൃത്തം സംഭവിച്ചാലും സംഭവിച്ചില്ലെങ്കിലും ദൈവമാതാവിൻെറ സ്ഥാനമാഹാത്മ്യത്തിലും മനുഷ്യരോടു ആ വത്സലമാതാവിനുള്ള അതിരററ സ്നേഹത്തിലും അടിയുറച്ച വിശ്വാസം അഭംഗമായിത്തന്നെയിരിക്കണമെന്നുള്ള മനസ്ഥിതിയോടുകൂടി പ്രാത്ഥനാരൂപിയിലും തീത്ഥാടനചൈതന്യത്തിലുമാണോ അവർ ഇപ്രകാരം സമ്മേളിക്കുന്നതു്? "പരി. കന്യകയെ ഒന്നു കണ്ടാൽ കൊള്ളാമായിരുന്നു, "ദിവ്യരക്ഷകൻ ഒന്നു പ്രത്യക്ഷപ്പെട്ടിരുന്നെങ്കിൽ നന്നായിരുന്നു," "മരിച്ചവരിൽ

നിന്നു് ഒരാഠം ഉയിൎത്തെഴുന്നേററുവന്നു മരണാനന്തരച്ചെയ്തികളെ പ്പററി ഒന്നു പറഞ്ഞുതന്നെങ്കിൽ നന്നായിരുന്നു'' എന്നെല്ലാം അ ഭിലഷിക്കുന്നവരുണ്ടെങ്കിൽ അവരുടെ വിശ്വാസത്തിന്നു് എന്തോ സാരമായ തകരാറു പററിയിട്ടുണ്ടെന്നു് അനുമാനിക്കാം. പിതാ വായ അബ്രാഹം നരകത്തിൽ അടയ്ക്കപ്പെട്ട ധനവാനോടു പറ ഞ്ഞതുപോലെ, വിശ്വസിക്കുവാനുള്ള മനസ്ഥിതിയും തുറന്ന ഹൃദ യവും ഇല്ലാത്തവർ മരിച്ചവരിൽനിന്നു് ഒരാഠം ഉയിൎത്തെഴുന്നേററു വന്നാലും വിശ്വസിക്കുകയില്ല. വിശ്വസിക്കുവാൻ സന്മനസ്സും തുറന്ന ഹൃദയവും ഉള്ളവൎക്കാകട്ടെ ദിവ്യരക്ഷകൻ പഠിപ്പിക്കുന്ന സത്യങ്ങഠം വിശ്വസിക്കുവാൻ ഒരു വിഷമവുമില്ല. വി. ലൂയീസ് രാജാവു് ഇക്കാൎയ്യത്തിൽ നമുക്കു മാതൃകയായിരിക്കണം. ഒരിക്കൽ ഈ രാജസിദ്ധൻെറ അരമനയിലെ ഒരു രഹസ്യക്കപ്പേളയിൽ ഒരു വൈദികൻ ദിവ്യബലി അൎപ്പിച്ചുകൊണ്ടിരിക്കുകയായിരുന്നു. കൂദാ ശചെയ്തശേഷം തിരുവോസ്തി ഉയൎത്തിയപ്പോഠം അതിൽ ദിവ്യര ക്ഷകൻ ഒരു ശിശുവിൻെറ രൂപത്തിൽ പ്രത്യക്ഷനായി. രാജാവു് അവിടെ സന്നിഹിതനായിരുന്നില്ല. തന്നിമിത്തം ചിലർ ഓടി ച്ചെന്നു് ഈ അത്ഭുതകാഴ്ച കാണ്മാനായി തിരുമേനിയെ ക്ഷണിച്ചു. വി. ലൂയീസ് അവരോടു പറഞ്ഞ മറുപടി പ്രത്യേകം ശ്രദ്ധാൎഹ മാണു്: ''വി. കുൎബ്ബാനയിൽ ഈശോ യഥാൎത്ഥത്തിൽ സന്നിഹി തനാണെന്നു ഞാൻ പരിപൂൎണ്ണമായി വിശ്വസിക്കുന്നുണ്ടു്. എനി ക്കതു ശരിയാണോ എന്നു കണ്ടറിയേണ്ട ആവശ്യമില്ല.'' ഇതാണു് യഥാൎത്ഥമായ, ചൈതന്യപൂൎണ്ണമായ, വിശ്വാസം. വെറും ജിജ്ഞാ സ (Curiosity) യാൽ മാത്രം പ്രേരിതരായി അത്ഭുതങ്ങഠം കാ ണുവാനൊ അനുഭവപ്പെടുവാനൊ അഭിലഷിക്കയും അതിനായി ഓടിനടക്കുകയും ചെയ്യുന്നവരുടെ വിശ്വാസം ഒരുപക്ഷേ ഉപ രിപ്ലവമായിരിക്കാനാണെളുപ്പം.

അത്ഭുതങ്ങളും അടയാളങ്ങളും കാണാതെ നിങ്ങഠം വിശ്വ സിക്കയില്ലല്ലൊ എന്നുള്ള ശാസനാവാക്യത്തിനു നാം—യഥാൎത്ഥ

കത്തോലിക്കരായ നാം—ഒരിക്കലും അഹ്രാകരുത്. ദിവ്യരക്ഷകൻ തൻെറ തിരുസഭവഴിയായി പഠിപ്പിക്കുന്നതെല്ലാം നമുക്ക യുക്തിപൂർവ്വം വിശ്വസിക്കാവുന്നതാണ്; അത്ഭുതങ്ങൾക്കായി നാം അഭിലഷിക്കേണ്ട ആവശ്യമില്ല അത്ഭുതങ്ങൾ ഇപ്പോഴും സംഭവിച്ചുകൊണ്ടിരിക്കുന്നതു് കൂടുതൽ ദൈവമഹത്വത്തിനും അനാഗതരെ വിശ്വാസത്തിലേയ്ക്കാനയിക്കുന്നതിനും വേണ്ടിയാണ് . . . . പിശാചുബാധിതനായിരുന്ന ബാലൻെറ പിതാവിനോടുകൂടെ "കത്താവെ, ഞാൻ വിശ്വസിക്കുന്നു; എൻെറ അവിശ്വാസത്തെ സഹായിക്കുക" എന്നും, വി. അപ്പസ്തോലന്മാരുടെകൂടെ, "കത്താവെ, ഞങ്ങളുടെ വിശ്വാസത്തെ വർദ്ധിപ്പിക്കേണമെ" എന്നും നമുക്ക് എളിമയോടെ പ്രാർത്ഥിക്കാം.

---

# ആ നിലവിളി

ഇതാ സ്വർഗ്ഗരാജ്യത്തിൻെറ ഒരു സാദൃശ്യം: തൻെറ ഭൃത്യന്മാരോടു കണക്കുചോദിക്കുവാൻ നിശ്ചയിച്ച ഒരു രാജാവുണ്ടായിരുന്നു. അവൻ കണക്കു കേട്ടുതുടങ്ങിയ ഉടനെ, പതിനായിരം താലന്തു് കടമുള്ള ഒരുവനെ അവൻെറ മുമ്പിൽ കൊണ്ടുവന്നു. കടം വീട്ടുവാൻ അവന് ഒരു മാർഗ്ഗവും ഉണ്ടായിരുന്നില്ല. ആകയാൽ അവനേയും അവൻെറ ഭാര്യയേയും അവനുണ്ടായിരുന്ന സകലവും വിററു് കടം വീട്ടുവാൻ യജമാനൻ കല്പിച്ചു. അപ്പോൾ ഭൃത്യൻ അവൻെറ കാല്ക്കൽ വീണപേക്ഷിച്ചു: എന്നോടു ക്ഷമിക്കേണമേ. ഞാൻ കടം മുഴുവൻ വീട്ടിക്കൊള്ളാം. യജമാനന് ദയവുതോന്നി. ആ ഭൃത്യൻെറ കടം ഇളവു ചെയ്തു് അവനെ വിട്ടയച്ചു. എന്നാൽ ആ ഭൃത്യൻ പുറത്തിറങ്ങിയപ്പോൾ, തനിക്കു നൂറു വെള്ളിനാണയം കടപ്പെട്ടിരുന്ന ഒരു കൂട്ടുഭൃത്യനെ കണ്ടു; ഉടനെ അവൻ ആ ഭൃത്യനെ പിടിച്ചു തൊണ്ടയ്ക്കു ഞെ

ക്കിക്കൊണ്ടു പറഞ്ഞു: എനിക്കു തരുവാനുള്ളതു് മുഴുവൻ തരിക. ആ കൂട്ടുഭൃത്യൻ ഉടൻ മുട്ടിന്മേൽനിന്നപേക്ഷിച്ചു: എന്നോടു ക്ഷമിക്കണമേ, ഞാൻ മുഴുവനും വീട്ടിക്കൊള്ളാം. എന്നാൽ മററവൻ സമ്മതിച്ചില്ല. അവൻ പോയി കടം മുഴുവനും വീട്ടുന്നതുവരെ അവനെ കാരാഗൃഹത്തിലാക്കി. ഇതു ചെയ്യുന്നതു കണ്ടപ്പോൾ മററു ഭൃത്യന്മാർക്കു വെറുപ്പുതോന്നി. സംഭവിച്ചതെല്ലാം യജമാനനോടു് പറയുവാനായി പോയി. ഉടനെ യജമാനൻ ആ ഭൃത്യനെ വിളിച്ചു പറഞ്ഞു: ദുഷ്ടഭൃത്യാ, നീ അപേക്ഷിച്ചപ്പോൾ നിന്റെ കടമെല്ലാം ഞാൻ ഇളച്ചുതന്നില്ലേ? ഞാൻ നിന്നോടു് കരുണകാണിച്ചതുപോലെ നിന്റെ കൂട്ടുഭൃത്യനോടു് നീയും കരുണകാണിക്കേണ്ടതല്ലേ? യജമാനൻ കോപിച്ചു്, കടം മുഴുവൻ വീട്ടുന്നതുവരെ പീഡിപ്പിക്കപ്പെടുന്നതിനായി അവനെ ഏല്പിച്ചുകൊടുത്തു. സഹോദരൻ സഹോദരനോടു ഹൃദയപൂർവ്വം ക്ഷമിക്കുന്നില്ലെങ്കിൽ സ്വർഗ്ഗസ്ഥനായ എന്റെ പിതാവു് നിങ്ങളോടും ഇപ്രകാരംതന്നെയായിരിക്കും വർത്തിക്കുക.

(പന്തക്കുസ്ത 21-ാം ഞായർ; സുവി: മത്താ. XVIII, 23—35.)

നിശ്ശബ്ദമായ ഒരു നിലവിളി അന്തരീക്ഷത്തിൽ സദാ ഉയർന്നുകൊണ്ടിരിക്കുന്നുണ്ടു്. ചില പണപ്പെട്ടികളിൽനിന്നും, ചില പുരയിടങ്ങൾ, പറമ്പുകൾ, നിലങ്ങൾ എന്നിവയിൽനിന്നും ചില സാധനസാമഗ്രികളിൽനിന്നുമാണു് ഈ നിശ്ശബ്ദരോദനം നിർഗ്ഗമിച്ചുകൊണ്ടിരിക്കുന്നതു്. ന്യായരഹിതമായി സമ്പാദിച്ച പണവും ആർജ്ജിച്ച സ്ഥാവരജംഗമവസ്തുക്കളും അങ്ങനെ നിലവിളിച്ചുകൊണ്ടിരിക്കുന്നു. ഈ രോദനതരംഗങ്ങളെ ധാർമ്മികബോധമാകുന്ന ഒരു സ്വനഗ്രാഹിയിൽ സ്വീകരിച്ചാൽ അവയുടെ അർത്ഥം നമുക്കു സുഗ്രഹമാകും. ന്യായരഹിതമായി കൈവശം വെച്ചുകൊണ്ടിരിക്കുന്ന വസ്തുക്കൾ അവയുടെ യഥാർത്ഥയജമാനന്മാരെ—ന്യായാനുസൃതമുള്ള ഉടമസ്ഥന്മാരെ— നോക്കിക്കൊണ്ടു് എപ്പോഴും നിലവിളിച്ചുകൊണ്ടിരിക്കുന്നു (Res clamat ad dominum) വെന്നുള്ള ധാർമ്മികതത്വം അപ്പോൾ നാം ഗ്രഹിക്കും. സ്വമാതാവിൽനിന്നു വേർപെടുത്തപ്പെടുന്ന ഒരു ശിശു അതിന്റെ അമ്മ

യെച്ചൊല്ലി നിലവിളിക്കുകയും അമ്മയെ വീണ്ടും പ്രാപിച്ചാൽ മാത്രം നിലവിളി നിറുത്തുകയും ചെയ്യുന്നതുപോലെ ന്യായരഹിതമായി അപഹരിക്കപ്പെടുന്ന വസ്തു സ്വന്തം ഉടമസ്ഥന്റെ പക്കൽ എത്തിച്ചേരുന്നതുവരെ നിലവിളിച്ചുകൊണ്ടിരിക്കും. സ്ഥലകാലമാററങ്ങൾകൊണ്ടു ആ ശിശു ക്രമേണ പുതിയ സാഹചര്യങ്ങൾക്കു സ്വയം വിധേയനായിക്കൊണ്ടു അമ്മയുടെ കാര്യം മറന്നുപോയെന്നുവരാം. എന്നാൽ വസ്തുക്കളാകട്ടെ സ്വന്തം ഉടമസ്ഥന്മാരെ പ്രാപിക്കുന്ന നിമിഷംവരെയും അവയുടെ നിലവിളി അനുസ്യൂതം തുടന്നുകൊണ്ടിരിക്കും. വി. മെഡാർദി (St. Medard) ന്റെ ചരിത്രത്തിൽ സുപ്രസിദ്ധമായ ഒരു സംഭവമുണ്ട്. ഒരിക്കൽ ഒരു തസ്കരൻ ഈ വിശുദ്ധന്റെ ഒരു കാളയെ മോഷ്ടിച്ചു. അതിന്റെ കഴുത്തിൽ ഒരു മണി കെട്ടിയിട്ടുണ്ടായിരുന്നു. അപഹൃതമായ ആ കാളയുടെ മണി അനുസ്യൂതമായി അടിക്കുവാൻ തുടങ്ങി. കാള അനങ്ങാതെ നിന്നാലും മണിയടിച്ചുകൊണ്ടിരിക്കും. അവൻ മണിയുടെ ഉള്ളിൽ വൈക്കോലും പഴന്തുണിയും തിരുകിനോക്കി; മണിയുടെ നാക്ക് അഴിച്ചെടുത്ത് പെട്ടിയിലും പിന്നീട് ഭൂമിക്കുള്ളിലും കുഴിച്ചിട്ടുനോക്കി. എന്നിട്ടും മണി ഇടതടവില്ലാതെ അടിച്ചുകൊണ്ടിരുന്നു. ഒടുവിൽ ഭയാക്രാന്തനായി അവൻ കാളയെ വിശുദ്ധനു തന്നെ തിരിച്ചുകൊടുക്കയും ഉടനെ മണിയടി നിലയ്ക്കുകയും ചെയ്തു. അനീതി പരിഹരിക്കപ്പെടുന്നതുവരെ നീതിയുടെ മണിനാദം മുഴങ്ങിക്കൊണ്ടിരിക്കും.

ഇന്നത്തെ സുവിശേഷത്തിൽ രണ്ടു ഭൃത്യന്മാരും അവരുടെ കടക്കാരോടു പറയുന്നു: ''എന്നോടു ക്ഷമിക്കേണമെ; ഞാൻ കടം മുഴുവനും വീട്ടിക്കൊള്ളാം.'' അതേ, കടസംഖ്യ മുഴുവൻ വീട്ടിക്കൊടുക്കേണ്ടതു് കടക്കാരന്റെ ഗൗരവമേറിയ ചുമതലയാണ്. എന്നാൽ കടവായ്പകൾ മാത്രം തിരിച്ചുകൊടുത്താൽപോരാ; അന്യർക്കു അവകാശപ്പെട്ടതോ, ന്യായരഹിതമായി അന്യരിൽനിന്നു ആർജ്ജിച്ചിട്ടുള്ളതോ ആയ സകല വസ്തുക്കളും തിരിച്ചുകൊടുക്കേണ്ടതായ

ചുമതല ഓരോരുത്തനും ഉണ്ടു്. സ്വാഭാവികപ്രമാണംതന്നെ ‘‘ഉത്തരിപ്പുകടം’’ തീക്കുവാൻ നമ്മെ അനുശാസിക്കുന്നു. നിന്നോടു് അന്യർ എപ്രകാരം വത്തിക്കുവാൻ നീ ആഗ്രഹിക്കുന്നുവൊ അപ്രകാരം നീയും അവരോടു വത്തിക്കുക.’’ ഈ തത്വമനുസരിച്ചു്, അന്യർക്കു വരുത്തിവെക്കുന്ന കഷ്ടനഷ്ടങ്ങൾ പരിഹരിക്കപ്പെടുക തന്നെ വേണം. സ്വകാര്യസ്വത്തു് സ്വതന്ത്രമനുഷ്യന്റെ ജന്മാവകാശമാണു്. അതിന്മേൽ ഉണ്ടാകുന്ന ന്യായരഹിതമായ കൈയേറ്റങ്ങൾ ഉത്തരിക്കപ്പെടാതെ നിവൃത്തിയില്ലെന്നാണു് പ്രകൃതിനിയമം. അതുകൊണ്ടുതന്നെയാണു് സകലജാതിമതക്കാരുടെയിടയിലും കളവു്, വഞ്ചന, മററു് അനീതികൾ എന്നിവയെല്ലാം പാപകരങ്ങളായി പരിഗണിക്കപ്പെടുകയും ഇവയ്ക്കെല്ലാം യഥാവിധി പരിഹാരങ്ങൾ ചെയ്യണമെന്നു് അനുശാസിക്കപ്പെടുകയും ചെയ്യുന്നതു്. നീതിയുടെ നിയമവും ഇതുതന്നെയാണു് കല്പിക്കുന്നതു്. ഓരോരുത്തനും അവകാശപ്പെട്ടതെല്ലാം അവനു നല്കപ്പെടണമെന്നും നാശനഷ്ടങ്ങൾക്കു പരിഹാരംചെയ്യാതെ ഗത്യന്തരമില്ലെന്നും നീതി നമ്മെ പഠിപ്പിക്കുന്നു. ‘‘ആകയാൽ ഓരോരുത്തനും കടപ്പെട്ടിരിക്കുന്നതുപോലെ എല്ലാ മനുഷ്യർക്കും കൊടുത്തുവീട്ടുവിൻ. തലവരി കൊടുക്കേണ്ടവനു് തലവരി, ചുങ്കം കൊടുക്കേണ്ടവനു് ചുങ്കം, ഭയം കാണിക്കേണ്ടവനു് ഭയം, ബഹുമാനം കാണിക്കേണ്ടവനു് ബഹുമാനം. ഒരുത്തൻ മററൊരുത്തനെ സ്നേഹിക്കണം എന്നതല്ലാതെ നിങ്ങൾ ഒരു മനുഷ്യനോടും കടപ്പെട്ടിരിക്കരുതു്.’’ (റോമ. xiii 7, 8.) ദൈവത്തിന്റെ എഴുതപ്പെട്ട പ്രമാണത്തിലും ഇതു സുവിദിതമാണു്. ‘‘നീ കക്കരുതു്.’’ ഇതിൽ അപഹൃതവസ്തുക്കൾ ഉടമസ്ഥനു തിരികെ കൊടുക്കണമെന്നും അനുശാസിക്കപ്പെടുന്നുണ്ടു്. കാരണം, അപഹൃതവസ്തു തിരിച്ചുകൊടുക്കാത്തവൻ കളവിൽത്തന്നെ സ്ഥിതിചെയ്യുന്നു; തിരിച്ചുകൊടുക്കുമ്പോൾമാത്രം അവന്റെ അപഹരണം അവസാനിക്കുന്നു. ‘‘ആരെങ്കിലും ഒരു കാളയേയോ ആടിനേയോ അപഹരിച്ചു് അതിനെ

കൊല്ലുകയോ വില്ക്കുകയോ ചെയ്യുന്നുവെങ്കിൽ അവൻ ഒരു കാളയ്ക്കുപകരം അഞ്ചു കാളകളേയും ഒരു ആടിനുപകരം നാലു് ആടുകളേയും പരിഹാരമായി നല്കണം" (പുറപ്പാടു് xxii–1.) "ഒരു വയലോ മുന്തിരിത്തോട്ടമോ നശിപ്പിക്കുന്നവൻ. . . . . സ്വന്തം നിലത്തിലേയോ മുന്തിരിത്തോട്ടത്തിലേയോ വിശിഷ്ടഫലങ്ങൾ, നാശത്തിന്റെ തോതനുസരിച്ചു്, പരിഹാരമായി നല്കണം" (പുറപ്പാടു് xxii–5.)

നിത്യരക്ഷ പ്രാപിക്കുവാൻ പാപവിമോചനം ലഭിക്കേണ്ടതു് അത്യാവശ്യമാണു്. എന്നാൽ പാപപ്പൊറുതിയാകട്ടെ "ഉത്തരിപ്പുകടങ്ങൾ" വീട്ടുവാനുള്ള ആത്മാർത്ഥമായ പരിശ്രമങ്ങൾകൂടാതെ ലഭിക്കുക സാദ്ധ്യവുമല്ല. നഷ്ടപരിഹാരങ്ങൾ ചെയ്യുവാൻ കഴിവുണ്ടായിട്ടും അങ്ങനെ ചെയ്യാത്തവൻ എത്ര പ്രാർത്ഥിച്ചാലും ദാനധർമ്മം നിർവ്വഹിച്ചാലും ഉപവാസമനുഷ്ഠിച്ചാലും അവന്റെ കടമയിൽനിന്നു വിമുക്തി പ്രാപിക്കയില്ല. കുമ്പസാരക്കൂട്ടിലിരിക്കുന്ന ഒരു വൈദികൻ ദൈവത്തിന്റെ പ്രതിനിധിയെന്നുള്ള നിലയ്ക്കു ചിലപ്പോൾ ദൈവത്തോടുള്ള നേർച്ചക്കടങ്ങളിൽനിന്നും പറഞ്ഞൊപ്പുകളിൽനിന്നും മനുഷ്യരെ ഒഴിവാക്കാറുണ്ടു്. എന്നാൽ ആ വൈദികൻ തന്റെ അയൽവാസികളുടെ—മനുഷ്യരുടെ—പ്രതിനിധിയല്ലാത്തതുകൊണ്ടു് "ഉത്തരിപ്പുകട"ത്തിൽനിന്നു് ഒഴിവാക്കുവാൻ അദ്ദേഹത്തിന്നു് അധികാരമില്ല. "സ്വന്തമല്ലാത്തവയെല്ലാം ഉടമസ്ഥന്മാൎക്കു തിരിച്ചുകൊടുക്കണം, വരുത്തിയ നഷ്ടങ്ങൾക്കു തക്കതായ പരിഹാരം ചെയ്യണം" എന്നിങ്ങനെ ആ വൈദികൻ അനുശാസിക്കും. അപഹരണത്തിനോ നാശനഷ്ടങ്ങൾക്കോ ശേഷം എത്ര വൎഷങ്ങൾതന്നെ കഴിഞ്ഞാലും—നൂറ്റാണ്ടുകൾതന്നെ കടന്നുപോയാലും—ആ വസ്തുക്കൾ യജമാനനെ നോക്കി നിലവിളിച്ചുകൊണ്ടിരിക്കും; നഷ്ടപരിഹാരത്തിനുള്ള മണിനാദം സദാ മുഴങ്ങിക്കൊണ്ടിരിക്കും. "ഉത്തരിപ്പുകട"ത്തിന്നു് ഒരിക്കലും കാലാഹരണമില്ല.

സർവ്വപ്രധാനമായ നിത്യരക്ഷയ്ക്കു് ഒരു വിലങ്ങുതടിയായി "ഉത്തരിപ്പുകടങ്ങൾ" കിടപ്പുണ്ടെങ്കിൽ അവയെ തള്ളിമാററുവാൻ ഓരോരുത്തനും ആത്മാർത്ഥമായി ആത്മസംശോധനം ചെയ്തുകൊണ്ടു് ഇറങ്ങിപ്പുറപ്പെടട്ടെ. പണപ്പെട്ടിയിലോ ബാങ്കിലോ, കച്ചവടത്തിലോ, പറമ്പുകളിലോ, നിലങ്ങളിലോ, സാധനസാമഗ്രികളിലോ അന്യരുടേതായ വല്ലതും—നിസ്സാരമായ ഒരംശമെങ്കിലും—ഉണ്ടെങ്കിൽ ഉടനെ അവയെല്ലാം ഉടമസ്ഥന്മാൎക്കു തിരിച്ചുകൊടുക്കുവാൻ ഒട്ടും അമാന്തിക്കരുതു്. അന്യരുടെ നിരാശ്രയാവസ്ഥയെ ചൂഷണം ചെയ്തുകൊണ്ടു് സമ്പാദിക്കുന്ന ധനവും വസ്തുക്കളും കൂടി ഈ ഇനത്തിൽ പെടുന്നതാണു്. ക്ഷാമം കൊടുമ്പിരികൊണ്ടിരിക്കുന്ന തക്കംനോക്കി, അന്യായലാഭമെടുക്കുന്ന കരിഞ്ചന്തക്കാർ നഷ്ടപരിഹാരം ചെയ്യേണ്ടിയിരിക്കുന്നു. അങ്ങനെ കരിഞ്ചന്ത നടത്തുന്ന പലരുമുണ്ടെന്നുള്ളതു് ഒരു ഒഴികഴിവല്ല; നരകത്തിലും പലരും ഉണ്ടായിരിക്കുമല്ലൊ. ഇപ്രകാരംതന്നെ നിസ്സഹായതയുടെ നെല്ലിപ്പടിയിലെത്തിയവരുടെ വിഷമസ്ഥിതിയെ ചൂഷണംചെയ്തുകൊണ്ടു കുറഞ്ഞ കൂലി കൊടുക്കുക, അമിതമായ പലിശവാങ്ങുക, പ്രമാണങ്ങൾ എഴുതിക്കുക എന്നീ കൃത്യങ്ങളിൽ നഷ്ടപരിഹാരങ്ങൾക്കുള്ള ചുമതല ആവിർഭവിക്കാതിരിക്കയില്ല. കളവായ ആധാരങ്ങൾ, വ്യവഹാരങ്ങൾ, അതിരുതിക്കൽ എന്നിവയുടേയും, കളഞ്ഞുകിട്ടിയ വസ്തുക്കൾ, സൂക്ഷത്തിനേല്പിക്കപ്പെട്ട വസ്തു, ധനം എന്നിവയുടേയും കളവായ അളവുകൾ, തൂക്കങ്ങൾ എന്നിവയുടേയും കാര്യം പ്രത്യേകം പറയേണ്ടതില്ലല്ലൊ.

"വീട്ടുവാൻ യാതൊരു മാൎഗ്ഗവുമില്ല" എന്ന കാരണത്താൽ ഒരാൾ ഉത്തരിപ്പുകടത്തിൽനിന്നും ഒഴിവാക്കപ്പെടുന്നു. എന്നാൽ ഈ സാദ്ധ്യമല്ലായ്മയെ നിൎണ്ണയിക്കുമ്പോൾ മനസ്സാക്ഷിയെ വലിച്ചുനീട്ടാതെ ആത്മാർത്ഥമായി പരിശോധിക്കേണ്ടതാണു്. സ്വന്തം ജീവിതസൌകര്യങ്ങളിൽ അല്പാല്പം കുറവുകൾ വരുത്തിയിട്ടുപോലും അന്യരുടെ പണം മടക്കിക്കൊടുക്കേണ്ട ചുമതല ഓരോരുത്ത

ക്കുണ്ട്. വല്ല മീനും ഇറച്ചിയും വാങ്ങി ഭക്ഷിച്ചും വിശിഷ്ടവസ്ത്രാഭരണങ്ങൾ അണിഞ്ഞും അണിയിച്ചും സുഖമായി ജീവിക്കുന്ന ചില മാന്യന്മാർ മററുള്ളവൎക്കു തങ്ങൾ കൊടുത്തുവീട്ടുവാനുള്ള കടങ്ങളെപ്പററി ഓൎക്കുകപോലും ചെയ്യുന്നില്ലെങ്കിൽ അവർ മഹാവഞ്ചകന്മാരല്ലെ? ന്യായരഹിതമായ സ്വത്തു് നിങ്ങളുടെ സന്താനങ്ങളെ ഓൎത്തുകൊണ്ടാണു് നിങ്ങൾ വെച്ചുകൊണ്ടിരിക്കുന്നതെങ്കിൽ, നിങ്ങൾക്കും സന്താനങ്ങൾക്കും ഐഹികവും പാരത്രികവുമായ നാശമാണു് വന്നു സംഭവിക്കുക. "പിതാക്കന്മാർ പുളിച്ച മുന്തിരി ഭക്ഷിച്ചു; മക്കളുടെ പല്ലുകൾ പുളിക്കുന്നു" (ജറമിയാസ് xxxi-29.) "കള്ളന്മാർ സ്വൎഗ്ഗരാജ്യം കൈവശപ്പെടുത്തുകയില്ല" (1. കൊറി. vi-10.) മനസ്താപപ്പെടുകയും, ദാനധൎമ്മങ്ങൾ നിവൃഹിക്കുകയും ആതുരശാലകളെ സഹായിക്കുകയും കുബ്ബാനകൾ ചൊല്ലിക്കുകയും മററും ചെയ്യുന്നതെല്ലാം സ്തുത്യൎഹങ്ങളായ സൽകൃത്യങ്ങളാണെങ്കിലും മറെറാരു വ്യക്തിയോടുള്ള കടത്തിൽനിന്നു് ഒരുവനെ വിമോചിപ്പിക്കുവാൻ ഇവയ്ക്കു സാദ്ധ്യമല്ല. ധനവാൻെറ വസ്തുക്കളാണു് അപഹൃതമാകുന്നതെന്നു വന്നാലും "നീ കക്കരുതു്" എന്നുള്ള പ്രമാണത്തിനു യാതൊരു നീക്കവുമില്ല. ഉത്തരിപ്പു കടം തീൎക്കുന്നതു് അഭിമാനക്ഷയമല്ലേ എന്നു ചിലർ വിചാരിക്കുന്നു. ഒരിക്കലുമല്ല. അവർ സക്കേവൂസിനെ അനുകരിക്കട്ടെ: "കൎത്താവെ, ഇതാ എൻെറവസ്തുക്കളിൽ പകുതി ഞാൻ ദരിദ്രൎക്കു കൊടുക്കുന്നു. ഞാൻ അപഹരിച്ചെടുത്തിട്ടുള്ളവ ഒന്നിനു നാലുവീതം ഏവൎക്കും തിരികെ കൊടുക്കയും ചെയ്യുന്നു." (ലൂക്ക. xix-8.)

---

# ക്രിസ്തുജയന്തി

ആകയാൽ പീലാത്തോസ് കൊട്ടാരത്തിലേയ്ക്കു തിരിച്ചുപോയി, ഈശോയെ വിളിച്ചുവരുത്തി, നീ യഹൂദന്മാരുടെ രാജാവാകുന്നുവോ

എന്നു ചോദിച്ചു. തൽക്ഷണം ഈശോ, നീയിതു സ്വയമായി പറയുന്നതാണോ അഥവാ, മററുള്ളവർ എന്നെപ്പററി നിന്നോടു പറഞ്ഞതാണോ ഇതു്, എന്നു മറുപടിയായി ചോദിച്ചു. അപ്പോൾ പീലാത്തോസ് പ്രതിവചിച്ചു: ഞാൻ ഒരു യഹൂദനാണോ? നിൻെറ സ്വന്തം ജനവും അവരുടെ പ്രധാനാചാര്യന്മാരുമാണു് നിന്നെ എനിക്കേല്പിച്ചതന്നു്. നീ എന്തപരാധമാണു് ചെയ്തതു്? ഈശോ മറുപടി പറഞ്ഞു: എൻെറ രാജ്യം ഈ ലോകത്തിൽ നിന്നല്ല. എൻെറ രാജ്യം ഈ ലോകത്തിൽ നിന്നായിരുന്നെങ്കിൽ ഞാൻ യഹൂദകരങ്ങളിൽപ്പെടാതിരിക്കുവാൻ എൻെറ സേവകന്മാർ യുദ്ധം ചെയ്യുമായിരുന്നു. അല്ല: എൻെറ രാജ്യത്തിൻെറ ഉത്ഭവം ഇവിടെനിന്നല്ല. അങ്ങനെയാണെങ്കിൽ നീ രാജാവാകുന്നുവൊ, എന്നു് പീലാത്തോസ് ചോദിച്ചു. ഈശോ അതിനിങ്ങനെ മറുപടി പറഞ്ഞു: നിൻെറ അധരങ്ങൾതന്നെ എന്നെ രാജാവെന്നു വിളിച്ചിരിക്കുന്നു. ഞാൻ ജനിച്ചതും ഞാൻ ലോകത്തിലേയ്ക്കു വന്നതും സത്യത്തിനു് സാക്ഷ്യം നല്കുവാനത്രെ. സത്യത്തോടു് ബന്ധപ്പെട്ടിരിക്കുന്നവൻ എൻെറ സ്വരം ശ്രവിക്കുന്നു.

(രാജത്വതിരുനാൾ; സുവിശേഷം: യോഹ. XVIII, 33—37.)

ദിഗന്തങ്ങളിലെങ്ങും പുകൾപ്പെരുമ പരത്തിയിട്ടുള്ള കർദ്ദിനാൾ വോൺ, ബിഷപ്പ്‌വോൺ, എന്നീ മഹാമനീഷികളുടെ സഹോദരനാണു് സുപ്രസിദ്ധനായ ഫാദർ ബെർനാർഡ്'വോൺ. പ്രസംഗ ചാതുരിയിൽ അദ്ദേഹത്തെ അതിശയിക്കുവാൻ അന്നു് ഇംഗ്ലണ്ടിൽ ആരുംതന്നെ ഉണ്ടായിരുന്നില്ല. ഒരിക്കൽ അദ്ദേഹം "ബീയാരിട്സ്" (Biarritz) എന്ന സ്ഥലത്തു് സുഖവാസത്തിനായി പോയിരുന്ന ഇംഗ്ലീഷുകാരെ ഉദ്ദേശിച്ചു് ഒരു ധ്യാനപ്രസംഗ പരമ്പര നടത്തിക്കൊണ്ടിരിക്കയായിരുന്നു. തദവസരത്തിൽ ഇംഗ്ലണ്ടിലെ രാജാവായിരുന്ന എഡ്'വേർഡ് ഏഴാമനും അവിടെ സുഖവാസത്തിന്നായി എഴുന്നള്ളിയിട്ടുണ്ടായിരുന്നു. സുപ്രസിദ്ധ വാഗ്മിയായിരുന്ന ഫാദർ വോണിൻെറ പ്രസംഗം ഒന്നു കേട്ടാൽ കൊള്ളാമെന്നുള്ള ഒരഭിലാഷം തിരുമേനിയിൽ അങ്കുരിച്ചു. എ

ന്നാൽതന്റെ സാന്നിദ്ധ്യം ഒരുപക്ഷെ ആ വൈദികവര്യനിൽ പരിഭ്രമമോ വിറയലോ ഉളവാക്കിയേക്കാമെന്നു ഭയപ്പെട്ടുകൊണ്ട് തിരുമേനി ഫാദർ വോണിനു് ഒരു കുറിപ്പ് അയച്ചു. അതിന് ആ പുരോഹിതപ്രവരൻ അയച്ച മറുപടി ഇപ്രകാരമായിരുന്നു: "തിരുമേനിയുടെ ഭയം അടിസ്ഥാനരഹിതമാണ്. രാജാധിരാജനായ ക്രിസ്തുനാഥന്റെ സന്നിധിയിൽ ധാരാളം പ്രസംഗിച്ച് പരിചയിച്ചിട്ടുള്ള അടിയന് കേവലം ഒരു രാജാവുമാത്രമായ അങ്ങയുടെ മുമ്പിൽ പരിഭ്രമമോ വിറയലോ ഉണ്ടാകുമെന്നു ശങ്കിക്കുവാൻ ഒട്ടും ന്യായമില്ല." അതെ, ക്രിസ്തുനാഥൻ രാജാധിരാജനാണ്. ലോകത്തിലെ രാജാക്കന്മാർക്കും ഭരണാധിപന്മാർക്കും സിദ്ധിക്കുന്ന അധികാരം ക്രിസ്തുവിന്റെ പരമാധിപത്യത്തിൽ അവർക്കുള്ള അംശവാഹിത്വം മാത്രമാണ്. ക്രിസ്തു ദൈവവും മനുഷ്യനുമാണല്ലൊ. ദൈവമെന്നുള്ള നിലയ്ക്കു ക്രിസ്തുവിനുള്ള പരമാധികാരം സുവിദിതമാണ്. ജർമ്മൻ ചക്രവർത്തിയായിരുന്ന മഹാനായ ഫ്രെഡറിക്ക് ഒരിക്കൽ ഒരു ഗ്രാമവിദ്യാലയം സന്ദർശിച്ചു. അദ്ദേഹം ഒരു ക്ലാസ്സിൽ പ്രവേശിച്ചപ്പോൾ ഭൂമിശാസ്ത്രമായിരുന്നു അപ്പോഴത്തെ പാഠവിഷയം. ചക്രവർത്തി ഒരു ബാലനോടു ചോദിച്ചു: "ഈ ഗ്രാമം എവിടെയാണ്?" "പ്രഷ്യയിൽ" എന്നു മറുപടി ലഭിച്ചു. "പ്രഷ്യ എവിടെയാണ്?" "യൂറോപ്പിൽ." "യൂറോപ്പെവിടെയാണ്?" "ലോകത്തിൽ." "ലോകമോ?" ബാലൻ അല്പനേരം ആലോചിച്ചുപറഞ്ഞു: "ദൈവത്തിന്റെ തൃക്കരങ്ങളിൽ." അർത്ഥസമ്പുഷ്ടമായ ഒരു മറുപടി! പ്രപഞ്ചത്തെ മുഴുവനും സൃഷ്ടിക്കയും അസ്തിത്വത്തിൽ നിലനിർത്തുകയും പരിപാലിച്ചുപോരുകയും ചെയ്യുന്ന ദൈവത്തിന്റെ പരമാധിപത്യം അപരിമേയംതന്നെ.

എന്നാൽ മനുഷ്യൻ എന്നുള്ള നിലയ്ക്കും ക്രിസ്തു രാജാധിരാജൻതന്നെയാണ്. മനുഷ്യവർഗ്ഗത്തെ മുഴുവനും തന്റെ കഷ്ടാനുഭവങ്ങളും കുരിശുമരണവുംവഴിയായി പരിത്രാണം ചെയ്തുവെന്നുള്ള ഏകപരമാർത്ഥം മതി അങ്ങയെ സർവ്വാധിപത്യപീഠത്തിൽ പ്രതി

ഷിക്കുവാൻ. തൻെറ ജീവരക്തം വിലയായിക്കൊടുത്തു വീണ്ടെടുത്ത മനുഷ്യരുടെമേൽ തനിക്കുള്ള അധികാരത്തിനു പരിധിയുണ്ടോ? ക്രിസ്തുരാജൻെറ പ്രതിമകളിലും പടങ്ങളിലും ഭൂഗോളം അങ്ങേ കരങ്ങളിൽ വഹിക്കപ്പെടുന്നതായി കാണുന്നതു് സൂചനാസമൃദ്ധമാണു്. മിശിഹായുടെ ഈ രാജത്വം വിശുദ്ധ ഗ്രന്ഥങ്ങളിൽ അങ്ങോളമിങ്ങോളം പ്രകീർത്തിതമായിട്ടുണ്ടു്. പഴയ പ്രതീക്ഷകളും പ്രവചനങ്ങളും ലോകപരിത്രാതാവിനെ ഒരു രാജ്യസ്ഥാപകനും പ്രതാപശാലിയായ ഒരു രാജാവുമായിട്ടാണു് ചിത്രീകരിച്ചിട്ടുള്ളതു്. "നമുക്കൊരു ശിശു ജാതനായിരിക്കുന്നു. നമുക്കൊരു കുമാരൻ നല്കപ്പെട്ടിരിക്കുന്നു; അവൻെറ തോളിലാകുന്നു ഭരണഭാരം; വിസ്മയാവഹൻ, ഉപദേഷ്ടാവു്, ശക്തനായ ദൈവം, ഭാവിലോകത്തിൻെറ പിതാവു്, സമാധാനത്തിൻെറ രാജാവു് എന്നെല്ലാം അവൻ നാമകരണം ചെയ്യപ്പെട്ടു; അവൻെറ സാമ്രാജ്യം വിസ്തൃതമായിരിക്കും; അതിലെ സമാധാനത്തിനൊരവസാനമുണ്ടാകയില്ല; നീതിന്യായങ്ങളോടുകൂടി അതിനെ ഇന്നുമുതൽ എന്നന്നേയ്ക്കുമായി സ്ഥാപിച്ചു ബലപ്പെടുത്തുന്നതിനുവേണ്ടി അവൻ ദാവീദിൻെറ സിംഹാസനത്തിലും രാജ്യത്തിലും ഉപവിഷ്ടനാകും" (ഏശ. ix 6–7.) മിശിഹായുടെ രാജാധികാരത്തേയും തൽസ്വഭാവത്തേയും കുറിച്ചുള്ള വിശദരൂപം ഈ വിവരണത്തിൽ പ്രതിഫലിച്ചു കാണാം. വീണ്ടും, അവിടുത്തെ മർത്ത്യാവതാരചരിതം ആരംഭിക്കുന്നതുതന്നെ രാജകീയമായ ഒരു പരിവേഷവിലാസത്തോടുകൂടിയാണു്. കന്യകാമറിയത്തോടു ഗബ്രിയേൽ പറഞ്ഞ വാക്കുകൾ ശ്രദ്ധിക്കുക: "അവിടുത്തെ പിതാവായ ദാവീദിൻെറ സിംഹാസനം കർത്താവായ ദൈവം അവിടുത്തേയ്ക്കു നല്കും; യാക്കോബിൻെറ ഗോത്രത്തിൽ അവിടുന്നു് എന്നന്നേയ്ക്കും ഭരണാധികാരിയായി വാഴ്ചനടത്തും; അവിടുത്തെ സാമ്രാജ്യം അനന്തമായിരിക്കും" (ലൂക്ക. i, 32–33.) അവിടുന്നു തിരുവവതാരംചെയ്തു് ഏറെനാൾ കഴിഞ്ഞപ്പോഴേയ്ക്കും പൌരസ്ത്യദിക്കിലെ പ്രമുഖരായ ജ്യോതിശ്ശാസ്ത്രജ്ഞന്മാർ

"യൂദന്മാർക്കു രാജാവായി അവതരിച്ച ആൾ എവിടെയാണ്?" എന്നു് ആരാഞ്ഞുകൊണ്ടു് ഹേറോദേസിൻെറ അരമനയിൽ എത്തുകയുണ്ടായി. ഉണ്ണിമിശിഹായുടെ തൃപ്പാദങ്ങളിൽ അവർ സ്വർണ്ണം തിരുമുൽക്കാഴ്ചയായി സമർപ്പിച്ചതും രാജത്വത്തെ സൂചിപ്പിക്കുന്നുണ്ടല്ലോ. "ദൈവരാജ്യം ഇതാ സമീപിച്ചിരിക്കുന്നു" എന്നു പ്രഖ്യാപിച്ചുകൊണ്ടാണല്ലോ അങ്ങേ പരസ്യജീവിതം ആരംഭിച്ചതും. തൻെറ രാജ്യത്തെ സംബന്ധിച്ചുള്ള നിയമങ്ങൾ നിർമ്മിക്കുവാനും, നിലവിലുള്ള നിയമങ്ങളെ യഥോചിതം പരിഷ്കരിക്കുവാനും ലോകമഖിലത്തേയും വിധിക്കുവാനുമുള്ള പരമാധികാരം ക്രിസ്തു പലവുരു അവകാശപ്പെടുകയും ആ അവകാശത്തെ അനിഷേദ്ധ്യമായി സ്ഥാപിക്കയും സമർത്ഥിക്കയും ചെയ്തിട്ടുള്ളതു് സുവിശേഷപ്രസിദ്ധമാണല്ലോ. "ഈയാൾ കേസറിനെതിരായി സ്വയം രാജാവാകുന്നു" എന്നായിരുന്നല്ലോ യൂദന്മാരുടെ കുററാരോപണം. അജ്ഞരും അസൂയാകലുഷിതരുമായ ആ ദുർഭഗർ മനസ്സിലാക്കിയില്ല, അവിടുത്തെ രാജ്യവും രാജത്വവും സർവ്വോപരി ആദ്ധ്യാത്മികവും പാരത്രികവുമാണെന്നു്. അതെ, ഈ പരമാർത്ഥം അവർ ഗ്രഹിക്കാത്തതുകൊണ്ടുതന്നെയാണ് "യൂദന്മാരുടെരാജാവായ നസ്രായക്കാരൻ ഈശോ" എന്ന ശിരോലിഖിതം ചൂടിക്കൊണ്ടു് അവിടുന്നു് ജീവൻ വെടിയാൻ ഇടവന്നതു്. ഏതൽകാരണത്താൽതന്നെയാണ് ഇന്നത്തെ പല ഭരണകൂടങ്ങളും സമാധാനരാജനായ ക്രിസ്തുവിനോടു് വിദ്വേഷവും പകയും പുലർത്തിക്കൊണ്ടിരിക്കുന്നതു്.

ലോകത്തിലെ ഭരണാധിപന്മാരേയും അധിരാജനായ ക്രിസ്തുവിനേയും അല്പമൊന്നു താരതമ്യപ്പെടുത്തിനോക്കുമ്പോൾ കാണുന്ന അന്തരം അനന്തമായിരിക്കും. രാജാക്കന്മാർ ജനിക്കുന്നതും ജീവിക്കുന്നതും രാജകീയമണിമേടകളിലാണ്; ക്രിസ്തുവാകട്ടെ കാലിത്തൊഴുത്തിൽ അവതീർണ്ണനാകുന്നു. "കുറുനരികൾക്കു് അളകളും പക്ഷികൾക്കു് കൂടുകളുമുണ്ടു്, എന്നാൽ മനുഷ്യപുത്രനു തലചായ്ക്കാൻ സ്ഥലമില്ല" എന്ന നിലയിൽ അഗതിത്വത്തിൻെറ അടി

ത്തട്ടിൽ അങ്ങുന്നു ജീവിതം നയിച്ചു. രത്നഖചിതമായ സ്വർണ്ണസിംഹാസനമൊ കനകച്ചെങ്കോലൊ മണിക്കിരീടമൊ അങ്ങേക്കില്ല; പ്രത്യുത, സ്വരക്തത്താൽ അരുണവർണ്ണമായ കുരിശാകുന്നു അങ്ങേ സിംഹാസനവും ചെങ്കോലും വിജയധ്വജവും; മുൾമുടിയാണ് അങ്ങെ മണിമകുടം. സമരവേളകളിൽ ലോകത്തിലെ ഭരണാധിപന്മാർ യുദ്ധരംഗത്തേയ്ക്കു പോകാതെ മണിമന്ദിരങ്ങളിലും കാറുകളിലും സസുഖം കഴിഞ്ഞുകൂട്ടുന്നു. എന്നാൽ ക്രിസ്തുരാജനാകട്ടെ സദാ യുദ്ധത്തിന്റെ മുന്നണിയിൽ എല്ലാവക്കും ഉത്തേജനം നല്കിക്കൊണ്ടും മാതൃകാദീപം കൊളുത്തിക്കൊണ്ടും നിലകൊള്ളുന്നുണ്ടായിരിക്കും; തിരുരുധിരത്താൽ ആർദ്രമായ അങ്ങേ കാലടിപ്പാടുകളിൽക്കൂടി നാം വിജയത്തിലേയ്ക്കു പുരോഗമിക്കയുംചെയ്യും. ലോകത്തിലെ ഭരണാധിപന്മാരിൽ പലരും ഭക്ഷണക്ഷാമം കൊടുമ്പിരിക്കൊള്ളുമ്പോൾ കണക്കുകൾ ഉദ്ധരിച്ചുകൊണ്ടുള്ള ചില കസർത്തുകൾ കാണിച്ച് ജനങ്ങളെ തൃപ്തിപ്പെടുത്താൻ ശ്രമിക്കമാത്രം ചെയ്യുന്നു. എന്നാൽ ക്രിസ്തുരാജനാകട്ടെ സ്വന്തം ശരീരവും രക്തവുംകൊണ്ട് അനുദിനം സ്വപ്രജകളെ തീററിപ്പോററുന്നു. ഐഹികഭരണാധികാരികൾ അധികപങ്കും സമൃദ്ധിയുടെ മടിത്തട്ടിൽ ജനിച്ചുവളന്നവരായിരിക്കും; എന്നാൽ ക്രിസ്തുരാജനാകട്ടെ എത്രയും ക്ലേശിക്കുന്ന തന്റെ ഒരു പ്രജയെക്കാളും കൂടുതൽ ക്ലേശങ്ങളും വേദനയും അനുഭവിച്ചറിഞ്ഞിട്ടുള്ള ത്യാഗമൂർത്തിയാണ്. ലോകസാമ്രാജ്യങ്ങളിൽ വിപ്ലവധ്വനികൾ മുഴങ്ങിക്കൊണ്ടിരിക്കുന്നു. ക്രിസ്തുവിന്റെ സ്നേഹസാമ്രാജ്യത്തിലും ഒരു മഹാവിപ്ലവം അഴിച്ചുവിടപ്പെട്ടിട്ടുണ്ട്: "ശത്രുക്കളെ സ്നേഹിക്കുവിൻ . . . . ." ബലപ്രയോഗത്തെ പ്രഖ്യാപിക്കുന്ന ഭരണകൂടങ്ങൾ ഇന്നു ലോകത്തിൽ പലതുമുണ്ട്. ക്രിസ്തുനാഥനും ബലപ്രയോഗത്തെ സ്വസാമ്രാജ്യത്തിലെ ഒരു നിയമമാക്കി പ്രഖ്യാപിച്ചിട്ടുണ്ട്. "സ്വർഗ്ഗരാജ്യം ബലവശ്യമാണ്; ബലവാനേ അതു കരസ്ഥമാക്കയുള്ളു." എന്നാൽ, എന്തൊരന്തരം. മേൽപ്പറഞ്ഞ ലൌകികരാഷ്ട്രങ്ങൾ സ്വ

സഹോദരനോടു ബലം പ്രയോഗിക്കുന്നു, എന്നാൽ ക്രൈസ്തവനാകട്ടെ സ്വന്തം ദുർവികാരങ്ങളോടാണു് ബലം പ്രയോഗിക്കുന്നതു്. "കരംനിന്നെ ഉതപ്പിക്കുന്നെങ്കിൽ അതു ഛേദിച്ചുകളയുക. . . . . . . . ." എന്നാൽ സഹോദരൻെറ കൈ വെട്ടുവാൻ അവനു് അധികാരമില്ല. ക്രിസ്തുവിൻെറ സാമ്രാജ്യത്തിൽ ഒരേ ഒരു നിയമംമാത്രമേയുള്ളു: സ്നേഹം.

ഈയിടെ ഗാന്ധിജയന്തി സമാഘോഷിക്കപ്പെട്ടപ്പോൾ വൻകിട നേതാക്കന്മാരായ പ്രസിഡണ്ട് പ്രസാദ്, പ്രധാമന്ത്രി നെഹ്റു തുടങ്ങി ചെറുകിട നേതാക്കന്മാർവരേയും ഊന്നിപ്പറഞ്ഞ ഒരഭിപ്രായം ഭാരതീയർ രാഷ്ട്രപിതാവിൻെറ പ്രബോധനങ്ങളെ അവഗണിക്കയും അവയിൽനിന്നു അതിദൂരം വ്യതിചലിച്ചുപോകയും ചെയ്തിരിക്കുന്നുവെന്നാണു്. ക്രിസ്തുജയന്തി ആഘോഷിക്കപ്പെടുന്ന ഈ സുദിനത്തിൽ ക്രിസ്തുവിൻെറ പ്രബോധനങ്ങളെ ഓരോ ക്രൈസ്തവനും എപ്രകാരം സ്വീകരിച്ചാദരിക്കയും ജീവിതത്തിലേയ്ക്കു പകർത്തുകയും ചെയ്യുന്നുണ്ടെന്നു് ഒരു ആത്മസംശോധനം നടത്തുന്നതു് നന്നായിരിക്കും. വിദ്വേഷവും, സുഖലോലുപതവും, സ്വാർത്ഥതയും പാടെ വിപാടനംചെയ്തു്, തൽസ്ഥാനത്തു് ത്യാഗത്തിൻേറയും സ്നേഹത്തിൻേറയും വിജയപതാകകൾ പാറിപ്പറക്കേണ്ടതല്ലയോ? ക്രിസ്തുവിനെ സധൈര്യം ഏറ്റുപറയുവാനും ഒരു ക്രൈസ്തവനെന്നു പരസ്യമായി പ്രഖ്യാപിക്കുവാനും ലജ്ജതോന്നുന്നവൻ എങ്ങനെ ക്രിസ്തുരാജൻെറ ഒരു പ്രജയായിരിക്കും? ചില സ്വാർത്ഥലാഭങ്ങൾക്കും സുഖസൌകര്യങ്ങൾക്കുംവേണ്ടി ക്രിസ്തുവിൻെറ പ്രമാണങ്ങളെ കൂസലെന്യേ ചവിട്ടിമെതിക്കുന്നവന്നു് എങ്ങനെ ക്രിസ്തുവിൻെറ ഒരനുയായിയാണെന്നു് സ്വയം അഭിമാനിക്കാം? ക്രിസ്തുവിൻെറ പ്രബോധനങ്ങളെ അവഗണിക്കയും അവയിൽനിന്നു നാം സദൂരം വ്യതിചലിച്ചുപോകയും ചെയ്തിട്ടുണ്ടെങ്കിൽ നാം വ്യതിരിക്തമാർഗ്ഗത്തിൽനിന്നു പിന്തിരിയുകയും ക്രിസ്തുവിൻെറ പ്രമാണങ്ങളെ അവഗാഢം ആശ്ലേഷിക്കയും വേ

ണം. വലിയ തിരിച്ചുവരവിന്റേയും മാനസാന്തരത്തിന്റേയും വർഷമാണ് ഈ ജൂബിലിവർഷമെന്ന് നമ്മുടെ പരിശുദ്ധ പിതാവ് നമ്മെ ഉൽബോധിപ്പിക്കുന്നുണ്ടല്ലോ. ഈ മാനസാന്തരംകൊണ്ടുമാത്രമേ വ്യക്തികളിലും കുടുംബങ്ങളിലും രാഷ്ട്രങ്ങളിലും സമാധാനം സംസ്ഥാപിതമാകയുള്ളു . . . ക്രിസ്തുരാജൻ വിജയിക്കട്ടെ.

# നന്മയുടെ നികൃഷ്ടങ്ങൾ

അനന്തരം അവിടുന്ന് വേറൊരുപമ അവരോടു പറഞ്ഞു: ഇതാ ദൈവരാജ്യത്തിന്റെ ഒരു സാദൃശ്യം: തന്റെ വയലിൽ നല്ല വിത്തു വിതച്ച ഒരു മനുഷ്യനുണ്ടായിരുന്നു. ലോകം മുഴുവനും നിദ്രയിലായിരുന്നപ്പോൾ, അവന്റെ ഒരു ശത്രു വന്ന്, കോതമ്പിനിടയിൽ കളകൾ വിതറിയിട്ടുപോയി. കോതമ്പ് മുളച്ചു കതിരായപ്പോൾ കളകളും കാണപ്പെട്ടു. കൃഷകന്റെ ആളുകൾ ചെന്ന് അവനോട് പറഞ്ഞു: യജമാനനേ, നല്ല വിത്തല്ലേ നീ നിന്റെ വയലിൽ വിതറിച്ചത്? പിന്നെ എങ്ങനെയാണ് അതിൽ കളകളുണ്ടായത്? അപ്പോൾ അവൻ മറുപടി പറഞ്ഞു: ശത്രുവാണതു ചെയ്തത്. ഉടനെ അവന്റെ ആൾക്കാർ അവനോടു ചോദിച്ചു: ഞങ്ങൾപോയി അവയെ പറിച്ചുകൂട്ടട്ടേ? അവൻ പറഞ്ഞു: വേണ്ടാ. അല്ലാത്തപക്ഷം, നിങ്ങൾ കളകൾ പറിച്ചുകൂട്ടുമ്പോൾ അതോടുകൂടി കോതമ്പും പറിച്ചുകളയുവാൻ ഇടയുണ്ട്. കൊയിത്തുകാലംവരെ അവ ഒരുമിച്ചു വളർന്നുകൊള്ളട്ടെ. കൊയിത്തുകാലമാകുമ്പോൾ ഞാൻ എന്റെ കൊയിത്തുകാർക്കാജ്ഞ നല്കും: ആദ്യം കളകൾ ശേഖരിച്ച് ചുട്ടുകളയുന്നതിന് കെട്ടുകളായി കെട്ടുവിൻ. കോതമ്പ് എന്റെ അറയിൽ കൂട്ടുവിൻ എന്ന്.

(പന്തക്കുസ്ത 23-ാംഞായർ സൂവി. ദെനഹാ 5-ാംഞായറിലേത്. മത്താ. XIII, 24—30.)

റോമാക്കാരും ലസെഡിമോണിയക്കാരും തമ്മിൽ വളരെ കൊല്ലങ്ങൾ യുദ്ധത്തിലേപ്പെടേണ്ടതായി വന്നിട്ടുണ്ടെന്നു ചരിത്രം ഘോഷിക്കുന്നു. ക്രമേണ റോമ്മാക്കാരുടെ അഭിമാനത്തിൻെറയും ഔദ്ധത്യത്തിൻെറയും തന്ത്രികൾ സ്പൃശിക്കപ്പെട്ടു; ഇതിനൊരവതി വരുത്തണമെന്നു അവർ മുറവിളികൂട്ടി; ലസെഡിമോണിയെ നശിപ്പിക്കപ്പെടണമോ വേണ്ടയോ എന്നാലോചിക്കുവാൻ റോമൻ സെനററ് സമ്മേളിച്ചു. എന്തായിരുന്നു അവരുടെ തീരുമാനം? ലസെഡിമോണിയക്കാരെ നശിപ്പിക്കേണ്ടഎന്നു്. കാർത്തേജിനെ നശിപ്പിക്കണം (Delenda est Carthago) എന്നു വിധിയെഴുതിയ റോമാക്കാർതന്നെ ലസെഡിമോണിനെ നശിപ്പിക്കേണ്ട എന്നും തീൎപ്പുകല്പിച്ചു. കാരണം? ദീൎഘകാലം ശത്രുക്കളില്ലാതെയും യുദ്ധമില്ലാതെയും സമാധാനം അനുഭവിച്ചുകഴിയുമ്പോൾ റോമൻ പൗരന്മാരെല്ലാം സുഖഭോഗങ്ങളിൽ മുഴുകി ഒരുതരം അബലവൎഗ്ഗമായിപ്പരിണമിച്ചേക്കുമെന്നു ആ നിരീക്ഷണപടുക്കൾ മനസ്സിലാക്കി. തന്നിമിത്തം വളൎന്നുവരുന്ന തലമുറയുടെ വീരപരാക്രമങ്ങൾക്കും സമരാസക്തിക്കും മൂൎച്ച നല്കുന്നതിനുള്ള ഒരു ചാണക്കല്ലായി ലെസഡിമോണിനെ അവർ നിലനിൎത്തി. ഈ നികഷവുമായി സംഘട്ടനമുണ്ടാകുമ്പോൾ റോമൻ യുവാക്കന്മാരുടെ സമരാസക്തി നിശിതവും തീക്ഷ്ണവുമായിത്തീൎന്നു് തീപ്പൊരി പറക്കാതിരിക്കയില്ലല്ലൊ. ആദ്ധ്യാത്മികരംഗത്തിലും ഇങ്ങനെയുള്ള ചാണക്കല്ലുകൾ ഉണ്ടു്. പ്രമാണങ്ങൾ അനുസരിച്ചും ഗിരിപ്രഭാഷണത്തിലെ ക്രൈസ്തവാദൎശങ്ങൾ ജീവിതത്തിലേക്കു പകൎത്തിയും സുകൃതജീവിതം നയിക്കുന്നവൎക്കു് കൂടുതലായ പ്രചോദനവും തീക്ഷ്ണതയും അവസരങ്ങളും നല്കുന്ന ആദ്ധ്യാത്മിക നികഷങ്ങളാണു് ഈ ലോകത്തിലെ ദുഷ്ടന്മാർ. കോതമ്പും കളകളും—ശിഷ്ടരും ദുഷ്ടരും—ലോകത്തിൽ പൊതുവിധിവരെ—അവസാനക്കൊയിത്തുവരെ—ഉണ്ടായിരിക്കും. നമ്മുടെ ചുററും ഒന്നു കണ്ണോടിച്ചാൽ ഈ പരമാൎത്ഥം നമുക്കു മനസ്സിലാക്കാം. [illegible]ദ്രവു്, ചതി, കൊല

പാതകം, അടിപിടികൾ, പിടിച്ചുപറി, സാധുജനമർദ്ദനം, വിഷയലമ്പടത്വം എന്നിങ്ങനെയുള്ള പാപങ്ങളുടെ കരത്തലിസ്സ് മുഴുവനും ജീവിതത്തിലേക്കു പകർത്തി സ്വവീടിനേയും നാട്ടിനേയും തമോമയമാക്കിത്തീർക്കയും ജനങ്ങളെ ഭയചകിതരാക്കി വീർപ്പുമുട്ടിക്കയും ചെയ്യുന്ന ദുഷ്ടന്മാർ എല്ലാനാട്ടിലും ഉണ്ടായിരിക്കും. എന്തുകൊണ്ടാണ് ദൈവം ഇവരെ നശിപ്പിക്കാത്തതു് എന്നു് വിചാരിക്കയും ചോദിക്കയും ചെയ്യുന്നവർ പലരുമുണ്ട്. നീതിമാനായ ദൈവം അവസാനവിധിയിൽ അവർക്കു തക്കതായ ശിക്ഷ നല്കാതിരിക്കയില്ലെന്നും എന്നാൽ അതുവരേയും അവരെ വെച്ചു പുലർത്തുന്നതു് ശിഷ്ടന്മാരുടെ ഗുണത്തിനായിട്ടുതന്നെയാണെന്നും ഇന്നത്തെ സുവിശേഷം നമ്മെ ഉൽബോധിപ്പിക്കുന്നു.

ഒന്നാമതായി, ദൈവം ദുഷ്ടന്മാരോടു് സദാ ക്ഷമയോടെ പെരുമാറുന്നതു് തൻെറ അനന്തമായ കാരുണ്യം പ്രസ്പഷ്ടമാക്കുന്നതിനാണ്. വി. ഡെന്നിസ് ഇപ്രകാരം ഒരു കഥ പറയുന്നുണ്ട്. രണ്ടു ദുഷ്ടന്മാരെക്കൊണ്ടു പൊറുതിമുട്ടിയ കാർപ്പസ് എന്നൊരാൾ ആ രണ്ടുപേരേയും ലോകത്തിൽനിന്നു് എടുത്തുകളയുന്നതിനു പലതവണയും ദൈവത്തോടപേക്ഷിച്ചിരുന്നു. ഒരിക്കൽ അയാൾ ഒരു സ്വപ്നം കണ്ടു. കിഴക്കാംതൂക്കായ ഒരു പാറയുടെ മുകളിൽ ആ രണ്ടു ദുഷ്ടന്മാർ തൂങ്ങിക്കിടന്നിരുന്നു. അവർ വിറയ്ക്കുന്നുണ്ടായിരുന്നു. താഴെനിന്നു നിരവധി സർപ്പങ്ങൾ അവരുടെ ശരീരത്തിൽ ചുററുകയും അവരെ ഗർത്തത്തിലേക്കു വലിക്കുകയും ചെയ്തുകൊണ്ടിരുന്നു. കാർപ്പസിനു് ഇതു കണ്ടപ്പോൾ സന്തോഷമായി, വേഗംതന്നെ അവർ ആ ഗർത്തത്തിലേക്കു വീണുപോകുവാനായി അയാൾ അഭിലഷിച്ചു. അപ്പോഴയ്ക്കും അതാ ക്രിസ്തുനാഥൻ അവിടെ പ്രത്യക്ഷനായി തൻെറ കരങ്ങൾ അവരുടെ പക്കലേയ്ക്കു നീട്ടുകയും അവർക്കുവേണ്ടി ഇനിയും തൻെറ രക്തം ചിന്തുവാൻ തയ്യാറാണെന്നു പറയുകയും ചെയ്യുന്നതായി കാർപ്പസ് അത്ഭുതത്തോടുകൂടി വീക്ഷിച്ചു, അതെ, ക്രിസ്തുനാഥൻ ദുഷ്ടൻെറ മരണത്തെ

ആഗ്രഹിക്കുന്നില്ല; മറിച്ച് അവൻ രക്ഷപ്രാപിക്കണമെന്നാഗ്രഹിച്ചുകൊണ്ടു അവൻെറ പ്രത്യാഗമനത്തെ അങ്ങുന്നു് പാത്തിരിക്കുന്നു. മനസ്സാക്ഷി, പ്രസംഗങ്ങൾ, ഉപദേശങ്ങൾ, സന്മാതൃകകൾ, തിരുക്കമ്മങ്ങൾ, കഷ്ടകാലങ്ങൾ എന്നിങ്ങനെ പല മാഗ്ഗങ്ങളും ഇതിലേക്കായി കത്താവിൻെറ കരുണ കണ്ടെത്തുന്നു. തന്നെ സ്വീകരിക്കാത്തവരുടെമേൽ തീമഴ പെയ്യുവാൻ കല്പിക്കണമെന്നപേക്ഷിച്ച ശിഷ്യക്ക മിശിഹാ നല്കിയ താക്കീതു് സുപ്രസിദ്ധമാണല്ലൊ. ഈ അനന്തകാരുണ്യത്തെ ദുഷ്ടന്മാർ മനസ്സിലാക്കി പ്രവത്തിച്ചെങ്കിൽ എത്ര നന്നായിരുന്നു.

ദൈവം ദുഷ്ടന്മാരെ ഉടനടി ശിക്ഷിക്കുകയാണെങ്കിൽ, അപ്പോഴും അതു വളരെ കഠിനമാണെന്നു് പറഞ്ഞു് ദൈവത്തെ പഴിക്കുന്നവർ ധാരാളമുണ്ടായിരിക്കും. അങ്ങനെയുള്ള കുറ്റാരോപണവുംകൂടി ദൂരീകരിക്കുവാൻ വേണ്ടിയാണു് ദൈവത്തിൻെറ കാരുണ്യവും നീതിയും ഒത്തൊരുമിച്ചുകൊണ്ടു് ദുഷ്ടന്മാക്ക മനസ്സുതിരിയുന്നതിനായി ദീഘസമയം അനുവദിക്കുന്നതു്. നരകത്തിൽകിടന്നു നരകിക്കുന്ന ഏററവും നികൃഷ്ടനായ ഒരു പാപിപോലും നീതിമാനായ തോബിയാസിനെപ്പോലെ ഇപ്രകാരം നിലവിളിച്ചു പറയും: "കത്താവേ, അങ്ങുന്നു നീതിമാനാകുന്നു; അങ്ങേ വിധികൾ നീതിയുള്ളവയാകുന്നു" (Tob. iii 3.) ജലപ്രളയത്തിനുമുമ്പ് നൂററിരുപതു് വഷങ്ങൾ ദൈവം ഉൽക്കണ്ഠയോടെ മനുഷ്യവഗ്ഗത്തിനു് മുന്നറിയിപ്പു നല്കുവാനായി വിനിയോഗിച്ചു. എന്നിട്ടും അവർ മനസ്സുതിരിഞ്ഞില്ല; പാപപങ്കത്തിൽ കൂടുതൽ ആണ്ടുപോയി; ഭയങ്കരമായ ശിക്ഷയും കൈവരിച്ചു. ഫറവോൻ രാജാവിൻെറയും, ക്രിസ്തുവിൻെറ കാലത്തു് ജീവിച്ചിരുന്ന പ്രീശന്മാരുടേയും ജീവിതകഥയിലും ഇതുതന്നെയാണനുഭവം. "അവൻെറ ദയാസമ്പത്തിനെതിരായൊ, അവൻെറ ദീഘശാന്തതക്കെതിരായൊ അവൻ നിനക്കു തന്ന അവസരത്തിനെതിരായൊ നീ മത്സരിക്കുന്നുവോ? ദൈ

വത്തിൻെറ ദയ പശ്ചാത്താപത്തിലേക്കാണ് നിന്നെ കൊണ്ടു പോകുന്നതെന്ന് നീ അറിയുന്നില്ലയോ?" (റോമ. ii—4.)

ശിഷ്ടരുടെയിടയിൽ ദുഷ്ടരും ജീവിക്കുവാൻ ദൈവം അനുവദിക്കുന്നതു് ശിഷ്ടസംസർഗ്ഗംവഴിയായി ദുഷ്ടന്മാർ മനസ്സുതിരിയുന്നതിനുംകൂടിയാണ്. വി. അഗസ്റ്റിൻ പറയുന്നു: "ഇന്നത്തെ കളകൾ നാളെ കോതമ്പുചെടികളായിത്തീർന്നേക്കാം." സസ്യലോകത്തിൽ ഇതു സംഭവ്യമല്ലെങ്കിലും മനുഷ്യലോകത്തിൽ ഇതു ധാരാളം സംഭവിക്കാവുന്നതാണ്. മനസ്സുതിരിവിനുള്ള ഒരു പ്രധാനോപാധി ശിഷ്ടസംസർഗ്ഗമാണ്. ഭർത്താവു് ഭാര്യയുടേയും, മക്കൾ മാതാപിതാക്കന്മാരുടേയും, സഹോദരന്മാർ സഹോദരികളുടേയും ഉപദേശങ്ങൾവഴിയായി സച്ചരിതരായിത്തീർന്നിട്ടില്ലേ! അയൽവാസികൾ പരസ്പരവും സ്നേഹിതന്മാർ പരസ്പരവും നല്കുന്ന ഉപദേശത്തിൻെറ ഫലം ഊഹാതീതമാണ്. സർവ്വോപരി ശിഷ്ടന്മാരുടെ ജീവിതമാതൃക ദുഷ്ടന്മാരെ സൽപഥത്തിലേക്കാനയിക്കുന്നതിൽ വലിയൊരു പങ്ക് നിർവ്വഹിക്കുന്നുണ്ടു്. പരിശുദ്ധമായ ആ ജീവിതമാതൃകയുടെ മുമ്പിൽ—അടക്കം, ശാന്തത, ശത്രുസ്നേഹം എന്നിവയുടെ മുമ്പിൽ—ദുഷ്ടന്മാർ ലജ്ജിച്ചുപോകുന്നു; ക്രമേണ അവർ നന്മയിലേക്ക് ആകൃഷ്ടരായിത്തീരുന്നു. ആദിമക്രിസ്ത്യാനികളുടെ ജീവിതമാതൃകയല്ലേ പുറജാതികളുടെ മനസ്സുതിരിവിനു പ്രധാന കാരണമായിപ്പരിണമിച്ചതു്? ആഫ്രാ എന്നു പേരായ ഒരു സ്ത്രീ പാപത്തിൽ മുഴുകി ജീവിച്ചിരുന്നു. ഒരിക്കൽ പരിശുദ്ധനായിരുന്ന നാഷിസസ് (Narcissus) മെത്രാനും ആറാംപട്ടക്കാരനായിരുന്ന അദ്ദേഹത്തിൻെറ സഹചാരിയുംകൂടി യാത്രാമദ്ധ്യേ അവളുടെ വീട്ടിൽ ഒരു ദിവസംമുഴുവനും കഴിച്ചുകൂട്ടുവാനിടയായി. രാത്രിമുഴുവനും ഇവർ ഏതുപ്രകാരം പ്രാർത്ഥനയിലും സങ്കീർത്തനങ്ങൾ ആലപിക്കുന്നതിലും കഴിച്ചുകൂട്ടിയെന്നു കണ്ടറിഞ്ഞ ആ സ്ത്രീ ഉടനെ ആ മെത്രാൻെറ പാദത്തിൽ വീണ് തൻെറ പാപങ്ങൾ ഏററുപറഞ്ഞു് ഒരു പുതിയ ജീവിതം ആരംഭിച്ചു.

ശിഷ്ടന്മാക്കുള്ള ഒരു പരീക്ഷണോപാധിയായിട്ടുമാണ് ദുഷ്ട ന്മാർ ലോകത്തിൽ ജീവിക്കുന്നതു്. വി. അഗസ്റ്റിൻ പറയുന്നു: "ഓ രോ ദുഷ്ടനും ജീവിക്കുന്നതു്, ഒന്നുകിൽ അവൻ സ്വയം മാനസാ ന്തരപ്പെടുവാൻവേണ്ടി, അല്ലെങ്കിൽ ശിഷ്ടൻ അവൻ വഴിയായി പരീക്ഷിക്കപ്പെടുവാൻവേണ്ടിയാണ്." ദുഷ്ടന്മാർ മററുള്ളവരെ ഒരിക്കലും സമാധാനമായിരിപ്പാൻ അനുവദിക്കയില്ല. മദ്ദനങ്ങൾ, പ്രലോഭനങ്ങൾ, അപമാനങ്ങൾ എന്നിങ്ങനെ പലേ മാഗ്ഗങ്ങളി ലൂടെയും അവർ എല്ലായ്പോഴും ഇതരന്മാരെ ശല്യപ്പെടുത്തിക്കൊ ണ്ടിരിക്കും. അദ്ധ്യാത്മികജീവിതത്തിൽ മദ്ദനം ഗുണവദ്ധനമാണ്. ആദ്യത്തെ മൂന്നുററുകൊല്ലത്തെ മതമദ്ദനകാലത്തു് ക്രിസ്ത്യാനികളു ടെ മതതീക്ഷ്ണത ആളിക്കത്തിയിരുന്നില്ലേ? അന്നു് ഓരോ ക്രൈ സ്തവനും ഓരോ വിശുദ്ധനായിട്ടല്ലേ ജീവിച്ചതു്? ഇന്നും മതമദ്ദനം നടമാടുന്ന രാജ്യങ്ങളിലല്ലേ സമാധാനമനുഭവിക്കുന്ന രാജ്യങ്ങളി ലേക്കാൾ കൂടുതൽ വിശ്വാസചൈതന്യം പ്രകടമാകുന്നതു്? നല്ല വരുടെയിടയിൽ നന്നായി ജീവിക്കുവാൻ വിഷമമില്ല. എന്നാൽ ദുഷ്ടന്മാരുടെയിടയിൽ നന്നായി ജീവിക്കണമെങ്കിൽ, ആത്മധൈ ര്യവും വിശ്വാസസ്ഥൈര്യവും ആത്മനിയന്ത്രണവും കൂടിയേകഴി യൂ. ശാന്തത, എളിമ, ക്ഷമ, ശത്രുസ്നേഹം, സൗമ്യത തുടങ്ങിയ പുണ്യങ്ങൾ പരിശീലിക്കുവാനുള്ള അവസരങ്ങൾ ദുഷ്ടന്മാരാണ് നല്കുന്നതു്. കൂടുതൽ ക്ലേശിച്ചുകൊണ്ടു് പരിശീലിക്കപ്പെടുന്ന പു ണ്യങ്ങൾക്കു് കൂടുതൽ യോഗ്യതയും (Merit) ഉണ്ടായിരിക്കണം. "ഞാൻ നിമിത്തം മനുഷ്യർ നിങ്ങളെ നിന്ദിക്കയും, പീഡിപ്പി ക്കയും നിങ്ങൾക്കു് വിരോധമായി സകലദുഷ്ക്കാര്യങ്ങളും വ്യാജ മായി പറയുകയും ചെയ്യുമ്പോൾ നിങ്ങൾ ഭാഗ്യവാന്മാർ. അ പ്പോൾ നിങ്ങൾ ആനന്ദിച്ചു സന്തോഷിക്കുവിൻ. എന്തെന്നാൽ സ്വർഗ്ഗത്തിൽ നിങ്ങളുടെ പ്രതിഫലം വദ്ധിച്ചിരിക്കും" (മത്താ. V, 11, 12.)

# നിസ്സാരമെങ്കിലും

പിന്നീട് അവിടുന്ന് വേറൊരുപമ അവരോടു പറഞ്ഞു: ഒരു മനുഷ്യൻ എടുത്തു തന്റെ നിലത്ത് നട്ട ഒരു കടുകുമണിക്കു സദൃശമാണ് സ്വർഗ്ഗരാജ്യം. എല്ലാ വിത്തുകളിലും ചെറുതാണത്. എന്നാൽ അതു വളൎന്നുവരുമ്പോഠം, തോട്ടത്തിലുള്ള മറേറതു ചെടിയേക്കാളും വലുതാണത്; എല്ലാ പക്ഷികളും വന്നു അതിന്റെ ശിഖരത്തിൽ ഇരിക്കത്തക്കവണ്ണം അതു വൃക്ഷമായി വളരുന്നു. അവിടുന്ന് വീണ്ടും ഒരുപമ അവരോടരുഠംചെയ്തു: ഒരു സ്ത്രീ എടുത്തു മൂന്നുപറ മാവിൽ കുഴച്ചു വെച്ചതും, അതിനെ മുഴുവൻ പുളിപ്പിക്കുവാൻ മതിയായതുമായ പുളിച്ച മാവിനു സദൃശമാണ് സ്വർഗ്ഗരാജ്യം. ഇതെല്ലാം ഈശോ ജനക്കൂട്ടത്തോട് ഉപമകഠംവഴി പറഞ്ഞു. ഉപമകഠംവഴി മാത്രം സംസാരിക്കാനേ അവിടുന്ന് ഇഷ്ടപ്പെട്ടുള്ളു. പ്രവാചകൻവഴി പറയപ്പെട്ട വചനങ്ങഠം ഇങ്ങനെ പൂൎത്തിയായി: എന്റെ മനോഗതം ഉപമകഠംവഴി ഞാൻ സംസാരിക്കും. ലോകാരംഭംമുതൽ രഹസ്യമായി കാക്കപ്പെട്ടിരുന്നവയെ ഞാൻ വെളിപ്പെടുത്തും.
(പന്തക്കുസ്ത 24-ാംഞായർ; സുവിശേഷം മത്തായിയിലെ ഭാഗം 6-ാംഞായറിലേത്. മത്താ. XIII, 31—35.)

സുപ്രസിദ്ധനായ ഒരു ഫ്രഞ്ചുസാഹിത്യകാരൻ താഴെ കാണുന്ന ഒരു രംഗം ചിത്രീകരിച്ചിട്ടുണ്ട്. നീറോ ചക്രവൎത്തിയുടെ ഒരു വിജയഘോഷയാത്ര. വിവിധരാജ്യങ്ങളിൽനിന്നു ബന്ധനസ്ഥരായി കൊണ്ടുവന്നിട്ടുള്ള അടിമകഠം ആയിരക്കണക്കിനു വരിവരിയായി നടക്കുന്നു. അതിനുപിന്നിൽ പൗരസ്ത്യരാജ്യങ്ങളിൽനിന്നു പിടിച്ചെടുത്തിട്ടുള്ള കൗതുകവസ്തുക്കളും സ്വൎണ്ണം, രത്നങ്ങഠം എന്നീ അമൂല്യവസ്തുക്കഠംകൊണ്ടു നിൎമ്മിതങ്ങളായ വിശിഷ്ടസാധനങ്ങളും സംവഹിക്കപ്പെടുന്നു. അതിനു പുറകെ തടവുകാരായി പിടിച്ചുകൊണ്ടുവന്നിട്ടുള്ള രാജാക്കന്മാരും പ്രഭുക്കന്മാരും; ഇവൎക്കു പിന്നിൽ സൂൎയ്യരശ്മികളിൽ വെട്ടിത്തിളങ്ങുന്ന ഇരുമ്പുകവചങ്ങഠം

ധരിച്ച റോമൻ കാലാാൾപ്പട. ഇവരെ അനുഗമിച്ചുകൊണ്ട് കുതിരപ്പട പെരുമ്പറയുടെ താളത്തിനൊത്തു നീങ്ങിക്കൊണ്ടിരുന്നു. ഇതിനുപുറമെ പാശ്ചാത്യവും പൗരസ്ത്യവുമായ എല്ലാതരം വാദ്യഘോഷങ്ങളുടേയും കോലാഹലം. ഇതിന്നു പിന്നിലായി റോമൻ പ്രഭുക്കന്മാരും സെനററ് അംഗങ്ങളും വെസ്റ്റൽകന്യകകളും അവരവരുടെ സ്ഥാനവസ്ത്രങ്ങൾ അണിഞ്ഞുകൊണ്ട് അണിനിരയായി നടക്കുന്നു. എല്ലാററിനും പിന്നിൽ രത്നഖചിതമായ സുവർണ്ണസിംഹാസനത്തിൽ ആരൂഢനായും നിരവധി പരിചാരകന്മാരാൽ പരിസേവിതനായും ജനങ്ങളുടെ ജയഘോഷങ്ങൾ കേട്ട് കാതും കരളും കുളുപ്പിച്ചുകൊണ്ടും ഔദ്ധത്യം ഉടലെടുത്തപോലെ നീറോ ചക്രവർത്തി എഴുന്നള്ളിയിരുന്നു. ഘോഷയാത്ര കുറെ നീങ്ങിക്കഴിഞ്ഞപ്പോൾ ചക്രവർത്തി തെരുവിൻെറ ഇരുവശങ്ങളിലും തിങ്ങിക്കൂടിയിരുന്ന ജനങ്ങളെ അഭിവീക്ഷിച്ച് അവരുടെ അഭിവാദ്യങ്ങൾ സ്വീകരിക്കുന്നതിനിടയ്ക്ക്, ജനൗഘത്തിനിടയിൽ ഒരാളുടെ മുഖത്ത് ദൃഷ്ടി പതിക്കുന്നതിനിടയായി. അതോടുകൂടി ചക്രവർത്തിക്ക് എന്തെന്നില്ലാത്ത ഒരു പരിഭ്രമവും അനുഭവപ്പെട്ടു. മദ്ധ്യവയസ്കനായ ഒരു ഗലിലേയൻ—വസ്ത്രധാരണത്തിലും മററും അപരിഷ്കൃതനായ ഒരു ദരിദ്രൻ—മാത്രമായിരുന്നു ചക്രവർത്തിയെ പരിഭ്രമിപ്പിച്ച ആ മനുഷ്യൻ. എങ്കിലും ഏതോ ഒരു ദിവ്യശക്തി ആ മനുഷ്യനിൽ ഉള്ളതായി അദ്ദേഹത്തിനു തോന്നി. ഈ ഗലിലേയനും ചക്രവർത്തിയെ ഒന്നു നോക്കി. രണ്ടുപേരുടേയും ദൃഷ്ടികൾ തമ്മിലിടഞ്ഞു—പാരലൗകികശക്തികളുടെ സംഘട്ടനം. അപ്പോഴേയ്ക്കും പ്രദക്ഷിണം കടന്നുപോയി. എങ്കിലും ആ വിദേശി തൻെറ സാമ്രാജ്യത്തിനെതിരായി—സാമ്രാജ്യത്തിനോടൊപ്പം തന്നെ—മറെറാരു മഹാശക്തിയെ സ്ഥാപിക്കുമോ എന്നൊരു ശങ്ക അയാളിൽ അങ്കുരിച്ചു. എന്നാൽ ആ ശങ്കയെ അയാൾ നിസ്സാരമായി തള്ളിക്കളഞ്ഞു; ഈ നിസ്സാരനായ ഗലിലേയന് പ്രതാപപ്രകർഷത്തിൻെറ പാരമ്യത്തിലെത്തിയ റോമാസാമ്രാജ്യത്തി

നൊതിരായി എന്തു ചെയ്യാൻ കഴിയും? . . . ഈ ഗലിലേയക്കാരൻ ആരായിരുന്നു? വി. പത്രോസ്. റോമിൽ ക്രിസ്തുമതം സ്ഥാപിക്കുന്നതിനായി അദ്ദേഹം അപ്പോൾതന്നെ എത്തിയതേ ഉള്ളു. നീറോ കേവലം നിസ്സാരനായ ആ ഗലിലേയക്കാരനെ വകവെച്ചില്ല. അതിൽ അത്ഭുതപ്പെടുവാനുമില്ല. ക്രിസ്തുവിൻെറ ശിഷ്യരായ പന്ത്രണ്ട് മീൻപിടുത്തക്കാർക്ക് എന്തു ചെയ്യാൻ കഴിയും? പക്ഷേ, ക്രിസ്തുവിൻെറ വാക്കുകൾ നീറോ കേട്ടിട്ടുണ്ടായിരുന്നില്ല. "ദൈവരാജ്യം ഒരു മനുഷ്യൻ എടുത്തു് തൻെറ വയലിൽ വിതച്ച കടുകുമണിയോടു സദൃശമാകുന്നു. അതു് സകല വിത്തുകളിലും ചെറുതാകുന്നു. എന്നാൽ അതു വളൎന്നുവരുമ്പോൾ . . . ."

നിസ്സാരമൊ ചെറിയതൊ ആണെന്നുള്ള കാരണംകൊണ്ട് യാതൊരു വസ്തുവിനേയും നമുക്ക് അവഗണിക്കുവാൻ പാടില്ല. കാരണം അതിൽ വലിയ ശക്തിയും ചൈതന്യവും മാഹാത്മ്യവും ഒളിഞ്ഞുകിടക്കുന്നുണ്ടായിരിക്കാം. ബെത്ലഹെമിലെ പുൽത്തൊട്ടിയിൽ കീറത്തുണികളാൽ ചുററപ്പെട്ടു കിടന്നിരുന്ന ഒരു നിസ്സാരശിശുവിൽ അനന്തമായ ശക്തിയും ജ്ഞാനവും നന്മയും മറവമല്ലെ ഒളിഞ്ഞുകിടന്നിരുന്നതു്? ബ്രഹ്മാണ്ഡമായ ഈ പ്രപഞ്ചകടാഹത്തോടു് താരതമ്യപ്പെടുത്തിനോക്കുമ്പോൾ കേവലം നിസ്സാരനാണ് മനുഷ്യൻ; എന്നാൽ അതിനെ മുഴുവനും മനുഷ്യൻ അവൻെറ ബുദ്ധിക്കുള്ളിൽ സംഗ്രഹിക്കുന്നില്ലേ? ആററംബോമ്പു് വളരെ ചെറിയതാണ്; എന്നാൽ അതു അഴിച്ചുവിടുന്ന വിനാശത്തിൻെറ വൈപുല്യം വൎണ്ണനാതീതംതന്നെ. "വല്ലഭനു പുല്ലുമായുധം" എന്നു് പഴമൊഴിയുണ്ടല്ലൊ. സൎവ്വവല്ലഭനായ ദൈവത്തിനു് ഏററവും നിസ്സാരമായ ഉപകരണംകൊണ്ടു് വളരെ വലിയ കാൎയ്യങ്ങൾ നിൎവ്വഹിക്കുവാൻ വളരെ എളുപ്പമായിരിക്കും. "എന്നാൽ ദൈവം ജ്ഞാനികളെ ലജ്ജിപ്പിക്കുവാൻ ലോകത്തിലെ ഭോഷന്മാരെ തിരഞ്ഞെടുത്തു; ശക്തന്മാരെ ലജ്ജിപ്പിക്കുവാൻ ലോകത്തിലെ ബലഹീനന്മാരേയും തിരഞ്ഞെടുത്തു . . . . . തൻെറ സന്നിധി

യിൽ ഒരു ജഡവും പ്രശംസിക്കാതിരിക്കുവാൻതന്നെ." (1. കൊ റി. i_27, 29.) ഏററവും ചെറിയതായ കടുകുമണിയിൽ ഒരു വൃക്ഷമായി വളരുവാനുള്ള കഴിവുകഠം ദൈവം നിക്ഷേപിച്ചിട്ടുണ്ട്. ഇതുപോലെതന്നെ നിസ്സാരതയിൽ—ബാഹ്യദൃഷ്ടികഠംക്ക്—ബീജാവാപം ചെയ്യപ്പെട്ട തിരുസഭയും അതിൽ നിക്ഷിപ്തമായിരുന്ന ദിവ്യശക്തികൊണ്ട് ഊഹാതീതമായവിധത്തിൽ വളച്ച് പ്രാപിച്ചു.

ക്രൂശിന്മേൽ ഒരു നികൃഷ്ടമരണം വരിച്ച ഒരാഠം മതസ്ഥാപകൻ; അതിൻെറ പ്രചാരകന്മാരാകട്ടെ കേവലം മീൻപിടുത്തക്കാരായ പന്ത്രണ്ടു ഗലിലേയർമാത്രം! "യൂദന്മാക്ക് ഇടച്ചയും പുറജാതികഠംക്ക് വിഡ്ഢിത്തവുമായിത്തോന്നുന്ന ക്രിസ്തുവിനെ ഞങ്ങഠം പ്രസംഗിക്കുന്നു." പുതിയ മതത്തിലെ തത്വങ്ങളോ? ശത്രുസ്നേഹം, സ്വയപരിത്യാഗം, വിചാരത്തിൽപോലുമുള്ള ശുദ്ധത, എല്ലാവരും ദൈവത്തിൻെറ മക്കഠം—എന്നിങ്ങനെ മുമ്പ് കേട്ടിട്ടില്ലാത്തതും സ്വാഭാവികചാച്ചിലുകഠംക്ക് കടകവിരുദ്ധവുമായതത്വങ്ങഠം. എന്നാൽ, ദിവ്യസ്ഥാപകൻെറയും ലക്ഷോപലക്ഷം രക്തസാക്ഷികളുടെയും രക്തംകൊണ്ട് നനയ്ക്കപ്പെട്ട ഈ ചെടി ക്രമേണ വളന്നുവന്നു. ആദ്യമശതകങ്ങളിലെ ഭയങ്കരമായ മതമദ്ദനകാലങ്ങളിലും തെത്തുല്യൻ പുറജാതികളോട് ഇപ്രകാരം വീരവാദം മുഴക്കി: "ഞങ്ങഠം ഇന്നലെ ഉണ്ടായവരാണ്; എന്നാൽ ഇന്നാകട്ടെ ഞങ്ങഠം എല്ലായിടത്തും നിറഞ്ഞിരിക്കുന്നു—നിങ്ങളുടെ നഗരങ്ങഠം, പട്ടണങ്ങഠം, കൃഷിസ്ഥലങ്ങഠം, രാജകൊട്ടാരം, സെനററ്, കോടതികഠം—നിങ്ങളുടെ അമ്പലങ്ങഠം മാത്രമേ നിങ്ങഠംക്കു ഞങ്ങഠം ഒഴിച്ചുവെച്ചിട്ടുള്ളു." കോൺസ്റ്റൻൈറൻചക്രവത്തിയുടെ കാലംമുതൽക്ക് സഭാതരു സ്വാതന്ത്ര്യമായി തഴച്ചുവളരുവാൻ ആരംഭിച്ചു. ഇടക്കിടെ പലേ കൊമ്പുകളും— പാഷാണ്ഡമതങ്ങളും ശീശ്മകളും—വെട്ടിമാററപ്പെട്ടിട്ടുണ്ട്; എന്നാൽ അവയ്ക്കു പകരം പുതിയ ശിഖരങ്ങഠം കിളിത്തുവരികയും ചെയ്തു. ഇന്നാകട്ടെ ഈ

സഭാവൃക്ഷത്തിന്റെ ശാഖകൾ പടർന്നുപിടിക്കാത്ത യാതൊരു രാജ്യവുമില്ല. ശാന്തസമുദ്രത്തിലെ ചെറുദ്വീപുകളിലായാലും സഹാറാമരുഭൂമിയിലായാലും അമേരിക്കയിലെ മലമ്പ്രദേശങ്ങളിലായാലും എവിടേയും സഭാതരു തളിർത്തുവരുന്നുണ്ട്. അനേകം ആകാശപ്പറവകൾ അതിന്റെ കൊമ്പുകളിൽ കൂടുകെട്ടിയിട്ടുണ്ട്. രാജാക്കന്മാരും ഭരണാധികാരികളും പ്രഭുക്കന്മാരും മാത്രമല്ല, ശാസ്ത്രകോവിദന്മാരും വാഗ്മിതാവിചക്ഷണന്മാരും സാഹിത്യപഞ്ചാനനന്മാരും അഗാധചിന്തകന്മാരും ഈ സഭയിൽ ഉണ്ടാകയും അഭയം തേടുകയും ചെയ്തിട്ടുണ്ട്.

ക്രിസ്തു സ്ഥാപിച്ച വിശുദ്ധസഭയുടെ അംഗങ്ങളാണ് നാം— ആ വൃക്ഷത്തിന്റെ ശാഖകളും ഇലകളുമാണ് നാം—എന്നുള്ള വിചാരം നമ്മിൽ രൂഢമൂലമാകണം. ഒരു കത്തോലിക്കനാണെന്നുള്ളതിൽ നാം അഭിമാനം കൊള്ളുന്നുണ്ടോ? 45 കോടി വിശ്വാസികളും ആയിരക്കണക്കിനു മെത്രാന്മാരും ലക്ഷക്കണക്കിനു വൈദികരും പരമാധികാരിയായി ക്രിസ്തുവിന്റെ പ്രതിപുരുഷനായ മാർപ്പാപ്പയും ഉള്ള ഒരു മഹാസ്ഥാപനത്തിന്റെ അംഗങ്ങളാണ് നാം എന്നു മനസ്സിലാക്കണം. എന്നാൽ അതേസമയം നാം സഭാവൃക്ഷത്തിന്റെ ജീവനുള്ള ഒരു ശിഖരം ആയിത്തീരണം. ഒരു വൃക്ഷത്തിന്റെ ചില ചില്ലകൾ ഉണങ്ങിനില്ക്കുന്നതു നാം കാണാറുണ്ട്. വൃക്ഷത്തിന്റെ ജീവനായ നീര് ആ ശിഖരങ്ങളിലേയ്ക്കു പ്രസരിക്കാത്തതുകൊണ്ടാണ് അവ ഉണങ്ങിയും വാടിയും നില്ക്കുന്നത്. നാമും തിരുസഭാവൃക്ഷത്തിന്റെ ഉണങ്ങിയ കൊമ്പുകൾ—പേരിനുമാത്രം കത്തോലിക്കർ, ഞായറാഴ്ചകത്തോലിക്കർ, സാമുദായികകത്തോലിക്കർ—ആയിരുന്നാൽ പോരാ. സജീവമായ വിശ്വാസവും തദനുസാരമുള്ള ജീവിതവും നമുക്കുണ്ടായിരിക്കണം. പ്രവൃത്തികൂടാതെയുള്ള വിശ്വാസം ചത്തതാണല്ലോ. കർത്താവുതന്നെ അരുളിച്ചെയ്തിട്ടുണ്ട്: "ഞാൻ മുന്തിരിവള്ളിയും നിങ്ങൾ ശാഖകളുമാണ് . . . ശാഖ മുന്തിരിവള്ളിയിൽ സ്ഥിതി

ചെയ്യുന്നില്ലെങ്കിൽ ഫലങ്ങൾ നല്കുവാൻ അതിനു കഴിയാത്തതു പോലെ, എന്നിൽ വസിക്കുന്നില്ലെങ്കിൽ നിങ്ങൾക്കും കഴിയുകയില്ല'' എപ്രകാരം തടിയിൽനിന്നു ജീവജലം ശാഖകളിലേക്കു ഒഴുകി അവയെ പച്ചയും സജീവവുമാക്കുന്നുവോ അപ്രകാരം തന്നെ ക്രിസ്തുവാകുന്ന തടിയിൽനിന്നു ദൈവപ്രസാദവരം നമ്മിലേക്കു് ഒഴുകണം. എന്നാൽ നാം പാപം ചെയ്യുമ്പോൾ ക്രിസ്തുവിൽനിന്നും വിച്ഛേദിക്കപ്പെടുന്നു; പ്രസാദവരജലം നമ്മിലേക്കു് ഒഴുകുന്നില്ല; തൽഫലമായി നാം ഉണങ്ങിയ ശിഖരങ്ങളായിത്തീരുന്നു. ഈ ദുരവസ്ഥ നമുക്കു വന്നുചേൻനിട്ടുണ്ടോ എന്നു പരിശോധിച്ചുനോക്കുകയും, ഉണ്ടെങ്കിൽ പശ്ചാത്താപവും കുമ്പസാരവുംവഴിയായി ഉടനെതന്നെ ക്രിസ്തുവിനോടു സംയോജിക്കുവാൻ നാം പരിശ്രമിക്കയും വേണം.

കത്തോലിക്കാസഭ വിവാഹം, ശവസംസ്കാരം ആദിയായ സാമുദായികകാൎയ്യങ്ങൾ നടത്തിക്കിട്ടുന്നതിനു മാത്രമായുള്ള ഒരു സംഘടനയല്ല; അതു മിശിഹായുടെ മൗതികശരീരമാണു്. കല്ലുകളും മരത്തുണ്ടുകളും ചേൎത്തുണ്ടാക്കുന്ന ഒരു വീടോ മേശയോപോലെയുള്ള യാന്ത്രികയോജിപ്പ് (Mechanical identity)അല്ല സഭയിൽ ഉള്ളതു്; പ്രത്യുത, ജീവനുള്ള ഒരു ശരീരത്തിൻെറ അവയവങ്ങൾ തമ്മിലുള്ള യോജിപ്പു്(Organic identity)ആണു് തിരുസഭയിലുള്ളതു്. പന്തക്കുസ്തദിവസത്തിലെ സഭയും ഇന്നത്തെ സഭയും ഒന്നുതന്നെയാണു് എന്നു പറയുന്നതു വലുപ്പം ഉദ്ദേശിച്ചല്ല, അതിൽ നിക്ഷിപ്തമായിരിക്കുന്ന ജീവമൂലം ഉദ്ദേശിച്ചാണു്. വിത്തും വൃക്ഷവും ഒന്നുതന്നെ; നവജാതനായ ജോണിക്കുട്ടിയും മദ്ധ്യവയസ്കനായ ജോൺമാപ്പിളയും ഒരാൾതന്നെ. ഇതുപോലെതന്നെ സഭ എന്നും ഒന്നുതന്നെ. സഭയുടെ ഈ വ്യക്തിത്വത്തിന്നും വിസ്മയനീയമായ വളൎച്ചയ്ക്കും നിദാനം അതിന്നു സംസിദ്ധമായിരിക്കുന്ന പ്രകൃത്യതീതമായ ജീവനാണു്. ഈ ജീവച്ഛക്തി നമ്മിലേയ്ക്കും സദാ പ്രസരിച്ചുകൊണ്ടിരിക്കുന്നുണ്ടോ?

# "നാശത്തിന്റെ മ്ലേച്ഛത"

ദാനിയേൽ ദീർഘദർശി നാശത്തിന്റെ മ്ലേച്ഛത എന്നു വിളിച്ചിരിക്കുന്നതു് വിശുദ്ധ സ്ഥലത്തു് നില്ക്കുന്നതു് നിങ്ങൾ കാണുമ്പോൾ (ഇതിന്റെ അർത്ഥമെന്തെന്നു് ഇതുവായിക്കുന്നവൻ മനസ്സിലാക്കട്ടെ) യൂദായിലുള്ളവർ മലകളിൽ അഭയംതേടട്ടെ. അവർ പുരമുകളിലാണെങ്കിൽ, വീട്ടിൽനിന്നു് എന്തെങ്കിലും എടുത്തുകൊണ്ടുപോകുവാൻ താഴെ ഇറങ്ങാതിരിക്കട്ടെ. വയലിലാണെങ്കിൽ മേലങ്കി എടുക്കുവാനായി അവർ വീട്ടിലേക്കു തിരിച്ചുപോകാതിരിക്കട്ടെ. ആ നാളുകളിൽ ഗർഭിണികൾക്കും മുലകുടിപ്പിക്കുന്നവർക്കും കഷ്ടം! നിങ്ങളുടെ പലായനം വർഷകാലത്തോ സാബത്തിലോ ആകാതിരിക്കുവാൻ പ്രാർത്ഥിക്കുവിൻ. എന്തുകൊണ്ടെന്നാൽ ലോകാരംഭംമുതൽ ഉണ്ടായിട്ടില്ലാത്തതും ഇനിമേൽ ഉണ്ടാവുകയില്ലാത്തതുമായ തരത്തിലുള്ള ദുരിതം അന്നുണ്ടാകും. ആ ദിവസങ്ങളുടെ എണ്ണം കുറയ്ക്കപ്പെടാതിരുന്നെങ്കിൽ ഒരു മനുഷ്യനും ഒരു ശരണവുമുണ്ടാകയില്ലായിരുന്നു. എന്നാൽ തിരഞ്ഞെടുക്കപ്പെട്ടവരെപ്രതി ആ ദിവസങ്ങൾ ചുരുക്കപ്പെടും. ആ സമയത്തു് ഒരുവൻ നിങ്ങളോടു്, ഇതാ ക്രിസ്തു ഇവിടെയുണ്ടു്, അവിടുന്നു അവിടെയുണ്ടു്, എന്നു പറഞ്ഞാൽ അവനെ വിശ്വസിക്കരുതു്. എന്തുകൊണ്ടെന്നാൽ കള്ളക്രിസ്തുക്കളും വ്യാജപ്രവാചകന്മാരും പ്രത്യക്ഷപ്പെട്ടു്, വലിയ അടയാളങ്ങളും അത്ഭുതങ്ങളും കാണിക്കും. കഴിയുമെങ്കിൽ തിരഞ്ഞെടുക്കപ്പെട്ടവരെപ്പോലും വഞ്ചിപ്പാനായിട്ടത്രേ ഇതു്. നല്ലതുപോലെ സൂക്ഷിച്ചുകൊള്ളുവിൻ. ഞാൻ അതെപ്പററി മുന്നറിവു് തന്നുകഴിഞ്ഞു. ആകയാൽ അവർ നിങ്ങളോടു്, ഇതാ, അവിടുന്നു് ഇവിടെ മരുഭൂമിയിൽ ഉണ്ടു്, എന്നു പറഞ്ഞാൽ നിങ്ങൾ അനങ്ങരുതു്. അവർ നിങ്ങളോടു്, അതാ അവിടുന്നു, ഗൂഢസ്ഥലങ്ങളിൽ ഉണ്ടു്, എന്നു പറഞ്ഞാൽ അവരെ വിശ്വസിക്കരുതു്. കിഴക്കുനിന്നു് പുറപ്പെട്ടു് പടിഞ്ഞാറുവരെ എത്തുന്ന മിന്നൽപ്പിണർപോലെ ആയിരിക്കും മനുഷ്യപുത്രൻ വരുന്നതു്. പ്രേതം കിടക്കുന്നിടത്താണു് കഴുകന്മാർ കൂടുന്നതു്. ആ ദിവസങ്ങളിലെ ദുരിതങ്ങൾ അവസാനിച്ചയുടനെ, സൂര്യൻ ഇരുണ്ടുപോകും. ചന്ദ്രൻ പ്ര

കാശം നല്കുകയില്ല, നക്ഷത്രങ്ങൾ ആകാശത്തുനിന്നു് വീഴും, ആകാശശക്തികൾ ഇളകുകയുംചെയ്യും. അപ്പോൾ മനുഷ്യപുത്രൻെറ അടയാളം ആകാശത്തിൽ കാണപ്പെടും. ദേശത്തെ ഗോത്രങ്ങളെല്ലാം വിലപിക്കുന്നതു് അപ്പോളായിരിക്കും. മനുഷ്യപുത്രൻ വലിയ ശക്തിയോടും മഹത്വത്തോടുംകൂടി ആകാശമേഘങ്ങളിൽ വരുന്നതു് അവർ കാണും. തൻെറ തിരഞ്ഞെടുക്കപ്പെട്ടവരെ ആകാശത്തിൻെറ ഒരററംമുതൽ മറേറ അററംവരെ, നാലു് വായുക്കളിൽനിന്നും, ഒന്നിച്ചുകൂട്ടുന്നതിനായി അവൻ തൻെറ ദൂതന്മാരെ ഒരു വലിയ കാഹളധ്വനിയോടുകൂടി അയക്കും. അത്തിവൃക്ഷം നിങ്ങളെ ഒരുപമ പഠിപ്പിക്കും, അതിൻെറ കൊമ്പു് ഇളതായി ഇലകളുണ്ടാകുവാൻ തുടങ്ങുമ്പോൾ വേനൽ അടുത്തുവെന്നു് നിങ്ങൾക്കറിയാമല്ലോ; ഇതുപോലെതന്നെ, ഇതെല്ലാം സംഭവിക്കുന്നതു് നിങ്ങൾ കാണുമ്പോൾ അതു് അടുത്തു നിങ്ങളുടെ പടിക്കൽ എത്തിയിരിക്കുന്നു എന്നറിഞ്ഞാലും. എന്നെ വിശ്വസിക്കുവിൻ. ഇതെല്ലാം പൂത്തിയാകുവോളം ഈ തലമുറ കടന്നുപോകയില്ല. ആകാശവും ഭൂമിയും കടന്നുപോയാലും എൻെറ വാക്കുകൾ നിലനില്ക്കും.

(പന്തക്കുസ്ത അവസാനഞായർ; സുവി: മത്താ. XXIV, 15—35.)

പരി. പിതാവു് 12-ാംപിയൂസ് മാപ്പാപ്പാ തിരുമനസ്സുകൊണ്ടു് ഈയിടെ പ്രസിദ്ധീകരിച്ച ഒരു വിശ്വലേഖനത്തിൽ യുദ്ധമൂലമുണ്ടാകുന്ന ഭീകരമായ നാശത്തെപ്പററി മനുഷ്യരാശിയെ ഉൽബോധിപ്പിക്കുന്നുണ്ടു്: "... നശീകരണം, മരണം, സവ്വവിധമായ മാനുഷികദുരിതങ്ങൾ .... മാത്രമല്ല, നിദ്ദോഷികളായ ശിശുക്കളും, അവരുടെ മാതാക്കളും വൃദ്ധരും രോഗികളുംകൂടി കൊല്ലപ്പെടുന്നു. മനുഷ്യൻെറ വൈദഗ്ദ്ധ്യംനിമ്മിച്ചിട്ടുള്ള സവ്വതും—മനോഹരമായതെല്ലാം, നല്ലതായതെല്ലാം, പവിത്രമായതെല്ലാം—പരിപൂണ്ണമായി നശിപ്പിക്കപ്പെട്ടേക്കാം." കേരളീയരായ നമുക്കു് യുദ്ധത്തിൻെറ ഭീകരത അതിൻെറ തനിനിറത്തിൽ നേരിട്ടു് അനുഭവപ്പെട്ടിട്ടില്ല. നമ്മുടെ കാരണവന്മാർ ടിപ്പുവിൻെറ "പടയോട്ട" കാലത്തെ ഭയങ്കരമായ ദുരിതങ്ങൾ വണ്ണിച്ചുകേൾപ്പിക്കാറുണ്ടാ

യിരുന്നു. ഇന്നുള്ളവരാകട്ടെ '99_ലെ മലവെള്ളത്തിൻെറയും 16_ലെ കൊടുങ്കാററിൻെറയും ഭയങ്കരതയെ സ്മരിക്കുമ്പോഴും വ ർണ്ണിക്കുമ്പോഴും ഭയചകിതരായി പ്രത്യക്ഷപ്പെടുന്നുണ്ട്. എന്നാൽ ഇന്നത്തെ സുവിശേഷത്തിൽ ദിവ്യരക്ഷകൻ വർണ്ണിക്കുന്ന നാശദുരി തങ്ങളോടു തുലനം ചെയ്യുമ്പോൾ മേൽപ്പറഞ്ഞവയെല്ലാം നിസ്സാ രങ്ങളായി ഭവിക്കുന്നു; അത്യന്തം ഭയങ്കരമാണ് ആ "നാശത്തി ൻെറ മ്ലേച്ഛത." ലോകത്തിൽ ഇതേവരെ ഉണ്ടായിട്ടില്ലാത്തതും ഇ നിമേൽ ഉണ്ടാകുകയില്ലാത്തതുമായ തരത്തിലുള്ള ദുരിതം അന്നുണ്ടാ കുമെന്നു് ക്രിസ്തുനാഥൻ പ്രവചിച്ചു; അതു് അക്ഷരാർത്ഥം നിറവേ റുകയും ചെയ്തിട്ടുണ്ടെന്നു ചരിത്രം സാക്ഷ്യംവഹിക്കുന്നു. ക്രിസ്തുവി ന് 500 കൊല്ലങ്ങൾമുമ്പ് ജീവിച്ചിരുന്ന ദാനിയേൽ ദീർഘദർശി ജറുസലം പട്ടണത്തിൻെറ നാശത്തെപ്പററി പ്രവചിച്ചിട്ടുണ്ട്. (ദാനിയേൽ ix 26, 27.) അതിൽ അദ്ദേഹം പ്രയോഗിച്ചിട്ടുള്ള "നാശത്തിൻെറ മ്ലേച്ഛത" എന്ന പദം ഉദ്ധരിച്ചുകൊണ്ടും ആ പ്ര വചനത്തെ അനുസ്മരിപ്പിച്ചുകൊണ്ടുമാണ് ക്രിസ്തുനാഥൻ ജറുസ ലം പട്ടണത്തിൻെറ ആസന്നമായ നാശത്തെ വീണ്ടും പ്രവചിക്കു ന്നതു്. റോമൻ സേനാനിയായ ടൈററസ് ജറുസലം പട്ടണത്തെ ആക്രമിച്ചു കീഴടക്കിയ സന്ദർഭത്തിൽ സംഭവിച്ചതായ വർണ്ണനാതീ തങ്ങളായ ദുരിതങ്ങളും, കവർച്ചകളും, കൂട്ടക്കൊലകളും രക്തപ്രവാ ഹവും, ദൈവദോഷങ്ങളും, വിഗ്രഹസ്ഥാപനവും, ദേവാലയനി ന്ദനങ്ങളും മററുമാണ് ദിവ്യരക്ഷകൻ പ്രവചിക്കുന്ന നാശത്തിൻെറ മ്ലേച്ഛതയും മററു നാശവർണ്ണനങ്ങളും സൂചിപ്പിക്കുന്നതു്.

എന്നാൽ ജറുസലത്തു് സംഭവിച്ച നാശത്തിൻെറ മ്ലേച്ഛത യെക്കാൾ കൂടുതൽ ഭയങ്കരമായ ഒന്നുണ്ട്. അതു് ഓരോരുത്ത ൻെറയും വിശുദ്ധനഗരമായ ആത്മാവിൽ പാപംവഴിയായി വന്നു ഭവിക്കുന്ന ഭയങ്കരമായ നാശത്തിൻെറ മ്ലേച്ഛതയാണ്. റോമൻ സൈന്യം വിശുദ്ധനഗരമായ ജറുസലം ആക്രമിച്ചപ്പോൾ അവി ടെ നടമാടിയ നാശദുരിതങ്ങൾ ജൊസെഫുസ് ഫ്ലാവിയസും

മററു ചരിത്രകാരന്മാരും വർണ്ണിക്കുന്നുണ്ട്. ദിവസേന 500 യൂദന്മാർ പരസ്യമായി ക്രൂശിക്കപ്പെട്ടിരുന്നു. കുരിശുകൾ ഉണ്ടാക്കുവാൻ മരം ലഭിക്കാതെ വന്നപ്പോൾമാത്രമേ ഈ ക്രൂരശിക്ഷ നിന്നിട്ടുള്ളു. റോമൻസൈന്യം ഭക്ഷ്യപേയങ്ങൾ യാതൊന്നും പട്ടണത്തിലേയ്ക്കു കടത്തിവിട്ടില്ല. തന്നിമിത്തം പട്ടിണിയും പകർച്ച വ്യാധിയും നിമിത്തം ആയിരക്കണക്കിനു യൂദന്മാർ ചത്തൊടുങ്ങി. വിശപ്പിൻെറ ഉഗ്രതനിമിത്തം മനുഷ്യമാംസംപോലും ഭക്ഷിക്കുവാൻ അവർ നിർബ്ബന്ധിതരായി. ഇങ്ങനെ മരിച്ച ആറുലക്ഷം പേരുടെ മൃതശരീരങ്ങൾ കിടങ്ങുകളിലേയ്ക്കു് എറിയപ്പെട്ടു. മൃതശരീരങ്ങളുടെ കൂമ്പാരങ്ങൾ കണ്ടുകൊണ്ടു് ടൈററസ് പരിഭ്രമിക്കയും ആകാശത്തിലേയ്ക്കു് കരങ്ങളുയർത്തിക്കൊണ്ടു് ഇപ്രകാരം ഉദീരണംചെയ്കയും ചെയ്തുവത്രെ: "ഈ ദുരിതങ്ങളെ സംബന്ധിച്ചു് ഞാൻ നിരപരാധിയാണു്. ഇതൊന്നും ഞാൻ ചെയ്തതല്ല; പ്രത്യുത ദൈവത്തിൻെറ നീതിവിധിയാണു്." റോമൻസൈന്യം പട്ടണത്തിൽ പ്രവേശിച്ചപ്പോൾ കണ്ടവരെയെല്ലാം വാളിനിരയാക്കി; മനുഷ്യരക്തം തെരുവുകളിൽക്കൂടി യഥാർത്ഥത്തിൽ ഒഴുകിയിരുന്നുവത്രെ. ദേവാലയവും ശുദ്ധസ്ഥലവും അതിവിശുദ്ധസ്ഥലവും എല്ലാം അശുദ്ധമാക്കപ്പെട്ടു. വിഗ്രഹങ്ങൾ പട്ടണത്തിൽ സ്ഥാപിക്കപ്പെടുകയും ചെയ്തു.

മനുഷ്യൻെറ ആത്മാവു് പരിശുദ്ധമായ ഒരു പ്രാകാരമാണു്; ദൈവത്തിൻെറ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ടിട്ടുള്ളതാണു്; പരിശുദ്ധാരൂപിയുടെ ആലയമാണു്. എന്നാൽ ഈ പരിശുദ്ധമായ കോട്ട ഒരു ചാവുദോഷം ചെയ്യുന്നതോടുകൂടി തകർന്നു തരിപ്പണമാകുന്നു. ആദ്ധ്യാത്മികജീവനും പ്രസാദവരവും അതിനു് നഷ്ടപ്പെടുന്നു. ആത്മാവു് മരിക്കുന്നു. "പാപം, അതു് പരിപൂർണ്ണമാകുമ്പോൾ, മരണത്തെ ഉൽപാദിപ്പിക്കുന്നു." (യാക്കോ. i-15.) പാപിയെക്കുറിച്ചാണു് വെളിപാടിൻെറ പുസ്തകത്തിൽ "നീ ജീവിച്ചിരിക്കുന്നുവെന്നു് പേരുണ്ടെങ്കിലും നീ മരിച്ചിരിക്കു

ന്നു" (iii-1) എന്ന് എഴുതപ്പെട്ടിരിക്കുന്നത്. ആത്മാവ് വേർപെടുമ്പോൾ ശരീരം മരിക്കുന്നതുപോലെ, ദൈവം വേർപെടുമ്പോൾ ആത്മാവും മരിക്കുന്നു; കാരണം, ദൈവമാകുന്നു ആത്മാവിൻെറ ജീവൻ, എന്ന് വി. ആഗസ്തീനോസും പറയുന്നു. അനന്തമായി നമ്മെ സ്നേഹിക്കുന്ന ദൈവം നമുക്ക് നഷ്ടമാകയും നാം മരിച്ചുപോകയും ചെയ്യുക എന്നുള്ളതിൽ അടങ്ങിയിരിക്കുന്ന വലിയ നാശനഷ്ടങ്ങൾ നാം ധ്യാനിച്ചു മനസ്സിലാക്കാൻ ശ്രമിക്കണം. ഇതിനും പുറമെ നാം ഇതുവരെ സമ്പാദിച്ച പുണ്യയോഗ്യതകളെല്ലാം മാരകമായ ഒരു പാപം നഷ്ടമാക്കിക്കളയുന്നു; എത്ര സൽകൃത്യങ്ങൾ ചെയ്താലും അവകൊണ്ട് യാതൊരു പുണ്യയോഗ്യതയും ലഭിക്കാൻ സാദ്ധ്യമല്ലാത്തതരത്തിലുള്ള ഒരു വിലങ്ങുതടിയായി പാപം അവശേഷിക്കയുംചെയ്യുന്നു. റോമാക്കാർ യൂദന്മാരുടെ ദേവാലയത്തിലും പ്രാത്ഥനാലയങ്ങളിലും പട്ടണത്തിലും ദേവന്മാരുടേയും ചക്രവത്തികളുടേയും പ്രതിമകൾ സ്ഥാപിച്ച് ആരാധനകൾ നടത്തി. പാപവും ഒരു വിഗ്രഹാരാധനയാണ്. ദൈവത്തെ നിഷ്കാസനംചെയ്തുകൊണ്ട് ദുരാശകളാകുന്ന വിഗ്രഹങ്ങളെ സ്ഥാപിക്കയും ആരാധിക്കയും പ്രീണിപ്പിക്കുകയുമാണ് ഒരു പാപി ചെയ്യുന്നത്. ചിലക്ക് "വയറ് അവരുടെ ദൈവ"മായിരിക്കും (ഫിലി. iii-19.) മററു ചിലക്ക് ജഡികസന്തോഷങ്ങൾ അവരുടെ ദൈവമായിരിക്കും. വേറെ ചിലരാകട്ടെ സ്വയം ദൈവത്തിൻെറ സ്ഥാനത്ത് പ്രതിഷ്ഠിച്ചുകൊണ്ട് അഹംഭാവത്തെ ആരാധിക്കുന്നുണ്ടായിരിക്കും. യഹൂദനേതാക്കൾ രണ്ടു ചേരികളായി തിരിഞ്ഞു. നിയമാനുഷ്ഠാനത്തിൽ തീക്ഷ്ണയുള്ള വിഭാഗക്കാർ (Zealots) ദേവാലയത്തിൽ നിലയുറപ്പിച്ചുകൊണ്ട് എതിരാളികളെ എതിരിട്ടു. ദേവാലയവും വിശുദ്ധസ്ഥലങ്ങളും കൊലക്കളമായി രൂപാന്തരപ്പെടുകയും ചെയ്തു. ഇതുപോലെതന്നെ പാപവും മനുഷ്യൻെറ ശരീരത്തേയുംആത്മാവിനേയും അശുദ്ധമാക്കുന്നു. പഞ്ചേന്ദ്രിയങ്ങളായ കണ്ണ്, മൂക്ക്, ചെവി, നാവ്,

സ്പർശനം എന്നിവയെ പാപത്തിനായി വിനിയോഗിക്കുമ്പോഠം ശരീരം പങ്കിലമായിത്തീരുന്നു. ഓമ്മ, ബുദ്ധി, മനസ്സ്, പക്ഷങ്ങഠം എന്നിവയെ പാപത്തിൻെറ പരിസേവനത്തിനായി വിനിയോഗിക്കുമ്പോഠം ആത്മാവും അശുദ്ധമായിത്തീരുന്നു. ഇതിനുള്ള ശിക്ഷയോ? യൂദന്മാക്കുണ്ടായതുതന്നെ.

പാപമാകുന്ന നാശത്തിൻെറ മ്ലേച്ഛതയിൽനിന്നു് രക്ഷപ്രാപിക്കുന്നതിനുള്ള മാർഗ്ഗങ്ങഠം ദിവ്യരക്ഷകൻതന്നെ നിദ്ദേശിക്കുന്നുണ്ടു്. "അപ്പോഠം യൂദായിലുള്ളവർ മലകളിൽ അഭയം തേടട്ടെ." പാപത്തിൽനിന്നു് ഒഴിഞ്ഞുമാറുന്നതിനു പാപാവസരങ്ങളിൽനിന്നു നാം ഓടിയകലണം. പാപത്തിനുള്ള സാഹചര്യങ്ങഠം, ആളുകഠം, സ്ഥലങ്ങഠം തുടങ്ങിയവയെ നാം പരിത്യജിച്ചേ കഴിയൂ. വി. പത്രോസും ദാവീദുരാജാവും ഈ പാഠം നമ്മെ പഠിപ്പിക്കുന്നുണ്ടു്. പാപത്തിനുള്ള പ്രലോഭനങ്ങഠം വരുമ്പോഠം നാം മലകളിലേയ്ക്കാണു് ഓടിപ്പോകേണ്ടതു്; അതായതു്, നമ്മുടെ ഹൃദയത്തെ ദൈവത്തിലേക്കുയത്തി പ്രാത്ഥനയാകുന്ന ഗിരിശൃംഗങ്ങളിൽ നാം അഭയം തേടണം. "പുരമുകളിലുള്ളവൻ വീട്ടിൽനിന്നു് എന്തെങ്കിലും എടുത്തുകൊണ്ടുപോകുവാൻ താഴെ ഇറങ്ങാതിരിക്കട്ടെ. വയലിലുള്ളവൻ മേലങ്കിയെടുക്കാനായി വീട്ടിലേയ്ക്കു തിരിച്ചുപോകാതിരിക്കട്ടെ." ശീഘ്രത്തിൽ ഓടിയകലണമെന്നു ചുരുക്കം. പാപത്തിനുള്ള പ്രലോഭനങ്ങളും അവസരങ്ങളും വരുമ്പോഴും നാം ഉടനെതന്നെ അവയിൽനിന്നും ഓടിയകലണം. അമാന്തമൊ, സംശയമൊ, നീട്ടിവെയ്ക്കലൊ, ഒത്തുതീപ്പൊ ഒന്നും പാടില്ല. ഈ പലായനത്തിൽ ജീവനെ രക്ഷിക്കുവാൻവേണ്ടി വീടും വീട്ടുസ[illegible] ഗ്രികളും മേലങ്കിയുംകൂടെ ഉപേക്ഷിക്കുവാൻ മടിക്കരുതെന്നു[illegible] സ്തു യൂദന്മാരെ ഉപദേശിച്ചു. ഇതുപോലെതന്നെ പാ[illegible] നിന്നു് ഒഴിഞ്ഞുമാറുവാൻ വേണ്ടി സകലതും, ജീവൻ[illegible] പരിത്യജിക്കുവാൻ നാം തയ്യാറാകണം. "നിൻെറ വല[illegible] നിന്നെ ഉതപ്പിക്കുന്നുവെങ്കിൽ . . . ." സർവ്വോപരി, ടിപ്പ[illegible]

പടയോട്ടത്തേക്കാളും, '99_ലെ മലവെള്ളത്തേക്കാളും, '16_ലെ കൊടുങ്കാറ്റിനേക്കാളും, ഇന്നത്തെ ഭയങ്കരയുദ്ധങ്ങളേക്കാളും, പോരാ, ജറുസലത്തുണ്ടായ ഭയങ്കരമായ നാശത്തിന്റെ മ്ലേച്ഛതയേക്കാളും ഭയങ്കരമായ ഒന്നാണ് പാപം എന്നു നാം ഗ്രഹിക്കണം.

ST. ANTONY'S CARMELITE MONASTERY
S. I. RAILWAY STATION, ALWAYE, TRAVANCORE
ALWAYE

10500

ACHARYA PALACKAL JEEVASSKENDRAM
LIBRARY
ALUVA

രി
ഭാഗക
എതിരാ
കൊല
ന്നെ പ
ദ്ധമാക്ഷ

THE NESTHIMAN PRESS, CHOONDAL.

# വഴിവിളക്കുകൾ



ജെ. ചെമ്മനൂർ, ബി. എ

Indic Digital Archive Foundation
gpura.org